
# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്

## സഞ്ചിക

## 1




21-22 ഫെബ്രുവരി 2026

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

കേരള സർക്കാർ

കേരള സംസ്ഥാന ഭാഗ്യക്കുറി

വിശ്വസ്തം ▪ സുതാര്യം ▪ ജനകീയം

## സമ്മാനങ്ങൾ ഇനി ലക്ഷങ്ങളല്ല

# കോടികൾ മാത്രം

സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി

**ദിവസവും കോടിപതികൾ**
**വർഷം 400+ കോടിപതികൾ**

### സമൃദ്ധി
ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### ഭാഗ്യതാര
ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### സ്ത്രീശക്തി
ഭാഗ്യക്കുറി
STHREE SAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### ധനലക്ഷ്മി
ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### കാരുണ്യ പ്ലസ്
ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### സുവർണ്ണ കേരളം
ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

### കാരുണ്യ
ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

**ടിക്കറ്റ് വില ₹50**

**കൂടാതെ 5000, 2000, 1000, 500, 200, 100 രൂപയുടെ നിരവധി സമ്മാനങ്ങൾ**

**നറുക്കെടുപ്പ് എല്ലാ ദിവസവും ഉച്ചയ്ക്ക് 3 മണിക്ക്**

**For draw results: www.statelottery.kerala.gov.in**

YOUTUBE

For watching the draw live

kslott

കേരളം

INTERNATIONAL
CONGRESS
ON
KERALA STUDIES

INTERNATIONAL
CONGRESS
ON
KERALA STUDIES

**അഞ്ചാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്**
2026 ഫെബ്രുവരി 21-22 • തിരുവനന്തപുരം

*പ്രസിദ്ധീകരണം*
എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്


*ടൈപ്പ്സെറ്റിംഗ്*
എസ്. രണനാഥ് വട്ടിയൂർക്കാവ്
കെ.ആർ. ബാബുജി വൈക്കം

കോപ്പി: 3500

*അച്ചടി*
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം

സഞ്ചിക

1



കേരളം

INTERNATIONAL CONGRESS ON KERALA STUDIES

# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്

21-22 ഫെബ്രുവരി 2026

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

# ആമുഖം

**അ**ന്തർദേശീയ കേരള പഠന കോൺഗ്രസ് നമ്മുടെ രാജ്യത്ത് ഏറ്റവും വിപുലമായ ജനകീയ വികസന സംവാദമാണ്. പണ്ഡിതർ, വിദഗ്ദർ, നയകർത്താക്കൾ, സാമൂഹ്യ – രാഷ്ട്രീയ പ്രവർത്തകർ, പ്രായോഗിക വികസന മികവു തെളിയിച്ചവർ തുടങ്ങി 10000-ത്തിലേറെ ആളുകൾ ഇതുവരെ നടന്ന തയ്യാറെടുപ്പ് സെമിനാറുകളിൽ പങ്കെടുത്തു.

ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ അധ്യായവും തയ്യാറാക്കുന്നതിന് അതത് മേഖലകളിലെ വിദഗ്ദരുടെ ഉപസമിതികൾ പ്രവർത്തിച്ചു. 250-ലേറെ ക്ഷണിക്കപ്പെട്ട വിദഗ്ദർ ഈ റിപ്പോർട്ട് ചർച്ച ചെയ്യുന്ന പഠന കോൺഗ്രസിലെ സെമിനാറുകളിൽ പങ്കെടുക്കും. 2500 പ്രതിനിധികൾക്ക് അവരെ കേൾക്കുന്നതിനും അഭിപ്രായങ്ങൾ പറയുന്നതിനും സന്ദർഭമുണ്ടാകും.

പങ്കാളിത്തം, മാത്രമല്ല, തുടർച്ചയും അന്തർദേശീയ കേരള പഠന കോൺഗ്രസിന്റെ പ്രത്യേകതയാണ്. 1994-ൽ ഇഎംഎസ് ആണ് ഒന്നാമത് സമ്മേളനം വിളിച്ചു ചേർത്തത്. തുടർന്ന്, 2005, 2011, 2015 എന്നീ വർഷങ്ങളിലായി മൂന്ന് പഠന കോൺഗ്രസുകൾകൂടി നടന്നു.

ഇത്തവണ കഴിഞ്ഞ പത്ത് വർഷക്കാലത്തെ താരതമ്യമില്ലാത്ത വികസന മുന്നേറ്റത്തിന്റെ അനുഭവങ്ങളും ഉയർന്നുവന്നിരിക്കുന്ന പുതിയ വെല്ലുവിളികളും കണക്കിലെടുത്തുകൊണ്ട് നവകേരള സൃഷ്ടി പൂർത്തീകരിക്കാനുള്ള ഒരു ജനകീയ സംവാദത്തിനാണ് എകെജി പഠന ഗവേഷണ കേന്ദ്രം മുൻകൈയെടുത്തിട്ടുള്ളത്. പഠന കോൺഗ്രസിൽ നടക്കാൻ പോകുന്ന ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് ഭാവിവികസന അജണ്ടയ്ക്ക് രൂപം നൽകും.

കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പകരംവയ്ക്കാൻ ഇതുപോലൊരു വികസന കാഴ്ചപ്പാടോ, വിശദമായ രൂപരേഖയോ ജനങ്ങൾക്കു മുന്നിൽ വയ്ക്കാനുണ്ടോ? ഇതു സംബന്ധിച്ചാണ് കേരളം ചർച്ച ചെയ്യേണ്ടത്. പഠന കോൺഗ്രസ് ചർച്ച ചെയ്യുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കേവലം ഭാവി വാഗ്ദാനങ്ങൾ അല്ല. ചെയ്തു തെളിയിച്ച വികസന അജണ്ട മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഒരു കർമ്മപരിപാടിയാണ്. ഇത്തരത്തിൽ ഒരു രാഷ്ട്രീയ തുടർച്ച കേരളത്തിനു വേണോയെന്നുള്ളതാണ് ജനങ്ങളുടെ മുന്നിലുള്ള അടിസ്ഥാന ചോദ്യം.

നാല് വാല്യങ്ങളായുള്ള രേഖയാണ് പഠന കോൺഗ്രസിൽ അവതരിപ്പിക്കുന്നത്. ഒന്നാം വാല്യത്തിൽ കേരളത്തിലെ പ്രമുഖ ഇടതുപക്ഷ നേതാക്കളുടെയും പണ്ഡിതരുടെയും ആമുഖ ലേഖനങ്ങൾക്കൊപ്പം ചില ചരിത്ര രേഖകളും പശ്ചാത്തലമായി നൽകിയിട്ടുണ്ട്. 1956-ലെ ഒന്നാം കമ്യൂണിസ്റ്റ് സർക്കാരിന്റെ നയങ്ങൾക്ക് അടിസ്ഥാനമായ പാർടി രേഖ, 1994-ലെ ഒന്നാം കേരള പഠന കോൺഗ്രസിൽ ഇഎംഎസ് നടത്തിയ ചരിത്രപരമായ ഉൽഘാടന പ്രസംഗം, നവകേരളം നടപ്പിൽ വരുത്തുന്നതിന് 2022-ൽ കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സംസ്ഥാന സമ്മേളനം ചർച്ച ചെയ്തു അംഗീകരിച്ച രേഖ ഇവയെല്ലാം ഒന്നാം വാല്യത്തിന്റെ ഭാഗമാണ്.

രണ്ടാം വാല്യത്തിൽ കേരളത്തിലെ പ്രധാന ഉത്പാദന-സാമ്പത്തിക മേഖലകളുടെ പ്രത്യേകമായ സമീപനരേഖകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂന്നാം വാല്യത്തിൽ

സാമൂഹ്യ-സേവന മേഖലകളെ സംബന്ധിച്ച ചർച്ചാരേഖകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇവയിൽ നല്ലപങ്കും കേരളത്തിലെ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വയാണ്.

നാലാം വാല്യം ഒരു പ്രത്യേക രേഖയാണ്. ഈ പഠന കോൺഗ്രസിൽ ചർച്ച ചെയ്യാൻ ഭാവികേരളത്തിന്റെ പുരോഗതിക്കുതകുന്ന നിർദേശങ്ങൾ മുന്നോട്ടുവയ്ക്കണമെന്ന് അഭ്യർ ഥിച്ച് പരിപാടിയുടെ മുഖ്യ രക്ഷാധികാരി എന്ന നിലയിൽ മുഖ്യമന്ത്രി പിണറായി വിജയൻ 20000-ത്തോളം അക്കാദമിക് പണ്ഡിതർ, നയരൂപീകരണ വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയവർക്ക് വികസന നിർദ്ദേശങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് കത്തുകൾ അയച്ചിരുന്നു. അവരുടെ പ്രതികരണങ്ങളാണ് നാലാം വാല്യത്തിൽ സമാഹ രിച്ചിട്ടുള്ളത്. വൈകി ലഭിച്ചതുകൊണ്ട് പലരുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

തുടർ സംവാദങ്ങളിലൂടെ പഠന കോൺഗ്രസിൽ രൂപംകൊള്ളുന്ന സമഗ്രവികസനരേഖ കേരളത്തിലെ പൊതുജനാഭിപ്രായത്തിന്റെ ഭാഗമായി മാറുമെന്നതാണ് പ്രതീക്ഷ. ഇത് സ്വാ ഭാവികമായും മൂന്നാം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനത്തിനു ള്ള മാർഗ്ഗനിർദ്ദേശങ്ങളിലേക്ക് എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ സംഭാവനയാകും.

ഈ പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകിയ അക്കാദമിക് സമിതി അംഗങ്ങളുടെ പേരുകൾ പ്രോഗ്രാം ഗൈഡിനോടൊപ്പമുണ്ട്. ഏതാണ്ട് പത്ത് തവണ അക്കാദമിക് സമിതി യോഗം ചേരുകയുണ്ടായി. അതോടൊപ്പം വിഷയാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീ കരിച്ച് വിശദമായ ചർച്ചകളും നടത്തിയിട്ടുണ്ട്.

ചുരുങ്ങിയ സമയംകൊണ്ട് ഈ ബൃഹത്തായ നാല് വാല്യങ്ങൾ എഡിറ്റ് ചെയ്ത് അച്ചടി യോഗ്യമാക്കുന്നതിന് ഇ. ശിവരാമകൃഷ്ണൻ കൺവീനറായി പഠന കോൺഗ്രസിന്റെ സെക്ര ട്ടേറിയറ്റും സി. രാമകൃഷ്ണൻ കൺവീനറായി എഡിറ്റർമാരുടെ ഒരു സംഘവും പ്രവർത്തി ച്ചിട്ടുണ്ട്. ഈ വിപുലമായ സമ്മേളനത്തിനുള്ള എല്ലാ ഒരുക്കങ്ങളും ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനും വി. ജോയ് എംഎൽഎ കൺവീനറുമായുള്ള കമ്മിറ്റിയാണ് നടത്തിയിട്ടുള്ളത്. ഈ സമിതികളിലെല്ലാം അംഗങ്ങളുടെ വിശദമായ ലിസ്റ്റ് പ്രോഗ്രാം ഗൈഡിലുണ്ട്. അവരോടെല്ലാം അക്കാദമിക് കമ്മിറ്റിക്കു വേണ്ടി കൃതജ്ഞത പറയുന്നു.

അഞ്ചാം കേരള പഠന കോൺഗ്രസിൽ പങ്കെടുക്കുന്ന മുഖ്യാതിഥികളും വിവിധ പ്രതിനിധി കളും വിശദമായ ചർച്ചകൾ വഴി ഈ രേഖ കൂടുതൽ സമഗ്രവും സമ്പുഷ്ടവുമാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**എസ്. രാമചന്ദ്രൻപിള്ള**
*ചെയർമാൻ*

**ടി.എം. തോമസ് ഐസക്**
*സെക്രട്ടറി*

**ഡോ. ആർ. രാംകുമാർ**
*കൺവീനർ*

അക്കാദമിക് സമിതി, അഞ്ചാമത് കേരള പഠനകോൺഗ്രസ്
എകെജി പഠനഗവേഷണകേന്ദ്രം

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്<br>**എം.എ. ബേബി** | 01 |
| 2 | അഞ്ചാം പഠനകോൺഗ്രസ്സും നവകേരളവും<br>**പിണറായി വിജയൻ** | 04 |
| 3 | അഞ്ചാം അന്താരാഷ്ട്ര പഠനകോൺഗ്രസും നവകേരള നിർമിതിയും<br>**എം.വി. ഗോവിന്ദൻ മാസ്റ്റർ** | 06 |
| 4 | അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസിന്റെ കടമകൾ<br>**എസ്. രാമചന്ദ്രൻ പിള്ള** | 08 |
| 5 | പുതിയ ചിന്തകളും വഴികളും രൂപപ്പെടുത്താനുള്ള പഠനകോൺഗ്രസ്സ്<br>**എ. വിജയരാഘവൻ** | 10 |
| 6 | 2016-2026: കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ചൊരു കുറിപ്പ്<br>**വി.കെ. രാമചന്ദ്രൻ** | 12 |
| 7 | അന്താരാഷ്ട്ര പഠനകോൺഗ്രസും, വർത്തമാനകാല ഉത്തരവാദിത്വങ്ങളും<br>**പുത്തലത്ത് ദിനേശൻ** | 16 |
| 8 | പുതിയ കേരളം, പാർട്ടിരേഖ, 1956 | 19 |
| 9 | ഒന്നാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്, 1994<br>**ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ അധ്യക്ഷപ്രസംഗം** | 35 |
| 10 | ഒന്നാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സിനെക്കുറിച്ച് ഒരു അവലോകനം | 41 |
| 11 | തകർക്കപ്പെട്ട കേരളത്തെ വീണ്ടെടുത്ത രണ്ടാം പഠനകോൺഗ്രസ് | 60 |
| 12 | സമഗ്രവളർച്ച ലക്ഷ്യമിട്ട മൂന്നാം പഠനകോൺഗ്രസ് | 65 |
| 13 | നാലാം കേരളപഠനകോൺഗ്രസ് സമ്മാനിച്ച വികസനക്കുതിപ്പ് | 69 |
| 14 | നവകേരളം -പുതുവഴികൾ പാർട്ടിരേഖ 2022 | 71 |
| 15 | അഞ്ചാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസിന്റെ പുതിയ<br>പരിഗണനാ വിഷയങ്ങൾ<br>**ഡോ. ടി.എം. തോമസ് ഐസക്** | 98 |

1

# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്

എം.എ. ബേബി

അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്സുകളുടെ ചരിത്രം ചുരുക്കത്തിലെങ്കിലും പരിശോധിക്കുന്നത് വളരെ നല്ലതാണ്. എന്തുലക്ഷ്യത്തോടുകൂടിയാണ് ഇവ സംഘടിപ്പിക്കപ്പെട്ടത് എന്നും, ഇപ്പോൾ നാം എവിടെ വരെ എത്തിയെന്നും ഈ പരിശോധന വഴി നമുക്ക് മനസ്സിലാക്കാനാവും. ഇനി എങ്ങനെ ഭാവിയിൽ ഇത് രൂപാന്തരപ്പെടണം എന്നതും തുടർന്ന് ചർച്ച ചെയ്യേണ്ടതുണ്ട്.

എന്നാൽ ഇതിന് 1994-ൽ നടന്ന ഒന്നാം കേരള പഠന കോൺഗ്രസ്സു മുതലുള്ള ചരിത്രം മാത്രമല്ല പ്രസക്തം. 1956-ൽ (ഇന്നേക്ക് ഏഴുപതിറ്റാണ്ടു മുമ്പ്) തൃശൂരിൽ നടന്ന അവിഭക്ത കമ്മ്യൂണിസ്റ്റുപാർട്ടിക്ക് പ്രത്യേക സമ്മേളനം ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകളും തീരുമാനങ്ങളും കൈകൊണ്ടതിന്റെ ബഹുതല സ്വാധീനവും കേരള പഠന കോൺഗ്രസ്സിനു ബലം നൽകി. അന്ന് മൂന്നായി വിഭജിതമായിരുന്ന മലബാറും കൊച്ചിയും തിരുവിതാംകൂറും (അതിനിടെ തിരു-കൊച്ചി രൂപീകരിക്കപ്പെട്ടിരുന്നു എന്നതു മറക്കുന്നില്ല.) കൂടിച്ചേർന്ന് കേരളമെന്ന സംസ്ഥാനം സ്ഥാപിതമായതിനുശേഷം നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പായിരുന്നുവല്ലോ 1957-ലേത്. മലയാളികളുടെ മാതൃഭൂമി എന്ന് സഖാവ് ഇ.എം.എസ്. വിശേഷിപ്പിച്ച പുതിയ സംസ്ഥാനമായ കേരളത്തിന്റെ മുന്നിലുള്ള വെല്ലുവിളികളും അവയെ അഭിമുഖീകരിച്ചുകൊണ്ട് കേരളം കൈവരിക്കാനുദ്ദേശിക്കുന്ന മുന്നേറ്റങ്ങളും സംബന്ധിച്ച ശാസ്ത്രീയവും സംക്ഷിപ്തവുമായ ഒരു രൂപരേഖയായിരുന്നു നിയമസഭാ തെരഞ്ഞെടുപ്പുകൾക്ക് മുമ്പേ (1956-ൽ) തൃശൂരിൽ ചേർന്ന സമ്മേളനം അംഗീകരിച്ച രേഖ.

അന്നത്തെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർന്നു പോന്ന ജാതി വിവേചനവും ജന്മിമേധാവിത്വവും നാടുവാഴിത്തത്തിന്റെ പിന്മുറക്കാർക്ക് രാഷ്ട്രീയ മണ്ഡലത്തിലുണ്ടായിരുന്ന മേൽക്കോയ്മയും (ജാതി-ജന്മി-നാടുവാഴിത്ത വാഴ്ച) അവസാനിപ്പിക്കുക എന്ന ലക്ഷ്യമായിരുന്നു കമ്മ്യൂണിസ്റ്റുപാർട്ടി മുന്നോട്ടു വച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാന നയ സമീപനം. അതുകൊണ്ടു തന്നെ കാർഷികബന്ധം സംബന്ധിച്ച് നിയമപരിഷ്കാരവും വിദ്യാഭ്യാസ ജനാധിപത്യവല്ക്കരണം സംബന്ധിച്ച വീക്ഷണവും, ആരോഗ്യ സാമൂഹിക സാംസ്കാരിക മേഖലകളുടെ ശക്തിപ്പെടലും, കൃഷി, വ്യവസായം, സഹകരണം, പശ്ചാത്തല സൗകര്യം വികാസം തുടങ്ങിയ രംഗങ്ങളുടെ വളർച്ചയും പുരോഗതിയും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശ സംരക്ഷണവും അധികാര വികേന്ദ്രീകരണ സ്ത്രീശാക്തീകരണവും ഒക്കെ അന്ന് ചർച്ച ചെയ്യപ്പെട്ടു.

കേരളത്തിൽ ലഭ്യമായ പ്രകൃതിവിഭവങ്ങളെ എപ്രകാരം നാടിന്റെ അഭിവൃദ്ധിക്കായി പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിച്ചുകൊണ്ട് ഉപയോഗപ്പെടുത്താമെന്ന ആലോചനയുടെ ആദ്യരൂപങ്ങൾ അന്നേ കമ്മ്യൂണിസ്റ്റു പാർട്ടി ചർച്ച ചെയ്യുകയുണ്ടായി. കേരള തീരത്തു ലഭ്യമായ കരിമണലിന്റെ സംസ്കരണവും മൂല്യവർധിത ഉല്പന്നങ്ങളായി അതിനെ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതും മാത്രമല്ല; ജലവൈദ്യുതപദ്ധതികൾ, വിഴിഞ്ഞം പോലുള്ള തുറമുഖ പദ്ധതികളുടെ വികസന സാധ്യത തുടങ്ങി ഒട്ടേറെ അതീവ പ്രാധാന്യമുള്ള പദ്ധതികളെപ്പറ്റി അന്നു തന്നെ കമ്മ്യൂണിസ്റ്റു പാർട്ടി ഗൗരവത്തോടെ ചർച്ച ചെയ്തതാണ് ചരിത്രം. കേരളപ്പിറവിയുടെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്സ് നടക്കുന്നത്. അതുകൊണ്ടുതന്നെ ഈ ഏഴു പതിറ്റാണ്ടിനിടയിൽ ഇടതുപക്ഷ നേതൃത്വത്തിലുള്ള ഗവണ്മെന്റുകൾ (1952-59, 1967-69 - ഇ.എം.എസ്. സർക്കാരുകൾ, 1980-82, 1987-91, 1996-2001 - നയനാർ സർക്കാരുകൾ, 2006-2011 - (വി.എസ്.അച്യുതാനന്ദൻ സർക്കാർ) 2016-2021, 2021-2026- (പിണറായി വിജയൻ സർക്കാർ) കേരളത്തിന്റെ ആധുനീകരണത്തിന് നൽകിയ സംഭാവനകൾ സംക്ഷിപ്തമായി അവലോകനം നടത്താനും, ഭാവികാല കടമകളെപ്പറ്റി പര്യാലോചിക്കുവാനും കൂടി ഇത്തവണത്തെ അന്തരാഷ്ട്ര കേരളപഠന കോൺഗ്രസ്സിന്റെ വേദികൾ ഉപയോഗപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 1994ൽ നടന്ന ആദ്യ പഠന കോൺഗ്രസിന്റെ ഉത്പന്നമായിരുന്നു 1996ൽ ആരംഭിച്ച അധികാരവികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണവും. നാല് പഠന

കോൺഗ്രസ്സുകൾ നടന്നതിൽ ഏറ്റവും വലിയ മാറ്റത്തിന് തുടക്കം കുറിച്ചതും ഇതായിരിക്കും.

ഒന്നാമതായി കേരളത്തിന്റെ പരിമിതി പരിഗണിക്കാം. വ്യവസായവും കൃഷിയുമാണല്ലോ രണ്ട് അടിസ്ഥാന ഉല്പാദന മേഖലകൾ. ഇത് രണ്ടിനും ഭൂമി അത്യന്താപേക്ഷിതമാണ്. 2011-ലെ കാനേഷുകാരി പ്രകാരം ബീഹാറും പശ്ചിമബംഗാളും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്താണ് ജനസാന്ദ്രതയുടെ കാര്യത്തിൽ കേരളം. എന്നാൽ കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തം എന്താവശ്യത്തിനും ഭൂമിയുടെ ലഭ്യത പരിമിതമായിരിക്കുന്ന ഒന്നാമത്തെ സംസ്ഥാനം കേരളമാണ്. നീണ്ടുനിവർന്നു കിടക്കുന്ന കേരള സംസ്ഥാനത്തിന്റെ ഒരു വശം (കിഴക്കുഭാഗം) പർവ്വത മേഖലയാണ്. അവിടെ പരിസ്ഥിതി ലോലമേഖല എന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും കെട്ടിടം വച്ചു താമസിക്കുന്നതിനും കൃഷിക്കു പോലും വിലക്കുകളും നിയന്ത്രണങ്ങളുമുണ്ട്. കേരളത്തിന്റെ പടിഞ്ഞാറേ ഭാഗത്തേക്കു വരുമ്പോൾ തെക്കുവടക്ക് നീണ്ട കടൽത്തീര പ്രദേശമാണ്. അവിടെയാകട്ടെ തീരമേഖലാ നിയന്ത്രണ നിയമപ്രകാരം നിർമ്മാണങ്ങൾക്ക് നിരോധനവും നിയന്ത്രണങ്ങളുമാണ്.

ചുരുക്കത്തിൽ മലയോരവും കടൽത്തീരവും വകഞ്ഞു മാറ്റിയെടുക്കുന്ന ഭൂപ്രദേശങ്ങൾ ഒഴിവാക്കിയാൽ പിന്നെ സമതല/മത്സമേഖലയിൽ വേണം താമസിക്കാനും കൃഷി, വ്യവസായം, വിദ്യാഭ്യാസം, കച്ചവടം, വിനോദം തുടങ്ങിയ സർവ്വ ആവശ്യങ്ങൾക്കും റോഡ്, ഓഫീസുകൾ, കളിസ്ഥലങ്ങൾ, സംസ്ക്കാരിക കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവക്കെല്ലാം സ്ഥലം കണ്ടെത്തുന്നത്.

ചുരുക്കത്തിൽ സ്ഥലപരിമിതി വികസനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നം ഒന്നാമതായി അനുഭവപ്പെടുന്നത് കേരളത്തിലാണ്. അത്യന്തം അടിസ്ഥാനപരമായ ഈ വെല്ലുവിളി/പരിമിതി അഭിമുഖീകരിച്ചുകൊണ്ട് കഴിഞ്ഞ ഏഴു പതിറ്റാണ്ടുകാലം കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ അഭിമാനകരമാണ് എന്ന് നിസ്സംശയം പറയാവുന്നതാണ്.

കേരളത്തിൽ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കുവാൻ കൈവിരലിലെണ്ണാവുന്ന മാസങ്ങൾ മാത്രം ബാക്കി നില്ക്കുമ്പോഴാണ് അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്സ് നടക്കുന്നത്. അഞ്ചുവർഷം മുമ്പ് തെരഞ്ഞെടുപ്പിനു കേരളം തയ്യാറെടുക്കുമ്പോൾ അതിനു മുന്നേ നടന്ന കേരളപഠന കോൺഗ്രസ്സുകൾ ആവിഷ്ക്കരിച്ച വികസനപരിപ്രേക്ഷ്യങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രിക ഇപ്രകാരം പറഞ്ഞു: "നവ കേരള നിർമ്മിതിയുടെ പുതിയ ഒരു ഘട്ടത്തിലേക്ക് നാം കടക്കുകയാണ്. അടിസ്ഥാന സൗകര്യമേഖലയിൽ പിണറായി വിജയൻ സർക്കാർ ഉണ്ടാക്കിയ മുന്നേറ്റത്തിന്റെ അടിത്തറയിൽ സ്ഥായിയായ ഒരു വികസന മാതൃക യാഥാർത്ഥ്യമാക്കണം. പാവങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം നാളത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടണം. അതിനായി കേരളത്തെ ജ്ഞാനസമൂഹമായും അതിനുതകുന്ന തരത്തിലുള്ള വികസന മാതൃകകൾ സഫലമാക്കുന്ന നാടായും രൂപപ്പെടുത്തണം. ഇവ ഉറപ്പുവരുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണത്തുടർച്ച അനിവാര്യമാണ്. കഴിഞ്ഞ തവണ ജനങ്ങളോട് വോട്ട് അഭ്യർത്ഥിച്ചപ്പോൾ നൽകിയ 600 വാഗ്ദാനങ്ങളിൽ 580-ഉം നടപ്പാക്കിയ ചരിത്ര നേട്ടത്തിന്റെ അഭിമാനകരമായ റിപ്പോർട്ടുകാർഡുമായാണ് എൽ.ഡി.എഫ്. ഇന്ന് വീണ്ടും ജനങ്ങളെ സമീപിക്കുന്നത്.

അഞ്ചുവർഷങ്ങൾ പൂർത്തിയാക്കി വീണ്ടുമൊരു തുടർഭരണത്തിനുള്ള ജനകീയ അംഗീകാരത്തിന് ജനതയെ സമീപിക്കുമ്പോൾ മൂന്നു കാര്യങ്ങളാണ് നാം മുഖ്യമായി കേരളപഠന കോൺഗ്രസ്സിൽ ചർച്ച ചെയ്യാനുള്ളത്.

**2001-ലെ മാനിഫെസ്റ്റോയിൽ എത്ര വാഗ്ദാനങ്ങൾ നൽകി, അതിൽ എത്രയെണ്ണം നടപ്പാക്കി?**

ഒന്നാമതായി ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇടതുപക്ഷത്തിനുള്ള കർമ്മപരിപാടിയും ബദൽ നയങ്ങളും എത്രമാത്രം ശാസ്ത്രീയവും പ്രായോഗികവുമാണ് എന്നത്. രണ്ടാമതായി കേരളവും ഇന്ത്യയും ലോകവും വ്യത്യസ്ത തോതിൽ അഭിമുഖീകരിക്കുന്ന തീവ്ര വലതുപക്ഷ സംസ്ക്കരണവും ജാതി-മത-വിശ്വാസങ്ങളെ വിഭാഗീയമായി ദുരുപയോഗിക്കുന്ന പ്രവണതകളും തടയുവാനും പുരോഗമന - നവോത്ഥാന മൂല്യങ്ങൾ ശക്തിപ്പെടുത്താനും രാഷ്ട്രീയമായും സാമൂഹ്യമായും സാംസ്ക്കാരികമായും ഇത്തരം ഇടപെടലുകളും പോരാട്ടങ്ങളും നടത്താനാവും എന്നത്. ശാസ്ത്രസാങ്കേതിക വിദ്യകളുടെ വിസ്മയകരമായ നേട്ടങ്ങൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ആധുനിക ജ്ഞാനസമൂഹമായും, ജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയായും കേരളത്തെ അതിവേഗം വളർത്തുവാൻ സർവ്വതോന്മുഖമായ, ആസൂത്രണമായ ഇടപെടലുകൾ എപ്രകാരം വികസിപ്പിച്ചെടുക്കാം എന്നത്.

ഇക്കഴിഞ്ഞ 10 വർഷങ്ങളിലെ കേരളത്തിന്റെ നേട്ടങ്ങൾ അഖിലേന്ത്യാ തലത്തിൽ സ്വതന്ത്ര ഏജൻസികൾ തന്നെ അംഗീകരിച്ച് അഭിനന്ദിച്ചത് ഇവിടെ ആവർത്തിക്കുന്നില്ല. വർഗ്ഗീയ ലഹളകൾ നടക്കാത്ത മികച്ച സാമൂഹിക - സാമുദായിക സൗഹാർദ്ദമുള്ള നാടായി കേരളം വ്യത്യസ്തത പുലർത്തുന്നത് ഇവിടെ വർഗ്ഗീയ വിധ്വംസകശക്തികൾ പാടേ തുടച്ചു മാറ്റപ്പെട്ടിട്ടുള്ളതുകൊണ്ടല്ല അവയ്ക്ക് തലപൊക്കാനാവാത്ത സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സാഹചര്യം പൊതുവേ കേരള നാട്ടിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ്. അതിൽ നവോത്ഥാന പ്രസ്ഥാനത്തിനും അതിന്റെ വജ്ര ശോഭയുടെ നായകന്മാർക്കും വളരെ വലിയ പങ്കുണ്ട്. അതോടൊപ്പം വളരെ വളരെ പ്രധാനപ്പെട്ട ഘടകമാണ് ജാതിഭ്രാന്തിനും വർഗ്ഗീയ ചോരക്കുരുതിക്കും പുറപ്പെടുന്നവരെ തടയുവാൻ കേരളത്തിൽ സുശക്തമായ കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ശക്തികൾ

ഉണ്ട് എന്ന യാഥാർത്ഥ്യം. അവർ നവോത്ഥാന പ്രസ്ഥാനത്തിന്റെ നേരവകാശികളുമായി മതനിരപേക്ഷതക്കും ജാതിക്കുശുസിനും എതിരായി സാംസ്ക്കാരിക രാഷ്ട്രീയ സമരം നിരന്തരം നടത്തുക മാത്രമല്ല ആവശ്യമുള്ളിടങ്ങളിൽ വേണ്ടി വന്നാൽ രക്തവും ജീവനും ബലിയർപ്പിച്ച് വർഗ്ഗീയ ഫാസിസ്റ്റുകൾക്കെതിരെ പൊരുതാൻ സന്നദ്ധമായതിലൂടെയുമാണ്.

സങ്കീർണ്ണമായ രാഷ്ട്രീയ സാഹചര്യത്തിൽ പ്രതിപക്ഷ പാർട്ടി വിശേഷിച്ച് കേരളത്തിലേതുപോലെ ഇടതുപക്ഷ നേതൃത്വത്തിലുള്ള ഒരു മുന്നണിയുടെ ഗവണ്മെന്റ് വലിയ ഇടങ്കോലിടലുകൾ അനുഭവിച്ചുകൊണ്ടാണ് ജനക്ഷേമ നടപടികളും ബദൽ നയങ്ങളും നടപ്പാക്കാൻ ശ്രമിക്കുന്നത്. ഭരണം തന്നെ ഒരു സമരമാവുകയാണ്. മോദി സർക്കാരിന്റെ അവഗണനകൾക്കെതിരായ പോരാട്ടങ്ങളും അനിവാര്യമാകുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ എപ്രകാരം ജനക്ഷേമം, വിജ്ഞാനസമൂഹമായുള്ള പരിവർത്തനം, അടിസ്ഥാനസൗകര്യ വികസനം കൃഷി, വ്യവസായം, സേവനം തുടങ്ങിയ മേഖലകളിലെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ പുതിയൊരു ഘട്ടത്തിലേക്ക് ഉയർത്തുവാൻ എൽ.ഡി. എഫിനു മാത്രമേ ഉറപ്പു നൽകാൻ കഴിയൂ. അതിനു നേടിയ നേട്ടങ്ങൾ സൂക്ഷ്മമായി വിലയിരുത്തിയും ഉണ്ടാകുന്ന ബലഹീനതകളും പോരായ്മകളും തിരിച്ചറിഞ്ഞു തിരുത്തിയും തുറന്ന വിമർശനവും സ്വയം വിമർശനവും കൂടുതൽ കുറ്റമറ്റ പ്രവർത്തനത്തിന് അനുപേക്ഷണീയമാണ് എന്ന് തിരിച്ചറിഞ്ഞും ശരിയുടെ പാതയിലൂടെ മുന്നേറാനാവണം.

## 2

# അഞ്ചാം പഠന കോൺഗ്രസ്സും നവകേരളവും

പിണറായി വിജയൻ

ഫെബ്രുവരിയിൽ നടക്കുന്ന അഞ്ചാമത് കേരള പഠന കോൺഗ്രസിന്, ഇതുവരെയുള്ള കേരള പഠന കോൺഗ്രസുകളിൽ നിന്നൊരു സവിശേഷതയുണ്ട്. പത്തുവർഷത്തെ എൽഡിഎഫ് തുടർഭരണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ പഠന കോൺഗ്രസ് ചേരുന്നത്. കേരള ചരിത്രത്തിലാദ്യമായാണ് ഒരു മുന്നണിക്ക് പത്തുവർഷത്തെ തുടർഭരണം സാധ്യമാകുന്നത്. കഴിഞ്ഞ പത്തുവർഷം കൊണ്ട് നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള വികസനാടിത്തറ സുസ്ഥിരമാക്കിയിട്ടുണ്ട്. നമ്മുടെ ലക്ഷ്യം വ്യക്തമാണ്.

ഭാവി കേരളം നമ്മുടെ ഭാവി തലമുറയുടെ സ്വപ്നങ്ങളിലുള്ള കേരളമായിരിക്കണം. അത് കേവലമൊരു ഉപഭോക്തൃ സംസ്ഥാനം മാത്രമായി ചുരുങ്ങരുത്.

ലോകനിലവാരത്തിലുള്ള ഉത്പന്നങ്ങളും സേവനങ്ങളും സംഭാവന നൽകാൻ പ്രാപ്തിയുള്ള മനുഷ്യവിഭവ ശേഷിയുടെ ഉത്പാദനകേന്ദ്രമാകണം. ഈ ഇച്ഛാശക്തിയോടെ നമ്മുടെ സമ്പദ്ഘടനയെ വളർത്താൻ കഴിയണം. എല്ലാ മേഖലകളിലും ആ ഇച്ഛാശക്തി പ്രതിഫലിക്കുന്ന നയങ്ങളും പരിപാടികളും ലക്ഷ്യങ്ങളുമുണ്ടാകണം. അതിന് കേരളത്തിലെ അക്കാദമിക സമൂഹത്തെയാകെ അണിനിരത്തുന്ന അതിവിപുലമായ ഒരു സംവാദവേദിയായി അഞ്ചാം കേരള പഠന കോൺഗ്രസ് മാറും.

1994ൽ സഖാവ് ഇ എം എസ്സിന്റെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ പഠന കോൺഗ്രസ് കേരളത്തിന്റെ വികസനാസൂത്രണ ചരിത്രത്തിലെ നിർണായകമായ അധ്യായമായിരുന്നു. തുടർന്ന് 2005, 2011, 2016 എന്നീ വർഷങ്ങളിലായി നടന്ന മൂന്ന് പഠന കോൺഗ്രസുകളും കേരള വികസനത്തിന്റെ ഭാവിയെക്കുറിച്ച് ദിശാസൂചന നൽകുന്ന നിർണായകമായ ഇടപെടലുകളായിരുന്നു. അഞ്ചാം പഠനകോൺഗ്രസ് 2021ൽ നടക്കേണ്ടിയിരുന്നതാണ്. കോവിഡുമൂലം അത് മാറ്റി വയ്ക്കേണ്ടിവന്നു. പത്തുവർഷത്തിനുശേഷം ഇപ്പോൾ അഞ്ചാം കേരള പഠന കോൺഗ്രസിൽ നാം ഒത്തുകൂടുകയാണ്.

നാമൊരു ലക്ഷ്യം നിർവചിച്ചു കഴിഞ്ഞു. അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് കേരളത്തിന്റെ ആഭ്യന്തര ഉത്പാദനം ഇരട്ടിയാക്കണം. ഓരോ കുടുംബത്തിന്റെയും ജീവിതനിലവാരം വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കണം. ആ ലക്ഷ്യം നിറവേറ്റുകയാണ് ഇനിയുള്ള എൽഡിഎഫ് സർക്കാരുകളുടെ ദൗത്യം. വകുപ്പുകളുടെയും സർക്കാരിന്റെയാകെയും പ്രവർത്തനങ്ങൾ ഈ ലക്ഷ്യത്തിനുവേണ്ടി ചിട്ടപ്പെടുത്തണം. അതേസമയം സാമൂഹ്യക്ഷേമരംഗത്ത് നമ്മുടെ നാടിന്റെ സവിശേഷതകൾ നിലനിർത്തണം. ഇന്ന് നിലനിൽക്കുന്ന, ലോകത്തിനു തന്നെ മാതൃകയായ സാമൂഹ്യക്ഷേമ ഇടപെടലുകൾ ശക്തിപ്പെടുത്തിക്കൊണ്ടു തന്നെ വികസിതനവകേരളം നമുക്ക് സാധ്യമാക്കാൻ കഴിയണം. ഇപ്പോൾ സംസ്ഥാനങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ കണക്കിൽ പതിനൊന്നാം സ്ഥാനത്തു നിന്ന് ഏഴാം സ്ഥാനത്തേക്ക് കേരളം ഉയർന്നിട്ടുണ്ട്. ശരിയായ വികസനപാതയിൽത്തന്നെയാണ് നാം. അതിവേഗം ലക്ഷ്യത്തിലെത്താനുള്ള മാർഗങ്ങളാണ് നാം തേടേണ്ടത്.

നമ്മുടെ പ്രഖ്യാപിത ലക്ഷ്യത്തിന് അടിത്തറയിടാൻ പത്തുവർഷത്തെ ഭരണത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ നയത്തിനുവേണ്ടി അടിസ്ഥാനസൗകര്യവികസനാസൂത്രണം സമഗ്രമായി ഉടച്ചുവാർക്കാൻ സർക്കാരിന് കഴിഞ്ഞു. കേവലം റോഡുകളിലും പാലങ്ങളിലും ഒതുങ്ങി നിൽക്കുന്ന പരമ്പരാഗത അടിസ്ഥാന സൗകര്യ വികസനമല്ല നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമായത്, എല്ലാവർക്കും ഗുണമേന്മയുള്ള പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, ഇന്റർനെറ്റ് എന്ന രാഷ്ട്രീയകാഴ്ചപ്പാടോടെയാണ് അടിസ്ഥാന സൗകര്യമേഖലയിലെ മൂലധനനിക്ഷേപം നടത്തിയത്. ജീവിതത്തിന്റെ സമസ്തമേഖലകളിലും നവകേരളം എന്തായിരിക്കണം എന്ന കൃത്യമായ കാഴ്ചപ്പാടിന് അടിത്തറയിടാൻ കഴിഞ്ഞു. അവിടെ നിന്ന് നമുക്കു മുന്നോട്ടു പോകണം. അതെങ്ങനെ...

ലോകമെമ്പാടുമുള്ള പണ്ഡിത സമൂഹത്തിന്റെ സവിശേഷമായ ശ്രദ്ധയാകർഷിച്ച "കേരള വികസന മാതൃക" കാലാനുസൃതമായി പുതുക്കിപ്പണിയുടെ എന്ന ദൗത്യമാണ് നമുക്കുള്ളത്. മനുഷ്യവികസന സൂചികകളിൽ കൈവരിച്ച മുന്നേറ്റങ്ങളും ശക്തമായ പൊതുമേഖലാ സ്ഥാപനങ്ങളും സാമൂഹ്യനീതി ഉയർത്തിപ്പിടിക്കുന്ന നയപരമായ ഇടപെടലുകളുമൊക്കെ

കേരള വികസന മാതൃകയെന്ന ആശയത്തിന്റെ ചേരുവ കളാണ്. ഈ ചരിത്രപരമായ പാരമ്പര്യത്തെ നവകാല സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ പുതുക്കി യെഴുതുകയായിരുന്നു കഴിഞ്ഞ പത്ത് വർഷമായി എൽഡിഎഫ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

ഉദാഹരണത്തിന് വിദ്യാഭ്യാസ മേഖലയെ നാം നവീ കരിച്ചത്, വിജ്ഞാനസമ്പദ്ഘടനയുടെ കുതിപ്പ് ലക്ഷ്യമിട്ടാണ്. പരമാവധി യുവാക്കൾക്ക് ഉന്നതവിദ്യാ ഭ്യാസവും ഡിജിറ്റൽ സൗകര്യങ്ങളും ലഭ്യമാക്കണം. വിജ്ഞാനത്തെ നൂതനവിദ്യകളായി രൂപാന്തരപ്പെടു ത്താനുള്ള ശേഷി അഭ്യസ്തവിദ്യരായ പുതുതലമുറയ്ക്ക് കൈവരണം. സമ്പദ്ഘടനയുടെ സമസ്തതലങ്ങളി ലും ആധുനികശാസ്ത്രത്തിന്റെയും നൂതനസാങ്കേതി കവിദ്യകളുടെയും നേട്ടങ്ങൾ പ്രതിഫലിക്കണം. ആ ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖല മാത്രമല്ല നവീകരിക്കപ്പെടേണ്ടത്. ആസൂത്രണവും നവീകരണ വും സ്കൂൾ തലത്തിൽ നിന്നേ തുടങ്ങണം.

ഇതുപോലെ സമഗ്രമായ ലക്ഷ്യത്തോടെയുള്ള ഒരു വികസനാസൂത്രണം എല്ലാ മേഖലയിലും യാഥാർ ത്ഥ്യമായിട്ടുണ്ട്. അത് സ്ഥായിയാക്കണം. ലക്ഷ്യപ്രാപ്തി വേഗത്തിലാക്കണം. അതിനുള്ള വിവിധ കർമ്മ പരി പാടികൾ ആലോചിക്കാനാണ് വിവിധ തുറകളിലുള്ള പണ്ഡിതസമൂഹം അന്താരാഷ്ട്ര പഠനകോൺഗ്രസിന്റെ വേദിയിൽ ഒന്നിക്കുന്നത്. ഭാവിസമൂഹത്തെ വാർത്തെ ടുക്കാനുള്ള മാർഗങ്ങളും നയങ്ങളും പരിപാടികളും ചർച്ച ചെയ്യുന്നതിന് ഇതുപോലെ സമൂഹത്തിന്റെ നാനാതലങ്ങളിലുള്ളവർ ഒരു മനസോടെ ഒന്നിച്ചിരു ന്ന് ചർച്ച ചെയ്യുന്നതും കേരള വികസന മാതൃകയുടെ മറ്റൊരു സവിശേഷതയാണ്. നവകേരളത്തിലേയ്ക്കുള്ള യാത്രയിൽ അഞ്ചാം കേരള പഠന കോൺഗ്രസിന് വില പ്പെട്ട ദൗത്യമാണ് നിർവഹിക്കാനുള്ളത്.

## 3

# അഞ്ചാം അന്താരാഷ്ട്ര പഠനകോൺഗ്രസും നവകേരളനിർമിതിയും

എം.വി. ഗോവിന്ദൻ മാസ്റ്റർ

ഫെബ്രുവരി 21, 22 തീയതികളിൽ അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് തിരുവനന്തപുരത്ത് നടക്കുകയാണ്. 1994 ലാണ് ആദ്യ പഠന കോൺഗ്രസ് നടന്നത്. അതേക്കുറിച്ച് 1994 ആഗസ്ത് 27 ന് ദേശാഭിമാനി ദിനപത്രം പ്രസിദ്ധീകരിച്ച സപ്ലിമെന്റിൽ ഇ എം എസ് എഴുതിയ ലേഖനത്തിന്റെ തലക്കെട്ട് "മുപ്പത്തിയെട്ട് വർഷത്തിന് ശേഷം കേരളം എങ്ങോട്ട്" എന്നായിരുന്നു. അതായത് 1956 ൽ ഐക്യ കേരളം രൂപം കൊണ്ടത്. അതിന് ശേഷം 1957 ലും 67 ലും രൂപം കൊണ്ട കമ്യൂണിസ്റ്റ് സർക്കാരുകൾ ജന്മിത്വഭൂപ്രഭുത്വം അവസാനിപ്പിച്ചു. എന്നാൽ അതിനുശേഷമുള്ള കേരള ജനതയുടെ സർവതോന്മുഖമായ പുരോഗതിയെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് രൂപപ്പെടുത്തിയെടുക്കാൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞില്ലെന്നും അതിലേക്കുള്ള ചുവടുവെയ്പാണ് ആദ്യ അന്താരാഷ്ട്ര പഠന കോൺഗ്രസ് എന്നുമാണ് ലേഖനത്തിൽ ഇ എം. എസ് വിവരിക്കുന്നത്. 1991 ൽ ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ട സാമ്പത്തിക ഉദാരവൽകരണ നയങ്ങൾ വലിയ പൊളിച്ചെഴുത്തുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് 1994 ൽ ഇഎംഎസ് മുൻകൈ എടുത്തു കൊണ്ട് ആദ്യ കേരള പഠന കോൺഗ്രസ് എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്. ഒന്നാം പഠന കോൺഗ്രസിൽ നിന്നു ഒരുത്തിരിഞ്ഞു വന്നതായിരുന്നു പിന്നീട് വിജയകരമായി നടപ്പിലാക്കപ്പെട്ട ജനകീയാസൂത്രണം.

തുടർന്ന് 2005 ലും 2011 ലും 2016 ലും രണ്ടും മൂന്നും നാലും പഠനകോൺഗ്രസുകൾ നടന്നു. 2016ലെ നാലാം പഠന കോൺഗ്രസിന്റെ നിഗമനങ്ങളാണ് 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രകടന പത്രികയിൽ പ്രധാനമായും ഉൾകൊള്ളിച്ചിരുന്നത്. "വേണം നമുക്കൊരു പുതു കേരളം; മതനിരപേക്ഷ അഴിമതി രഹിത കേരളം " എന്ന ആശയമാണ് ഈ പ്രകടനപത്രിക പ്രധാനമായും മുന്നോട്ടുവെച്ചത്. അതിൽ പറഞ്ഞ 600 കർമപദ്ധതികളിൽ 580 ഉം പ്രാവർത്തികമാക്കിയാണ് എൽ ഡി എഫ് തുടർഭരണം ഉറപ്പിച്ചത്. കോവിഡ് മൂലം 2021 ൽ നടക്കേണ്ടിയിരുന്ന പഠന കോൺഗ്രസാണ് അഞ്ച് വർഷത്തിന് ശേഷം ഇപ്പോൾ നടക്കുന്നത്. ഇതുവരെ കൈവരിച്ച നേട്ടങ്ങൾ പരിശോധിക്കുന്നതോടൊപ്പം ആ അടിത്തറയിൽ കാലുറപ്പിച്ച് നിർത്തിക്കൊണ്ട് ഇനി കൈവരിക്കേണ്ട നേട്ടങ്ങൾ എങ്ങിനെ സ്വായത്തമാക്കാമെന്ന ചർച്ചയും പരിശോധനയുമാണ് അഞ്ചാം അന്താരാഷ്ട്ര പഠനകോൺഗ്രസിൽ നടക്കുക.

കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ജീവിതം കരുപിടിപ്പിക്കുന്നതിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ , ഇടതുപക്ഷത്തിന്റെ പങ്ക് ആർക്കും കുറച്ചു കാണാനാകില്ല. 1957 ലെ ഇ എം എസ് സർക്കാരിന്റെ കാലം മുതലാണ് പൊതുവിദ്യാഭ്യാസം പൊതുജനാരോഗ്യം എന്നിവ സാർവത്രികമാക്കുകയും ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നതിൽ നിന്നും പൊലീസിനെ മാറ്റിനിർത്തുകയും ചെയ്തത്. ഇതോടൊപ്പം ഭൂപരിഷ്കരണം നടപ്പിലാക്കുക കൂടി ചെയ്തതോടെയാണ് ലോകം ചർച്ച ചെയ്യുന്ന "കേരള മോഡൽ" രൂപം കൊണ്ടത്. പത്ത് വർഷത്തിലധികം നീണ്ട ഇടവേളക്ക് ശേഷം 1980 ൽ ഇ.കെ നായനാരുടെ നേതൃത്വത്തിൽ അധികാരത്തിൽവന്ന എൽ ഡി എഫ് സർക്കാരാണ് 45 രൂപ കർഷകത്തൊഴിലാളി പെൻഷൻ പ്രഖ്യാപിച്ചുകൊണ്ട് ക്ഷേമ പെൻഷനുകൾക്ക് തുടക്കം കുറിച്ചത്. അത് ഇന്ന് 64 ലക്ഷം പേർക്ക് 2000 രൂപയായി വർധിച്ചിരിക്കുന്നു. ഇതിനു പുറമെ വരുമാന മാർഗങ്ങളില്ലാത്ത 35 നും 60വയസ്സിനും ഇടയിലുള്ള വീട്ടമ്മമാർക്ക് 1000 രൂപ പെൻഷനും പിണറായി സർക്കാർ പ്രഖ്യാപിക്കുകയും നടപ്പിലാക്കി തുടങ്ങുകയും ചെയ്തിരിക്കുന്നു. 1991 ലെ നായനാർ സർക്കാരാണ് സമ്പൂർണ സാക്ഷരതായജ്ഞം നടപ്പിലാക്കിയത്. കഴിഞ്ഞ വർഷം നവംബർ ഒന്നിനാണ് രാജ്യത്ത് ആദ്യത്തെ അതി ദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടത്. വരും വർഷങ്ങളിൽ കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം ഇരട്ടിയാക്കാനും ഓരോ കുടുംബത്തിന്റെയും ജീവിത നിലവാരം വികസിത മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമാക്കാനുമാണ് എൽ ഡി എഫ് ലക്ഷ്യമിടുന്നത്. ഭാവിതലമുറകളുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും ഒപ്പം സഞ്ചരിക്കാനാണ് നമുക്ക് താൽപര്യം. അങ്ങിനെയാവണമെങ്കിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം വർധിക്കേണ്ടതുണ്ട്.

രാഷ്ട്രീയ വിരോധം വെച്ച് കേന്ദ്രസർക്കാർ കേരളത്തിന് അർഹമായതു പോലും നിഷേധിച്ച് വീർപ്പ് മുട്ടിക്കുകയാണ്. പിണറായി സർക്കാർ അധികാരമേറിയ ശേഷം മാത്രം രണ്ട് ലക്ഷം കോടി രൂപയുടെ അർഹമായ വിഹിതമാണ് മോദി സർക്കാർ കേരളത്തിന് നിഷേധിച്ചത്. ഈ സാഹചര്യത്തിൽ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പുവരുത്തി കേരളത്തെ എങ്ങിനെ വിജ്ഞാന സമ്പദ്ഘടനയിലേക്കും അതിലുപരി വിജ്ഞാന സമൂഹത്തിലേക്കും നയിക്കാൻ കഴിയുമെന്ന പരിശോധനയാണ് നാക്കേണ്ടത്.

കേരളത്ത വിജ്ഞാന സമ്പദ്ഘടനയിലേക്ക് നയിക്കാൻ ചില ചുവടുവെപ്പുകൾ പിണറായി സർക്കാരിന്റെ കാലത്ത് തന്നെ ആരംഭിച്ചിട്ടുണ്ട്. നൂതന തൊഴിൽ സംരഭങ്ങളായ സ്റ്റർട്ടപ്പുകൾ, സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ , നൈപുണി ശേഷി വികസനത്തിനായുള്ള സംരഭങ്ങൾ, ഇതിന് അനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമൂലമായ പൊളിച്ചെഴുത്ത് എന്നിവയൊക്കെ പിണറായി സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികളാണ്. രാജ്യത്ത് നിലവിലുള്ള നിയോലിബറൽ അജൻഡക്ക് ബദൽ കാഴ്ചപ്പാട് അവതരിപ്പിക്കുക എന്നതും എൽ ഡി എഫ് സർക്കാരിനെ സംബന്ധിച്ച് പ്രധാനമാണ്. ഒരു വശത്ത് പാവപ്പെട്ടവരുടെ ജീവിത സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുക, അതോടൊപ്പം തന്നെ വളർന്നു വരുന്ന മധ്യവർഗത്തിന്റെ പ്രതീക്ഷകൾ അനുസരിച്ചുള്ള വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുക. എന്നാൽ ഈ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അവ കോർപറേറ്റ് വൽക്കരിക്കാതിരക്കുകയും പ്രധാനമാണ്. ഇന്നത്തെ കാലത്ത് തീർത്തും ശ്രമകരമായ കാര്യങ്ങളാണ് ഇതൊക്കെ. ഇത്തരമൊരു ജനപക്ഷ ബദൽ നടപ്പിലാക്കണമെങ്കിൽ വിഭവസമാഹരണം വൻതോതിൽ വർധിപ്പിക്കുകയും വേണം. മൂന്നും നാലും പഠന കോൺഗ്രസിൽ നടന്ന ചർച്ചയുടെ ഫലമായാണ് പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള വിഭവ സമാഹരണത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ്(കിഫ്ബി) രൂപം കൊണ്ടത്. അതുപോലെ കേരള ബാങ്ക് രൂപം കൊണ്ടതും മൂന്നും നാലും പഠന കോൺഗ്രസിലെ ചർച്ചയുടെ ഫലമായാണ്.

അഞ്ചാം പഠന കോൺഗ്രസ് പ്രധാനമായും ചർച്ച ചെയ്യുക , കേന്ദ്രസർക്കാർ കേരള ഗവൺമെന്റിന് അവകാശപ്പെട്ട നികുതി വിഹിതവും ധനലഭ്യതയും ബോധപൂർവം തടയുന്നതിന് എതിരെ എങ്ങിനെ പ്രതിരോധം കെട്ടിപ്പടുക്കാനാകും എന്ന വിഷയമാണ്. അതോടൊപ്പം അമേരിക്ക ഇന്ത്യക്കുമേൽ അടിച്ചേൽപിക്കുന്ന കയറ്റുമതി ഉപരോധങ്ങളും തീരുവയില്ലാതെയും കുറഞ്ഞ തീരുവയിലും അമേരിക്കൻ, യൂറോപ്യൻ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം കേരളത്തിന്റെ സമ്പദ്ഘടനയിലുണ്ടാകാൻ പോകുന്ന ആഘാതങ്ങളും , ആസിയൻ കരാർ സൃഷ്ടിച്ച ആഘാതത്തിന്റെ അനുഭാവ പാഠത്തിന്റെ കൂടി വെളിച്ചത്തിൽ എങ്ങിനെ ചെറുക്കാനാകും എന്ന പരിശോധനയാണ് നടക്കേണ്ടത്. അതോടൊപ്പം തൊഴിലില്ലായ്മയുടെ പരിഹാരം , തൊഴിൽ രഹിതരായ വീട്ടമ്മമാർക്ക് അവരുടെ പ്രദേശങ്ങളിൽ തന്നെ എങ്ങിനെ തൊഴിൽ നൽകാനാകും എന്ന വിഷയം, കേരളം ഒരൊറ്റ നഗരമായി മാറുന്ന പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട ശാസ്ത്രീയ നഗരനയം, ജനകീയാസൂത്രണത്തിന്റെ തുടർച്ച തുടങ്ങിയ വിഷയങ്ങളും ഈ പഠന കോൺഗ്രസിന്റെ മുമ്പിൽ വരും.

കണ്ണൂരിൽ ചേർന്ന സി പി ഐ എമ്മിന്റെ 23-ാം പാർടി കോൺഗ്രസിന്റെ മുന്നോടിയായി 2022 മാർച്ചിൽ എറണാകുളത്ത് ചേർന്ന പാർട്ടി സംസ്ഥാന സമ്മേളനത്തിൽ "നവകേരളത്തിനായുള പാർട്ടി കാഴ്ചപ്പാട്" എന്ന രേഖ അംഗീകരിച്ചിരുന്നു. " അടുത്ത 25 വർഷം കൊണ്ട് കേരളത്തിലെ ജനജീവിതം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത മധ്യ വരുമാന രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുകയാണ് ലക്ഷ്യമെന്ന്" ആ രേഖ പ്രഖ്യാപിച്ചു. തുടർഭരണം ലഭിച്ച സാഹചര്യത്തിലായിരുന്നു ഈ രേഖ അംഗീകരിച്ചത്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് രണ്ടാം പിണറായി സർക്കാർ തുടക്കമിട്ടത്. മധുരയിൽ ചേർന്ന 24 പാർടി കോൺഗ്രസിന്റെ ഭാഗമായി 2025 മാർച്ചിൽ കൊല്ലത്ത് ചേർന്ന പാർട്ടി സംസ്ഥാന സമ്മേളനത്തിൽ "നവകേരളത്തെ നയിക്കാൻ പുതുവഴികൾ" എന്ന രേഖയും അംഗീകരിക്കുകയുണ്ടായി. അതിൽ വ്യക്തമായി പറഞ്ഞ കാര്യം" നവകേരളം മുന്നോട്ടുകൊണ്ടു പോകാനുള്ള സംസ്ഥാന സർക്കാരിന്റെ ഇടപെലുകൾ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ പൊരുതി കൊണ്ടേ സാധ്യമാക്കുകയുള്ളൂ"വെന്നും "കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തെ മറികടക്കുന്നതിന് നമ്മുടെ വിഭവസമാഹരണ സാധ്യതകളെ കഴിയുന്നത്ര ഉപയോഗപ്പെടുത്താനാകണം. നമ്മുടെ പൊതുവായ താൽപര്യങ്ങളെ ഹനിക്കാതെ ഏത് മൂലധനത്തെയും സ്വീകരിക്കുന്ന നയം നമുക്ക് ആശ്രയിക്കേണ്ടിവരും. സമ്പത്തിന്റെ വിനിയോഗത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിതത്തിന് പ്രഥമ പരിഗണന നൽകുന്നതിനും അതോടൊപ്പം പൊതുവായ സമ്പദ്ഘടനയുടെ വളർച്ചയിലൂടെ മാത്രമേ കേന്ദ്ര നയങ്ങൾക്കെതിരെ പ്രതിരോധ മുയർത്തുന്നതിനുള്ള ഈ കരുത്ത് ആർജിക്കാനാവൂ എന്ന് തിരിച്ചറിയേണ്ടതുണ്ട്. ആഗോള സാമ്പത്തിക രംഗത്ത് വരുന്ന മാറ്റങ്ങളെ മനസ്സിലാക്കി ഇടപെടുകയെന്നതും പ്രധാനമാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നവകേരള കാഴ്ചപ്പാടാണ് നാം മുന്നോട്ടുവെക്കുന്നത് " സി പി ഐ എം ഉയർത്തുന്ന ഈ പ്രതിസന്ധി സാഹചര്യത്തെ മുറിച്ചു കടക്കാനുള്ള ചർച്ചകളും സംവാദങ്ങളും നിർദ്ദേശങ്ങളും പഠന കോൺഗ്രസിൽ നിന്നും ഉരുത്തിരിയുമെന്ന് ആത്മാർഥമായി പ്രതീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഒന്നായി നവകേരളത്തെ പടുത്തുയർത്താം.

## 4

# അഞ്ചാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസിന്റെ കടമകൾ

എസ്. രാമചന്ദ്രൻ പിള്ള

2026 ഫെബ്രുവരി 21, 22 തീയ്യതികളിൽ അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് തിരുവനന്തപുരത്ത് ചേരുകയാണ്. ഒന്നാം പഠന കോൺഗ്രസ് നടന്നത് 1994 ആഗസ്റ്റ് 27 മുതൽ 29 വരെ തീയ്യതികളിലും, രണ്ടാം പഠന കോൺഗ്രസ് നടന്നത് 2005 ഡിസംബർ 9 മുതൽ 11 വരെ തീയ്യതികളിലും, മൂന്നാം പഠന കോൺഗ്രസ് നടന്നത് 2011 ജനുവരി 1 മുതൽ 3 വരെ തീയ്യതികളിലും നാലാം പഠന കോൺഗ്രസ് നടന്നത് 2016 ജനുവരി 9, 10 തീയ്യതികളിലും ആയിരുന്നു. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിന്റെ വികസനത്തിന് ഏറ്റവും നൂതനമായ ശാസ്ത്രീയ കാഴ്ച്ചപ്പാട് ഉരുത്തിരിയുന്നതിന് സഹായിക്കുകയായിരുന്നു ഓരോ പഠന കോൺഗ്രസും സാമർഥ്യപൂർവ്വം ചെയ്തത്. ആ നിലയിൽ കേരളത്തിൽ ആധുനികവികസന കാഴചപ്പാട് കരുപ്പിടിപ്പിക്കുന്നതിന് നിർണായകമായ സംഭാവനകൾ നൽകുവാൻ ഓരോ പഠന കോൺഗ്രസിനും കഴിഞ്ഞിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം നടത്തിയ പ്രവർത്തനങ്ങൾ വഴി പല മേഖലകളിലും ഇന്ത്യയുടെ ഒന്നാം സ്ഥാനത്ത് എത്തുകയെന്നത് കേരളത്തിന്റെ ശീലമായി മാറിക്കൊണ്ടിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, വികേന്ദ്രീകൃത ഭരണനിർവ്വഹണം, ദാരിദ്ര്യ നിർമാർജനം എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം നടത്തി, കുതിപ്പിന്റെ പാതയിലേക്ക് കേരളം എത്തിയിരിക്കുകയാണ്. വ്യവസായ സൗഹൃദ അന്തരീക്ഷം കെട്ടിപ്പടുക്കുന്നത് ഉൾപ്പെടെ കേരളം വലിയ നേട്ടങ്ങൾ നേടി. ഇടതുപക്ഷ സർക്കാരിനെപ്പറ്റി മുമ്പുയർന്നുവന്ന പ്രധാനപ്പെട്ട വിമർശനം ക്ഷേമ പദ്ധതികളിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ എന്നതായിരുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും മൂലധന നിക്ഷേപത്തിനും ഊന്നൽ നൽകുന്ന കാഴ്ച്ചപ്പാട് മുന്നോട്ടുവെക്കുന്നില്ല എന്ന വിമർശനവും ഉയർത്തിയിരുന്നു. കഴിഞ്ഞ കാലത്ത് നടന്ന എല്ലാ കേരള പഠന കോൺഗ്രസുകളും കേരളത്തിന്റെ സമ്പദ്ഘടനയിലെ സമീപനങ്ങളിലെ ദൗർബല്യങ്ങൾ തിരുത്തുവാൻ വലിയ സംഭാവനകൾ നൽകിയിരുന്നു.

കേരളത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ആദ്യമായാണ് ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഇപ്പോൾ തുടർ ഭരണം ലഭിച്ചത്. തുടർഭരണം ലഭ്യമായ ഇന്നത്തെ സാഹചര്യത്തിൽ ദീർഘകാല പദ്ധതികൾ മുന്നോട്ടു വെച്ച് വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുള്ള ഉത്തരവാദിത്വം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക്ർ മേൽ വർദ്ധിച്ചിരിക്കുകയാണ്. ഈ കാഴ്ച്ചപ്പാടോടെയാണ് 2022 മാർച്ച് 1 മുതൽ 4 വരെ തീയ്യതികളിൽ എറണാകുളത്ത് ചേർന്ന കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടിയുടെ കേരള സംസ്ഥാന സമ്മേളനം "നവകേരളത്തിനുള്ള പാർടി കാഴ്ച്ചപ്പാട്' എന്ന രേഖ അംഗീകരിച്ചത്. വ്യക്തമായ ലക്ഷ്യബോധത്തോടെ കേരളത്തെ അതിവേഗം മുന്നോട്ടുനയിക്കാനുള്ള കർമ്മ പദ്ധതികളാണ് ആ രേഖയിൽ വിഭാവനം ചെയ്തത്. രേഖ ഇപ്രകാരം വിവരിക്കുന്നു: "അടുത്ത ഇരുപത്തിയഞ്ചു വർഷം കൊണ്ട് കേരളത്തിലെ ജനജീവിതം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്നതാണ് നമ്മൾ ലക്ഷ്യം വെക്കുന്നത്. അടിസ്ഥാനജനവിഭാഗങ്ങളുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നതിനുള്ള സവിശേഷമായ ഇടപെടലും ഇതോടൊപ്പം നമുക്കുണ്ട്. മേൽ പ്പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ ശാസ്ത്ര സാങ്കേതിക വിദ്യയിലെ നേട്ടങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തിക്കൊണ്ട് കൃഷി, അനുബന്ധമേഖലകൾ, നൂതന വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യം, വരുമാനോൽപ്പാദന സേവനങ്ങൾ, ആരോഗ്യ രംഗം എന്നിവയെ മെച്ചപ്പെടുത്താതെ സാധ്യമല്ല. സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കുക എന്നത് പരമ പ്രധാനമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെയും സഹകരണ മേഖലയെയും ബന്ധപ്പിച്ചുകൊണ്ട് താഴെത്തട്ടിലുള്ള വികസന മുന്നേറ്റത്തിന് സജ്ജമാക്കുക എന്നത് പ്രധാനമാണ്." (നവകേരളത്തിനുള്ള പാർടി കാഴച്ചപ്പാട്, പേജ് 26, ഖണ്ഡിക 3.5)

വളരെ പ്രധാനപ്പെട്ട സാഹചര്യത്തിലാണ് അഞ്ചാം കേരള പഠന കോൺഗ്രസ് ഇപ്പോൾ ചേരുന്നത്. "നവകേരളത്തിനുള്ള പാർടികാഴ്ച്ചപ്പാട്' എന്ന കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി അംഗീകരിച്ച രേഖയും നമ്മുടെ മുന്നിലുണ്ട്. കേരളത്തിന്റെ ഭാവി വികസന

ത്തിന് ഉതകുന്ന കാഴ്ച്ചപ്പാട് ഉയർത്തികൊണ്ടുവരികയാണ് അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ലക്ഷ്യം.

വരും വർഷങ്ങളിൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം തുടർച്ചയായി വർദ്ധിപ്പിക്കാനും ഓരോ കുടുംബത്തിന്റെയും ജീവിതനിലവാരം വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കാനും കഴിയണം. നിർമ്മിതബുദ്ധി, ഡാറ്റാ സയൻസ് തുടങ്ങിയ നവീന സാങ്കേതികവിദ്യകളിൽ കേരളത്തിന് ആഗോള നിലവാരത്തിലേക്ക് എത്താൻ കഴിയണം. ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് അതിവേഗം ഉയർത്തണം. കാർഷിക-വ്യാവസായിക മേഖലകളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വളർച്ച അതിവേഗം നേടണം. കേരളത്തിലെ മറ്റൊരു പ്രത്യേകത അതിവേഗത്തിൽ വർദ്ധിച്ചു വരുന്ന ഇടത്തരക്കാരുടെ പ്രാധാന്യമാണ്. നാൽപ്പത് ശതമാനത്തോളമുള്ള ജനങ്ങളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും അവർ ഇടത്തരക്കാരുടെ സ്വഭാവം ആർജ്ജിക്കുകയും ചെയ്യുന്നു. മുപ്പത് ശതമാനം ജനങ്ങൾ പാവപ്പെട്ടവരായി തുടരുന്നു. ഇവർക്ക് ഇരുകൂട്ടർക്കുമിടയിൽ മുപ്പത് ശതമാനം പേർ ഇടത്തരക്കാരായി മാറുന്നതിന് പ്രതീക്ഷകൾ വെച്ചു പുലർത്തുന്നവരാണ്. പാവപ്പെട്ടവരുടെ എണ്ണം കുറയുകയും ഇടത്തരക്കാരുടെയും ഇടത്തരക്കാരായി മാറാൻ ആഗ്രഹിക്കുന്നവരുടെയും എണ്ണം കൂടിക്കൊണ്ടിരിക്കുന്നതുമായ സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തണം. അതോടൊപ്പം ഇടത്തരക്കാരുടെ പ്രതീക്ഷയനുസരിച്ച് കേരളത്തിൽ വികസനമാറ്റങ്ങൾ നേടാൻ കഴിയണം. ഈ സ്ഥിതിവിശേഷങ്ങളെയെല്ലാം എങ്ങനെ സമർത്ഥമായി നേരിടാൻ കഴിയണമെന്ന് നവകേരള വികസന കാഴ്ച്ചപ്പാടിൽ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ആ നിലയിൽ കേരളത്തിന്റെ വികസനത്തിനും സാമൂഹ്യ നേട്ടങ്ങൾക്കും ഉചിതമായ നൂതനാശയങ്ങൾ ഉയർത്തിക്കൊണ്ടു വരികയാണ് അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ കടമ.

5

# പുതിയ ചിന്തകളും വഴികളും രൂപപ്പെടുത്താനുള്ള പഠനകോൺഗ്രസ്സ്

എ. വിജയരാഘവൻ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഭരണഘടന അംഗീകരിച്ച് ഭാഷാ സംസ്ഥാന രൂപീകരണം നടത്തിയ ശേഷം നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ തന്നെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലുള്ള ഒരു സർക്കാർ അധികാരത്തിൽ വരികയുണ്ടായി. ഇ.എം.എസ് നേതൃത്വം നൽകിയ സർക്കാർ കേരളത്തിന്റെ ഭൂവുടമാവകാശ ബന്ധങ്ങൾ പാവപ്പെട്ട കർഷകർക്ക് അനുകൂലമാക്കി ഉടച്ചുവാർത്തു. ഒന്നും രണ്ടും ഇ.എം.എസ്സ് സർക്കാരുകൾ പാസ്സാക്കിയ ഭൂപരിഷ്കരണ നിയമങ്ങൾ നല്ല നിലയിൽ നടപ്പിലാക്കിയ പ്പോൾ നാല് ദശലക്ഷം കർഷകരും, കർഷകത്തൊഴിലാളികളും ഭൂവുടമകളായി മാറുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ അടിമത്തം നിരോധിച്ചുള്ള നിയമങ്ങൾ തിരുവിതാകൂറും, കൊച്ചിയും, ബ്രട്ടീഷ് മലബാറും അംഗീകരിക്കുകയും കഴിഞ്ഞ നൂറ്റാണ്ടിലെ മൂന്നും നാലും ദശകങ്ങളിൽ നടന്ന ക്ഷേത്രപ്രവേശന വിളംബരങ്ങൾ ആരാധനാലയങ്ങൾ ഹിന്ദുമതത്തിലെ താഴ്ന്ന ജാതിക്കാർക്ക് തുറന്ന് കൊടുക്കുകയും ചെയ്തിരുന്നെങ്കിലും സവർണ്ണ മേധാവിത്വവും ജാതി അടിമത്തവും സർവ്വ മേഖലകളിലും സംസ്ഥാനത്ത് അവശേഷിച്ചുരുന്നു. അവസാനിപ്പിക്കാനായത് കാർഷിക ബന്ധ നിയമങ്ങളും, ഭൂപരിഷ്കരണ നിയമങ്ങളും പ്രായോഗികമായി നടപ്പിലാക്കിയപ്പോഴാണ്. ഭരണ വർഗ്ഗത്തിന്റെ എതിർപ്പും വിമോചന സമരവും ഉണ്ടാക്കിയ പരിക്കിന്റെ കിതപ്പ് മുറിച്ച് കടന്ന് ആധുനിക കേരളത്തിന്റെ അടിത്തറ പാകാൻ ആദ്യത്തെ ഇടതുപക്ഷ സർക്കാരുകൾക്ക് സാധിച്ചു.

അരനൂറ്റാണ്ട് മുമ്പ് നടത്തിയ കാർഷിക നിയമ നിർമ്മാണങ്ങളുടെ അടിത്തറയിൽ നിന്ന് രൂപപ്പെടുത്തിയ കേരള മോഡലിന്റെ വളർച്ചക്ക് മുരടിപ്പ് വരുമല്ലോ എന്ന അശങ്കയും, പുതിയ കേരളത്തിനായി എല്ലാവരും ഒന്നിക്കണമെന്ന നവീന വീക്ഷണവും സമന്വയിപ്പിച്ചാണ് ഒന്നാം അന്താരാഷ്ട്ര പഠന കോൺഗ്രസ് നടത്തിയത്. കേരളത്തിന്റെ ശചരിത്ര ഗതിയെ മാറ്റിച്ച ജനപങ്കാളിത്തവും ധൈഷണിക പിൻബലവുമാണ് ഒന്നാം പഠന കോൺഗ്രസ്സിന് ലഭിച്ചതെങ്കിൽ, ഇടതുപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകൾ തയ്യാറാക്കിയ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോകൾക്ക് കാര്യമായ ദിശാബോധം നൽകാൻ തുടർന്ന് പഠന കോൺഗ്രസ്സുകൾക്ക് സാധിച്ചു. ഇത്ര സൗമതയോടെ ഇന്ത്യയിലൊരിടത്തും ബഹുജന പിന്തുണയോടെ നയരൂപീകരണം നടത്തിയ അനുഭവം നമുക്ക് എടുത്ത് കാണിക്കാനില്ല. 2026 ൽ വീണ്ടുമൊരിക്കൽ കൂടി തിരുവനന്തപുരത്ത് അഞ്ചാം പഠന കോൺഗ്രസ്സിന് ഒത്തു ചേരുമ്പോൾ പുതിയ ചിന്തകളും വഴികളും രൂപപ്പെടും എന്നത് ഉറപ്പാണ്.

ലോകക്രമത്തിന്റെ ശക്തിവ്യതിയാനങ്ങൾ നേരിട്ട് ബാധിക്കുന്ന തരത്തിൽ മലാളിയുടെ ജീവിതം വലിയ തോതിൽ വിപുലമായിട്ടുണ്ട്. ആഗോള വത്ക്കരണ കാലം ഒരു വ്യവസ്ഥ എന്ന നിലയിൽ മുതലാളിത്തത്തിന്റെ തകർച്ചയുടെ ആഴം വർദ്ധിച്ചിട്ടുണ്ട്. 20072008 ലെ ലോക മുതലാളിത്ത സാമ്പത്തിക കുഴപ്പം, കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ എന്നിവ ലോക സമ്പദ്ഘടനയെ ശിഥിലപ്പെടുത്തുകയും വികസിത മുതലാളിത്ത രാജ്യങ്ങളിലാകെ സാമ്പത്തിക വളർച്ചയെ ദുർബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രാഷ്ട്രീയത്തിൽ വലതുപക്ഷവത്ക്കരണം ഡൊണാൾഡ് ട്രംപിന്റെ തീരുവ യുദ്ധങ്ങൾ, പരിഹാരമില്ലാതെ നീണ്ടുപോകുന്ന ഉക്രൈൻ റഷ്യ യുദ്ധം, പശ്ചിമേഷ്യയിലെ സംഘർഷം, ഗാസക്ക് നേരെയുള്ള ഇസ്രയേൽ വംശഹത്യ ഇവയെല്ലാം ചെലുത്തുന്ന വിപരീത സ്വാധീനങ്ങൾ കേരളത്തെ ബാധിക്കുന്നുണ്ട്. വലിയൊരു വിഭാഗം പ്രവാസികളുടെ ജീവിതത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്ന തരത്തിൽ ഇന്നത്തെ മുതലാളിത്ത പ്രതിസന്ധി കൂടുതൽ രൂക്ഷമാവുകയാണ്.

സംഘപരിവാർ നേതൃത്വത്തിലുള്ള ഇന്ത്യൻ ഭരണകൂടം മോദിയുടെ നേതൃത്വത്തിൽ തീവ്ര വലതുപക്ഷ നയങ്ങളുമായി മുന്നോട്ടു പോകുന്നു. ലോകത്തെ നാലാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ വളരുന്നുവെന്ന് വീമ്പിളക്കുന്ന ഭരണാധികാരികൾ പെരുകുന്ന ദാരിദ്ര്യത്തെ മറച്ചുവെയ്ക്കുകയാണ്. മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ജപ്പാന്റെ പ്രതിശീർഷ വരുമാനത്തിന്റെ പതിനാറിലൊന്നാണ് നമ്മുടെ ആളോഹരി വരുമാനം. ജർമ്മനിയുമായി താരതമ്യം ചെയ്യുമ്പോൾ അവരുടെ ആളോഹരിവരുമാനം പന്ത്രണ്ട് മടങ്ങ് അധികമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ദാരിദ്ര്യമുള്ള രാജ്യമാണ് ഇന്ത്യ. 140 കോടി ജനങ്ങളുള്ള ഇന്ത്യയിൽ കേവലം 70 ലക്ഷം പേർക്കായി മെച്ചപ്പെട്ട ജീവിതത്തെ ചുരുക്കിവെച്ചിരിക്കുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകലം വൻതോതിൽ വർദ്ധിച്ചി

രിക്കുന്നു. ഫെഡറലിസത്തെ തകർത്തും ധനകേന്ദ്രീകരണം നടത്തിയും സംസ്ഥാനത്തിന്റെ ന്യായമായ വിഹിതം നിഷേധിക്കുന്ന കേന്ദ്ര നിലപാട് നമ്മുടെ സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തെ പ്രതികൂലമായി ബാധിക്കുകയാണ്.

പ്രയാസകരമായ ഈ കാര്യങ്ങളെ മുറിച്ച് കടക്കാനുള്ള തനത് വഴി കണ്ടെത്താൻ പരിശ്രമങ്ങൾ ഒരു ദശകം പിന്നിടുകയാണ്. തനത് വരുമാനം വർദ്ധിച്ചു, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് മികവ് കാണിച്ചും, സാമൂഹ്യ സുരക്ഷ ഉറപ്പാക്കിയും കേരളം രൂപപ്പെടുത്തിയ ബദൽ മാതൃകയുടെ വിപുലീകരണം എന്നത് തന്നെയാണ് ഇന്നത്തെ പ്രധാനപ്പെട്ട കാര്യം.

രാജ്യത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ദേശീയ ശരാശരിക്ക് മുകളിൽ വളർന്ന് കേരളത്തിന് ഒന്നാം സ്ഥാനത്ത് എത്താനായി. പൊതു വിദ്യാഭ്യാസ നിലവാരത്തിലും സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. താങ്ങാവുന്ന വിലക്ക് ഇടതടവില്ലാതെ വൈദ്യുതി നൽകുന്നതിലും കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. കേരളത്തിന്റെ ആരോഗ്യ മേഖല ലോകശ്രദ്ധ നേടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും ഈ അടുത്ത കാലത്ത് ശ്രദ്ധേയമായ അംഗീകാരങ്ങൾ നേടി. യഥാസമയം പരീക്ഷകൾ നടത്തി ഫലം പ്രഖ്യാപിക്കാനായത് വിദേശ പഠനത്തിൽ ഏറെ സഹായകരമായിരിക്കുന്നു. ലോക നിലവാരമുള്ള ഒരു ദേശീയപാത ഏതാണ്ട് പൂർത്തീകരിച്ചിരിക്കുന്നു. വ്യവസായ രംഗത്ത് ലോകനിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന സുസ്ഥിര മുന്നേറ്റമുണ്ടാക്കാനും, കാർഷിക ഉത്പാദക്ഷമതയിൽ വളർച്ചയുണ്ടാക്കാനും കഴിഞ്ഞു. നെല്ലിന് ഏറ്റവും കൂടുതൽ താങ്ങുവില നൽകുന്ന സംസ്ഥാനം കേരളമാണ്. ന്യൂയോർക്കിലെ മേയർ തെരഞ്ഞെടുപ്പിൽ ചിലവ് കുറഞ്ഞ പാർപ്പിടം, ആരോഗ്യ സൗകര്യം, പൊതു വിദ്യാഭ്യാസം സാമൂഹ്യ സുരക്ഷ എന്നീ വിഷയങ്ങളിൽ അമേരിക്കൻ സമൂഹത്തിനുൺായ പിന്നോക്കാവസ്ഥ വലിയ ചർച്ചയാക്കി മംദാനി മേയർ സ്ഥാനത്തേക്ക് വിജയിച്ചപ്പോൾ, കൊച്ചുകേരളം ഈ മേഖലയിൽ എല്ലാം കൈവരിച്ചപ്പോൾ ലോകത്ത്തന്നെ അപൂർവ്വമാണ്.

മംദാനി വിജയിച്ചതെങ്കിൽ കൊച്ചു കേരളം ഈ മേഖലയിലെല്ലാം കൈവരിച്ച നേട്ടങ്ങൾ ലോകശ്രദ്ധ ആകർഷിച്ചു. കേരളത്തിലെ വർഗ്ഗീയ വാദികളും, യു.ഡി.എഫ്, ബി.ജെ.പി പ്രതിപക്ഷങ്ങളും സംസ്ഥാനത്തിന്റെ മുന്നേറ്റങ്ങളും വളർച്ചയും സമൂഹമധ്യത്തിൽ ഇകഴ്ത്തി കാണിക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ ആദ്യമായി ഒരു വയോജന നയം രൂപീകരിക്കാനും അതിന് അനുസരിച്ച് ഒരു നിയമ നിർമ്മാണം നടത്താനും കേരളത്തിന് സാധിച്ചു. സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ നിലവിൽ വന്ന് കഴിഞ്ഞിരിക്കുന്നു. ലിംഗ തുല്യത ഉറപ്പ് വരുത്തുന്നതിലെ മുൻകൈ ഏറ്റവും മാതൃകാപരമായി നടപ്പിലാക്കാൻ കേരളത്തിനായി. ബജറ്റിന്റെ 10 ശതമാനം സ്ത്രീകൾക്കായി നീക്കിവെച്ചിരിക്കുന്നു.

പുതിയ കാലത്തിന് അനുയോജ്യമായ തരത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ ആവിശ്യമാണ്. ഐ.ടി മേഖലയിലെ മുന്നേറ്റത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് നമ്മുടെ ഏറ്റവും വലിയ കരുത്തായ മികച്ച മനുഷ്യ വിഭവ ശേഷിയെ ഫലപ്രദമായി ഉപയോഗിക്കാനുള്ള മികവേറിയ കാഴ്ച്ചപ്പാട് കേരളം രൂപപ്പെടുത്തണം. അതുവഴി മികച്ച ആഗോള നിക്ഷേപം കേരളത്തിന് ആകർഷിക്കാനാവുകയും വേണം. എന്നാൽ നമ്മുടെ മുന്നേറ്റത്തിനിടയിൽ ദോഷമായി ബാധിക്കാവുന്ന പുതിയകാല പ്രശ്നങ്ങളോട് സമഗ്രമായ സമീപനം അനിവാര്യമാണ്. കേരളത്തിന് പ്രായമേറുന്നു എന്ന പ്രശ്നമുണ്ട്. 25 ശതമാനം ജനങ്ങൾ 60 പിന്നിടുകയാണ്. ഇവരുടെ ജീവിത വിഷയങ്ങളും സുരക്ഷയും ഭാവിയിൽ വലിയ ആസൂത്രണം അനിവാര്യമാകുന്ന മേഖലയാണ്. എ.ഐ സാങ്കേതിക മേഖലയുടെ ശരിയായ ഉപയോഗം, സെമി കണക്ടർ മേഖലയിലെ നിക്ഷേപങ്ങൾ, വളരുന്ന യുവതലമുറക്ക് ഏറ്റവും മികച്ച ശാസ്ത്ര സാങ്കേതിക പരിജ്ഞാനം നൽകാൻ, ഇതിന് ഉതകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നവീകരണം, ഭക്ഷ്യസ്വയം പര്യാപ്തത നേടാനായുള്ള കൃഷിയുടെ നവീകരണം എന്ന് തുടങ്ങി പുതിയ വിഷയങ്ങൾക്കുകൂടി പരിഹാരം കാണേണ്ടതായിട്ടുണ്ട്. മികച്ച പരിശീലനം നേടിയ യുവതലമുറയ്ക്ക് ഇവിടെ ജോലി ചെയ്തുകൊണ്ട് ലോകത്തിനായി ഉത്പാദന രംഗത്ത് ഇടപെടാൻ കഴിയുന്ന തരത്തിൽ യുവജന വിഭവശേഷിയുടെ നവീകരണം നാം ലക്ഷ്യമിടേണ്ടതുണ്ട്.

ആഗോളവൽക്കരണത്തിന്റെ ശാസനകൾക്ക് പുറത്ത് ബദൽ നയം ഉയർത്തി മതേതരത്വം സംരക്ഷിച്ച് ഒരു ദശാബ്ദം ഇടതുഭരണത്തിൽ കേരളം നേടിയ സമഗ്ര മുന്നേറ്റം വിപുലീകരിക്കാനുള്ള പരിശ്രമമാണ് വരും ദിവസങ്ങളിൽ നടത്തേണ്ടത്. സമൂഹത്തെ പൂർണ്ണമായി വർഗ്ഗീയവത്ക്കരിച്ച് സാമൂഹ്യ മുന്നേറ്റത്തിന്റെ മുനൊയൊടിക്കാനാണ് യു.ഡി.എഫും വലതുപക്ഷ രാഷ്ട്രീയക്കാരും ശ്രമിക്കുന്നത്. വിമോചന സമര സഖ്യം വലിയ ധനശേഷിയോടെ പുതുരൂപത്തിൽ ഇടതുപക്ഷത്തിനെതിരെ വരികയാണ്. എല്ലാ കേന്ദ്രാധികാരം ഉപയോഗിച്ച് മോദിക്ക് അധികാരവും, കോർപ്പറേറ്റ് ശക്തികളും, യു.ഡി.എഫും ചേർന്ന രാഷ്ട്രീയ സഖ്യം കേരളം കണ്ട ഏറ്റവും പ്രതിലോമമായ കൂട്ടുകെട്ടാണ്. കേരളത്തിന്റെ പുരോഗമന മൂല്യങ്ങളെ തകർക്കാനും സാധാരണക്കാരന്റെ ഉന്നമനത്തെ നിഷേധിക്കാനുമാണ് ഇവർ ലക്ഷ്യമിടുന്നത്. സമഗ്രമായ കേരള വികസന പരിപ്രേക്ഷ്യവും അതിന്റെ ജനകീയമായ പ്രയോഗവും കേരളത്തിൽ വീണ്ടും അധികാരത്തിലെത്തിയാൽ ഇടതുപക്ഷത്ത് നടത്താനാവും. അതിന് സഹായകരമായ സമഗ്ര നിർദ്ദേശങ്ങൾ ഈ പഠന കോൺഗ്രസ്സിൽ രൂപകൽപ്പന ചെയ്യപ്പെടുകയാണ്. അത് വഴി കേരളം, ലോകം പഠിക്കുന്ന മാതൃകയാവുകയും, സാമൂഹ്യ നീതിയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കുകയും ചെയ്യുമെന്ന ആത്മവിശ്വാസമാണ് ഇവിടെ രൂപപ്പെടാൻ പോകുന്നത്.

# 6

# 2016-2026: കേരളത്തിന്റെ വികസനനേട്ടങ്ങളെക്കുറിച്ചൊരു കുറിപ്പ്

വി.കെ. രാമചന്ദ്രൻ

അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സ് കേരളത്തിന്റെ പശ്ചാത്തലത്തിൽ മാത്രമല്ല, ലോകത്തിലെ ഏതൊരു പ്രദേശത്തെയും സംബന്ധിച്ചും അപൂർവമായ ഒരു സ്ഥാപനമാണ്. കഴിഞ്ഞ 32 വർഷങ്ങളായി, ഓരോ കോൺഗ്രസിലും ആയിരക്കണക്കിന് തൊഴിലാളികളും ഗവേഷകരും പ്രവർത്തകരും വിദ്യാർത്ഥികളും പൊതുപ്രവർത്തകരും ഭരണാധികാരികളും മറ്റ് പലരും സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങളെ വിശകലനം ചെയ്യുന്നതിനായി ഒന്നിച്ചുകൂടിയിട്ടുണ്ട് — അവർ ആഴത്തിൽ പ്രതിബദ്ധരായിരിക്കുന്ന സംസ്ഥാനത്തിന്റെ പുരോഗതിക്കായുള്ള ഒരു സംയുക്ത ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്. ഓരോ കോൺഗ്രസിലും ചർച്ച ചെയ്ത ആശയങ്ങളും വിഷയങ്ങളും നയരൂപീകരണത്തിലേക്കും തുടർച്ചയായ പൊതുചർച്ചകളിലേക്കും സ്വാഭാവികമായി കടന്നുകയറിയിട്ടുണ്ട്. നയരൂപീകരണത്തിൽ പൊതുചർച്ചയ്ക്കായി ഇടം നൽകുക എന്ന നിലപാടാണ് കേരളത്തിലെ ഇടതുപക്ഷം എപ്പോഴും സ്വീകരിച്ചിട്ടുള്ളത്; അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സ് ആ പാരമ്പര്യത്തിന്റെ പ്രത്യേകിച്ച് ശ്രദ്ധേയവും ആദരണീയവുമായ ഭാഗമാണ്.

2016 മുതൽ 2026 വരെയുള്ള ദശാബ്ദം കേരള സംസ്ഥാനത്തിന് അതിവേഗവും മുൻകാലങ്ങളിൽ കാണാത്തതുമായ സാമ്പത്തിക വികസനത്തിന്റെ കാലഘട്ടമായിരുന്നു — വാസ്തവത്തിൽ, 21-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ മറ്റേതൊരു പ്രദേശവും ഇത്രയും പുരോഗമനപരമായ മുന്നേറ്റം കണ്ടിട്ടില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് സംസ്ഥാനത്തിന് മേൽ ഏർപ്പെടുത്തിയ സാമ്പത്തിക ബുദ്ധിമുട്ടുകളും നിയന്ത്രണങ്ങളും നിലനിൽക്കുമ്പോഴും ഈ മാറ്റങ്ങൾ കൈവരിക്കപ്പെട്ടു.

കേരളത്തിന്റെ വളർച്ചാനിരക്കുകൾ ദേശീയ ശരാശരിയോട് സമാനമായതോ ചില വർഷങ്ങളിൽ അതിനെക്കാൾ ഉയർന്നതോ ആയിരുന്നു. സമ്പദ്‌വ്യവസ്ഥയിലെ ഓരോ മേഖലയെയും വികസനത്തിന്റെയും വളർച്ചയുടെയും ഒരു പുതിയ പാതയിലേക്ക് നയിച്ചു. വിദ്യാഭ്യാസം — സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും, നൈപുണ്യവും പ്രൊഫഷണൽ വിദ്യാഭ്യാസവും ഉൾപ്പെടെ — ആരോഗ്യരംഗം — പ്രാഥമികാരോഗ്യ സൗകര്യങ്ങളും പൊതുജനാരോഗ്യത്തിന്റെ വികസനവും പൊതുആശുപത്രികളുടെയും വികസനവും — ഉൾപ്പെടെയുള്ള മാനവവികസന മേഖലകൾ അടിസ്ഥാനപരമായി മാറ്റം കൈവരിച്ചു. പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും ഉൾപ്പെടുന്ന ജനവിഭാഗങ്ങൾക്കായി മാത്രം മാറ്റിവെക്കുന്ന ബജറ്റ് ഫണ്ടുകളുടെ വിഹിതം, സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗ ജനസംഖ്യയുടെ വിഹിതത്തെ സ്ഥിരമായി അതിക്രമിച്ചു.

സ്കൂൾ അടിസ്ഥാനസൗകര്യങ്ങളിൽ വൻതോതിലുള്ള നിക്ഷേപങ്ങൾ, അധ്യാപകരുടെ പ്രൊഫഷണൽ വികസനം, പാഠ്യപദ്ധതി പുതുക്കൽ, ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ഉൾക്കൊള്ളൽ ലക്ഷ്യമാക്കിയ ഇടപെടലുകൾ — ഇവയൊക്കെയായി പഠനപരിസരങ്ങളും പഠനഫലങ്ങളും ഗണ്യമായി മെച്ചപ്പെട്ടു. സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസം സർവസൗജന്യവും സൗജന്യവുമാക്കി കൈവരിച്ചു; പ്രിപരേറ്ററി, മിഡിൽ സ്കൂൾ തലങ്ങളിൽ ഡ്രോപ്പൗട്ട് നിരക്ക് ശൂന്യമായി. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഡ്രോപ്പൗട്ട് നിരക്ക് ഇന്ത്യയിലെ ഏറ്റവും കുറഞ്ഞതിൽ പെടുന്നു. ക്ലാസ് 8 മുതൽ 12 വരെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും സാങ്കേതികവിദ്യയോടെ സജ്ജമായ ക്ലാസ്റൂമുകളും പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഡിജിറ്റൽ ലാബുകളും ഒരുക്കിയതോടെ, സ്കൂൾ വിദ്യാഭ്യാസത്തിൽ പൂർണ്ണമായും ഡിജിറ്റൽ ആയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു.

ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസരംഗത്ത്, പാഠ്യപദ്ധതി രൂപകല്പന, ഭരണനിർവ്വഹണം, സ്ഥാപന ഘടനകൾ എന്നിവയിൽ സർക്കാർ വ്യാപകമായ പരിഷ്കാരങ്ങൾ ആരംഭിച്ചു; ഇതിന് ദീർഘകാലവും സ്ഥിരവുമായ പൊതു നിക്ഷേപത്തിന്റെ പിന്തുണ ലഭിച്ചു. ക്യാമ്പസുകളുടെ ആധുനികവത്കരണം, അധ്യാപകവികസനം ശക്തിപ്പെടുത്തൽ, ഗവേഷണവും നവീകരണ ശേഷിയും വിപുലീകരിക്കൽ എന്നിവയ്ക്കായി പ്രധാനപ്പെട്ട വിഭവങ്ങൾ മാറ്റിവെച്ചു. യുവജനങ്ങൾക്കായുള്ള ഉന്നതവിദ്യാഭ്യാസ ചെലവിൽ

രാജ്യത്തെ ഏറ്റവും ഉയർന്ന ചെലവഴിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം തുടരുകയും ചെയ്തു. ദീർഘകാല പരിഷ്കാരങ്ങൾക്ക് ദിശനൽകുന്നതിനായി, ഉന്നതവിദ്യാഭ്യാസ മികവിലേക്കുള്ള തന്ത്രപരമായ റോഡ്മാപ്പ് തയ്യാറാക്കാൻ വിദഗ്ധ കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടു. ഈ ശ്രമങ്ങൾ ദേശീയ റാങ്കിംഗുകളിൽ പ്രതിഫലിച്ചു; കേരളത്തിലെ പൊതുസ്കൂളുകളും സർവകലാശാലകളും കോളേജുകളും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ രേഖപ്പെടുത്തി.

പൊതുജനാരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾക്ക് കേരളം ദേശീയത്തലത്തിലും അന്താരാഷ്ട്രതലത്തിലും തുടർച്ചയായ അംഗീകാരം നേടിക്കൊണ്ടിരിക്കുന്നു. ജനനസമയത്തെ ആയുസ് പ്രതീക്ഷ (75.1 വർഷം), ശിശുമരണനിരക്ക് (ഒരു വർഷത്തിൽ 1,000 ജീവനുള്ള ജനനങ്ങളിൽ 5), മാതൃത്വ മരണനിരക്ക് (ഒരു വർഷത്തിൽ 1,00,000 ജീവനുള്ള ജനനങ്ങളിൽ 30), ലിംഗാനുപാതം (1,000 പുരുഷന്മാർക്ക് 1,084 സ്ത്രീകൾ) തുടങ്ങിയ പ്രധാന ആരോഗ്യ സൂചികകളിൽ സംസ്ഥാനം സ്ഥിരമായി മികച്ച പ്രകടനം കാഴ്ച വെക്കുന്നു. ആർദ്രം മിഷൻ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ മെച്ചപ്പെടുത്തലുകൾക്ക് നേതൃത്വം നൽകി; എല്ലാ ഭരണനിലകളിലും അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുന്നതായിരുന്നു ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. കരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഉറപ്പുനൽകുന്ന (assurance mode) രീതിയിൽ, സംസ്ഥാനത്തെ 42.1 ലക്ഷം കുടുംബങ്ങൾക്ക് വർഷം 5 ലക്ഷം രൂപവരെ കാഷ്‌ലെസ് ആരോഗ്യ പരിരക്ഷ നൽകുന്നു. മാനസികാരോഗ്യം, അസംക്രമണ രോഗങ്ങൾ, ഇ-ഹെൽത്ത് എന്നിവ ഉൾപ്പെടെ പുതിയ ദിശകളിലേക്ക് ആരോഗ്യ സേവനങ്ങൾ വ്യാപിച്ചു. നിപാ, കോവിഡ്-19 എന്നിവയുടെ പശ്ചാത്തലത്തിൽ കണ്ടതുപോലെ, സാംക്രമിക രോഗങ്ങളെ കൈകാര്യം ചെയ്ത കേരളത്തിന്റെ സമീപനം സംസ്ഥാനത്തെ ആരോഗ്യസംവിധാനത്തിന്റെ കരുത്ത് വ്യക്തമായി തെളിയിച്ചു.

2025 നവംബറിൽ, കേരള സർക്കാർ ജനങ്ങളോട് നൽകിയ ഒരു ചരിത്രപരമായ വാഗ്ദാനം നിറവേറ്റി — സംസ്ഥാനത്ത് പൂർണ്ണദാരിദ്ര്യം അവസാനിപ്പിച്ചു. ദരിദ്രർക്കായുള്ള വാസനയത്തെക്കുറിച്ചുള്ള നയവും — അതിന്റെ ഭാഗമായി ദരിദ്രർക്കായി നിർമ്മിക്കപ്പെട്ട ആധുനികവും സുരക്ഷിതവും സുഖപ്രദവുമായ വീടുകളും — മറ്റ് മേഖലകളിലെന്ന പോലെ തന്നെ, ദേശീയതലത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചു. ലൈഫ് മിഷൻ വിജയകരമായി 4,71,442 വീടുകളുടെ നിർമ്മാണം സാധ്യമാക്കി. പൂർത്തീകരിച്ച വീടുകളിൽ 1,25,360 എണ്ണം പട്ടികജാതി ഗുണഭോക്താക്കൾക്കായും 45,976 എണ്ണം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായുമാണ്.

കേരളത്തിലെ സ്ത്രീകൾക്ക് സമീപ സർവസാക്ഷരത, ഉയർന്ന വിദ്യാഭ്യാസനിലവാരം, രാജ്യത്തെ ഏറ്റവും ഉയർന്ന ആയുസ് പ്രതീക്ഷ എന്നിവയോടൊപ്പം ദേശീയതലത്തിൽ തന്നെ മുൻനിരയിലുള്ള ആരോഗ്യഫലങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, പോഷണം, സാമൂഹിക സുരക്ഷ എന്നിവയിൽ ദീർഘകാലമായി നടന്ന നിക്ഷേപങ്ങളുടെയും, കുടുംബശ്രീ പോലുള്ള മുൻഗാമിയായ സ്ഥാപന നവീകരണങ്ങളുടെയും പ്രതിഫലനമാണ് ഈ നേട്ടങ്ങൾ. സ്ത്രീകളുടെ കൂട്ടായ ശാക്തീകരണം, ഉപജീവന മാർഗങ്ങൾ, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ ആഗോള തലത്തിൽ അംഗീകാരം നേടിയ മാതൃകയായി കുടുംബശ്രീ ഉയർന്നു. കുട്ടികളുടെ നിലയിലും കേരളം ഇന്ത്യയിലെ മികച്ച പ്രകടനം തുടരുന്നു — ഉയർന്ന പ്രതിരോധകുത്തിവയ്പ്പ് വ്യാപ്തി, ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായി കുറഞ്ഞ സ്റ്റണ്ടിംഗ്, വെയ്സ്റ്റിംഗ്, അണ്ടർവെയ്റ്റ് നിലകൾ, കൂടാതെ ബാല്യകാല അനീമിയയുടെ കുറവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സംസ്ഥാന പിന്തുണ നൽകുന്നത് ആസൂത്രണ പ്രക്രിയയിലെ ഒരു പ്രധാന മുൻഗണനാ മേഖലയായി തുടർന്നു (വാസ്തവത്തിൽ, ജെൻഡർ ബജറ്റും ഇപ്പോൾ വയോജന ബജറ്റും വാർഷിക ബജറ്റുകളുടെ നിർണായക ഘടകങ്ങളാണ്). 2025–26ൽ 36,812.1 കോടി രൂപയുടെ വയോജന ബജറ്റ് — ആകെ സംസ്ഥാന ബജറ്റിന്റെ 18.74 ശതമാനം — ആസൂത്രണം, പെൻഷൻ, ആരോഗ്യസംരക്ഷണം, പ്രാദേശിക ഭരണസംവിധാനം എന്നിവയിലുടനീളം മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾ മുഖ്യധാരയിലാക്കുന്നു. കേരളത്തിലെ വയോജനങ്ങളിൽ 75 ശതമാനത്തിലധികം പേർ പെൻഷൻ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നു. ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികളിലേക്കുള്ള പ്ലാൻ വിഹിതം 2016 മുതൽ 2026 വരെ കാലയളവിൽ ഇരട്ടിയിലധികമായി വർധിച്ചു.

പൊതു വിതരണ സംവിധാനം (PDS) ഏകദേശം സർവസാധാരണ സുരക്ഷാ വലയമായി പ്രവർത്തിക്കുന്നു; ഏകദേശം 95 ലക്ഷം റേഷൻ കാർഡ് കൈവശമുള്ള കുടുംബങ്ങളെ ഇത് ഉൾക്കൊള്ളുന്നു. സബ്സിഡി ലഭിക്കുന്ന ധാന്യങ്ങൾക്ക് പുറമെ, അവശ്യ വസ്തുക്കളുടെ വിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് നെറ്റ്‌വർക്കിലൂടെ സംസ്ഥാനം സജീവമായി ഇടപെടുന്നു. ഈ നടപടികൾ ഭക്ഷ്യവിലക്കയറ്റം ദേശീയ പ്രവണതകളെക്കാൾ വളരെ താഴ്ന്ന നിലയിൽ നിലനിർത്താൻ കേരളത്തെ സഹായിച്ചു.

മാനവവികസനത്തിലുണ്ടായ നേട്ടങ്ങളെ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു ചാടുപടിയായി ഉപയോഗിക്കുകയുണ്ടായി; ഇതിന്റെ ഭാഗമായി പ്രാഥമിക മേഖലകളിലും, വ്യവസായത്തിലും, അടിസ്ഥാനസൗകര്യങ്ങളിലും, ആധുനിക സേവനമേഖലകളിലും (വിവരസാങ്കേതികവിദ്യയും ടൂറിസവും ഉൾപ്പെടെ) മുൻകാലങ്ങളിൽ കാണാത്ത തരത്തിലുള്ള മാറ്റങ്ങൾ സംഭവിച്ചു.

കേരളത്തിലെ വ്യവസായം ഒരു പുതിയ ഗതിപഥത്തിലേക്ക് സ്ഥാപിക്കപ്പെട്ടു; സമ്പദ്‌വ്യവസ്ഥയുടെ മൊത്ത

ത്തിലുള്ള ഘടനാപരമായ മാറ്റം ഇപ്പോൾ പുരോഗമിക്കുകയാണ്. എം.എസ്.എം.ഇകളുടെയും ആധുനിക വ്യവസായങ്ങളുടെയും വളർച്ച, വ്യവസായ അടിസ്ഥാനസൗകര്യങ്ങളുടെ വിപുലീകരണം, മൂല്യവർധനയുടെ ഉയർന്ന നിലകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ (PSU) പ്രവർത്തനഫലത്തിൽ ഉണ്ടായ തിരിച്ചുവരവ്, വൻ നിക്ഷേപങ്ങളിലെ വർധന, പരമ്പരാഗത മേഖലകളുടെ ആധുനികവത്കരണം — ഇവയൊക്കെയാണ് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലെ ഈ മാറ്റങ്ങൾക്ക് ഊർജ്ജം നൽകിയത്. വ്യവസായ നിക്ഷേപങ്ങൾക്ക് കേരളം അനുകൂലമല്ല എന്ന ദീർഘകാല ധാരണ ഇപ്പോൾ ഉറച്ചതായും അന്തിമമായും തകർത്തുകളയപ്പെട്ടിരിക്കുകയാണ്. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രീകരിക്കുകയും, കേരളത്തിന്റെ ശക്തികൾക്കനുസരിച്ചുള്ള തന്ത്രങ്ങൾ സ്വീകരിക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തിന്റെ അപാരമായ സാധ്യതകൾ തുറന്നുവിടാൻ സാധിച്ചു.

2025ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട്, കേരളത്തിൽ 2025-ൽ ഇക്കോസിസ്റ്റം മൂല്യത്തിൽ 147 ശതമാനം വർധന ഉണ്ടായതായി രേഖപ്പെടുത്തി; ഇത് സ്റ്റാർട്ടപ്പ് രൂപീകരണത്തിലെ വർധനയെ സൂചിപ്പിക്കുന്നു. വിലകുറഞ്ഞ പ്രതിഭയുടെ ലഭ്യതയിൽ ലോകത്തെ മുൻനിര 10 ഇക്കോസിസ്റ്റങ്ങളിലൊന്നായി കേരളത്തിന്റെ സാന്നിധ്യം റിപ്പോർട്ട് എടുത്തുകാട്ടി. നിക്ഷേപ മൂല്യത്തിന്റെ കാര്യത്തിൽ ഏഷ്യയിലെ മുൻനിര 15 ഇക്കോസിസ്റ്റങ്ങളിലും, പ്രകടനത്തിന്റെ കാര്യത്തിൽ ഏഷ്യയിലെ മുൻനിര 35 ഇക്കോസിസ്റ്റങ്ങളിലും കേരളത്തെ ഉൾപ്പെടുത്തി. അതോടൊപ്പം, ആധുനിക നിർമ്മാണം, റോബോട്ടിക്സ്, കൃത്രിമ ബുദ്ധി, ബിഗ് ഡാറ്റയും അനലിറ്റിക്സും, ലൈഫ് സയൻസസ് തുടങ്ങിയ മേഖലകളിൽ കേരളത്തിന്റെ ശക്തികളും റിപ്പോർട്ട് തിരിച്ചറിഞ്ഞു. ഇന്റർനെറ്റ് പ്രവേശനം ഒരു അടിസ്ഥാന അവകാശമായി അംഗീകരിച്ചതും സംസ്ഥാന ഉടമസ്ഥതയിലുള്ള ഫൈബർ നെറ്റ്‌വർക്ക് സ്ഥാപിച്ചതും പോലുള്ള മുൻഗാമിയായ ഇടപെടലുകൾ ഈ മുന്നേറ്റത്തിൽ നിർണായക പങ്ക് വഹിച്ചു.

2021 മുതൽ കേരള ടൂറിസത്തിന്റെ മുഖ്യ സവിശേഷത, കോവിഡ്-19 മഹാമാരിയുടെ ആഘാതത്തിൽ നിന്ന് അതിവേഗവും സർവവ്യാപകവുമായ ശ്രദ്ധേയമായ പുനരുജ്ജീവനമായിരുന്നു. ആഭ്യന്തര ടൂറിസം കോവിഡ് മുൻകാല നിലകളെക്കാൾ ഉയർന്നതായിട്ടുണ്ട്; അന്താരാഷ്ട്ര ടൂറിസം വീണ്ടെടുപ്പിന്റെ പാതയിലാണ്.

തൊഴിലാളികളുടെ അവകാശങ്ങൾ അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും ദുർബലമാക്കപ്പെടുകയോ പൂർണ്ണമായും നശിപ്പിക്കപ്പെടുകയോ ചെയ്യുന്ന പൊതുപശ്ചാത്തലത്തിൽ, കുടിയേറ്റ തൊഴിലാളികളെ ഉൾപ്പെടെ തൊഴിലാളികൾക്ക് അനുകൂലമായി തൊഴിൽനിയമങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളാണ് കേരളത്തിൽ നടക്കുന്നത്. നിയന്ത്രണശൂന്യതയിലേക്കും അവകാശനിഷേധത്തിലേക്കും നീങ്ങുന്ന വ്യാപക പ്രവണതയ്ക്കെതിരായ ഒരു നിർണായക പ്രതിനാരായണമാണ് (counter-narrative) കേരളത്തിന്റെ നയങ്ങൾ.

ഗതാഗതത്തിൽ റോഡുകൾ തുടർന്നും ചലനക്ഷമതയുടെ നട്ടെല്ലായി നിലകൊള്ളുന്നു; ഇന്ന് കേരളത്തിന് രാജ്യത്തിലെ തന്നെ ഏറ്റവും ഉയർന്ന റോഡ് സാന്ദ്രതകളിലൊന്ന് ലഭ്യമാണ് — 1,000 ജനസംഖ്യയ്ക്ക് ഏകദേശം 5.3 കിലോമീറ്റർ റോഡും, 1,000 ചതുരശ്ര കിലോമീറ്ററിന് ഏകദേശം 4,992 കിലോമീറ്റർ റോഡും — ഇത് ദേശീയ ശരാശരിയെ വളരെ ദൂരെ മറികടക്കുന്നതാണ്. ഹിൽ ഹൈവേ, കോസ്റ്റൽ ഹൈവേ പോലുള്ള പ്രധാന ഇടനാഴി പദ്ധതികൾ, കൂടാതെ ദേശീയപാതകളുടെ അതിവേഗ നാലുവരിയാക്കൽ (four-laning), യാത്രാസമയം ഗണ്യമായി കുറയ്ക്കുകയും കിഴക്ക്–പടിഞ്ഞാറ് ബന്ധവും അവസാന-മൈൽ (last-mile) ബന്ധവും ശക്തിപ്പെടുത്തുകയും ചെയ്തു.

ഇപ്പോൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്ന കൊച്ചി മെട്രോ 2024-ൽ 350 ലക്ഷം യാത്രക്കാരെന്ന സംഖ്യ കടന്നു; കൂടാതെ പ്രവർത്തന ലാഭത്തിലേക്കും കടക്കുകയുണ്ടായി. ഇന്ത്യയിലെ ആദ്യത്തെ ഈ തരത്തിലുള്ള സംരംഭമായ കൊച്ചി വാട്ടർ മെട്രോ അതിവേഗം തന്റെ നെറ്റ്‌വർക്കും യാത്രക്കാരുടെ എണ്ണവും വികസിപ്പിക്കുകയും, ശുദ്ധമായ ആഭ്യന്തര ജലഗതാഗതത്തിന്റെ സാധുത തെളിയിക്കുകയും ചെയ്തു. 2024-ൽ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖത്തിന്റെ കമ്മീഷനിംഗ് ഒരു ചരിത്രപരമായ മൈൽസ്റ്റോണായി മാറി.

കോവിഡ് കാലഘട്ടത്തിലെ ഗുരുതരമായ തടസ്സങ്ങൾക്ക് ശേഷം, കെ.എസ്.ആർ.ടി.സി. ഫ്ലീറ്റ് വർധിപ്പിക്കൽ, ഐ.ടി. അധിഷ്ഠിത റൂട്ടുകളുടെ ഒപ്റ്റിമൈസേഷൻ, ഡിപ്പോകളുടെ ആധുനികവത്കരണം എന്നിവയിലൂടെ പ്രവർത്തനം സ്ഥിരതയിലാക്കുകയും പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്തു.

2017-ൽ സംസ്ഥാനം പൂർണ്ണ വൈദ്യുതീകരണം കൈവരിച്ചു; അതിനുശേഷം ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ തടസ്സമില്ലാത്ത വൈദ്യുതി വിതരണം നിലനിർത്താൻ കേരളത്തിന് സാധിച്ചു. അതോടൊപ്പം, അഗ്രിഗേറ്റ് ടെക്നിക്കൽ ആൻഡ് കൊമേഴ്സ്യൽ (AT&C) നഷ്ടങ്ങൾ 2024–25-ൽ 6.61 ശതമാനമായി കുത്തനെ കുറച്ചുകൊണ്ട്, വൈദ്യുതി വിതരണ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറി. മൊത്തം ഇൻസ്റ്റാൾ ചെയ്ത വൈദ്യുതി ശേഷി 2016–17-ൽ 2,967 മെഗാവാട്ടിൽ നിന്നു 2024–25-ൽ 4,412 മെഗാവാട്ടായി വർധിച്ചു; ഇതിൽ ഏറ്റവും സജീവമായ ഘടകമായി സൗരോർജം ഉയർന്നു.

സംസ്കാര മേഖലയിലേക്കുള്ള പൊതു നിക്ഷേപം ഗണ്യമായി ഉയർന്നു; സംസ്കാരം, മ്യൂസിയങ്ങൾ, പുരാവസ്തു ശാസ്ത്രം, പൈതൃക രേഖപ്പെടുത്തൽ എന്നിവയ്ക്കുള്ള വകയിരുത്തലുകൾ 2026–27 വാർഷിക പദ്ധതിയിൽ വർഷംതോറുമുള്ള അടിസ്ഥാനത്തിൽ 30 ശതമാനം വർധന രേഖപ്പെടുത്തി. കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം, കൊച്ചി–മുസിരിസ് ബിയന്നാലെ, കേരള അന്താരാഷ്ട്ര നാടകമേള, IDSFFK

എന്നിവ പോലുള്ള അന്താരാഷ്ട്ര അംഗീകാരം നേടിയ വേദികൾ വ്യാപ്തിയിലും ആഗോള പ്രാപ്തിയിലും വിപുലീകരിക്കപ്പെട്ടു. അതോടൊപ്പം, സ്ഥാപനാത്മകമായ പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ സംസ്ഥാനമൊട്ടാകെ അടിസ്ഥാനസൗകര്യങ്ങൾ, ആർകൈവുകൾ, മ്യൂസിയങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ സഹായിച്ചു.

ഇതിനൊപ്പം തന്നെ, കായിക–യുവജനകാര്യ മേഖലയിൽ കേരളം ഒരു പരിവർത്തനാത്മക മുന്നേറ്റം നടത്തി. 2016–17 മുതൽ 2026–27 വരെ കാലയളവിൽ കായിക മേഖലയിലേക്കുള്ള പ്ലാൻ ചെലവുകൾ ഏകദേശം 160 ശതമാനം വർധിച്ചു. ജില്ലാതല സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്കുകൾ, അക്കാദമികൾ, ഭിന്നശേഷിക്കാർക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ സ്റ്റേഡിയം എന്നിവ ഉൾപ്പെടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 3,500 കോടി രൂപയ്ക്കുമേൽ ചെലവഴിക്കപ്പെട്ടു.

വികസന ധനസമാഹരണത്തിനുള്ള കേരളത്തിന്റെ ശേഷി, കേന്ദ്ര തലത്തിൽ വരുമാന ശേഖരണ അധികാരങ്ങൾ വർധിച്ചും സംസ്ഥാനങ്ങൾക്ക് വികസന ചെലവുകളുടെ പ്രധാന ഉത്തരവാദിത്വം ചുമത്തിയും പ്രവർത്തിക്കുന്ന ഘടനാപരമായി അസമതുലിതമായ ഫെഡറൽ ധനകാര്യ ഘടന മൂലം പരിമിതപ്പെടുന്നു. ചരക്കുസേവന നികുതിയിലൂടെ (GST) നികുതി കേന്ദ്രീകരണം, നഷ്ടപരിഹാര സെസ് തുടരുന്നുണ്ടായിരുന്നിട്ടും ഉറപ്പുനൽകിയ ജിഎസ്ടി നഷ്ടപരിഹാരം പിൻവലിച്ചത്, നിയന്ത്രിതമായ കടപരിധികൾ, നിബന്ധനാപരവും വിവേചനാധിഷ്ഠിതവുമായ ധന കൈമാറ്റങ്ങളിൽ വർധിച്ച ആശ്രയം — ഈ എല്ലാ വഴികളിലൂടെയും ഈ അസമത്വം കൂടുതൽ ശക്തിപ്പെട്ടു.

വിഭജിക്കാവുന്ന നികുതി കുളത്തിനു പുറത്ത് സെസുകളും സർചാർജുകളും വ്യാപകമായി ഉപയോഗിക്കുന്നതിലൂടെ, കേന്ദ്ര നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ യഥാർത്ഥ വിഹിതം ക്ഷയിക്കപ്പെട്ടു. അതോടൊപ്പം, നിബന്ധനകളില്ലാത്ത ധനകാര്യ കമ്മീഷൻ കൈമാറ്റങ്ങൾ, കർശന രൂപകല്പനകളും വൈകിപ്പിക്കലുകളും അപൂർണ്ണമായ റിലീസുകളും സവിശേഷതകളായ കേന്ദ്ര സഹായ പദ്ധതികളാൽ (Centrally Sponsored Schemes) ക്രമേണ മാറ്റിസ്ഥാപിക്കപ്പെട്ടു. ജിഎസ്ടി ഘടനയ്ക്കുള്ളിൽ സംസ്ഥാനങ്ങൾക്ക് ഔപചാരിക അവകാശങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, സ്ഥാപനപരവും പ്രവർത്തനപരവുമായ നിയന്ത്രണങ്ങൾ ധനകാര്യ സ്വയംഭരണത്തിന്റെ ഫലപ്രദമായ വിനിയോഗം പരിമിതപ്പെടുത്തി. ഈ വികസനങ്ങൾ എല്ലാം ചേർന്ന് സഹകരണ ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങളെ ദുർബലമാക്കുകയും, ധനകാര്യ പ്രവചനക്ഷമത കുറയ്ക്കുകയും, കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് സാമൂഹിക–വികസന പ്രതിബദ്ധതകളോടൊപ്പം പൊതു നിക്ഷേപം നിലനിർത്തുന്നതിനുള്ള നയവിശാലത ചുരുക്കുകയും ചെയ്തു.

പൊതു നയം രൂപപ്പെടുത്തുന്നത് ജനപങ്കാളിത്തത്തിന്റെ ഒരു അഭ്യാസമാണ്; അന്തിമരൂപം കൈവരിക്കുന്നതിന് മുമ്പ് വിദഗ്ധരോടും ജനങ്ങളുടെ എല്ലാ വിഭാഗങ്ങളോടും ഏറ്റവും വ്യാപകമായ ആശയവിനിമയങ്ങളും ചർച്ചകളും ഇതിൽ ഉൾപ്പെടുന്നു. കഴിഞ്ഞ ദശാബ്ദത്തിലെ കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള ഒരു പ്രധാന വേദിയാണ് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സ്. ഉത്തരവാദിത്തപരമായ ചർച്ചകൾ ആരംഭിക്കട്ടെ.

7

# അന്താരാഷ്ട്ര പഠന കോൺഗ്രസും, വർത്തമാനകാല ഉത്തരവാദിത്വങ്ങളും

പുത്തലത്ത് ദിനേശൻ

1957-ൽ ഒന്നാമത്തെ കേരളത്തിന്റെ സർക്കാർ ഭരണത്തിൽ വരുന്ന ഘട്ടത്തിൽ ജന്മിത്വ കേരളമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. ജന്മിത്വ കേരളത്തെ ആധുനിക കേരളമാക്കി മാറ്റുന്നതിനുള്ള നയപരിപാടിയാണ് 1956-ൽ തൃശ്ശൂരിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർടിയുടെ സംസ്ഥാന സമ്മേളനം അംഗീകരിച്ച വികസന രേഖ മുന്നോട്ടുവെച്ചത്. അതിന്റെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ച ഇ.എം. എസിന്റെ നേതൃത്വത്തിലുള്ള സർക്കാർ ജന്മിത്വ കേരളത്തിൽ നിന്നും ആധുനിക കേരളത്തിലേക്ക് നയിക്കുന്നതിനുള്ള കർമ്മപദ്ധതിക്ക് അടിസ്ഥാനം കുറിച്ചു.

വിമോചന സമരത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിനെ കേന്ദ്ര സർക്കാർ പിരിച്ചുവിട്ടതോടെ ഭൂപരിഷ്ക്കരണ നിയമം ഉദ്ദേശിച്ച പോലെ നടപ്പിലാക്കാൻ പറ്റാത്ത സ്ഥിതിയുമുണ്ടായി. മിച്ചഭൂമി പിടിച്ചെടുത്ത് കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയെന്ന കാഴ്ചപ്പാട് ഇഷ്ടദാന ബില്ലിലൂടെ തകർക്കുന്ന സ്ഥിതിയുമുണ്ടായി. ദളിത് ജനവിഭാഗങ്ങളുടെ ഭൂപ്രശ്നം ഇന്നത്തെ തരത്തിൽ നിലനിൽക്കുന്നതിന് അടിസ്ഥാനമായി നിന്നത് വിമോചന സമരവും, അതിനെ തുടർന്ന് അധികാരത്തിൽ വന്ന വലതുപക്ഷ സർക്കാരിന്റെ നടപടികളുമാണെന്ന് കാണാം.

1967-ൽ ഭരണത്തിൽ വന്ന ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ കുടികിടപ്പവകാശം ഉറപ്പുവരുത്തുന്ന നിയമ നിർമ്മാണവും നടത്തി. ഈ നിയമം പ്രബല്യത്തിലാക്കുന്നതിന് ആലപ്പുഴ പ്രഖ്യാപനത്തിലൂടെ സമര പ്രഖ്യാപനവും നടന്നു. ഇതിന്റെ തുടർച്ചയിൽ നടന്ന സമരമാണ് കുടികിടപ്പവകാശം ഉറപ്പുവരുത്തുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചത്. ഇത്തരത്തിൽ മണ്ണിൽ ഉറപ്പിച്ച് നിർത്തിയ വിഭാഗങ്ങളെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ക്ഷേമ പദ്ധതികളും, വിദ്യാഭ്യാസ സൗകര്യങ്ങളും, ആരോഗ്യ സംവിധാനങ്ങളും എല്ലാം മെച്ചപ്പെടുത്തേണ്ടതുണ്ടായിരുന്നു. ആ നിലയിലുള്ള പ്രവർത്തനങ്ങളിലേക്ക് സർക്കാർ കടന്നു. സമ്പൂർണ്ണ സാക്ഷരത ഉൾപ്പെടേയുള്ള പ്രവർത്തന പദ്ധതികളും ഉണ്ടായി.

1957-ലെ ഭരണപരിഷ്ക്കാര കമ്മീഷൻ മുന്നോട്ടുവെച്ച അധികാര വികേന്ദ്രീകരണം പൂർത്തിയാക്കുന്നതിന് 1980-ലെ എൽ.ഡി.എഫ് സർക്കാർ ജില്ലാ കൗൺസിൽ നിയമം നടപ്പിലാക്കി. ഈ പ്രവർത്തനത്തെ തകർക്കുന്ന നിലപാടാണ് യു.ഡി.എഫ് സ്വീകരിച്ചത്. ജില്ലാ കൗൺസിലുകളെ ഉൾപ്പെടെ പിരിച്ചു വിടുകയും, അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവെക്കുകയും ചെയ്തു.

കേരളത്തിന്റെ ജന്മി വർഗ്ഗത്തെ ഇല്ലാതാക്കി ആധുനിക കേരളത്തിലേക്ക് നയിക്കുന്നതിനും, അടിസ്ഥാന ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് എൽ.ഡി.എഫ് സർക്കാർ മുന്നോട്ടുപോയി. കേന്ദ്ര സർക്കാരിന്റെ അവഗണനകളെ അതിജീവിച്ചുകൊണ്ടാണ് ഇത്തരമൊരു വളർച്ച കേരളത്തിൽ സൃഷ്ടിച്ചത്. അടിസ്ഥാന വിഭാഗങ്ങൾക്ക് ജീവിക്കാനുള്ള മിനിമം സൗകര്യം ഏർപ്പെടുത്തിയതിനുശേഷം അവരെ കൂടുതൽ മുന്നോട്ടുനയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷത്തിന്റെ മുന്നിൽ വരികയും ചെയ്തു. ഈ പുതിയ ഘട്ടം ആരംഭിക്കേണ്ട സാഹചര്യത്തിലാണ് ആഗോളവൽക്കരണ നയങ്ങൾ 1990-കളോടെ കേരളത്തിലും സജീവമായിത്തീർന്നത്. ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ ഗൗരവതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. പ്രത്യേകിച്ചും, അന്താരാഷ്ട്ര മാർക്കറ്റിനെ കേന്ദ്രീകരിച്ച് നിൽക്കുന്ന നാണ്യവിള ഉൽപ്പാദനത്തിന്റെ കേന്ദ്രം എന്ന നിലയിൽ വലിയ പ്രതിസന്ധിയിലേക്ക് കേരളം കടന്നു.

മാറിവന്ന ലോക സാഹചര്യവും, അതിനെ തുടർന്ന് ഇന്ത്യൻ സമ്പദ്ഘടനയിൽ വന്നിട്ടുള്ള മാറ്റങ്ങളും മനസ്സിലാക്കിക്കൊണ്ട് ബദൽ വികസന സമീപനം രൂപപ്പെടുത്തുകയെന്നത് ഇടതുപക്ഷത്തിന്റെ പ്രധാന ഉത്തരവാദിത്വമായിത്തീർന്നു. ഇത് കേരള ജനത ഒന്നടങ്കം ഏറ്റെടുക്കേണ്ട ഒരു പ്രക്രിയയായാണ് ഇടതുപക്ഷം പൊതുവിൽ കണ്ടത്. 1956-ൽ കേരള വികസനത്തിന് എല്ലാ കക്ഷി രാഷ്ട്രീയത്തിനും അതീതമായ സഹകരണത്തിലൂടെ വികസനം നടത്തേണ്ടതുണ്ട് എന്ന സമീപനം സ്വീകരിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർടി അന്ന് വികസന രേഖ അവതരിപ്പിച്ചതെന്ന് ഓർക്കണം. അതിനുശേഷം ഇടതുപക്ഷം ഭരണത്തിൽ വരികയും, ഭരണ അനുഭവങ്ങൾ സ്വാംശീകരിക്കുക

യും ചെയ്ത് കഴിഞ്ഞിരുന്നു. വിവിധ മേഖലകളിൽ വിദഗ്ദരായ ആളുകൾ കേരളത്തിൽ രൂപപ്പെടുകയും ചെയ്തു. ഈ സാധ്യതയെ ഉപയോഗപ്പെടുത്തിയും, പാർലമെന്റും, പാർലമെന്റിതരവുമായ പ്രവർത്തനങ്ങളിലെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പൊതുസംവാദം രൂപപ്പെടുത്തുകയെന്നത് പ്രധാനമാണെന്ന് തിരിച്ചറിഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് ഇ.എം.എസ് മുൻകൈയ്യെടുത്ത് എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഭാവി കേരളത്തെ സംബന്ധിച്ച ആശയവിനിമയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചത്.

ഒന്നാം അന്താരാഷ്ട്ര പഠന കോൺഗ്രസ് ഇത്തരത്തിലുള്ള ആശയവിനിമയത്തിന്റെ വേദിയായിരുന്നുവെങ്കിൽ തുടർന്നുള്ള പഠന കോൺഗ്രസുകളിൽ ഒരു വ്യക്തമായ കരട് രേഖയുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന നിലയിലേക്ക് എത്തിച്ചേർന്നു. ഈ പഠന കോൺഗ്രസാവട്ടെ പ്രാദേശിക തല സെമിനാറുകൾ കൂടി സംഘടിപ്പിച്ച് വിപുലമായ തയ്യാറെടുപ്പുകളോടെ നടത്തുന്ന നിലയാണുണ്ടായത്. കഴിഞ്ഞ പഠന കോൺഗ്രസുകളിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളും, നിർദ്ദേശങ്ങളും പിന്നീട് വന്ന എൽ.ഡി.എഫ് സർക്കാരുകളുടെ നയപരിപാടികളെ രൂപപ്പെടുത്തുന്നതിന് പ്രധാന പങ്കുവഹിച്ചിട്ടുണ്ട് എന്ന് എൽ.ഡി.എഫിന്റെ പ്രകടനപത്രിക പരിശോധിച്ചാൽ വ്യക്തമാകും.

പഠന കോൺഗ്രസ് എന്നത് കേവലമായ ചർച്ചകൾക്കപ്പുറത്ത് പ്രയോഗത്തിനുള്ള വഴികാട്ടിയായി തീരുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. കേരള ജനത വിവിധ മേഖലകൾ ആർജ്ജിച്ച വിജ്ഞാനങ്ങളും, കാഴ്ചപ്പാടുകളും സ്വീകരിച്ചുകൊണ്ട് അവയെ പ്രായോഗിക പ്രവർത്തനമാക്കി മാറ്റുന്നതിനുള്ള സമീപനമാണ് അന്താരാഷ്ട്ര പഠന കോൺഗ്രസ് സംഘടിപ്പിക്കുന്നതിലൂടെ എ.കെ.ജി പഠന ഗവേഷണ കേന്ദ്രം മുന്നോട്ടുവെക്കുന്നത്. സിദ്ധാന്തവും, പ്രയോഗവും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ നേർ ചിത്രമാണ് ഇതിലൂടെ രൂപപ്പെടുന്നത്.

ഇടതുപക്ഷ സർക്കാരുകൾ ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പദ്ധതികളെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമത്തിന്റെ കൂടി ഭാഗമാണ് അന്താരാഷ്ട്ര പഠന കോൺഗ്രസ്. ഇതിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങൾ പ്രായോഗികമാക്കിക്കൊണ്ട് കൂടിയാണ് എൽ.ഡി.എഫ് സർക്കാർ മുന്നോട്ടുപോയത്. അതിദാരിദ്ര്യം പരിഹരിക്കുകയെന്ന കാര്യം പൂർത്തീകരിച്ച കേരളത്തിന് മറ്റൊരു പുതിയ കാൽവെപ്പ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കാനുള്ള ശ്രമത്തിന്റെ കൂടി ഭാഗമാണിത്. അതിദാരിദ്ര്യം പരിഹരിച്ച ശേഷം ദാരിദ്ര്യാവസ്ഥയെ മാറ്റുമെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ് മുന്നോട്ടുവെച്ചിട്ടുള്ളത്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള ചർച്ച നടക്കുന്ന പഠന കോൺഗ്രസ് എന്ന നിലയിൽ ലോകത്ത് ഒരു പുതിയ ബദൽ മാതൃകക്കുള്ള ചർച്ച കൂടിയായിരിക്കും ഇത്.

കേന്ദ്രത്തിന്റെ ശക്തമായ സാമ്പത്തിക ഉപരോധം ഉയർന്നുവരികയും, ഫെഡറൽ സംവിധാനം തന്നെ വലിയ വെല്ലുവിളികൾ നേരിടുന്ന ഘട്ടം കൂടിയാണിത്. ബദൽ സാധ്യതകളെ രൂപപ്പെടുത്തുന്നതിന് വലിയ പരിമിതികൾ ഇതിന് സൃഷ്ടിച്ചിട്ടുമുണ്ട്. ഈ നയത്തെ പരാജയപ്പെടുത്താനുള്ള വലിയ പ്രക്ഷോഭം നടത്തുകയെന്നത് അനിവാര്യമായ ഘട്ടം കൂടിയാണിത്. അത്തരം പോരാട്ടം വളർത്തിയെടുക്കുമ്പോൾ തന്നെ പരിമിതികൾക്കകത്ത് നിന്നുകൊണ്ടുള്ള ബദൽ സാധ്യതകളുടെ അന്വേഷണവും നടക്കേണ്ടതുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് പഠന കോൺഗ്രസ് ചേരുന്നത്.

രാജ്യത്താകമാനം വർഗ്ഗീയമായ ധ്രുവീകരണം സൃഷ്ടിച്ച് കോർപ്പറേറ്റ് നയങ്ങൾക്കെതിരെയുള്ള പോരാട്ടം ദുർബലപ്പെടുത്താനുള്ള ശ്രമം നടക്കുന്ന ഘട്ടം കൂടിയാണിത്. മത സൗഹാർദത്തിന്റെ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ മതരാഷ്ട്രവാദങ്ങൾക്കെതിരായ പ്രവർത്തന മാതൃകകളെ അന്വേഷിക്കുന്ന പഠന കോൺഗ്രസ് എന്ന നിലയിലും ഇതിന് പ്രാധാന്യമുണ്ട്. ചരിത്രത്തിലും, സംസ്കാരത്തിലും വിഷം കലർത്തുന്ന വർത്തമാനകാലത്ത് അവയ്ക്കെതിരായുള്ള പ്രതിരോധത്തിന്റെ വഴികാട്ടിയായുള്ള അന്വേഷണങ്ങളും ഇതിൽ നടക്കുന്നുണ്ട്. ഭാഷയും, സംസ്കാരവും, ചരിത്രവുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് വർഗ്ഗീയ ശക്തികൾ പിടിമുറുക്കാൻ ശ്രമിക്കുന്നത്. സൂക്ഷ്മ തലത്തിലുള്ള ഇത്തരം ഇടപെടലുകളെ പ്രതിരോധിക്കാനുള്ള വഴികൾ രൂപപ്പെടുത്തുകയെന്നതും പ്രധാനമാണ്. മാധ്യമ സ്വാതന്ത്ര്യം ഇല്ലാതാക്കുകയും, മാധ്യമങ്ങളെ കോർപ്പറേറ്റ് താൽപര്യങ്ങൾക്കും, ഭരണവർഗ്ഗ കാഴ്ചപ്പാടുകൾക്കും ഉപയോഗപ്പെടുത്തുന്ന ദ്വിമുഖ സമീപനമാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ യു.ഡി.എഫ് സംവിധാനമാവട്ടെ മാധ്യമങ്ങളെ കള്ളപ്രചാരവേലകളുടെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുകയാണ്. ജനങ്ങളെ യാഥാർത്ഥ്യങ്ങൾ അറിയിക്കുകയെന്നതിൽ നിന്നും മാറി വലതുപക്ഷത്തെ ശക്തിപ്പെടുത്തുന്ന പ്രതീതി സൃഷ്ടിക്കുന്നിടത്തേക്ക് മാധ്യമ ലോകം മാറുകയണ്. ഇവയ്ക്കെതിരായുള്ള പ്രതിരോധ സാധ്യതയും, ഒപ്പം മാധ്യമങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളേയും കണ്ണിചേർക്കേണ്ടതിന്റെ പ്രധാന്യം ഉയർന്നുവരുന്നുണ്ട്.

പ്രതിലോമകരമായി വിലയിരുത്തപ്പെട്ട പലതും പുരോഗമന മുഖംമൂടിയുമായി രംഗത്തുവരുന്ന കാഴ്ചയും വർത്തമാനകാലത്ത് ഉയർന്നുവരികയാണ്. സ്വത്വരാഷ്ട്രീയത്തിന്റെ ചുവട് പിടിച്ച് വർഗ്ഗീയതയേയും, ജാതി ഭ്രാന്തിനേയും പുരോഗമന മുഖംമൂടിയണിയിച്ച് പ്രതിഷ്ഠിക്കാനുള്ള ശ്രമവും സജീവമാണ്. വലതുപക്ഷവൽക്കരണത്തിന്റെ രാഷ്ട്രീയ തന്ത്രങ്ങൾ ശക്തിപ്രാപിച്ചുവരികയാണ്.

ഏറ്റവും പിന്തിരിപ്പന്മാർ പോലും ഇടതുപക്ഷത്തിന്റെ മുഖമണിയാൻ ശ്രമിക്കുന്ന കാലം കൂടിയാണിത്.

പ്രതിലോമ ചിന്തകളെ ഇടതുപക്ഷമെന്ന ബാനറിന് കീഴിൽ സ്ഥാപിക്കുന്നതിന് ഇത്തരം ശക്തികൾ ശ്രമിക്കുകയാണ്. ഈ സാഹചര്യത്തിൽ അധികാര താൽപര്യക്കാർക്ക് അവ നൽകി അവരെ സംരക്ഷിക്കേണ്ടതാണ് സാംസ്കാരിക രംഗത്തെ ജനകീയ ബദൽ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾക്കുള്ള ചർച്ചകളും രൂപപ്പെടുത്തുകയെന്നത് പ്രധാനമാണ്.

ആഗോളവൽക്കരണ നയങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വലിയ ദുരിതങ്ങളാണ് സൃഷ്ടിക്കുന്നത്. കോർപ്പറേറ്റ് വൽക്കരണത്തിന്റെ ഇരയായി ഇത്തരം വിഭാഗങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പൊതുവായ വികസനത്തിന്റെ നേട്ടങ്ങൾ വേണ്ടത്ര എത്തിയിട്ടില്ലാത്ത പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളേയും സവിശേഷതയോടെ കാണുകയും, അത് പരിഹരിക്കുന്നതിനുള്ള ജനാധിപത്യപരമായ യോജിപ്പിന്റെ തലങ്ങൾ വികസിപ്പിക്കേണ്ടതുമുണ്ട്. സ്ത്രകളുടെ തൊഴിൽ പങ്കാളിത്തം ഉൾപ്പെടെ പുരോഗതി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിലും ഏറെ മുന്നോട്ട് കേരളത്തിന് പോകേണ്ടതുണ്ട്.

കേരളത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മാത്രമേ സാമൂഹ്യവും, ജനാധിപത്യപരവുമായ ജീവിതത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനാവൂ. അടിസ്ഥാന മേഖലയിലെ വികസനത്തെ ശക്തിപ്പെടുത്തിക്കൊണ്ടേ ഇവ സാധ്യമാവൂ എന്ന തിരിച്ചറിവോടെയാണ് ഇടതുപക്ഷ ബദൽ മുന്നോട്ടുവെക്കുന്നത്. കാർഷിക - വ്യാവസായിക മേഖലകൾ ശക്തിപ്രാപിക്കുകയും, വൈജ്ഞാനിക സമൂഹത്തിന്റെ രൂപീകരണത്തിലൂടെ ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും എല്ലാ മേഖലയിലും വർദ്ധിപ്പിക്കുകയെന്നതും പ്രധാനമായി കാണേണ്ടതുണ്ട്. ഉൽപ്പാദന വർദ്ധനവുണ്ടാക്കി അവ നീതിയുക്തമായി വിതരണം ചെയ്യുന്ന ഇടതുപക്ഷ സമീപനത്തോടെയാണ് ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നത്.

വർത്തമാനകാലത്തെ ദുരിതപൂർണ്ണമാക്കുന്ന നയങ്ങൾക്കും, പ്രത്യയശാസ്ത്ര കാഴ്ചകൾക്കുമെതിരായ ജനകീയ പ്രതിരോധത്തിന്റെ അന്വേഷണമെന്ന നിലയിൽ ഈ പഠന കോൺഗ്രസിന് വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്. ഏതൊക്കെ മേഖലയിൽ ജനകീയ സമരങ്ങൾ കൂടുതൽ വികസിപ്പിക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ചുമുള്ള അന്വേഷണവും നടക്കേണ്ടതുണ്ട്. അതിനുതകുന്ന ദിശാബോധം കൂടി നൽകുന്ന ഒന്നായി ഈ പഠന കോൺഗ്രസ് മാറുമെന്നതിൽ തർക്കമില്ല.

## 8

# പുതിയ കേരളം പടുത്തുയർത്താൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ നിർദ്ദേശങ്ങൾ

### 1956 ജൂൺ 22, 23, 24 തീയതികളിൽ തൃശ്ശൂർ വെച്ച് കൂടിയ പാർടിയുടെ കേരളസംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം

മിക്കവാറും ഭാഷയുടെ അടിസ്ഥാനത്തിൽ രൂപമെടുക്കാൻ പോകുന്ന പുതിയ കേരളസംസ്ഥാനത്തിന്റെ ആവിർഭാവത്തെ കൃതാർത്ഥതയോടും പ്രതീക്ഷയോടുംകൂടിയാണ് കമ്മ്യൂണിസ്റ്റ് പാർടി സ്വാഗതം ചെയ്യുന്നത്.

വിദേശമേധാവിത്വത്തിന്റെ പിടിയിൽ നിന്ന് ഇന്ത്യയ്ക്കു പൂർണ്ണമായ മോചനം നേടുക; നാട്ടുരാജ്യ സ്വേഛാധിപത്യത്തിന്റേയും മറ്റു ജനാധിപത്യവിരുദ്ധ സ്ഥാപനങ്ങളുടേയും വേരറുത്തുകളഞ്ഞ് പരിപൂർണ്ണ ജനാധിപത്യം സ്ഥാപിക്കുക; സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ ഇന്ത്യയെ സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുക - ഇതിനെല്ലാം വേണ്ടി നമ്മുടെ ജനത നടത്തിയ മഹത്തായ സമരത്തിന്റെ അഭേദ്യ ഭാഗമായാണു ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കാനുള്ള പ്രസ്ഥാനം വളർന്നുവന്നത്. മലയാളികൾ, തമിഴർ, ആന്ധ്രാക്കാർ മുതലായ ഇന്ത്യയിലുള്ള വിവിധ ദേശീയജനവിഭാഗങ്ങൾക്കു അവരുടേതായ സംസ്ഥാനങ്ങൾ രൂപീകരിച്ചു കിട്ടുകയും കേരളത്തെപ്പോലുള്ള പിന്നണി പ്രദേശങ്ങൾക്കു അതിവേഗം വികസിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുകയും ചെയ്താൽ മാത്രമേ സാമ്രാജ്യാധിപത്യത്തിന്റേയും ഫ്യൂഡലിസത്തിന്റേയും അവശിഷ്ടങ്ങൾ തുടച്ചുനീക്കുന്നതിനും പരിപൂർണ്ണജനാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള സമരത്തിൽ കൂടി ഇന്ത്യൻ ജനതയുടെ ഐക്യം ഉറപ്പിക്കാൻ കഴിയുകയുള്ളു.

ഇന്ത്യയിലാകെ വളർന്നുവന്ന ഈ ഭാഷാസംസ്ഥാന രൂപീകരണപ്രസ്ഥാനത്തിന്റെ ഭാഗമായി, മദിരാശി, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു സംസ്ഥാനങ്ങളിലും ഫ്രഞ്ച് അധീനത്തിലുണ്ടായിരുന്ന മയ്യഴിയിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന മലയാളജനവിഭാഗത്തെയാകെ ഒന്നിപ്പിച്ചുകൊണ്ടും, മലയാളിജനതയുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതിയെ ത്വരിതപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ഐക്യകേരളം സ്ഥാപിക്കാൻ കമ്മ്യൂണിസ്റ്റ് പാർടി കേരളത്തിൽ ജന്മമെടുത്ത ദിവസം മുതൽക്കുതന്നെ പ്രവർത്തിച്ചുപോന്നിട്ടുണ്ട്.

1930 നും അതിനുശേഷവും, കേരളത്തിന്റെ നാനാഭാഗങ്ങളിലും പല പല കാലഘട്ടങ്ങളിലായി നടന്ന ദേശീയ-ജനാധിപത്യ സമരങ്ങളിൽ സജീവമായി പങ്കെടുത്ത അനേകം പ്രവർത്തകന്മാരെ ഉൾക്കൊള്ളുന്ന കമ്മ്യൂണിസ്റ്റ് പാർടി, ഉത്തരവാദഭരണത്തിനുവേണ്ടി കൊച്ചി-തിരുവിതാംകൂർ സ്റ്റേറ്റുകളിലും, ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി മയ്യഴിയിലും ഉയർന്നുവന്ന ബഹുജനപ്രസ്ഥാനങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ഐക്യകേരളത്തിനും വേണ്ടിയുള്ള പൊതുപ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ് എപ്പോഴും കണക്കാക്കിയിട്ടുള്ളത്. ഈ പ്രസ്ഥാനങ്ങളിലെല്ലാം പങ്കെടുത്ത് ജീവത്യാഗം പോലും വരിച്ച നൂറുകണക്കിനു രക്തസാക്ഷികളും, അടി, ഇടി, ജയിൽവാസം, ഒളിവുജീവിതം, സ്വത്തുനാശം, അനാരോഗ്യം മുതലായ പല കഷ്ടതകളുമനുഭിച്ച പതിനായിരക്കണക്കിന് നിസ്വാർത്ഥപ്രവർത്തകരും കമ്മ്യൂണിസ്റ്റുകാരുടെ ഇടിയിൽനിന്നു ഉയർന്നുവന്നിട്ടുണ്ടെന്ന പരമാർത്ഥം കമ്മ്യൂണിസ്റ്റ് പാർടി അഭിമാനത്തോടുകൂടി അനുസ്മരിക്കുന്നു.

ഈ പ്രസ്ഥാനങ്ങൾ വളർത്തിക്കൊണ്ടുവന്ന് ഐക്യകേരള രൂപീകരണം വരെ അവയെ ഉയർത്തുന്നതിൽ കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, മറ്റു പല പാർടികളിലും സംഘടനകളിലും പെട്ടവരും ഒന്നിലും പെടാത്തവരുമായ, കേരളത്തിനകത്തും പുറത്തുമുള്ള, രാജ്യസ്നേഹികൾ ആയിരക്കണക്കിനു പങ്കെടുത്തിട്ടുണ്ടെന്ന യാഥാർത്ഥ്യവും കമ്മ്യൂണിസ്റ്റ് പാർടി കൃതജ്ഞതയോടെ സ്മരിക്കുന്നു. ഐക്യകേരള പ്രക്ഷോഭത്തിൽ മറുനാടൻ മലയാളികൾ വഹിച്ച മേന്മയേറിയ പങ്കിനേയും പാർടി സ്മരിക്കുന്നു. ആശയപരവും രാഷ്ട്രീയവും മറ്റുമായ പല കാര്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർടിയും മറ്റു രാജ്യസ്നേഹികളും തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്; അത്തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പലതും ഇന്നും നിലനിൽക്കുന്നുണ്ട്. പക്ഷെ, വിവിധ വിഭാഗങ്ങളിൽപെട്ട ഈ രാജ്യസ്നേഹികൾ മുഴുവൻ അന്യോന്യാഭിപ്രായവ്യാത്യസങ്ങൾ മാറ്റിവെച്ച് യോജിപ്പുള്ള കാര്യങ്ങളിൽ ഒന്നിച്ചു നിൽക്കാൻ തയ്യാറായതിനാലാണ്, മറ്റുപല നേട്ടങ്ങളുമെന്നപോലെ ഐക്യകേരള രൂപീകരണവും നമുക്കു സാധ്യമായിട്ടുള്ളത്.

കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ രാജ്യസ്നേഹികൾ യോജിച്ചു നടത്തിയ ഈ ഐക്യകേരളപ്രസ്ഥാനത്തിന് പല എതിർശക്തികളേയും നേരിടേണ്ടിവന്നിട്ടുണ്ട്. ഇവയിൽ പ്രധാനമായ എതിർശക്തി, ഭാഷാസംസ്ഥാനരൂപീകരണം സംബന്ധിച്ച് 1947 നുശേഷം കോൺഗ്രസ്സ് നേതൃത്വം തുടർന്നുപോന്ന ജനാധിപത്യവിരുദ്ധനയം തന്നെയാണ്. അതുപോലെ അക്കാലത്ത് പശ്ചിമതീരസംസ്ഥാനം തുടങ്ങിയ വാദങ്ങളും പൊന്തിവരികയുണ്ടായി. ഇതിനെല്ലാം എതിരായി ഉയർന്നു വന്ന, സാധാരണ കോൺഗ്രസ്സുകാരെക്കൂടി അണിനിരത്തിയതുമായ ബഹുജനപ്രസ്ഥാനത്തിന് കീഴ്‌വഴങ്ങി ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കാൻ തീരുമാനമെടുത്ത് കഴിഞ്ഞതിൽ പിന്നീടും ദക്ഷിണസംസ്ഥാനമുദ്രാവാക്യവുമായി അവരിൽ ചിലർ മുന്നോട്ടു വരികയുണ്ടായി. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും വളർന്നുവന്ന ബഹുജനപ്രസ്ഥാനമാണ് ഈ മുദ്രാവാക്യത്തിന്റെ അടിത്തറ തകർത്ത് കേരളവും മറ്റു ഭാഷാസംസ്ഥാനങ്ങളും രൂപീകരിക്കാൻ ഇടയാക്കിയത്. അതേസമയത്ത്, ഇന്നു അങ്ങിങ്ങു പൊന്തിക്കേൾക്കുന്ന ദക്ഷിണസംസ്ഥാനവാദത്തിന്റെ ആപത്തിനെപ്പറ്റിയും, സംസ്ഥാനപുനഃസംഘടനാബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മേഖലാ കൗൺസിലുകൾ പുതിയ സംസ്ഥാനങ്ങളുടെ അധികാരാവകാശങ്ങളിൽ കൈകടത്താനിടയുള്ളതിനെപ്പറ്റിയും ജനങ്ങൾ തുടർന്ന് ജാഗ്രത കാണിക്കേണ്ടതായിട്ടുണ്ട്.

കോൺഗ്രസ് നേതൃത്വത്തിന്റെ ഭാഷാസംസ്ഥാനവിരുദ്ധമായ നയത്തിനെതിരായി കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ രാജ്യസ്നേഹികൾ യോജിച്ചുനടത്തിയ ഐക്യകേരള പ്രവർത്തനത്തിന്റെ ഒരു ഘട്ടം വിജയകരമായി അവസാനിച്ച് പുതിയൊരു ഘട്ടം തുടങ്ങുന്ന ഈ അവസരത്തിൽ - കേരളസംസ്ഥാനം രൂപീകരിച്ചുകിട്ടാൻ വേണ്ടിയുള്ള സംഘടിതപ്രവർത്തനം വിജയം വരിക്കുകയും മലയാളി ജനത ആഗ്രഹിക്കുന്ന തരത്തിൽ ജനാധിപത്യവും ഐശ്വര്യപൂർണ്ണവുമായ ഒരു കേരളം കെട്ടിപ്പടുക്കുക എന്ന കടമ ഏറ്റെടുക്കേണ്ട ഘട്ടം വരികയും ചെയ്തിട്ടുള്ളതിന് - കമ്മ്യൂണിസ്റ്റ് പാർടി മറ്റു പാർടികളോടും വ്യക്തികളോടും അഭ്യർത്ഥിക്കുന്നു: ഇതേവരെ എന്നപോലെയും അതിലും കൂടുതലായും, നമുക്കു യോജിപ്പുള്ള കാര്യങ്ങളിൽ ഒന്നിച്ചുചേർന്നു പ്രവർത്തിക്കാം; ഐക്യകേരളം രൂപീകരിച്ചുകിട്ടാൻ വേണ്ടി നാം കാണിച്ച ഐക്യവും നാം നടത്തിയ നിസ്വാർത്ഥ പ്രവർത്തനവും നാം ഇതുവരെ സ്വപ്നം കണ്ടുപോന്ന പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന കടമയിലേക്കു തിരിച്ചുവിടാം; നമുക്കിടയിൽ ഇന്നുള്ള അഭിപ്രായവ്യത്യാസങ്ങൾ അതിനൊരിക്കലും തടസ്സമാകരുത്.

## II

പുതിയൊരു കേരളം കെട്ടിപ്പിടുക്കുക എന്ന ഈ കടമ ഏറ്റെടുത്തു നടത്താൻ രാജ്യസ്നേഹികളായ മലയാളികളാകെ യോജിക്കുകയാണെങ്കിൽ, തലമുറകളായി നമ്മുടെ ജനത കണ്ടിരുന്ന സ്വപ്നങ്ങൾ പലതും യാഥാർത്ഥ്യമാക്കി തീർക്കാനുള്ള എല്ലാ സാദ്ധ്യതകളും നമ്മുടെ മുമ്പിൽ ഇന്നു തുറന്നുകിടക്കുകയാണ്. എന്തുകൊണ്ടെന്നാൽ, വ്യവസായവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയാകെ മാറ്റിപ്പടുക്കണമെന്നും അതിന്റെ ഉന്നം സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ നിലവിൽ വരുത്തുകയാണെന്നുമുള്ള ആശയം ഭരണാധികാരിവർഗ്ഗത്തിനുപോലും അവഗണിക്കാൻ വയ്യാത്തവിധം നാട്ടിലാകെ അതിവേഗത്തിൽ പരന്നുവരിയാണ്. സ്വന്തം നയങ്ങളുടെ യഥാർത്ഥസ്വഭാവത്തെ മറച്ചുവെയ്ക്കാനും ബഹുജനങ്ങളെ വഴിതെറ്റിക്കാനും സ്വന്തം വർഗ്ഗഭരണത്തെ ഉറപ്പിക്കാനുമാണ് കോൺഗ്രസ്സും ഗവൺമെന്റും ഇതിനെ ഉപയോഗപ്പെടുത്തുന്നതെങ്കിലും, മൗലികമായ മാറ്റങ്ങൾ വരുത്താനുള്ള സാദ്ധ്യതകളും അതുകൊണ്ട് കൂടുതലായിട്ടുണ്ട്.

ഈ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ വ്യവസായവൽക്കരണത്തിൽ സുപ്രധാനമായ പങ്കുവഹിക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും കേരളത്തിലുണ്ട്. എന്തുകൊണ്ടെന്നാൽ, മികച്ച ഒരു വനസമ്പത്തും, വിലയേറിയ നിരവധി ധാതുദ്രവ്യങ്ങളും പരന്നുകിടക്കുന്ന ഒട്ടേറെ ജലാശയങ്ങളും, ദീർഘവും വിശാലവുമായ കടലും, ഇന്ത്യയുടെ ആകെ വ്യവസായവൽക്കരണത്തിനു സഹായകമാകുന്ന മറ്റു ഭൗതികസമ്പത്തുകളുമുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇവയും നമ്മുടെ അദ്ധ്വാനശീലരായ ജനങ്ങളുടെ പ്രയത്നശക്തിയും ചേർത്ത് അവയെ വഴിയാംവണ്ണം ഉപയോഗിച്ചും വ്യവസായവും കൃഷിയും മറ്റും വളർത്തി നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ജീവിതം നന്നാക്കിത്തീർക്കാൻ നമുക്കു കഴിയാത്തത്, നമ്മുടെ നാട്ടിലിന്നും നിലവിലുള്ള സാമൂഹ്യവ്യവസ്ഥ (ജന്മിമേധാവിത്വവും, വിദേശമുതലാളിമാരുടെ മേധാവിത്വവും, നാടൻ കുത്തകമുതലാളിമാരുടെ കൊള്ളലാഭമെടുക്കലും) മൂലമാണ്. ഈ സാമൂഹ്യവ്യവസ്ഥ അവസാനിപ്പിച്ച്, നമ്മുടെ ഉൽപാദനശക്തികളെ കെട്ടഴിച്ചുവിടുകയാണ്, കേരളത്തിന്റെ സവിശേഷപ്രശ്നങ്ങളായി കണക്കാക്കപ്പെടുന്ന ജനസാന്ദ്രത, തൊഴിലില്ലായ്മ, ഭക്ഷണകമ്മി മുതലായവയ്ക്കെല്ലാം പരിഹാരം കാണാനുള്ള വഴി.

ഇങ്ങനെ നമ്മുടെ വിഷമപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനെ ബാധിക്കുന്ന പലേ തടസ്സങ്ങളും നിലനിൽക്കുന്നുണ്ടെന്നും, ആ തടസ്സങ്ങളിൽ മുഖ്യമായതു ദേശീയനിർമ്മാണപ്രവർത്തനം സംബന്ധിച്ച് ഇന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റു തുടർന്നുപോരുന്ന പലേ നയങ്ങളുമാണെന്നുമുള്ള സംഗതി നമുക്കൊരിക്കലും മറക്കാൻ വയ്യ:

(എ) നമ്മുടെ സമ്പത്തുകളാകെ നിർമ്മാണാത്മകമായി ഉപയോഗിക്കുന്നതിനുള്ള മുഖ്യ തടസ്സം, നമ്മുടെ നാട്ടിലെ ഭൂവുടമ സമ്പ്രദായമാണ്: ഫലഭൂയിഷ്ഠമായ ഭൂമി ആയിരക്കണക്കിനേക്കർ തരിശ്ശായിടാനും, കൃഷിചെയ്യാൻ കൊടുക്കുന്നതിനു പ്രതിഫലമായി തലപൊളിക്കുന്ന പാട്ടം കൃഷിക്കാരിൽ നിന്നു വാങ്ങാനും,

കൃഷിചെയ്യുന്നവരെ ഒഴിപ്പിച്ച് തൊഴിലില്ലാത്തവരാക്കി മറ്റാനും ജന്മികൾക്കു പൂർണ്ണമായ അധികാരം കൊടുക്കുന്ന സമ്പ്രദായമാണ് കേരളത്തിന്റെ മുഖ്യഭാഗമായ തിരുവിതാംകൂർ പ്രദേശത്ത് ഇപ്പോഴും നിലവിലുള്ളത്. താരതമ്യേന കൂടുതൽ നല്ല ഭൂനിയമങ്ങളുള്ള കൊച്ചി-മലബാർ പ്രദേശങ്ങളിൽപോലും ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പ്ലാനിംഗ് കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ (ഉദാ: പാട്ടം ഒരു നിലയിലും 25 ശതമാനത്തിൽ കൂടരുതെന്നും ഭൂമി കൈവശത്തിനു പരിധി നിർണ്ണയിക്കണമെന്നുള്ള ശുപാർശകൾ) നടപ്പിൽ വരുത്തിയിട്ടില്ല. ഇതാണു കേരളത്തിലെ കോൺഗ്രസ് നേതൃത്വം എടുക്കുന്ന നിലപാടെങ്കിൽ, കേന്ദ്രഗവൺമെന്റും അഖിലേന്ത്യാ പ്ലാനിംഗ് കമ്മീഷനും തന്നെ, പ്ലാനിംഗ് കമ്മീഷന്റെ ഭൂനയകമ്മിറ്റി നൽകിയ താരതമ്യേന പുരോഗമനപരമായ ശുപാർശകൾ (ഉദാ: പാട്ടം ഒരു നിലയിലും 16 1/4 ശതമാനത്തിൽ അധികമാകരുതെന്നും ഒഴിപ്പിക്കൽ നടപടികളെ കർശനമായി തടയണമെന്നും മറ്റും) തള്ളിക്കളയുകയും, ഈ കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റുകൾക്കു പൂർണ്ണാധികാരം നൽകുകയും ചെയ്തിരിക്കുകയാണ്.

(ബി) ഭൂവുടമസമ്പ്രദായമെന്ന പോലെതന്നെ വിജയകരമായ പ്ലാനിംഗിന് തടസ്സമായി നിൽക്കുന്ന മറ്റൊരു ഘടകമാണ്, നമ്മുടെ ഭൗതികവിഭവങ്ങളുടെ മേൽ വിദേശ മുതലാളിമാർക്കുള്ള മേധാവിത്വം. ഇത് തികച്ചും അവസാനിപ്പിച്ച് വിദേശ ഉടമയിലുള്ള നമ്മുടെ തോട്ടങ്ങൾ, ഖനികൾ, മുഖ്യവ്യവസായങ്ങൾ, മുതലായവയും, വിദേശവ്യാപാരവും ദേശവൽക്കരിക്കണമെന്നു ഇന്നാട്ടിലെ ജനാധിപത്യവാദികൾ തുടർച്ചയായി ആവശ്യപ്പെട്ടുപോന്നിട്ടുണ്ട്. അതനുസരിച്ച് സാമ്പത്തികരംഗത്തുള്ള വിദേശമേധാവിത്വം അവസാനിപ്പിക്കാൻ മാത്രമല്ല, വിദേശമുതലാളിമാർ ഇന്നാട്ടിൽ നിന്ന് കൊല്ലംതോറും വമ്പിച്ച തുകകൾ ലാഭമായി കയറ്റി അയക്കുന്നത് നിർത്തണമെന്ന നിർദ്ദേശമംഗീകരിക്കാൻപോലും ഗവൺമെന്റ് കൂട്ടാക്കിയിട്ടില്ല.

(സി) വിജയകരമായ പ്ലാനിംഗിന് ഒഴിക്കാൻ വയ്യാത്ത മറ്റൊരു ഉപാധിയാണ്, മൗലികവ്യവസായങ്ങൾ പൊതുഉടമയിലായിരിക്കുകയെന്നത്. ഒരു തത്വമെന്ന നിലയിലിത് പ്ലാനിംഗ് കമ്മീഷൻ തന്നെ അതിന്റെ ആദ്യത്തെ കരടു ചട്ടക്കൂട്ടിൽ അംഗീകരിച്ചുമിരുന്നു. എന്നാൽ വിദേശികളും സ്വദേശികളുമായ വൻകിടമുതലാളിമാരുടെ നിർബന്ധത്തിനു കീഴ്വണങ്ങി ഈ തത്വം തള്ളിക്കളയുകയും, മുഖ്യവ്യവസായങ്ങൾ പലതും സ്വകാര്യമേഖലയിൽ പെടുത്തുകയുമാണ് അവസാനം കമ്മീഷൻ ചെയ്തത്.

(ഡി) വിജയകരമായ പ്ലാനിംഗിന്നു ഒഴിച്ചുകൂടാൻ വയ്യാത്ത മറ്റൊരു ഉപാധി, ജനങ്ങളുടെ സഹകരണമാണ്. പ്ലാൻ രൂപീകരിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും ജനങ്ങളെ - വിശേഷിച്ചും അദ്ധ്വാനിക്കുന്നജനവിഭാഗങ്ങളെ - എല്ലാ നിലവാരത്തിലും സജീവമായും ഫലപ്രദമായും പങ്കെടുപ്പിക്കാതെ, പ്ലാനിംഗ് സാദ്ധ്യമല്ല. എന്നാൽ ഭരണാധികാരികൾ ജനകീയ സഹകരണത്തെപ്പറ്റി പ്രസംഗിക്കുന്നുണ്ടെങ്കിലും, എല്ലാ അധികാരവും ചുമതലയും ഉദ്യോഗസ്ഥ മേധാവികളെ ഏല്പിക്കുന്ന പഴയ സമ്പ്രദായം ഇന്നും തുടരുകയാണ് ചെയ്യുന്നത്.

(ഇ) പ്ലാൻ നടപ്പിൽ വരുത്തുന്നതിനുവേണ്ട പണം ഉണ്ടാക്കുന്നതിന് ഋജുവും പ്രായോഗികവുമായ പല മാർഗ്ഗങ്ങളും കമ്മ്യൂണിസ്റ്റ് പാർടിയും മറ്റു ജനാധിപത്യവാദികളും നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്: ഒരു ക്ലിപ്തമായ തോതിൽ കവിഞ്ഞ് ലാഭമെടുക്കാൻ ഒരു മുതലാളിയേയും അനുവദിക്കാതിരിക്കുക: വിദേശമുതലാളിമാരുടെ അമിതമായ ലാഭം കയറ്റി അയക്കൽ തടഞ്ഞ് അവർക്കുകിട്ടുന്ന ലാഭത്തിൽ മുഖ്യഭാഗം ഇവിടെത്തന്നെ നിർത്തുക; ഇങ്ങനെ സ്വദേശികളും വിദേശികളുമായ മുതലാളിമാർക്ക് അനുവദിക്കുന്ന ക്ലിപ്തലാഭം കഴിച്ചു കൂടുതലുണ്ടാകുന്ന മിച്ച സംഖ്യകൾ ദേശീയ പുനർനിർമ്മാണത്തിനാവശ്യമുള്ള മൂലധനമായി ഉപയോഗിക്കുക; വിദേശവ്യാപാരം പൊതുഉടമയിൽ കൊണ്ടുവരിക; പൊതുഉടമയിലുള്ള സ്ഥാപനങ്ങളിൽ നിന്നു കിട്ടുന്ന ആദായം വർദ്ധിപ്പിക്കാൻ വേണ്ട നടപടികളെടുക്കുക; ആദായനികുതി; കാർഷികാദായനികുതി; നിലനികുതി മുതലായി ഇന്നു നിലവിലുള്ള നികുതിസമ്പ്രദായങ്ങൾ വീണ്ടും പരിശോധിച്ച് അവയുടെ ഭാരം പാവപ്പെട്ടവരുടെ തലയിൽ നിന്നുമാറ്റി പണക്കാരുടെ തലയിലേക്ക് ഇറക്കിവയ്ക്കുക; മറ്റും മറ്റും ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുപകരം പാവപ്പെട്ടവരുടെമേൽ ചെന്നു വീഴുന്ന വില്പന നികുതി, എക്സൈസ് നികുതി മുതലായവ വർദ്ധിപ്പിക്കുകയും, നിലനികുതി, ജലനികുതി മുതലായവയുടെ ഭാരം പാവപ്പെട്ടവരുടെ തലയിൽ കൂടുതൽ കയറ്റിവെക്കുകയും ചെയ്തുകൊണ്ടാണ് ധനാഗമ മാർഗ്ഗങ്ങൾ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ അതിന്റെ നിർദ്ദേശങ്ങൾ വെച്ചിട്ടുള്ളത്.

(എഫ്) ഈ ഗവൺമെന്റു നയങ്ങളുടെ ഫലമായി, തൊഴിലാളികൾ, കൃഷിക്കാർ, കാർഷികതൊഴിലാളികൾ, അദ്ധ്വാനിക്കുന്ന ഇടത്തരക്കാർ എന്നിവരുടെ ജീവിതനിലവാരം ക്രമേണ ക്രമേണയായി ഉയരുന്നതിനുപകരം അവർ പാപ്പരാവുകയും, പണക്കാർ കൂടുതൽ കൂടുതൽ പണക്കാരാവുകയും ചെയ്യാൻ പ്രയോജനപ്പെടത്തക്കവിധത്തിലാണ് പ്ലാനിംഗ് നടത്തുന്നത്. വ്യവസായരംഗത്തു ഉല്പാദനം വർദ്ധിക്കുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ കുറയുന്നില്ല;

സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ നിർബന്ധം നിമിത്തം പല വ്യവസായങ്ങളിലും ചുരുങ്ങിയകൂലി കൂടുതൽ അനുവദിക്കേണ്ടി വരുന്നുണ്ടെങ്കിലും, ഇതിനേക്കാൾ എത്രയോ കൂടുതൽ ഉയർന്നതോതിൽ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നുണ്ട്; ഇതിന്റെ ഫലമായി, വർദ്ധിച്ചുവരുന്ന വ്യാവസായികോല്പാദനം മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കാനേ ഉപയോഗപ്പെടുന്നുള്ളു. കാർഷികരംഗത്തിലും ഉല്പാദനം വർദ്ധിക്കുന്നതിന്റെ ഫലം മുഖ്യമായനുഭവിക്കുന്നത് ഒരു പിടി ജന്മികളും, ധനികകൃഷിക്കാരുമാണ്; അവരുടെ മടിശ്ശീലയിലേയ്ക്കാണ് കാർഷിഭിവൃദ്ധിക്കെന്ന പേരിൽ ചെലവിടുന്ന ഭാരിച്ച സംഖ്യകളിൽ ഭൂരിഭാഗവും ഒഴുകിപ്പോകുന്നത്; ഭൂരിപക്ഷം കൃഷിക്കാരാകട്ടെ, നികുതി വർദ്ധനവും, കടഭാരവും കാർഷികോൽപന്നങ്ങളുടെ വിലയിടിവും നിമിത്തം കഷ്ടപ്പെടുകയാണ്; ജന്മികൾ നടത്തുന്ന ഒഴിപ്പിക്കൽ നടപടികളുടെ ഫലമായി അവരിലൊരു വിഭാഗം കാർഷികത്തൊഴിലാളികളായി അധഃപതിച്ചിച്ചുവരുന്നുമുണ്ട്. ഇടത്തരക്കാരടക്കമുള്ള മറ്റു അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും ഭാരിച്ച നികുതികളുടേയും, നിത്യോപയോഗസാധനങ്ങളുടെ വിലനിരക്കിൽ അടുത്ത മാസങ്ങളിൽ വന്ന വർദ്ധനവിന്റെയും ഫലമായി ഒട്ടേറെ കഷ്ടതകളനുഭവിക്കേണ്ടിവരുന്നുണ്ട്.

(ജി) ഇങ്ങനെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ കൂടുതൽ അധഃപതിച്ചുവരുമ്പോൾ അവരുടെ ഇടയിൽ അതൃപ്തി പടന്നുപിടിക്കുകയും സംഘടിതമോ, അസംഘടിതമോ, ആയ സമരങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നത് സ്വാഭാവികം മാത്രമാണ്. ഇങ്ങനെ വരുമ്പോഴെല്ലാം ബഹുജനങ്ങളെ അക്രമാസക്തരെന്നും, അവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുടെ സമരങ്ങൾക്ക് രൂപം കൊടുക്കുന്ന പ്രവർത്തകരെ അട്ടിമറിക്കാരെന്നും മുദ്രകുത്തി അടിച്ചമർത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരമാണ് ഇയ്യിടെ കാസിപ്പെട്ടിലും, ഖരഗ്പൂരിലും, കൽക്കത്തയിലും മറ്റും നടന്നത്. ഇന്ത്യയുടെ മറ്റുഭാഗങ്ങളിലെന്നപോലെയോ അതിലുമധികമോ ആയ തോതിൽ ഇതെല്ലാം കേരളത്തിലും നടക്കുന്നുണ്ട്.

(എച്ച്) അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിൽ മാത്രമല്ല ഉയർന്ന വർഗ്ഗങ്ങളിൽപെട്ട ചില വിഭാഗങ്ങളിൽപോലും, അതൃപ്തിയും പ്രക്ഷോഭവും പൊന്തിവരത്തക്ക നിലയിലാണ് ഗവൺമെന്റ് അതിന്റെ രാഷ്ട്രീയ-സാമ്പത്തിക നയങ്ങൾ രൂപീകരിച്ച് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഉത്തമോദാഹരണമാണ്, മഹാരാഷ്ട്ര സംസ്ഥാനത്തിൽ അവിടത്തെ പ്രാദേശിക കോൺഗ്രസ്സ്കമ്മിറ്റി പോലും ഒരതിർത്തിവരെ പങ്കുകൊണ്ടതും, ഇന്നും തുടർന്നുവരുന്നതുമായ പ്രക്ഷോഭം. ഇത്തരത്തിൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന പ്രക്ഷോഭത്തിന്റെ ഫലമായാണ് അടുത്ത അവസരത്തിൽ പുറത്തുവന്ന ബംഗാൾ-ബീഹാർ ലയനനിർദ്ദേശം പിൻവലിക്കാൻ ഭരണകക്ഷി നിർബന്ധിക്കപ്പെട്ടത്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നടത്തുന്ന ദേശീയ പുനർനിമ്മാണപദ്ധതികളിൽ ചില പ്രത്യേക പ്രദേശങ്ങൾക്ക് അവ അർഹിക്കുന്ന സ്ഥാനം കിട്ടാത്തതും, അതാതു പ്രദേശത്തെ എല്ലാ ജനവിഭാഗങ്ങളെയും ഒന്നിപ്പിക്കുന്ന പ്രക്ഷോഭങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ഇതിന്റെ അല ഈയിടെ നടന്ന ദേശീയ വികസനകൗൺസിലിന്റെ യോഗത്തിലും (തെക്കെ ഇന്ത്യയിൽ പൊതുവിലും രണ്ടു സ്റ്റേറ്റിനു പ്രത്യേകിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വളരെ ചുരുങ്ങിയ പങ്കേ കിട്ടിയിട്ടുള്ളു എന്ന ഹനുമന്തയ്യയുടെ പ്രസംഗത്തിന്റെ രൂപത്തിൽ) ചെന്നടിക്കുകയുണ്ടായി. ഇത്തരം പ്രക്ഷോഭണങ്ങളോടൊപ്പംതന്നെ പോലീസ് മർദ്ദനങ്ങൾക്കെതിരായും, കൈക്കൂലിയും, അഴിമതികളും തടഞ്ഞു കിട്ടാനും മറ്റുമുള്ള പ്രക്ഷോഭങ്ങളിലും വിവിധ ജനവിഭാഗങ്ങൾ പങ്കെടുത്തുവരുന്നുണ്ട്.

(ഐ) ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇന്ത്യയിലെല്ലായിടത്തുമുള്ള ഈ സ്ഥിതിവിശേഷങ്ങൾ അതിന്റെ മൂർദ്ധന്യത്തിലെത്തിയ ഒരു സംസ്ഥാനമാണ് കേരളം. ബ്രിട്ടീഷ്ഭരണത്തിനും, നാട്ടുരാജ്യ സ്വേച്ഛാധിപത്യത്തിനുമെതിരായിട്ടെന്നപോലെതന്നെ, പരിപൂർണ്ണസ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ്സ് ഭരണത്തിനെതിരായിട്ടും, പോരാടിയ ഒരു ജനതയാണ് കേരളത്തിലുള്ളത്. കൂലിക്കും, ജോലിക്കും, ഭൂമിക്കും നല്ലൊരു ജീവിതത്തിനും വേണ്ടി ബ്രിട്ടീഷ് ഭരണകാലത്തുതന്നെ നടത്തിയ സമരങ്ങൾ കോൺഗ്രസ് ഭരണത്തിൻകീഴിലും അവർ തുടർന്നു. പക്ഷെ, സ്വാതന്ത്ര്യലബ്ധിയുടെ ഫലമായി തങ്ങൾക്കുണ്ടായിരിക്കുമെന്ന് അവർ പ്രതീക്ഷിച്ച അഭിവൃദ്ധിയൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല അവരുടെ സ്ഥിതി കൂടുതൽ വഷളായിത്തീരുകപോലും ചെയ്തു. ഇത് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ മാത്രമല്ല, ഉയർന്ന വർഗ്ഗക്കാരുടെ ഇടയിൽപ്പോലും അതൃപ്തിക്കിടയാക്കി.

കേരളത്തിൽ തൊഴിലില്ലായ്മ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയിടയിൽ മാത്രമല്ല, എല്ലാ വിഭാഗക്കാരുമായ അഭ്യസ്തവിദ്യരുടെയിടയിലും ഏറ്റവും ഉൽക്കടമായ രൂപം കൈക്കൊണ്ടിട്ടു എത്രയോ വർഷങ്ങളായി. ഈ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാനുള്ള പ്രത്യേക നടപടികളുൾക്കൊള്ളാത്ത യാതൊരു പ്ലാനിംഗും കേരളത്തിന്റെ ദേശീയ പുനർനിർമ്മാണത്തിനു വഴി തെളിയിക്കുകയില്ല. കൂടാതെ തൊഴിലില്ലായ്മ, ഭക്ഷണകമ്മി, കൃഷിസൗകര്യങ്ങളുടെ കുറവ്

മുതലായി കേരളത്തിനു സവിശേഷമായ പല വിഷമ പ്രശ്നങ്ങളുമുള്ളവയ്ക്കു പരിഹാരം കാണാൻ വ്യാവസായികമായും, കാർഷികാഭിവൃദ്ധി സംബന്ധിച്ചുമുള്ള പ്രത്യേക നടപടികളെടുത്തില്ലെന്നു മാത്രമല്ല, മറ്റു സംസ്ഥാനങ്ങൾക്കു കിട്ടുന്ന തോതിലുള്ള സഹായം പോലും കേന്ദ്രത്തിൽനിന്നു തിരു-കൊച്ചിക്കോ, മദിരാശി സംസ്ഥാനത്തിൽ നിന്നു മലബാർ-കാസർഗോഡ് പ്രദേശങ്ങൾക്കോ കിട്ടുകയുണ്ടായില്ല.

ഇതും, കോൺഗ്രസ് ഗവൺമെന്റിൻകീഴിൽ വളർന്നുവന്ന അഴിമതികളും നിമിത്തം ഉയർന്ന വർഗ്ഗക്കാരിലും, ഇടത്തരക്കാരിലും തന്നെ അതൃപ്തി പരന്നുപിടിക്കാൻ തുടങ്ങി. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ഇടയിൽ മുമ്പുതന്നെയുള്ള പ്രസ്ഥാനവും, ഉയർന്ന വർഗ്ഗക്കാരിലും, ഇടത്തരക്കാരിലും പടർന്നുപിടിച്ച ഈ അതൃപ്തിയും ചേർന്നാണ് 1952ൽ കേരളത്തിലാകെയും, 1954ൽ തിരു-കൊച്ചിയിലും നടന്ന പൊതുതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിന്റെ പരാജയത്തിനിടയാക്കിയത്. എന്നാൽ ഇങ്ങനെ പരാജയമടഞ്ഞിട്ടും ആ പരമാർത്ഥം മര്യാദയായി അംഗീകരിച്ച് എതിർപക്ഷപാർടികൾക്ക് അവരുടേതായ ഗവൺമെന്റ് രൂപീകരിക്കാൻ സൗകര്യം കൊടുക്കുന്നതിനുപകരം ഒന്നിനുമീതെ മറ്റൊന്നായി കുതന്ത്രങ്ങളെടുത്തു ഉപയോഗിച്ച് അധികാരത്തിൽ ചടഞ്ഞുകൂടാൻ തന്നെയാണ് കോൺഗ്രസ് ശ്രമിച്ചത്. കോൺഗ്രസിന്റെ ഈ ജനാധിപത്യവിരുദ്ധ നയത്തിന്റെ ഫലമായി വളരെ ഗൗരവമായ ഒരു രാഷ്ട്രീയ അസ്ഥിരത്വം നമ്മുടെ സംസ്ഥാനത്തെ നേരിട്ടുകഴിഞ്ഞിരിക്കുന്നു. ഈ അസ്ഥിരത്വത്തിൽ നിന്നുള്ള യഥാർത്ഥ പ്രതിവിധി കോൺഗ്രസ്സ് അതിന്റെ പരാജയം സമ്മതിച്ച് എതിർ പക്ഷപാർടികളുടേതായ ഗവൺമെന്റ് രൂപീകരിക്കാൻ അവസരം കൊടുക്കുകയാണ്. ഇതിനുപകരം കോൺഗ്രസ് ചെയ്യുന്നതാകട്ടെ, ഉപദേശകഭരണം സ്ഥാപിച്ച് ആ രൂപത്തിൽ കോൺഗ്രസ് ഭരണം തന്നെ തുടരുകയാണ്.

## III

ഈ പശ്ചാത്തലത്തിലാണ് കേരളസംസ്ഥാനം ഉടലെടുക്കുന്നതെന്നതിനാൽ, ജനാധിപത്യപരവും, ഐശ്വര്യപൂർണ്ണവുമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനു കോൺഗ്രസ് ഗവൺമെന്റ് അനുസരിച്ചുവരുന്നതും മുകളിൽ വിവരിച്ചതുമായ ജനദ്രോഹനയങ്ങൾക്കെതിരായി രാജ്യസ്നേഹികളായ മലയാളികളാകെ യോജിച്ചണിനിരക്കണം. ഇങ്ങനെ യോജിച്ച് അണിനിരക്കുന്ന രാജ്യസ്നേഹികളെല്ലാം ചേർന്ന്:

- തിരു-കൊച്ചിയിലെ ഉപദേശകഭരണത്തിൻകീഴിൽ നടക്കുന്ന അക്രമങ്ങൾക്കും, അഴിമതികൾക്കും, ജനാധിപത്യവിരുദ്ധനടപടികൾക്കും എതിരായി ഉറച്ചുനിന്നു പോരാടണം.

- ഒക്ടോബർ 1 നു കേരളസംസ്ഥാനം രൂപമെടുക്കുന്ന അവസരത്തിൽ ഇന്നത്തെ മലബാർ-കാസർഗോഡ് എം.എൽ.എമാരും തിരു-കൊച്ചിയിലെ തമിഴ്നാട് പ്രദേശമൊഴിച്ച് മറ്റു പ്രദേശത്തുള്ള എം.എൽ.എമാരും ചേർന്നു ഒരു കേരളസംസ്ഥാന നിയമസഭ നിലവിൽ വരുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം.

- ഈ കേരളസംസ്ഥാന നിയമസഭയോട് ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് ഒക്ടോബർ 1 നു തന്നെ നിലവിൽ വരുത്താൻ വേണ്ട നടപടികൾ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കണം.

- കഴിഞ്ഞ നാലഞ്ചുകൊല്ലമായി തിരു-കൊച്ചിയിൽ തുടർന്നു പോന്നതും, കേരളസംസ്ഥാനത്തിൽ തുടരുമോയെന്നു ഭയപ്പെടുന്നതുമായ മന്ത്രിസഭാകുഴപ്പങ്ങൾ കൂടാതെ കഴിച്ച്, ജനാധിപത്യപരവും ഐശ്വര്യപൂർണ്ണവുമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ വേണ്ട ഒരു മിനിമം പരിപാടി നടപ്പിലിൽ വരുത്താൻ കെൽപ്പുള്ള ഉറച്ച ഒരു ഗവൺമെന്റുണ്ടാക്കുന്നതിന്, അങ്ങനെയൊരു പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സിന്റെ പിന്തിരിപ്പൻ യനങ്ങൾക്കെതിരായി പോരാടാൻ തയ്യാറുള്ള കോൺഗ്രസ്സുകാർ എന്നിവർ തമ്മിലൊരു തെരഞ്ഞെടുപ്പു സംഖ്യമുണ്ടാക്കി. അവർക്കു നിയമസഭയിൽ ഭൂരിപക്ഷം സമ്പാദിച്ച്, അവരുടെ കൂട്ടുകെട്ടിന്റേതായ ഒരു ഗവൺമെന്റ് രൂപീകരിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കണം.

- നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും; തൊഴിലാളികളുടെയും, ഇടത്തരക്കാരുടേയും കൂലി-ശമ്പളനിരക്കുകൾ വർദ്ധിപ്പിച്ചു കിട്ടുന്നതിനും; കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നതിനും; ഒഴിപ്പിക്കൽ തടയുന്നതിനും; ബഹുജനങ്ങളുടെ മറ്റ് അടിയന്തരാവശ്യങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി ഇടതുപക്ഷപാർടികളും, ജനാധിപത്യവാദികളായ വ്യക്തികളും, രാജ്യസ്നേഹികളായ കോൺ ഗ്രസ്സുകാരും യോജിച്ചു പോരാടണം. ഇന്നുതന്നെ കേരളത്തിന്റെ പലഭാഗത്തും പ്രാദേശികമായി ജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ നേടിയെടുക്കാനുള്ള പ്രക്ഷോഭങ്ങളിൽ വിവിധ പാർടികളിൽപെട്ടവർ ഒന്നിച്ചുചേരാൻ തുടങ്ങിയിട്ടുണ്ട്. അത്തരം ഐക്യത്തെ ഇനിയും വിപുലപ്പെടുത്തുകയും വളർത്തുകയും വേണം.

ഇവയെല്ലാമാണു പുതിയൊരു കേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പ്രാരംഭമെന്ന നിലയ്ക്കു പുരോഗമനവാദികളായ പാർടികളുടെയും ഗ്രൂപ്പുകളുടെയും വ്യക്തികളുടെയും മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർടി സമർപ്പിക്കുന്ന അടിയന്തരകടമകൾ. ഈ കടമകൾ നിറവേറ്റുന്നതിൽ അവരുടെയെല്ലാം സഹായസഹകരണങ്ങൾക്കായി പാർടി അവരോട് അഭ്യർത്ഥിക്കുന്നു.

ഈ അഭ്യർത്ഥനയുടെ കൂട്ടത്തിൽ പി.എസ്.പിയെ പ്രത്യേകിച്ച് സംബോധനചെയ്യാൻ കമ്മ്യൂണിസ്റ്റ് പാർടി ആഗ്രഹിക്കുന്നു. 1951-52 ലെ പൊതുതെരഞ്ഞെടുപ്പിൽ മലബാറിൽ കമ്മ്യൂണിസ്റ്റ് പാർടിയും പ്രജാപാർടിയും തമ്മിലുണ്ടാക്കിയ ഐക്യമുന്നണിയും, 1954 ലെ തിരു-കൊച്ചിയിലെ പൊതുതിരഞ്ഞെടുപ്പുകാലത്ത് കമ്മ്യൂണിസ്റ്റ് പാർടിയും പി.എസ്.പിയും മറ്റിടതുപക്ഷ പാർടികളും ചേർന്നുണ്ടാക്കിയ ഐക്യമുന്നണിയും

നാട്ടുകാരിലുണ്ടാക്കിയ ആവേശവും, തിരഞ്ഞെടുപ്പിനുശേഷം ആ ഐക്യമുന്നണി പൊളിഞ്ഞപ്പോൾ നാട്ടുകാരിലുളവായ നിരാശയും വീണ്ടും ഒന്നോർത്തു നോക്കാൻ പി.എസ്.പിയോടു കമ്മ്യൂണിസ്റ്റ്പാർടി അപേക്ഷിക്കുന്നു.

1954 ൽ മാത്രമല്ല അതിന്നുമുമ്പും, കേരളത്തിലെ ജനാധിപത്യശക്തികളെ ഏകോപിപ്പിച്ച്, കോൺഗ്രസ് ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധനയങ്ങളെ എതിർത്ത്, അവയ്ക്കു പകരം ജനസേവനപരമായ നയങ്ങൾ നടപ്പിൽവരുത്തുന്ന ഒരു ഗവൺമെന്റ് നിലവിൽവരുത്താൻ കഴിയാതെ വന്നത് പി.എസ്.പി നേതൃത്വമനുസരിച്ച കമ്മ്യൂണിസ്റ്റ് വിരോധനയം മൂലമാണെന്നതു ഒരാൾക്കും നിഷേധിക്കാൻ വയ്യാത്തൊരു ചരിത്രസത്യമാണ്. ഈ നയം തന്നെ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അവർ ഇനിയും തുടരുമോ; കേരളത്തിലെ പൊതുജീവിതത്തിൽ കമ്മ്യൂണിസ്റ്റുകാർ നേടിക്കഴിഞ്ഞ സ്ഥാനം അവർക്കു നിയമസഭയിലും മന്ത്രിസഭയിലും കിട്ടാതിരിക്കണമെന്ന ഉദ്ദേശത്തോടെ, അതു സാധിക്കാൻ പറ്റുന്ന തന്ത്രങ്ങൾ അവർ തുറന്നെടുക്കുമോ; കമ്മ്യൂണിസ്റ്റുകാരെ ഒഴിച്ചുനിർത്തിക്കൊണ്ടും അവർക്കെതിരായും മറ്റു പാർടികളും ഗ്രൂപ്പുകളുമായി ഒത്തുതീർപ്പുണ്ടാക്കാൻ അവർശ്രമിക്കുമോ - നാട്ടുകാരുടെയിടയിൽ നിന്നു പൊന്തിവരുന്ന ചോദ്യങ്ങളാണിവ. ഇവയ്ക്കെല്ലാം ന്യായമായ മറുപടി നൽകത്തക്കവിധം തങ്ങളുടെ നയമാകെ പുനഃപരിശോധിക്കാൻ പി.എസ്.പിയോടു മൊത്തത്തിൽ അഭ്യർത്ഥിക്കുന്നതോടൊപ്പം, ഇത്തരത്തിൽ സ്വന്തം നയം പുനഃപരിശോധിച്ച് ഐക്യത്തിനുവേണ്ട അടിസ്ഥാനമിടാൻ ശ്രമിക്കുന്ന പി.എസ്.പി. സുഹൃത്തുക്കളെയെല്ലാം കമ്മ്യൂണിസ്റ്റ് പാർടി അഭിവാദ്യം ചെയ്യുന്നു.

പി.എസ്.പിയെക്കൊണ്ട് ശരിയായ ഒരു നയം അംഗീകരിപ്പിക്കുന്ന കാര്യത്തിൽ ആർ.എസ്.പിയും അതിന്റേതായ പങ്കുവഹിക്കേണ്ടതുണ്ടെന്ന് അവരെ ഓർമ്മപ്പെടുത്താൻ കമ്മ്യൂണിസ്റ്റ് പാർടി ആഗ്രഹിക്കുന്നു. 1952 മുതൽക്കിന്നേവരെ തിരു-കൊച്ചിയിലെ പി.എസ്.പി അനുസരിച്ചുപോന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധനയത്തിനുള്ള ഉത്തരവാദിത്വത്തിലൊരു പങ്ക് ആർ.എസ്.പിയും വഹിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ, കമ്മ്യൂണിസ്റ്റുകാർക്ക് അവർ അർഹിക്കുന്ന സ്ഥാനം നൽകാതിരിക്കുകയെന്ന പി.എസ്.പി നയത്തെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ആർ.എസ്.പി കഴിഞ്ഞ കാലത്തു ചെയ്തുപോന്നിട്ടുള്ളത്.

മറ്റിടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവരോടും കമ്മ്യൂണിസ്റ്റ് വിരോധനയത്തിന്റെ കണികപോലും വളരാൻ അനുവദിക്കരുതെന്നു പാർടി അഭ്യർത്ഥിക്കുന്നു. പാർടിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, സ്വന്തം സങ്കുചിതസ്വാർത്ഥങ്ങളല്ല, പൊതുപ്രസ്ഥാനത്തിന്റെ വിജയമാണ്, പാർടിയുടെ പ്രവർത്തനങ്ങൾക്കെല്ലാം കേന്ദ്രലക്ഷ്യമായിരിക്കേണ്ടതെന്നു മനസ്സിലാക്കി, ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവർ ചേർന്ന ഒരു ഗവൺമെന്റ് കേരളത്തിൽ ഉണ്ടാക്കുന്നതിനുള്ള എല്ലാ തടസ്സങ്ങളും തട്ടിനീക്കാൻ വേണ്ട നടപടികൾ പാർടി എടുക്കുന്നതായിരിക്കും. ഇങ്ങനെ ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സിന്റെ ജനാധിപത്യവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവരെയെല്ലാം യോജിപ്പിച്ച് ജനാധിപത്യപരവും ഐശ്വര്യപൂർണവുമായ പുതിയൊരു കേരളം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നതിനു അടിസ്ഥാനമായി താഴെകൊടുക്കുന്ന മിനിമം പരിപാടി കമ്മ്യൂണിസ്റ്റ്പാർടി ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

അതോടൊപ്പംതന്നെ, ഈ പരിപാടി മുഴുവൻ അംഗീകരിക്കാത്തവരോ, മുഴുവൻ അംഗീകരിക്കുന്നുണ്ടെങ്കിൽപോലും അതു കോൺഗ്രസ്സിനെക്കൊണ്ടു നടപ്പിൽവരുത്തിക്കാമെന്ന് വിശ്വസിക്കുന്നവരോ ആയ കോൺഗ്രസ്സുകാർ ഉണ്ടായേക്കുമെന്ന് പാർടി മനസ്സിലാക്കുന്നു. അത്തരം കോൺഗ്രസ്സുകാരോടും കമ്മ്യൂണിസ്റ്റ് പാർടി അഭ്യർത്ഥിക്കുന്നു: ഇതിലേതിനും നിങ്ങൾ സ്വീകരിക്കുന്നുവോ അതിനുവേണ്ടി നമുക്കു യോജിച്ചു പ്രവർത്തിക്കുക. ഈ പരിപാടി പൂർണ്ണമാണെന്നോ മാറ്റേണ്ടതില്ലാത്തതാണെന്നോ പാർടി കരുതുന്നില്ല. രാജ്യസ്നേഹികളായ മുഴുവൻ മലയാളികളുടേയും പരിഗണനയ്ക്കും അംഗീകാരത്തിനും വേണ്ടിയാണ് പാർടി ഈ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഇതേപ്പറ്റി ജനങ്ങളുടെ അഭിപ്രായങ്ങളാരാഞ്ഞശേഷം മറ്റു പാർടികളുമായി നടത്തുന്ന കൂടിയാലോചനകളുടെ ഫലമായി ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പാർടി തയ്യാറാണെന്നും പ്രഖ്യാപിച്ചുകൊള്ളുന്നു.

നമുക്ക് ഇന്ന് ആവശ്യമായിട്ടുള്ള യോജിപ്പ് രാഷ്ട്രീയ പാർടികൾ തമ്മിലുണ്ടാക്കുന്ന സഖ്യത്തിലോ ഒത്തുതീർപ്പുകളിലോ ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. ജനാധിപത്യപരവും ഐശ്വര്യപൂർണ്ണമായ ഒരു പുതിയ കേരളം പടുത്തുയർത്തുകയെന്ന ജോലി മലയാളി ജനതയാകെ ഏറ്റെടുത്തു നിറവേറ്റേണ്ട ഒന്നാണ്. അതുകൊണ്ട് ആ ജോലി ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ സ്വന്തം സംഘടനകളെ ശക്തിപ്പെടുത്തിയും ഏകോപിപ്പിച്ചും കരുത്തേറിയ ഒരു ബഹുജന പ്രസ്ഥാനം വളർത്തിക്കൊണ്ടുവരാൻ കേരളത്തിലെ തൊഴിലാളികളോടും കൃഷിക്കാരോടും ഇടത്തരവിഭാഗക്കാരോടും ബുദ്ധിജീവികളോടും സ്ത്രീകളോടും യുവജനങ്ങളോടും സാഹിത്യ-കലാ-സാംസ്കാരിക പ്രവർത്തകരോടും കമ്മ്യൂണിസ്റ്റ് പാർടി അഭ്യർത്ഥിക്കുന്നു.

## IV
## മിനിമം പരിപാടി

### പദ്ധതിയുടെ വലുപ്പം

തിരു-കൊച്ചിക്കും മലബാറിനും പ്ലാനിംഗിന്റെ കാര്യത്തിൽ ഇന്നേവരെ അവഗണനയാണ് കേന്ദ്രത്തിൽ

നിന്നും ലഭിച്ചിട്ടുള്ളത്. രണ്ടാം പഞ്ചവൽസരപദ്ധതിയിലും അതു തുടരുന്നു. തിരു-കൊച്ചിയിൽ എല്ലാ പാർടികളുടെയും പ്രതിനിധികളടങ്ങുന്ന പ്ലാനിംങ്ങ് അഡൈ്വസറി ബോർഡ് 139 കോടി രൂപയുടെ പദ്ധതിയാണ് ഏകകണ്ഠമായി ശിപാർശ ചെയ്തത്. അതുപോലെതന്നെ മലബാറിലെ എല്ലാ കക്ഷികളുമടങ്ങുന്ന ഡിസ്ട്രിക് പ്ലാനിംഗ് ബോർഡ് 75 കോടി രൂപയുടെ പദ്ധതി ശിപാർശചെയ്യുകയുണ്ടായി. ഇതെല്ലാം ഇന്ന് വെട്ടിക്കുറച്ചിരിക്കുകയാണ്. എല്ലാ കക്ഷികളും ഏകകണ്ഠമായി ശിപാർശ ചെയ്യുകയുണ്ടായി. ഇതെല്ലാം ഇന്ന് വെട്ടിക്കുറച്ചിരിക്കുകയാണ്. എല്ലാ കക്ഷികളും ഏകകണ്ഠമായി അഭിപ്രായപ്പെട്ടതനുസരിച്ചു കേരള സംസ്ഥാനത്തിനു അർഹതപ്പെട്ട 200 കോടി രൂപയെങ്കിലും അനുവദിക്കേണ്ടതാണ്.

കേന്ദ്രത്തിൽ നിന്നു പൊതുമേഖലയിൽ തുടങ്ങുന്ന വൻകിടവ്യവസായങ്ങളിൽ ചിലതും കേരളത്തിൽ തുടങ്ങണം.

### ഖനിജങ്ങൾ

ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടയിൽ, സിലിമിനൈറ്റ്, സീർക്കൺ, ശാർണൈറ്റ്, ഗ്രാഫൈറ്റ് (കാരിയം), മൈക്ക,(അഭ്രം), ചീനക്കളിമണ്ണ് (കെയോലിൻ), ലിഗ്നൈറ്റ് തുടങ്ങി കേരളത്തിന്റെ മണ്ണിൽ കണ്ടുവരുന്ന അപൂർവ്വഖനിജങ്ങളെ സംബന്ധിച്ചു കേന്ദ്രഗവൺമെന്റിനെക്കൊണ്ടു സത്വരമായി ഒരു സർവ്വെ നടത്തിച്ചു ഇവയിൽ ഏതെങ്കിലും ആദായകരമായി ഖനനം ചെയ്യാൻ കഴിയുമെന്നും ഓരോന്നും ഏത്രയുണ്ടാകുമെന്നും തിട്ടപ്പെടുത്തണം.

മാത്രമല്ല, ഇവയെ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങൾ ഇവിടെത്തന്നെ തുടങ്ങണം. ഇൽമനൈറ്റ് ഉപയോഗിച്ചുകൊണ്ടുള്ള തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറിയും, മോണസൈറ്റ് സംസ്കരിക്കുന്ന ആലുവയിലെ റെയർ എർത്തും മാത്രമാണ് നമ്മുടെ ഖനിജങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇവിടെ നടത്തുന്ന വ്യവസായങ്ങൾ - ഇതിൽ ടൈറ്റാനിയം ഫാക്ടറി ബ്രിട്ടീഷ് ടൈറ്റാനിയം പ്രോഡക്ട്സ് എന്നൊരു കുത്തകക്കമ്പനിയുടെ പിടിയിലാണ്; അതുകൊണ്ട് നമുക്ക് അതിൽനിന്നു ശരിയായ ലാഭം കിട്ടുന്നില്ലെന്നു മാത്രമല്ല വ്യവസായം തന്നെ വികസിക്കുന്നുമില്ല. ഇന്ത്യാ ഗവൺമെന്റ് വകയായ റെയർ എർത്ത് ഫാക്ടറിയിൽ (തിരു-കൊച്ചി ഗവൺമെന്റിനും ഇതിൽ ഓഹരിയുണ്ട്) മോണോസൈറ്റ് പാകപ്പെടുത്തി അയക്കുന്നതല്ലാതെ മറ്റൊരു വ്യവസായവും നടക്കുന്നില്ല. ഈ സമ്പ്രദായം അവസാനിപ്പിച്ചു പ്രസ്തുത പദാർത്ഥങ്ങൾ കൊണ്ടു നടത്താവുന്ന വ്യവസായങ്ങൾ ഇവിടെ നടത്തണം.

ആലുവയിൽ ഉള്ള റെയർ എർത്ത് ഫാക്ടറിയോട് അനുബന്ധിച്ചു തോറിയം ബാർ ഫാക്ടറി സ്ഥാപിക്കണം. അതു ബോംബെയിൽ സ്ഥാപിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം ഒരു വിധത്തിലും ന്യായീകരിച്ചുകൂടാ.

ചവറയിൽ നിന്ന് ധാതുദ്രവ്യങ്ങളല്ലാതെ മണൽ തന്നെ സംസ്കരിക്കാതെ കയറ്റി അയയ്ക്കുന്നതു നിർത്തണം. കാരിയവും അഭ്രവും അതുപോലെ ഉപയോഗപ്പെടുത്തണം.

### ജലസേചനവും വിദ്യുച്ഛക്തിയും

ഏറ്റവും ചുരുങ്ങിയ ചിലവിൽ ഏറ്റവും കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാവുന്ന ഒട്ടനവധി ചെറുപദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ കഴിയും. കേരളത്തിലെ ഒരൊറ്റ പുഴയെങ്കിലും ഈ വിഷയത്തിൽ നിരുപയോഗമാകുമെന്നു തോന്നുന്നില്ല. ജലസേചനപദ്ധതികളുടെ കാര്യത്തിൽ ചിലവു താരതമ്യേന കൂടുതലാണെന്നു പറയുന്നുണ്ട്. എന്നാൽ പല പദ്ധതികളും രണ്ടുദ്ദേശവും ഒന്നിച്ചു നടക്കുന്ന പദ്ധതികളായിരിക്കും - അതായതു വൈദ്യുതോല്പാദനവും ജലസേചനവും, ജലസേചനപദ്ധതികൾ എന്ന നിലയ്ക്കുമാത്രം നോക്കിയാൽ പോലും ഈ എല്ലാ പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്. കാരണം, ഭക്ഷ്യോല്പാദനവിഷയത്തിൽ ഒരു കമ്മിപ്രദേശമായ കേരളത്തിൽ കൃഷിവികസനത്തിനു കൂടുതൽ ഭൂമി ലഭിക്കുക എന്നതു കേവലം അസാദ്ധ്യമായിരിക്കെ ജലസേചനംകൊണ്ട് ഉള്ള ഭൂമിയിലെ വിളവു വർദ്ധിപ്പിക്കുകയെന്നത് വളരെ പ്രധാനമാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ നദികളുടെയും സാധ്യതകളെ പറ്റി സെൻട്രൽ വാട്ടർ ആന്റ് പവർകമ്മീഷനെക്കൊണ്ടു സർവ്വെ നടത്തി ഒരു പദ്ധതി തയ്യാറാക്കിക്കണം. ഈ പദ്ധതികൾ മുഴുവൻ ഒരൊറ്റ പഞ്ചവത്സരപദ്ധതി കൊണ്ടു പൂർത്തിയാക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഒരു 15 വർഷത്തെ പദ്ധതിയായി ഇതു ആവിഷ്ക്കരിക്കണം.

എന്നാൽ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തന്നെ അടിയന്തിരമായി ഏറ്റെടുക്കേണ്ട പദ്ധതികൾ ഉണ്ട്. അവയിൽ കേരളത്തിനു മാത്രമല്ല മറ്റു സംസ്ഥാനങ്ങൾക്കുകൂടി ഉപയോഗപ്പെടുന്ന ബരാപ്പുഴയും, വള്ളുവനാട്ടിലെ കാഞ്ഞിരപ്പുഴയും, മധ്യതിരുവിതാംകൂറിലെ പമ്പാ പദ്ധതിയും, നെന്മാറിലെ പോത്തുണ്ടി പദ്ധതിയും ഏറ്റെടുക്കണം. മീങ്കര പദ്ധതിയുടെ അണക്കെട്ടിന്റെ ഉയരം കൂട്ടണം. വടക്കേമലബാറും കാസർഗോഡും ജലസേചനത്തിന്റെ കാര്യത്തിൽ ഇതേവരെ തീരെ അവഗണിക്കപ്പെട്ടിരിക്കുകയാണ്. ജലസേചനത്തിനും വിദ്യുച്ഛക്തിനിർമ്മാണത്തിനും അവിടത്തെ പലേ പുഴകളും ഉപയോഗപ്പെടുത്താൻ കഴിയും. അതിനുവേണ്ട നടപടികളെടുക്കണം.

വൻകിട പദ്ധതികളൊന്നും തുടങ്ങാൻ സൗകര്യമില്ലാത്ത പ്രദേശങ്ങൾ ജലസേചനത്തിന്റെ കാര്യത്തിൽ കേവലം അവഗണിക്കപ്പെട്ടുപോകാനിടയാകാതെ ചെറുകിടജലസേചനപദ്ധതികൾ അത്തരം പ്രദേശങ്ങളിൽ നടപ്പാക്കണം. പൊതുവെ ചെറുകിട പദ്ധതികൾക്കു ആവശ്യമായ തുക നീക്കിവെക്കണം.

### വ്യവസായങ്ങൾ

മൂലധനമുടക്കു കൂടുതൽ വേണ്ടിവരുന്നതും അതിനനുസരിച്ചു തൊഴിൽ സൗകര്യം നൽകാൻ സാധിക്കാത്തതുമാണ് ഘനവ്യവസായങ്ങളടക്കമുള്ള വൻകിട വ്യവ

സായങ്ങളെന്നും, അതുകൊണ്ടുകേരളത്തെപ്പോലെ ജനപ്പെരുപ്പമുള്ള ഒരു സംസ്ഥാനത്തിനു പറ്റിയതല്ല അവയെന്നും ഒരു ധാരണയുണ്ട്. ഇതു ശരിയല്ല. ഈ വാദം സ്വീകരിച്ചാൽ കേരളം എന്നെന്നും ഒരു പിന്ന ണിപ്രദേശമായി കിടക്കേണ്ടിവരും. ഇന്നുള്ള കുടി ൽവ്യവസായങ്ങൾപോലും നശിച്ച്, തികച്ചും ഒരു മരു ഭൂമിയായി രൂപാന്തരപ്പെടും. അതുകൊണ്ട് ധാരാളം തൊഴിൽ നൽകുന്ന ചെറുകിടവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും കൈത്തൊഴിലുകളേയും സംരക്ഷിക്കുന്നതോടൊപ്പംതന്നെ ഘനവ്യവസായങ്ങ ളുൾപ്പെടെയുള്ള ആധുനിക വൻകിട വ്യവസായങ്ങൾ കേരളത്തിൽ വളർത്തണം.

ഇന്ന് അടിയന്തിരമായി നാം പ്രാധാന്യം നൽകേണ്ടത് ഇന്ത്യയിലെ രണ്ടാമത്തെ കപ്പൽ നിർമ്മാണ കേന്ദ്രം കൊച്ചിയിൽ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടിയാണ്. കപ്പൽ നിർമ്മാണത്തിനു ആവശ്യമായ അസംസ്കൃ തസാധനങ്ങളും മറ്റെല്ലാ സൗകര്യങ്ങളും ഇവിടെയു ണ്ടെന്നു മനുസുബേദാർ കമ്മിറ്റി പണ്ടേ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇതിനുപുറമെ കേരളത്തിൽ സ്ഥാപിക്കാവുന്നതും അടിയന്തിരമായി സ്ഥാപിക്കാവുന്നതും അടിയന്തിര മായി സ്ഥാപിക്കേണ്ടതുമായ പ്രധാനപ്പെട്ട വ്യവസാ യങ്ങളിൽ ചിലതു താഴെകാണിക്കാം:

(എ) കോച്ച് ഫാക്ടറി - ഇന്ന് ഇന്ത്യയിലുള്ള കോച്ച് ഫാക്ടറികൾ ഒക്കെയുണ്ടായിട്ടും വർഷം പ്രതി 30,000 കോച്ചുകൾ ഇന്ത്യൻ റെയിൽവെകൾ ഇറക്കുമതി ചെയ്യുന്നു. അതുകൊണ്ട് കോച്ച് നിർമ്മാണത്തിനാവശ്യമായ തടിയും മറ്റും സുലഭമായിട്ടുള്ള കേരളത്തിൽ ഏതെങ്കിലും സൗകര്യമുള്ള കേന്ദ്രത്തിൽ ഒരു കോച്ച് ഫാക്ടറി തുടങ്ങണം.

(ബി) ഹെവി എഞ്ചിനീയറിങ്ങിനാവശ്യമായ തരത്തിൽ സ്റ്റീൽ റോളിങ്ങ്മിൽ ഒരെണ്ണം സ്ഥാ പിക്കണം. ഇന്ത്യക്കാവശ്യമായ ഉരുക്കിൽ ഒരു ഭാഗം ഇന്നും ഇറക്കുമതി ചെയ്തുകൊണ്ടിരി ക്കുന്നതിനാലും കൊച്ചിതുറമുഖം സൗകര്യപ്ര ദമായിട്ടുള്ളതിനാലും ഈ വ്യവസായത്തിനു നമുക്കു സാദ്ധ്യതയുണ്ട്.

(സി) ഒരു മെഷീൻ ടൂൾ ഫാക്ടറി

(ഡി) അലൂമിനിയം - അലൂമിനിയം നിർമ്മാണ ത്തിനാവശ്യമായ അസംസ്കൃതപദാർത്ഥം- ബോക്സൈറ്റ്-കേരളത്തിൽ ഇല്ലെങ്കിലും അതുപോലെതന്നെ കൂടുതലോ ഈ വ്യവ സായത്തിൽ പ്രാധാന്യമുള്ളതാണ് ഇലക്ട്രി സിറ്റി. ഇക്കാരണം കൊണ്ടാണ് ആലുവയിൽ ഒരു ഫാക്ടറി സ്ഥാപിച്ചത്. ഈ ഫാക്ട റിയുടെ ഉൽപാദനം വികസിപ്പിക്കുകയോ മറ്റൊന്നുകൂടി സ്ഥാപിക്കുകയോ ചെയ്യാം. ബോക്സൈറ്റ് സേലത്തുനിന്നു കിട്ടും.

(ഇ) കടലാസ് നിർമ്മാണം - മദ്രാസ് സംസ്ഥാനത്തു തുടങ്ങാൻ പ്ലാനിട്ടിരുന്ന കടലാസ്സ് മിൽ ആദ്യം നിലമ്പൂരാണ് പ്ലാൻ ചെയ്തിരുന്നത്. എന്നാൽ സംസ്ഥാനവിഭജനത്തിന്റെ ഫലമായിരിക്കാം, മദ്രാസ് ഗവൺമെന്റ് അതു നീലഗിരിയിൽ സ്ഥാപിക്കാനാണ് ഒടുവിൽ തീരുമാനിച്ചിരിക്കു ന്നത്. എന്നാൽ നിലമ്പൂർ ഒരു പേപ്പർ മിൽ തുടങ്ങാൻ കേരള സംസ്ഥാന ഗവൺമെന്റിനു അതൊരു തടസ്സമാവുകയില്ല.

(എഫ്) ടയർ ഫാക്ടറി - ഇന്ത്യയിലെ റബ്ബറിന്റെ 97 ശതമാനം ഉൽപാദിപ്പിക്കുന്ന കേരളത്തിൽ തന്നെയാണ് റബ്ബർഫാക്ടറി സ്ഥാപിക്കാൻ അർഹതയുള്ളത്. പൊതുമേഖയിൽ 75 ലക്ഷം രൂപ മുടക്കി തിരുവനന്തപുരത്തെ റബ്ബർഫാ ക്ടറി വികസിപ്പിച്ച് ടയർ നിർമ്മാണം കൂടി അവിടെ തുടങ്ങാൻ തിരു-കൊച്ചിസർക്കാ രിന്റെ കരടു പഞ്ചവത്സരപദ്ധതിയിൽ പ്ലാൻ ചെയ്തിരുന്നു. എന്നാൽ ആ നിർദ്ദേശം തള്ള പ്പെട്ടിരിക്കുകയാണിപ്പോൾ. പൊതുമേഖല യിൽ തന്നെ കേരളത്തിൽ എവിടെയെങ്കിലും ഒരു റബ്ബർ-ടയർ ഫാക്ടറി സ്ഥാപിക്കണം.

(ജി) ഗ്ലൂക്കോസും സ്റ്റാർച്ചും - മരച്ചീനിമാവിൽ നിന്ന് ഇവ ഉണ്ടാക്കാൻ കഴിയും. ഇത്തരം ഒരു ഫാക്ടറി തിരുവല്ലയിലെ പമ്പാ റിവർ ഫാക്ടറിയോടു അനുബന്ധിച്ചു തുടങ്ങാനുദ്ദേ ശിക്കുന്നതായി അറിയുന്നുണ്ട്. അതില്ലെങ്കിൽ സൗകര്യമുള്ള മറ്റേതെങ്കിലും സ്ഥലത്തു ഇതു തുടങ്ങണം.

(എച്ച്) ഹാർഡ് ബോർഡ് ഫാക്ടറി - ഈർച്ചപ്പൊ ടിയാണ് ഇതിന്റെ അസംസ്കൃത വസ്തു. അതുകൊണ്ടു ഈർച്ചക്കമ്പനികൾ ഉള്ള ഏതെങ്കിലും കേന്ദ്രത്തിൽ ഇതു തുടങ്ങാം. ആവശ്യവും ചിലവും നോക്കി ഒന്നിലധികം വേണമെങ്കിൽ തുടങ്ങണം.

(ഐ) മണൽ ഇഷ്ടികയും ഷീറ്റ് ഗ്ലാസും - അമ്പ ലപ്പുഴ ചേർത്തല താലൂക്കുകളിലെ വെണ്മ യേറിയ മണലാണ് ഈ വ്യവസായങ്ങളുടെ അസംസ്കൃതവസ്തു. ചേർത്തല മണൽ ആലുവയിൽ കൊണ്ടുവന്നാണ് ഒഗലേ ഗ്ലാസ് ഫാക്ടറി നടത്തുന്നത്. പ്രസ്തുത താലൂക്കുക ളിൽ പതിനായിരക്കണക്കിനു ടൺ ഈ മണൽ ലഭിക്കുമെന്നു മാത്രമല്ല, ഈ മണൽ നിരങ്ങി ക്കിട്ടിയാൽ തരിശായി കിടക്കുന്ന പല പ്രദേശ ങ്ങളും ഫലപൂയിഷ്ടമാവുകയും ചെയ്യും. ക്ഷാ മപീഢയുള്ള അമ്പലപ്പുഴ-ചേർത്തല താലൂക്കു കളിൽ നിന്ന് വ്യവസായങ്ങൾ തുടങ്ങണം.

(ജെ) സിമന്റ് - കോട്ടയത്തെ സിമന്റ് ഫാക്ടറി കക്ക ഉപയോഗിച്ചു കൊണ്ടുള്ളതാണ്. എന്നാൽ മറ്റു സ്ഥലങ്ങളിലെപ്പോലെ മണ്ണും കല്ലും ഉപയോ ഗിച്ചുതന്നെ ഒരു സിമന്റുഫാക്ടറികൂടി കേരള ത്തിൽ എവിടെയെങ്കിലും തുടങ്ങാൻ കഴിയും.

(കെ) സൾഫ്യൂറിക്ക് ആസിഡ് - തിരുവനന്തപുര ത്തു ഇതിനൊരു ഫാക്ടറി സ്ഥാപിക്കുമെന്നു രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കരടു തയ്യാറാ

ക്കിക്കൊണ്ടിരുന്ന അവസരത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നു. പക്ഷെ ഇന്നതു കാണുന്നില്ല.

(എൽ) കാസ്റ്റക് സോഡ

(എം) പഞ്ചസാര ഫാക്ടറി - ജലസേചനസൗകര്യം വർദ്ധിച്ചിട്ടുള്ള സ്ഥിതിക്ക് കരിമ്പ് കൃഷിചെയ്യാനും അതിന്റെ കൂടെ പഞ്ചസാരഫാക്ടറികൾ സ്ഥാപിക്കാനും സാധ്യതയുളവായിട്ടുണ്ട്. പഞ്ചസാരയ്ക്ക് മാർക്കറ്റു കിട്ടാതെ വിഷമിക്കുകയുമില്ല.

(എൻ) ടെക്സ്റ്റൈയിൽ മില്ലുകൾ-പരുത്തി ഇവിടെയില്ലെങ്കിലും, വിദേശത്തുനിന്നുവരുന്ന നീണ്ട ഇഴയുള്ള പഞ്ഞിയുടെ കാര്യത്തിൽ മറ്റേതു സംസ്ഥാനത്തെക്കാളും കൂടുതൽ സൗകര്യം നമുക്കുണ്ട്. അതുപയോഗിച്ചു നേരിയ വസ്ത്രങ്ങൽ നെയ്യുന്ന മില്ലുകൾ സ്ഥാപിക്കാം. ഇവിടത്തെ നനവുള്ള കാലാവസ്ഥ അതിനു അനുകൂലവുമാണ്. അതിനും പുറമെ ഇവിടെയുള്ള കൈത്തറികൾക്ക് നൂൽ കിട്ടാൻ ഇന്നുള്ളതിലും എത്രയോ മില്ലുകൾ ആവശ്യമാണ്.

(ഒ) കൺട്രി ക്രാഫ്ട് - പത്തേമാരി മുതലായവ ഉണ്ടാക്കുന്ന വ്യവസായം കേരളത്തിൽ പണ്ടേയുള്ളതാണ്. എന്നാൽ ഇന്നും അതു പഴഞ്ചൻ രീതിയിൽ നടത്തുകയാണ്. അതു പരിഷ്ക്കരിച്ച് യന്ത്രങ്ങൾ ഘടിപ്പിച്ച പത്തേമാരികളും മറ്റും ഉണ്ടാക്കുവാൻ ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ പ്രസ്തുത വ്യവസായ ഉടമകൾക്ക് നൽകണം.

(പി) മോട്ടോർ വാഹനങ്ങൾക്കാവശ്യമായ പല ഭാഗങ്ങളും ഇന്നു ഇന്ത്യയിൽ ഉണ്ടാക്കിവരുന്നുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ക്ഷോപ്പിലും മറ്റ് മോട്ടോർ വർക്ക് ഷോപ്പുകളിലും ഇവ ഇവിടെയും ഉണ്ടാക്കാൻ കഴിയും. അതു തുടങ്ങണം.

(ക്യു) കേന്ദ്രഗവൺമെന്റ് തെക്കേ ഇന്ത്യയിൽ തുടങ്ങാനുദ്ദേശിക്കുന്ന ഗവൺമെന്റ് പ്രസ്സ് കേരളത്തിൽ വേണം.

(ആർ) വടക്കേമലബാറിൽ ഉപ്പുപടന്ന (ഉപ്പളം) തുടങ്ങാനുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തണം.

ഇതിനു പുറമെ ഇന്നു നടക്കുന്ന എത്രയോ വ്യവസായങ്ങൾ വികസിപ്പിക്കാൻ കഴിയും. ഉദാ:- തീപ്പെട്ടി, പ്ലൈവുഡ്, ഫർണ്ണീച്ചർ, ഫ്രൂട്ട് കാനിങ്, പോട്ടറി, സിറാമിക്, കുടനിർമ്മാണം, ചെറുകിട എൻജിനീയറിങ്ങ്, സോപ്പ്, പണിയായുധനിർമ്മാണം, ബോഡി ബിൽഡിംഗ്, തോൽ ഊറയ്ക്കിടൽ എന്നിങ്ങനെ പലതും അക്കൂട്ടത്തിലുണ്ട്.

### തുറമുഖങ്ങൾ

കൊച്ചിതുറമുഖം ഇന്ത്യയിലെ മേജർ തുറമുഖങ്ങളിലൊന്നാണെങ്കിലും മറ്റു തുറമുഖങ്ങൾ വികസിപ്പിക്കാൻ ചിലവു ചെയ്യുന്നതിനു അനുസരിച്ചു കൊച്ചി തുറമുഖത്തിൽ ചിലവിടുന്നില്ല. ഈ അവഗണന മാറ്റി ആവശ്യമായ തുക അനുവദിക്കണം.

ഇതിനു പുറമെ വിഴിഞ്ഞം, ബേപ്പൂർ, ചിറക്കൽ താലൂക്കിലെ അഴീക്കൽ, എട്ടിക്കുളം മുതലായ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. വലിയ സാദ്ധ്യതകളുള്ളതാണ് അവ. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ തുറമുഖങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുകയും വേണം.

### റെയിൽവെ

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊല്ലം-എറണാകുളം റെയിൽവെ പൂർത്തിയാക്കുന്നതു മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. എന്നാൽ അഖിലേന്ത്യാപദ്ധതിയിലാകട്ടെ ഏറ്റവും കൂടുതൽ തുക നീക്കിവെച്ചിരിക്കുന്ന ഇനം റെയിൽവേയുമാണ്. എന്നിട്ടും കേരളത്തിന്റെ ആവശ്യം അനുസരിച്ചും, കേരളത്തിൽ റെയിൽവേകളുടെ വിരളത കണക്കിലെടുത്തുകൊണ്ടും കൂടുതൽ ലൈനുകൾ അനുവദിക്കാൻ കേന്ദ്രഗവൺമെന്റിനു സന്മനസ്സുണ്ടായിട്ടില്ല. ജനങ്ങളാണെങ്കിലോ കൂടുതൽ കൂടുതൽ റെയിൽവെകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുയാണ്. ബോഡിനായ്ക്കന്നൂർ-കൊച്ചി, കൊല്ലം-ആലപ്പുഴ-എറണാകുളം, പുനലൂർ-കായംകുളം, തൃശ്ശൂർ-കൊല്ലങ്കോട്, ചാലക്കുടി-പൊള്ളാച്ചി, തലശ്ശേരി-കുടക്-മൈസൂർ എന്നിങ്ങിനെ പലതും. ഇവയെല്ലാംകൂടി ഒരു പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കേരളത്തിൽ റെയിൽവേവികസനത്തിന്നു ഒരു 15 വർഷപദ്ധതിയുണ്ടാക്കണം. അതിൽ മേൽപ്പറഞ്ഞതിൽ ഏതേതു ആദ്യമാദ്യം എടുക്കണമെന്നു തീരുമാനിക്കണം.

എന്നാൽ കൊല്ലം-ആലപ്പുഴ-കൊച്ചി റെയിൽവെയും തലശ്ശേരി-കുടക്-മൈസൂർ റെയിൽവെയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തണം.

### ജലഗതാഗതം

തിരുവനന്തപുരത്തുനിന്നു കാസർഗോഡ് ചന്ദ്രഗിരിപ്പുഴവരെ തുടർച്ചയായി ജലമാർഗ്ഗം ഗതാഗതം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കാൻ കഴിയും. ഇന്നുതന്നെ അതിൽ കുറെയുണ്ട്. ചില സ്ഥലങ്ങളിൽ തോടുകൾ വീതികൂട്ടിയും ആഴം വെപ്പിച്ചും ഇതു പൂർത്തിയാക്കണം.

### മോട്ടോർ ട്രാൻസ്പോർട്ട്

കന്യാകുമാരി മുതൽ ഗുരുവായൂർ വരെയുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കേരളത്തിന്റെ വടക്കേയറ്റം വരെ നീട്ടുക. ഇതിന്റെ ആവശ്യത്തിന് പാപ്പനംകോട്ടുള്ള കേന്ദ്രവർക്ക് ഷാപ്പിനുപുറമേ വടക്കുഭാഗങ്ങളിലും ഒന്നോ അതിലധികമോ കേന്ദ്രങ്ങളിൽ വർക്ക്ഷാപ്പും ബോഡി ബിൽഡിങ്ങും തുടങ്ങുക.

### കയർ വ്യവസായം

കയർപിരി വ്യവസായത്തിന്റേയും ഫാക്ടറി വ്യവസായത്തിന്റേയും പ്രശ്നം രണ്ടും രണ്ടാണ്. അതിൽ

ആദ്യത്തേതിന്റെ പ്രശ്നം തൊണ്ടിനു വില നിയന്ത്രിച്ചു ന്യായമായ വിലക്കു അതു ഉല്പാദകർക്കു കിട്ടാറാക്കുക എന്നതാണ്. അങ്ങനെ ലഭിച്ചാൽ ന്യായമായ മിനിമം കൂലി തൊഴിലാളികൾക്കു ലഭിക്കുകയും കയറിന്റെ വില ശരിയായ തോതിൽ നിൽക്കുകയും ചെയ്യും. കയറിനു ചിലവില്ല എന്ന പ്രശ്നം ഇന്നില്ല. മറ്റൊരു പ്രശ്നം, കയർ സഹകരണപ്രസ്ഥാനത്തിൽ കടന്നുകൂടിയിട്ടുള്ള ഇടത്തട്ടുകാരെയും അഴിമതിക്കാരെയും പുറത്താക്കി പ്രസ്ഥാനം ചെറുകിട ഉല്പാദകരുടേയും തൊഴിലാളികളുടേയും ആക്കിത്തീർക്കുക എന്നതാണ്.

കയറ്റുപായ, തടുക്ക് മുതലായവയുടെ പ്രശ്നമാണെങ്കിൽ കപ്പൽക്കൂലി നിരക്കിലുള്ള വിവേചനം നിമിത്തവും പല യൂറോപ്യൻ രാജ്യങ്ങളും ഇത്തരം കയറുല്പന്നങ്ങൾക്കെതിരായി നികുതിയും നിരോധനവും മറ്റും ഉപയോഗിക്കുന്നതുകൊണ്ടും ഉള്ളതാണ്. ഇത് മാറ്റിക്കിട്ടാൻ വേണ്ടി ആ വക രാജ്യങ്ങളുമായുള്ള കച്ചവടക്കരാറുകളിൽ പ്രത്യേക നിബന്ധനകൾ എഴുതിച്ചേർക്കാൻ ഇന്ത്യാഗവൺമെന്റിനെ പ്രേരിപ്പിക്കണം.

വിദേശ കുത്തകകമ്പനികൾ കുതന്ത്രങ്ങൾ ഉപയോഗിച്ച് ഈ വ്യവസായത്തിൽ നിന്നുള്ള ലാഭം കടൽ കടത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവിതത്തെ പരിഗണിക്കാതെ വെറും ലാഭത്തെ മാത്രം ഉദ്ദേശിച്ച് കയറും ചകിരിയും കയറ്റുമതി ചെയ്യുന്നതുമൂലം കയറുല്പന്നങ്ങളുടെ മാർക്കറ്റ് വിദേശക്കമ്പോളങ്ങളിൽ ദിനംപ്രതി കുറഞ്ഞുവരുന്നു. ഇതിൻഫലമായി കയർഫാക്ടറി തൊഴിലാളികളുടെ ഇടയിൽ, അഞ്ചുകൊല്ലത്തിലധികമായി നീണ്ടുനിൽക്കുന്ന തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടായികഴിഞ്ഞിരിക്കുന്നു. കയറുല്പന്നങ്ങൾക്കു മാർക്കറ്റുണ്ടാക്കുക, ആഭ്യന്തരകമ്പോളം വികസിപ്പിക്കുക, കൂലി ഏകീകരിക്കുക, വ്യവസായം പുനഃസംഘടിപ്പിക്കുക, വ്യവസായത്തിൽ നിന്നുള്ള ലാഭം നമ്മുടെ രാജ്യത്തുതന്നെ ഉപയോഗപ്പെടുത്തുക എന്നിവയ്ക്കുവേണ്ടി കയർ വ്യവസായത്തിൽ വിദേശമൂലധനത്തിനു പിടിയുള്ള എല്ലാ വ്യവസായശാലകളും ദേശവല്ക്കരിക്കാനുള്ള അടിയന്തരനടപടികൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റ് മുതിരേണ്ടതാകുന്നു.

### കൈത്തറി

ഇന്ത്യാഗവൺമെന്റിന്റെ കൈത്തറി സഹായപദ്ധതി ഈ വ്യവസായത്തിനു കുറേ സഹായകമായിട്ടുണ്ട്. നെയ്ത്തുകാർ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച് പല ആനുകൂല്യങ്ങളും നേടുന്നുണ്ട്. എന്നാൽ ഇതിലും കൊള്ളകളും അട്ടിമറികളും ഉണ്ട്. അവയെ ഇല്ലാതാക്കുകയും മുഴുവൻ നെയ്ത്തുകാരേയും സഹകരണസംഘങ്ങളിൽ ഉൾപ്പെടുത്തിയും സംഘങ്ങളുടെ പ്രവർത്തനമൂലധനം വർദ്ധിപ്പിച്ചും പ്രാഥമിക-കേന്ദ്രസംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കാൻ ആവശ്യമായ ഭേദഗതികൾ നിയമനത്തിൽ വരുത്തിയും പദ്ധതിയുടെ മുഴുവൻ ഗുണവും കൈത്തറി നെയ്ത്തുകാർ ലഭിക്കാറാക്കുകയും വേണം. കൈത്തറികൾക്ക് ആവശ്യമുള്ള സാമഗ്രികൾ നിർമ്മിക്കാനുള്ള ഫാക്ടറി, ബ്ലീച്ചിങ്ങ് ആന്റ് കലണ്ടറിങ്ങ് പ്ലാന്റ് മുതലായവ സ്ഥാപിച്ചുകൊടുക്കണം. ഉല്പാദനച്ചിലവു മാത്രം കണക്കാക്കി ആ വിലയ്ക്ക് നെയ്ത്തുകാർക്കു നൂൽ കിട്ടത്തക്കവണ്ണം സർക്കാർ സഹായിക്കണം. ഗവൺമെന്റാവശ്യങ്ങൾക്കു കൈത്തറി വസ്ത്രങ്ങൾ വാങ്ങുന്നതിനു ശ്രദ്ധിക്കണം. നെയ്ത്ത് സഹായസഹകരണസംഘങ്ങളുടെ കേന്ദ്രസംഘടനയുടെ വകയായി സ്പിന്നിങ്ങ് മില്ലുകൾ സ്ഥാപിക്കണം.

### കശുവണ്ടി

കശുവണ്ടി ഫാക്ടറികൾ ആണ്ടുമുഴുവൻ പ്രവർത്തിക്കത്തക്കവണ്ണം അവയെ പുനഃസംഘടിപ്പിക്കണം. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കാനായി കേരളത്തിൽത്തന്നെ, മലകളിൽ കശുമാവുതോട്ടങ്ങൾ വളർത്തണം.

നാം കയറ്റി അയയ്ക്കുന്ന കശുവണ്ടി എണ്ണയിൽ നിന്നു കിട്ടുന്ന സാധനങ്ങൾ കൊണ്ടു മറ്റു രാജ്യങ്ങളിൽ പല വ്യവസായങ്ങളും നടത്തുന്നതായി അറിയുന്നു. അതു നാമും കണ്ടുപിടിച്ചു ഇവിടെ ആരംഭിക്കണം.

### മത്സ്യം

പ്രധാനകേന്ദ്രങ്ങളിൽ ട്രോളർ മുതലായവ ഉപയോഗിച്ചു പുറംകടലിൽ നിന്നു മത്സ്യം പിടിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക. അവിടെ കോൾഡ് സ്റ്റോറേജുകൾ ഉണ്ടായിരിക്കണം.

മീൻപിടുത്തക്കാരെ മുഴുവൻ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. വല, വഞ്ചി മുതലായ ഉപകരണങ്ങൾ വാങ്ങിക്കാൻ കടംകൊടുക്കുക, പിടിച്ച മീൻ ഉൾനാട്ടിലേയ്ക്കുകൊണ്ടുപോകാൻ ഐസ്വാൻ ഏർപ്പെടുത്തുക, മീൻ പിടുത്തക്കാരുടെ കേന്ദ്രങ്ങളിൽ ഭവനനിർമ്മാണപദ്ധതി തുടങ്ങുക, അവർക്ക് വിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനും മറ്റും വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

ഉൾനാടുകളിലെ കുളങ്ങളിലും, കായലുകളിലും, അണക്കെട്ടുകളുടെ തടാകങ്ങളിലും നല്ലതരം മീനുകളെ വളർത്താനുള്ള പദ്ധതി ഉണ്ടാക്കുക.

### കുടിൽ വ്യവസായങ്ങൾ

ഓട്ടുപാത്രം, മൺപാത്രം, തഴപ്പായ നെയ്ത്ത്, പുല്പായനെയ്ത്ത്, പനമ്പും ഈറ്റകൊണ്ടുള്ള സാധനങ്ങളും, ചൂരൽ, കളിക്കോപ്പു നിർമ്മാണം, ദന്തവേലകൾ, മറ്റു കൊമ്പുകളെ കൊണ്ടുള്ള പണികൾ, ഇങ്ങനെ ഒട്ടനവധി കുടിൽവ്യവസായങ്ങൾ കേരളത്തിൽ അവിടവിടെയുണ്ട്. അവയ്ക്കാവശ്യമായ അസംസ്കൃതസാധനങ്ങൾ കുറഞ്ഞവിലയ്ക്കു വാങ്ങിക്കൊടുക്കുന്നതിനും അവയുടെ ഉൽപന്നങ്ങൾക്കു ശരിയായ വില കിട്ടുന്നതിനും സഹകരണസംഘങ്ങളിൽ ഈ കൈത്തൊഴിൽക്കാരെ സംഘടിപ്പിക്കുകയും സർക്കാർ സഹായം നല്കുകയും വേണം.

## വിദ്യാഭ്യാസം

തിരു-കൊച്ചിയിൽ ഡിഗ്രി കോളേജുകൾ ഇന്നു വേണ്ട വോളമുണ്ട്. പ്രൈവറ്റ് ഏജൻസികൾ ആണ്ടുതോറും പുതിയ കോളേജുകൾ തുറന്നുകൊണ്ടിരിക്കുന്നുമുണ്ട്. അതുകൊണ്ട് അത്തരം കോളേജുകൾ കൂടുതൽ തുടങ്ങുകയെന്നത് അവിടെ ഒരു വലിയ പ്രശ്നമല്ല. എന്നാൽ മലബാറിൽ ചില കേന്ദ്രങ്ങളിൽ സർക്കാർ തന്നെ കോളേജുകൾ സ്ഥാപിക്കണം.

ഏറ്റവും പ്രധാനസംഗതി സാങ്കേതികവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ കുറവാണ്. തിരു-കൊച്ചിയിൽ ഒരു എഞ്ചിനീയറിങ്ങ് കോളേജും ഒരു മെഡിക്കൽ കോളേജും രണ്ടു സാങ്കേതികവിദ്യാലയങ്ങളും (കളമശ്ശേരിയിലും തൃശ്ശൂരും) മാത്രമാണിന്നുള്ളത്. ഈ ആണ്ടിൽ കൊല്ലത്തും ചങ്ങനാശ്ശേരിയിലും ആമ്പല്ലൂരും ഓരോ പോളിടെക്നിക്ക് സ്വകാര്യഏജൻസികൾ തുടങ്ങുന്നുണ്ട്. കൂടാതെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തൃശൂരിൽ ഒരു എഞ്ചിനീയറിംങ് കോളേജും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

മലബാറിൽ ആകെയുള്ളതു കോഴിക്കോട്ട് ഒരു പോളിടെക്നിക്ക് മാത്രമാണ്.

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽതന്നെ മലബാറിൽ ഒരു എഞ്ചിനീയറിംങ് കോളേജും ഒരു മെഡിക്കൽ കോളേജും സ്ഥാപിക്കണം. കേരളത്തിലെ എല്ലാ ഡിസ്ട്രിക്ടുകളിലും ഓരോ പോളിടെക്നിക്കെങ്കിലും ഉണ്ടായിരിക്കണം. വെറും ആർട്സ് കോളേജുകൾ മാത്രം സ്ഥാപിക്കാൻ പണവും പ്രയത്നവും ചിലവിടുന്നതിനുപകരം കുറെയെങ്കിലും സാങ്കേതികവിദ്യാലയങ്ങൾ സ്ഥാപിക്കാൻ സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയും വേണം.

(ബി) തിരുവിതാംകൂർ സർവ്വകലാശാല, തിരുവിതാംകൂർ മഹാരാജാവിന്റെ രക്ഷാധികാരത്വത്തിൽ നിന്നു വിടുർത്തുകുയും കേരളസർവ്വകലാശാലയായി രൂപാന്തരപ്പെടുത്തുകയും ചെയ്യുക.

(സി) സർവ്വകലാശാലാവിദ്യാഭ്യാസം ഉൾപ്പെടെ അദ്ധ്യായനഭാഷ മലയാളമാക്കിത്തീർക്കുവാൻ ക്രമീകൃതമായ ഒരു പദ്ധതിയനുസരിച്ചു നടപടികൾ എടുക്കുക.

(ഡി) പ്രൈവറ്റ് കോളേജുകളുടെ നടത്തിപ്പിൽ സർവകലാശാല കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തണം.

(ഇ) എല്ലാ കുട്ടികൾക്കും 14 വയസ്സുവരെ സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുക.

(എഫ്) ഗ്രാമങ്ങളിൽ സാക്ഷരത്വം നടപ്പിലാക്കാൻ വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളും കൂടുതൽ വായനശാലകളും മറ്റും തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക.

(ജി) ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ-അടിസ്ഥാനവിദ്യാഭ്യാസമുൾപ്പെടെ-രാജ്യത്തിന്റെ അടിയന്തരമായ വ്യവസായവൽക്കരണമെന്ന ലക്ഷ്യത്തിനു അനുയോജ്യമായ തരത്തിൽ, ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകികൊണ്ട് പുനഃസംഘടിപ്പിക്കാൻ വേണ്ട നടപടികളെടുക്കുക.

(എച്ച്) വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകയും വിദ്യാഭ്യാസപുനഃസംവിധാനത്തിൽ ഈ സംഘടനകൾക്ക് പങ്ക് അനുവദിക്കുകയും വേണം.

ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ വിപുലപ്പെടുത്തുക

നാം ആവിഷ്ക്കരിച്ചു നടപ്പിലാക്കാനുദ്ദേശിക്കുന്ന അഭിവൃദ്ധിപദ്ധതികളുടെ വിജയം വാസ്തവത്തിൽ ആശ്രയിച്ചിരിക്കുന്നതു അവ നടപ്പിലാക്കുന്നതിൽ ജനങ്ങൾ എത്രത്തോളം സജീവമായും ഹൃദയംഗമമായും മുൻകയ്യെടുത്തും സഹകരിച്ച് പ്രവർത്തിക്കുന്നുവെന്നതിനെയാണ്. നിയമസമാധാനപാലനത്തിന്റെ പേരിൽ ജനങ്ങളെ അടിച്ചമർത്തി നിർത്താനുള്ള പഴയ ഭരണകൂടത്തെ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട്, വികസനപദ്ധതികളുടെ നടത്തിപ്പിന്റെ ചുമതലയെല്ലാം കുറെ ഉദ്യോഗസ്ഥമേധാവികളെ ഏൽപിച്ചുകൊണ്ട്, ജാതി, അയിത്തം മുതലായ സമുദായ ദുരാചാരങ്ങൾ സൃഷ്ടിച്ചിട്ടുള്ള അസമത്വങ്ങൾ നീക്കാൻ ഫലപ്രദമായ നടപടികളെടുക്കാതെകണ്ട്, ജനങ്ങളുടെ നിർമ്മാണാത്മാകമായ കഴിവുകളെയാകെ അഴിച്ചുവിടാനോ അവരുടെ സഹകരണം നേടാനോ സാദ്ധ്യമല്ല. അതുകൊണ്ട്,

1. പുതിയ കേരള സംസ്ഥാനത്തിൽ മലബാറിലിന്നുള്ളപോലെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ബോർഡുകൾ രൂപീകരിക്കുകയും അതാതു ജില്ലകളിലെ വികസനപരിപാടികൾ നടപ്പിലാക്കാനുള്ള പരിപൂർണ്ണമായ അധികാരവും, വികസനവുമായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ ജില്ലാനിലവാരത്തിലുള്ള നിയന്ത്രണവും ഈ ഡിസ്ട്രിക്ട് ബോർഡുകൾക്കു നൽകുകയും വേണം. ജില്ലാ ബോർഡുകൾ, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവ വഴിയായിരിക്കണം ഈ വികസനപരിപാടികൾ നടപ്പിലാക്കുന്നത്.
2. ഇതനുസരിച്ച് പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും ഡിസ്ട്രിക്ട് ബോർഡുകളുടേയും അധികാരങ്ങൾ വിപുലപ്പെടുത്തണം; അവയ്ക്കു കൂടുതൽ ഗ്രാന്റ് അനുവദിക്കണം; ഇവയിൽ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് ആഫീസർമാരുടെ മേൽ അച്ചടക്കനിയന്ത്രണം ഈ സ്ഥാപനങ്ങൾക്കായിരിക്കണം.
3. പഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഡിസ്ട്രിക്ട് ബോർഡ് നിലവാരത്തിൽ വികസനപദ്ധതികൾ നടപ്പാക്കുന്നതിനെപ്പറ്റി നിർദ്ദേശങ്ങൾ നൽകാനും

മേൽനോട്ടം വഹിക്കാനും കൃഷിക്കാരുടേയും തൊഴിലാളികളുടേയും മറ്റു ജനവിഭാഗങ്ങളുടെയും പ്രതിനിധികളടങ്ങുന്ന ഉപദേശകകൗൺസിലുകൾ രൂപീകരിക്കണം.

4. സർക്കാർ നടത്തുന്നതോ സർക്കാരിന് ഷെയറുള്ളതോ ആയ വ്യവസായങ്ങളിലും ഫാക്ടറികളും മാനേജിമെന്റൽ-ഡയറക്ടർ ബോർഡിലും മറ്റും - തൊഴിലാളികളുടെ പ്രതിനിധികളെക്കൂടി തുല്യാധികാരത്തോടുകൂടി പങ്കെടുപ്പിക്കണം.

5. ജാതിയും അയിത്തവും മറ്റനാചാരങ്ങൾ സൃഷ്ടിച്ചിട്ടുള്ള അസമത്വങ്ങൾ അവസാനിപ്പിക്കാൻവേണ്ടി, വിദ്യാഭ്യാസകാര്യത്തിൽ ഉദ്യോഗനിയമനങ്ങളിലും മറ്റും ഈ അസമത്വങ്ങൾ കൊണ്ട് കഷ്ടതയനുഭവിക്കുന്ന സമുദായങ്ങൾക്കും ന്യൂനപക്ഷസമുദായങ്ങൾക്കും പ്രത്യേകാനുകൂല്യവും സംരക്ഷണവും നൽകാൻ നടപടികളെക്കണം; ഈ അനാചാരങ്ങൾക്കെതിരായും സർവ്വസമുദായ മൈത്രിക്കുവേണ്ടിയും നാട്ടുകാരെയാകെ അണിനിരത്തി പ്രവർത്തിക്കുകയും വേണം.

6. മുസ്ലീം ന്യൂനപക്ഷത്തിനുള്ള ആശങ്കകൾ തീർക്കത്തക്കവിധം അവരുടെ അവകാശങ്ങൾക്ക് മതിയായ സംരക്ഷണം നൽകുകയും മതവിശ്വാസം, സംസ്കാരം മുതലായവയ്ക്കു ഉറപ്പു നൽകുകയും വിദ്യാഭ്യാസപരമായി അവരുടെ സ്ഥിതി ഉയർത്താൻ നടപടികളെടുക്കുകയും ചെയ്യുക.

7. ആദിവാസികൾ, ഹരിജനങ്ങൾ മുതലായ പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നതിക്കു പ്രത്യേകം ശ്രദ്ധ ചെലുത്തുക.

8. എല്ലാ സമുദായങ്ങളിലും വിഭാഗങ്ങളിലുംപെട്ട സ്ത്രീകൾക്കു തുല്യാവകാശത്തിന് ഉറപ്പു നൽകാൻ, പിന്തുടർച്ചാവകാശം, തുല്യവേലയ്ക്കു തുല്യകൂലി, പ്രസവകാലാവധി, പ്രസവ ശുശ്രൂഷാ സൗകര്യങ്ങൾ, ശിശുസംരക്ഷണകേന്ദ്രങ്ങൾ എന്നിവയ്ക്കു വ്യവസ്ഥ ചെയ്യുക. ജോലികൊടുക്കുന്ന കാര്യത്തിൽ സ്ത്രീയോ വിവാഹിതയോ ആണെന്ന കാരണത്തിൽ യാതൊരു വിവേചനവും പാടില്ല. ഗവൺമെന്റിന്റെ സാമൂഹ്യസുരക്ഷാപദ്ധതികളിൽ സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമത്തിനും രക്ഷയ്ക്കും പുരോഗതിക്കും പ്രത്യേക തുക നീക്കി വെക്കണം.

### വൈദ്യസഹായം

മലബാറിലായാലും തിരു-കൊച്ചിയിലായാലും ഗ്രാമങ്ങളിൽ വൈദ്യസഹായം വേണ്ടത്ര ലഭിക്കുന്നില്ല. വൈദ്യസഹായം വികസിപ്പിക്കുന്നതിൽ നാട്ടുവൈദ്യത്തെയും പ്രയോജനപ്പെടുത്തണം. നാട്ടുവൈദ്യത്തെ ആധുനിക ശാസ്ത്രപുരോഗതിക്കൊത്തു വളർത്തിക്കൊണ്ടുവരണം. അതിനു ഒരു ആയുവേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കണം.

എല്ലാ ജില്ലാതലസ്ഥാന ആശുപത്രികളിലും എക്സ്-റേ മുതലായ ആധുനിക സജ്ജീകരണങ്ങൾ സ്ഥാപിക്കുക.

താലൂക്ക് തോറുമുള്ള ഗവൺമെന്റാശുപത്രിക്കു പുറമെ ലോക്കൽ ഫണ്ട് ഡിസ്പെൻസറികൾ ഗവൺമെന്റ് ഏറ്റെടുക്കുകയും കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളോടുകൂടി അവയെ വികസിപ്പിക്കുകയും ചെയ്യുക.

പരിയാരം സാനിറ്റോറിയം ഗവൺമെന്റു ഏറ്റെടുക്കുക.

മലമ്പനി, മന്ത് മുതലായ രോഗങ്ങളെ സംബന്ധിച്ച ഗവേഷണവും നിവാരണനടപടികളും വികസിപ്പിക്കുക.

ആയുർവേദ വൈദ്യന്മാർക്ക്, മരുന്നുണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇന്നുള്ള വിഷമതകൾ നീക്കുക.

### ഭാഷ, കല, സംസ്കാരം

കേരളത്തിൽ അടുത്ത കാലത്തായി അന്യാദൃശമായ ഒരു സാംസ്കാരിക മുന്നേറ്റമുണ്ട്. അതിനെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുകയും, കേരളത്തിന്റേതായ കലകളും സംസ്കാരവും കാത്തുരക്ഷിക്കാനും വളർത്താനും നടപടികളെടുക്കുകയും ചെയ്യണം.

(എ) സർക്കാർ എഴുത്തുകുത്തുകളും നടപടികളുമെല്ലാം മലയാളത്തിലാക്കുക.

(ബി) മലയാളത്തിൽ ഒരു വിജ്ഞാനകോശം നിർമ്മിക്കുന്നതിനുള്ള നടപടികളെടുക്കുക.

(സി) കേരളത്തിലെ കലാ-സാഹിത്യസംഘടനകൾക്കു പ്രാതിനിധ്യം നൽകികൊണ്ട്, സാഹിത്യഅക്കാദമിയുടേയും ലളിതകലാ അക്കാദമിയുടേയും ഓരോ ശാഖകൾ സ്ഥാപിക്കുക; കേന്ദ്രത്തിൽ നിന്നു ഇവയ്ക്ക് ജനസംഖ്യാനുപാതികമായിട്ടെങ്കിലും സഹായധനം നൽകണമെന്ന് ആവശ്യപ്പെടുക.

### തൊഴിലാളികളുടെ സ്ഥിതി നന്നാക്കാൻ

### 1. തൊഴിലില്ലായ്മ

കേരളത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് തൊഴിലില്ലായ്മയാണ്. കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ കയർവ്യവസായത്തിൽ ഒട്ടധികം ഫാക്ടറികൾ പൂട്ടുകയും പതിനായിരക്കണക്കിനു തൊഴിലാളികൾ തെരുവുതെണ്ടികളാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്നു പ്രവർത്തിക്കുന്ന കയർ ഫാക്ടറികളിൽതന്നെ ആഴ്ചയിൽ ശരാശരി 3 ദിവസത്തിലധികം ജോലിയില്ല. ഇപ്പോഴും ഫാക്ടറികളോരോന്നായി പൂട്ടിക്കൊണ്ടിരിക്കുന്നു. കശുവണ്ടി ഫാക്ടറികളിൽ ആണ്ടുതോറും 3-4 മാസം ജോലിയില്ലാത്ത സ്ഥിതിയാണ്. ഓയിൽ, ഓട്, കൈത്തറി തുടങ്ങിയ വ്യവസായങ്ങളിലും ഭാഗികമായ തൊഴിലില്ലായ്മ തുടരുകയാണ്.

തൊഴിലില്ലാത്തവർക്കു പുതിയ തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനും അതുവരെ മറ്റ് ആശ്വാസനടപടികളെടുക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

(1) പൂർണ്ണമായും ഭാഗികമായും തൊഴിലില്ലാത്തവരുടെയും തൊഴിലില്ലാതാകുന്നവരുടേയും രജിസ്റ്റർ സൂക്ഷിക്കാൻ നടപടികളെടുക്കുക.

(2) തീരെ തൊഴിലില്ലാത്തവർക്കു പുതിയ വ്യവസായങ്ങൾ തുടങ്ങുമ്പോഴും വികസനപരിപാടിയനുസരിച്ച നിർമ്മാണപ്രവർത്തനങ്ങളിലും ജോലി കൊടുക്കുന്നതിൽ മുൻഗണന നൽകുക.

(3) ഭാഗികമായി തൊഴിലില്ലാത്തവർക്ക് റിലീഫ് നൽകാൻ തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ റിലീഫ് ഫണ്ടും ആരംഭിക്കുക.

(4) തൊഴിലില്ലായ്മാവേതനം കിട്ടുന്നതിനും പിരിച്ചുവിടൽ കൂടാതെ ``ലേ-ഓഫ്- കോമ്പൻസേഷൻ" ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്യുക.

## 2. ട്രേഡ് യൂണിയൻ അവകാശങ്ങൾ

തൊഴിലാളികളുടെ ട്രേഡ് യൂണിയനവകാശങ്ങൾക്കു ഉറപ്പു നൽകാൻ:

(1) രജിസ്റ്റർ ചെയ്ത എല്ലാ ട്രേഡ് യൂണിയനുകൾക്കും അംഗീകരണം നൽകേണ്ടതു നിർബന്ധമാക്കുക.

(2) ഏതെങ്കിലും വ്യവസായസ്ഥാപനത്തിൽ ഒന്നിലധികം യൂണിയനുകളുണ്ടെങ്കിൽ, പ്രാതിനിധ്യകാര്യത്തിൽ അവ തമ്മിൽ കൂടിയാലോചിച്ച് ഒരു യോജിപ്പുണ്ടാക്കുന്നതിനെ പ്രോത്സാപ്പിക്കുക: അല്ലെങ്കിൽ രഹസ്യവോട്ടെടുപ്പ് നടത്തി ഭൂരിപക്ഷാഭിപ്രായം അറിയുക.

(3) തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടരുത്. തൊഴിൽത്തർക്കങ്ങൾ കൂടിയാലോചിച്ച് ഫലപ്രദമായി തീർക്കാൻ എല്ലാ നിലവാരത്തിലും അനുരഞ്ജനസമിതികൾ ഏർപ്പെടുത്തുക.

(4) തൊഴിലാളി-മുതലാളി പ്രതിനിധികൾ ഒന്നിച്ചിരുന്നു ചർച്ച ചെയ്ത് അംഗീകരിക്കുന്ന ``സ്റ്റാന്റിങ്ങ് ചട്ടങ്ങൾ" ഉണ്ടാക്കാൻ വ്യവസ്ഥ ചെയ്യുക.

(5) ട്രേഡ് യൂണിയൻ പ്രവർത്തനത്തിനുള്ള എല്ലാ സൗകര്യങ്ങളും നിയമപ്രകാരം അനുവദിക്കുക.

## 3. കൂലിയും ബോണസ്സും

രാജ്യത്തിന്റെ വ്യവസായവൽക്കരണത്തിലും ദേശീയ പുനർനിർമ്മാണത്തിലും തൊഴിലാളികൾ ആവേശത്തോടും ആത്മാർത്ഥയോടുംകൂടി പങ്കെടുക്കണമെങ്കിൽ, അതുകൊണ്ട് അവരുടെ ജീവിതസ്ഥിതിയും അഭിവൃദ്ധിപ്പെടുന്നുണ്ടെന്നു അവർക്കു അനുഭവബോധ്യമാകേണ്ടതു അനിവാര്യമാണ്. അതിനു അവർക്കു അവകാശമുണ്ടുതാനും. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തുണ്ടായതുപോലെ വ്യവസായങ്ങളിൽ ഉൽപാദനവും, തൊഴിലാളികളുടെ ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക. എന്നാൽ കൂലിയും മറ്റും വർദ്ധിക്കാതിരിക്കുകയെന്ന സ്ഥിതി തുടരാൻ പാടില്ല.

(1) എല്ലാ വ്യവസായങ്ങളിലും എല്ലാ വിഭാഗങ്ങളിലുംപെട്ട തൊഴിലാളികൾക്കും ഉടൻതന്നെ 25 ശതമാനം കൂലിക്കൂടുതൽ അനുവദിക്കണം.

(2) ദേശീയ മിനിമം കൂലി നിജപ്പെടുത്താൻ നടപടികളെടുക്കണം. കേരളത്തിൽ തോട്ടങ്ങൾ, അലുമിനിയം, റയോൺസ്, പേപ്പർ, തുണി-നൂൽ മില്ലുകൾ, മോട്ടോർ ട്രാൻസ്പോർട്ട്, തുറമുഖം, മിനറൽസ് മുതലായ വ്യവസായങ്ങളിൽ ഒട്ടും താമസിയാതെ ദേശീയ മിനിമം നിജപ്പെടുത്തേണ്ടതാണ്.

(3) എല്ലാ തൊഴിലാളികൾക്കും ``മാറ്റിവെയ്ക്കപ്പെട്ട കൂലി" എന്ന നിലയ്ക്ക് വാർഷികബോണസ്സ് കിട്ടാനുള്ള അവകാശം അംഗീകരിക്കണം. അങ്ങനെ കിട്ടാനവകാശപ്പെട്ട ബോണസ്സ് ചുരുങ്ങിയത് കൂലിയുടെ 12.5 ശതമാനമായിരിക്കണമെന്നു നിശ്ചയിക്കുകയും ആദായമനുസരിച്ചു പ്രത്യേക വ്യവസായങ്ങളിലും വർഷങ്ങളിലും കൂടുതൽ അനുവദിക്കുകയും വേണം.

(4) മലബാറിലും തിരു-കൊച്ചിയിലും പലേ വ്യവസായങ്ങളിലും മിനിമം കൂലി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിരക്കിൽ വ്യത്യാസമുണ്ട്. ഇരുഭാഗത്തും നിജപ്പെടുത്തിയ വ്യവസായങ്ങളൊന്നല്ലതാനും. അതുകൊണ്ട് കേരള സ്റ്റേറ്റിൽ, മലബാറിലോ തിരു-കൊച്ചിയിലോ മിനിമം കൂലി നിജപ്പെടുത്തിട്ടുള്ള എല്ലാ വ്യവസായങ്ങൾക്കും നിലവിലുള്ള കൂടുതൽ ഉയർന്ന നിരക്കിൽ അത് ഒരുപോലെ ബാധകമാക്കുകയും കർശനമായി നടപ്പിലാക്കുകയും വേണം.

## കാർഷികപരിഷ്കാരങ്ങളും കൃഷിക്കാരുടെ ആവശ്യങ്ങളും

### പരിധി നിർണ്ണയം

ഒരാൾക്കോ കുടുംബത്തിനോ കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി പരിധി നിർണ്ണയിച്ചു മിച്ചഭൂമി എടുത്ത് ഭൂമിയില്ലാത്ത കർഷകർക്കോ കാർഷിക ത്തൊഴിലാളികൾക്കോ നൽകുന്ന ഭൂപരിഷ്കാരം നടപ്പിലാക്കേണ്ടത് കേരളത്തെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. അതുകൊണ്ടു ഭൂമിയുടെ പരിധി നിർണ്ണയിക്കണമെന്ന പ്ലാനിംഗ് കമ്മീഷന്റെ ശുപാർശ തികച്ചും സ്വാഗതാർഹമാണ്. പ്ലാനിംഗ് കമ്മീഷന്റെ ഭൂനയപാനലിന്റെ നിർദ്ദേശം, അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി 3600 ഉറുപ്പിക അറ്റാദായം കിട്ടാൻ വേണ്ടത്രയായിരിക്കണമെന്നാണ്. ഇന്ത്യക്കു മൊത്തത്തിലുള്ള ഒരു നിർദ്ദേശമാണിത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കൃഷിചെയ്യാവുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള കുറവും, ജനബാഹുല്യവും, തൊഴിലില്ലായ്മയുടെ വൈപുല്യവും എല്ലാം പരിഗണിക്കുമ്പോൾ മറ്റു സ്റ്റേറ്റുകൾക്കു നിശ്ചയിക്കുന്നതിലും കുറഞ്ഞ ഒരു പരിധിയേ ഇവിടെ നിശ്ചയിച്ചുകൂടുവെ

ന്നതു തീർച്ചയാണ്. പരിധി നിർണ്ണയിക്കുന്നതുകൊണ്ട് കുറേ ഭൂമിയെങ്കിലും ഭൂമിയില്ലാത്ത കർഷകർക്കു എടുത്തു വിതരണം ചെയ്യുന്നതിനു കിട്ടാനുണ്ടായിരിക്കണം.

എന്നാൽ ഭൂപ്രഭുത്വവർഗത്തിന്റെ സമ്മർദ്ദത്തിന് കീഴ്വഴങ്ങിയ കേരളത്തിലെ കോൺ ഗ്രസ്സ് നേതൃത്വം ഭൂനയപാനൽ വെച്ചിട്ടുള്ള ഈ നിർദ്ദേശത്തെപ്പോലും അംഗീകരിക്കാൻ സന്നദ്ധമായിട്ടില്ല. ഈ സാഹചര്യത്തിൽ ഭൂനയപാനലിന്റെ നിർദ്ദേശപ്രകാരമുള്ള ഈ പരിധി നിർണ്ണയമെങ്കിലും നടപ്പിൽ വരുത്തുന്നതിനു കേരളത്തിലെ കോൺഗ്രസുകാരടക്കമുള്ള മുഴുവൻ ജനാധിപത്യവാദികളേയും ഏകോപിപ്പിക്കുകയെന്നത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഒരു കുടുംബത്തിന് കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി പരിധി 3600 ഉറുപ്പിക അറ്റാദായം കിട്ടാൻ വേണ്ടത്രയെന്നു നിശ്ചയിച്ചു മിച്ചഭൂമി മുഴുവൻ എടുത്തു ഭൂമിയില്ലാത്തവർക്കു നൽകുന്ന നിയമം നടപ്പിൽ വരുത്തുവാനുള്ള പ്രക്ഷോഭണം രാജ്യവ്യാപകമായ തോതിൽ സംഘടിപ്പിക്കണം.

ഇങ്ങനെ പരിധി നിർണ്ണയിക്കുമ്പോൾ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ള ജന്മികൾക്ക് കുടയാന്മാരുടെ കൈവശമുള്ള ഭൂമി നിശ്ചിത പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. ഈ പരിധി റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ കൃഷിചെയ്യുന്ന എസ്റ്റേറ്റുകൾക്കൊഴിച്ചു മറ്റെല്ലാ ഭൂമികൾക്കും ബാധകമാക്കണം. എന്നാൽ ഇത്തരം എസ്റ്റേറ്റുകളുടെ ഭാഗമായി വളരെയധികം ഭൂമി പല സ്ഥലങ്ങളിലും തരിശായി ഇന്നു കിടക്കുന്നുണ്ട്. ഇതിൽ പല ഭൂമിയും എസ്റ്റേറ്റിനു പറ്റാത്തതും നല്ല നിലമാക്കി രൂപാന്തരപ്പെടുത്താവുന്നതുമായ കൊല്ലി പ്രദേശങ്ങളും ചതുപ്പിനിലങ്ങളുമാണ്. ഇങ്ങനെയുള്ള തരിശുഭൂമികൾക്കു പരിധി നിർണ്ണയം ബാധകമാക്കണം: പരിധി നിർണ്ണയിച്ചതിനുശേഷമുള്ള മിച്ചഭൂമി എടുത്ത് വിതരണം ചെയ്യുന്നത് ഭൂമിയില്ലാത്ത കൃഷിക്കാർക്കും കാർഷികത്തൊഴിലാളികൾക്കുമായിരിക്കണം.

### സ്ഥിരാവകാശവും മര്യാദപാട്ടവും

കൃഷിക്കാർക്ക് കൈവശഭൂമിയിൽ സ്ഥിരാവകാശവും നിലവിലുള്ള അക്രമപ്പാട്ടവ്യവസ്ഥയിൽ നിന്നു ആശ്വാസവും നൽകുന്നതിനു എല്ലാവിധ പാട്ടമൊഴിപ്പിക്കലുകളും നിരോധിക്കുന്നതും മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതുമായ നിയമം അടിയന്തരമായി നടപ്പിൽ വരുത്തണം. മര്യാദപ്പാട്ടത്തിന്റെ കാര്യത്തിൽ പ്ലാനിംഗ് കമ്മീഷന്റെ ഭൂനയപാനൽ വെച്ചിട്ടുള്ള നിർദ്ദേശം എല്ലാ ഭൂമികൾക്കും മൊത്തം വിളവിന്റെ ആറിലൊന്നിൽ കൂടാത്തവിധം പാട്ടം നിശ്ചയിക്കണമെന്നാണ്. ഈ നിർദ്ദേശം കേരളത്തിന്റെ കാര്യത്തൽ സ്വീകരിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പാട്ടം ഈ തോതനുസരിച്ചുള്ള മര്യാദപ്പാട്ടത്തേക്കാൾ കുറവാണെങ്കിൽ അതായിരിക്കണം മര്യാദപ്പാട്ടം.

പങ്കുപാട്ടം, വാരം, ശമ്പളപാട്ടം എന്നിവയുൾപ്പടെ എല്ലാത്തരം കുടിയാന്മാർക്കും ഭൂമിയിൽ സ്ഥിരാവകാശമുണ്ടായിരിക്കുന്നതാണ്.

ഭൂമിയിൽ അധ്വാനിക്കുന്ന കർഷകനെ, സ്വന്തം കൃഷിക്കെന്ന പേരിലോ മറ്റെന്തെങ്കിലും പേരിലോ ഒഴിപ്പിക്കാൻ ജന്മിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ളവരും ഭൂമിയിൽ നിന്നുള്ള ആദായമല്ലാതെ മറ്റു ജീവിതമാർഗ്ഗങ്ങളൊന്നും ഇല്ലാത്തവരുമായ ഇടത്തരം ഭൂവുടമകളുടെ കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാവുന്നതാണ്.

ഒരു കൊല്ലത്തിനുമേലുള്ള മുഴുവൻ പാട്ടക്കുടിശ്ശികയും റദ്ദ് ചെയ്യണം.

കുടികിടപ്പുകാരേയും ഉൾക്കുടിക്കാരേയും ഒരു കാരണവശാലും ഒഴിപ്പാക്കാൻ പാടില്ല.

മര്യാദ പാട്ടത്തിന്റെ ഒരു നിശ്ചിത ഇരട്ടി പ്രതിഫലം ജന്മികൾക്കു നൽകി, അവർക്കു ഭൂമിയിലുള്ള എല്ലാ അവകാശങ്ങളും അവസാനിപ്പിച്ച് കുടിയാന്മാരുടെ ഭൂമിയുടെ യഥാർതഥ ഉടമകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൃഷിക്കാരിൽനിന്ന് വസൂലാക്കാന്ന വാർഷിക പ്രതിഫലസംഖ്യ അയാൾ ജന്മിക്കു കൊടുക്കാൻ ബാദ്ധ്യതപ്പെട്ട മര്യാദപാട്ടത്തിലും കൂടുതലാകാൻ പാടില്ല.

### ജന്മിക്കര-കാണസമ്പ്രദായങ്ങൾ

തിരു-കൊച്ചിയിലെ ജന്മിക്കരവ്യവസ്ഥയും മലബാറിലെ കാണസമ്പ്രദായവും ചുരുങ്ങിയ പ്രതിഫലം നൽകിയും, തിരുവിതാംകൂറിലെ മണിയംകരം, ശ്രീപാദം വ്യവസ്ഥകൾ യാതൊരുവിധ പ്രതിഫലവും നൽകാതെയും നിർത്തലാക്കണം.

ഈ കാർഷികപരിഷ്കാരങ്ങളെല്ലാം നടപ്പിൽ വരുത്തുന്നത്, വില്ലേജ് പഞ്ചായത്തുകളും കർഷകരുടേയും കാർഷികത്തൊഴിലാളികളുടേയും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും അടങ്ങുന്ന ട്രൈബൂണലുകൾ മുഖേനയായിരിക്കണം.

### കാർഷികത്തൊഴിലാളികൾ

(1) മേഖലാടിസ്ഥാനത്തിലും തൊഴിലിന്റെ അടിസ്ഥാനത്തിലും എല്ലാ വിഭാഗത്തിലുംപെട്ട കാർഷികത്തൊഴിലാളികൾക്കും മര്യാദക്കൂലിയും വേലസമയവും നിയമം മൂലം നിശ്ചയിക്കണം.

(2) കാർഷികത്തൊഴിലാളികൾക്കു പണിയായുധങ്ങൾ വാങ്ങാനും മറ്റാവശ്യങ്ങൾക്കും ചുരുങ്ങിയ പലിശയ്ക്ക് കടം കിട്ടാൻ ഏർപ്പാടുകളുണ്ടാക്കുക.

(3) കാർഷികതൊഴിലാളികളെ - വിശേഷിച്ചും ഹരിജനങ്ങളെ - ജന്മികളും നാട്ടുപ്രമാണികളും അടിമകളാക്കി വയ്ക്കുന്നതും പാട്ടത്തിനു കൊടുക്കുന്നതുമായ സമ്പ്രദായത്തെ അതിന്റെ എല്ലാ രൂപത്തിലും നിയമം മൂലം നിരോധിക്കുക.

(4) പരസ്പര സഹായാടിസ്ഥാനത്തിൽ കാർഷികതൊഴിലാളികളുടെയിടയിൽ പരമ്പരയായിട്ടുള്ള

കുടിൽവ്യവസായങ്ങളെ പുനഃസംഘടിപ്പിക്കാൻ സഹായിക്കുക.

(5) കാർഷികതൊഴിലാളികൾക്കുവേണ്ടി ഭവന നിർമ്മാണപദ്ധതി കൂടുതൽ വിപുലമായി നടപ്പിലാക്കുക.

## കാർഷികകടവും കടംവായ്പയും

കൃഷിക്കാർക്കു വായ്പ നൽകുന്നതിനു 25 കോടി രൂപ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളാസ്റ്റേറ്റിനു നീക്കിവെക്കണം. ഈ വായ്പ അർഹതയും ആവശ്യകതയുമുള്ള മുഴുവൻ കർഷകർക്കും വില്ലേജുതോറും കടവായ്പാ സഹകരണസംഘങ്ങൾ സംഘടിപ്പിച്ച്, അവയിൽ കൂടി നൽകാൻ വ്യവസ്ഥ ചെയ്യണം. സഹകരണ സംഘങ്ങളുടെ പ്രവർത്തനം തികച്ചും ജനാധിപത്യപരമാക്കുന്നതിന് ആവശ്യമായ ഭേദഗതികൾ കോ-ഓപ്പറേറ്റീവ് ആക്ടിലും മറ്റു വരുത്തണം.

ഹുണ്ടികവ്യാപാരികൾ കൃഷിക്കാരിൽ നിന്നു അക്രമമായ പലിശനിരക്ക് വസൂലാക്കിവരുന്നതിനെ നിയമനിർമ്മാണം മൂലം കർശനമായി തടയുകയും, ഹുണ്ടികവ്യാപാരം നടത്തുന്നതിനു ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

ഹുണ്ടികവ്യാപാരികളുടെ കൈവശമുള്ള പണം കൃഷിവായ്പക്ക് പ്രയോജനപ്പെടത്തക്കവണ്ണം കടംവായ്പാ സഹകരണങ്ങളിൽ നിക്ഷേപിക്കുന്നതിനു ആവശ്യമായ പ്രേരണ അവർക്കു നൽകണം.

വില്ലേജ് തോറും ധാന്യബാങ്കുകളും കാർഷികോൽപന്നങ്ങൾ വിനിമയം ചെയ്യുന്ന മാർക്കറ്റിങ്ങ് സൊസൈറ്റികളും സ്ഥാപിക്കണം.

ഭൂപണയ ബാങ്കിൽ നിന്നു സാധാരണ കർഷകനു വായ്പ ലഭിക്കാൻ ഇന്നുള്ള ബുദ്ധിമുട്ടുകൾ നീക്കം ചെയ്യത്തക്കവിധം അതിന്റെ നിയമങ്ങളിൽ ഭേദഗതി വരുത്തുകയും നടത്തിപ്പ് കാര്യക്ഷമമാക്കുകയും ചെയ്യണം.

നിലവിലുള്ള കാർഷികകടങ്ങളുടെ കാര്യത്തിൽ കർഷകർക്കു ആശ്വാസകരമായ നടപടികൾ സ്വീകരിക്കണം. കൃത്രിമകടങ്ങളും, കാർഷികത്തൊഴിലാളികൾ, ദരിദ്രകർഷകർ എന്നിവരുടെ കടങ്ങളും റദ്ദു ചെയ്യണം. മറ്റു കടങ്ങളിൽ വെട്ടിക്കുറയ്ക്കേണ്ടവ വെട്ടിക്കുറക്കുകയും ബാക്കിയുള്ളതു ദീർഘകാല ഗഡുക്കളായി അടച്ചുതീർക്കാൻ വ്യവസ്ഥ ചെയ്യുകയും വേണം. ഈ കാര്യങ്ങൾക്കു കർഷകപ്രതിനിധികൾകൂടി ഉൾപെടുന്ന ഋണരഞ്ജന ബോർഡുകൾ രൂപീകരിക്കണം. ഈ കാര്യങ്ങളെല്ലാം നടപ്പിൽ വരുത്തുന്നതുവരെ കാർഷികകടം സംബന്ധിച്ചുള്ള എല്ലാ കോടതി നടപടികളും നിർത്തിവെക്കേണ്ടതാണ്.

## കാർഷികോൽപ്പന്നങ്ങൾക്ക് അടിസ്ഥാനവില

തേങ്ങ, നെല്ല്, കുരുമുളക്, അടയ്ക്ക, പുൽതൈലം, ചുക്ക്, കപ്പ, കശുവണ്ടി എന്നിങ്ങനെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട കാർഷികോൽപന്നങ്ങൾക്കു അടിസ്ഥാനവില സർക്കാർ നിശ്ചയിക്കണം. ഏതെങ്കിലും ഉൽപന്നത്തിന്റെ കമ്പോളനിലവാരം ഈ അടിസ്ഥാനവിലയേക്കാൾ ഇടിഞ്ഞു പോകുന്ന അവസരത്തിൽ ഗവൺമെന്റു നേരിട്ടു ആ അടിസ്ഥാനവിലയ്ക്ക് ഉൽപന്നം വാങ്ങി ശേഖരിക്കണം. ഉല്പാദനച്ചിലവും ഉല്പാദകനു ന്യായമായ ഒരു ആദായവും ലഭിക്കാൻ വേണ്ട വരുമാനം കിട്ടത്തക്കവിധമായിരിക്കണം ഓരോ ഉല്പന്നത്തിനും അടിസ്ഥാനവില നിശ്ചയിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും ശരിയായ കമ്പോളം കണ്ടുപിടിക്കുന്ന ചുമതല ഗവൺമെന്റിന്റേതായിരിക്കണം.

കുത്തക മുതലാളി മാരുടെ അമിതമായ ചൂഷണം തടയുന്നതിനു സ്റ്റേറ്റ് ട്രേഡിംഗ് സിസ്റ്റം ഏർപ്പെടുത്തണം.

## തരിശുഭൂമി

കൃഷിചെയ്യാവുന്ന തരിശു-പുറമ്പോക്കു ഭൂമികളും, വനഭൂമികളും, (സർക്കാർ വകയും, സ്വകാര്യ ജന്മികളുടെ വകയും) ഭൂമിയില്ലാത്ത കർഷകർക്കും കാർഷികത്തൊഴിലാളികൾക്കുമായി കുടുംബമൊന്നിനു അഞ്ചേക്കറിൽ കൂടാത്തവിധം കൃഷിക്കു നൽകണം. ഭൂമിയില്ലാത്ത കർഷകർ കൈവശംവെച്ചുവരുന്ന അത്തരം ഭൂമികളിൽ നിന്ന് അവരെ ഒഴിപ്പിക്കാനുള്ള എല്ലാ നടപടികളും ഉപേക്ഷിക്കണം. സർക്കാർഭൂമി വിപുലമായ തോതിൽ കൈവശം വെച്ചുവരുന്ന ധനാഢ്യന്മാരിൽ നിന്നു ആവക ഭൂമികൾ ഒഴിപ്പിച്ചെടുത്തു ഭൂമിയില്ലാത്തവർക്കു നൽകണം.

തരിശുഭൂമി കൃഷിക്കു നൽകുന്നതിനു അടിസ്ഥാന നികുതിയിൽ കൂടാത്ത കരം മാത്രമേ കൃഷിക്കാരിൽ നിന്നു വസൂലാക്കിക്കൂടൂ. വിളവിറക്കുന്നതിനു കർഷകർക്കു ആവശ്യമായ സാമ്പത്തികസഹായം ഗവൺമെന്റു നൽകണം.

## ജലസേചന പദ്ധതികൾ

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ജലസേചന പദ്ധതികളിൽ പൂർത്തിയാവാതെ കിടക്കുന്നവയുടെ പണി ഉടൻ പൂർത്തിയാക്കുകയും രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുകയും ചെയ്യണം.

മൈനർ ജലസേചന പദ്ധതിക്കു രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലേക്കു 10 കോടി രൂപ നിരക്കി വെക്കണം. മൈനർ ജലസേചനപദ്ധതികളുടെ പ്രവർത്തനം വില്ലേജ് പഞ്ചായത്തുകളെ ഏല്പിക്കണം.

ജലനികുതി വെട്ടിക്കുറയ്ക്കുകയും അതു വസൂലാക്കുന്നതിനുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കുകയും ചെയ്യണം. അഭിവൃദ്ധിനികുതി ഈടാക്കാനുള്ള നടപടികൾ ഉപേക്ഷിക്കണം.

## കുടിൽവ്യവസായങ്ങൾ

കാർഷികത്തൊഴിലാളികളുടേയും ചെറുകർഷകരുടേയും ഇടയിലുള്ള തൊഴിലില്ലായ്മ താൽക്കാലികമായ പരിഹാരമുണ്ടാക്കുന്നതിനായി തഴപ്പായ, പനമ്പ് നെയ്ത്ത്, ചൂരൽ, രാമച്ചം, മൺപാത്രം, ചൂടി തുടങ്ങിയ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും

അവ സംഘടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റ് നൽകുകയും ചെയ്യണം.

## കൃഷിവികസനം

പഞ്ചായത്തുതോറും കൃഷി ഡിപ്പോകൾ സ്ഥാപിക്കുകയും കർഷകർക്കു ആവശ്യമുള്ള വിത്ത്, വളം, പണിയായുധങ്ങൾ മുതലായവ ചുരുങ്ങിയ വിലക്കു ആൾജാമ്യത്തിന്മേൽ കടമായി ലഭിക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്യണം.

സർക്കാർ ജീവനക്കാരുടേയും മറ്റും സ്ഥിതി നന്നാക്കാൻ

(1) കേരള സ്റ്റേറ്റ് രൂപീകരിക്കപ്പെടുമ്പോൾ തിരു-കൊച്ചിയിലേയും മലബാറിലെയും സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ മുതലായവരുടേയും ശമ്പളനിരക്കും മറ്റു ജോലിസൗകര്യങ്ങളും ഏകീകരിക്കുന്നതിന്റെ പ്രശ്നം ഉത്ഭവിക്കും. ഒരു വിഭാഗത്തിന്റേയും ഇന്നത്തെ സ്ഥിതി ഇടിയാൻ ഇടയാകാത്തവിധത്തിൽ, അവരുടെ പ്രതിനിധികളുമായി ആലോചിച്ച് ഈ സംയോജനം നടത്താൻ വേണ്ട നടപടികളെടുക്കണം.

(2) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും മറ്റു ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും അനുവദിക്കണം.

## പൗരസ്വാതന്ത്ര്യങ്ങൾ

എല്ലാ രാഷ്ട്രീയത്തടവുകാരേയും മോചിപ്പിക്കണം. രാഷ്ട്രീയ കേസ്സുകൾ കാരണം ഇന്നും ഒളിവിൽ കഴിയേണ്ടിവരുന്നവരുടെ പേരിലുള്ള വാറണ്ടുകൾ പിൻവലിക്കണം.

പത്രങ്ങളുടേയും മറ്റും മേലുള്ള നിരോധനങ്ങൾ റദ്ദു ചെയ്യണം.

കരുതൽ തടങ്കൽ നിയമം, പത്രമാരണനിയമം, നാടകാഭിനയനിയമം മുതലായവ റദ്ദാക്കണം.

## നികുതികളും ധനാഗമമാർഗ്ഗങ്ങളും

(1) മലബാറിലെ ഇന്നത്തെ നിലനികുതി സമ്പ്രദായം മാറ്റി തിരു-കൊച്ചിയിലെപ്പോലെ അടിസ്ഥാന നികുതിയും കാർഷികാദായ നികുതിയും നടപ്പാക്കുക. തിരു-കൊച്ചിയിൽ ഇന്നു നിലനികുതി 35 ലക്ഷം രൂപയോളവും കാർഷികാദായനികുതി ഒരു കോടി രൂപയോളവും ലഭിക്കുന്നു. മലബാറിലെ നികുതി സമ്പ്രദായം മേല്പറഞ്ഞവിധം മാറ്റുന്നതുകൊണ്ട് ഉണ്ടാകുന്ന കുറവ് കാർഷികാദായനികുതി ചുമത്തുന്നതുകൊണ്ടു നികത്തപ്പെടും.

(2) ട്രാൻസ്പോർട്ട് ദേശസാൽക്കരണം: സ്റ്റേറ്റ് ട്രാൻസ്പോർട്ട് മലബാറിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും എല്ലാ പ്രധാന ലൈനുകളും ദേശസാൽക്കരിക്കുകയും ചെയ്യുക.

(3) ബ്രിട്ടീഷ് ഉടമയിലുള്ളതോട്ടം വ്യവസായം ദേശസാൽക്കരിക്കുക.

(4) മലബാറിലെ സ്വകാര്യ വനങ്ങൾ ദേശസാൽക്കരിക്കുക.

(5) മലബാറിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ, യാത്രാസൗകര്യങ്ങൾ, വൈദ്യസഹായ സൗകര്യങ്ങൾ മുതലായ സാമൂഹ്യ സർവ്വീസുകൾ അതിവേഗത്തിൽ തിരു-കൊച്ചിയുടേതിനോടു തുല്യമാക്കുന്നതിന് ഒരു നിശ്ചിത പദ്ധതിയനുസരിച്ച് കേരളത്തിന് കേന്ദ്രത്തിൽ നിന്നു പ്രത്യേക ഗ്രാന്റ് അനുവദിക്കണം.

# 9

## ഒന്നാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്, 1994

### ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ അധ്യക്ഷ പ്രസംഗം

ആദരണീയനായ ഉപാധ്യക്ഷൻ, വിദേശങ്ങളിൽ നിന്നെത്തിയ വിശിഷ്ടാതിഥികൾ, കേരളത്തിലും ഇന്ത്യയിലുമാകെ നിന്നെത്തിയ പണ്ഡിതർ, സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകർ,

ഈ കോൺഗ്രസിൽ പങ്കെടുക്കാനുള്ള ഞങ്ങളുടെ ക്ഷണം സ്വീകരിച്ചതിന് വിവിധ ശാഖകളിലെ പണ്ഡിതരെയും സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകരെയും നിങ്ങളെല്ലാവരെയും ഞാൻ നന്ദി അറിയിക്കുന്നു.

ഇത് ഒരു അപൂർവമായ സമ്മേളനമാണ്. ഇവിടെ ഒരുമിച്ചുകൂടിയിരിക്കുന്നത് ആയിരത്തിലധികം വിശിഷ്ട വ്യക്തികളാണ്. 73 സെഷനുകളിലായി, മൂന്ന് ദിവസങ്ങളിലായി, കേരളത്തിന്റെ സാമൂഹ്യശാസ്ത്രം, സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം, സംസ്കാരം, പ്രകൃതി വിഭവങ്ങൾ എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ചാണ് ഇവർ ചർച്ച ചെയ്യുന്നത്. പണ്ഡിതരുടെ അവതരണങ്ങളിൽ നിന്ന് സാധാരണ ജനങ്ങൾ ലാഭം നേടും; സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകരുടെ പ്രായോഗിക അനുഭവങ്ങളിൽ നിന്ന് പണ്ഡിതർക്കും ഗുണമുണ്ടാകും. ഇത്തരമൊരു ആശയ-അനുഭവ കൈമാറ്റം കേരളത്തിന് വളരെ സഹായകരമായിരിക്കും; കാരണം അത് നമ്മുടെ സാമൂഹ്യ-സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് നൽകും.

കേരളം നേരിടുന്ന വിവിധ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണം എന്നതിനെക്കുറിച്ച് കൃത്യമായ നിഗമനങ്ങളിലേക്കെത്തുന്ന ഒരു സെമിനാർ എന്ന നിലയിലാണ് ഈ സമ്മേളനം രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്ന് കരുതേണ്ടതില്ല. ആ ദൗത്യം കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതാണ് -- ഈ കോൺഗ്രസിൽ നിന്ന് അവർ നേടുന്ന അനുഭവങ്ങൾ ഉൾപ്പെടെ. എ. കെ. ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെ ഭാഗത്ത് നിന്ന് പറയുകയാണെങ്കിൽ, ഈ കോൺഗ്രസിൽ പണ്ഡിതരും പ്രവർത്തകരും തമ്മിൽ നടക്കുന്ന സംവാദം തുടർന്നുകൊണ്ടുപോകാൻ ഞങ്ങൾ കഴിയുന്നത്ര കാര്യങ്ങൾ ചെയ്യുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു.

മഹത്തായ വിപ്ലവകാരിയായ എ. കെ. ഗോപാലന്റെ സ്മരണയ്ക്കായി സ്ഥാപിതമായതാണ് എ. കെ. ജി. പഠന ഗവേഷണ കേന്ദ്രം. നിരവധി വർഷങ്ങളോളം എ. കെ. ഗോപാലൻ അഖിലേന്ത്യാ കിസാൻ സഭയുടെ പ്രസിഡന്റായിരുന്നു. രാജ്യത്തുടനീളം സഞ്ചരിച്ച് ഗ്രാമീണരും നാഗരികരുമായ തൊഴിലാളികളെ അടിച്ചമർത്തലിനും ചൂഷണത്തിനുമെതിരായ പോരാട്ടത്തിനായി അദ്ദേഹം സംഘടിപ്പിച്ചു. 1952-ലെ ആദ്യ പൊതുതെരഞ്ഞെടുപ്പു മുതൽ ഇരുപത് വർഷത്തിലധികം കാലം ലോക്സഭയിലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പിന്റെ നേതാവായിരുന്നു എ. കെ. ഗോപാലൻ (ആ കാലയളവിന്റെ ഭൂരിഭാഗത്തും ലോക്സഭയിലെ ഏറ്റവും വലിയ പ്രതിപക്ഷസംഘമായി കമ്മ്യൂണിസ്റ്റുകൾ നിലകൊണ്ടിരുന്നു).

സ്വയം ഒരു അക്കാദമിക് പണ്ഡിതനല്ലായിരുന്നെങ്കിലും, തന്റെ ജീവിതാവസാനത്തിൽ എല്ലാ മേഖലകളിൽ നിന്നുള്ള പ്രവർത്തകർക്ക് വേണ്ടി ഒരു സ്കൂൾ ആരംഭിക്കണമെന്ന ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം അന്തരിച്ചതിന് ശേഷം, അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി ഒരു "അനൗദ്യോഗികമായ സർവകലാശാല" സ്ഥാപിക്കപ്പെടുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതി -- അക്കാദമിക് പണ്ഡിതർക്കും സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകർക്കും വിവരങ്ങളും അനുഭവങ്ങളും പരസ്പരം കൈമാറ്റം ചെയ്യാൻ കഴിയുന്ന ഒരു സ്ഥാപനമായി. എ. കെ. ഗോപാലന്റെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭൂരിഭാഗം കാലവും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിരുന്നു; ഈ സ്ഥാപനത്തിന്റെ ചുമതല വഹിക്കാൻ എന്നെ തെരഞ്ഞെടുത്തതും അങ്ങനെയായിരുന്നു. ഈ കേന്ദ്രത്തിന്റെ ഡയറക്ടർ എന്ന നിലയിലാണ് കേരളം നേരിടുന്ന ചില പ്രായോഗിക പ്രശ്നങ്ങൾ ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

"അനൗദ്യോഗികമായ സർവകലാശാല" എന്ന പേരിലാണ് ഈ കേന്ദ്രം അറിയപ്പെടുന്നതെങ്കിലും, ഞാൻ ഉൾപ്പെടെ ഇതിന്റെ സ്ഥാപകർക്ക് അക്കാദമിക് പണ്ഡിതത്വത്തെക്കുറിച്ച് അവകാശവാദങ്ങളൊന്നുമില്ല. എന്നിരുന്നാലും, ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായി, വിവിധ ശാഖകളിലെ നിരവധി വിശിഷ്ട പണ്ഡിതർ ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു എന്നത് ഞങ്ങളുടെ വലിയ ഭാഗ്യമാണ്. ഞങ്ങൾ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരാണ്; അക്കാദമിക് മേഖലയിൽ നിന്നുള്ള ഞങ്ങളുടെ സുഹൃത്തുക്കൾ ഞങ്ങളുമായി സംവദിക്കുന്നത് ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഈ കോൺഗ്രസ്, തീർച്ചയായും, ഇതുവരെ നടന്നവയെക്കാൾ വളരെ വലിയ ഒരു പരിപാടിയാണ്. ഇവിടെ

എത്തി, നിങ്ങളുടെ അനുഭവങ്ങളുടെയും അറിവിന്റെയും വിജ്ഞാനത്തിന്റെയും പ്രയോജനം ഞങ്ങൾക്ക് നൽകാൻ സമ്മതിച്ചതിന് നിങ്ങളെ വീണ്ടും ഒരിക്കൽ കൂടി നന്ദി അറിയിക്കട്ടെ.

കേരളത്തിലെ ഏറ്റവും മഹത്തായ കമ്മ്യൂണിസ്റ്റിന്റെ പേരിലാണ് ഈ കേന്ദ്രത്തിന് നാമകരണം ചെയ്തിരിക്കുന്നത്; സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുദ്ര ഈ കേന്ദ്രത്തിൽ പതിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെയും കേരളത്തിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ജനനവും വളർച്ചയും, അതിന്റെ പ്രശ്നങ്ങളും, ഈ കേന്ദ്രത്തിന്റെ പ്രധാന ചിന്താവിഷയങ്ങളാണ്. ഒരു പാർട്ടിയായി ഞങ്ങൾ അക്കാദമിക് ചിന്തയിലും പണ്ഡിതപ്രവർത്തനങ്ങളിലും നൽകിയ ചില സംഭാവനകൾ ഇവിടെ പരാമർശിക്കുന്നത് ഉചിതമാണെന്ന് ഞാൻ കരുതുന്നു. “ദാർശനികർ ലോകത്തെ വിവിധ രീതികളിൽ വ്യാഖ്യാനിച്ചിട്ടുണ്ട്; എന്നാൽ അതിനെ മാറ്റുക എന്നതാണ് പ്രധാനം” -- ഫയർബാക്കിനെക്കുറിച്ചുള്ള കാറൽ മാർക്സിന്റെ തീസിസിൽ ഇങ്ങനെയാണ് പറയുന്നത്. കേരളത്തിലെയും ഇന്ത്യയിലെയും കമ്മ്യൂണിസ്റ്റുകളായ ഞങ്ങൾ വെറും രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് മാത്രമായി സ്വയം പരിമിതപ്പെടുത്തിയിട്ടില്ല; അക്കാദമിക് ചിന്തയിലേക്കും സംഭാവനകൾ നൽകിയതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചത് 1930-കളുടെ മധ്യകാലത്താണ് -- ഇന്ത്യയിൽ അത് ആരംഭിച്ചതിന് ഒരു ദശാബ്ദത്തിലധികം കഴിഞ്ഞ്. പ്രസ്ഥാനത്തിന്റെ ആ തുടക്ക വർഷങ്ങളിൽ പ്രധാനപ്പെട്ട ചില സാമൂഹ്യ-സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക പ്രശ്നങ്ങൾ ഞങ്ങളെ നേരിട്ടു. അവയെക്കുറിച്ചുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളാണ് അക്കാദമിക്-പണ്ഡിത ചിന്തയുടെ വികസനത്തിലേക്കുള്ള ഞങ്ങളുടെ ആദ്യ സംഭാവനകളുടെ അടിത്തറയായത്.

ഇത്തരം പ്രശ്നങ്ങളിൽ ആദ്യത്തേത്, പ്രത്യേകമായ കേരളസ്വഭാവമുള്ള ഒരു സാമന്തവ്യവസ്ഥയുടെ നിലനില്പായിരുന്നു. സാമ്പത്തിക മേഖലയിൽ ജന്മിമാരുടെ ആധിപത്യം, സാമൂഹ്യജീവിതത്തിൽ ബ്രാഹ്മണാധിപത്യമുള്ള ഉയർന്ന ജാതികളുടെ ആധിപത്യം, കേരളത്തിന്റെ വിവിധ ഘടക പ്രദേശങ്ങളിലെ രാജാക്കന്മാരുടെയും ചെറുരാജാക്കന്മാരുടെയും ഭരണാധികാരം -- ഈ മൂന്നു തരത്തിലുള്ള ആധിപത്യങ്ങളുടെ സംയോജനത്തെയാണ് ഞാൻ കേരളീയ സാമന്തവ്യവസ്ഥ എന്ന് വിളിച്ചിട്ടുള്ളത്. ഈ മൂന്നു ആധിപത്യരൂപങ്ങളുടെയും അവയ്ക്കെതിരെ ജനങ്ങൾ പുലർത്തിയ ശക്തിയുമാണ് കേരളത്തിലെ സാമൂഹ്യ–സാമ്പത്തിക ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ.

ദേശീയ സ്വാതന്ത്ര്യത്തിനായുള്ള, ബ്രിട്ടീഷ് ഭരണത്തോടുള്ള, ഞങ്ങളുടെ പോരാട്ടം, അതിനാൽ തന്നെ, ജന്മിമാരോടും സവർണ്ണ ആധിപത്യത്തോടും രാജഭരണത്തോടുമുള്ള പോരാട്ടവുമായി ഏകീകരിക്കപ്പെട്ടു. 1934-ൽ കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ, ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ഈ സാമൂഹ്യ പോരാട്ടങ്ങളുമായി ഏകീകരിക്കുക എന്നതിനെ ഞങ്ങൾ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ദൗത്യമായി കണക്കാക്കി. ബഹുമുഖമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ ഈ ഏകീകരണം സാധ്യമാക്കി.

ഒന്നാമതായി, ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം കൈവരിച്ച ശേഷം തിരുവിതാംകൂറിലേയും കൊച്ചിയിലേയും നാട്ടു രാജ്യങ്ങളുടെയും, ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസിയിലെ മലബാർ ജില്ലയുടെയും, പ്രദേശങ്ങൾ ഒന്നിച്ചു ചേർത്ത് ഒരു ഐക്യ കേരളം രൂപീകരിക്കേണ്ടതുണ്ടെന്ന് ഞങ്ങൾ വിശ്വസിച്ചു. ഐക്യ കേരളം ഞങ്ങളുടെ അന്തിമ ലക്ഷ്യമായിരുന്നെങ്കിലും, നാട്ടു രാജ്യങ്ങളിൽ ജനാധിപത്യത്തിനായി ഉടൻ പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് ഞങ്ങൾ കരുതി. തിരുവിതാംകൂറിലെ ഉത്തരവാദിത്തഭരണത്തിനായുള്ള പോരാട്ടം സംസ്ഥാനത്തുടനീളം വിപ്ലവ ജനാധിപത്യവാദികളെയും കമ്മ്യൂണിസ്റ്റുകളെയും ഒന്നിപ്പിച്ചു; ആ ഐക്യം തന്നെയാണ് ഞങ്ങളുടെ പോരാട്ടം വിജയിപ്പിക്കാൻ സഹായിച്ചത്.

രണ്ടാമതായി ഞങ്ങൾ നേരിട്ടത് ജന്മിമാരുടെ സാമ്പത്തിക ആധിപത്യത്തിന്റെ പ്രശ്നത്തെയാണ്. മലബാറിലെ കാർഷിക ബന്ധങ്ങളെ ജന്മി സമ്പ്രദായം പൂർണ്ണമായി നിയന്ത്രിച്ചിരുന്നു; കൊച്ചിയുടെ പല ഭാഗങ്ങളിലും തിരുവിതാംകൂറിന്റെ ചില പ്രദേശങ്ങളിലും ഈ സമ്പ്രദായം നിലനിന്നിരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലെ ശക്തമായ തൊഴിലാളി യൂണിയൻ പ്രസ്ഥാനങ്ങളും, മലബാറിലെ ശക്തമായ കർഷക പ്രസ്ഥാനവും, 1930-കളിലെ കേരളത്തിലെ വിപ്ലവ ജനാധിപത്യ-സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുടെ അത്യന്തം പ്രധാന സവിശേഷതകളായിരുന്നു. ഈ ബഹുജന സംഘടനകളുടെ പ്രവർത്തനഫലമായും, മലബാറിലെ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി, കൊച്ചിയിലെ കൊച്ചി കോൺഗ്രസ്, പ്രജാമണ്ഡലം, തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ് എന്നിവയുടെ പ്രാദേശിക ഘടകങ്ങളുടെ പ്രവർത്തനങ്ങളുടെയും ഫലമായി, സോഷ്യലിസവും കമ്മ്യൂണിസവും കേരളത്തിൽ അവഗണിക്കാനാവാത്ത ശക്തികളായി മാറി.

ഞങ്ങൾ കിസാൻ സഭ സ്ഥാപിക്കുകയും, ഗ്രാമീണ തൊഴിലാളികൾക്ക് യാതൊരു വിലയും നൽകാതെ ജന്മിത്വം അവസാനിപ്പിക്കണമെന്ന ആവശ്യം ഉയർത്തുകയും ചെയ്തു. ഈ ആവശ്യം 1940-ന്റെ തുടക്കത്തിൽ റിപ്പോർട്ട് സമർപ്പിച്ച മലബാർ ടെനൻസി അന്വേഷണ സമിതിയിലെ അംഗങ്ങളായിരുന്ന മൂന്ന് ഇടതുപക്ഷ കോൺഗ്രസ് നിയമസഭാ അംഗങ്ങളുടെ (MLA) ഭിന്നാഭിപ്രായ കുറിപ്പിൽ വ്യക്തമായി രേഖപ്പെടുത്തി. വ്യക്തിപരമായി പറയുകയാണെങ്കിൽ, ആ മൂന്ന് എം.എൽ.എമാരിൽ ഒരാൾ ഞാൻ തന്നെയായിരുന്നു; എന്റെ ഭിന്നാഭിപ്രായ കുറിപ്പിൽ ജന്മിത്വം അവസാനിപ്പിക്കുകയും ഗ്രാമീണ തൊഴിലാളികൾക്ക് യാതൊരു നഷ്ടപരിഹാരവും ഈടാക്കാതെ ഭൂമി വിതരണം ചെയ്യുകയും ചെയ്യേണ്ടതിന്റെ സിദ്ധാന്തപരമായ വാദം ഞാൻ അവതരിപ്പിച്ചു. പ്രായോഗികമായ വിപ്ലവ പ്രവർത്തനത്തിന്റെ ഭാഗമായി എഴുതിയതായിരുന്നെങ്കിലും, ആ

ഭിന്നാഭിപ്രായ കുറിപ്പിന് ചില അക്കാദമിക് മൂല്യങ്ങളു മുണ്ടായിരുന്നു.

ആ ആവശ്യം തന്നെയും ആ രേഖയും 1940-കളിൽ കിസാൻ സഭ വികസിച്ചു വളർന്നതിന്റെ അടിത്തറ യായി. ഞങ്ങളുടെ കാർഷിക ആവശ്യങ്ങൾ ഏകീകൃത കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ (1957-59) കാർഷിക നിയമനിർമ്മാണത്തിലൂടെയാണ് സമാപിച്ചത്. ആ നിയമനിർമ്മാണം 1969-ൽ പ്രാബ ല്യത്തിൽ വന്നു. 1930-കളിൽ ആരംഭിച്ച പോരാട്ടവും, ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെയും യുണൈറ്റഡ് ഫ്രണ്ട് സർക്കാരുകളുടെയും നിയമനിർമ്മാണ പ്ര വർത്തനങ്ങളും ചേർന്നാണ് കാർഷിക ബന്ധങ്ങ ളിൽ ഒരു വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചത് -- ഇന്ത്യ യുടെ ബൂർഷ്വ ഭരണഘടനയുടെ പരിധിക്കുള്ളിൽ സാധ്യമായ ഏറ്റവും മികച്ച മാറ്റമെന്നുവേണം ഇതിനെ കുറിച്ച് പറയാൻ.

അടുത്തതായി ഞങ്ങളുടെ പ്രസ്ഥാനം അഭിമുഖീ കരിച്ചത് ഹിന്ദു സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ജാതികളുടെ പ്രശ്നങ്ങളും, മുസ്ലിംകളും ക്രിസ്ത്യാ നികളും ഉൾപ്പെടുന്ന അവകാശങ്ങൾ നിഷേധിക്കപ്പെ ട്ട മത ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളും ആയിരുന്നു. ജാതികളുടെയും മതസമുദായങ്ങളുടെയും ആശയ ധാരകളേക്കാൾ, വർഗ്ഗസമര സിദ്ധാന്തത്തെയാണ് ഞങ്ങൾ ഞങ്ങളുടെ പ്രവർത്തനത്തിന്റെ അടിത്തറയാ ക്കിയത്. വ്യവസായ തൊഴിലാളികളുടെയും കാർഷിക തൊഴിലാളികളുടെയും, കർഷകരുടെയും, തൊഴിലാ ളിവർഗ്ഗത്തിലെ മറ്റ് എല്ലാ വിഭാഗങ്ങളുടെയും വർഗ്ഗസം ഘടനകളിൽ, എല്ലാ ജാതികളിലും മതസമുദായങ്ങളി ലുംപ്പെട്ട തൊഴിലാളികളെ ഒരുമിപ്പിക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. ഈ പ്രക്രിയയിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും ലിബറൽ ജനാധിപത്യത്തിലെ മറ്റ് ബൂർഷ്വ പാർട്ടികളെയും, വർഗ്ഗസമരത്തിന് യാതൊരു പ്രസക്തിയും നൽകാത്ത ജാതി–മത സംഘടനകളെ യും ഞങ്ങൾ നേരിടേണ്ടിവന്നു. ജാതിയുടെയും മതസ മുദായങ്ങളുടെയും നേതാക്കൾ അവരുടെ ഊർജ്ജം ജാതി–സാമുദായിക സംഘടനകൾ നിർമ്മിക്കുന്ന തിൽ ചെലവഴിച്ചപ്പോൾ, എല്ലാ ജാതികളിലും മതസ മുദായങ്ങളിലുംപ്പെട്ട തൊഴിലാളികൾ ഒന്നിച്ചുകൂടുന്ന വർഗ്ഗസംഘടനകളാണ് ഞങ്ങൾ നിർമ്മിച്ചത്. തിരുവി താംകൂറിലെ ആലപ്പുഴ പൊതുപണിമുടക്കും, 1930- കളിലെ വടക്കൻ മലബാറിലെ കർഷക സമരങ്ങളും, ജാതി–സാമുദായിക സംഘടനകളുടെ നേതാക്കൾക്ക് ഞങ്ങൾ നൽകിയ മറുപടിയായിരുന്നു.

1930-കളിൽ സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപീകരിച്ചപ്പോൾ ഞങ്ങൾ കൈകാര്യം ചെയ്ത മറ്റൊരു പ്രശ്നം, വിപ്ലവകരമായ സാമൂഹിക മാറ്റത്തിൽ കലകൾക്കും സാഹിത്യത്തിനും ഉള്ള പങ്കിനെക്കുറി ച്ചായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതത്തെ യും പോരാട്ടങ്ങളെയും ആസ്പദമാക്കി സാഹിത്യം രൂപപ്പെടുത്തണമെന്ന അന്താരാഷ്ട്ര പ്രൊലേറ്റേറിയൻ സാഹിത്യത്തിലെ മഹാന്മാരായ മാക്സിം ഗോർക്കിയു ടെയും, ഇന്ത്യയിലെ മുൻനിര എഴുത്തുകാരനായ മുൻഷി പ്രേംചന്ദ് ഉൾപ്പെടെയുള്ളവരുടെയും, ആഹ്വാ നത്തിൽ ഞങ്ങൾ ആഴത്തിൽ സ്വാധീനിക്കപ്പെട്ടു. 1937-ൽ മലയാളത്തിൽ പുരോഗമന എഴുത്തുകാരുടെ ആദ്യ സംഘടന ഞങ്ങൾ സ്ഥാപിച്ചു. തുടക്കത്തിൽ, സാഹിത്യ പ്രവർത്തനങ്ങളിൽ ഇടപെടുന്ന വിപ്ലവ രാഷ്ട്രീയ പ്രവർത്തകരിലേക്കാണ് ആ സംഘടന പ്ര ധാനമായും പരിമിതപ്പെട്ടിരുന്നത്; എന്നാൽ 1940- കളിൽ, വിപ്ലവ പ്രവർത്തനത്തോട് പ്രതിബദ്ധത പുലർത്തിയ സ്ഥാപിത എഴുത്തുകാരെയും വിമർശ കരെയും ഉൾപ്പെടുത്തി അതിന്റെ വ്യാപ്തി വർധിപ്പിച്ചു. തുടർന്ന്, പുരോഗമന എഴുത്തുകാരുടെ രണ്ട് വിഭാ ഗങ്ങൾക്കിടയിൽ സംഘർഷങ്ങളും, കമ്മ്യൂണിസ്റ്റുക ളും പുരോഗമന എഴുത്തുകാരുടെ പ്രസ്ഥാനത്തിലെ മറ്റുള്ളവരും തമ്മിൽ കടുത്ത ആശയവാദങ്ങളും ഉണ്ടായി. ഈ ആശയസംഘർഷമാണ് രചനയുടെ രൂപത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച വിഷ യങ്ങളിൽ വ്യക്തത വരുത്തിയത്.

സാഹിത്യത്തെയും പുരോഗമന സാഹിത്യത്തെയും സംബന്ധിച്ച ഈ ചർച്ച, കലാസാംസ്കാരിക പ്രവർത്തന ങ്ങളുടെ മറ്റു മേഖലകളിലും പുതിയ പ്രവണതകളുടെ വളർച്ചയ്ക്ക് സഹായകമായി. ഉദാഹരണമായി, നാടകം, സിനിമ, ദൃശ്യകലകളും അവതരണകലകളും. അങ്ങ നെയാണ് ഇന്നത്തെ പുരോഗമന എഴുത്തുകാരുടെ യും കലാകാരന്മാരുടെയും സംഘടന രൂപംകൊണ്ടത്. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും ജനങ്ങളുടെ പോരാട്ടത്തിനായി കലാസാംസ്കാരിക പ്ര വർത്തനങ്ങളിലെ മികച്ചതെല്ലാം ഉൾക്കൊള്ളുന്ന ഒരു സംഘടനയാണിത്. കേരളത്തിലെ ഏറ്റവും പ്രശസ്ത രായ ചില എഴുത്തുകാർ, കവികൾ, സംഗീതജ്ഞർ, സിനിമാ പ്രവർത്തകർ, ദൃശ്യ-അവതരണകലകളിലെ വിദഗ്ധർ എന്നിവരെല്ലാം ഇന്ന് ഈ പ്രസ്ഥാനത്തിൽ സജീവമാണ്; അവർ ഈ പഠന കോൺഗ്രസിന്റെ പങ്കാ ളികളുമാണ്. ഇവരുടെ സാന്നിധ്യം, കേരളത്തിലെ കലയും സാഹിത്യവും നേരിടുന്ന പ്രശ്നങ്ങളെക്കു റിച്ച് കൂടുതൽ വ്യക്തമായ ബോധ്യത്തിലേക്ക് ഈ കോൺഗ്രസിനെ നയിക്കുമെന്ന്, കൂടാതെ ഇവിടെ നടക്കുന്ന ആശയവിനിമയങ്ങളിൽ നിന്ന് അവർക്ക് തന്നെ പ്രയോജനം ലഭിക്കുമെന്ന്, എനിക്ക് ഉറപ്പുണ്ട്.

ഈ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകൾ നൽകിയ പ്രധാന സംഭാവനകളിലൊന്ന്, ഏകീകൃത ഇന്ത്യയുടെ ബഹുരാഷ്ട്രസ്വഭാവം (multi-national character) എന്ന സിദ്ധാന്തത്തിന്റെ വിശദീകരണമായിരുന്നു. സ്വന്തം ഭാഷയും വ്യത്യസ്തമായ സംസ്കാരവും ഉള്ള ഓരോ ജനവിഭാഗവും (ഉദാഹരണത്തിന്, കേരളത്തിലെ മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ) വ്യത്യസ്ത ദേശീയതകളാണെന്ന സിദ്ധാന്തമാണ് ഞങ്ങൾ മുന്നോ ട്ടുവച്ചത്. ഈ ദേശീയതകൾ ബ്രിട്ടീഷ് സാമ്രാജ്യത്വ ത്തിനെതിരായ പോരാട്ടത്തിൽ ഒന്നിച്ചു; ആ ഐക്യം സ്വാതന്ത്ര്യാനന്തര കാലത്ത് ഒരു ഏകീകൃത ഫെഡറൽ ഇന്ത്യയിൽ തുടരേണ്ടതായിരുന്നു. പാർട്ടി നിശ്ചയിച്ച ലക്ഷ്യങ്ങൾ "വൈവിധ്യത്തിലുള്ള ഐക്യം" എന്നതും, പുതിയ ഭാഷാ സംസ്ഥാനങ്ങൾക്ക് പരമാവധി സ്വയംഭ

രണം നൽകുന്ന ഏകീകൃത ഇന്ത്യയുമായിരുന്നു. ഈ ആശയത്തിന്റെ വിശദമായ രൂപീകരണം പൂർണ്ണമായും കുറ്റമറ്റതായിരുന്നില്ലെങ്കിലും, അതിലെ അടിസ്ഥാന ആശയം പൂർണ്ണമായും ശരിയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ കേന്ദ്രനേതൃത്വം നൽകിയ ഒരു വ്യക്തമായ സംഭാവന യായിരുന്നു ഇത്.

ഏകീകൃത ഇന്ത്യയുടെ ബഹുരാഷ്ട്രസ്വഭാവം എന്ന ഈ സിദ്ധാന്തം കേരളത്തിലെ കമ്മ്യൂണിസ്റ്റുകൾ ഏറ്റെടുക്കുകയും കൂടുതൽ വിശദീകരിക്കുകയും ചെയ്തു. 1945-ൽ ഞാൻ എഴുതിയ ഒരു ലഘുലേഖ യിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിലെ മലയാളികൾ ഒരൊറ്റ, ഏകീകൃത കേരള സംസ്ഥാനമായി ഒന്നിക്കണമെന്ന ആശയം ഞാൻ മുന്നോട്ടുവച്ചു. തിരുവിതാംകൂറിലെ തെക്കൻ തമിഴ് ഭൂരിപക്ഷ പ്രദേശങ്ങളും, വടക്കൻ മലബാറിലെ കന്നഡ ഭൂരിപക്ഷ പ്രദേശങ്ങളും, സ്വാഭാവികമായും തമിഴ്നാട്, കർണാടക എന്നീ ഭാഷാ സംസ്ഥാനങ്ങ ളിലേക്ക് പോകേണ്ടതായിരുന്നു. “ഒന്നേകാൽ കോടി മലയാളികൾ” എന്ന ശീർഷകമുള്ള ആ ലഘുലേഖ യുടെ കേന്ദ്ര ആശയം ഇതായിരുന്നു. പാർട്ടിയുടെ കേന്ദ്രകമ്മിറ്റി മുന്നോട്ടുവച്ച ആശയം കേരളത്തിന്റെ സാഹചര്യങ്ങളിൽ പ്രയോഗിക്കാനുള്ള ആ ശ്രമത്തി നൊപ്പം, ആന്ധ്രയിൽ പി. സുന്ദരയ്യയും ബംഗാളിൽ ഭവാനി സേനും നടത്തിയ രണ്ട് സമാന ശ്രമങ്ങളും ഉണ്ടായിരുന്നു.

ദേശീയതകളെയും ഏകീകൃത ഇന്ത്യയെയും കുറി ച്ചുള്ള ഈ ആശയചട്ടക്കൂടാണ് തിരുവിതാംകൂറിലെ പുന്നപ്ര–വയലാർ സമരങ്ങൾക്കും, ആന്ധ്രയിലെ തെലങ്കാന സമരത്തിനും, ബംഗാളിലെ തെഭാഗ പ്ര സ്ഥാനത്തിനും വിപ്ലവ പ്രസ്ഥാനത്തിന് മാർഗദർശിയാ യത്. ഈ വിപ്ലവ പ്രസ്ഥാനങ്ങളും, കേരളം, ആന്ധ്ര, ബംഗാൾ എന്നിവ വ്യത്യസ്ത ദേശീയതകളുടെ ആവാ സഭൂമികളാണെന്ന ആശയവും, കോൺഗ്രസിലും മറ്റ് ബൂർഷ്വ പാർട്ടികളിലും നിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയെ വ്യക്തമായി വേർതിരിച്ചു. കേന്ദ്രത്തിൽ ദേശീയ ഐക്യം നിലനിൽക്കുകയും, ഭാഷാ സംസ്ഥാനങ്ങൾ ക്ക് പരമാവധി സ്വയംഭരണം ലഭിക്കുകയും ചെയ്യുന്ന സ്വതന്ത്ര ഇന്ത്യ എന്ന ഈ കാഴ്ചപ്പാട് പുതുമയുള്ള തും വിപ്ലവാത്മകവുമായ ഒരു കാഴ്ചപ്പാടായിരുന്നു. ഏകീകൃത ഇന്ത്യയിൽ വ്യത്യസ്ത ദേശീയതകൾ എന്ന ഞങ്ങളുടെ സങ്കൽപം, സംസ്ഥാന സ്വയംഭരണമില്ലാ ത്ത കേന്ദ്രീകൃത ഐക്യ ഇന്ത്യ എന്ന കോൺഗ്രസിന്റെ ആശയത്തിനും, ഹിന്ദുക്കളും മുസ്ലീങ്ങളും വ്യത്യസ്ത ദേശീയതകളാണെന്ന മുസ്ലിം ലീഗിന്റെ സിദ്ധാന്തത്തി നും എതിരായിരുന്നു.

കേരളത്തിലെ സമൂഹത്തെയും ചരിത്രത്തെയും പഠി ക്കാനുള്ള പാർട്ടിയുടെ ശ്രമങ്ങളെ ദേശീയതകളുടെ ഈ സങ്കൽപം സ്വാധീനിച്ചു. മാർക്സിസ്റ്റ് വർഗ്ഗസമര സിദ്ധാന്തത്തെ ആധാരമാക്കി കേരളചരിത്രത്തിന്റെ ആദ്യ ഗ്രന്ഥം എഴുതിയതിലൂടെ, ഈ ശ്രമത്തിലേക്ക് ഞാൻ വ്യക്തിപരമായി ഒരു ലഘുവായ സംഭാവന നൽകി. പുരാതന കേരളത്തിലെ സാമൂഹ്യചരിത്രം അനവധി രഹസ്യങ്ങളിൽ ആഴ്ന്നിരിക്കുന്നതിനാൽ, ആ ശ്രമത്തിന് അതിന്റെ പരിമിതികളുണ്ടായിരുന്നു. എന്നിരുന്നാലും, കുറഞ്ഞത് മധ്യകാലഘട്ടം മുതൽ, ഞാൻ “ജാതി-ജന്മി-രാജാവ്-നാടുവാഴി ആധിപത്യം” എന്ന് വിളിച്ച (ഇന്ത്യൻ സാമന്തവ്യവസ്ഥയുടെ പ്രത്യേക കേരള രൂപം) സംവിധാനം കേരളത്തിൽ ഉറച്ച നിലയിൽ സ്ഥാപിതമായിരുന്നുവെന്ന വസ്തുത ഞാൻ പുറത്തുകൊണ്ടുവന്നു.

പുരാതന കേരളചരിത്രത്തെ സംബന്ധിച്ച എന്റെ ആശയം പിന്നീട് ഞാൻ തിരുത്തുകയും പരിഷ്കരിക്കുക യും ചെയ്തിരുന്നുവെങ്കിലും, മധ്യകാലത്തെയും ആധു നികകാലത്തെയും സംബന്ധിച്ച് ഞാൻ എഴുതിയത് കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചു.

കേരളത്തിന്റെ പുരാതനചരിത്രത്തെക്കുറിച്ച് മൗലിക ഗവേഷണം നടത്തിയിട്ടുള്ളതും, അതുമായി ബന്ധപ്പെ ട്ട നിരവധി വസ്തുതകൾ പുറത്തുകൊണ്ടുവന്നിട്ടുള്ള തുമായ അനേകം പേർ ഈ കോൺഗ്രസിൽ സന്നിഹി തരാണ്. എന്റെ സുഹൃത്തുക്കളുടെ പഠനങ്ങളും ഗവേ ഷണങ്ങളും കേരളചരിത്രത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യത്തെ കൂടുതൽ ആഴപ്പെടുത്തുമെന്നും, കേര ളചരിത്രത്തെക്കുറിച്ചുള്ള എന്റെ വിലയിരുത്തലിലെ അപാകതകൾ തിരുത്തുമെന്നും എനിക്ക് ഉറപ്പുണ്ട്.

1940-കളിലും 1950-കളുടെ തുടക്കത്തിലും ഞങ്ങൾ പങ്കെടുത്ത വിപ്ലവ സമരങ്ങളോടൊപ്പം കേരളചരി ത്രത്തെക്കുറിച്ച് നടത്തിയ ഞങ്ങളുടെ പഠനങ്ങൾ, കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധ്യത്തിൽ രാഷ്ട്രീയ സംഘടനകൾക്കിടയിൽ ഞങ്ങളെ മുൻനി രയിലാക്കി. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളിലും മറ്റുള്ളവരെക്കാൾ മുന്നിൽ നിൽക്കാൻ ഇത് ഞങ്ങളെ സഹായിച്ചു. ഞങ്ങളുടെ പഠനവും പ്രവർത്തനവും സ്വാതന്ത്ര്യാനന്തര കാല ഘട്ടത്തിൽ സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയ പാർ ട്ടിയായി ഉയരാൻ ഞങ്ങളെ സജ്ജമാക്കി (പാർട്ടി പശ്ചിമ ബംഗാളിലും ത്രിപുരയിലും പ്രധാന രാഷ്ട്രീയ പാർട്ടിയായി ഉയർന്നുവന്നു). 1957-ൽ പുതുതായി രൂപംകൊണ്ട സംസ്ഥാനത്തിൽ നടന്ന ആദ്യ പാർല മെന്ററി, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പാർട്ടി വിജയം നേടി. അതിനുശേഷം, കേരളത്തിലെ രാഷ്ട്രീ യത്തിൽ ഇടതുപക്ഷം മുൻനിരശക്തിയായി തുടർന്നു വന്നു.

പിന്നോട്ട് നോക്കുമ്പോൾ, കേരളത്തിലെ മതന്യൂന പക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മനസ്സിലാ ക്കുന്നതിൽ ഞങ്ങൾ നേരിട്ട പ്രധാന പരാജയങ്ങളിൽ ഒന്നായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. പശ്ചിമ ബംഗാളിനെയും ത്രിപുരയെയും അപേക്ഷിച്ച്, കേര ളത്തിൽ വലിയ ക്രിസ്ത്യൻ, മുസ്ലീം ന്യൂനപക്ഷങ്ങൾ ഉണ്ട്; സംസ്ഥാന ജനസംഖ്യയുടെ 40 ശതമാനത്തില ധികം ഇവർ ചേർന്നാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനി കളും മതാധിഷ്ഠിത നേതാക്കളുടെ, അതായത് മുസ്ലിം ലീഗിന്റെയും സഭയുടെയും ശക്തമായ സ്വാധീനത്തി

ലായിരുന്നു. വിവിധ കാരണങ്ങളാൽ മുസ്ലിം ലീഗും സഭയും ശക്തമായ കമ്മ്യൂണിസ്റ്റ് വിരുദ്ധ നിലപാടുകൾ സ്വീകരിച്ചു; ഇത് കേരളത്തിന്റെ വികസനത്തെ കുറച്ചൊന്നുമല്ലാത്ത രീതിയിൽ തടസ്സപ്പെടുത്തി.

ഇപ്പോൾ സാഹചര്യങ്ങൾ മാറിയിട്ടുണ്ട്. വൈദികരും സഭയും ഉൾപ്പെടുന്ന വിഭാഗങ്ങൾ ദേശീയ ഐക്യം, ജനാധിപത്യം, സാധാരണ ജനങ്ങളുടെ ജീവിതവും തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെടുത്തൽ എന്നിവയ്ക്കായുള്ള പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റുകളുമായി കൈകോർക്കുകയാണ്. മുസ്ലിം സമൂഹത്തിലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു; കമ്മ്യൂണിസ്റ്റുകളും വിശ്വാസികളായ മുസ്ലീങ്ങളും തമ്മിലുള്ള സഹകരണത്തിന് വാതിലുകൾ തുറക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണ് അവ. ഹിന്ദു സമൂഹത്തിലും, ഇന്ത്യയിൽ സ്വാമി വിവേകാനന്ദനും കേരളത്തിൽ ശ്രീനാരായണ ഗുരുവും പ്രസംഗിച്ച വിപ്ലവ മനുഷ്യവാദത്തിന്റെ സന്ദേശം, കൂടുതൽ കൂടുതൽ സന്ന്യാസികളെയും സന്തുകളെയും കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കാൻ നയിക്കുമെന്നത് ഉറപ്പാണ്. “മറ്റൊരു ലോകത്തിലെ സ്വർഗ്ഗത്തെക്കുറിച്ച് അനുമാനിക്കുന്നതിനു പകരം, ഭൂമിയിലെ ഒരു സ്വർഗ്ഗം നിർമ്മിക്കുന്നതിൽ വിശ്വാസികളും കമ്മ്യൂണിസ്റ്റുകളും തമ്മിലുള്ള സഹകരണം” എന്നത് ഇത്തരമൊരു സഹകരണം സാധ്യമാകുമെന്ന് സ്വപ്നം കണ്ട ലെനിന്റെ ദർശനമായിരുന്നു; അത്തരമൊരു സഹകരണം ഇപ്പോൾ സാധ്യമായിക്കഴിഞ്ഞിരിക്കുന്നു.

ഞങ്ങളുടെ സിദ്ധാന്തവും പ്രവർത്തനവും കേരള സമൂഹത്തിൽ ആഴത്തിലുള്ള അടയാളങ്ങൾ പതിപ്പിച്ചിട്ടുണ്ട്. ഭൂപരിഷ്കരണം, ജനങ്ങളുടെ വിവിധ ബഹുജന സംഘടനകളുടെ വളർച്ച, വിദ്യാഭ്യാസത്തിന്റെ വ്യാപനം, ജനങ്ങളുടെ ആരോഗ്യനിലയിലെ മെച്ചങ്ങൾ എന്നിവ കേരളത്തെ ഗണ്യമായി മാറ്റിയിട്ടുണ്ട്; ഇതെല്ലാം വലിയ പണ്ഡിതശ്രദ്ധയും ആകർഷിച്ചു. വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന “കേരള വികസന മാതൃക”യെയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ആ മാതൃകയ്ക്ക് അതിന്റെ ഗുണഗണങ്ങൾ ഉണ്ട്: വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ആശയവിനിമയം തുടങ്ങിയ മേഖലകളിൽ നൽകിയ ഊന്നൽ, സംസ്ഥാനത്ത് സ്വതന്ത്രമായ ഒരു തൊഴിലാളിവർഗ്ഗം രൂപപ്പെടുന്നതിന് തീർച്ചയായും സഹായിച്ചിട്ടുണ്ട്; തൊഴിലാളിവർഗ്ഗത്തിലെ വിവിധ വിഭാഗങ്ങളുടെ സംഘടിത പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നതിനും ഇത് വഴിയൊരുക്കി. ഇതെല്ലാം ഞാൻ അഭിമാനം കൊള്ളുന്ന സമ്പത്തുകളാണ്. എന്നിരുന്നാലും, കേരളത്തിലെ സമകാലിക സമ്പദ്വ്യവസ്ഥയുടെയും സമൂഹത്തിന്റെയും പ്രതികൂല സവിശേഷതകൾ അവഗണിക്കാനാകാത്തവിധം ഗൗരവമുള്ളതാണെന്നതും പരാമർശിക്കേണ്ടതുണ്ട്.

വാസ്തവം ഇതാണ്: ഇപ്പോൾ “മാനവവികസന സൂചികകൾ” എന്ന് വിളിക്കപ്പെടുന്ന മേഖലകളിൽ പ്രധാനപ്പെട്ട മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, തൊഴിൽ രംഗത്തും ഭൗതിക ഉൽപാദന രംഗത്തും -- കാർഷികവും വ്യവസായവുമായ ഉൽപാദനത്തിൽ -- കേരളം ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തലും ക്ഷേമവുമായി ബന്ധപ്പെട്ട “സാമൂഹ്യ മേഖല” പ്രശ്നങ്ങളിൽ ഞങ്ങൾ ഏറെ സമയവും ശ്രദ്ധയും ചെലവഴിച്ചപ്പോൾ, സാമ്പത്തിക വളർച്ചയുടെയും ഭൗതിക ഉൽപാദനത്തിന്റെയും അടിയന്തര പ്രശ്നങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ നൽകുകയോ മതിയായ ആശങ്ക കാണിക്കുകയോ ചെയ്തില്ലെന്ന വിശ്വാസത്തിലേക്കാണ് ഞാൻ ചായുന്നത്. ഞാൻ ഒരു അഭ്യർത്ഥന ഉന്നയിക്കുന്നു: കേരളത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പണ്ഡിതർ ചൊരിയുന്ന പ്രശംസ, നമ്മൾ നേരിടുന്ന ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ശ്രദ്ധ തിരിക്കരുത്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഞങ്ങൾ പിന്നിലായിരിക്കുന്നു; ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിൽ ഒരു വൈകിപ്പിക്കലും അനുവദനീയമല്ല. തൊഴിലും ഉൽപാദനവും സംബന്ധിച്ച നമ്മുടെ പിന്നാക്കാവസ്ഥയെ അവഗണിക്കുന്നത് നമ്മൾ നമ്മളെ തന്നെ അപകടത്തിലാക്കുന്നതിന് തുല്യമാണ്.

കേരളത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥയുടെ വിവിധ രൂപങ്ങളെ -- വ്യവസായവത്കരണത്തിന്റെ മന്ദഗതി, അടിസ്ഥാനസൗകര്യങ്ങളിലെ തടസ്സങ്ങൾ, കാർഷിക മന്ദത, ഉയർന്നുവരുന്ന തൊഴിലില്ലായ്മ -- വിശകലനം ചെയ്യുന്ന അനവധി പ്രബന്ധങ്ങൾ ഈ കോൺഗ്രസിൽ അവതരിപ്പിക്കപ്പെടും. സാമ്പത്തിക പ്രതിസന്ധിക്ക് സംഭാവന ചെയ്ത സാമ്പത്തിക, സാങ്കേതിക, സാമൂഹ്യശാസ്ത്ര ഘടകങ്ങളെക്കുറിച്ചും നിങ്ങൾ ചർച്ച ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. ആഗോളവും ദേശീയവുമായ സാമ്പത്തിക-രാഷ്ട്രീയ സ്ഥാപനങ്ങളുടെ പുനസംഘടനയും പുതിയ നയക്രമവും നമ്മുടെ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുമെന്നത് സംശയമില്ല. ഈ സാഹചര്യം രാഷ്ട്രീയപരമായ പരിഹാരങ്ങൾ ആവശ്യപ്പെടുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ, ജനവിരുദ്ധമായ ഈ മാറ്റങ്ങളെയും നയങ്ങളെയും ചെറുക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നതാണ് എന്റെ ആദ്യ പ്രാഥമികത. ഇത് ദീർഘമായി നീണ്ടുനിൽക്കുന്ന ഒരു പോരാട്ടമായിരിക്കും.

ദേശീയ നയങ്ങൾ തിരുത്തപ്പെടുന്നതുവരെ നമ്മുടെ സംസ്ഥാനത്ത് ഒന്നും ചെയ്യാനാകില്ലെന്ന അഭിപ്രായം ഞാൻ അംഗീകരിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ, പശ്ചിമ ബംഗാളിലെ ജനങ്ങളുടെയും സർക്കാരിന്റെയും ശ്രമങ്ങളെയും നേട്ടങ്ങളെയും ഞാൻ അഭിമാനത്തോടെ പരാമർശിക്കുന്നു; അവിടത്തെ കാർഷിക വളർച്ചയുടെ ഉദാഹരണത്തിലൂടെയാണ് ഞാൻ അത് വിശദീകരിക്കുക. 1965 മുതൽ 1980 വരെ കാലഘട്ടത്തിൽ, കാർഷിക വളർച്ചയുടെ കാര്യത്തിൽ പശ്ചിമ ബംഗാൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ പിന്നിലായിരുന്നു. ഭൂപരിഷ്കരണം മൂലവും ജനാധിപത്യ വികേന്ദ്രീകരണത്തിലുള്ള ഇടതുമുന്നണി

യുടെ നേട്ടങ്ങൾ കൊണ്ടും, നമ്മുടെ സംവിധാനത്തിൽ സംസ്ഥാന സർക്കാരുകൾക്ക് മേൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോഴും, ഗ്രാമീണ പശ്ചിമ ബംഗാളിൽ കാര്യമായ പരിവർത്തനങ്ങൾ ഉണ്ടായി. 1983-ന് ശേഷം പശ്ചിമ ബംഗാളിലെ കാർഷിക വളർച്ചാനിരക്കുകൾ, ഇന്ത്യയിലെ ഏറ്റവും ജനസംഖ്യയുള്ള 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതായിരുന്നു; ഈ വളർച്ചാനിരക്കുകൾ എല്ലാ ജില്ലകളിലും, എല്ലാ പ്രധാന വിളകളിലും കാണാമായിരുന്നു.

ആഗോളവും ദേശീയവുമായ ഘടനകൾ ഏർപ്പെടുത്തുന്ന പരിമിതികളിൽക്കിടയിലും, നമ്മുടെ സംസ്ഥാനത്തെ വിവിധ പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തേണ്ടത് നമ്മൾ തന്നെയാണ്. നിലവിലെ സാഹചര്യം കൂടുതൽ സങ്കീർണ്ണമാവാൻ അനുവദിക്കാനാവില്ല. കഴിഞ്ഞ കാലത്തെ ക്ഷേമനേട്ടങ്ങളെയും ജനാധിപത്യ വിജയങ്ങളെയും ബലികൊടുക്കാതെ സാമ്പത്തിക വളർച്ച വേഗത്തിലാക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഒരു ഐക്യമതിപ്പിലെത്തേണ്ടത് അനിവാര്യമാണ്. നിലവിലെ സാഹചര്യത്തെക്കുറിച്ച് പുതുതായി അവലോകനം നടത്തുകയും ഒരു പുതിയ അജണ്ട രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെയോ രാഷ്ട്രീയ പാർട്ടികളുടെയോ മാത്രം ദൗത്യമല്ല. അക്കാദമിക് സമൂഹത്തിനും ശാസ്ത്രീയ വിദഗ്ധർക്കും നിർണായക പങ്കുവഹിക്കേണ്ട ഒരു ദേശീയ ദൗത്യമാണിത്.

അർദ്ധ-ശതാബ്ദം മുൻപ് ജനാധിപത്യ കേരളത്തിനായി ഒരു അജണ്ട രൂപപ്പെടുത്താൻ ഞങ്ങൾ പുറപ്പെട്ടപ്പോൾ, ശക്തമായ ഒരു അക്കാദമിക് സമൂഹമോ ആധുനിക പ്രൊഫഷണൽ വിദഗ്ധരോ അധികം ഉണ്ടായിരുന്നില്ല. ഞങ്ങൾ പ്രവർത്തകർ ആ വെല്ലുവിളി ഏറ്റെടുത്തു; ആ പ്രക്രിയയിൽ ഞങ്ങൾ നൽകിയ ചില സംഭാവനകളെക്കുറിച്ച് ഞാൻ ഇതിനകം പരാമർശിച്ചിട്ടുണ്ട്. ഇന്നത്തെ പ്രശ്നങ്ങൾ വ്യത്യസ്തവും, ഒരുപക്ഷേ കൂടുതൽ സങ്കീർണ്ണവുമാണ്. വിവിധ ശാഖകളിലെ അക്കാദമിക്-പ്രൊഫഷണൽ വിദഗ്ധരും രാഷ്ട്രീയ പ്രവർത്തകരും തമ്മിലും, ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും ഉൾപ്പെടുന്ന വിവിധ രാഷ്ട്രീയ പാർട്ടികൾ തമ്മിലും, നമ്മുടെ സംസ്ഥാനത്തിലെ വികസന പ്രക്രിയയെ ഭൗതിക ഉൽപാദന അടിസ്ഥാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് എങ്ങനെ നിലനിർത്താമെന്ന വിഷയത്തിൽ അടിയന്തരമായി ഒരു സംവാദം ആവശ്യമാണ്. രാഷ്ട്രീയ ഭിന്നതകൾ തുടരുമെങ്കിലും, പ്രതിസന്ധി മറികടക്കാനുള്ള നടപടികളുടെ ഒരു വിശാല പ്ലാറ്റ്ഫോമിൽ ഐക്യമതിപ്പ് കൈവരിക്കാനാവും.

നമ്മുടെ വലിയ സമ്പത്തുകൾ നമ്മുടെ ബഹുജന സംഘടനകളും ജനങ്ങളുടെ ജനാധിപത്യ ബോധവുമാണ്. സംസ്ഥാനത്തെ എല്ലാ ബഹുജന സംഘടനകളുടെയും സംയുക്ത ശക്തി ഏകദേശം ഒരു കോടി ആളുകളാണ്. ഇതിന് പുറമേ, ഗ്രന്ഥശാല-സാക്ഷരതാ പ്രസ്ഥാനങ്ങൾ പോലുള്ള പ്രസ്ഥാനങ്ങളുടെ സംഘടനകൾ ഉൾപ്പെടെ, വൻതോതിലുള്ള സഹകരണ സംഘടനാ ശൃംഖലയും നിലനിൽക്കുന്നു. ഇവയെല്ലാം കേരളസമൂഹത്തിന്റെ ശാപമാണെന്ന് കരുതുന്ന ചിലർ ഉണ്ടെന്ന് എനിക്ക് അറിയാം. നമ്മുടെ സമൂഹത്തിന്റെ വിപ്ലവാത്മക പരിവർത്തനത്തിനായി ജനങ്ങളെ സജീവമാക്കുന്നതിന് ഞാൻ എന്റെ ജീവിതം സമർപ്പിച്ചിട്ടുണ്ട്; അത്തരം കാഴ്ചപ്പാടുകളോട് എനിക്ക് വിയോജിക്കാതിരിക്കാൻ കഴിയില്ല. നമ്മുടെ ജനങ്ങളുടെ സംഘടിത ശക്തിയും രാഷ്ട്രീയ ബോധവുമെല്ലാം ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാൻ ഉപയോഗിക്കാനാകുമോ എന്നതാണ് നമ്മൾ നേരിടുന്ന ഒരു വലിയ ചോദ്യം. അതിന് ഞാൻ അനുകൂലമായ ഉത്തരമാണ് നൽകുന്നത്. എന്നാൽ ഒരു മുന്നുപാധിയുണ്ട്: സർക്കാരും ഭരണവർഗ്ഗങ്ങളും ജനങ്ങളുടെ സംഘടനകളോടും അവരുടെ ആവശ്യങ്ങളോടും ഉള്ള സമീപനം മാറ്റണം. ജനങ്ങളുടെ പോരാട്ടങ്ങളെ അടിച്ചമർത്തുന്നതും നിഷേധാത്മക സമീപനങ്ങൾ സ്വീകരിക്കുന്നതും ഒഴിവാക്കി, കൂട്ടായ ചർച്ചകളും കൂട്ട-വിലപേശലും വഴിയാണ് സൗഹൃദപരമായ പരിഹാരങ്ങൾ കണ്ടെത്തേണ്ടത്. കൂടാതെ, വർധിച്ച ഉൽപാദനത്തിൽ നിന്ന് തൊഴിലാളികൾക്ക് അവരുടെ ന്യായമായ പങ്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സ്ഥാപനങ്ങളും സാമൂഹ്യ സംവിധാനങ്ങളും വികസിപ്പിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം ഞാൻ ഊന്നിപ്പറയേണ്ടതുണ്ട്. ഈ കാര്യത്തിൽ, ഞങ്ങളുടെ പുരോഗതി വളരെ മന്ദഗതിയിലായിരുന്നുവെന്ന് ഞാൻ തുറന്നു സമ്മതിക്കണം. 72-ാമത്തെയും 73-ാമത്തെയും ഭരണഘടനാഭേദഗതികൾ, ജനാധിപത്യ വികേന്ദ്രീകരണത്തിനുപകരം, ഉദ്യോഗസ്ഥ കേന്ദ്രീകരണത്തിനായാണ് ഉപയോഗിക്കപ്പെട്ടത്. ഭൂമി-ജല വിഭവനിർമ്മാണത്തിനായി പുതിയ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്; നമ്മുടെ സാമൂഹ്യ അടിസ്ഥാനസൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക വികസനത്തിനുമായി അത് ആവശ്യമാണ്. ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യയും വികസന പ്രക്രിയയിലേക്ക് സുസ്ഥിരമായ രീതിയിൽ ഏകീകരിക്കപ്പെടണം.

ഇവയും ഇതര ദൗത്യങ്ങളും സംസ്ഥാനത്തിന്റെ പുരോഗതിയിൽ താൽപ്പര്യമുള്ള എല്ലാവരുടെയും ആഴത്തിലുള്ളതും തുറന്നതുമായ സംവാദം ആവശ്യപ്പെടുന്നു. ഇതാണ് ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിന്റെ പശ്ചാത്തലം. എ. കെ. ജി. പഠന ഗവേഷണ കേന്ദ്രത്തിൽ ഞങ്ങൾ, ഈ കോൺഗ്രസിന് ആതിഥേയത്വം വഹിക്കുന്നതിൽ അഭിമാനിക്കുന്നു; നിങ്ങളുടെ അഭിപ്രായങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇവിടെ നടക്കുന്ന ചർച്ചകൾ, ഒരു പുതിയ ഇന്ത്യയിൽ ഒരു പുതിയ കേരളത്തിനായുള്ള ആസൂത്രണ ദൗത്യത്തിൽ നമ്മൾ എല്ലാവർക്കും സഹായകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

# 10

## കേരളം - ഉരുത്തിരിയുന്ന സമീപനങ്ങൾ

### 1994-ൽ നടന്ന ഒന്നാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സിനെക്കുറിച്ച് ഒരു അവലോകനം

സുപ്രധാന മാനവ വിഭവ വികസന തുറകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ദേശീയ-അന്തർദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. കേരളത്തിന്റെ അനുഭവം കാണിക്കുന്നത് ഉചിതമായ ഇടപെടലുകളിലൂടെ സാമ്പത്തിക വളർച്ചയിൽ പിന്നോക്കമായിരിക്കുമ്പോൾ പോലും ജനങ്ങളുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്താനാവും എന്നതാണ്. എന്നാൽ അത്രയ്ക്കേറെ പ്രസിദ്ധി ലഭിക്കാത്ത മറ്റൊരു വശവും കൂടി കേരളത്തിന്റെ വികസനത്തിനുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി കേരളത്തെ ഗ്രസിച്ചിരിക്കുന്ന രൂക്ഷമായ സാമ്പത്തിക മുരടിപ്പാണിത്. ഭൗതിക ഉത്പാദന മേഖലയിൽ തൊഴിലും രൂക്ഷമായ മാന്ദ്യത്തിലാണ്. നാനാവശത്തും ജീർണ്ണതയുടെ ലക്ഷണങ്ങൾ കാണാം. ജാതിയുടെയും വർഗ്ഗീയതയുടെയും തള്ളിക്കയറ്റം, സാംസ്കാരിക അധഃപതനം, രാഷ്ട്രീയ ബലാബലത്തിൽ പുരോഗമന ശക്തികൾക്ക് അനുകൂലമായി നിർണ്ണായകമായ ഒരു മാറ്റം വരാത്തത്... ഇങ്ങനെ പലതും. വളരെ പ്രകീർത്തിക്കപ്പെട്ട വിദ്യാഭ്യാസ-ആരോഗ്യ തുറകളിലും പുഴുക്കുത്ത് വീണുകൊണ്ടിരിക്കുന്നു. കേരളത്തിന് പുതിയൊരു അജണ്ട പ്രസക്തമായി തീരുന്നത് ഇവിടെയാണ്. പുതിയ വെല്ലുവിളികൾ എങ്ങനെ നേരിടാം? പുരോഗമന പൈതൃകത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ സാംസ്കാരിക ഭൗതിക ജീവിതത്തെ എപ്രകാരം മെച്ചപ്പെടുത്താം?

ഒരു പ്രദേശത്തെ അടിസ്ഥാനമാക്കി സമഗ്രമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിശകലനങ്ങൾ സാധ്യമാണോ എന്ന സംശയം ന്യായമാണ്. മാറിക്കൊണ്ടിരിക്കുന്ന ആഗോള ദേശീയ സ്ഥിതിഗതികളിൽ നിന്ന് വേർപെടുത്തി കേരളത്തിനായി ഒരു കാര്യപരിപാടി തയ്യാറാക്കാനാവില്ല. ഇതുകൊണ്ടുതന്നെയാണ് 1994-ലെ കോൺഗ്രസ്സിന്റെ ഉദ്ഘാടന സിമ്പോസിയങ്ങളിൽ ഒന്നിന് 'പുതിയ സാർവദേശീയ ലോകക്രമവും ഇന്ത്യയും കേരളവും' എന്ന വിഷയം തെരഞ്ഞെടുത്തത്. കേരളത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് അവശ്യ പശ്ചാത്തലം ഈ സിമ്പോസിയം ഒരുക്കി. വിവിധ വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ഒട്ടേറെ പ്രബന്ധങ്ങളിൽ പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങൾ പരാമർശ വിഷയമായി. ആഗോള ദേശീയ തലങ്ങളിൽ ഉദ്ഗ്രഥിതമാണെങ്കിലും കേരളത്തെ സംബന്ധിച്ചുള്ള പ്രാദേശിക വിശകലനത്തിനും നടപടികൾക്കും പ്രസക്തിയുണ്ട്. ഇന്ത്യയിലെ കൊളോണിയൽ ഉദ്ഗ്രഥനത്തിന്റെ പ്രാദേശിക അന്തർഭേദങ്ങളും മുതലാളിത്തത്തിന്റെ അസന്തുലിതമായ വളർച്ചയും വൈവിധ്യമാർന്ന ചരിത്ര സാംസ്കാരിക പാരമ്പര്യങ്ങളും ജനകീയ പ്രസ്ഥാനങ്ങളുടെ അസമമായ വളർച്ചയും കണക്കിലെടുക്കുമ്പോൾ പ്രാദേശിക വിശകലനം അനിവാര്യമാണെന്നുതന്നെ പറയേണ്ടിവരും.

ഇപ്രകാരമുള്ള അതിവിപുലമായ ഒരു സംവാദമാണ് 1994 ആഗസ്റ്റ് മാസത്തിൽ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിലൂടെ എ.കെ. ജി. പഠന ഗവേഷണ കേന്ദ്രം ലക്ഷ്യമിട്ടത്. വിഭിന്ന വിഷയങ്ങളിൽ പ്രവീണരായ 700-ഓളം അക്കാഡമിക് പണ്ഡിതന്മാരും അത്രതന്നെ സാമൂഹിക രാഷ്ട്രീയ പ്രവർത്തകരും കോൺഗ്രസ്സിന്റെ വിപുലമായ വേദികളിൽ ഒത്തുചേർന്നു. ഇന്ത്യയിലെ ഒട്ടെല്ലാ പ്രധാന സംസ്ഥാനങ്ങളിൽ നിന്നും 23 വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. 66 സെമിനാർ സെക്ഷനുകളിലും 6 സിമ്പോസിയങ്ങളിലുമായി 600-ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു ചർച്ച ചെയ്തു. 17 സമ്മേളന വേദികളിലുമായി ഏതാണ്ട് 170 മണിക്കൂറുകളോളം നീണ്ട ചർച്ചകൾ നടന്നു.

കോൺഗ്രസ്സിൽ അവതരിപ്പിക്കപ്പെട്ട എല്ലാ പ്രബന്ധങ്ങളെയും കുറിച്ച് സമഗ്രമായ ഒരവലോകനത്തിന് ഇവിടെ തുനിയുന്നില്ല. കോൺഗ്രസ്സിന്റെ ചർച്ചകളിൽ ഉയർന്ന പരസ്പര ബന്ധിതമായ ചില പ്രമേയങ്ങളെ ആസ്പദമാക്കിയുള്ള ഒരു തെരഞ്ഞെടുത്ത വായന മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ വികസനാനുഭവത്തെയും സമകാലീന പ്രതിസന്ധിയെയും പുതിയ മുൻകൈകളെയും മനസ്സിലാക്കാൻ ഇതു സഹായിക്കും. 'കേരള മാതൃക' എന്നു സുപരിചിതമായ പ്രയോഗത്തിലൂടെ കേരളത്തിന്റെ വികസനാനുഭവം സംഗ്രഹിക്കപ്പെടാറുണ്ട്. കോൺഗ്രസ്സിൽ അവതരിപ്പിക്കപ്പെട്ട ഒട്ടേറെ പ്രബന്ധങ്ങളിൽ ഈ പ്രയോഗം വ്യത്യസ്ത അർത്ഥതലങ്ങളിലാണ് ഉപയോഗിക്കപ്പെട്ടത്. ചിലരാവട്ടെ സ്പഷ്ടമായും 'മാതൃക' എന്നാൽ

'അനുകരണീയമാണ്' എന്നു തന്നെയാണ് അർത്ഥം കൽപ്പിച്ചത്. ഈ ആശയക്കുഴപ്പങ്ങളുടെ ഫലമായി പലരിലും 'കേരള മാതൃക' എന്ന പ്രയോഗത്തോടു തന്നെ എതിർപ്പ് പ്രകടമായി. പ്രാരംഭ സമ്മേളനത്തിൽ കെ.എൻ. രാജിന്റെ പ്രബന്ധത്തിന്റെ ശീർഷകം തന്നെ 'ഒരു കേരള മാതൃകയുണ്ടോ?' എന്നതായിരുന്നു. ഇതുമായി ബന്ധപ്പെട്ട ആശയപരമായ സമീപനങ്ങളെ പൊതുവേ വിശകലനം ചെയ്യുന്നതിനാണ് ഈ അവലോകനത്തിന്റെ ഒന്നാം ഭാഗത്ത് ശ്രമിക്കുന്നത്. ഇതിനെ തുടർന്ന് രണ്ടാം ഭാഗത്ത് സമകാലീന സാമ്പത്തിക മാന്ദ്യവും ഇതിൽ നിന്ന് ഉത്ഭവിക്കുന്ന സാമൂഹിക രാഷ്ട്രീയ വെല്ലുവിളികളും വിശകലനം ചെയ്യുന്നു.

ഒരു കർമ്മപരിപാടി ആവിഷ്കരിക്കുകയോ കൃത്യമായ നിഗമനത്തിൽ എത്തിച്ചേരുകയോ കോൺഗ്രസ്സിന്റെ ഉദ്ദേശ്യമായിരുന്നില്ല. ഏറ്റവും വിപുലമായ പങ്കാളിത്തത്തോടുകൂടിയുള്ള തികച്ചും ജനാധിപത്യപരമായ ഒരു സംവാദമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. സമ്മേളനാവസാനം ഏതെങ്കിലും ഒരു വ്യക്തി ഉപസംഹാര പ്രസംഗം നടത്തുക എന്ന പതിവുപോലും ഉപേക്ഷിക്കപ്പെട്ടു. പകരം വ്യത്യസ്ത വീക്ഷണഗതിക്കാരായ വിഭിന്ന തുറകളിലെ വിദഗ്ധരടങ്ങിയ ഒരു പാനൽ കോൺഗ്രസ്സിനെ വിലയിരുത്തി സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയാണുണ്ടായത്. ആയതിനാൽ ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യപ്പെടുന്ന തെരഞ്ഞെടുക്കപ്പെട്ട പ്രശ്നങ്ങളെ കോൺഗ്രസ്സിന്റെ പൂർണ്ണമായ അഭിപ്രായ സമന്വയമായോ എല്ലാവരാലും അംഗീകരിക്കപ്പെട്ട പരിപാടിയായോ തെറ്റിദ്ധരിക്കരുത്. ഈ ലേഖന കർത്താക്കളുടെ കാഴ്ചപ്പാടിൽ ചർച്ചകളിൽ പ്രകടമായ പ്രധാന പ്രവണതകളായി മാത്രം ഇവയെ കരുതിയാൽ മതിയാവും. താഴെപ്പറയുന്ന പ്രമേയങ്ങളാണ് അവലോകനം ചെയ്യപ്പെടുന്നത്: ഉത്പാദനക്ഷമത, പുതിയ വികസന തന്ത്രം, വിദ്യാഭ്യാസ-ആരോഗ്യ നയങ്ങൾ, വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം, ജാതീയതയോടും വർഗ്ഗീയതയോടും വിട്ടുവീഴ്ച ചെയ്യാതെ തന്നെ വിശ്വാസികളോട് സംവദിക്കുന്നതിന്റെ പ്രാധാന്യം, സ്ത്രീകളുടെ പദവി.

### ഒന്ന്: കേരള മാതൃക

വികസനം സംബന്ധിച്ച യാഥാസ്ഥിതിക സാമ്പത്തിക ശാസ്ത്രധാരണ ഇതാണ്: ആദ്യം കൃഷിയും വ്യവസായവും വളരണം. ഈ വളർച്ചാ നേട്ടങ്ങൾ കാലക്രമത്തിൽ കിനിഞ്ഞിറങ്ങി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തും. ഈ ധാരണയെ ചോദ്യം ചെയ്യുന്നതാണ് കേരളത്തിന്റെ വികസനാനുഭവം. ഇന്നത്തെ വികസിത രാജ്യങ്ങളുടെ അനുഭവത്തിൽ നിന്ന് സാമാന്യവൽക്കരിച്ച സാമ്പത്തിക വളർച്ചയും അതിനെ തുടർന്ന് പിന്നീട് ജനക്ഷേമവും എന്ന കാലക്രമത്തെ കേരളം ഖണ്ഡിക്കുന്നു. ഇന്ത്യയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സംസ്ഥാന പ്രതിശീർഷ ഉത്പാദനം തുടർച്ചയായി ദേശീയ ശരാശരിയിൽ താഴെയാണ്. എന്നിട്ടും ഇവിടുത്തെ പൗരന്മാരിൽ മിക്കവരുടെയും പ്രാഥമിക അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനു കഴിഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസം, ജനസംഖ്യാ വളർച്ചാനിരക്ക് എന്നിവ സംബന്ധിച്ചുള്ള താരതമ്യ സൂചികകൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്ന് പരക്കെ അറിയപ്പെടുന്ന ഈ വസ്തുതകൾ സംബന്ധിച്ച കെ.സി. സക്കറിയായുടെയും പി.കെ. രാമചന്ദ്രന്റെയും റിച്ചാർഡ് ഫ്രാങ്കിയുടെയും പ്രബന്ധങ്ങളിലെ സ്ഥിതി വിവര കണക്കുകൾ ഇവിടെ ഉദ്ധരിക്കുന്നില്ല. വിവിധ ഘടകങ്ങൾ സംയോജിപ്പിച്ച് സമഗ്രമായ ഒരു ജീവിത ഗുണമേന്മ സൂചിക നിർമ്മിക്കുന്നതിന് എം.പി. പരമേശ്വരൻ അഖിലേന്ത്യാ ശരാശരിയിൽ നിന്നു മാത്രമല്ല, ഒട്ടെല്ലാ മൂന്നാംലോക രാജ്യങ്ങളിൽ നിന്നും കേരളത്തിന്റെ നില ഉയർന്നു നിൽക്കുന്നുവെന്ന് തെളിയിക്കുകയുണ്ടായി.

പക്ഷേ, ഈ ശരാശരി സൂചികകൾ വികസന പ്രക്രിയയിൽ നിന്ന് ഒറ്റപ്പെട്ടു പോയ ഉപസമുദായങ്ങൾ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങളുടെ അനുഭവം മറച്ചുപിടിക്കുന്നു. പല പ്രബന്ധങ്ങളും കേന്ദ്ര പ്രവണതയിൽ നിന്നും മാറിനിൽക്കുന്ന ഈ അപവാദങ്ങളെയാണ് വിശകലനം ചെയ്യാൻ ശ്രമിച്ചത്. ആദിവാസികളെക്കുറിച്ചും മുക്കുവ സമുദായങ്ങളെക്കുറിച്ചും പ്രത്യേകം സെമിനാർ സമ്മേളനങ്ങൾ ഉണ്ടായിരുന്നു. ഇതിനു പുറമെ പാറതൊഴിലാളികൾ, കയർ തൊഴിലാളികൾ, തമിഴ് കുടിയേറ്റ തൊഴിലാളികൾ തുടങ്ങി ദാരിദ്ര്യത്തിന്റെ മുഖങ്ങളെക്കുറിച്ച് ഒരു പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞ ജോവൻ വി. മെഞ്ചർ കേരളത്തിന്റെ വികസന നേട്ടങ്ങൾ കർഷക തൊഴിലാളികളെ മറികടന്നുപോയി എന്ന് രണ്ടു പതിറ്റാണ്ടു മുമ്പ് നടത്തിയ നിരീക്ഷണത്തെ പുതിയ വസ്തുതകൾ ഉപയോഗിച്ച് സമർത്ഥിക്കുന്നതിനാണ് ശ്രമിച്ചത്. ചുരുങ്ങിവരുന്ന തൊഴിൽ ദിനങ്ങളിലാണ് അവരുടെ വിശകലനം ഊന്നിയത്. എന്നാൽ റൂത്ത് വി. കോറിയുടെ പ്രബന്ധമാകട്ടെ കേരളത്തിലെ ദളിതർ താരതമ്യേന പിന്നോക്കമായി തുടരുന്നുണ്ടെങ്കിലും അവരുടെ നില ഇന്ത്യയിലെ ദളിത് വിഭാഗങ്ങളെക്കാൾ എത്രയോ ഭേദപ്പെട്ടതാണെന്ന് കണക്കുകൾ വെച്ച് സമർത്ഥിക്കുന്നുണ്ട്.

ആഷ്ലി മാത്യു പുലയർ സമുദായ സ്ത്രീകളെക്കുറിച്ച് നടത്തിയ പഠനം പരമ്പരാഗത തൊഴിലുകളിൽ നിന്നുള്ള ശ്രദ്ധേയമായ ഉദ്യോഗകയറ്റം വെളിവാക്കുകയുണ്ടായി. കേരളത്തിലെ സാമ്പത്തിക സാമൂഹിക മാറ്റങ്ങളും ജനസംഖ്യാ പരിണാമവും സംബന്ധിച്ച് ജി. സോമശേഖരൻ നായർ നടത്തിയ പ്രബന്ധം വിവിധ സമുദായങ്ങൾ തമ്മിൽ ഇതു സംബന്ധിച്ചുള്ള അന്തരം കുറഞ്ഞു വരികയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിലെ ജോൺ കുര്യൻ മത്സ്യബന്ധന സമുദായങ്ങളിൽ പൊതു ഇടപെടലിനോടുള്ള സാമൂഹിക ശേഷിയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളെക്കുറിച്ച് ശ്രദ്ധേയമായ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. സാമൂഹിക രാഷ്ട്രീയ ഘടകങ്ങളുടെ ഒരു പ്രത്യേക വിഷമ സന്ധിയിൽപ്പെ

ട്ടതിന്റെ ഫലമായി വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ചോദനം ഈ സമുദായങ്ങളുടെ അടിത്തട്ടിൽ നിന്ന് ഉയർന്നുവരികയുണ്ടായില്ല എന്ന് അദ്ദേഹം സമർത്ഥിച്ചു. ഇപ്രകാരം നോക്കുമ്പോൾ കേരളത്തിന്റെ പൊതു സാമൂഹിക ക്ഷേമ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും അവയെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തുന്നതിലും താഴെത്തട്ടിൽ നിന്നുള്ള ജനകീയ മുന്നേറ്റങ്ങളുടെ പ്രാധാന്യത്തെ ഒന്നുകൂടി അടിവരയിടുകയാണ് ചെയ്യുന്നത്.

പുനർ വിതരണ നയങ്ങൾ രൂപീകരിക്കുന്നതിൽ ജനങ്ങളുടെ ഈ ക്രിയാത്മകമായ മുൻകൈ അവഗണിക്കുന്നതാണ് രണ്ട് പ്രത്യക്ഷത്തിൽ വിരുദ്ധങ്ങളായ ആശയ സമീപനങ്ങൾ കേരള മാതൃകയെക്കുറിച്ചുള്ള ചർച്ചകളിൽ പ്രകടമാക്കുകയുണ്ടായി. ഇതിൽ ഒന്ന് കേരളത്തെ വികസനത്തിനായുള്ള ചെലവു കുറഞ്ഞ ഒരു കുറുക്കുവഴിയെന്നു പ്രകീർത്തിക്കുമ്പോൾ മറ്റൊരു വിഭാഗം കേരള മാതൃകയെ പുത്തൻ കൊളോണിയൽ വികസനത്തിന്റെ മറ്റൊരു വൈകൃതമായി വിലയിരുത്തുന്നു.

ആദ്യത്തെ വാദഗതികളുടെ നിലപാട് കൃത്യമായി പ്രസ്താവിച്ചത് സ്റ്റേറ്റ് ഇക്കോണമിയുടെ വക്താവായ വില്യം അലക്സാണ്ടറുടെ പ്രബന്ധത്തിലായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ താരതമ്യേന താഴ്ന്ന വിഭവ ഉപഭോഗത്തെ അടിസ്ഥാനമാക്കി വികസിത രാജ്യങ്ങളുടെ ജീവിത ഗുണമേന്മയ്ക്ക് സമാനമായ നില കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും സ്ഥായിയായ വികസന മാതൃക കേരളത്തിന്റേതാണ്. ലോകത്തൊരിടത്തും ഇത്ര ചുരുങ്ങിയ ചെലവിൽ ഇത്ര വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല പോലും. ഈ വാദഗതി ചെന്നെത്തുക ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിപ്ലവം പോയിട്ട് സാമ്പത്തിക വളർച്ചപോലും വേണ്ട എന്ന നിഗമനത്തിലേക്കാണ്. ഇപ്രകാരം കേരളം വികസനത്തിനുള്ള കുറുക്കുവഴി കാട്ടിത്തരുന്നു.

വെറുതെയായിരുന്നില്ല ആമുഖ പ്രഭാഷണത്തിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് ഇപ്രകാരം അഭ്യർത്ഥിച്ചത്: കേരളത്തിന്റെ നേട്ടങ്ങളെ ചൊല്ലി പണ്ഡിതർ ചൊരിയുന്ന പ്രശംസകൾ നാം നേരിടുന്ന സാമ്പത്തിക രൂക്ഷതയിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കുവാൻ ഇടയാക്കിക്കൂടാ. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ നാം ഇതര സംസ്ഥാനങ്ങളുടെ പുറകിലാണ്. ഈ പ്രശ്നത്തിന് പരിഹാരം ഇനി വൈകിക്കാനാവില്ല. തൊഴിലവസരങ്ങൾ, ഉത്പാദനം എന്നിവയുടെ കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ ഇനിയും അവഗണിക്കുന്നത് നമുക്കു വിനാശകരമായിരിക്കും.

ഇപ്പോഴത്തെ പിന്നോക്കാവസ്ഥയെ ആദർശവൽക്കരിക്കുന്നതിനോടുള്ള പ്രതികാരമെന്നോണം സാമൂഹിക തുറകളിൽ കേരളം കൈവരിച്ച സുപ്രധാന നേട്ടങ്ങളെ വിലയിടിച്ച് കാണിക്കുന്ന ഒരു പ്രവണതകൂടി ഉളവായിട്ടുണ്ട്. പ്രൊഫ. അബ്ദുൾ സലാം അവതരിപ്പിച്ച പ്രബന്ധം സമഗ്രവികസന സൂചികയിൽ പ്രതിശീർഷ വരുമാനവും തൊഴിലില്ലായ്മയും സാമ്പത്തിക പിന്നോക്കാവസ്ഥയുടെ മറ്റു ചില സൂചികകളും കൂടി ചേർന്നാൽ കേരളം വികസന ശ്രേണിയുടെ താഴെ തട്ടിലേക്കു കൂപ്പുകുത്തുമെന്ന് സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കുന്നു. കേരള മാതൃകയെന്നാൽ 'വളർച്ച രഹിതമാതൃക' ആയി തീരുന്നു.

എന്നാൽ വിശകലനാത്മകമായി നോക്കുമ്പോൾ ഇതു ശരിയാണെന്നു പറയാൻ ആവില്ല. താഴ്ന്ന സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ താരതമ്യേന ഉയർന്ന ജീവിത ഗുണമേന്മ ഉറപ്പു വരുത്തുവാനായതാണ് കേരള വികസനാനുഭവത്തിലെ പ്രഹേളിക. സാധാരണഗതിയിൽ താഴ്ന്ന സാമ്പത്തിക വികാസവും താഴ്ന്ന ജീവിത ഗുണനിലവാരവും ഒത്തൊരുമിച്ച് പോകുന്നവയാണ്. കേരളം ഇതിന് അപവാദമാണ്, കേന്ദ്ര പ്രശ്നം ഇതാണ്. കൂടുതൽ മെച്ചപ്പെട്ട ആരോഗ്യവും വിദ്യാഭ്യാസവും ലഭിച്ചതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ദോഷം സംഭവിച്ചുവോ? ഇവ രണ്ടും ഇല്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ സാമ്പത്തിക നില ഇതിലും മെച്ചമാകുമായിരുന്നുവോ? ഈ ചോദ്യങ്ങൾക്ക് അനുകൂലമായ ഉത്തരം നൽകണമെങ്കിൽ സാമ്പത്തിക വളർച്ചയും സാമ്പത്തിക നീതിയും തമ്മിൽ പരസ്പര വിരുദ്ധമായ ബന്ധമാണ് നിലനിൽക്കുന്നതെന്ന് അംഗീകരിക്കേണ്ടി വരും.

കേരള മാതൃക സംബന്ധിച്ച വിമർശനപരമായ ഈ സമീപനത്തിന്റെ യുക്തിപരമായ പര്യവസാനം കേരളത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ വികസനത്തെ കൊളോണിയൽ പുത്തൻ കൊളോണിയൽ അവികസിതാവസ്ഥയുടെ മറ്റൊരു ലക്ഷണമായി വിധി പ്രസ്താവിക്കുന്നതിലേക്ക് എത്തുന്നു. പ്രൊഫ. ഉമാദേവിയുടെ പ്രബന്ധത്തിൽ വിശദീകരിച്ചതുപോലെ കേരളത്തിലെ കൃഷിയുടെ വാണിജ്യവൽക്കരണവും സാമ്പത്തിക ആധുനികവൽക്കരണവും കൊളോണിയൽ കാലഘട്ടത്തിന്റെ പുറം പ്രചോദനങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് സംഭവിച്ചത്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ വിപുലീകരണവും ഗതാഗത സൗകര്യ വ്യാപനവുമെല്ലാം ഈ പ്രക്രിയയുടെ ഭാഗമായിരുന്നു. ഇതിന്റെ ഫലമായി കേരളം അസംസ്കൃത വസ്തുക്കളുടെ മാത്രമല്ല മനുഷ്യശക്തിയുടെ കൂടി ഒരു കയറ്റുമതി സ്രോതസ്സായി തീർന്നിരിക്കുന്നു. ഇതുവരെയുള്ള വിശകലനത്തോടു അടിസ്ഥാനപരമായ വിയോജിപ്പ് ഞങ്ങൾക്കില്ല. എന്നാൽ ഇവിടെ നിന്ന് സാമ്രാജ്യ ഗൂഢാലോചനയോടുള്ള സമീപനത്തിൽ നാടകീയമായ ഒരു ഗതി മാറ്റം ചിലർക്കു വന്നു ഭവിച്ചതായി കാണുന്നു. ഒരു ചുരുങ്ങിയ കാലത്തേക്ക് ലോകബാങ്ക് കേരള വികസന മാതൃകയെ പ്രകീർത്തിച്ചത് സാമ്രാജ്യത്വ നിക്ഷിപ്ത താല്പര്യത്തിന്റെ അടിസ്ഥാന തെളിവായി വീണ്ടും വീണ്ടും ഉയർത്തപ്പെടുന്നു.

കൊളോണിയൽ ഉദ്ഗ്രഥനവും അതിന്റെ ഫലമായി ഉണ്ടായ അവികസനവും കേരളത്തിന്റെ മാത്രം അനുഭവമായിരുന്നില്ലല്ലോ. അത് ഒരു ആഗോള പ്രക്രിയയായിരുന്നു. എന്നാൽ, സാമൂഹിക ക്ഷേമരംഗത്ത് കേര

ളത്തിനുണ്ടായ ഉന്നതി ദുർലഭം ചില പ്രദേശങ്ങളിൽ മാത്രമേ ഉണ്ടായുള്ളൂ. എന്തുകൊണ്ട് ഈ വ്യത്യാസം? ജനങ്ങളെ സാമ്രാജ്യത്വത്തിന്റെ നിസ്സഹായരായ ഇരകളായി മാത്രം കാണുന്ന ഒരു വീക്ഷണഗതിക്കു മാത്രമേ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വളർച്ച യുടെ പിന്നിലുള്ള ജനകീയ സമരങ്ങളുടെയും സമ്മർദ്ദങ്ങളുടെയും നേരെ കണ്ണടയ്ക്കാനാവൂ. ഈ പശ്ചാത്തലത്തിലാണ് തങ്ങളുടെ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിന് ജനങ്ങൾ നടത്തിയ സമരങ്ങളുടെയും ബോധപൂർവ്വമായ പരിശ്രമങ്ങളുടെയും ചരിത്രം ശ്രദ്ധേയമായിത്തീരുന്നത്.

## രണ്ട്: കേരള മാതൃകയുടെ നിർമ്മിതി

കേരള ചരിത്രത്തെ മൊത്തത്തിൽ അവലോകനം ചെയ്തുകൊണ്ടുള്ള ഒരു സിമ്പോസിയവും ചരിത്ര സംബന്ധിയായ മറ്റു ആറു സെക്ഷനുകളും കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. ഇവയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിൽ കേരളത്തിലെ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങളെ അടിസ്ഥാനമാക്കി കേരള മാതൃകയുടെ ചരിത്രപരമായ പരിണാമത്തെ പൊതുവെ അവലോകനം ചെയ്യുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്.

കേരളത്തിലെ സാക്ഷരതാ പാരമ്പര്യം ആധുനിക കാലഘട്ടത്തിനു മുൻപേ ഉള്ളതാണെന്ന പ്രബലമായ വാദഗതികളുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ നിന്ന് ലഭ്യമാകുന്ന തെളിവുകൾ സൂചിപ്പിക്കുന്നത് കേരള പ്രദേശത്ത് അന്നുതന്നെ താരതമ്യേന ഉയർന്ന സാക്ഷരത ഉണ്ടായിരുന്നുവെന്നാണ്. കൊളോണിയൽ കാലഘട്ടത്തിനു മുൻപുള്ള കേരളത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള നമ്മുടെ ചരിത്ര വിജ്ഞാനം വളരെ പരിമിതമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. പുരാതന മധ്യകാല കൊളോണിയൽ പൂർവ വ്യവസ്ഥയുടെ പ്രത്യേകതകളും വിദേശ വാണിജ്യ ബന്ധങ്ങളും ബൗദ്ധ പാരമ്പര്യങ്ങളും മറ്റും കണക്കിലെടുക്കേണ്ടതുണ്ട്. ഡേവിഡ് വാഷ്ബ്രൂക്ക് ശക്തിയായി വാദിച്ചതുപോലെ കേരളത്തെ സംബന്ധിച്ചിടത്തോളം പതിനെട്ടാം നൂറ്റാണ്ട് നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. കേന്ദ്രീകൃത രാജവാഴ്ചയുടെ ഉദയം ഈ നൂറ്റാണ്ടിലാണ്. മലബാറിലെ രാഷ്ട്രീയാധികാര കേന്ദ്രീകരണ പ്രവണതയ്ക്ക് മാർഗ തടസ്സം നേരിട്ടു. എന്നാൽ, തെക്കാവട്ടെ, മൈക്കിൾ തരകന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ പ്രബലന്മാരായ മാടമ്പിമാരെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി സാമൂഹ്യ ശ്രേണിയിലെ ഇടനിലക്കാരായ കുടിയാന്മാർ, കച്ചവടക്കാർ, കൈവേലക്കാർ തുടങ്ങിയവരുമായി ഒരു സ്വതന്ത്ര രാജ്യമെന്ന നിലയിലും പിന്നീട് ബ്രിട്ടീഷ് പരമാധികാരത്തിനു കീഴിലും മുകളിൽ പറഞ്ഞ സാമൂഹിക വിഭാഗങ്ങൾക്ക് നേട്ടമുണ്ടാക്കുന്ന പാട്ടകുടിയാൻ പരിഷ്കാരങ്ങൾ, സർക്കാർ തരിശുഭൂമി വിതരണം തുടങ്ങിയ പല നടപടികളും തിരുവിതാംകൂർ ഭരണംകൂടം എടുക്കുന്നതു കാണാം.

ഈ നടപടികൾ കൃഷിയുടെ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചു. വാണിജ്യത്തിന്റെയും ഭരണ സംവിധാനത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ആവശ്യങ്ങൾ വിദ്യാഭ്യാസത്തിന് ചോദനമായി. വിദ്യാഭ്യാസ പ്രോത്സാഹനത്തിന് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂർ സർക്കാർ എടുത്ത നടപടികളെ ഈ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്. വാണിജ്യവൽക്കരണവും ആധുനികവൽക്കരണവും വാണിജ്യ കൃഷിക്കാർ, ചെറുകിട മുതലാളിമാർ, പ്രൊഫഷണലുകൾ തുടങ്ങിയ ഒരു പുതിയ ഇടത്തരം വിഭാഗത്തിന് രൂപം നൽകി. ഇവരാകട്ടെ പരമ്പരാഗത സമുദായ ശ്രേണിയിലെ ഇടനില വിഭാഗക്കാരായ സുറിയാനി ക്രിസ്ത്യാനികൾ, ഈഴവർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നാണ് രൂപം കൊണ്ടത്. തങ്ങളുടെ പിന്തുടർച്ചാ സമ്പ്രദായവും പരമ്പരാഗത തൊഴിലിന്റെ വൈവിധ്യവും വാണിജ്യ വിളകളും കയറുപോലെ വളർന്നുകൊണ്ടിരിക്കുന്ന വ്യവസായ തുറകളുമായി ഇവർക്കുണ്ടായിരുന്ന ബന്ധങ്ങളുമെല്ലാം ഈ പ്രവണതയ്ക്ക് പശ്ചാത്തലമൊരുക്കി. എന്നാൽ, ഇവരുടെ സാമ്പത്തിക ഉന്നമനം പരമ്പരാഗത സാമൂഹിക പദവിയുമായി യോജിച്ചു പോകുന്നതായിരുന്നില്ല. ഈ വൈരുദ്ധ്യമാണ് തങ്ങളുടെ സാമുദായിക പരിഷ്കാരങ്ങൾക്കും സവർണ മേധാവിത്വത്തിനുമെതിരായ സമരത്തിനുവേണ്ടിയുള്ള സാമൂഹിക പ്രസ്ഥാനങ്ങൾക്കും രൂപം നൽകിയത്. മുതലാളിത്തത്തിന്റെ വെല്ലുവിളി സവർണ സമൂഹങ്ങളിലും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് ഉത്തേജകമായി. ഈ സാമൂഹിക പ്രതിഭാസത്തിന്റെ നാനാവശങ്ങൾ പരിശോധിക്കുന്ന ഒട്ടേറെ പ്രബന്ധങ്ങൾ കോൺഗ്രസ്സിൽ അവതരിക്കപ്പെടുകയുണ്ടായി.

പ്രമാണ ഗ്രന്ഥങ്ങളും ആചാരാനുഷ്ഠാനങ്ങളും പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ വിഭിന്ന വ്യാഖ്യാനങ്ങൾ ഉയർന്നുവന്നു. ഇവയിൽ ഏറ്റവും പ്രധാനം നിത്യ ചൈതന്യയതിയുടെ പ്രബന്ധത്തിലടക്കം പരിശോധിക്കപ്പെട്ട ശ്രീനാരായണഗുരു പ്രസ്ഥാനമായിരുന്നു. സംഘടനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ അദ്ദേഹം ഊന്നിപ്പറഞ്ഞു. താഴെ നിന്നുള്ള വെല്ലുവിളികളും മുകളിൽ നിന്നുമുള്ള തമിഴ് ബ്രാഹ്മണരുടെ സമ്മർദ്ദവും സവർണ്ണ ജാതികളിലും പരിഷ്കാരങ്ങൾക്ക് ആക്കം കൂട്ടി. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സവർണ്ണർക്ക് സ്വയം നിലനിൽക്കാനും അവർണ്ണർക്ക് സാമൂഹ്യ ശ്രേണിയിൽ മുകളിലേക്കു കയറുന്നതിനും ഉപകരിക്കുന്ന ഒരു മാധ്യമമായി തീർന്നു വിദ്യാഭ്യാസം. സമുദായ സാമൂഹിക പ്രസ്ഥാനങ്ങൾ സൃഷ്ടിച്ച വിദ്യാഭ്യാസത്തിനായുള്ള ചോദനത്തോടും പ്രതികരിച്ചുകൊണ്ട് സർക്കാർ സഹായത്തോടെയും അല്ലാതെയും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് വിവിധ സംഘടനകൾ തമ്മിൽ ഒരു മത്സരം തന്നെയുണ്ടായി. ക്ഷേത്രപ്രവേശന മുദ്രാവാക്യത്തിന് ദശാബ്ദങ്ങൾക്കു മുമ്പ് തന്നെ കേരളത്തിൽ പ്രകമ്പനം കൊണ്ട മുദ്രാവാക്യം വിദ്യാലയ പ്രവേശനം സംബന്ധിച്ചായിരുന്നു. വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി കർഷകതൊഴിലാളികളുടെ പണിമുടക്കിന്

ആഹ്വാനം ചെയ്ത അയ്യങ്കാളിയുടെ സംഭാവനകളെ വിലയിരുത്തുന്ന രണ്ടു പ്രബന്ധങ്ങൾ കോൺഗ്രസിൽ അവതരിക്കപ്പെട്ടു.

പുതിയ സ്കൂളുകളുടെയും ആശുപത്രികളുടെയും മാതൃക മിഷനറിമാരുടെ സംഭാവനയായിരുന്നു. മിഷനറി വിദ്യാലയങ്ങൾ എണ്ണത്തിന്റെ കാര്യത്തിൽ താരതമ്യേന തുച്ഛമായിരുന്നുവെങ്കിലും ആധുനിക വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ അവർ സുപ്രധാന പങ്കു വഹിക്കുകയുണ്ടായി എന്ന് മിഷനറിമാരുടെ സംഭാവനകൾ സംബന്ധിച്ച സെക്ഷൻ വിലയിരുത്തുകയുണ്ടായി. അവരുടെ പ്രവർത്തന മണ്ഡലം മുഖ്യമായും സാമൂഹികമായി പിന്തള്ളപ്പെട്ട വിഭാഗങ്ങൾക്കിടയിലായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസ വ്യാപനത്തിൽ താഴെ തട്ടിൽ നിന്നുള്ള പ്രചോദനം എത്രമാത്രം നിർണ്ണായകമായ ഘടകമാണെന്ന് മനസ്സിലാക്കുന്നതിന് കൊളോണിയൽ കാലഘട്ടത്തിൽ മലബാറും തിരുവിതാംകൂർ പ്രദേശവും തമ്മിൽ സാക്ഷരതാ നിരക്കിൽ വർധിച്ചു വന്ന അന്തരം മാത്രം വീക്ഷിച്ചാൽ മതിയാവും. തെക്കൻ കേരളത്തിലെ കാർഷിക ബന്ധത്തിൽ വന്ന മാറ്റങ്ങളും മലബാറിനെ അപേക്ഷിച്ച് ഈ പ്രദേശങ്ങളിൽ കൂടുതൽ ശക്തമായ കൃഷിയുടെ വാണിജ്യവൽക്കരണത്തിനും ഇടത്തക്കാരുടെ ആവിർഭാവത്തിനും സാമൂഹിക മതപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും ഇട നൽകി. വിദ്യാഭ്യാസത്തിനായുള്ള മുറവിളി മലബാറിനേക്കാൾ കൂടുതൽ ഉച്ചത്തിൽ ഉയർന്നത് തിരുവിതാംകൂറിലായിരുന്നു. കൊളോണിയലിസത്തിന്റെ ആഘാതത്തിൽ മലബാറിലെ പരമ്പരാഗത വിദ്യാഭ്യാസ മേഖലയാകെ തകർന്നു പോയപ്പോൾ തിരുവിതാംകൂറിൽ ഉദയം കൊണ്ട സാമൂഹിക സാമ്പത്തിക ശക്തികൾ അവയ്ക്ക് ഒരു പുതിയ ജന്മം നൽകി.

കെ. സച്ചിദാനന്ദന്റെയും പി. ഗോവിന്ദപിള്ളയുടെയും പ്രബന്ധങ്ങളിൽ വിവരിക്കുന്നതുപോലെ സാമൂഹിക മതപരിഷ്കരണ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള കേരളീയ നവോത്ഥാനത്തിന്റെ പ്രഥമഘട്ടത്തിന് 1930-കളും 40-കളും ആയപ്പോഴേക്കും ശക്തി ക്ഷയിച്ചു. നവോത്ഥാന പാരമ്പര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് പുതിയ ശക്തി സ്രോതസ്സുകൾ ഉദയം കൊണ്ടു. മലബാറിലെ ദേശീയ പ്രസ്ഥാനത്തിനുള്ളിൽ നിന്നും രൂപം കൊണ്ട സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രവണതകളായിരുന്നു ഇവ. ഇടതുപക്ഷം കെട്ടിപ്പടുത്ത വർഗ്ഗ ബഹുജന സംഘടനകൾ ഭൂമിയെയും കൂലിയേയും കേന്ദ്രീകരിച്ചുള്ള സാമ്പത്തികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സംഘടിപ്പിക്കാൻ ശ്രമിച്ചു. മലബാറിൽ കാണാക്കുടിയാന്മാരുടെ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക പ്രസ്ഥാനത്തെ സമഗ്ര ഭൂപരിഷ്കാരത്തിനായുള്ള കർഷക സാമാന്യത്തിന്റെ പ്രസ്ഥാനമാക്കി അവർ മാറ്റി. ഈ മുദ്രാവാക്യങ്ങൾക്ക് തെക്കൻ കേരളത്തിലും അനുകൂല പ്രതികരണങ്ങൾ ഉളവായി. ഇതോടൊപ്പം തന്നെ സാമൂഹിക നീതിക്കുവേണ്ടിയുള്ള മുദ്രാവാക്യങ്ങളെയും അവർ ഏറ്റെടുത്തു മുന്നോട്ടുകൊണ്ടു പോയി. പത്രങ്ങളെയും പ്രസിദ്ധീകരണങ്ങളെയും അവർ ഉപാധികളാക്കി. ഗ്രാമീണ ലൈബ്രറികൾ ദേശീയ പ്രസ്ഥാനത്തിന്റെ കേന്ദ്രങ്ങളായി. രാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്കൂൾ അധ്യാപകർ നാട്ടിൻപുറങ്ങളിലെ രാഷ്ട്രീയ സംഘാടകർ കൂടിയായി. ഇവയുടെയെല്ലാം സൂക്ഷ്മവശങ്ങൾ അനാവരണം ചെയ്യുന്ന പ്രബന്ധങ്ങൾ കോൺഗ്രസ്സിൽ അവതരിക്കപ്പെട്ടു. ജാതി വിരുദ്ധ സമരം ഇടതുപക്ഷ ദേശീയവാദികളുടെ പ്രധാനപ്പെട്ട ഒരു പ്രവർത്തന മേഖലയായി. കുട്ടനാട്ടിലെ കർഷക തൊഴിലാളികളുടെ സമരങ്ങളെക്കുറിച്ചുള്ള പ്രബന്ധങ്ങളിൽ ഇത് പ്രത്യേകം എടുത്തു കാട്ടുന്നു.

സ്വാതന്ത്ര്യത്തിന്റെ പടിവാതിൽക്കൽ എത്തിയപ്പോഴേക്കും മലബാറിൽ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് ഇടതുപക്ഷം ഉയർന്നുകഴിഞ്ഞു. പുന്നപ്ര-വയലാർ സമരത്തിലൂടെ തെക്കൻ കേരളത്തിലും ദേശീയ പ്രസ്ഥാനത്തിന്റെ മുന്നണിയിലേക്ക് ഇടതുപക്ഷം നീങ്ങി. ഇവയെല്ലാം 1950-കളിൽ ഇടതുപക്ഷ രാഷ്ട്രീയ ശക്തികളുടെ അധികൃത മുന്നേറ്റത്തിന് പശ്ചാത്തലമൊരുക്കി. ഇതിന്റെ തുടർച്ചയായി കാലാകാലങ്ങളിൽ രൂപം കൊണ്ട ഇടതുപക്ഷ സർക്കാർ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വിപുലീകരണ പ്രക്രിയയിൽ നിർണ്ണായക വഴിത്തിരിവുകളായി തീർന്നു. സാമൂഹിക ക്ഷേമ സുരക്ഷിതത്വ നിയമനിർമ്മാണ ചരിത്രം സംബന്ധിച്ച കെ.സി. സണ്ണിയുടെ വിശകലനം ഇതു കൃത്യമായി വ്യക്തമാക്കുന്നുണ്ട്.

1960-കളുടെ മധ്യത്തിലെ ഭക്ഷ്യസമരങ്ങളുടെ പ്രത്യക്ഷ ഫലമായി സമഗ്രമായ പൊതുവിതരണ സമ്പ്രദായം സ്ഥാപിക്കപ്പെട്ടത് പ്രത്യേക പരാമർശം അർഹിക്കുന്ന ഒരു നേട്ടമാണ്. യുദ്ധകാലത്തെ ഭക്ഷ്യക്ഷാമ വേളയിലാണ് ആദ്യമായി റേഷൻ സമ്പ്രദായം കേരളത്തിലാരംഭിച്ചത്. തുടക്കം മുതൽ തന്നെ പ്രകടമായ ശക്തമായ ജനകീയ ഇടപെടലുകളും മേൽനോട്ടവും കേരളത്തിലെ റേഷൻ സമ്പ്രദായത്തിന്റെ പ്രത്യേകതയാണ്. സ്വാതന്ത്ര്യാനന്തര കാലത്ത്, പ്രത്യേകിച്ച് 70-കളിലും 80-കളിലും, ഒട്ടേറെ സാമൂഹിക സുരക്ഷിതത്വ സംവിധാനങ്ങളും രൂപം കൊള്ളുകയുണ്ടായി.

സാമൂഹിക സേവനങ്ങൾക്കായുള്ള ചോദനത്തെ ശക്തിപ്പെടുത്തിയ സുപ്രധാനമായ ഒരു പരിഷ്കാരം ഭൂപരിഷ്കാരം നടപ്പിലാക്കപ്പെട്ടതാണ്. കെ.കെ.എൻ. കുറുപ്പിന്റെ പ്രബന്ധം ഭൂപരിഷ്കരണത്തിന്റെ പരിണാമത്തെക്കുറിച്ചുള്ളതായിരുന്നു. 30-കളിൽ ആരംഭിച്ച കർഷക പ്രസ്ഥാനത്തിന്റെ ദീർഘകാല പര്യവസാനമായിരുന്നു 70-കളുടെ ആദ്യം നടപ്പാക്കപ്പെട്ട ഭൂപരിഷ്കാരം. കേരളത്തിലെ ഭൂപരിഷ്കാരത്തിന് നിരവധി പരിമിതികളുണ്ട്. ഭൂപരിധി വ്യവസ്ഥ നടപ്പിലാക്കുന്നതിൽ സംഭവിച്ച വീഴ്ചയാണ് ഏറ്റവും പ്രധാനപ്പെട്ടത്. തോട്ടങ്ങൾക്ക് ഭൂപരിധിയിൽ നൽകിയ ഒഴിവും അവയുടെ കാരണങ്ങളും പ്രത്യാഘാതങ്ങളും പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടു. ഇങ്ങനെ പല പരിമിതികളെല്ലാമുണ്ടെങ്കിലും ഭൂപരിഷ്കരണം കേരളത്തിലെ നാട്ടിൻപുറങ്ങളിൽ, പ്രത്യേകിച്ച് ഉത്തര കേരളത്തിൽ മൗലികമായ

മാറ്റങ്ങൾ വരുത്തിയെന്ന് ഇ. ഗോപാലകൃഷ്ണമേനോന്റെ പ്രബന്ധം വാദിച്ചു. കുടിയാന്മാർക്ക് കൃഷിഭൂമിയിൽ സ്വത്തവകാശവും കർഷക തൊഴിലാളികൾക്ക് കിടപ്പാടത്തിന്റെ ഉടമസ്ഥാവകാശവും ലഭിച്ചു. ഇത് ഇവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിന് അസ്തിവാരമിട്ടു. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ ദക്ഷിണ ഉത്തര കേരളങ്ങൾ തമ്മിൽ നിലനിന്നിരുന്ന അന്തരം അതിവേഗത്തിൽ കുറയാൻ തുടങ്ങിയത് ഭൂപരിഷ്കാരം നടപ്പാക്കിയതിന് ശേഷമായിരുന്നു.

## മൂന്ന്: സാമ്പത്തിക മുരടിപ്പ്

കെ.കെ. ജോർജിന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ 70-കളുടെ ഉത്തരാർദ്ധത്തിൽ കേരള വികസന മാതൃക അന്താരാഷ്ട്ര പ്രസിദ്ധിയിലേക്കുയർന്നു കൊണ്ടിരുന്നപ്പോൾ സംസ്ഥാനം അതീവഗുരുതരമായ സാമ്പത്തിക മുരടിപ്പിലേക്ക് തെന്നി വീണു കൊണ്ടിരിക്കുകയായിരുന്നു. സർവ്വതല സ്പർശിയായിരുന്നു അതെങ്കിലും ഭൗതികോല്പാദന രംഗങ്ങളിലാണ് മുരടിപ്പ് ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്. തൊഴിലില്ലായ്മ കുത്തനെ പെരുകി. സർക്കാരിന്റെ ധനപ്രതിസന്ധി രൂക്ഷമായി. ചെലവിനുള്ള പണമില്ലാത്തതിനാൽ സാമൂഹിക ക്ഷേമ സൗകര്യങ്ങൾ ദുർബലമായി. പ്രബന്ധങ്ങളുടെ എണ്ണം കൊണ്ടും ചർച്ചകളുടെ ദൈർഘ്യം കൊണ്ടും കോൺഗ്രസ്സിന്റെ മുഖ്യശ്രദ്ധ ഭൂതകാല നേട്ടങ്ങളെക്കുറിച്ചല്ലായിരുന്നു. മറിച്ച് സമകാലീന പ്രതിസന്ധിയും അതിനകത്തുള്ള പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചായിരുന്നു. ഇതാവട്ടെ കേരളത്തിന്റെ വികസനാനുഭവത്തെ മുൻനിറുത്തി സാർവ്വത്രികമായി എത്തിയിട്ടുള്ള പൊതു നിഗമനത്തിന് ആവശ്യം വേണ്ടുന്ന ഒരു ഭേദഗതിയിലേക്ക് ശ്രദ്ധ ക്ഷണിച്ചു. സാമ്പത്തിക വളർച്ചയുടെ അഭാവത്തിൽ പുനർവിതരണത്തിന്റെ നേട്ടങ്ങളെ വിപുലീകരിക്കാനോ നിലനിറുത്താനോ കഴിയുകയില്ല.

70-കളുടെ അവസാനം മുതൽ ദേശീയ സമ്പദ്ഘടനയുടെ വളർച്ചയിലുണ്ടായ വർദ്ധനയിൽ പങ്കുചേരാതിരുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് ദേശീയ ശരാശരിയിൽ താഴെയായിരുന്നുവെന്നു മാത്രമല്ല തൊട്ടു മുമ്പുള്ള ദശകത്തിൽ കേരളത്തിൽ തന്നെ കൈവരിച്ച വളർച്ചാ നിരക്കിനേക്കാളും അത് കുറവായിരുന്നു. കാർഷികോത്പാദന മേഖലയായിരുന്നു ഏറ്റവും കനത്ത തിരിച്ചടി. ഭൂപരിഷ്കരണത്തെ തുടർന്ന് ഈ രംഗത്തെക്കുറിച്ച് വളരെ ഉയർന്ന പ്രതീക്ഷകൾ ഉണ്ടായിരുന്നു. എന്നാൽ റബ്ബർ ഒഴികെ മിക്കവാറും എല്ലാ വിളകളുടെയും ഉത്പാദനം 1975-76 നും 1986-87 നും ഇടയിൽ മുരടിച്ചു നിന്നു. വിള വിസ്തൃതി വർദ്ധിച്ചിട്ടും നാളികേരം ഉത്പാദനം കുറഞ്ഞു. നെല്ലിന്റെ ഇടിവിൻറെ കോട്ടം ഒരുതരത്തിലും നികത്താൻ കഴിയുന്നില്ല. നെൽകൃഷിയുടെ വിസ്തൃതി കൃഷിഭൂമിയുടെ 25 ശതമാനമായി ചുരുങ്ങി. ഇതിന്റെ ഫലമായി ഭക്ഷ്യധാന്യ കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശ്രിതത്വം വർദ്ധിച്ചു.

കേരളത്തിലെ കാർഷിക മുരടിപ്പ് സംബന്ധിച്ച് ഡോ. നാരായണൻ നായരുടെ ആമുഖക്കുറിപ്പും ലളിതാഭായി സത്യന്റെ പ്രബന്ധം യഥാർത്ഥ പ്രവണതകളെക്കുറിച്ച് ചില പ്രധാന ഉൾക്കാഴ്ചകൾ നൽകുന്നതിന് സഹായകമാണ്. 70-കളുടെ മധ്യം മുതൽ വർദ്ധമാനമായ തോതിൽ ചിരകാല വിളകളിലേക്ക് കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വിളമാറ്റം മാന്ദ്യത്തിന്റെ രൂക്ഷതയെ പർവ്വതീകരിക്കുന്നതിനിടയാക്കിയിട്ടുണ്ടെന്ന് അവർ വിലയിരുത്തി. പുതിയ ചിരകാല വിളകൾ ഫലം തരുന്നതിന് ദീർഘകാലമെടുക്കും എന്നതിനാൽ കേരളത്തിന്റെ കാർഷിക മേഖലയിൽ സവിശേഷമായ ചാക്രിക ഗതികളെ പരിഗണിക്കേണ്ടതുണ്ട്. മുപ്പതുകളുടെ അവസാനത്തോടെ പുതുതായി വെച്ചുപിടിപ്പിച്ച തോട്ടങ്ങൾ ഫലപൂർത്തിയായതിനെ തുടർന്ന് കേരളത്തിലെ കാർഷികോത്പാദനം വീണ്ടും ഉയർന്നു തുടങ്ങിയിട്ടുണ്ട്.

കേരളത്തിലെ വിളകൾ ഓരോന്നും എടുത്തു കഴിഞ്ഞാൽ അവയുടെ ഉത്പാദനക്ഷമത അന്തർദേശീയ ദേശീയ വിപണികളിൽ നേർക്കുനേർ മത്സരിക്കുന്ന പ്രദേശങ്ങളെക്കാൾ താഴ്ന്നതാണ്. രണ്ടാമതായി, പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങൾ കേരളത്തിലെ കാർഷിക മേഖലയിൽ പുതുതായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന അഭിവൃദ്ധിയുടെ പ്രവണതയ്ക്കും വിനയായി തീരും. വളം വില വർദ്ധനയെക്കുറിച്ചുള്ള മേരി ജോർജ്ജിന്റെ പ്രബന്ധം എങ്ങനെ ഇത് കേരളത്തെ സവിശേഷമായി പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിക്കുകയുണ്ടായി. ഇറക്കുമതി ഉദാരവൽക്കരണവും സംസ്ഥാനത്തെ വാണിജ്യവിളകൾക്ക് ഭീഷണിയായി തീർന്നിട്ടുണ്ട്.

അതുപോലെ തന്നെ 70-കളുടെ മധ്യമുതലുള്ള വ്യവസായങ്ങളുടെ നിലയും നിരാശജനകമായി. വ്യാവസായിക ഉത്പാദനം 80-കളുടെ അവസാനത്തോടെ മെച്ചപ്പെടുകയുണ്ടായി. എന്നാൽ, പുത്തൻ സാമ്പത്തിക നയങ്ങളുടെ വരവോടെ കേരളത്തിലെ വ്യവസായ ഉത്പാദനം പ്രതിവർഷം ഏതാണ്ട് ഒരു ശതമാനം വെച്ച് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വ്യവസായ വളർച്ചയുടെ ഗതിമാറ്റങ്ങളെക്കുറിച്ചുള്ള കെ.കെ. സുബ്രഹ്മണ്യത്തിന്റെ പ്രബന്ധം വ്യവസായ ഗതിയെ നിർണ്ണയിക്കുന്നതിൽ നയപരമായ സമീപനങ്ങൾക്കുള്ള പ്രാധാന്യത്തെ എടുത്തു കാട്ടുകയുണ്ടായി. പതിവു പല്ലവികൾക്കു വിരുദ്ധമായി അദ്ദേഹം സമർത്ഥിച്ച ഒരു കാര്യം കേരളത്തിലെ വ്യവസായ മുന്നേറ്റ കാലയളവുകൾ എല്ലാം ഇടതുപക്ഷ ഭരണ സാരഥ്യം ഉണ്ടായിരുന്ന വർഷങ്ങൾ ഉൾപ്പെടുന്നവയായിരുന്നു എന്നുള്ളതാണ്.

കയർ, കശുവണ്ടി, കൈത്തറി, ഓട് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെല്ലാം രൂക്ഷമായ പ്രതിസന്ധിയിലാണ്. ഒരു വശത്ത് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വില വർദ്ധനയും. മറുവശത്ത് യന്ത്രവൽക്കൃത ഉത്പന്നങ്ങളിൽ നിന്നും പകരം ഉത്പന്നങ്ങളിൽ നിന്നും ഉള്ള മത്സരത്തിന്റെ ഫലമായി നേരിടുന്ന

വിപണി ഞെരുക്കവും മൂലം ഈ വ്യവസായങ്ങൾ വലയുകയാണ്. ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പി. മോഹനൻ പിള്ളയുടെ പ്രബന്ധം അഖിലേന്ത്യാ നിലയോട് താരതമ്യപ്പെടുത്തുമ്പോൾ കേരളം വ്യവസായ ഘടനയുടെ വൈവിധ്യവൽക്കരണത്തിന്റെ കാര്യത്തിലും സ്ഥാപന വലിപ്പത്തിന്റെ കാര്യത്തിലും കാര്യക്ഷമതയിലും പിന്നിലാണെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. വൻകിട വ്യവസായ മേഖലയിലെ നിക്ഷേപവും ഒട്ടും തൃപ്തികരമല്ല. പൊതുമേഖലാ നിക്ഷേപത്തിന്റെ 1.3 ശതമാനം മാത്രമേ കേരളത്തിലുള്ളൂ. കുത്തക മൂലധനവും ഇതുപോലെ തന്നെ കേരളത്തിൽ നിക്ഷേപിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്.

കാർഷിക വ്യവസായ മേഖലകളിലെ മുരടിപ്പ് തൊഴിലില്ലായ്മയെ വഷളാക്കിയിരിക്കുന്നു. കേരളത്തിലെ തൊഴിലില്ലായ്മയെ മൃദുൽ ഈപ്പന്റെയും ചന്ദൻ മുഖർജിയുടെയും തോമസ് ഐസക്കിന്റെയും പ്രബന്ധങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയുടെ മൂന്നു മടങ്ങാണ്. എന്നിട്ടും പരമ്പരാഗതമായ പല പണികൾക്കും ആവശ്യത്തിന് ആളെ കിട്ടുന്നില്ല. കാരണം വിദ്യാഭ്യാസം ലഭിച്ചതിന്റെ ഫലമായി തൊഴിൽ പ്രതീക്ഷകൾ ഉയരുന്നതുകൊണ്ട് ഇത്തരം തൊഴിൽ തുറകളിൽ നിന്ന് വിദ്യാസമ്പന്നർ പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഔദ്യോഗിക തൊഴിൽ മേഖലയിൽ ഒരു ജോലി ലഭിക്കുന്നതിനുള്ള കാത്തിരിപ്പ് സമയം ഓരോ നാൾ കഴിയും തോറും കൂടിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം താഴ്ന്ന വരുമാനമേ ലഭിക്കുകയുള്ളൂവെങ്കിലും തങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിന് അനുയോജ്യമായ പുതിയ അനൗദ്യോഗിക തൊഴിൽ തുറകളിൽ എന്തെങ്കിലും ചെയ്തു ചടഞ്ഞുകൂടുന്നതിന് വിദ്യാസമ്പന്നർ നിർബന്ധിതരാകുന്നു. അങ്ങനെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ സുസംഘടിതമായ തൊഴിൽ വിപണികൾ ഉള്ള കേരളത്തിൽ അഭ്യസ്തവിദ്യരുടെ പുതിയ അസംഘടിത മേഖലകൾ തുറക്കപ്പെടുന്നു. കാത്തിരിപ്പ് സമയത്ത് തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ മറ്റൊരുപായമാണ് കൂടുതൽ ഉയർന്ന ഡിഗ്രിക്കുവേണ്ടി പഠിക്കുക എന്നുള്ളത്. ഉയർന്ന ഡിഗ്രി ജോലി കിട്ടുന്നതിനുള്ള സാധ്യതകളെ ഉയർത്തുന്നു. തൊഴിലില്ലായ്മ മൂലം ഉദ്യോഗങ്ങൾക്കുള്ള മിനിമം യോഗ്യത ഉയരുന്നതും ഇതിന് കാരണമാണ്. ഇങ്ങനെ മറ്റൊരു പ്രഹേളിക രൂപം കൊള്ളുന്നു. അഭ്യസ്തവിദ്യരുടെ രൂക്ഷമായ തൊഴിലില്ലായ്മക്കിടയിലും ഡിഗ്രികൾക്കായുള്ള ആഗ്രഹം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ഗൾഫിൽ നിന്നുള്ള പുറം പണം വരുമാനം മൂലം സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷത മറച്ചുവെക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ ഭാഗ്യമെന്നു പറയട്ടെ, സാമ്പത്തിക മുരടിപ്പ് 70-കളുടെ മധ്യത്തിൽ ആരംഭിച്ചപ്പോഴേയ്ക്കും ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റ സാധ്യതകൾ പ്രബലമായി. കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റത്തിന്റെ നാനാവശങ്ങൾ സംബന്ധിച്ച് ഒരു പ്രത്യേക സമ്മേളനം കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. ഗൾഫിലേക്കുള്ള കുടിയേറ്റം അതിന്റെ മൂർദ്ധന്യത്തിൽ ആയിരുന്നപ്പോൾ കേരളത്തിലേക്കുള്ള വിദേശ പണത്തിന്റെ ഒഴുക്ക് ഇവിടുത്തെ ആഭ്യന്തര ഉത്പാദനത്തിന്റെ നാലിലൊന്നോളം വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ പുറം വരുമാനവും കൂടി കണക്കിലെടുത്താൽ കേരളത്തിലെ പ്രതിശീർഷ വരുമാനം അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നിരിക്കുമെന്ന് ടി.എൻ. കൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു. ഇതിന്റെ ഫലമായി സാമ്പത്തിക മുരടിപ്പുണ്ടായിരുന്നിട്ടും കേരളത്തിലെ ഉപഭോഗ നിലവാരത്തിൽ ഗണ്യമായ വർദ്ധന ഈ കാലയളവിൽ ഉണ്ടായി. ഗ്രാമീണ കുടുംബങ്ങളുടെ സമ്പാദ്യങ്ങളുടെ കണക്കുകളിലും ഈ പ്രവണത പ്രതിഫലിച്ചു കാണുന്നു. കെട്ടിട നിർമ്മാണത്തിൽ അഭൂതപൂർവ്വമായ വികാസമാണ് ഉണ്ടായിരിക്കുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികളും ഉപഭോഗ വസ്തുക്കളും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഗണ്യമായ തോതിൽ ഇറക്കുമതി ചെയ്യപ്പെട്ടു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വ്യാപാരക്കമ്മി ആഭ്യന്തര വരുമാനത്തിന്റെ നാലിലൊന്നായി. ഈ ഇറക്കുമതി ചോർച്ചയ്ക്കു പുറമെ ബാങ്കുകളും മറ്റും വഴി പണസമ്പാദ്യങ്ങളും കേരളത്തിന് പുറത്തോട്ട് ഒഴുകി. ഇതിന്റെ ഫലമായി വിദേശപണ വരുമാനം കേരളത്തിൽ വളരെ കുറച്ചു അനുരണങ്ങളേ ഉത്പാദന മേഖലയിൽ സൃഷ്ടിച്ചുള്ളൂ. കേരളത്തിലെ വായ്പാ-നിക്ഷേപ തോതിനെക്കുറിച്ച് ജോസ് ജോർജ്ജിന്റെ പരിശോധന വ്യക്തമാക്കിയതുപോലെ കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്ന ഡെപ്പോസിറ്റുകളിൽ 40 ശതമാനത്തോളമേ കേരളത്തിൽ വായ്പകളായി നൽകപ്പെടുന്നുള്ളൂ. ചോദനത്തിന് കുറവില്ല. ധനവിഭവങ്ങളുടെ ദൗർലഭ്യവുമില്ല. എന്നാൽ ഉത്പാദന തുറകൾ മാന്ദ്യത്തിൽ അമർന്നുകൊണ്ടിരിക്കുന്നു. ഇതാണ് കേരളത്തിലെ സ്ഥിതി.

പ്രൊഫസർ ഐ.എസ്. ഗുലാത്തിയുടെ പ്രബന്ധത്തിൽ വിശദമായ പരിശോധനയ്ക്ക് വിഷയീഭവിച്ച കേരള സർക്കാരിന്റെ ധനകാര്യ പ്രതിസന്ധിയെക്കുറിച്ച് കൂടി പരിശോധിക്കാതെ ഈ ചിത്രം പൂർത്തിയാവുകയില്ല. കേരളത്തിന്റെ റവന്യൂ കമ്മി 1985-86ൽ 5 ശതമാനമായിരുന്നത് 1994-95 ആയപ്പോഴേക്കും 16.5 ശതമാനമായി ഉയർന്നു. ഈ സ്ഥിതിവിശേഷത്തിന് മുഖ്യകാരണം കേന്ദ്ര ഫിനാൻസ് കമ്മീഷനുകളുടെ തെറ്റായ തീർപ്പുകളാണ്. സാമൂഹിക മേഖലകളിൽ മുൻകാലത്ത് നാം നടത്തിയിട്ടുള്ള വൻതോതിലുള്ള നിക്ഷേപങ്ങൾ സൃഷ്ടിക്കുന്ന ആവർത്തന ചെലവുകളുടെ റവന്യൂ ഭാരം അവർ ഗൗരവമായി എടുക്കുന്നില്ല എന്നതാണ് കാരണം. ഈ റവന്യൂ കമ്മി മൂലം കേരളത്തിന്റെ പഞ്ചവത്സര പദ്ധതി അടങ്കലുകൾ ക്ഷയിച്ചു വരികയാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ സമീപനങ്ങളും ധനകാര്യ പ്രതിസന്ധിയെ രൂക്ഷമാക്കുന്നു. ജനങ്ങളിൽ നിന്ന് എതിർപ്പ് മൂലം റേഷന്റെ കാര്യത്തിലെന്നപോലെ കേന്ദ്രസർക്കാർ സബ്സിഡിയിൽ വരുത്തുന്ന വെട്ടിച്ചുരുക്കലുകൾ സ്വന്തം ചുമലിൽ താങ്ങാൻ സംസ്ഥാന സർക്കാരുകൾ നിർബന്ധിതമാകുന്നു. ഇതുമൂലം സാമൂഹ്യക്ഷേമ സൗകര്യങ്ങൾ

ക്ക് ആവശ്യമായ വകയിരുത്തലുകൾ നടത്തുവാൻ കഴിയാതെ പോകുന്നു. എം.എ. ഉമ്മൻ ചൂണ്ടിക്കാണിച്ചതുപോലെ 1974-75 നും 1991-92നും ഇടയ്ക്ക് യഥാർത്ഥ സാമൂഹ്യ ചെലവിൽ ഇടിവുണ്ടായിരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന അസൂയാവഹമല്ലാത്ത പദവി നമുക്ക് കൈ വന്നിരിക്കുന്നു. ഇതുപോലെ തന്നെ പൊതുവിതരണ സമ്പ്രദായം ദുർബലപ്പെടുന്നതിന്റെ ഫലമായി കേരളത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വം എപ്രകാരം അപകടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് എൻ. കൃഷ്ണാജിയുടെ പ്രബന്ധം വിശദീകരിക്കുകയുണ്ടായി.

## നാല്: വികസനവും ബഹുജനപ്രസ്ഥാനങ്ങളും

സാമ്പത്തിക മുരടിപ്പ് ഇടതുപക്ഷത്തിന് നേരെ ആശയപരമായ ഒരു വെല്ലുവിളിയാക്കി മാറ്റുന്നതിനാണ് നിക്ഷിപ്ത താല്പര്യക്കാർ പരിശ്രമിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ മേധാവിത്വമാണ് സാമ്പത്തിക വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നതെന്ന് അവർ വാദിക്കുന്നു. ട്രേഡ് യൂണിയനുകളും സമരങ്ങളും ഉയർന്ന കൂലിയുമാണ് വ്യവസായ വളർച്ചയ്ക്ക് തടസ്സം. രാഷ്ട്രീയ മുരടിപ്പിനു കാരണം ഭൂപരിഷ്കരണമാണ്. വിദ്യാഭ്യാസമാണ് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നത്. സർക്കാരിന്റെ ധനകാര്യ പ്രതിസന്ധി സാമൂഹിക ക്ഷേമ ധൂർത്തിന്റെ ഫലമാണ്. ഇങ്ങനെ പോകുന്നു ഇവരുടെ വാദഗതികൾ. ഇവരുടെ അഭിപ്രായത്തിൽ ഭാവി സാമ്പത്തിക വളർച്ചയെ പണയപ്പെടുത്തിക്കൊണ്ടാണ് കേരളം സാമ്പത്തിക നീതി കൈവരിച്ചത്. തൊഴിൽ വിപണിയെ സ്വന്തമാക്കാൻ ട്രേഡ് യൂണിയനുകളുടെ നിയന്ത്രണം, ഭൂവിനിയോഗ നിയന്ത്രണം ഇല്ലായ്മ ചെയ്യൽ, ഭൂപരിധി ഇല്ലാതാക്കൽ, സ്വകാര്യവൽക്കരണം, ക്ഷേമച്ചെലവുകൾ വെട്ടിക്കുറക്കൽ തുടങ്ങിയവ കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ഉരുത്തിരിഞ്ഞു വന്നുകൊണ്ടിരിക്കുന്ന വലതുപക്ഷ കാഴ്ചപ്പാടിന്റെ പ്രധാന ഘടകങ്ങളായി തീർന്നിരിക്കുന്നു.

സാമ്പത്തിക മാന്ദ്യം ജനങ്ങളുടെ ഐക്യത്തിനും പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, അതിരൂക്ഷമായ തൊഴിലില്ലായ്മ എത്രയോ നാളുകളായി കേരളത്തിൽ നിലനിന്നു വരുന്ന ദളിതരുടെയും പിന്നോക്ക വിഭാഗക്കാരുടെയും സംവരണാനുകൂല്യങ്ങളെ ആഴത്തിലുള്ള വിഭാഗീയ ചേരിതിരിവുകൾ സൃഷ്ടിക്കുന്ന ഒരു തർക്ക വിഷയമായി മാറ്റിയിരിക്കുന്നു. അതുപോലെ തന്നെ ഉത്പാദനക്ഷമതയിലെ മാന്ദ്യം ചെറുകിട ഭൂവുടമസ്ഥരും കൂലി വർദ്ധന ആവശ്യപ്പെടുന്ന കർഷക തൊഴിലാളികളും തമ്മിൽ തർക്കങ്ങൾക്കും അകൽച്ചയ്ക്കും കാരണമായി തീർന്നിരിക്കുന്നു.

കേരളത്തിലെ ഉത്പാദന ബന്ധങ്ങളുടെ ഒരു പ്രത്യേകത ചെറുകിട ഉത്പാദന ഘടനകൾക്കുള്ള പ്രാമുഖ്യമാണ്. 80 ശതമാനം ഭൂവുടമകൾക്കും അര ഹെക്ടറിൽ താഴെ മാത്രമേ ഭൂമിയുള്ളൂ. ഇവരുടെ ശരാശരി കൃഷിയിടത്തിന്റെ വലിപ്പം 30 സെന്റ് വരികയുള്ളൂ. വ്യവസായ മേഖലയിൽ കുടിൽ വ്യവസായങ്ങൾ ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിനു പകരം ഫാക്ടറി തൊഴിലുകളെല്ലാം പെരുകിക്കൊണ്ടിരിക്കുന്നു. ഇതിൽ രണ്ടിലും പെടാത്ത കൂലി വേലയെ അടിസ്ഥാനമാക്കിയുള്ള ചെറുകിട സ്ഥാപനങ്ങൾക്കാണ് കേരളത്തിന്റെ വ്യവസായ ഘടനയിൽ പ്രാമുഖ്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിലും കെ. പുഷ്പാംഗദന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ ചെറുകിട കൃഷിയിടങ്ങളിൽ പോലും കാർഷിക പണികളിൽ നല്ല പങ്കും കൂലിവേലയെ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്. ഇതിനു കാരണം ചെറുകിട ഭൂവുടമസ്ഥന്മാർ തങ്ങളുടെ ചെറുതുണ്ടു ഭൂമിയുടെ വരുമാനം കൊണ്ട് ജീവിക്കാൻ കഴിയില്ലായെന്നതിനാൽ കാർഷികേതര മേഖലകളിൽ തൊഴിലെടുക്കാൻ പോകുന്നുവെന്നുള്ളതാണ്. നാട്ടിൻപുറങ്ങളിലെ തൊഴിലുകാരിൽ 45 ശതമാനം പേരും കാർഷിക വൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

മുകളിൽ വിവരിച്ച ഉത്പാദന ബന്ധങ്ങളുടെ പ്രത്യേകത മൂലം കർഷക തൊഴിലാളികളുടെയും ചെറുകിട വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും ഉശിരൻ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ വളർച്ച പല പ്രദേശങ്ങളിലും ചെറുകിട ഉടമസ്ഥരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ നിന്ന് അകറ്റുന്നതിന് ഇടയാക്കുന്നു. 1977-ലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ ശക്തി ദുർഗ്ഗങ്ങളായും കരുതപ്പെട്ടിരുന്ന പാലക്കാട്ടും, ആലപ്പുഴയിലും ഉണ്ടായ തെരഞ്ഞെടുപ്പ് തിരിച്ചടികൾ ഈ പ്രവണതയുടെ സൂചന കൂടിയായിരുന്നു. ഇവിടെ രണ്ടിടങ്ങളിലും അറുപതുകളുടെ ഉത്തരാർദ്ധത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ ചലനം കർഷക തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയായിരുന്നു. ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമി സ്വന്തമായി കിട്ടിയ കൃഷിക്കാരിൽ പലരും ചേരിമാറുന്ന പ്രവണത ഇവിടങ്ങളിൽ വളരെ പ്രകടമായിരുന്നു.

ഉൽപ്പന്ന വിലവർദ്ധനയ്ക്കായുള്ള മുദ്രാവാക്യം കർഷകത്തൊഴിലാളികളെയും കൃഷിക്കാരെയും യോജിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ മുഖ്യമായി തീർന്നു. എന്നാൽ കേരളത്തിലെ വാണിജ്യ വിളകളുടെ വിലകൾ അന്തർദ്ദേശീയ വിപണിയിൽ നിശ്ചയിക്കപ്പെടുന്നവയാണ് എന്നതിനാൽ വില നിർണ്ണയത്തിൽ ഇടപെടുന്നതിന് ശക്തമായ പരിധികൾ ഉണ്ട്. ഈ പശ്ചാത്തലത്തിലാണ് ഉത്പാദന ക്ഷമതയുടെ പ്രശ്നം പ്രസക്തമായി തീരുന്നത്. കർഷക പ്രസ്ഥാനത്തെ ചരിത്രപരമായി അവലോകനം ചെയ്തു കൊണ്ടുള്ള എസ്. രാമചന്ദ്രൻ പിള്ളയുടെ പ്രബന്ധം കേരളത്തിലെ കാർഷിക പ്രശ്നനിർവ്വചനത്തിൽ പ്രധാനപ്പെട്ട ഒന്നായി ഉത്പാദന ക്ഷമതയുടെ പ്രശ്നത്തെ വിലയിരുത്തി. ചെറുകിട ഉത്പാദനത്തിന്റെ വരുമാനത്തെ സംബന്ധിച്ചിടത്തോളം എന്തു വില ലഭിക്കുന്നു എന്നുള്ളതുപോലെ തന്നെ പ്രധാനമാണ് എത്രമാത്രം ഉൽപ്പാദിക്കപ്പെടുന്നുവെന്നുള്ളതും. ഉത്പാദനക്ഷമത ഉയർത്തിക്കൊണ്ടു മാത്രമേ ദീർഘനാളിൽ കൂലി വർദ്ധനയ്ക്കായുള്ള ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനാവൂ. ടി.എൻ. കൃഷ്ണൻ

ചൂണ്ടിക്കാണിക്കുന്നതുപോലെ ഉത്പാദനക്ഷമതാ വർദ്ധന നിരക്കിനേക്കാൾ കൂടുതൽ വേഗത്തിൽ യഥാർത്ഥ കൂലി നിരക്കുയർന്നാൽ അത് തൊഴിൽ ലഭ്യതയെ പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെയും നല്ലൊരു വിഭാഗം കാർഷിക വിളകളെയും സംബന്ധിച്ച് ഇതാണ് സ്ഥിതിയെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. കൃഷിക്കാർ തൊഴിൽ സാധ്യത കുറഞ്ഞ വിളകളിലേക്ക് മാറുന്നു. അതല്ലെങ്കിൽ അവരുടെ ഭൂമി തരിശിടുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതികരണങ്ങൾ പ്യാരേലാൽ രാഘവന്റെ പ്രബന്ധത്തിൽ പരിശോധിക്കപ്പെടുകയുണ്ടായി. ഉത്പാദന വികേന്ദ്രീകരണം, യന്ത്രവൽക്കരണം മറ്റും സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം തുടങ്ങിയ പല മാറ്റങ്ങളും പരമ്പരാഗത വ്യവസായ തലമുറകളിൽ ദൃശ്യമാണ്. സഹകരണാടിസ്ഥാനത്തിലുള്ള പരമ്പരാഗത വ്യവസായ പുനഃസംഘടന പോലും വഴിമുട്ടി നിൽക്കുന്ന സ്ഥിതിയാണുള്ളത്.

കർഷക പ്രസ്ഥാനത്തെക്കുറിച്ചും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ കുറിച്ചും നടന്ന പ്രത്യേക സമ്മേളനങ്ങൾ മുകളിൽ വിവരിച്ച പല പ്രവണതകളുടെയും പ്രായോഗിക വൈഷമ്യങ്ങളെ പുറത്തുകൊണ്ടുവന്നു. സമകാലീന വർഗ്ഗ പ്രസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച പ്രബന്ധങ്ങളിൽ മുഴച്ചു നിന്നത് രണ്ടു പ്രശ്നങ്ങൾ ആയിരുന്നുവെന്ന് പറയാം. ഒന്ന്, പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങളും ഇവയ്ക്കെതിരെ ഏറ്റവും വിപുലമായ ബഹുജന ഐക്യം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും. രണ്ട്, ഉത്പാദനക്ഷമതയുടെ മാന്ദ്യവും അതു തൊഴിൽ അവസരങ്ങളിലും വരുമാനത്തിലും ബഹുജന ഐക്യത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങളും. വർഗ്ഗ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള പ്രബന്ധങ്ങൾ സമകാലീന പ്രശ്നങ്ങളിൽ ഒതുങ്ങി നിന്നില്ല. ഈ പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ വളർച്ചയും പരിശോധിക്കപ്പെട്ടു. ഈ ചരിത്രാന്വേഷണത്തിൽ പൊതുവെ പരാമർശ വിഷയമായ ഒരു കാര്യം കേരളത്തിലെ വർഗ്ഗ പ്രസ്ഥാനങ്ങളും മറ്റു പൊതു സാമൂഹ്യ രാഷ്ട്രീയ ഒഴുക്കുകളും തമ്മിൽ, പ്രത്യേകിച്ച് ദേശീയ പ്രസ്ഥാനവുമായി, ഉണ്ടായിരുന്ന ബന്ധമാണ്. ഇതിന്റെ ഫലമായി സങ്കുചിതമായ സാമ്പത്തിക താല്പര്യങ്ങൾക്കപ്പുറം വിശാലമായ ജനകീയ പ്രതിബദ്ധതയുടെ കാഴ്ചപ്പാടും കേരളത്തിലെ വർഗ്ഗ സംഘടനകളുടെ ഒരു സ്വഭാവ വിശേഷമായിരുന്നു. ഇത് ആധുനിക കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ വികാസനത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുമുണ്ട്.

ബഹുജനങ്ങൾ പ്രത്യക്ഷ കക്ഷി രാഷ്ട്രീയ ബന്ധങ്ങളില്ലാതെ ഒട്ടേറെ സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും ഗ്രൂപ്പുകൾക്കും രൂപം നൽകുകയുണ്ടായി. ഇവയെ ചരിത്രപരമായി അപഗ്രഥിക്കുന്നതിന് ഒരു പ്രത്യേക സമ്മേളനം വിനിയോഗിക്കപ്പെട്ടു. ഈ പ്രസ്ഥാനങ്ങളിൽ, ഒരു പക്ഷേ ഏറ്റവും പഴക്കമേറിയതും സമ്പന്നവുമായ ഒന്നാണ് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം. കേരളത്തിലെ ലൈബ്രറികളെക്കുറിച്ച് ഒരു ഡസനോളം പ്രബന്ധങ്ങളുണ്ടായിരുന്നു. ജനകീയ ശാസ്ത്ര പ്രസ്ഥാനമായ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളും പല പ്രബന്ധങ്ങൾക്കും വിഷയീഭവിച്ചു. സാക്ഷരതാ പ്രസ്ഥാനവും പ്രത്യേകം വിലയിരുത്തപ്പെട്ടു. കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ പ്രത്യേകതകൾ കൊണ്ടുതന്നെ പരിഷത്തിന്റെയും മറ്റു പല നിലപാടുകളും വിവാദപരമായിട്ടുണ്ട്. അതോടൊപ്പം തന്നെ ഇവ ഏറ്റെടുത്ത് നടത്തിയിട്ടുള്ള സാക്ഷരത, വിഭവ ഭൂപട നിർമ്മാണം, ഇന്ധനക്ഷമത കൂടിയ അടുപ്പിന്റെ വ്യാപനം, വിദ്യാഭ്യാസ പരീക്ഷണങ്ങൾ തുടങ്ങിയ ഒട്ടേറെ വികസന മുൻകൈകൾ പ്രാദേശികാടിസ്ഥാനത്തിൽ ഉപയോഗശൂന്യമായി പോകുന്ന വിഭവ സാധ്യതകളെക്കുറിച്ചും ജനപങ്കാളിത്തത്തോടെയുള്ള വികസനത്തിന് നമ്മുടെ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിൽ വഹിക്കാനാകുന്ന പങ്കിനെക്കുറിച്ചും പുതിയൊരു അവബോധം നൽകുന്നതിന് സഹായകരമാണ്.

ബഹുജനബോധവും സമരങ്ങളുമാണ്, അത്യന്തിക വിശകലനത്തിൽ രാഷ്ട്രീയ മണ്ഡലത്തിലെ ഗതിവിഗതികൾ നിർണ്ണയിക്കുക. കേരളത്തിന്റെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ചരിത്രാനുഭവങ്ങളെക്കുറിച്ചുള്ള സിമ്പോസിയവും സമകാലീന രാഷ്ട്രീയത്തെക്കുറിച്ചുള്ള പ്രത്യേക സമ്മേളനവും ആ ബന്ധത്തെക്കുറിച്ചാണ് വിരൽ ചൂണ്ടിയത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി കേരളത്തിന്റെ ഇടതുപക്ഷ പ്രസ്ഥാനം അഭിമുഖീകരിക്കുന്ന വളർച്ചയിലുള്ള മുരടിപ്പ് പ്രത്യേക പരാമർശ വിഷയമാണ്. ഇടതുപക്ഷ സഖ്യത്തിന്റെ പിന്തുണ 1961-ൽ നേടിയ 40 ശതമാനത്തിനപ്പുറത്തേക്ക് ഏറെ ഉയർന്നിട്ടില്ല. ഇടതുപക്ഷ പാർട്ടികളും മതേതര പ്രതിപക്ഷ പാർട്ടികളും ഇടതുപക്ഷ മുന്നേറ്റത്തിന് 70-കളിൽ മുഖ്യ തടസ്സമായിരുന്നു. എന്നാൽ ഈ അവസ്ഥ ഇന്ന് ഇല്ലാതായിട്ടുണ്ട്. 80-കളോടെ ഇടതുപക്ഷ പാർട്ടികൾ, മതേതര പ്രതിപക്ഷ പാർട്ടികൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൊടിക്കീഴിൽ, തുടർച്ചയായി അണിനിരക്കുകയുണ്ടായി. കേരളത്തിലെ ഇടതുപക്ഷ പാർട്ടികളുടെ സമുന്നത നേതാക്കന്മാരായ ഇ.കെ. നായനാർ, വി.എസ്. അച്യുതാനന്ദൻ, ഇ. ബാലാനന്ദൻ, പി.കെ. വാസുദേവൻ നായർ, ബേബി ജോൺ തുടങ്ങിയവർ ഈ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. കേരളത്തിലെ മാറിയ വസ്തുനിഷ്ഠ സാഹചര്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള വിലയിരുത്തൽ ആവശ്യമാണെന്ന് ചർച്ചയിൽ അഭിപ്രായങ്ങൾ ഉയർന്നു വന്നു. താഴെ പറയുന്ന പ്രശ്നങ്ങൾ വിശേഷിച്ചും പരാമർശ വിഷയമാണ്: ഭൂപരിഷ്കരണത്തിന് ശേഷമുള്ള കേരളത്തിലെ കാർഷിക പ്രശ്നത്തിന്റെ സ്വഭാവം, ഗൾഫ് പണവരുമാനത്തിന്റെ സാമ്പത്തിക സാങ്കേതിക പരിഹാരങ്ങൾ, വിദ്യാഭ്യാസ വ്യാപനത്തിന്റെ തൊഴിൽ മേഖലയിലെ സ്വാധീനങ്ങൾ, പുത്തൻ സാമ്പത്തിക നയങ്ങളുടെ പ്രാദേശിക ആഘാതം; ഇത്തരത്തിലുള്ള സമഗ്രമായ ഒരു പരിശോധനയിലൂടെ മാത്രമേ ഇടതുപക്ഷത്തിന്റെ കാര്യപരിപാടിയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ പറ്റൂ.

## അഞ്ച്: പുതിയ വികസന തന്ത്രം

ഇന്നു തുടരുന്ന വികസന നയങ്ങളെ വിമർശനപരമായി പരിശോധിക്കുന്നതിനും കാർഷിക വ്യാവസായിക പശ്ചാത്തല സൗകര്യ, പരിസ്ഥിതിക പ്രശ്നങ്ങളെ പഠിക്കുന്നതിനും രണ്ടു ഡസനോളം സമ്മേളനങ്ങൾ വിനിയോഗിക്കപ്പെട്ടു. ഇവിടെ നടന്ന ചർച്ചകളുടെ പൊതു ദിശകളെ വിവരിക്കുന്നതിനു മുൻപ് സംസ്ഥാന തലത്തിലുള്ള ബദൽ ആസൂത്രണത്തിന്റെ സാധ്യതകളെയും പരിമിതികളെയും കുറിച്ച് ചിലത് പറയേണ്ടതുണ്ട്. ഇന്ത്യാ യൂണിയനുള്ളിൽ ഇത്തരം എന്തെങ്കിലും ഒരു ബദൽ മാർഗ്ഗം നേടുന്നതിന് ഒരു സംസ്ഥാനത്തിന് മാത്രമായി കഴിയുമോ? ചെയ്യാൻ കഴിയുന്നതിന് കർശനമായ പരിമിതികൾ ഉണ്ടെന്ന് തുറന്നു സമ്മതിക്കട്ടെ. പ്രതിബന്ധങ്ങളിലും ചർച്ചകളിലും പലരും ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര സർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങൾ ഇന്നു നിലവിലുള്ള സാധ്യതകളെപ്പോലും പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ദേശീയ നയങ്ങൾ തിരുത്തപ്പെടുന്നതു വരെയും അല്ലെങ്കിൽ നമ്മുടെ സാമൂഹിക വ്യവസ്ഥയുടെ വിപ്ലവകരമായ പുനഃസംഘടന പൂർത്തിയാക്കുന്നതുവരെയും ഒന്നും ചെയ്യാൻ കഴിയില്ല എന്ന നിലപാടു സ്വീകരിക്കുന്നത് ആത്മഹത്യാപരമായിരിക്കും. മുതലാളിത്ത വികസനത്തിന്റെ സാധ്യതകൾ പരിപൂർണ്ണമായി ഇന്ത്യ പോലുള്ള രാജ്യത്തിന് നടന്നു കഴിഞ്ഞുവെന്ന നിഗമനത്തിലെത്തിചേർന്നാൽ അതു ശരിയാവില്ല. അത്തരം സാധ്യതകൾ നിലനിൽക്കുന്നിടത്തോളം കാലം വ്യവസ്ഥയ്ക്കുള്ളിൽ തന്നെ നീക്കുപോക്കുകൾക്കുള്ള സാധ്യത തുടരും. അവ ബോധപൂർവ്വം ഉപയോഗിച്ചേ പറ്റൂ. ഇത്തരം അന്വേഷണത്തിനുള്ള പശ്ചാത്തലം ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആമുഖ അവതരണം ഒരുക്കി. അന്തർദേശീയ-ദേശീയ ഘടനകൾ അടിച്ചേൽപ്പിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പ്രായോഗിക പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിവിശേഷം തുടരാൻ അനുവദിക്കാൻ പാടുള്ളതല്ല. ഭൂതകാലത്തിന്റെ ജനാധിപത്യ പൈതൃകമോ ക്ഷേമ നേട്ടങ്ങളോ ബലികഴിക്കാതെ സാമ്പത്തിക വളർച്ച ത്വരിതഗതിയിൽ ആക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കണമെന്നാലോചിച്ച് സംസ്ഥാനത്ത് ഒരു ആശയ സമന്വയം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

വ്യവസായ വികസനത്തിന്റെ പൊതു പ്രശ്നങ്ങളെ കൈകാര്യം ചെയ്ത ഒരു സെഷനു പുറമെ വിവിധ വ്യവസായങ്ങളെ പ്രത്യേകം പരിശോധിച്ച മറ്റൊരു സെഷനും കൂടി കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. കേരള സർക്കാരിന്റെ പുതിയ വ്യവസായ നയം പ്രത്യേക വിമർശന വിഷയമായി. വ്യവസായ വളർച്ചയ്ക്ക് മുഖ്യ തടസ്സം സമരോത്സുക ട്രേഡ് യൂണിയൻ പ്രസ്ഥാനമാണെന്ന തെറ്റായ ധാരണയാണ് ഈ നയത്തിനു പിന്നിലുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമായി പുനഃസംഘടിപ്പിക്കുന്നതിനു പകരം അടച്ചുപൂട്ടലും സ്വകാര്യ വൽക്കരണവുമാണ് ഉത്തരമായി ഈ നയം കാണുന്നത്. ഇവിടുത്തെ വ്യവസായ പ്രോത്സാഹന സംവിധാനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനെക്കാൾ കൂടുതൽ ധനകാര്യ ഇളവുകൾ അനുവദിക്കുന്നതിനാണ് ശ്രദ്ധ പതിപ്പിക്കുന്നത്.

തൊഴിൽ സമരവും ഉയർന്ന കൂലിയും വ്യവസായ വൽക്കരണവുമായുള്ള ബന്ധവും പല പ്രബന്ധങ്ങളും പരിശോധിക്കുകയുണ്ടായി. ചില ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടെങ്കിലും ചർച്ചകൾ മൊത്തത്തിൽ ആധുനിക വളർച്ചയ്ക്ക് പ്രതിബന്ധം കേരളത്തിലെ ഉയർന്ന കൂലിയാണ് എന്ന വാദം പാടെ തിരസ്കരിക്കുകയാണുണ്ടായത്. എസ്. മോഹൻ കുമാറിന്റെ അന്തർ-സംസ്ഥാന താരതമ്യം, എഴുപതുകളുടെ മധ്യം മുതൽ കേരളത്തിലെ വ്യവസായ ബന്ധങ്ങൾ ശ്രദ്ധേയമായി മെച്ചപ്പെടുകയുണ്ടായി എന്നു വിലയിരുത്തി. ഇത് ദേശീയ ശരാശരിയേക്കാൾ മെച്ചമാണ്. ഇടതുപക്ഷ ഭരണ കാലങ്ങളിൽ വ്യവസായ വൽക്കരണം കൂടുതൽ ശക്തിപ്പെടുന്നു എന്ന കെ.കെ. സുബ്രഹ്മണ്യത്തിന്റെ നിരീക്ഷണം നേരത്തെ സൂചിപ്പിച്ചുവല്ലോ. അദ്ദേഹം ഇതിനെ കേരളത്തിലെ വ്യവസായ വൽക്കരണത്തിലെ 'ഗതി ചക്രങ്ങൾ' എന്നാണ് വിശേഷിപ്പിച്ചത്. എന്നാൽ ചർച്ചയിൽ ട്രേഡ് യൂണിയൻ ബാഹുല്യവും സങ്കുചിത മത്സരങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എടുത്തു കാട്ടിയിട്ടുണ്ട്. യാഥാർത്ഥ്യം എന്തുതന്നെയായാലും വ്യവസായികൾക്കിടയിൽ ഒരു 'ലേബർ ഫോബിയ' നിലനിൽക്കുന്നതായി വി. നന്ദമോഹൻ ചൂണ്ടിക്കാട്ടി. ബീനാ പിള്ളയുടെയും മറ്റും പ്രബന്ധങ്ങൾ കേരളത്തിലെ വ്യാവസായിക മാനേജ്മെന്റിന്റെ പിന്നോക്കാവസ്ഥയെ നിശിതമായി വിമർശിക്കുകയുണ്ടായി.

ഉരുത്തിരിഞ്ഞു വന്ന വ്യവസായവൽക്കരണ പരിപ്രേക്ഷ്യത്തിന്റെ മുഖ്യഘടകങ്ങൾ നിലവിലുള്ള പൊതു മേഖലയുടെ നവീകരണവും പുനഃസംഘടനയും, സ്വകാര്യ മുതൽ മുടക്കിനെ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക നടപടികൾ, വ്യവസായ പ്രോത്സാഹന സംവിധാനത്തിന്റെ ഉടച്ചു വാർക്കൽ, ഉത്പാദനക്ഷമത ഉയർത്തൽ തുടങ്ങിയവയായിരുന്നുവെന്നു പറയാം. കേന്ദ്ര മൂലധന നിക്ഷേപം ഗണ്യമായി ഉയർത്തേണ്ടത് പരമപ്രധാനമാണ്. വ്യവസായ ബന്ധങ്ങളെ മെച്ചപ്പെടുത്തുന്നതിൽ മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം നൽകുന്നതിലൂടെ സാധിക്കും. രഹസ്യ ബാലറ്റിലൂടെ ഒരു മിനിമം പിന്തുണ ലഭിക്കുന്ന യൂണിയനുകളെ മാത്രം അംഗീകരിക്കുന്നത് വഴി ട്രേഡ് യൂണിയൻ ബാഹുല്യം കുറയ്ക്കാനാവും. ചെറുകിട വ്യവസായ മേഖലയിൽ അസംസ്കൃത വിഭവങ്ങളുടെ കാര്യത്തിലോ തൊഴിൽ വൈദഗ്ധ്യത്തിന്റെ കാര്യത്തിലോ കേരളത്തിന് താരതമ്യേന നേട്ടമുള്ള മേഖലകളിൽ ആൻസിലറൈസേഷൻ, വ്യവസായ പാർക്കുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകേണ്ടതുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പടിപടിയായുള്ള ആധുനിക വൽക്കരണവും ഉൽപ്പന്ന വൈവിധ്യവൽക്കരണവും പ്രധാനമാണ്. ഇവയുടെ അസംസ്കൃത ഉൽപ്പന്ന വിപണികളിൽ

പലപ്പോഴായി നടത്തിയിട്ടുള്ള അഡ്ഹോക്ക് ഇടപെടലുകളെ മൊത്തത്തിൽ ഒരു പുനർവിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. സാമൂഹിക നിയന്ത്രിതമായ ആധുനികവൽക്കരണം എന്നതായിരിക്കണം ഈ മേഖലയിലെ വികസന കാഴ്ചപ്പാട്.

പശ്ചാത്തല മേഖലയിലുള്ള രൂക്ഷമായ അസൗകര്യം വ്യവസായ വൽക്കരണത്തിന് കനത്ത പ്രതിബന്ധമായി തീർന്നിരിക്കുന്നുവെന്ന് കെ. വിജയൻ ചൂണ്ടിക്കാണിച്ചു. ഇതിനുള്ള പ്രതിവിധികളെക്കുറിച്ച് രണ്ടു സമ്മേളനങ്ങളിൽ ചർച്ച ചെയ്തു. ഗതാഗത ചേരുവയിലെ അസന്തുലിതാവസ്ഥയിലേക്ക് ഏതാണ്ട് ഏകകണ്ഠമായി തന്നെ വിരൽചൂണ്ടി. റെയിൽവേ വികസനത്തിന്റെ അപര്യാപ്തതയും അതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെയും കുറിച്ചായിരുന്നു എം.എൻ. പ്രസാദ് വിശദീകരിച്ചത്. ജലഗതാഗത മാർഗ്ഗങ്ങൾക്ക് ഇനി വലിയ പങ്കു വഹിക്കാനാകും. പക്ഷേ, ഇതിന് ഇവയുടെ നവീകരണം കൂടിയേ തീരൂ. അന്തർദേശീയ കുടിയേറ്റവും ടൂറിസത്തിന്റെ വളർച്ചയും മൂലം വ്യോമ ഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടത് ആവശ്യതന്നെ. പക്ഷേ, മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങൾ എന്ന സങ്കല്പം സാർവ്വത്രിക പരിഹാസത്തിന് വിധേയമായി. ഇവയ്ക്കായി ഇന്ന് നടക്കുന്ന യജ്ഞം വികലമായ മുൻഗണനാക്രമങ്ങളുടെ ഏറ്റവും നല്ല ഉദാഹരണമാണെന്ന് അനിൽകുമാറിന്റെ പ്രബന്ധം ചൂണ്ടിക്കാട്ടി. കൊച്ചി തുറമുഖത്തിന്റെ മൊത്തം ഉത്പാദന ക്ഷമത കുറഞ്ഞു വരുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, തുറമുഖ നവീകരണത്തിന് അമാന്തിക്കും തോറും തിരിച്ചുവരാനാവാത്തവിധം കൊച്ചി പിന്തള്ളപ്പെടുമെന്ന് മുന്നറിയിപ്പ് നൽകി.

ഏറ്റവും നിർണ്ണായകമായ പശ്ചാത്തല സൗകര്യം ഊർജ്ജ ലഭ്യതയാണ്. എണ്ണയോ കൽക്കരിയോ സ്വന്തമായി ഇല്ലാത്ത കേരളത്തിന് തെർമൽ ആവശ്യങ്ങൾക്ക് വിറകിനെയും വൈദ്യുതിക്ക് ജലസ്രോതസ്സിനെയും ആശ്രയിക്കേണ്ടി വരുന്നു. കേരളത്തിന്റെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ താഴ്ന്ന ഒന്നാണ്. വൈദ്യുതി കമ്മി ആവട്ടെ പ്രതിവിധിയില്ലാതെ ഒരു പതിറ്റാണ്ടായി വർദ്ധിച്ചു വരികയാണ്. നിലവിലുള്ള പദ്ധതികൾ അനന്തമായി നീളുന്നു. പുതിയ പദ്ധതികൾക്കാകട്ടെ അംഗീകാരവും ലഭിക്കുന്നില്ല. രൂക്ഷമായ അഭിപ്രായ സംഘട്ടനങ്ങൾ ഉണ്ടായെങ്കിലും താഴെ പറയുന്ന കാര്യങ്ങളിൽ പൂർണ്ണമായ അഭിപ്രായ ഐക്യം ഉളവായി. ഒന്ന്, കേരളത്തിലെ വൈദ്യുതി ഉത്പാദന ശേഷി അടിയന്തിരമായും ഗണ്യമായും ഉയർത്തേണ്ടതുണ്ട്. രണ്ട്, പുതിയ വൈദ്യുതി ഊർജ്ജ ശ്രോതസ്സുകൾ തേടേണ്ടതുണ്ട്. മൂന്ന്, വിതരണ നഷ്ടം ഇനിയും കുറയ്ക്കാനാകും. ഡിമാൻഡ് മാനേജ്മെന്റിന്റെ പ്രാധാന്യത്തിലേക്കും ചർച്ചകൾ വിരൽ ചൂണ്ടി. പരിസ്ഥിതി സംരക്ഷണ ഉപാധികളോടെ പൂയംകുട്ടി പദ്ധതി നടപ്പിലാക്കുന്നതിനും യോജിപ്പുണ്ടായി. എന്നാൽ ഈ ഉപാധികൾ പാലിക്കപ്പെടുന്നതിനുള്ള ഉറപ്പ് വേണമെന്ന ശക്തമായ അഭിപ്രായം ഉണ്ടായി. താപനിലയം സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നത് പ്രതിസന്ധിയെ എത്രയും പെട്ടെന്ന് ലഘൂകരിക്കുന്നതിന് സഹായകരമായിത്തീരുമെന്ന് ചിലർ ചൂണ്ടിക്കാണിച്ചു. വിവിധ പദ്ധതികളുടെ കാലക്രമ മുൻഗണനയെക്കുറിച്ചും അഭിപ്രായ വ്യത്യാസങ്ങൾ പ്രകടമായിരുന്നു. എന്നാൽ പൊതുവെ പറഞ്ഞാൽ ഈ സമ്മേളനത്തിലെ ചർച്ചകളുടെ പ്രത്യേകത, അഭിപ്രായ വ്യത്യാസങ്ങൾ പലതും ഉണ്ടായിരുന്നിട്ടും ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിന് പ്രായോഗികമായ ഒരു കർമ്മ പരിപാടിയിലേക്ക് നീങ്ങുന്നതിൽ പ്രകടമായ താല്പര്യമായിരുന്നു.

കാർഷിക വികസന തന്ത്രത്തെക്കുറിച്ചുള്ള ചർച്ചകൾ സമീപകാലത്ത് കാർഷിക വളർച്ചയിൽ പ്രകടമായ ഉന്മേഷത്തേയും അതേസമയം കേന്ദ്ര സർക്കാരിന്റെ പുതിയ നയങ്ങളിൽ നിന്ന് ഉളവാകുന്ന ഭീതിയേയും പ്രതിഫലിപ്പിച്ചു. ചിരകാല വിളകൾക്ക് പ്രാമുഖ്യമുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് കാർഷിക ഘടനാ പരിഷ്കാരം നീണ്ട വേദനാജനകമായ ഒരനുഭവമായി തീരാമെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിൽ ഏതാണ്ട് അടഞ്ഞു കഴിഞ്ഞതിനാൽ കാർഷിക വികസനത്തിന്റെ മാർഗ്ഗം ഉത്പാദന ക്ഷമതയിൽ ഊന്നിയുള്ളതാണ്. പ്രത്യേക വിളകളെ അടിസ്ഥാനമാക്കിയുള്ള പരിശോധന ഇതിനുള്ള സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. നാളികേരത്തിന്റെ ഉത്പാദനക്ഷമത ഉയർത്തുന്ന പ്രാധാന്യത്തെയാണ് ഡോ. കെ.എൻ. രാജ് ഊന്നിയത്. ഇതിനാവട്ടെ കനാൽ ജലസേചനത്തെ അടിസ്ഥാനമാക്കിയതും നെൽകൃഷിയെ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതുമായ ഇന്നത്തെ വൻകിട ജലസേചന സംവിധാനമാകെ ഒരു പുനരവലോകനത്തിന് വിധേയമാക്കേണ്ടതുണ്ട്. പ്രാദേശിക സ്ഥലജല മാനേജ്മെന്റ് ഇന്ന് പാടെ അവഗണിക്കപ്പെടുന്നു എന്ന വസ്തുതയിലേക്ക് ജനവിഭവങ്ങൾ സംബന്ധിച്ച സമ്മേളനത്തിൽ ഇ.ജെ. ജെയിംസും, കെ.ഡി. നമ്പൂതിരിപ്പാടും മറ്റും അഭിപ്രായപ്പെട്ടു.

കേരളത്തിലെ ഭൂപ്രകൃതിയും വിഭവ വിതരണത്തിലെ വൈവിധ്യവും സംസ്ഥാനത്തെ ഒട്ടേറെ ചെറു പാരിസ്ഥിതിക നീർമറി പ്രദേശങ്ങളായി വിഭജിച്ചിരിക്കുന്നുവെന്ന് കെ.എൻ. ശ്യാമസുന്ദരൻ നായർ സമർത്ഥിച്ചു. ആയതിനാൽ പ്രാദേശിക ആസൂത്രണവും ഇടപെടലും കാർഷിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയും. മണ്ണൊലിപ്പ്, നീർവാർച്ച, ജലസേചനം ഇവയെല്ലാം കണക്കിലെടുത്തു കൊണ്ടുള്ള സമഗ്രമായ പ്രാദേശിക സ്ഥലജല മാനേജ്മെന്റ് പദ്ധതികളാണ് ഇന്ന് ആവശ്യമെന്ന് എം.പി. പരമേശ്വരൻ ശക്തിയായി അഭിപ്രായപ്പെട്ടു. ഡാർളി ജോസഫ് ആവട്ടെ കേരളത്തിലെ ഇടകലർന്ന വിളകളും, ത്രിതല കൃഷിയും അടങ്ങുന്ന പരമ്പരാഗത പുരയിട കൃഷി സമ്പ്രദായത്തെ ആസൂത്രകരും വിദഗ്ധന്മാരും അവഗണിച്ചത് മൂലം വന്നു ചേർന്ന വൈകല്യങ്ങളിലേക്ക് വിരൽ ചൂണ്ടി. കാർഷിക സാങ്കേതിക വിദ്യകൾ സംബന്ധിച്ച് രണ്ട് സമ്മേളനങ്ങൾ ഉണ്ടായിരു

ന്നു. ഇവിടെ നടന്ന ചർച്ചകൾ ശാസ്ത്രീയ ഗവേഷണ ഫലങ്ങൾ കൃഷിക്കാരിലേക്ക് എത്തിക്കുന്നതിനുള്ള അപര്യാപ്തതകളെ വെളിവാക്കി.

കേരളത്തിലെ സമകാലീന കാർഷിക ഘടനയും അത് ഉല്പാദനക്ഷമതയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളുമായിരുന്നു ഗൗരവമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ച മറ്റൊരു പ്രശ്നം. കൃഷിക്കാർക്ക് ബഹുമുഖ വരുമാന മാർഗ്ഗങ്ങളുള്ളത് കൃഷിയിൽ നിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നിർബന്ധം കുറയ്ക്കുന്നു. മാത്രമല്ല പ്രതികൂലമായ സാഹചര്യങ്ങളിൽ തൊഴിൽ സാന്ദ്രമായ കൃഷികളിൽ നിന്ന് പിൻവലിയുന്നതിന് ഇത് പ്രേരിപ്പിക്കുന്നു. ഈ സാഹചര്യങ്ങളെ നേരിടുന്നതിന് പുതിയ സ്ഥാപനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. രണ്ടു കാര്യങ്ങളെക്കുറിച്ച് അഭിപ്രായ സമന്വയം ആവശ്യമായി തീർന്നിരിക്കുന്നു. ഒന്നാമത്തേത് കേരളത്തിൽ ഇന്ന് വ്യാപകമായി കൊണ്ടിരിക്കുന്ന അനൗദ്യോഗികമായ പാട്ട സമ്പ്രദായത്തോട് എന്ത് നിലപാട് എടുക്കണമെന്നതാണ്. രണ്ടാമത്തേത് 'ഗ്രൂപ്പ് ഫാമിംഗ്' സംബന്ധിച്ച് നടന്ന പരീക്ഷണത്തെ എങ്ങനെ ഭാവിയിൽ മുന്നോട്ട് കൊണ്ടു പോകണം എന്നത് സംബന്ധിച്ചുള്ളതാണ്. ഭൂമിയുടെ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ ഒരു പ്രദേശത്തെ കൃഷിക്കാരുടെ സംഘം ഒരുമിച്ച് കാർഷിക തീരുമാനങ്ങൾ എടുക്കുകയും കൃഷിപ്പണികൾ ചെയ്യിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലൂടെ തുണ്ടുവൽക്കരണത്തിന്റെ ദൂഷ്യങ്ങൾ ഒഴിവാക്കി ശാസ്ത്രീയ കൃഷിയുടെ നേട്ടങ്ങൾ കൊയ്യുന്നതിനുള്ള ഒരു പരീക്ഷണമായിരുന്നുവല്ലോ ഗ്രൂപ്പ് ഫാമിംഗ്. ഒട്ടേറെ പ്രതീക്ഷകൾക്ക് ഇട നൽകിയെങ്കിലും ഇന്ന് ഈ കാർഷിക പരിഷ്കാരം മുരടിച്ചു നിൽക്കുകയാണ്. കർഷക തൊഴിലാളി സംഘടനകളുടെ വേണ്ടത്ര പങ്കാളിത്തമില്ലായ്മ, പുതിയ വലതു മുന്നണി ഗവൺമെന്റിന്റെ താല്പര്യമില്ലായ്മ, പ്രാദേശിക ആസൂത്രണത്തിനും ശാസ്ത്രീയ സ്ഥലജല മാനേജ്മെന്റിനും അർഹമായ പ്രാധാന്യം നൽകാതിരുന്നത് തുടങ്ങിയവയെല്ലാം ഈ മുരടിപ്പിന് കാരണമായിട്ടുണ്ടെന്ന് വിലയിരുത്തപ്പെട്ടു.

ശാസ്ത്രവും സാങ്കേതികവിദ്യാ വികസനവും തമ്മിലുള്ള പരസ്പര ബന്ധമായിരുന്നു ഒരു ഉദ്ഘാടന സിമ്പോസിയത്തിലെ പ്രതിപാദ്യ വിഷയം. കേരളത്തിന്റെ വ്യവസായ മേഖലയുടെ സാങ്കേതിക നവീകരണത്തിന് പ്രത്യേക പ്രാധാന്യം ചർച്ചകളിൽ ലഭിച്ചു. ഇന്നത്തെ ശാസ്ത്ര സാങ്കേതിക ഗവേഷണ പരിപാടികളിലെ പല ദുർബല കണ്ണികളിലേക്കും ചർച്ചകൾ വിരൽചൂണ്ടുകയുണ്ടായി. എം. വിജയനും പി.കെ. അയ്യങ്കാരും ഉന്നത ഗവേഷണത്തിന്റെ മികവിനെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ പ്രാധാന്യം പ്രത്യേകം എടുത്തു പറഞ്ഞു.

വികസനതന്ത്രങ്ങളെക്കുറിച്ചുള്ള ചർച്ചകളുടെ ഒരു ഗുണകരമായ വശം പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പ്രകടമായ പുതിയ അവബോധമായിരുന്നു. വികസനം വേണോ പ്രകൃതി സംരക്ഷണം വേണോ എന്ന തരത്തിലുള്ള ബാലിശമായ ചോദ്യങ്ങൾ ചർച്ചകൾക്ക് അന്യമായിരുന്നു. സാമ്പത്തിക വളർച്ചയെ സ്ഥായിയാക്കുന്നതിനുവേണ്ടി എപ്രകാരം പാരിസ്ഥിതിക താല്പര്യങ്ങളെ വികസന തന്ത്രത്തിൽ ഉദ്ഗ്രഥിതമാക്കി തീർക്കണം എന്നതായിരുന്നു പൊതുവേ പ്രകടമായ സമീപനം. പ്രകൃതി വിഭവങ്ങളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും കുറിച്ചുള്ള രണ്ട് സമ്മേളനങ്ങളിൽ കേരളത്തിലെ ജനിതക വിഭവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പി.കെ.കെ. നായരുടെയും, പി.എൻ. രവീന്ദ്രന്റെയും ശ്രദ്ധേയമായ പ്രബന്ധങ്ങൾ ഉണ്ടായിരുന്നു. വിഭവ വിനിയോഗത്തിലെ പല വൈകല്യങ്ങളെയും കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. വനനശീകരണം, വയൽഭൂമി നികത്തൽ, മണൽ വാറ്റൽ, വ്യവസായ മലിനീകരണം, നഗര മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ച് മാത്രമല്ല ഇവയുടെ ജനകീയവും ശാസ്ത്രീയവുമായ പരിഹാരങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തന പ്രക്ഷോഭ അനുഭവങ്ങളെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ജീരകപ്പാറ സമരവും അതിൽ വന സമീപ പ്രദേശങ്ങളിലെ ജനങ്ങൾ വഹിച്ച പങ്കും കേരളത്തിലെ പാരിസ്ഥിതിക പ്രസ്ഥാന ചരിത്രത്തിൽ ഒരു വഴിത്തിരിവാണെന്ന് പലരും അഭിപ്രായപ്പെട്ടു.

### ആറ്: ആരോഗ്യവും വിദ്യാഭ്യാസവും

ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ കുറിച്ച് നടന്ന സമ്മേളനങ്ങളിൽ പൊതുവേ പ്രകടമായ ഒരു വികാരം ഈ മേഖലകളിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ, പ്രത്യേകിച്ച് ബഹുജന വിദ്യാഭ്യാസത്തിലും ബഹുജന ആരോഗ്യ പരിരക്ഷയിലും ഉണ്ടായ നേട്ടങ്ങൾക്ക് തിരിച്ചടി ഏറ്റുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. സാമൂഹ്യനീതിയുടെയും ജനസാമാന്യത്തിന് മൊത്തത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെയും താല്പര്യങ്ങൾ അവഗണിച്ചുകൊണ്ടുള്ള സ്വകാര്യവൽക്കരണ നയമാണ് ഇന്ന് അധികൃതർ അംഗീകരിച്ചു വരുന്നത്. ആരോഗ്യമേഖലയിലാണെങ്കിൽ ശുചീകരണം, പോഷകാഹാരം തുടങ്ങിയ ഘടകങ്ങളിൽ ഊന്നിക്കൊണ്ടുള്ള സമഗ്രമായ പ്രതിരോധ തന്ത്രത്തിൽ നിന്ന് വ്യക്തിനിഷ്ഠവും വളരെ ചെലവേറിയതുമായ ചികിത്സാ സമ്പ്രദായത്തിലേക്കുള്ള നീക്കം വളരെ പ്രകടമാണ്. ആരോഗ്യ മേഖലയിലുള്ള ഈ പുതിയ അശാസ്ത്രീയ പ്രവണതകളെക്കുറിച്ച് അന്തിയെ പോലുള്ള പണ്ഡിതർ അസ്വസ്ഥത പ്രകടിപ്പിച്ചു. അനാരോഗ്യകരവും അശാസ്ത്രീയവും ജനവിരുദ്ധവുമായ പുതിയ പ്രവണതകളെ എതിർക്കപ്പെടേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടപ്പോൾ തന്നെ ഇന്നത്തെ സ്ഥിതിവിശേഷത്തിന്റെ പോരായ്മകളെക്കുറിച്ച് ചർച്ചകൾ വിരൽചൂണ്ടി. ഒന്ന്, അടിസ്ഥാന വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ ഇന്നും എത്തിച്ചേരാത്ത പല വിഭാഗങ്ങളും കേരളത്തിലുണ്ട്. രണ്ട്, ആരോഗ്യ വിദ്യാഭ്യാസ സംവിധാനങ്ങളുടെ ഗുണനിലവാരം ഒട്ടേറെ മെച്ചപ്പെടാനുണ്ട്. മൂന്ന്, മാറിവരുന്ന ആവശ്യങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ ആരോഗ്യ

സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതും വൈവിധ്യവൽക്കരിക്കേണ്ടതും ആവശ്യമാണ്.

ദേശീയ പ്രാദേശിക ആവശ്യങ്ങളെ കണക്കിലെടുത്തു കൊണ്ടുള്ള മനുഷ്യ വിഭവശക്തി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഇത്തരം ഒരാസൂത്രണം സൂക്ഷ്മമായി നടത്തുന്നതിന് പ്രായോഗികമായ വൈഷമ്യങ്ങൾ ഒട്ടനവധിയാണ്. എന്നാൽ ഒരു പൊതു അവലോകനം തന്നെ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും പൊതുഘടനയിലുമുള്ള അടിസ്ഥാന വൈകല്യങ്ങളിൽ വിരൽ ചൂണ്ടാൻ പര്യാപ്തമാകുന്നു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തൊഴിൽ ആഭിമുഖ്യം സൃഷ്ടിക്കാൻ ഉതകുന്നതല്ല. സാമാന്യ വിദ്യാഭ്യാസത്തിന് കോളേജ് തലത്തിൽ പോലും നൽകുന്ന ഊന്നൽ യാതൊരു തൊഴിൽ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകുന്നില്ല. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പൊതുസംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു ജനകീയ യജ്ഞം തന്നെ വേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പൊതു ആർട്സ് & സയൻസ് കോളേജുകൾ ആവശ്യത്തിലധികമുണ്ട്. അവയിൽ പലതിനെയും എങ്ങനെ തൊഴിലധിഷ്ഠിതമാക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനോടൊപ്പം തന്നെ സാങ്കേതിക പരിശീലനത്തിനായുള്ള സർട്ടിഫിക്കറ്റ് ഡിപ്ലോമ സൗകര്യങ്ങൾ പലമടങ്ങ് വിപുലമാക്കുന്നു. സാർവ്വത്രികമായ ഉന്നത വിദ്യാഭ്യാസം ഒരു ലക്ഷ്യമല്ല. പക്ഷെ, അതിലേക്കുള്ള പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി അധ്യാപകരുടെയും രക്ഷാകർതൃ സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിഷത്ത് പോലുള്ള ജനകീയ ശാസ്ത്ര സംഘടനകളുടെയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന ഒട്ടേറെ പരീക്ഷണങ്ങളെ വിലയിരുത്തുന്ന പ്രബന്ധങ്ങൾ വിദ്യാഭ്യാസ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ടു. ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒരു പരീക്ഷണം 'സ്കൂൾ കോംപ്ലക്സ്' (School Complexes) കളായിരുന്നു. ഈ അനുഭവത്തെ അടിസ്ഥാനമാക്കി സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് അഖില കേരള അടിസ്ഥാനത്തിൽ പുതിയൊരു ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന സാധ്യതകളിലേക്ക് ചർച്ചകൾ വിരൽ ചൂണ്ടി. അനൗപചാരിക വിദ്യാഭ്യാസത്തിൽ ഗ്രന്ഥശാലകൾ ഒരുകാലത്ത് വഹിച്ചിരുന്ന പങ്ക് വീണ്ടെടുക്കുന്നതിനെ കുറിച്ചും ചർച്ചകൾ നടന്നു.

വിദ്യാഭ്യാസ മേഖലയെക്കാൾ ഭയാനകമായ വേഗതയിലാണ് ആരോഗ്യ മേഖലയുടെ വാണിജ്യവൽക്കരണം കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ അവബോധത്തെയും ഉയർന്ന പ്രതിശീർഷ ആരോഗ്യ ചെലവിനെയും ചൂഷണം ചെയ്ത് ലാഭം ഉണ്ടാക്കുന്നതിനുള്ള നിക്ഷിപ്ത താല്പര്യങ്ങളുടെ വിഹാരകേന്ദ്രമായി തീർന്നിട്ടുണ്ട് ആരോഗ്യമേഖല. ആരോഗ്യച്ചെലവ് ദുർവഹമായി ഉയർന്നിരിക്കുന്നു. അലോപ്പതിക്കു മാത്രമല്ല ആയുർവേദത്തിനും ഈ പ്രവണതകൾ ബാധകമാണ്. ആയുർവേദത്തിന് കേരളത്തിൽ ഇന്നുള്ള സ്വാധീനവും കേരളത്തിലെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ അത് വഹിച്ച പങ്കും പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിനനുയോജ്യമായ പുതിയൊരു ആരോഗ്യ നയത്തിന്റെ രൂപരേഖ ഡോ. ബി. ഇക്ബാൽ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനാണ് നാം ഇനിമേൽ ഊന്നേണ്ടത്. പുതിയ ആരോഗ്യനയം പൊതുമേഖലയുടെ പങ്കിനെ കൃത്യമായി നിർവ്വഹിക്കുകയും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് പുനർദിശാനിർണ്ണയം നടത്തുകയും വേണം. സർക്കാർ വകയിരുത്തലിനു പുറത്ത് ധനാഗമ മാർഗ്ഗങ്ങൾ തുടരേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിൽ പാരാമെഡിക്കൽ (Para-medical) പരിശീലനത്തിന് കൂടുതൽ ഊന്നൽ വേണം. എല്ലാത്തിനുമുപരി വിദ്യാഭ്യാസ കാര്യത്തിലെന്നപോലെ ആരോഗ്യമേഖലയിലും വികേന്ദ്രീകരണം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പരിഷ്ക്കാരമാകണം. വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ കേരളത്തിലെ പൊതു വിദ്യാഭ്യാസത്തെയും ആരോഗ്യ സംവിധാനത്തെയും ഇനി മുന്നോട്ട് കൊണ്ടുപോവാനാവില്ലെന്ന കാര്യത്തിൽ ഏതാണ്ട് എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു.

### ഏഴ്: വികേന്ദ്രീകരണം

ഭരണത്തിലും വികസന പ്രവർത്തനത്തിലും അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കോൺഗ്രസ്സിൽ ഏതാണ്ട് എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള സമ്മേളനങ്ങളിൽ ഓരോന്നിലും പുതിയ വികസന തന്ത്രം നടപ്പാക്കുന്നതിന് ഒരു മുൻ ഉപാധിയായി അധികാര വികേന്ദ്രീകരണം ചൂണ്ടിക്കാണിക്കപ്പെട്ടു. അധികാര വികേന്ദ്രീകരണത്തിനായി സംസ്ഥാനത്തു നടന്നിട്ടുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്യുവാനും ഒരു പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. മറ്റു പല കാര്യങ്ങളിലും മുന്നിലെന്ന് അഭിമാനിക്കാവുന്ന കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ വളരെ പിന്നിലാണെന്ന് ചൂണ്ടിക്കാണിച്ചു. കർണ്ണാടകവും കേരളവും തമ്മിലുള്ള ജോസ് റാഫേലിന്റെ താരതമ്യ പഠനം ശ്രദ്ധേയമായിരുന്നു.

കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രം പരാജയപ്പെട്ട പരിശ്രമങ്ങളുടെ ഒരു നീണ്ട പട്ടികയാണെന്ന് പറയാം. 1957-59 കാലത്തെ ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങളാണ് തുടക്കം. സംസ്ഥാന സർക്കാരിനെ കേന്ദ്രം പിരിച്ചുവിട്ടതിനാൽ ഇവ നടപ്പായില്ല. 1967 ലും 1979 ലും 1980 ലും ഈ ദിശയിലേക്കുള്ള ചില പ്രവർത്തനങ്ങൾ നടന്നുവെങ്കിലും 1990 ലാണ് ഇവ ഫലപ്രദമായത്. ജില്ലാ കൗൺസിൽ രൂപീകരിക്കപ്പെട്ടു. 18 ഡിപ്പാർട്ടുമെന്റുകളിലായി 143 വിഷയങ്ങൾ ജില്ലാ കൗൺസിലിനായി നീക്കിവെച്ചിട്ടുണ്ട്. കൂടുതൽ അധികാരങ്ങൾ കൈമാറുന്നത് സംബന്ധിച്ച് ഒരു പ്രത്യേക ഉന്നതതല കമ്മിറ്റിയും മതിയായ പണം ഉറപ്പുവരുത്തുന്നതിന്

സംസ്ഥാന ഫിനാൻസ് കമ്മീഷനും നിയമിക്കപ്പെട്ടു. എന്നാൽ 1991 ൽ ഉണ്ടായ ഭരണ മാറ്റം ജില്ലാ കൗൺസിലുകളെ നാമാവശേഷമാക്കി. അവയുടെ അധികാരങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കി.

എന്നിട്ടുപോലും നാനാവിധ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ ജില്ലാ കൗൺസിലുകൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും വിഭവ ഭൂപട നിർമ്മാണത്തിനും ജലസേചന വികസനത്തിനും മറ്റും ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ പഴുതുകളെ ടി.കെ. ബാലൻ അവലോകനം ചെയ്യുകയുണ്ടായി. വികേന്ദ്രീകൃത അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ വിപുലമായ സാധ്യതകളിലേക്ക് ഇതു വിരൽ ചൂണ്ടുന്നുണ്ട്. വിവിധ മേഖലകളിൽ വികസനത്തെ ത്വരിതപ്പെടുത്തുന്നതിനായി കേരളത്തിൽ നടന്നിട്ടുള്ള പല ജനകീയ പരീക്ഷണങ്ങളെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഇതിലേറ്റവും ശ്രദ്ധേയമായത് കല്ല്യാശ്ശേരിയിലെ പഞ്ചായത്ത് ആസൂത്രണത്തിനായുള്ള പരീക്ഷണമാണ്. ഈ കാലഘട്ടത്തിൽ ശാസ്ത്രജ്ഞന്മാരുടെ ലോകത്ത് വിപുലമായ ജനപങ്കാളിത്തത്തോടെ പഞ്ചായത്തിലെ വിഭവങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ ഭൂപടങ്ങളെ അടിസ്ഥാനമാക്കി ശേഖരിച്ചു. സാമൂഹ്യ-സാമ്പത്തിക കാര്യങ്ങളെയും കുറിച്ച് സർവ്വേ നടത്തി. ഈ വിവരശേഖരണ പ്രക്രിയയെ തന്നെ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ ഒരു പുതിയ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് സാധ്യമായി. വികസനാസൂത്രണത്തിനു കെൽപ്പുള്ള ഒരു സംഘത്തെ പഞ്ചായത്തിനുള്ളിൽ തന്നെ കരുപിടിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. ഇവരുടെ മുൻകൈയോടെ ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി സമഗ്രമായ ഒരു ഗ്രാമീണ പദ്ധതിക്ക് കല്ല്യാശ്ശേരിയിൽ രൂപം നൽകി. എന്നുമാത്രമല്ല ചില സ്കീമുകളെങ്കിലും നടപ്പാക്കാനും തുടങ്ങിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം കല്ല്യാശ്ശേരി പഞ്ചായത്ത് സമിതി വഹിച്ച പങ്ക് പ്രത്യേകം പരാമർശ വിഷയമായി പല പ്രബന്ധങ്ങളിലും വിരൽ ചൂണ്ടുകയുണ്ടായി.

73, 74 ഭരണഘടനാ ഭേദഗതികളും അവയെ തുടർന്നുണ്ടായ മറ്റു നിയമനിർമ്മാണങ്ങളും വികേന്ദ്രീകരണ പരിഷ്കാരത്തെ വീണ്ടും അജണ്ടയിൽ കൊണ്ടുവന്നിരിക്കുന്നു. ഈ നിയമങ്ങൾ വിമർശനപരമായി പരിശോധിക്കപ്പെട്ടു. മൂന്ന് അടിസ്ഥാന വിമർശനങ്ങളാണ് ഭരണഘടനാ ഭേദഗതിയെക്കുറിച്ച് ഉണ്ടായത്. ഒന്നാമതായി കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ പുനഃസംഘടന പരിഗണിക്കാൻ തയ്യാറല്ല. രണ്ടാമതായി കേരളം പോലുള്ള സംസ്ഥാനങ്ങളിലും മൂന്ന് തട്ടുകൾ അനാവശ്യമായി നിർബന്ധിതമാക്കിയിരിക്കുന്നു. മൂന്നാമതായി പട്ടണങ്ങളെയും ഗ്രാമങ്ങളെയും വെള്ളംകയറാത്ത അറകളായി തിരിക്കുക വഴി ജില്ലാതല സർക്കാർ എന്ന സമഗ്രമായ കാഴ്ചപ്പാട് അസാധ്യമാക്കി തീർത്തിരിക്കുന്നു. കേരളത്തിലെ നിയമമാവട്ടെ കേന്ദ്ര മൂല നിയമത്തിന്റെ അന്തഃസത്തയ്ക്കുപോലും വിരുദ്ധമാണ്. ഇത് സംബന്ധിച്ച് താഴെ നിന്നുണ്ടായ എല്ലാ നിർദ്ദേശങ്ങളെയും സർക്കാർ അവഗണിക്കുകയാണുണ്ടായത് എന്ന് ഡോ. കെ.എൻ. രാജിനെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ചു. രാഷ്ട്രീയ ഇച്ഛയില്ലായ്മ, ഐക്യമുന്നണി പ്രവർത്തനത്തിന്റെ പരിമിതികൾ, ഉദ്യോഗസ്ഥ ദുഃഷ്പ്രഭുത്വം, നിയമനിർമ്മാണത്തിലെ വൈകല്യങ്ങൾ തുടങ്ങിയവയാണ് അധികാര വികേന്ദ്രീകരണ പരാജയത്തിനു കാരണങ്ങളായി ചർച്ചകളിൽ മുഴച്ചുനിന്നത്. കേരളത്തിൽ ഇടതുപക്ഷത്തിനുള്ള അന്യാദൃശ്യമായ സ്വാധീനവും രാഷ്ട്രീയ ഊർജ്ജവും അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിലേക്ക് മതിയാംവണ്ണം വിനിയോഗിക്കുകയുണ്ടായിട്ടില്ലെന്ന് കെ.പി. കണ്ണന്റെ പ്രബന്ധത്തിൽ ചൂണ്ടിക്കാണിച്ചു.

### എട്ട്: ജാതിയുടെയും വർഗ്ഗീയതയുടെയും വിപത്ത്

സാമൂഹ്യ-രാഷ്ട്രീയ പ്രക്രിയയിൽ ജാതീയതയും വർഗ്ഗീയതയും ചെലുത്തുന്ന സ്വാധീനമായിരുന്നു കോൺഗ്രസ്സിന്റെ ചർച്ചയ്ക്ക് വിഷയീഭവിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രതിഭാസം. 'ജാതി ഘടനകളും സാമൂഹ്യ പ്രക്രിയയും', 'ജാതി, സമുദായം, രാഷ്ട്രീയം' എന്നിങ്ങനെ രണ്ട് പ്രത്യേക സെഷനുകളിൽ മാത്രമല്ല സമകാലീന രാഷ്ട്രീയ പ്രശ്നങ്ങൾ എന്ന സെഷനിലെ പ്രബന്ധങ്ങളിലും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.

നമ്മൾ മുമ്പ് കണ്ടതുപോലെ കേരളത്തിൽ ആധുനിക സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഉദ്ഘാടനം കുറിച്ചത് ജാതി-സാമുദായിക സംഘടനകളുടെ ആവിർഭാവമായിരുന്നു. മലബാറിൽ ജാതി-മത പരിഷ്കരണ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനത്തിൽ ലയിച്ചു ചേർന്നു. എന്നാൽ സവിശേഷമായ കാരണങ്ങളാൽ തിരു-കൊച്ചി പ്രദേശത്ത് അവ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിർണ്ണായകമായി പിന്നെയും തുടർന്നു. ജാതീയ-മത സ്വാധീനങ്ങളുടെ ഈ ഉത്തര-ദക്ഷിണ വ്യത്യാസം ഇന്നും കേരളത്തിൽ നമുക്ക് കാണാവുന്നതാണ്.

വിവിധ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ ഇടതുപക്ഷക്കാർ വളരെ സജീവമായിരുന്നു. ഇടതുപക്ഷം എന്ന നിലയിൽ തന്നെ ഈ കീഴ്ജാതിക്കാരുടെ സവർണ്ണ വിരുദ്ധ പ്രക്ഷോഭങ്ങളെ പിന്തുണയ്ക്കുകയും ചെയ്തു. എന്നാൽ അതോടൊപ്പം ജാതി മത പരിഗണനകൾക്ക് അതീതമായി വർഗ്ഗ ബഹുജന സംഘടനകളെ വളർത്തിയെടുക്കുന്നതിനും അവർ പരിശ്രമിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ മതേതര വേദിയിൽ നിന്നുകൊണ്ട് ജന്മി വിരുദ്ധ പൊതുസമരത്തിന്റെ ഭാഗമെന്ന നിലയിൽ സവർണ്ണ മേധാവിത്വ വിരുദ്ധ മുദ്രാവാക്യം ഉയർന്നുവന്നു. ഇത്തരത്തിലുള്ള ഒരു ജാതി വിരുദ്ധ വേദിയുടെ സ്വതന്ത്രമായ വളർച്ച സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ അണിനിരക്കുന്ന ജനങ്ങളെ ഇടതുപക്ഷത്തേക്ക് ആകർഷിച്ചു. പഴയ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ തങ്ങളുടെ ജാതീയ സമുദായങ്ങളിലെ പ്രമാണിമാരുടെ പിടിയിൽ അമർന്ന് കേവലം വിഭാഗീയ സംഘടനകളായി സ്വാത

ന്ത്ര്യാനന്തര കാലത്ത് കൂടുതൽ അധഃപതിച്ചു. വി.ജെ. ചെറിയാന്റെയും, ജോർജ്ജ് മാത്യുവിന്റെയും മറ്റും പ്ര ബന്ധങ്ങളിൽ കേരള ചരിത്രത്തിലെ ഈ വൈരുദ്ധ്യം വിശദമായി പരിശോധിക്കപ്പെട്ടു.

മുകളിൽ വിവരിച്ചതിന് വ്യത്യസ്തമായി 70-കളുടെ മധ്യം മുതൽ ഉള്ള കാലം കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ ജാതി-മത സ്വാധീനങ്ങൾ അടിക്കടി വർദ്ധിച്ചുവരുന്നതായി പലരും ചൂണ്ടിക്കാണിച്ചു. സാമൂഹ്യമായ ഈ തിരിച്ചുപോക്കിന്റെ കഥ പൂർണ്ണമായും ഇനിയും അനാവരണം ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. ഒരുകാര്യം തീർച്ചയാണ്, ജാതി-മത വിഭജനങ്ങളുടെ ഭൗതിക അടിത്തറ ദുർബ്ബലപ്പെട്ടു കൊണ്ടിരിക്കുകയാണ്. വിവിധ ജാതികൾക്കുള്ളിലെ വർഗ്ഗീകരണം, പരമ്പരാഗത തൊഴിലും ജാതിയും തമ്മിലുള്ള ബന്ധവും ദുർബ്ബലപ്പെട്ടു വരികയാണ്. സംവരണം ഇവയെല്ലാം ഈ പ്രക്രിയയ്ക്ക് പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്കു ചുറ്റും സാധാരണക്കാരെ അണിനിരത്താനുള്ള ജാതിമത പ്രമാണിമാരുടെ കഴിവ് കുറയുകയല്ല, കൂടുകയാണ് 70-കളുടെ മധ്യം മുതൽ ഉണ്ടായത്. ഈ പ്രഹേളികയ്ക്ക് കാരണം തേടേണ്ടത് സാമൂഹ്യ അടിത്തറയിലല്ല ഉപരിഘടനയിലായിരിക്കണമെന്ന് വ്യക്തമാണല്ലോ.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് കാലഹരണപ്പെട്ട ജാതിമത ഗ്രൂപ്പുകൾക്ക് 1959-ൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ സഖ്യത്തിന്റെ പേരിൽ ഒരു പുതുജീവൻ നൽകിയത്. ഈ സഖ്യത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ വോട്ടിംഗ് ശതമാനം ഇടിഞ്ഞുമെങ്കിലും കമ്മ്യൂണിസ്റ്റുകാരെ തോൽപ്പിക്കുന്നതിന് അവർക്ക് കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പും ചൈനീസ് വിരുദ്ധ അപസ്മാരവും സൃഷ്ടിച്ച സവിശേഷ സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ വിള്ളലുണ്ടാക്കുന്നതിനുവേണ്ടി 1965-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) മുസ്ലീംലീഗുമായി ഒരു ധാരണയിൽ എത്തി. 60-കളുടെ മധ്യത്തിൽ അലയടിച്ച ഉയർന്ന സമരങ്ങളും കോൺഗ്രസ് വിരുദ്ധ വികാരവും ലീഗുമായുള്ള ഒരു ധാരണയെ 1967-ൽ ഒരു ഐക്യമുന്നണിയുടെ പദവിയിലേക്കുയർത്തി. അങ്ങനെ സി.പി .ഐ.(എം) 1967-ലെ ഐക്യമുന്നണി സർക്കാരിൽ ലീഗുമായി അധികാരം പങ്കിട്ടു. എന്നാൽ അധികം താമസിയാതെ ലീഗ് കോൺഗ്രസ്സും മറ്റുചില ഇടതുപക്ഷ പാർട്ടികളുമായി ഒത്തുചേർന്ന് പുതിയൊരു കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിക്ക് രൂപം നൽകി.

ജനകീയ ബലാബലത്തിൽ തങ്ങൾക്കനുകൂലമായി ഗണനീയമായ മാറ്റം വരുത്തുന്നതിനുള്ള പോരായ്മകളും പശ്ചിമ ബംഗാളിലെ അർദ്ധ ഫാസിസ്റ്റ് ഭീകരത പോലുള്ള പല കാരണങ്ങളും കൊണ്ട് ലീഗിലെയും കേരള കോൺഗ്രസ്സിലെയും വിവിധ വിഭാഗങ്ങളുമായി ഐക്യമുന്നണിയിലേർപ്പെടുന്നതിന് സി.പി.ഐ.(എം) തയ്യാറായി. ഇപ്രകാരം 1965-ൽ താല്ക്കാലികമായ ഒരടവെന്ന നിലയിൽ ആരംഭിച്ചതിന് സ്ഥിരമായ ഒരു രാഷ്ട്രീയ സഖ്യത്തിന്റെ രൂപം കൈവന്നു.

1980 കളുടെ ആരംഭത്തോടെ ഹിന്ദു വർഗ്ഗീയ ശക്തികൾ ഇന്ത്യൻ രാഷ്ട്രീയത്തിന് ഒരു ഭീഷണിയായി മാറി. അവയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിന് ന്യൂനപക്ഷ വർഗ്ഗീയ കക്ഷികളുടെ സാന്നിദ്ധ്യം കാരണമാകുന്നു എന്ന് സി.പി.ഐ (എം) കണ്ടു. മാത്രമല്ല, ഇവയുമായുള്ള പാർട്ടിയുടെ ഐക്യം മൂലം ന്യൂനപക്ഷ മതങ്ങളിലെ മതനിരപേക്ഷ ജനാധിപത്യ വാദികൾ പാർട്ടിയുമായി ബന്ധപ്പെടുന്നതിനു മടിച്ചു. പാവപ്പെട്ടവരും സാധാരണക്കാരും ന്യൂനപക്ഷ പാർട്ടികൾ സ്വന്തം കൊടിക്കുള്ളിൽ അണിനിരത്തുന്നതിന് ഇടതുപക്ഷ ബന്ധത്തെ ഉപയോഗിക്കുകയും ചെയ്തു. മതമൗലികവാദികൾക്ക് സമുദായങ്ങളുടെ വക്താക്കളായും മാറുന്നതിനുള്ള സാഹചര്യം അതു സൃഷ്ടിച്ചു. മലബാറിൽ ഒതുങ്ങിനിന്നിരുന്ന മുസ്ലീംലീഗിന്റെ സ്വാധീനം തെക്കൻ കേരളത്തിലേക്കും വ്യാപിച്ചു. ഇരുമുന്നണികളിലുമായി വിലപേശി ലീഗ് ഉണ്ടാക്കിയ നേട്ടങ്ങൾ രാഷ്ട്രീയ രംഗത്ത് നേരിട്ടിറങ്ങാൻ ജാതി സംഘടനകൾക്കും പ്രചോദനമായി. ജാതി സംഘടനകളുമായുള്ള കൂട്ടുകെട്ടിൽ നിന്ന് ഇടതുപക്ഷം സ്വതന്ത്രമായി തുടർന്നുവെങ്കിലും അവരെയെല്ലാം തങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ ഉൾക്കൊള്ളിക്കുവാൻ കോൺഗ്രസ് സദാസമയവും സന്നദ്ധമായി. 1982-ലെ തെരഞ്ഞെടുപ്പിനുവേണ്ടി അവർ പടച്ചുണ്ടാക്കിയ മുന്നണി ഇതിന് ഉത്തമോദാഹരണമാണ്. കേരള രാഷ്ട്രീയത്തിലെ ഈ വർഗ്ഗീയവൽക്കരണത്തെ ചെറുക്കുന്നതിന് വിമത ലീഗുമായി സി പി ഐ (എം) നുണ്ടായിരുന്ന ബന്ധം ഒരു തടസ്സമായിരുന്നു. ജനങ്ങൾക്കിടയിൽ രാഷ്ട്രീയമായി സാർവ്വത്രികപൂർവ്വം പ്രകടമായി. എല്ലാത്തിനുമുപരി ന്യൂനപക്ഷ വർഗ്ഗീയതയ്ക്കെതിരായ ഹിന്ദുക്കളുടെ വികാരത്തെ മുതലെടുത്തുകൊണ്ട് ഹിന്ദു ഭൂരിപക്ഷ വർഗ്ഗീയത രാഷ്ട്രീയ രംഗത്തേക്ക് സംഘടിതമായി കടന്നുവരാൻ തുടങ്ങി.

ഈ സന്ദർഭത്തിലാണ് എല്ലാ വർഗ്ഗീയ ഗ്രൂപ്പുകളുമായുള്ള തങ്ങളുടെ സകല ബന്ധവും വിച്ഛേദിക്കുന്നതിന് സി പി ഐ (എം) തീരുമാനിച്ചത്. ഇത് കേരള രാഷ്ട്രീയത്തിലെ ഒരു വഴിത്തിരിവായി. ജാതി-മത സംഘടനകളുമായുള്ള യാതൊരു കൂട്ടുകെട്ടിലും ഏർപ്പെടാതെ 1987-ലെ തെരഞ്ഞെടുപ്പിലൂടെ ഇടതുപക്ഷം വീണ്ടും അധികാരത്തിലേറി. രാജീവ് ഗാന്ധിയുടെ വധം സൃഷ്ടിച്ച ആകസ്മിക സാഹചര്യത്തിൽ ഇടതുപക്ഷത്തിന് കഴിഞ്ഞ തെരഞ്ഞെടുപ്പിലേറ്റ തിരിച്ചടി വർഗ്ഗീയ ശക്തികൾക്ക് വീണ്ടും ഒരുണർവ്വ് നൽകിയിരിക്കുകയാണ്. അയോദ്ധ്യാ സംഭവങ്ങളും സംവരണത്തെ ആസ്പദമാക്കി ജാതീയ ശക്തി സമാഹരണവും വർഗ്ഗീയ-ജാതീയ വെല്ലുവിളികളെ കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. ഇതു സമകാലീന കേരളത്തിൽ പുരോഗമന ശക്തികൾ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായി തീർന്നിരിക്കുന്നു.

## ഒൻപത്: മതന്യൂനപക്ഷങ്ങളും പുരോഗമന പ്രസ്ഥാനങ്ങളും

എന്നാൽ മത വിശ്വാസത്തെയും വർഗ്ഗീയതയെയും വേർതിരിച്ചു കാണേണ്ടതുണ്ട്. അന്താരാഷ്ട്ര പഠന കോൺഗ്രസ്സിന്റെ വിമർശകരായി ഭാരതീയ വിചാര കേന്ദ്രം പോലുള്ള വർഗ്ഗീയ താത്പര്യക്കാർ മുന്നോട്ടു വരികയുണ്ടായി എന്നത് അർത്ഥഗർഭമാണ്. എന്നാൽ നിത്യചൈതന്യയതിയെയും പൗലോസ് മാർ ഗ്രിഗോറിയോസിനെയും പോലുള്ള മത പണ്ഡിതന്മാർ കോൺഗ്രസ്സിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. ഫാദർ സാമുവൽ റയനെ പോലുള്ള ഒരു ഡസനോളം കത്തോലിക്കാ പുരോഹിതരും കോൺഗ്രസ്സിൽ പങ്കാളികളായിരുന്നു. തന്മൂലം മതവും സാമൂഹ്യവും, സാമൂഹ്യ പരിവർത്തനത്തിൽ പ്രത്യയശാസ്ത്രങ്ങൾ തുടങ്ങിയ സെഷനുകൾ പുതിയൊരു മത സംവാദത്തിന് തുടക്കമായി.

സംസ്ഥാനത്തെ ജനസംഖ്യയുടെ 40 ശതമാനം വരുന്ന ക്രിസ്ത്യൻ-മുസ്ലീം മതവിശ്വാസികൾക്കിടയിൽ ഇടതുപക്ഷ സ്വാധീനം തുച്ഛമാണെന്ന് ഇ.എം.എസിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. സംസ്ഥാനത്ത് പുരോഗമന ശക്തികൾക്കനുകൂലമായി രാഷ്ട്രീയ ബലാബലത്തിൽ നിർണ്ണായകമായ ഒരു മാറ്റം കൈവരിക്കുന്നതിന് ഈ ദൗർബല്യം ഒരു പ്രധാന പ്രതിബന്ധമായി തുടരുന്നു.

ഈ പ്രതിഭാസത്തിന് ചരിത്രപരമായ കാരണങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായി വിവിധ ഹിന്ദു സമുദായങ്ങളിൽ ഉണ്ടായ മതനവീകരണ പ്രസ്ഥാനങ്ങൾ മത ന്യൂനപക്ഷങ്ങൾക്കിടയിൽ ഉണ്ടായില്ല. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച മണ്ണിലായിരുന്നുവല്ലോ ഉൽപ്പതിഷ്ണുത്വത്തിന്റെ വിത്തുകൾ വിതറപ്പെട്ടതും വളർന്നതും. എന്നാൽ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹ്യ പരിഷ്കരണ കാലഘട്ടം കൂടുതൽ വ്യവസ്ഥാപിത വൽക്കരണത്തിന്റെയും ഉൾവലിയലിന്റെയും കാലമായി പരിണമിച്ചു.

ക്രിസ്ത്യാനികൾക്കിടയിലും മുസ്ലീങ്ങൾക്കിടയിലും യാതൊരു പുരോഗമന മത പാരമ്പര്യങ്ങളും ഉടലെടുക്കുകയുണ്ടായില്ല എന്നല്ല വാദിക്കുന്നത്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സഹപ്രവർത്തകനായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയെ കുറിച്ച് കെ എം സീതി അവതരിപ്പിച്ച പ്രബന്ധം ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. ഇഹലോക വ്യാപാരങ്ങളെ കുറിച്ചുള്ള ഇസ്ലാം പ്രബോധനങ്ങൾ ശാശ്വതമല്ലെന്ന് മൗലവി അഭിപ്രായപ്പെട്ടു. സ്ഥല-കാല സാഹചര്യങ്ങൾക്കനുസൃതമായി അവയിൽ മാറ്റങ്ങൾ വരാം. ഇസ്ലാം മതമൗലിക വാദികൾക്കെതിരെ 'ഇജ്തിഹാദ്' (സ്വതന്ത്ര ചിന്ത) എന്ന തത്വം അദ്ദേഹം ഉയർത്തിപ്പിടിച്ചു. എന്നാൽ വക്കം മൗലവിയെ പോലുള്ളവർ പ്രചരിപ്പിച്ച മതനവീകരണ ആശയങ്ങൾ മുസ്ലീം സമുദായത്തിലെ മുഖ്യധാരയായി തീർന്നില്ല, പ്രത്യേകിച്ച് മലബാറിൽ. നിരന്തരമായ ബ്രിട്ടീഷ് അടിച്ചമർത്തലുകൾക്കും വിവേചനങ്ങൾക്കും പാത്രീഭവിച്ച മലബാറിലെ മുസ്ലീം സമുദായം സ്വയം പ്രതിരോധത്തിനായി കൂടുതൽ കൂടുതൽ തങ്ങളിലേക്ക് തന്നെ ഉൾവലിയുന്നതായിട്ടാണ് കാണുന്നത്. എം. ഗംഗാധരന്റെയും എം. കബീറിന്റെയും മറ്റും പ്രബന്ധങ്ങൾ യാഥാസ്ഥിതിക ഉലമകൾ എപ്രകാരമാണ് എല്ലാ നവീകരണ ശ്രമങ്ങൾക്കും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പോലും, എതിരായി നിലപാടെടുത്തതെന്ന് പരിശോധിക്കുന്നുണ്ട്.

കൊളോണിയലിസത്തിന്റെയും വാണിജ്യവൽക്കരണത്തിന്റെയും പ്രത്യാഘാതമായി പരമ്പരാഗത ക്രിസ്ത്യൻ സമുദായത്തിലും പള്ളിയുടെ വ്യവസ്ഥാപിത വൽക്കരണ പ്രക്രിയ ശക്തിപ്പെടുകയുണ്ടായി. ആയതിനാൽ പരമ്പരാഗത ക്രിസ്ത്യാനികളിൽ നിന്നു വിഭിന്നമായ സാമൂഹ്യ-ദൈവശാസ്ത്ര പാരമ്പര്യങ്ങളിൽ നിന്നുവന്ന മിഷനറിമാരിൽ നിന്നായിരുന്നു പുരോഗമന ക്രിസ്ത്യൻ ദൈവശാസ്ത്ര ധാരണകൾ രൂപം കൊണ്ടത്. കേരളവും മിഷനറിമാരും എന്നൊരു പ്രത്യേക സെഷൻ തന്നെ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. യേശുദാസ് അതിൽ ചൂണ്ടിക്കാണിച്ചതു പോലെ മുഖ്യമായും ഉയർന്ന സമുദായാംഗങ്ങളായ സുറിയാനി ക്രിസ്ത്യാനികളുടെ ഉൾവലിയുന്ന സമുദായബോധത്തിൽ നിന്നു വ്യത്യസ്തമായി മിഷണറിമാർ കൂടുതലും പിന്നോക്ക ജാതികൾക്കിടയിലും അവരുടെ ഉന്നമനത്തിനായും ആണ് പ്രവർത്തിച്ചത്. അതേസമയം ചന്ദ്രമോഹൻ പി. സമർത്ഥിച്ചപോലെ മിഷണറിമാർക്ക് കൊളോണിയൽ ആധിപത്യവുമായി ഉണ്ടായിരുന്ന ബന്ധങ്ങളും അതിൽ നിന്നുളവായ യാഥാസ്ഥിതികത്വവും അവരുടെ പ്രവർത്തനങ്ങളുടെ വിമോചന സാധ്യതകളെ ഒട്ടേറെ ചോർത്തിക്കളയുകയുണ്ടായി.

മതന്യൂനപക്ഷങ്ങളുടെ യാഥാസ്ഥിതിക മനോഭാവത്തിന്റെ പശ്ചാത്തലത്തിൽ ബൂർഷ്വാ യുക്തിവാദത്തിന്റെ മതനിഷേധ മനോഭാവത്തിന്റെ ഒട്ടേറെ സ്വാധീനങ്ങൾ വളരെ പ്രകടമായിട്ടുള്ള ഇടതുപക്ഷ പ്രചാരണം അവർക്കിടയിൽ ഏശാതെ പോയതിൽ അത്ഭുതപ്പെടാനില്ല. വ്യവസ്ഥാപിത മത ചട്ടക്കൂടുകളുടെ ഉന്നതശ്രേണിയിലെ നിക്ഷിപ്ത താത്പര്യക്കാർക്ക് ഈ സമുദായാംഗങ്ങളെ ഇഹലോക കാര്യങ്ങളെപ്പറ്റിയുള്ള തീരുമാനങ്ങളിൽ വിശ്വാസികളും അവിശ്വാസികളുമായി ചേരിതിരിക്കുന്നതിന് കേവല യുക്തിവാദപരമായ സമീപനങ്ങൾ സഹായിച്ചു. പാവപ്പെട്ടവർക്ക് ഭൂമിയും വിദ്യാഭ്യാസവും മിനിമം കൂലിയും മറ്റും ഉറപ്പുവരുത്തുന്നതിനായി 1957-ലെ ഇടതുപക്ഷ സർക്കാർ നടത്തിയ പരിശ്രമങ്ങളെ തകർക്കുന്നതിനുള്ള വിമോചന സമരത്തിൽ പാവപ്പെട്ടവരെ തന്നെ അണിനിരത്തുന്നതിന് നിക്ഷിപ്ത താത്പര്യക്കാർക്ക് കഴിഞ്ഞു. പിന്നീടുള്ള തെരഞ്ഞെടുപ്പുകളിൽ പലതിലും ഈ വിശ്വാസി-അവിശ്വാസി ചേരിതിരിവ് കുത്തിപ്പൊക്കുന്നതിന് പള്ളി ശ്രമിച്ചതായി കാണാം. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഇടയിൽ നിക്ഷിപ്ത താത്പര്യങ്ങൾ ഉയർത്തിയിരിക്കുന്ന ചൈനീസ് മതിൽ തകർക്കുന്നതിനും

മതത്തോടു ചരിത്രപരവും വൈരുദ്ധ്യാധിഷ്ഠിതവുമായ സമീപനം ഇടതുപക്ഷം സ്വീകരിക്കേണ്ടതുണ്ട്.

പ്രശസ്ത ബെൽജിയൻ സോഷ്യോളജി പണ്ഡിതനായ ലെമസിനയറും ഫാദർ ഹൂട്ടാർട്ടും ചേർന്നവതരിപ്പിച്ച പ്രബന്ധം ഈ അവസരത്തിൽ വളരെ പ്രസക്തമാണ്. കേരള ചരിത്രത്തിൽ മതത്തിന്റെ സാമൂഹ്യ ധർമ്മത്തിൽ കാലാനുസൃതമായി വന്നു ചേർന്ന പരിണാമങ്ങളെയാണ് അവർ വിലയിരുത്താൻ ശ്രമിച്ചത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ മതനവീകരണത്തിന്റെ കൊടിക്കൂറയ്ക്ക് കീഴിലായിരുന്നുവല്ലോ കേരളത്തിലെ നാടുവാഴിയാധിപത്യത്തിനെതിരെയുള്ള ആദ്യകാല മുന്നേറ്റം തന്നെ രൂപംകൊണ്ടത്.

ഫലപ്രദമായ ക്രിസ്ത്യൻ-മാർക്സിസ്റ്റ് സംവാദം വേണമെങ്കിൽ 'വിമോചനത്തിന്റെയും പരിവർത്തനത്തിന്റെയും ആത്മീയതയുടെ സാധുതകളെ' അംഗീകരിക്കണമെന്ന് യേശുദാസ് അഭിപ്രായപ്പെട്ടു. കേരളത്തിലെ വിമോചന വൈദ്യശാസ്ത്ര ചിന്താധാരകളും മത്സ്യത്തൊഴിലാളികൾക്കിടയിലും മറ്റും അവ സൃഷ്ടിച്ച മാറ്റങ്ങളും ചർച്ച് ഓഫ് സൗത്ത് ഇന്ത്യയിലെ ഫെയ്ത്ത് മൂവ്മെന്റും പ്രത്യേകം പരാമർശ വിഷയമായി. വ്യവസ്ഥാപിത പള്ളിയും ദൈനംദിന രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്ന പതിവിൽ നിന്ന് മാറിക്കൊണ്ടിരിക്കുകയായിരുന്നെന്നും ജോസ് കുരിയേടത്ത് ചൂണ്ടിക്കാണിച്ചു. മാറ്റങ്ങൾ മുസ്ലീം സമുദായത്തിലും ദൃശ്യമാണ്. പ്രത്യേകിച്ച് അയോദ്ധ്യാ സംഭവത്തിനു ശേഷം നിത്യചൈതന്യ യതിയെ പോലുള്ള ഋഷിവര്യന്മാർ ഹിന്ദുമതത്തെ സംഘടനാവൽക്കരിക്കുന്നതിനെയും ഹിന്ദു മതമൗലികവാദ ചിന്തകളെയും എതിർത്തുകൊണ്ടുള്ള നിലപാടു സ്വീകരിച്ചു വരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പരസ്പര ബഹുമാനത്തിലും സ്വയം വിമർശനത്തിലും അധിഷ്ഠിതമായ പുതിയൊരു സംവാദം മാർക്സിസ്റ്റുകാരും മത വിശ്വാസികളും തമ്മിൽ നടക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് പലരും വിരൽചൂണ്ടി.

### പത്ത്: സ്ത്രീയുടെ പദവി

കേരള സമൂഹത്തിൽ സ്ത്രീയുടെ പദവി കോൺഗ്രസ്സിൽ വളരെയേറെ സജീവമായി ചർച്ച ചെയ്യപ്പെട്ട വിഷയമായിരുന്നു. കേരള മാതൃകയുടെ സൃഷ്ടിയിൽ സ്ത്രീകളുടെ പങ്ക് നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണല്ലോ. ആരോഗ്യനിലയുടെ പുരോഗതിയിൽ സ്ത്രീ സാക്ഷരത സുപ്രധാന പങ്കുവഹിക്കുകയുണ്ടായി. ആരോഗ്യ പുരോഗതിയാവട്ടെ ജനസംഖ്യാ പരിണാമത്തിനും അടിത്തറയിട്ടു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ വിദ്യാഭ്യാസ നില മെച്ചമാണ്. അടിച്ചമർത്തലിന്റെയും വിവേചനത്തിന്റെയും പല ബീഭത്സ മുഖങ്ങളും ഇവിടെ കാണാനുമാവില്ല. ജനസംഖ്യയിലെ സ്ത്രീപുരുഷാനുപാതം സ്ത്രീകൾക്കനുകൂലമായ ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 1000 പുരുഷന്മാർക്ക് ഇന്ത്യയിൽ 928 സ്ത്രീകൾ മാത്രമുള്ളപ്പോൾ കേരളത്തിൽ 1040 സ്ത്രീകൾ വീതമുണ്ട്.

ഇവ ചെറിയ നേട്ടങ്ങൾ അല്ല. അവയുടെ പ്രാധാന്യം കുറച്ചുകാണാനും പാടില്ല. എന്നാൽ ഇതുകൊണ്ട് കേരളത്തിലെ സ്ത്രീകൾ വിമോചിതരാണെന്നു പറയാമോ. ആരോഗ്യ വിദ്യാഭ്യാസ സൂചികകളെയും മരുമക്കത്തായ പാരമ്പര്യങ്ങളെയും അടിസ്ഥാനമാക്കി മാത്രം സ്ത്രീകളുടെ പദവി സംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്തുന്നതിനെതിരെ മൂന്നു സാമൂഹ്യ-സാമ്പത്തിക പ്രവണതകൾ ചർച്ചകളിൽ നിരത്തപ്പെട്ടു.

ഉയർന്ന വിദ്യാഭ്യാസമുണ്ടായിട്ടും താഴ്ന്ന പ്രജനന നിരക്കായിരുന്നിട്ടും കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും താഴ്ന്ന ഒന്നാണ്. ഇതിനുകാരണം സ്ത്രീകളുടെ വളരെ ഉയർന്ന തൊഴിലില്ലായ്മയാണ്. എത്ര തേടിയാലും തൊഴിൽ ലഭിക്കില്ല എന്നതിനാൽ സ്ത്രീകൾ തൊഴിൽ സേനയിൽ നിന്നു തന്നെ പിൻവാങ്ങുന്നതിനിടയാകുന്നു എന്ന് മൃദുൽ ഈപ്പനും റേച്ചൽ കുമാറും അഭിപ്രായപ്പെട്ടു. മഹാഭൂരിപക്ഷം സ്ത്രീകളും വളരെ താഴ്ന്ന കൂലി മാത്രം ലഭിക്കുന്ന, അവിദഗ്ധ താത്ക്കാലിക പണികളിലാണ് ഏർപ്പെടുന്നത്. ഷീലാ വർഗ്ഗീസ് ദാരിദ്ര്യത്തിന്റെ സ്ത്രൈണവൽക്കരണം എന്ന പ്രതിഭാസത്തെ സ്ത്രീ നായക കുടുംബങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുകയുണ്ടായി.

ബഹുജനപ്രസ്ഥാനങ്ങളുടെ പ്രാഥമിക തലങ്ങളിൽ സ്ത്രീകൾ വളരെ സജീവമാണെങ്കിലും ഈ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനങ്ങളിലും പൊതു രാഷ്ട്രീയ മണ്ഡലങ്ങളിലും സ്ത്രീകൾ താരതമ്യേന അദൃശ്യരാണെന്ന് കണക്കുകൾ വെച്ച് പാർവ്വതി ദേവി സമർത്ഥിക്കുകയുണ്ടായി.

സമീപകാലത്താവട്ടെ സ്ത്രീധന സമ്പ്രദായം, പർദ്ദ, മാധ്യമങ്ങളിലെ സ്ത്രീ അവഹേളനം, ലൈംഗിക പീഡനവും സ്ത്രീകൾക്കെതിരായ ബലപ്രയോഗങ്ങളും മുതലായവ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്ന് ജോസഫൈന്റെയും മറ്റും പ്രബന്ധങ്ങൾ ചൂണ്ടിക്കാണിപ്പിച്ചു. സ്ത്രീകളോടുള്ള പുരോഗമന വീക്ഷണത്തിൽ ഒട്ടേറെ ചോർച്ചകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

എന്തുകൊണ്ട് മരുമക്കത്തായ പാരമ്പര്യങ്ങളും ഉയർന്ന വിദ്യാഭ്യാസ-ആരോഗ്യ നിലയും ഇടതുപക്ഷ സ്വാധീനവും എല്ലാം ഉണ്ടായിട്ടും കേരളത്തിലെ സ്ത്രീകളുടെ അധികാര കേന്ദ്രത്തിലേക്കുള്ള വരവ് ഒരു മരീചികയായി തുടരുന്നു. സ്ത്രീയുടെ പദവിയുമായി ബന്ധപ്പെട്ട മൂന്നു സെഷനുകളിൽ ഈ പ്രശ്നം ചർച്ച ചെയ്യപ്പെടുകയുണ്ടായി.

മരുമക്കത്തായവും ആധുനികതയും എന്നതു സംബന്ധിച്ച സെഷൻ കേരളത്തിലെ ലിംഗപദവിയുടെ സാമൂഹ്യ നിർമ്മിതിയെ ചരിത്രപരമായി പരിശോധിച്ചു. മരുമക്കത്തായം സ്ത്രീകൾക്ക് എന്തു പ്രത്യേക നേട്ടങ്ങൾ നൽകിയിട്ടുണ്ട്? മരുമക്കത്തായ സമ്പ്രദായത്തിന്റെ കാലദേശ വ്യത്യാസങ്ങൾ ലളിതമായ ഒരു ഉത്തരം ശ്രമകരമാക്കുന്നുണ്ട് എന്ന് ജി. അരുണിമ അഭിപ്രായപ്പെട്ടു. പിതൃദായ ക്രമത്തിലധിഷ്ഠിതമായ കാർഷിക

വ്യവസ്ഥകളിലുണ്ടായിരുന്നതിനേക്കാൾ സ്വാതന്ത്ര്യവും സുരക്ഷിതത്വവും മരുമക്കത്തായം സ്ത്രീകൾക്ക് നൽകി എന്ന ജോസഫ് താരമംഗലത്തിന്റെയും എൽസി താരമംഗലത്തിന്റെയും അഭിപ്രായത്തോട് ഒട്ടെല്ലാവരും യോജിപ്പ് പ്രകടിപ്പിച്ചു. മരുമക്കത്തായ സമ്പ്രദായത്തിന്റെ ഗുണാത്മക പാരമ്പര്യങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തോടും ആരോഗ്യത്തോടും പുരോഗമനപരമായ നിലപാടുകളെ ശക്തിപ്പെടുത്താൻ സഹായകരമായി. ഔപചാരിക നിയമഭേദഗതികൾ ഉണ്ടായിട്ടും മരുമക്കത്തായ പാരമ്പര്യങ്ങൾ അറുപതുകളിൽ പോലും പ്രബല സ്വാധീനങ്ങളായി എപ്രകാരം തുടർന്നു എന്നതായിരുന്നു പോളിൻ കോളെണ്ടയുടെ പ്രബന്ധത്തിലെ പ്രതിപാദ്യ വിഷയം.

എന്നാൽ മരുമക്കത്തായ കാലം സ്ത്രീ-പുരുഷ സമത്വത്തിന്റെ ഒരു സുവർണ്ണ ഘട്ടമായിരുന്നുവെന്നും മറ്റുമുള്ള ഓറിയന്റലിസ്റ്റ് കൽപ്പനിക ധാരണകളെ തള്ളിക്കളയേണ്ടതുണ്ട്. ജയശ്രീ പ്രസാദും സൂസൻ മാത്യുവും മറ്റും എടുത്തു പറഞ്ഞതുപോലെ ആത്യന്തികമായി സ്ത്രീ കാരണവർക്കു കീഴ്പ്പെട്ടിരുന്നു. നായന്മാരുടെ മരുമക്കത്തായമാവട്ടെ നമ്പൂതിരി പിതൃദായ സമ്പ്രദായത്തിന്റെ അനുബന്ധവും കൂടിയായിരുന്നു. എല്ലാറ്റിലുമുപരി ഫ്യൂഡൽ സാംസ്കാരിക തകർച്ചയുമായി മരുമക്കത്തായം കെട്ടുപിണഞ്ഞിരിക്കുന്നു.

മുതലാളിത്തത്തിന്റെ വളർച്ച വ്യക്തിയുടെ മുൻകൈയ്ക്കും സമ്പാദ്യ അഭിവാഞ്ഛയ്ക്കും തടസ്സം നിന്നിരുന്ന കൂട്ടുകുടുംബ മര്യാദകൾക്കും പാരമ്പര്യങ്ങൾക്കും എതിരായ മനോഭാവത്തെ ശക്തിപ്പെടുത്തി. ഫ്യൂഡൽ അധഃപതനം പ്രേമത്തിനും ചെറുകുടുംബത്തിനും പണ്ടില്ലാതിരുന്ന ഒരു റൊമാന്റിക് ഭാവം നൽകി. പഴമയെക്കുറിച്ച് സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർത്തിയ വിമർശനം നിശിതമായിരുന്നു. പരമ്പരാഗത കുടുംബ-പിന്തുടർച്ചാ നിയമങ്ങൾ പൊളിച്ചെഴുതപ്പെട്ടു. എന്നാൽ ഈ പഴമയുടെ വിമർശന പദ്ധതിക്ക് രണ്ടു പ്രധാന ദൗർബല്യങ്ങൾ ഉണ്ടായിരുന്നു എന്ന് ടി.കെ. രാമചന്ദ്രൻ വിവരിച്ചു. ഒന്നാമതായി, ജന്മിത്തത്തിനെതിരെയുള്ള വിമർശനം ബൂർഷ്വാ നിലപാടിൽ നിന്നുകൊണ്ടുള്ളതായിരുന്നു. രണ്ടാമതായി, വിമർശകർ കൂടുതലും പുരുഷന്മാരായിരുന്നു. മരുമക്കത്തായ സമ്പ്രദായത്തിന്റെ ഗുണാത്മക വശങ്ങൾ വിസ്മരിക്കപ്പെട്ടു.

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം രൂപം കൊണ്ട കൊളോണിയൽ വിരുദ്ധ-ജന്മി വിരുദ്ധ പ്രസ്ഥാനങ്ങൾ കീഴ് ജാതികൾക്കും വർഗ്ഗങ്ങൾക്കും അവരുടെ താല്പര്യങ്ങൾ പരസ്യമായി പ്രകാശിപ്പിക്കുന്നതിനുള്ള ഒരു പൊതുമണ്ഡലം സൃഷ്ടിച്ചു. ഈ പൊതുമണ്ഡലത്തിലെ ഒരു പ്രധാന ഘടകമായി സ്ത്രീകളും രംഗപ്രവേശം ചെയ്തു. നാനാ ബഹുജനപ്രസ്ഥാനങ്ങളിലെ സ്ത്രീപങ്കാളിത്തവും ആശയ വിവാദങ്ങളും ഇതിനെങ്ങനെ കാരണമായി എന്നത് മീരാ വേലായുധൻ തിരുവിതാംകൂറിനെ ഉദാഹരിച്ചുകൊണ്ട് വിവരിക്കുകയുണ്ടായി. എന്നാൽ ഫ്യൂഡൽ അധഃപതനത്തിനു പകരമായി ഉയർന്നു വന്ന ബൂർഷ്വാ പിതൃദായ കുടുംബം ആദർശവൽക്കരിക്കപ്പെട്ടു. ബൂർഷ്വാ കുടുംബ പ്രത്യയശാസ്ത്രത്തിനെതിരെയുള്ള വിമർശനം അവഗണിക്കപ്പെട്ടു എന്ന് ടി.കെ. രാമചന്ദ്രൻ ചൂണ്ടിക്കാണിപ്പിച്ചു. അമ്പതുകളിലും അറുപതുകളിലും ഇടതുപക്ഷത്തിന് കേരളത്തിൽ മേധാവിത്വം നേടാനായെങ്കിലും ബൂർഷ്വാ പുരുഷ മേധാവിത്വ ആശയഗതികൾക്കെതിരായോ കുടുംബ സങ്കൽപ്പങ്ങൾക്കെതിരായോ ഉള്ള വിമർശനം ദുർബ്ബലമായിരുന്നു. ഇടതുപക്ഷ ആശയ അധീശത്വത്തിന് ഇളക്കം തട്ടിയതും ജനകീയ സാംസ്കാരിക അധഃപതനവും കൺസ്യൂമറിസത്തിന്റെ ഉയർച്ചയും സ്ത്രീയെ ചരക്കാക്കുന്ന പ്രക്രിയയുടെ ആക്കം കൂട്ടുന്നതിനും സ്ത്രീകൾത്തോടുള്ള പുരോഗമനപരമായ കാഴ്ചപ്പാടുകൾക്ക് തിരിച്ചടിയേൽക്കുന്നതിനും പശ്ചാത്തലമൊരുക്കി.

സ്ത്രീ സങ്കൽപ്പങ്ങളുടെ സാമൂഹ്യ നിർമ്മിതിയെ കുറിച്ചുള്ള സെഷൻ സമകാലീന കേരളീയ സമൂഹത്തിൽ രൂഢമൂലമായിരിക്കുന്ന പുരുഷമേധാവിത്വ ആശയഗതികളെ തുറന്നു കാട്ടുന്നതിനു പര്യാപ്തമായിരുന്നു. ഇടതുപക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് ഇവ സംബന്ധിച്ച നിശിതമായ പരിശോധനയും വിമർശനവും അനിവാര്യമാണെന്നു അംഗീകരിക്കപ്പെട്ടു. അതുപോലെ തന്നെ വികസന പ്രക്രിയയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയുടെ സാമ്പത്തിക തൃണവൽക്കരണം നാം പിന്തുടരുന്ന വികസന നയങ്ങളെ സ്ത്രീപക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിൽ വിമർശന വിധേയമാക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. സ്ത്രീകൾക്കു വേണ്ടിയുള്ള ചില പ്രത്യേക വികസന സ്കീമുകളല്ല ആവശ്യം, മറിച്ച് വികസന നയങ്ങൾ ആകെ തന്നെ ലിംഗപരമായ ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

മുകളിൽ വിവരിച്ച പ്രശ്നങ്ങളും സാംസ്കാരിക മണ്ഡലത്തിലെ സമകാലീന പ്രവണതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ പുരോഗമനപരമായ ജനകീയ സംസ്കാര പാരമ്പര്യം ഗൗരവമായ വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനകീയ സംസ്കാരവും ജനപ്രിയ സംസ്കാരവും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്. ഭാഷാ സാഹിത്യം, സംസ്കാരം തുടങ്ങിയ മേഖലകളെ അധികരിച്ച് ആറു സെഷനുകൾ ഉണ്ടായിരുന്നെങ്കിലും വേണ്ടവിധം ആഴത്തിലുള്ള പരിശോധനയും ചർച്ചയും സാംസ്കാരിക പ്രശ്നങ്ങൾ സംബന്ധിച്ചുണ്ടായില്ല എന്നൊരു പൊതു വിമർശനം കോൺഗ്രസിനെ സംബന്ധിച്ച് ഉയർന്നു വരികയുണ്ടായി.

## ഉപസംഹാരം

അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് കേരള പഠനങ്ങളെ കുറിച്ചുള്ള കേവലമൊരു അവലോകനം മാത്രമായിരുന്നില്ല. അക്കാദമിക് പണ്ഡിതന്മാർ തമ്മിലും അവരും സാമൂഹ്യ പ്രവർത്തകർ തമ്മിലും വിപുലമായൊരു സംവാദത്തിനുള്ള തുടക്കം കുറിക്കലായിരുന്നു അത്. ഇനിയും തുടരേണ്ടുന്ന ഈ സംവാദത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഒരു പുതിയ പ്രവർത്തന പരിപാടി, പ്രത്യേകിച്ച് കേരളത്തിന്റെ വികസനത്തിനായുള്ള ഒരു പുതിയ പരിപാടി ഉരുത്തിരിഞ്ഞു

വരുമെന്നാണ് പ്രതീക്ഷ. ഒന്നാമത്തെ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം പ്രതികരണം അഭൂതപൂർവ്വമായിരുന്നുവെന്നു തന്നെ പറയാം. കോൺഗ്രസിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെല്ലാം കൂട്ടിച്ചേർത്താൽ അത് കേരള പഠനങ്ങളുടെ ശരിക്കുള്ള ഒരു പരിച്ഛേദമായിരിക്കും.

കേരളത്തിന്റെ വികസനാനുഭവം തെളിയിക്കുന്നത് ഉചിതമായ സാമൂഹ്യ ഇടപെടലുകളിലൂടെ സാമ്പത്തിക വളർച്ചയുടെ താഴ്ന്ന ഘട്ടങ്ങളിൽ പോലും സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാവുമെന്നാണ്. ഇന്ത്യയിലെ പാവപ്പെട്ടവർക്ക് സ്കൂൾ വിദ്യാഭ്യാസവും പ്രാഥമിക ആരോഗ്യ പരിരക്ഷയും മിതമായ വിലയ്ക്ക് ഭക്ഷണ സാധനങ്ങളും, കിടക്കാൻ സ്വന്തമായി ഒരിടവും മറ്റും ലഭിക്കുന്നതിന് സാമ്പത്തിക വളർച്ചയുടെ ഉന്നതിയിലെത്തുന്നതു വരെ കാത്തിരിക്കേണ്ടതില്ല. അവയെല്ലാം ഇന്നുതന്നെ സാധിക്കാവുന്ന അവകാശങ്ങളാണ്. അവ നേടുന്നതിനുള്ള പ്രക്ഷോഭങ്ങൾക്ക് ബഹുജനങ്ങളെ സംഘടിതരാക്കുന്നതിൽ ഒരു പങ്കു വഹിക്കാൻ കഴിയും.

എന്നാൽ, കേരളത്തിന്റെ സമകാലീന പ്രതിസന്ധി ഇന്നത്തെ വ്യവസ്ഥയ്ക്കുള്ളിൽ നേടാവുന്നതിന്റെ പരിമിതികളെയും വെളിപ്പെടുത്തുന്നുണ്ട്. സാമ്പത്തിക വളർച്ചയുടെ അഭാവത്തിൽ ഭൂതകാല ക്ഷേമ നേട്ടങ്ങളെ വിപുലീകരിക്കുന്നതു പോകട്ടെ നിലനിർത്തുന്നത് തന്നെ ശ്രമകരമായി തീരും. എപ്രകാരം സംസ്ഥാനത്തെ ജനങ്ങളുടെ സംഘടനാ ശേഷിയേയും ഉയർന്ന അവകാശബോധത്തേയും ഇന്നത്തെ സാമ്പത്തിക മുരടിപ്പ് മറികടക്കുന്നതിനുള്ള ഉപകരണമാക്കാം എന്നത് ജനാധിപത്യ പ്രസ്ഥാനങ്ങളുടെ മുന്നിൽ ഒരു വെല്ലുവിളിയായിരിക്കുന്നു. സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ വൈകല്യങ്ങളും തിരുത്തേണ്ടതുണ്ട്.

ഔപചാരികമായ ഒരഭിപ്രായ സമന്വയം കോൺഗ്രസ്സിൽ ഉണ്ടായില്ല എന്നത് ശരിയാണ്. അത്തരമൊരു ഏകീകൃത നിഗമനം കോൺഗ്രസ് ലക്ഷ്യമിട്ടുമിരുന്നില്ല. എന്നാൽ ചില പൊതു കാഴ്ചപ്പാടുകൾ ഉരുത്തിരിയുകയുണ്ടായി. സംവാദത്തിന്റെ അവസാനമായിട്ടല്ല, മറിച്ച് തുടക്കമായിട്ടാണ് സമാപന സമ്മേളനത്തെ കാണേണ്ടതെന്ന് പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി ഉപസംഹാര പ്രസംഗത്തിൽ പറഞ്ഞതിന് സാർവത്രികമായ അംഗീകാരം ഉണ്ടായിരുന്നു.

*(എക്കണോമിക് & പൊളിറ്റിക്കൽ വീക്കിലി, 1994)*

# 11

# തകർക്കപ്പെട്ട കേരളത്തെ വീണ്ടെടുത്ത രണ്ടാം പഠനകോൺഗ്രസ്

1957ൽ അധികാരത്തിൽ വന്ന ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിന്റെ വികസനത്തിന് അടിസ്ഥാനമിട്ടു. ഭൂപരിഷ്കരണം ,വിദ്യാഭ്യാസ-ം, തൊഴിൽ തുടങ്ങിയ മേഖലകളിലെ പരിഷ്കാരങ്ങൾ,അധികാര വികേന്ദ്രീകരണം, പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തൽ, കുടിയൊഴിപ്പിക്കൽ നിരോധന നിയമം തുടങ്ങിയവ ആ വികസന നടപടികളിൽ പ്രധാനപ്പെട്ടവയാണ്. 1967 ലെ സർക്കാർ കൊണ്ടുവന്ന കാർഷിക പരിഷ്കരണ ബിൽ കേരളത്തിന്റെ വികസന ചരിത്രത്തിലെ പ്രധാന ചുവടുവയ്പ്പ് ആയിരുന്നു. തുടർന്നുവന്ന ഇടതുപക്ഷ സർക്കാരുകൾ, -1980 ലെ സർക്കാർ, കർഷക-തൊഴിലാളി പെൻഷനും 1987 ലെ നായനാർ സർക്കാർ സമ്പൂർണ സാക്ഷരത, ജില്ലാ കൗൺസിലുകൾ, പൊതുവിതരണ സംവിധാനത്തിന് ഊന്നൽ, ഗ്രൂപ്പ് ഫാമിംഗ് തുടങ്ങി നിരവധി ജനപക്ഷ വികസന ഇടപെടലുകളും നടത്തി കേരളത്തിന്റെ വളർച്ചയിലും ജീവിത ഗുണനിലവാരം ഉയർത്തുന്നതിലും നിർണായക പങ്കു വഹിച്ചു. നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളും മറ്റ് സാമൂഹ്യ – സാംസ്കാരിക സംഘടനകളും നടത്തിയ സാമൂഹിക ഇടപെടലുകളും പ്രക്ഷോഭങ്ങളും ഇടതുപക്ഷ സർക്കാരുകളുടെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളുമാണ് കേരള വികസനത്തിന്റെ സ്വാധീനഘടകങ്ങൾ. എന്നാൽ യൂണിയൻ സർക്കാർ പിന്തുടർന്നുവന്ന ആഗോളവൽക്കണ – ഉദാരവൽക്കരണ നയങ്ങൾ ഇന്ത്യയിലെ കാർഷിക, വ്യാവസായിക മേഖലകളേയും സേവന മേഖലകളേയും തകർക്കുന്നതും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുരിതത്തിലേക്ക് നയിക്കുന്നതും സാമ്പത്തിക അന്തരം ഉയർത്തുന്നതുമായിരുന്നു.

ഈ വേളയിലാണ് എ.കെ.ജി. പഠനഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഒന്നാം കേരള പഠന കോൺഗ്രസ് നടത്തിയത്. ആഗോളവൽക്കരണ – ഉദാരവൽക്കരണ നയങ്ങൾക്കെതിരെ ശക്തമായ രാഷ്ട്രീയ സമരങ്ങളും ജനകീയ പ്രക്ഷോഭങ്ങളും നടത്തുന്നതിനൊപ്പം നിലവിലുള്ള സംവിധാനങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി ജനജീവിതം ദുസ്സഹമാകാതിരിക്കാനുള്ള പുതിയ വികസന സാധ്യതകൾ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യ പ്രവർത്തനരംഗത്ത് നിൽക്കുന്നവരും കൂട്ടായി കണ്ടെത്തണമെന്ന സമീപനത്തിൽ നിന്നാണ് ഒന്നാം പഠന കോൺഗ്രസ് നടന്നത്. കേരളത്തിന്റെ വികസന ചരിത്രത്തിന്റെ സാമൂഹ്യ -രാഷ്ട്രീയ തലങ്ങൾ വിശകലനം ചെയ്തു കൊണ്ട് ജനകീയ പഠനാന്വേഷണത്തിന്റെ പ്രാധാന്യവും പഠന കോൺഗ്രസ്സിന്റെ പ്രസക്തിയും ഇ.എം.എസ് വിശദമായി തന്നെ എഴുതിയിട്ടുണ്ട്. കഴിഞ്ഞകാലത്തെ മികച്ച സാമൂഹ്യ നേട്ടങ്ങളെ സംരക്ഷിച്ചുകൊണ്ട്, ഉൽപ്പാദന മേഖലയിൽ ഊന്നിയുള്ള പുതിയൊരു വികസന പാത രൂപപ്പെടുത്തുക എന്നതായിരുന്നു 1994 ലെ ഒന്നാം പഠന കോൺഗ്രസ് മുന്നോട്ടു വച്ച പ്രധാന ആശയം. ഈ പഠന കോൺഗ്രസ് രേഖകളിൽ പ്രശ്നങ്ങൾ അക്കമിട്ട് നിരത്തുകയുണ്ടായി:

- കാർഷിക, വ്യാവസായിക മേഖലയിലെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്നു.
- വിദ്യാഭ്യാസ മേഖല സാർവ്വത്രികമായിയെങ്കിലും അതിന്റെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടില്ല.
- ആരോഗ്യമേഖലയുടെ ഗുണനിലവാരം ഇനിയും ഉയരേണ്ടതുണ്ട്.
- ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ തുടരുന്നു.
- സ്ത്രീകളുടെ സാമൂഹ്യ പദവിയിൽ വേണ്ടത്ര മുന്നേറ്റമുണ്ടായിട്ടില്ല.
- കേന്ദ്രത്തിൽനിന്ന് അർഹതപ്പെട്ട വിഹിതങ്ങൾ ലഭിക്കുന്നില്ല.

ഈ വികസന പ്രശ്നങ്ങൾക്ക് രാഷ്ട്രീയ പരിഹാരം കണ്ടെത്തുന്നതിനുള്ള ചർച്ചയും സംവാദവുമാണ് ഒന്നാം പഠന കോൺഗ്രസ്സിന്റെ കേന്ദ്രബിന്ദു ആയിരുന്നത്. ആഗോളവൽക്കരണ നയങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ ചെറുത്തുതോൽപ്പിക്കാൻ ജനകീയ സമരങ്ങൾ ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം, നിലവിലുള്ള അവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കുക എന്നത് ഒരു പ്രധാന

സമീപനമായി പഠന കോൺഗ്രസ്സിൽ ഉയർന്നുവന്നിരുന്നു. . നിലനിൽക്കുന്ന വ്യവസ്ഥയുടെ മാറ്റത്തിലൂടെ മാത്രമേ കേരളത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ എന്ന കാഴ്ചപ്പാടിനോടൊപ്പം, വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠന കോൺഗ്രസ്സിൽ നടന്നത്. ഒന്നാം പഠന കോൺഗ്രസ്സിൽ നിന്നും രൂപപ്പെട്ട ആശയങ്ങളെക്കൂടി അടിസ്ഥാനമാക്കിയാണ് 1996ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ വികസന നയങ്ങൾക്കും പരിപാടികൾക്കും രൂപം നൽകി നടപ്പാക്കിയത്.

തദ്ദേശസ്ഥാപന തലത്തിൽ വികസന മുന്നേറ്റത്തിന് വഴിതെളിച്ച ജനകീയാസൂത്രണം, സ്ത്രീകളുടെ സാമ്പത്തിക- സാമൂഹ്യപദവി ഉയർത്തുന്നതിനുള്ള കുടുംബശ്രീ, വിദ്യാഭ്യാസ – ആരോഗ്യ സംവിധാനങ്ങളുടെ സേവന ഗുണനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ, ക്ഷേമ പെൻഷനുകൾ ഉയർത്തിയത്, ഐ.ടി. ടൂറിസം രംഗങ്ങളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ തുടങ്ങി കേരള വികസനത്തിൽ നിർണായക സ്വാധീനം ചെലുത്തിയ വികസന പദ്ധതികളാണ് 1996 ലെ ഇടതുപക്ഷ സർക്കാർ നടപ്പാക്കിയത്. ആഗോളവൽക്കരണ നയങ്ങളുടെ പ്രത്യാഘാതങ്ങൾ സാധാരണ ജനങ്ങളുടെ ജീവിത സാഹചര്യം ദുസ്സഹമാക്കാതിരിക്കാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാരുകളുടെ ഈ ജനപക്ഷ വികസന സമീപനങ്ങൾ സഹായകമായിട്ടുണ്ട്. എന്നാൽ 2001 ൽ അധികാരത്തിൽ വന്ന വലതുപക്ഷ സർക്കാർ ആഗോളവൽക്കരണ നയങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് എല്ലാ രംഗത്തും ജനദ്രോഹനയങ്ങൾ നടപ്പിലാക്കിയതിലൂടെ കേരളത്തെ തകർച്ചയിലേക്ക് എത്തിക്കുകയായിരുന്നു. കേരളത്തിലെ സാധാരണക്കാരുടേയും പാർശ്വവൽക്കരിപ്പെട്ടവരുടേയും ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നതായിരുന്നു 2001 ലെ യുഡിഎഫ് സർക്കാരിന്റെ ഭരണനടപടികൾ.

## 2001-2006 ലെ യുഡിഎഫ് ഭരണനടപടികളും സാമൂഹിക രാഷ്ട്രീയ പ്രത്യാഘാതങ്ങളും

2001 മുതൽ 2006 വരെ ആദ്യം എ.കെ. ആന്റണിയുടെയും (2001—-2004) പിന്നീട് ഉമ്മൻ ചാണ്ടിയുടെയും (2004-–2006) നേതൃത്വത്തിൽ കേരളം ഭരിച്ച യുഡിഎഫ്. സർക്കാർ, സംസ്ഥാനത്തിന്റെ വികസന മാതൃകയിൽ പ്രതികൂലമായ സമീപനങ്ങൾക്ക് തുടക്കമിട്ടു. കേരള മോഡൽ വികസനത്തിന്റെ ‘പൊളിച്ചെഴുത്തിന്’ -നിയോലിബറൽ പരിഷ്-ക്കാരങ്ങൾക്ക് അടിയറ വയ്ക്കൽ Modernising Government Programme – (MGP) എന്ന നയരേഖയുടെ അടിസ്ഥാനത്തിലാണ് യുഡിഎഫ് നടപടികൾ നടപ്പിലാക്കിയത്. വികസന മുന്നേറ്റങ്ങൾക്കൊപ്പം കടുത്ത സാമ്പത്തിക പ്രതിസന്ധിയും ജനകീയ പ്രക്ഷോഭങ്ങളും ഈ ഭരണകാലത്തെ പ്രത്യേകം അടയാളപ്പെടുത്തി. കടുത്ത സാമ്പത്തിക നിയന്ത്രണങ്ങൾ, സ്വാശ്രയ വിദ്യാഭ്യാസ നയം, മുത്തങ്ങ വെടിവെപ്പ് തുടങ്ങി കേരളം പ്രതിഷേധ സമരങ്ങളുടെ കാലഘട്ടമായി മാറി.

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ നയപരമായ മാറ്റം ഉന്നതവിദ്യാഭ്യാസ മേഖലയിലായിരുന്നു. അതുവരെ സർക്കാർ നിയന്ത്രണത്തിലായിരുന്ന പ്രൊഫഷണൽ വിദ്യാഭ്യാസം സ്വകാര്യ സ്വാശ്രയ കോളേജുകൾക്കായി യുഡിഎഫ് സർക്കാർ തുറന്നുകൊടുത്തു. മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ വ്യാപകമായി അനുവദിച്ചു. ഇത് സ്വാശ്രയമേഖലയിൽ വിദ്യാഭ്യാസ കച്ചവടവൽക്കരണത്തിന് വഴിവെച്ചു. സാധാരണക്കാർക്ക് താങ്ങാനാവാത്ത ഫീസ് ഘടന വന്നതോടെ വിദ്യാഭ്യാസം പണമുള്ളവന് മാത്രമായി. ഫീസ് അടയ്ക്കാൻ പണമില്ലാത്തതിനെ തുടർന്ന് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിൽ ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവം കേരളത്തെ നടുക്കുകയും സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ദുരന്തമുഖം തുറന്നുകാട്ടുകയും ചെയ്തു. ഗുണനിലവാരം ഉറപ്പുവരുത്താതെ പല കോളേജുകൾക്കും അനുമതി നൽകിയത് വിദ്യാഭ്യാസത്തിന്റെ നിലവാരത്തെയും ബാധിച്ചു. ഇതിന്റെ തുടർ ദുരന്തം ഇന്നും ഉന്നത വിദ്യാഭ്യാസ മേഖല അനുഭവിക്കുന്നുണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകാനുള്ള സർക്കാർ കരാർ നടപ്പിലാക്കാതിരുന്നതിനെ തുടർന്ന് ആദിവാസി ജനവിഭാഗം ശക്തമായ സമരത്തിലേക്ക് നീങ്ങി. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ റദ്ദാക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ, ക്ഷാമബത്ത നിയമനങ്ങൾ എന്നിവ മരവിപ്പിക്കുകയും ചെയ്തു. തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള ഉത്തരവും ഇതോടൊപ്പം പുറത്തിറങ്ങി.

സംസ്ഥാനത്തെ “നിക്ഷേപ സൗഹൃദ സംസ്ഥാനം’ ആക്കി മാറ്റുന്നതിന് നടത്തിയ ഗ്ലോബൽ ഇൻവെസ്-റ്റേഴ്സ് മീറ്റ് (GIM –2003) വെറും വാഗ്ദാനങ്ങൾ മാത്രമായി. കൂടാതെ, വൈദ്യുതി ബോർഡിനെ കമ്പനിയാക്കാനുള്ള നീക്കങ്ങളും കടുത്ത വൈദ്യുതി ക്ഷാമവും താരിഫ് വർദ്ധനവും ഈ കാലയളവിന്റെ സൃഷ്ടിയാണ്.

ആഗോള വിപണിയിലെ വിലയിടിവും കൊടും വരൾച്ചയും നമ്മുടെ കാർഷിക മേഖലയെ തകർത്തു. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ കർഷകർ കടക്കെണിയിലായി; ഇത് കർഷക ആത്മഹത്യക്ക് കാരണമായി. പൊതുജനാരോഗ്യ മേഖലയിലെ ഏറ്റവും വിവാദപരമായ പരിഷ്കാരങ്ങളിലൊന്നായിരുന്നു സർക്കാർ ആശുപത്രികളിൽ ‘യൂസർ ഫീ’ ഏർപ്പെടുത്തിയത്. അതുവരെ സൗജന്യമായിരുന്ന ഒ.പി. ടിക്കറ്റുകൾക്കും മറ്റു പരിശോധനകൾക്കും യുഡിഎഫ് സർക്കാർ പണം ഈടാക്കാൻ തുടങ്ങിയത് പാവപ്പെട്ട രോഗികൾക്ക് ചികിത്സ അപ്രാപ്യമാക്കുന്നതിനും പൊതുജനാരോഗ്യം കച്ചവടവൽക്കരിക്കുന്നതിനും വഴി തുറന്നു . പൊതുവിദ്യാഭ്യാസ രംഗത്ത്, ‘ആദായകരമല്ലാത്ത സ്കൂളുകൾ’ എന്ന പേരിൽ 2720 സ്കൂളുകൾ പട്ടികപ്പെടുത്തി അടച്ചുപൂട്ടാൻ നീക്കം നടത്തിയതും ഈ കാലഘട്ടത്തിലാണ് . ഇതിൽ 20 ശതമാനം എസ്-സി/എസ്ടി ഗ്രാമീണ ദരിദ്രജനവിഭാഗങ്ങളുടെ മക്കൾ പഠിക്കുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങ

ളായിരുന്നു. മുൻ എൽഡിഎഫ് സർക്കാർ തുടങ്ങിയ ജനകീയാസൂത്രണ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തി 'കേരള വികസന പദ്ധതി' എന്ന പേര് നൽകിയെങ്കിലും, സാമ്പത്തിക പ്രതിസന്ധി കാരണം തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് കൈമാറ്റം കൃത്യമായി നടന്നില്ല. ഇത് ജനകീയാസൂത്രണത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെ അട്ടിമറിക്കുകയും ഉദ്യോഗസ്ഥ മേധാവിത്വം തിരികെ കൊണ്ടുവരികയും ചെയ്തു. കേന്ദ്ര നയങ്ങളുടെ ഭാഗമായി റേഷൻ സമ്പ്രദായത്തിൽ– APL, BPL വേർതിരിവ് കർശനമാക്കിയത് സാർവത്രികമായിരുന്ന റേഷൻ സമ്പ്രദായം ഇല്ലാതാകുന്നതിനും, അർഹരായ പലരും ലിസ്റ്റിൽ നിന്ന് പുറത്താകുന്നതിനും കാരണമായി. ക്ഷേമ പെൻഷനുകൾ (വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ മുതലായവ) വിതരണം ചെയ്യുന്നതിൽ വലിയ കുടിശ്ശിക വരുത്തിയത് സാധാരണക്കാരായ ജനങ്ങളെ നേരിട്ട് ബാധിച്ചു. ഭവനരഹിതർക്ക്- സൗജന്യ വീട് നൽകുന്നതിനുപകരം ബാങ്ക് വായ്പാ ബന്ധിത പദ്ധതി ആക്കി മാറ്റിയതിലൂടെ പാവപ്പെട്ടവരെ പാർപ്പിടത്തിന്റെ പേരിൽ കടക്കെണിയിലേക്ക് നയിച്ചു.

2001-2006 കാലത്തെ യുഡിഎഫ് സർക്കാരിന്റെ ഈ ജനവിരുദ്ധ നടപടികൾ കേരളത്തിന്റെ പരമ്പരാഗത സാമൂഹിക സുരക്ഷാ ശൃംഖലയെ (Social Safety Net) തകർത്തു. കർഷക ആത്മഹത്യകൾ, സ്വാശ്രയ കോളേജ് ഫീസ് വർദ്ധന, മുത്തങ്ങ വെടിവെപ്പ്, ജീവനക്കാരുടെ സമരത്തെ നേരിട്ട രീതി, പെൻഷൻ കുടിശ്ശിക, ആശുപത്രിയിലെ യൂസർ ഫീ എന്നിവയെല്ലാം ചേർന്ന് സാധാരണക്കാരന്റെ കേരളത്തിലെ സാമൂഹ്യ- വികസനാന്തരീക്ഷം പ്രതിസന്ധികളും ദുരിതവും നിറഞ്ഞതാക്കി ആ സർക്കാർ മാറ്റി. സാമ്പത്തിക -സാമൂഹ്യരംഗത്തെ തകർച്ചയെ – കാർഷിക മേഖലയിലെ വരുമാനം കുറയുന്നതിനും (1999–-2000നും 2003-–04നും ഇടയിൽ 15%), തൊഴിലില്ലായ്മ വൻതോതിൽ വർദ്ധിക്കാനും, ജില്ലകൾക്കിടയിലെ വരുമാന അസമത്വം ഉയരുന്നതിനും ഇടയാക്കി. സ്വാശ്രയ വിദ്യാഭ്യാസ നയം, മെറിറ്റിനെയും സാമൂഹ്യനീതിയെയും അവസര സമത്വത്തെയും തകർക്കുന്നതിനും, പൊതുവിദ്യാഭ്യാസ-ആരോഗ്യ സമ്പ്രദായങ്ങളെ തകർക്കുന്നതിനും, ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണത്തിന്റെ വിപുലീകരണത്തെ പരിമിതപ്പെടുത്തുന്നതിനും കാരണമായി. ഈ സാമൂഹ്യ അന്തരീക്ഷത്തിലാണ് പുതിയ കേരളത്തെ സ്വപ്നം കാണുന്നതിനുള്ള രണ്ടാം കേരള പഠന കോൺഗ്രസ് നടന്നത്.

സാമ്പത്തികമായും സാമൂഹികമായും തകർന്ന കേരളത്തെ വീണ്ടെടുക്കുക എന്നതായിരുന്നു രണ്ടാം പഠന കോൺഗ്രസിലെ മുഖ്യ ചർച്ചാവിഷയം. 1957ലെ സർക്കാർ മുതൽ 1996 വരെയുള്ള ഇടതുപക്ഷ സർക്കാരുകൾ സാമൂഹിക നീതിയും സുസ്ഥിരതയും ഉറപ്പാക്കി നടപ്പാക്കി വന്ന വികസന പരിപാടികളുടെ തുടർച്ച സാധ്യമാക്കുന്നതിന് സാമൂഹിക നീതിയും ലിംഗ നീതിയും സുസ്ഥിരതയും ഉറപ്പാക്കുന്ന വികസന തന്ത്രം രൂപപ്പെടുത്തുന്നതിനുള്ള സെമിനാറുകളും ചർച്ചകളും സമ്മേളനങ്ങളുമാണ് രണ്ടാം പഠന കോൺഗ്രസിൽ നടന്നത്. ഇതിലേക്ക് 3 പ്രബന്ധ സമാഹാര പുസ്തകങ്ങളിലായി 200ലേറെ പ്രബന്ധങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കി. നിലവിലെ വികസന നയങ്ങളെ വിമർശനാത്മകമായി വിലയിരുത്തുകയും സാമ്പത്തികം, ഭരണപരിഷ്കാരം, കാർഷികം, വ്യവസായം, പശ്ചാത്തല സൗകര്യം, പരിസ്ഥിതി, വിദ്യാഭ്യാസം, ആരോഗ്യം, അധികാര വികേന്ദ്രീകരണം, സ്ത്രീശാക്തീകരണം, സംസ്കാരം എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ തേടുകയുമായിരുന്നു ചർച്ചകളുടെയും സംവാദങ്ങളുടെയും പ്രധാന ലക്ഷ്യം. ഇന്ത്യൻ യൂണിയനുള്ളിൽ ഒരു സംസ്ഥാനത്തിന് മാത്രമായി ഒരു ബദൽ മാർഗം നടപ്പാക്കുന്നതിന് പരിമിതികളുണ്ടെന്ന് ചർച്ചകളിൽ വിലയിരുത്തി . കേന്ദ്ര സർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങൾ സാധ്യതകളെ കൂടുതൽ പരിമിതപ്പെടുത്തുന്നു വെങ്കിലും, ദേശീയ നയങ്ങൾ തിരുത്തുന്നതുവരെ കാത്തുനിൽക്കാതെ നിലവിലുള്ള സാധ്യതകൾ ബോധപൂർവ്വം പ്രയോജനപ്പെടുത്തി സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം കണ്ടെത്തണമെന്ന നിർദേശങ്ങളാണ് വിവിധ സമ്മേളനങ്ങളിൽനിന്നും ഉയർന്നുവന്നത്.

കേന്ദ്ര മൂലധന നിക്ഷേപം ഗണ്യമായി ഉയർത്തുക, പൊതുമേഖലയുടെ നവീകരണവും പുനഃസംഘാടനവും, ഉത്പാദനക്ഷമത ഉയർത്തൽ, വ്യവസായ പ്രോത്സാഹന സംവിധാനത്തിന്റെ ഉടച്ചുവാർക്കൽ, മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കൽ, താരതമ്യേന നേട്ടമുള്ള ചെറുകിട വ്യവസായ മേഖലകളിൽ കൂടുതൽ പ്രോത്സാഹനം, വ്യവസായ പാർക്കുകൾ പോലുള്ളവയെ പ്രോത്സാഹിപ്പിക്കൽ, പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിനും ഉത്പന്ന വൈവിധ്യവൽക്കരണത്തിനും ഊന്നൽ നൽകുക എന്നിങ്ങനെയുള്ള നിർദേശങ്ങളും ഉയർന്നുവന്നു. പശ്ചാത്തല സൗകര്യങ്ങളുടെ പിന്നാക്കാവസ്ഥ വ്യവസായവൽക്കരണത്തിന് വലിയ പ്രതിബന്ധമാണെന്നതും വിലയിരുത്തിയിരുന്നു. ഗതാഗത ശൃംഖലയിലെ അസന്തുലിതാവസ്ഥ ഒരു പൊതുപ്രശ്നമായും റെയിൽവേ വികസനത്തിന്റെ അപര്യാപ്തത, ജലഗതാഗത മാർഗങ്ങളുടെ നവീകരണത്തിന്റെ ആവശ്യം, വ്യോമഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എന്നിവയും മുഖ്യമായി ഉയർന്നുവന്ന ശുപാർശകളായിരുന്നു. വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് വൈദ്യുതി ഉത്പാദനശേഷി ഉയർത്തുക, പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുക, വിതരണ നഷ്ടം കുറയ്ക്കുക തുടങ്ങിയവ മുഖ്യ നിർദേശങ്ങളായിരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഇല്ലാത്തതിനാൽ ഉത്പാദനക്ഷമതയിൽ ഊന്നിയുള്ള ഇടപെടലാണ് മുഖ്യ നിർദേശമായി കാർഷിക മേഖലയിൽ ഉണ്ടായത്. പ്രാദേശിക സ്ഥല-ജല മാനേജ്മെന്റിനെ അടിസ്ഥാനമാക്കി കാർഷിക വികസനത്തിന് രൂപം നൽകണമെന്നതും നിർദേശങ്ങളായിരുന്നു.

പരിസ്ഥിതിയും വികസനവും സമന്വയിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് പരിസ്ഥിതി സംബന്ധിച്ച ചർച്ചയിലെ മുഖ്യവിഷയമായി ഉയർന്നു വന്നത്. സാമ്പത്തിക വളർച്ചയെ സ്ഥായിയാക്കുന്നതിന് പരിസ്ഥിതി വികസന തന്ത്രത്തിൽ ഉദ്ഗ്രഥിതമാക്കണമെന്ന പൊതു സമീപനവും വനനശീകരണം, വയൽഭൂമി നികത്തൽ, മണൽവാരൽ, മലിനീകരണം, മാലിന്യ നിർമാർജനം തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ച് ജനകീയവും ശാസ്ത്രീയവുമായ പരിഹാരങ്ങൾ സമ്മേളനത്തിലെ ശ്രദ്ധേയ ശുപാർശകളായിരുന്നു.

ദേശീയ-പ്രാദേശിക ആവശ്യങ്ങളെ കണക്കിലെടുത്തു കൊണ്ടുള്ള മനുഷ്യവിഭവ വികസനത്തെ അടിസ്ഥാനമാക്കി വിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിക്കണമെന്നതായിരുന്നു വിദ്യാഭ്യാസത്തെ സംബന്ധിച്ച മുഖ്യാ ചർച്ചാവിഷയം . വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തൊഴിൽ ആഭിമുഖ്യം സൃഷ്ടിക്കുന്നതിന് പര്യാപ്തമല്ലെന്നും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ജനകീയ യജ്ഞം, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പൊതു ആർട്സ് & സയൻസ് കോളേജുകളെ കൂടുതൽ തൊഴിലധിഷ്ഠിതമാക്കുക, സാങ്കേതിക പരിശീലന സൗകര്യങ്ങൾ വിപുലമാക്കുക, 'സ്കൂൾ കോംപ്ലക്സ്' പോലുള്ള പരീക്ഷണങ്ങളെ അടിസ്ഥാനമാക്കി നിലവാരം ഉയർത്താനുള്ള ജനകീയ പ്രസ്ഥാനം ആരംഭിക്കുക തുടങ്ങിയ ശ്രദ്ധേയമായ നിർദേശങ്ങളും രണ്ടാം പഠന കോൺഗ്രസ്സിന്റെ സംഭാവനകളായിരുന്നു.

ആരോഗ്യ സേവനങ്ങളുടെ വ്യാപനവും ഗുണനിലവാരവും ഉയർത്തുന്നതിലൂന്നിയ പുതിയ ആരോഗ്യ നയം രൂപീകരിക്കണമെന്നതായിരുന്നു മുഖ്യ നിർദേശം. കൂടാതെ, ആരോഗ്യരംഗത്തെ പൊതുമേഖലയുടെ പങ്ക് കൃത്യമായി നിർവ്വഹിക്കുകയും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് പുനർദിശാ നിർണയം നടത്തുകയും വേണം; ജനകീയ പങ്കാളിത്തതോടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ നടത്തിപ്പിൽ മാറ്റം കൊണ്ടുവരണമെന്നതും മെഡിക്കൽ വിദ്യാഭ്യാസത്തിനും പാരാമെഡിക്കൽ പരിശീലനത്തിനും കൂടുതൽ ഊന്നൽ നൽകണമെന്നതും പ്രധാന ശുപാർശകളായിരുന്നു. ഈ കോൺഗ്രസ്സിലെ സജീവ ചർച്ചയ്ക്ക് വിധേയമായ മറ്റൊരു വിഷയം അധികാര വികേന്ദ്രീകരണമായിരുന്നു. ഭരണത്തിലും വികസന പ്രവർത്തനത്തിലും അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠന കോൺഗ്രസ്സിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ, ഗ്രാമസഭകളുടെ ശാക്തീകരണം, സ്ത്രീസംവരണം അമ്പത് ശതമാനമായി ഉയർത്തൽ, ഉദ്യോഗസ്ഥപുനർവിന്യാസം തുടങ്ങി വിപുലമായ നിർദേശങ്ങളാണ് ഉയർന്നുവന്നത്.

കുടുംബശ്രീ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിനുള്ള മൂർത്തമായ നിർദേശങ്ങളും കോൺഗ്രസിൽ നിന്നും ഉയർന്നുവന്നു. കുടുംബശ്രീ അയൽക്കൂട്ട സംവിധാനം നവലിബറൽ സൂക്ഷ്മ ചട്ടക്കൂടിൽ നിന്നും വ്യത്യസ്തമായി രൂപകല്പന ചെയ്തിരിക്കുന്നത് എങ്ങനെയെന്നും അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ തദേശസ്വയംഭരണ സ്ഥാപനങ്ങളേയും കുടംബശ്രീ ത്രിതല സംഘടനാ സംവിധാനത്തേയും സമന്വയിപ്പിച്ച് പ്രാദേശികവികസനവും ഗ്രാമസഭാ ശാക്തീകരണവും സാധ്യമാക്കുക തുടങ്ങിയ വ്യക്തമായ നിർദേശങ്ങളാണ് കോൺഗ്രസ്സിൽനിന്നും ലഭിച്ചത്. മാത്രമല്ല, അയൽകൂട്ട സംവിധാനത്തിന്റെ സ്വതന്ത്ര പ്രവർത്തന പദവി ഉറപ്പാക്കുന്നതിനും തദേശസ്വയംഭരണസ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമാർജന– സ്ത്രീശാക്തീകരണ സംഘടനാ സംവിധാനമായി രൂപാന്തരപ്പെടുത്തുന്നതിനുമുള്ള നിർദേശങ്ങളും രണ്ടാം പഠന കോൺഗ്രസ്സിൽ നിന്നും ലഭിച്ച നിർദേശങ്ങളായിരുന്നു.

ഏതാനും മേഖലകളിലെ ചർച്ചകളുടേയും നിർദേശങ്ങളുടേയും ചില സൂചനകൾ മാത്രമാണ് ഇവിടെ നൽകിയിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിൽ നടന്ന രണ്ടാം പഠന കോൺഗ്രസ്സിൽ നിന്നും രൂപപ്പെട്ട മറ്റൊരു പ്രധാന സന്ദേശം, 'കഴിഞ്ഞകാല നേട്ടങ്ങൾ സംരക്ഷിക്കുകയും ഭാവിയിലേക്കുള്ള സ്വന്തം പാത രൂപപ്പെടുത്തുകയും ചെയ്യുക' എന്നതായിരിക്കണം കേരള വികസനത്തിന്റെ മുദ്രാവാക്യം എന്നതായിരുന്നു. കേരളത്തിന്റെ സാമ്പത്തിക വളർച്ച ചരിത്രപരമായി പല ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. സേവനമേഖല നൽകിയ ഉണർവ്വ് ശ്രദ്ധേയമാണെങ്കിലും, സുസ്ഥിരവും സമഗ്രവുമായ സാമ്പത്തിക വളർച്ചയ്ക്ക് കാർഷിക-വ്യാവസായിക ഉൽപ്പാദനമേഖലകളിൽ ഊന്നൽ നൽകേണ്ടത് അത്യാവശ്യമാണെന്നും തൊഴിലില്ലായ്മ, വിദേശ വരുമാനത്തെ ആശ്രയിക്കൽ, ഘടനാപരമായ അസന്തുലിതാവസ്ഥ തുടങ്ങിയ വെല്ലുവിളികളെ മറികടക്കാൻ ഉൽപ്പാദനപരമായ വളർച്ചയിൽ അധിഷ്ഠിതമായ ഒരു സമഗ്ര സാമ്പത്തിക നയം കേരളത്തിന് അനിവാര്യമാണെന്നും രണ്ടാം പഠന കോൺഗ്രസ്സ് നിർദേശിച്ചു. ഇതിന്റെ ഭാഗമായി പഠന കോൺഗ്രസ്സിൽ നിന്നും രൂപപ്പെട്ട പ്രധാന വികസന സമീപനം തുടർന്ന് കേരളത്തിൽ സജീവമായ പൊതു ചർച്ചക്ക് വിധേയമായി. ഇത് കേരളത്തിൽ പുതിയ വികസന പരിപ്രേക്ഷ്യ ചർച്ചയ്ക്ക് വഴിതെളിച്ചതായും കാണാം.

### രണ്ടാം പഠന കോൺഗ്രസ്സും 2006– 2011 ലെ LDF സർക്കാരും

രണ്ടാം പഠന കോൺഗ്രസ് നിർദേശങ്ങളിൽനിന്നും രൂപപ്പെട്ട നിരവധി ആശയങ്ങളും സമീപനങ്ങളും കർമ്മപഥത്തിൽ എത്തിക്കാൻ 2006–2011 കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനു കഴിഞ്ഞു. ഈ കാലഘട്ടം വികസനത്തെ വെറും ഭരണപരമായ മാനേജ്മെന്റ് പ്രക്രിയയിൽ നിന്നും തികച്ചും വ്യത്യസ്തമായി ജനകേന്ദ്രീകൃത സമീപനമാക്കി മാറ്റി. വികസനം എന്നത് സാങ്കേതിക വിദഗ്ധർ തീരുമാനിക്കുന്ന ഒരു നിഷ്പക്ഷ പ്രക്രിയയല്ല, മറിച്ച് അധികാരബന്ധങ്ങൾ, വർഗഘടന, അവകാശങ്ങൾ, സാമൂഹിക നീതി എന്നിവയുമായി ബന്ധപ്പെട്ട ഒരു

ജനാധിപത്യ ഇടപെടലാണ് എന്നത് പ്രവർത്തനത്തിലൂടെ തെളിയിക്കാൻ കഴിഞ്ഞു. വികസന ഭരണത്തെ ടെക്നോക്രാറ്റിക് ഭാഷയിൽ നിന്നും വ്യത്യസ്തമായി സാമൂഹിക ഉത്തരവാദിത്വവും അവകാശാധിഷ്ഠിതത്വവും മുന്നോട്ടുവച്ചു എന്നതും ശ്രദ്ധേയമാണ്.

ക്ഷേമ പെൻഷനകളുടെ കുടിശ്ശിക തീർത്ത് പെൻഷൻ തുക ഉയർത്തുക, ജീവനക്കാരുടെ ആനുകൂല്യങ്ങളും ശമ്പള കുടിശിഖകളും തീർക്കുക തുടങ്ങി ക്ഷേമാനുകൂല്യങ്ങളിൽനിന്നും വ്യത്യസ്തമായി അവകാശാധിഷ്ഠിത സമീപനം സ്വീകരിച്ചു. യുഡിഎഫ് ഭരണകാലത്ത് തദ്ദേശസ്ഥാപനങ്ങൾ പലപ്പോഴും പദ്ധതികളുടെ നടപ്പാക്കൽ ഏജൻസികളായി മാത്രം ചുരുങ്ങിയിരുന്നുവെങ്കിൽ എൽഡിഎഫ് സർക്കാർ രണ്ടാംഘട്ട അധികാരവികേന്ദ്രീകരണത്തിന്റെ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്. തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ പ്ലാൻ ഫണ്ട് അനുവദിക്കുകയും പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും, പ്രാദേശിക വികസനത്തിന്റെ യഥാർത്ഥ ആസൂത്രകരായും തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളായും അവയെ ശക്തിപ്പെടുത്തുകയും ചെയ്തു. ജനപ്രതിനിധികൾക്കും ജനകീയാസൂത്രണ പ്രവർത്തകർക്കും വിപുലമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനമായി കിലയെ വിപുലപ്പെടുത്തി. ദാരിദ്ര്യത്തെ വെറും വരുമാനക്കുറവായി മാത്രം കണ്ടില്ല. അതിനെ നൈപുണ്യത്തിന്റെ യും സാമൂഹ്യ ശേഷികളുടെയും പരിമിതികളായി കണ്ട് ഇടപെടാൻ കഴിയുന്ന രീതിയിൽ കുടുബശ്രീയെ നവീകരിക്കാൻ ശ്രമിച്ചു. നഗര ദാരിദ്ര്യവും അസംഘടിത തൊഴിൽ മേഖലയും നയപരമായ അജൻഡയിലേക്കു കൊണ്ടുവന്നു. ഉപജീവന മാർഗങ്ങൾ, നെപൈുണി വികസനം, കൂട്ടായ സംരംഭങ്ങൾ എന്നിവയ്-ക്ക് ഊന്നൽ നൽകി. കുടുബശ്രീ സംവിധാനത്തെ കൂടുതൽ ജനാധിപത്യവൽക്കരിച്ചും ദാരിദ്ര്യം കേവലം സഹായിക്കേണ്ട അവസ്ഥയല്ല, മറിച്ച് മാറ്റേണ്ട സാമൂഹിക ഘടനയാണെന്ന തിരിച്ചറിവ് കുടുബശ്രീ സംവിധാനത്തിന്റെ പ്രവർത്തന രീതിയാക്കി മാറ്റാൻ കഴിഞ്ഞു. സാമൂഹിക നീതി, “ബെനിഫിഷ്യറി തിരഞ്ഞെടുപ്പ്” എന്ന ഭരണപരമായ പ്രക്രിയയിൽനിന്ന് മാറി അവകാശാധിഷ്ഠിതമായ (rights- based) സമീപനത്തിലേക്ക് നീങ്ങി.

SC/ST പ്ലാൻ ഫണ്ടുകളുടെ വിനിയോഗത്തിൽ കൂടുതൽ കാർക്കശ്യവും ഉത്തരവാദിത്വവും ഉറപ്പാക്കി. ക്ഷേമം ദാനം അല്ല, സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഭാഷയും നിലപാടും ശക്തമായി ഉയർത്തിപ്പിടിച്ചു. അതോടെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ സഹായം തേടുന്നവരല്ല, മറിച്ച് രാഷ്ട്രീയ വിഷയങ്ങളായി മാറി. പൊതുവിദ്യാഭ്യാസ മേഖലയിലെ തളർച്ച ഗൗരവമായൊരു നയപ്രശ്നമാണെന്ന് തുറന്നുകാട്ടി. വിദ്യാഭ്യാസം വിപണിയ്-ക്കു വിട്ടുകൊടുക്കുന്ന സമീപനത്തെ ചോദ്യംചെയ്തു. സമത്വം, സാർവത്രിക പ്രവേശനം, സംസ്ഥാന ഉത്തരവാദിത്വം എന്നിവയാണ് വിദ്യാഭ്യാസ നയമെന്നതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംവിധാനം വിപുലപ്പെടുത്താനും ഗുണമേന്മ ഉയർത്താനുമുള്ള പരിപാടികൾക്ക് തുടക്കംകുറിച്ചു. ആരോഗ്യത്തെ ആശുപത്രി കെട്ടിടങ്ങളിലേക്കും ഉപകരണങ്ങളിലേക്കും മാത്രം ചുരുക്കിയ സമീപനത്തിൽനിന്ന് മാറി, പൊതുജനാരോഗ്യ സംവിധാനമായി തിരിച്ചറിഞ്ഞു. പ്രൈമറി ഹെൽത്ത് കെയറിന്റെയും പ്രതിരോധ ആരോഗ്യത്തിന്റെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു. ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരണ പ്രവണതകളെ തുറന്നു വിമർശിക്കുകയും, ആരോഗ്യ സേവനം ഒരു പൊതു അവകാശമാണെന്ന നിലപാട് വ്യക്തമാക്കുകയും ചെയ്തു. ഇതിലൂടെ ആരോഗ്യ മേഖലയെ വീണ്ടും സംസ്ഥാന ഉത്തരവാദിത്വത്തിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവന്നു.

ചുരുക്കത്തിൽ രണ്ടാം പഠന കോൺഗ്രസ്സിലെ മിക്ക ശുപാർശകളും തുടർന്നുവന്ന എൽഡിഎഫ് സർക്കാരിന്റെ നയത്തിന്റെയും പ്രവർത്തന പരിപാടികളുടേയും ഭാഗമായി മാറിയെന്ന് കാണാം. ഈ കുറിപ്പ് തയ്യാറാക്കുന്നതിന് ഒന്നും രണ്ടും പഠന കോൺഗ്രസ്സുകളുടെ പ്രബന്ധങ്ങൾ ചുരുങ്ങിയ സമയംക്കൊണ്ട് ഒന്നുകൂടി വായിച്ചു. ശരിക്കും ആവേശവും സന്തോഷവും നൽകുന്നതായിരുന്നു അത്. പഠന കോൺഗ്രസ് ചർച്ചകളും ശുപാർശകളും തുടർന്നുള്ള ഇടതുപക്ഷ സർക്കാർ നടപടികളും വേഗത്തിൽ താരതമ്യം ചെയ്യുമ്പോഴാണ് പഠന കോൺഗ്രസ്സിന്റെ സ്വാധീനവും ശക്തിയും നമുക്ക് ആവേശം നൽകുന്നത്. കേരളത്തിന്റെ കഴിഞ്ഞ 30 വർഷത്തെ വികസന ചരിത്രത്തെക്കുറിച്ച് എഴുതാൻ സഹായിക്കുന്ന നല്ലൊരു രേഖയായി പഠന കോൺഗ്രസ് പ്രബന്ധ സമാഹാരങ്ങൾ നമുക്ക് ഒപ്പമുണ്ട്.

## 12

# സമഗ്ര വളർച്ച ലക്ഷ്യമിട്ട മൂന്നാം പഠനകോൺഗ്രസ്

നീതിപൂർവവും സ്ഥായിയുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൂടുതൽ നീതിപൂർവമായ വിതരണം ഉറപ്പുവരുത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇതാണു കേരളവികസന അനുഭവത്തിന്റെ തനിമ. അതേസമയം 1980കളുടെ ഉത്തരാർദ്ധം വരെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ച വളരെ മന്ദഗതിയിലായിരുന്നു. അഖിലേന്ത്യാതലത്തിലുള്ള ശരാശരി വളർച്ചയെക്കാൾ വളരെ താഴെയായിരുന്നു നാം. സാമ്പത്തികവളർച്ചയും സാമ്പത്തിക നീതിയും ഒരുമിച്ചുകൊണ്ടുപോകാനാവില്ല എന്നുള്ള നിഗമനത്തിൽ പലരും എത്തിച്ചേർന്നിരുന്നു. ഈ ആശങ്കകളുടെ പശ്ചാത്തലത്തിലാണ് 1994ൽ ഒന്നാം കേരള പഠന കോൺഗ്രസ് വിളിച്ചുചേർത്തത്. 1987 മുതൽ സാമ്പത്തിക വളർച്ചയുടെ വേഗത വർദ്ധിച്ചുവെങ്കിലും കേരളത്തിന്റെ വികസനം ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ അന്നു കഴിയുമായിരുന്നില്ല. കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി ഒരു വികസന അജൻഡ രൂപീകരിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു ഒന്നാംപഠന പഠനകോൺഗ്രസ്.

2005ലെ രണ്ടാം കേരള പഠനകോൺഗ്രസിന്റെ കാലമായപ്പോഴേക്കും കേരളത്തിന്റെ സാമ്പത്തിക വളർച്ച പുതിയൊരു വിതാനത്തിലേക്ക് ഉയർന്നു എന്നു വ്യക്തമായിരുന്നു. അഖിലേന്ത്യാ ശരാശരി യെക്കാൾ വേഗതയിൽ നമ്മുടെ സമ്പദ്ഘടന വളർന്നു. ആഗോളവത്കരണ പരിഷ്കാരങ്ങൾ ഉയർത്തിയ വെല്ലുവിളികളും സാമൂഹ്യക്ഷേമ നേട്ടങ്ങളെ ദുർബലപ്പെടുത്തുന്ന യുഡിഎഫ് സർക്കാരിന്റെ നടപടികളും പുതിയ മുന്നേറ്റത്തിനു മുന്നിൽ ആശങ്കകൾ ഉയർത്തി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് മൂർത്തമായ ഒരു ജനകീയ വികസന അജൻഡ മുന്നോട്ടുവെയ്ക്കുന്നതിനുള്ള ചർച്ചകളാണ് രണ്ടാം പഠനകോൺഗ്രസിൽ നടന്നത്.

അങ്ങനെ രൂപം കൊണ്ട കാഴ്ചപ്പാട് വലിയൊരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നു. ഈ അനുഭവങ്ങളെ വിമർശനപരമായി പരിശോധിക്കാനും ദൗർബല്യങ്ങൾ തിരുത്താനുമാണ് 2011 ജനുവരി 1 മുതൽ 3 വരെ നടന്ന മൂന്നാം പഠന കോൺഗ്രസ് ലക്ഷ്യമിട്ടത്. സേവന മേഖലകളിലൂന്നിയാണ് സാമ്പത്തിക കുതിപ്പ്. ഇതിന് അനുസൃതമായി ഉൽപാദന മേഖലകളിൽ മുന്നേറ്റമുണ്ടായിരുന്നില്ല. അഭ്യസ്തവിദ്യരായ യുവതലമുറ ആഗ്രഹിക്കുന്ന തോതിൽ പുതിയ തൊഴിൽത്തുറകൾ ശക്തിപ്പെടുത്തേണ്ടതുണ്ടായിരുന്നു. പരമ്പരാഗത മേഖലകളെ സംരക്ഷിച്ചാൽ മാത്രം പോര, വളർച്ചയുടെ വേഗതയും ഉയർത്തണം. പൊതു സാമൂഹ്യക്ഷേമ സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. ആഗോളവത്കരണം സൃഷ്ടിക്കുന്ന അസമത്വത്തിന്റെ പശ്ചാത്തലത്തിൽ സമഗ്രമായ സാമൂഹ്യ സുരക്ഷാ പരിപാടിക്ക് രൂപംനൽകാൻ കഴിയണം. സർവോപരി നമ്മൾ കൈവരിച്ച ഉയർന്ന വളർച്ചാനിരക്കുകൾ സ്ഥായിയാണ് എന്നു ഉറപ്പാക്കേണ്ടതുമുണ്ടായിരുന്നു. ഇതിനെല്ലാമുള്ള കരടു പരിപാടിയായിരുന്നു. മൂന്നാം പഠനകോൺഗ്രസിൽ ചർച്ചയ്ക്ക് അവതരിപ്പിച്ച രേഖ.

അന്ന് കേരളം നേരിട്ടിരുന്ന വെല്ലുവിളികളെ താഴെ പറയുംവിധം സംക്ഷേപിക്കാം.

1. ഭൂരിപക്ഷം ജനങ്ങളും ഉപജീവനം നടത്തുന്നത് കാർഷിക മേഖലയിലും പരമ്പരാഗത വ്യവസായങ്ങളിലുമാണ്. എന്നാൽ ആഗോളവത്കരണം അവയെ തകർത്തു. ഈ മേഖലകളെയെല്ലാം സംരക്ഷിച്ചുകൊണ്ടല്ലാതെ ഭൂരിപക്ഷം ജനങ്ങളുടെ ജീവിതനിലവാരം പിടിച്ചുനിർത്താനാവില്ല. ഈ മേഖലകളിൽ ഉൽപാദനക്ഷമതയും ഉൽപാദനവും എങ്ങനെ ഉയർത്താം എന്നതായിരുന്നു ചർച്ച ചെയ്യപ്പെട്ട ഒരു പ്രശ്നം.
2. പരമ്പരാഗത മേഖലകളിലെ ഉൽപാദനം താരതമ്യേന പതുക്കെ മാത്രമേ ഉയരുകയുള്ളൂ. ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച കൈവരിക്കണമെങ്കിൽ നമുക്ക് അനുയോജ്യമായ എന്നാൽ അതിവേഗം വളരാൻ സാധ്യതയുള്ള ആധുനിക വ്യവസായങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ഇത്തരം വ്യവസായത്തുറകൾ ഏതെല്ലാം? ഇവിടങ്ങളിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിന് എന്തുനടപടികൾ സ്വീകരിക്കണം? അനിവാര്യമായ പശ്ചാത്തലസൗകര്യങ്ങൾ എങ്ങനെ സൃഷ്ടിക്കാം?

3. സ്കൂളുകളുടെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും വിപുലമായ ശൃംഖല കേരളത്തിനുണ്ട്. എന്നാൽ ഇവയുടെ ഗുണനിലവാരം ഗണ്യമായി ഉയർത്തിയേ തീരൂ. ജനങ്ങളുടെ ആവശ്യത്തിനും പ്രതീക്ഷകൾക്കുമനുസരിച്ച് പൊതുവിദ്യാഭ്യാസവും ആരോഗ്യസംവിധാനങ്ങളും പൊതുക്ഷേമ സൗകര്യങ്ങളും ഉയരുന്നില്ല. ഈ പരിമിതി മറികടക്കേണ്ടിയിരുന്നു.
4. പൊതുവിൽ ജീവിതനിലവാരം മെച്ചമാണെങ്കിലും ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇന്നും അവശേഷിക്കുന്നുണ്ട്. ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, അഗതികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരുടെ നില ഇപ്പോഴും പരിതാപകരം തന്നെയാണ്. ഇവരെ എത്രയും പെട്ടെന്ന് മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് സുപ്രധാനകടമയാണ്. സമ്പൂർണവും സമഗ്രവുമായ സാമൂഹ്യസുരക്ഷാപരിപാടിക്ക് എങ്ങനെ രൂപംനൽകാം?
5. പുരുഷന്മാർക്കൊപ്പം വിദ്യാസമ്പന്നരും ആരോഗ്യമുള്ളവരുമാണ് കേരളത്തിലെ സ്ത്രീകൾ. ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയും അപേക്ഷിച്ച് കേരളത്തിൽ അവരുടെ സ്ഥിതി മെച്ചമാണ്. എന്നാൽ സാമ്പത്തിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തവും സാമൂഹ്യപദവിയും പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും സ്ത്രീകളുടെ നില പിന്നോക്കമാണ്. ജാതി അനാചാരങ്ങൾ വലിയ അളവുവരെ നിർത്തലാക്കുകയും പാവങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടു ത്തുകയും ചെയ്ത കേരളം ഏറ്റെടുക്കേണ്ട സുപ്രധാന സാമൂഹ്യചുമതല ലിംഗ തുല്യത കൈവരിക്കലാണ്.
6. വീണ്ടുവിചാരമില്ലാത്ത പ്രകൃതിവിഭവ ചൂഷണവും മലിനീകരണവും മൂലം നമ്മുടെ സംസ്ഥാനം പാരിസ്ഥിതിക തകർച്ച നേരിട്ടിരുന്നു. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

എന്നാൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ആഗോളവത്കരണ പ്രക്രിയ കേരളത്തിന്റെ വികസനത്തിന് ഇന്നും വലിയ വെല്ലുവിളികൾ ഉയർത്തിനിൽക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയ്ക്കു വൻആഘാതങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ആസിയാൻ കരാറിൽ കേന്ദ്രം ഒപ്പുവെച്ചിരുന്നു. ഈ കരാറിന്റെ ദോഷഫലങ്ങൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യത്തിൽ കൂട്ടായ ഇടപെടലിന്റെയും സാമൂഹ്യ നിയന്ത്രണങ്ങളുടെയും പ്രസക്തി പതിന്മടങ്ങു വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിന്റെ സാമ്പത്തിക വളർച്ച ഒരു പുതിയ വിതാനത്തിലേക്ക് ഉയർന്നു കഴിഞ്ഞു എന്ന് മൂന്നാം പഠന കോൺഗ്രസ് വിലയിരുത്തി. ഈ വളർച്ചയിലെ വൈരുദ്ധ്യങ്ങളെ തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിന് ഒരു ജനപക്ഷ വികസന പരിപാടിക്കു രൂപംനൽകുന്നതിനുമാണ് പഠനകോൺഗ്രസ് അന്ന് ശ്രമിച്ചത്.

ഇടതുപക്ഷം മുന്നോട്ടുവെയ്ക്കുന്ന ഈ വികസന പരിപാടിക്ക് സാമ്രാജ്യത്വ ആഗോളവത്കരണം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ആഗോള ധന മൂലധനത്തിനുമേലുള്ള ആശ്രിതത്വം വർദ്ധിക്കു ന്നത് കേരളവും ഇന്ത്യയും പോലുള്ള വികസ്വരപ്രദേശങ്ങൾക്ക് സ്വതന്ത്രവികസന പാത തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യതകൾ വെട്ടിച്ചുരുക്കി. എന്നാൽ ആഗോളവത്കരണം എല്ലാ ബദൽ സാധ്യതകളെയും ഇല്ലാതാക്കുന്നു എന്ന് ഇതിനർത്ഥമില്ല. നിലനിൽക്കുന്ന ലോക യാഥാർത്ഥ്യങ്ങളിൽ ഇടപെട്ടും സക്രിയമായി പ്രതികരിച്ചും മാത്രമേ ആഗോളവത്കരണത്തിനെതിരായ പോരാട്ടം മുന്നോട്ടു കൊണ്ടുപോകാനാകൂ. പ്രതിസന്ധിനിറഞ്ഞ സാമ്രാജ്യത്വ ചട്ടക്കൂടിനുള്ളിൽ കേരളത്തിന്റെ എല്ലാ വികസനപ്രശ്നങ്ങളും പരിഹരിക്കാം എന്ന വ്യാമോഹമില്ലാതെ തന്നെ അതിന്റെ പരിമിതിക്കുള്ളിൽനിന്ന് പരമാവധി പുരോഗതി നേടാനാവശ്യമായ ഒരു വികസന അജൻഡയാണ് മൂന്നാം പഠന കോൺഗ്രസ് ചർച്ച ചെയ്തത്.

ഈ പഠനകോൺഗ്രസ് വിഭാവനം ചെയ്ത ഭാവി പരിപാടിയുടെ വിജയത്തിന്റെ നിർണായകമായ ഒരു മുന്നുപാധി കേരള സമൂഹത്തിന്റെ മതനിരപേക്ഷതയാണ്. മതം രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടാത്ത തരത്തിൽ മതനിരപേക്ഷത ഉയർത്തിക്കൊണ്ടുള്ള പ്രവർത്തനം കേരളീയ സമൂഹ ത്തിൽ കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട് എന്ന് പഠന കോൺഗ്രസ് അന്ന് നിർദേശിച്ചിരുന്നു.

ഉൽപാദനമേഖലകളുടെ അടിത്തറയും വളർച്ചയും ശക്തിപ്പെടുത്തേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ പ്രതീക്ഷകൾക്കനുസൃതമായ തൊഴിലവസരങ്ങൾ വേണ്ടതോതിൽ തുറക്കുക എന്നതും ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു. കൂടുതൽ മത്സര ശേഷിയുള്ളതും അനുയോജ്യവുമായ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, സേവനപ്രധാനമായ വ്യവസായങ്ങൾ, വൈദ്-ഗ്ധ്യാധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക-–ഖനിജ മൂല്യവർദ്ധിത ഉൽപ്പന്ന വ്യവസായങ്ങൾ എന്നിവയിൽ ഊന്നണം. ഇതിനുവേണ്ടി മൂർ ത്തമായൊരു കർമ്മപരിപാടി മൂന്നാം പഠന കോൺഗ്രസ് അംഗീകരിച്ചു.

ഇങ്ങനെയുള്ള പുതിയ സമീപനങ്ങളോടും നിർദ്ദേശങ്ങളോടും ബന്ധപ്പെട്ട് സംവാദങ്ങൾ അനിവാര്യമാണ്. എന്നാൽ, ഇവ വിവാദങ്ങളായി പരിണമിച്ച് വികസന സാധ്യതകൾ കൊട്ടിയടയ്ക്കുന്ന അനുഭവങ്ങൾ വൈദ്യുതി, ടൂറിസം, റോഡ്, വിവര -വിനിമയ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടുണ്ടായത് സമ്മേളനത്തിൽ ചർച്ചചെയ്തു. വിവാദമല്ല സംവാദമാണ് ആവശ്യം. പൊതുധാരണകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനപഥത്തിലേക്ക് നീങ്ങുകയാണ് വേണ്ടത്. ഇതിനായി കേരളത്തിലെ രാഷ്ട്രീയപാർടികൾ, നയരൂപീകരണ വക്താക്കൾ, മാധ്യമങ്ങൾ തുടങ്ങിയവർക്കിടയിൽ ഒരു സമന്വയം അടി

യന്തിരമായി ഉണ്ടാക്കേണ്ടതുണ്ട്. അതിന് നേതൃത്വം നൽകാൻ കേരളത്തിലെ ഇടതുപക്ഷത്തിന് കഴിയുമെന്നുള്ള ആത്മവിശ്വാസമുണ്ട്. നിരുത്തരവാദപരമായ രാഷ്ട്രീയ മുതലെടുപ്പ് അവസാനിപ്പിക്കാൻ -തയ്യാറായാൽ പരിസ്ഥിതിയുടെയും തൊഴിലവകാശങ്ങളുടെയും പുനരധിവാസത്തിന്റെയും പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഇനിയും കൂടുതൽ വികസന പദ്ധതികൾ നടപ്പാക്കാനാകും.

മേൽപ്പറഞ്ഞ വ്യവസായക്കുതിപ്പ് ഉറപ്പുവരുത്തണമെങ്കിൽ കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ദ്രുതഗതിയിൽ വികസിക്കേണ്ടതുണ്ടായിരുന്നു. വല്ലാർപ്പാടം കണ്ടയിനർ ടെർമിനൽ, എൽഎൻജി ടെർമിനൽ, പ്രകൃതിവാതക ശൃംഖല, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, താപ-–ജലവൈദ്യുതി നിലയങ്ങൾ, വിഴിഞ്ഞം ഹാർബർ, ദേശീയപാതകളും സംസ്ഥാന പാതകളും നാലുവരിയാക്കൽ, തെക്കു -വടക്ക് അതിവേഗ റെയിൽവെ തുടങ്ങിയവ കഴിഞ്ഞ പത്തു വർഷക്കാലത്തെ എൽഡിഎഫ് സർക്കാരിന്റെ വികസനനേട്ടങ്ങളാണ്.

പുതിയൊരു വികസനോന്മുഖ ധനനയത്തിന് കേരളത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ യാഥാസ്ഥിതികവും വിവേചനപരവുമായ ധനനയമാണ് ഇന്നു നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. കേരളം കടക്കെണിയിലാണെന്നും മറ്റുമുള്ള വാദങ്ങൾ അടിസ്ഥാനരഹിതമാണ്. വ്യവസ്ഥാപിതമായ മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദനീയമായതിലും ഏറെ താഴെയാണ് കേരളത്തിന്റെ ഇന്നത്തെ കടബാധ്യത. ഒപ്പം, കടഭാരം സംബന്ധിച്ച സാമ്പത്തികശാസ്ത്രത്തിലെ തീർപ്പുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മൂലധനച്ചെലവിനായി ഇപ്രകാരം വായ്പയെടുക്കുന്നതുകൊണ്ട് ഒരു തകരാറും വരാനുമില്ല. കേരളത്തിന്റെ റവന്യൂ വരുമാനവും ഗണ്യമായി ഉയരുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുകയാണ്.

വളരുന്ന സാമ്പത്തിക അസമത്വമാണ് സാമ്പത്തിക വളർച്ചയുടെ പ്രമുഖ ദൗർബല്യം എന്നുകണ്ട്, സാധാരണക്കാരെ മുഴുവൻ ഉൾപ്പെടുത്തുന്ന ഒരു സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് മൂന്നാം പഠന കോൺഗ്രസ് രൂപം നൽകി. ജനനംമുതൽ മരണംവരെ സാധാരണക്കാരെ സംരക്ഷിക്കുന്ന ഒരു ക്ഷേമ സമൂഹമായി കേരളം മാറണം. ഏറ്റവും അടിയന്തരമായി ഏറ്റെടുക്കേണ്ട ഒരു കാര്യമാണിത്. ഇതുമായി ബന്ധപ്പെട്ട് ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ, ലിംഗനീതിയുടെ പ്രശ്നങ്ങൾ എന്നിവ ചർച്ചചെയ്യപ്പെട്ടു. വ്യത്യസ്ത ശേഷികളുള്ള ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളായിരുന്നു മൂന്നാം പഠനകോൺഗ്രസ് വിശദമായി ചർച്ചചെയ്ത മറ്റൊരു മേഖല. എല്ലാവർക്കും ഭക്ഷ്യസുരക്ഷ, ആരോഗ്യസുരക്ഷ, വീട്, കുടിവെള്ളം, വെളിച്ചം, ശുചിത്വം എന്നതാവണം കേരളത്തിന്റെ ലക്ഷ്യമെന്ന് പഠന കോൺഗ്രസ് വിലയിരുത്തി.

പാവങ്ങൾക്കു സംരക്ഷണം നൽകുന്നതിനൊപ്പംതന്നെ അവർ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ, കൃഷി, മത്സ്യ ബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളെയും സംരക്ഷിക്കേണ്ടതുണ്ട്. 1999-–2004ലെ കാർഷികത്തകർച്ചയുടെ കെടുതിയിൽനിന്ന് 2010 മുതലാണ് കേരളം കരകയറിത്തുടങ്ങിയത്. ഈ അനുകൂല സാഹചര്യത്തിൽ കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പരിപാടി കൂടുതൽ ഫലപ്രദമായി നടപ്പാക്കുകയും നാണ്യവിളകളുടെ ഉൽ പാദനക്ഷമത ഉയർത്തുകയും കൃഷിക്കാർക്ക് വിലസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു കർമ്മപരിപാടിക്ക് രൂപം നൽകേണ്ടതുണ്ട് എന്നതും മണ്ണ്-– ജല സംരക്ഷണത്തിനും വിള പരിപാലനത്തിനും ജനകീയ സംവിധാനങ്ങൾ വ്യാപിപ്പിക്കണം എന്നതും ഈ കോൺഗ്രസിൽ ഉയർന്നുവന്ന നിർദേശങ്ങളായിരുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ സമയബന്ധിതമായ ആധുനികവൽക്കരണം പ്രധാനമാണ്.

ഇന്ത്യയിലെ മൈക്രോ ഫിനാൻസ് രംഗത്തെ കോർപ്പറേറ്റ്വത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ വ്യത്യസ്തമായ ഒരു ജനകീയ മാതൃക ഉയർത്തിപ്പിടിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ബന്ധപ്പെടുത്തി സ്ത്രീശാക്തീകരണത്തിന് ഊന്നൽനൽകി എങ്ങനെ മൈക്രോക്രെഡിറ്റും ദാരിദ്ര്യനിർമാർജന പരിപാടികളും നടപ്പാക്കാം എന്നതിന് കുടുംബശ്രീ മാതൃകയാവുകയാണ്. ഇതിനകം ബാങ്കേതര ധനകാര്യ ഏജൻസിയായി രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ജനശ്രീ തികച്ചും പ്രതിലോമകരമാണെന്ന് ആന്ധ്രയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പഠന കോൺഗ്രസ് വിലയിരുത്തി.

പരിസ്ഥിതി സൗഹൃദ സമീപനത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട് എന്ന് മൂന്നാം പഠന കോൺഗ്രസ് വിലയിരുത്തിയിരുന്നു. ഉയർന്ന വളർച്ച സ്ഥായിയാക്കാൻ ഇത് കൂടിയേതീരു എന്നും അന്ന് വിലയിരുത്തപ്പെട്ടു. മാലിന്യനിർമാർജനത്തിലും കാർബൺ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിലും ഇന്നു നാം കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

വൈജ്ഞാനിക സമൂഹമായി കേരളം മാറേണ്ടത് നമ്മുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്നും വിദ്യാഭ്യാസ-, ആരോഗ്യ മേഖലകൾക്ക് കേരളം നൽകിക്കൊണ്ടിരുന്ന മുൻഗണന ശക്തിപ്പെടുത്തണമെന്നും കോൺഗ്രസ് വിലയിരുത്തുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ആരോഗ്യ സൗകര്യങ്ങളുടെയും ഗുണനിലവാരത്തിലുണ്ടായ വലിയ ഉയർച്ച ഇനിയും കൂടുതൽ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

വിവിധ ഭരണമേഖലകളിലെ പരിഷ്കാരങ്ങളെക്കുറിച്ചും പഠനകോൺഗ്രസ് വിലയിരുത്തി. അവയെല്ലാം സംയോജിപ്പിച്ച് ഒരു സമഗ്ര ഭരണപരിഷ്കാര സമയബന്ധിത പരിപാടി ആവിഷ്കരിക്കുകയായിരുന്നു പിന്നീടുള്ള ലക്ഷ്യം. ഈ കടമ ഇനി നീട്ടിവയ്ക്കാനാകില്ല. സ്വതന്ത്ര സോഫ്റ്റ്-വെയറിനെ അടിസ്ഥാനമാക്കിയുള്ള

ഇ–ഗവേണൻസ് കേരളം സാധ്യമാക്കിയത് ഇതിന്റെ അടിസ്ഥാനത്തിലാണ്. സമഗ്ര നിയമപരിഷ്കാര നടപടികൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യവും പഠനകോൺഗ്രസ് വിലയിരുത്തിയിരുന്നു. ഭരണപരിഷ്കാരരംഗത്തെ ഏറ്റവും പ്രധാന കാൽവയ്പായി അധികാരവികേന്ദ്രീകരണരംഗത്തെ കണക്കാക്കണം.

ഭരണസംവിധാനംപോലെ വികസനത്തിൽ സുപ്രധാനപങ്ക് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനും വഹിക്കാനുണ്ട്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് തിരസ്കരിക്കുമ്പോൾ തന്നെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പുനഃസംഘടന സുപ്രധാന കടമയാണെന്ന് വിലയിരുത്തി.

പുത്തൻ വികസന സംസ്കാരത്തിന്റെ ആവശ്യകത ഇ എം എസ് പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയഭേദങ്ങൾ നിലനിൽക്കും. ആഗോളവൽക്കരണ പരിഷ്കാരങ്ങളോടുള്ള എതിർപ്പും തുടരും. എന്നാൽ അതേസമയം സംസ്ഥാനത്തിന്റെ വികസനത്തിന് പ്രായോഗികമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ വിപുലമായ യോജിപ്പ് വളർത്തിയെടുക്കാൻ കഴിയണം. ഇത്തരമൊരു സമീപനത്തിന് ജനാധിപത്യപരവും മതനിരപേക്ഷവുമായ സംസ്കാരം അത്യന്താപേക്ഷിതമാണ്. സാംസ്കാരിക മണ്ഡലത്തിലെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് മാധ്യമ മേഖലയെക്കുറിച്ച് പഠനകോൺഗ്രസ് വിശദമായി ചർച്ചചെയ്യുകയുണ്ടായി. സമവായങ്ങൾ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കും സുപ്രധാനമായ പങ്കുണ്ട്. മാധ്യമരംഗത്തെ അനാരോഗ്യകരമായ മത്സരവും നിക്ഷിപ്തതാൽപര്യങ്ങളും ഇതിനു തടസ്സം നിൽക്കരുത്.

പഠനകോൺഗ്രസ് മുന്നോട്ടുവെച്ച വികസനപരിപാടിയുടെ അടിത്തറ നിലവിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സൃഷ്ടിച്ചുകഴിഞ്ഞു. ഇതിനുള്ള തുടർച്ചയാണ് ഇനി വേണ്ടത്. ഈ തുടർച്ച ഉറപ്പുവരുത്തുന്ന രാഷ്ട്രീയ പൊതുജനാഭിപ്രായം ഉണ്ടാകണം.

## 13

# നാലാം കേരളപഠനകോൺഗ്രസ് സമ്മാനിച്ച വികസനക്കുതിപ്പ്

1991ൽ ആഗോളവൽക്കരണ നയങ്ങൾ ശക്തിപ്പെട്ടു വന്നതോടെ കേരളത്തിന്റെ വികസന നേട്ടങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാനാവുമെന്ന ചർച്ച സജീവമായി. ഈ ഘട്ടത്തിലാണ് ഇ.എം. എസ് മുൻകൈയെടുത്തുകൊണ്ട് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്. കേരളത്തിന്റെ ഭാവി വികസനം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാനാവുമെന്ന ചർച്ച ഇതിന്റെ ഭാഗമായി നടന്നു.

അടിസ്ഥാന മേഖലകളിലെ നമ്മുടെ ദൗർബല്യം പരിഹരിക്കുകയെന്നത് പ്രധാനപ്പെട്ട പ്രശ്നമായി ഉയർന്നുവന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉൾപ്പെടെയുള്ള മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെ ടുത്തുകയെന്നത് പ്രധാനപ്പെട്ട കാര്യമാണെന്നു കണ്ടു. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ടത് പ്രധാനമാ ണെന്നും വിലയിരുത്തി. തൊഴിൽമേഖലയിലുൾപ്പെടെ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവും പരിഹരിക്കേണ്ട പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായി ഒന്നാം പഠന കോൺഗ്രസ് നിരീക്ഷിച്ചു.

ഒന്നാം പഠന കോൺഗ്രസ് മുന്നോട്ടുവെച്ച ഈ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിന് ഇടപെടാനുള്ള സാധ്യതകളെ സംബന്ധിച്ചാണ് പിന്നീടുള്ള പഠന കോൺഗ്രസുകൾ പൊതുവിൽ പരിശോധിച്ചത്. ഇത്തരമൊരു ഇടപെടലിന് അധികാര വികേന്ദ്രീകരണവും സഹകരണ മേഖലയുടെ പങ്കാളിത്തവും പ്രധാനമാണെന്നും വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഗൗരവമേറിയ ചർച്ചകൾ പിൽക്കാല പഠന കോൺഗ്രസുകളെ സജീവമാക്കി. വർത്തമാന കാലഘട്ടത്തിൽ കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഒരു പൊതുരേഖ അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാന ത്തിൽ വിവിധ മേഖലകളിലെ വിദഗ്-ധരും, രാഷ്ട്രീയ–സാമൂഹ്യ–സാമ്പത്തിക രംഗങ്ങളിൽ സജീവമായവരും നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും അവ കൂടി ക്രോഡീകരിച്ചുകൊണ്ട് പൊതു രൂപരേഖ നവീകരിക്കുകയുമാണ് ചെയ്തത്.

കേന്ദ്ര സർക്കാർ മുന്നോട്ടു വെക്കുന്ന ആഗോളവൽക്കരണ നയങ്ങൾ അതേപോലെ നടപ്പിലാക്കുന്ന യു. ഡി. എഫ് സർക്കാർ അധികാരത്തിലിരുന്ന ഘട്ടത്തിലാണ് , 2016 ലാണ് 4–ാം പഠന കോൺഗ്രസ് നടന്നത്. കേന്ദ്ര സർക്കാർ കാർഷിക മേഖലയ്ക്കും, തൊഴിലുറപ്പ് പദ്ധതിക്കുമെല്ലാം തുക വെട്ടിക്കുറയ്ക്കുകയും 5 ലക്ഷം കോടി രൂപ കോർപ്പറേറ്റുകൾക്ക് ഇളവ് നൽകുകയും ചെയ്ത സാഹചര്യമായിരുന്നു നിലനിന്നത്. ആസിയാൻ കരാർ നടപ്പിലാക്കപ്പെടുന്ന സാഹചര്യം കൂടിയായിരുന്നു അത്. വാർഷിക സാമ്പത്തിക വളർച്ച 3 മുതൽ 4 ശതമാനം വരെ ഇടിയുന്ന നിലയായിരുന്നു. 1980കളുടെ അവസാനം ദേശീയ ശരാശരിയെക്കാൾ ഉയർന്ന കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയെക്കാൾ 2 ശതമാനം കുറയുന്ന സ്ഥിതിയാണുണ്ടായിരുന്നത്. കാർഷിക വളർച്ചയാവട്ടെ നെഗറ്റീവാകുകയും ചെയ്തു. പൊതുമേഖലയുടെ നഷ്ടം 460 കോടി രൂപയും. വാർഷിക അടവുകളിൽ 61 ശതമാനം മാത്രം ചെലവാക്കുന്ന നിലയുമുണ്ടായി. വായ്പയെടുക്കുന്ന പണത്തിന്റെ 70–80 ശതമാനവും സർക്കാരിന്റെ നിത്യചെലവുകൾക്ക് ഉപയോഗിക്കുന്ന നിലയായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ദീർഘകാല പദ്ധതികൾക്ക് തുക കണ്ടെത്താൻ പറ്റാത്ത സ്ഥിതിയുണ്ടായി. വലിയ പ്രോജക്ടുകൾ ഉണ്ടാകണമെങ്കിൽ സർക്കാർ സംവിധാനം ഫലപ്രദമാകേണ്ടതുണ്ട്. എന്നാൽ, അത് ഭരണ സംവിധാനം അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയായിരുന്നു.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയും, ആരോഗ്യ മേഖ ലയും ദുർബലമായി. പാഠപുസ്തകങ്ങൾ പോലും ലഭിക്കാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. വർഗീയ ധ്രുവീകരണം സംസ്ഥാനത്ത് ശക്തിപ്പെട്ടു. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യങ്ങളാകമാനം ദുർബലപ്പെടുന്ന സ്ഥിതിയുമുണ്ടായി. കേരളം കൈവരിച്ച നേട്ടങ്ങളെല്ലാം ഇത്തരത്തിൽ തകർക്കപ്പെടുന്ന ഘട്ടത്തിൽ അതിനെതിരായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വിപുലമായ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യമായിരുന്നു അത്. ഈ ഘട്ടത്തിൽ ചേർന്ന 4ആം അന്താരാഷ്ട്ര പഠന കോൺഗ്രസ് കേരളം ചെന്നെത്തിയിരിക്കുന്ന ഈ പ്രതിസന്ധി തുറന്നുകാട്ടി. അതോടൊപ്പം, ഭാവി കേരളത്തെ രൂപപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ

ങ്ങളും മുന്നോട്ടുവെച്ചു. കേരള വികസനം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ പുതിയ വ്യവസായങ്ങളും ആധുനിക കൃഷിയും വളരേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. സ്വകാര്യ മൂലധനത്തെ ഉൾപ്പെടെ വികസന പ്രവർത്തനത്തിൽ ഉപയോഗിക്കണമെങ്കിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തുപറഞ്ഞു. പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചു. കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ ബോധത്തിന്റെ അടിത്തറയായി നിൽക്കുന്ന പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണവും വികസനവും പ്രധാനമാണെന്ന് ഓർമ്മപ്പെടുത്തി. ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രാധാന്യം നൽകണമെന്നും ഓർമ്മപ്പെടുത്തി. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കി മുന്നോട്ടു പോകേണ്ടതും കേരള വികസനത്തിന് അനിവാര്യമാണെന്ന് ഓർമ്മപ്പെടുത്തി. കേരളത്തിന്റെ വികസനത്തിന് സമാധാനപൂർണ്ണമായ ജീവിതത്തിന്റെ പ്രാധാന്യവും എടുത്തു പറഞ്ഞു. മതനിരപേക്ഷത സംരക്ഷിക്കുകയെന്നത് കേരളത്തിന്റെ പുരോഗതിക്ക് ഏറ്റവും പ്രധാനമാണെന്ന് ഓർമ്മപ്പെടുത്തി. കേരളത്തിൽ സ്വാധീനമുറപ്പിക്കുന്ന വലതുപക്ഷ പ്രത്യയശാസ്ത്രത്തിനെ പ്രതിരോധിക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തുപറയുകയുണ്ടായി.

4ആം അന്താരാഷ്ട്ര പഠന കോൺഗ്രസ് മുന്നോട്ടുവെച്ച കാഴ്ചപ്പാടുകളെക്കൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അതി ന്റെ പ്രകടനപത്രിക തയ്യാറാക്കിയത്. 'വേണം നമുക്കൊരു പുതുകേരളം; മതനിരപേക്ഷ–അഴിമതി രഹിത–വികസിത കേരളം' എന്ന ആശയം മുന്നോട്ടുവെക്കുന്നതിന് അന്താരാഷ്ട്ര പഠന കോൺഗ്രസിലെ നിർദ്ദേശങ്ങൾ വഴികാട്ടിയായി മാറി. ഈ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ട് അവതരിപ്പിച്ച 600 കർമ്മപദ്ധതികളിൽ 580ഉം പ്രാവർത്തികമാക്കാനും എൽഡിഎഫ് സർക്കാരിന് സാധിച്ചു. അത്തരമൊരു നിലപാട് തുടർഭരണത്തിലേക്കും അതുവഴി നവകേരള സൃഷ്ടിക്ക് അടിസ്ഥാനമായിത്തീരുവാനും സാധിച്ചു. പിന്നീട്, കോവിഡിന്റെ പശ്ചാത്തലത്തിൽ പഠന കോൺഗ്രസ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. ആ കാലഘട്ടത്തിൽ ഉയർന്നുവന്ന പ്രകൃതിക്ഷോഭത്തേയും നേരിട്ടുകൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുപോയത്. ഈ കാഴ്ചപ്പാടുകൾ കൂടുതൽ വികസിപ്പിച്ചുകൊണ്ടാണ് എൽ.ഡി.എഫിന്റെ പിന്നീടുള്ള പ്രകടന പത്രിക തയ്യാറാക്കപ്പെട്ടത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രകടനപത്രിക തയ്യാറാക്കുന്നതിന് സഹായകമാകുന്നവിധമുള്ള ബദൽ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച പഠന കോൺഗ്രസ് വർത്തമാന കാലത്തെ യൂണിയൻ സർക്കാരിന്റെ ജനവിരുദ്ധ കാഴ്ചപ്പാടുകളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ബദൽ നിർദ്ദേശിക്കുന്നതായിരുന്നു. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് വർത്തമാനകാല ലോകത്ത് ഇടപെടുന്നതിനുള്ള മാർഗ നിർദ്ദേശമായിരുന്നു കഴിഞ്ഞ പഠന കോൺഗ്രസെന്ന് നിസ്സംശയം പറയാം. ഈ സമീപനം ഇടതുപക്ഷ ബദലിന്റെ രൂപരേഖ തന്നെയായിരുന്നു.

കഴിഞ്ഞ പഠന കോൺഗ്രസ് ചേരുന്ന ഘട്ടത്തേക്കാൾ കൂടുതൽ ഗുരുതരമായ സ്ഥിതിവിശേ ഷമാണ് സംസ്ഥാന സർക്കാരുകൾ ഇപ്പോൾ നേരിടുന്നത്. സംസ്ഥാനങ്ങൾക്കുള്ള അധികാരവും, ഫണ്ടും വെട്ടിക്കുറയ്-ക്കുന്ന നിലപാടാണ് പൊതുവിൽ സ്വീകരിക്കുന്നത്. കേരളത്തിൽ അത് സാമ്പത്തിക ഉപരോധം എന്ന നിലയിൽ തന്നെ മാറിക്കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ പറയുന്ന നയങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ സാമ്പത്തികമായി ഞെരുക്കുകയെന്നതാണ് കേന്ദ്ര സർക്കാരിന്റെ നയം. അതുകൊണ്ടുതന്നെ കേരളത്തിന്റെ ജനകീയ ബദലിനെ സംരക്ഷിക്കാനും മുന്നോട്ടുകൊണ്ടുപോകാനും കൂടുതൽ സൂക്ഷ്മതലത്തിലുള്ള ഇടപെടലുകൾ അനിവാര്യമാണ്. വരുന്ന പഠന കോൺഗ്രസ് ഇത്തരത്തിലുള്ള സൂക്ഷ്മതല പ്രതിരോധങ്ങളെക്കൂടി മുന്നോട്ടുവെക്കേണ്ടതുണ്ട്. ഇന്നത്തെ കേരള വികസനത്തിന്റെ മുന്നോട്ടുപോക്കിന് അത് അനിവാര്യമാണ്. പുതിയ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് കൊണ്ട് അത് അവതരിപ്പിക്കേണ്ടതുണ്ട് എന്നതിനാൽ അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന് വലിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുണ്ട്.

## 14

# നവകേരളം -പുതുവഴികൾ പാർട്ടിരേഖ 2022

(2022 മാർച്ച് 14 വരെ എറണാകുളത്ത് ചേർന്ന കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) കേരള സംസ്ഥാന സമ്മേളനം അംഗീകരിച്ചത്)

തുടർഭരണം നമ്മുടെ മുന്നിൽ വലിയ സാദ്ധ്യതകൾ തുറന്നിരിക്കുകയാണ്. ഇന്ത്യയിലെ ബൂർഷ്വാ ഭൂപ്രഭു ഭരണകൂടത്തിൻകീഴിലെ ഫെഡറൽ സംവിധാനത്തിന്റെ പരിധിക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുക എന്ന പരിമിതിയുണ്ടെങ്കിലും സോഷ്യലിസ്റ്റ് ലോകത്തിനുപുറത്ത് നിലവിലിരിക്കുന്ന ഇടതുപക്ഷ സർക്കാരുകളിൽ ഒന്നാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നവ ഉദാരവല്ക്കരണ സാമ്പത്തിക നയങ്ങളിൽനിന്ന് വ്യത്യസ്തമായി ഇടതുപക്ഷ ബദലിന് എങ്ങനെ രൂപംനല്കുന്നുവെന്ന് ലോകം മുഴുവനും ഉറ്റുനോക്കുന്നു. ചരിത്രം നമ്മിൽ അർപ്പിച്ചിരിക്കുന്ന ഈ ദൗത്യം എങ്ങനെ നിർവ്വഹിക്കണമെന്ന കാര്യമാണ് ഈ രേഖ പരിഗണിക്കുന്നത്.

### കമ്യൂണിസ്റ്റ് പാർട്ടിയുടെ ഇടപെടൽ

1.1 കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യഘടകം രൂപീകരിച്ചത് 1937 ൽ ആയിരുന്നു. അതിനുശേഷമുള്ള കഴിഞ്ഞ 85 വർഷങ്ങളായി കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക ജീവിതത്തിലിടപെടാനും, ജനാധിപത്യപരവും പുരോഗമനപരവുമായ വികസനം കൈവരിക്കാനുമാണ് കമ്യൂണിസ്റ്റ് പാർട്ടി പരിശ്രമിച്ച് വന്നത്. നവോത്ഥാന മുന്നേറ്റത്തിന്റെയും സാമ്രാജ്യത്വവിരുദ്ധ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെയും നേരവകാശികളെന്ന നിലയിലാണ് ഇടതുപക്ഷവും കമ്യൂണിസ്റ്റുകാരും ഈ കടമകൾ ഏറ്റെടുത്തത്. അതിന്റെ ഫലമായി വിപ്ലവകരമെന്ന് വിശേഷിപ്പിക്കാവുന്ന ഒട്ടനവധി നേട്ടങ്ങൾ കേരളത്തിന്റെ ഏതാണ്ട് എല്ലാ മേഖലകളിലും നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് നമുക്ക് അഭിമാനിക്കാൻ കഴിയും. അടിസ്ഥാന ജനവിഭാഗങ്ങളുടെ താല്പര്യങ്ങളെ മുഖ്യ കടമയായി കണ്ട് നാടിന്റെ പൊതുവായ വികസനം നേടുക എന്ന സമീപനമാണ് പാർട്ടി സ്വീകരിച്ചിട്ടുള്ളത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തിയ പ്രധാനപ്പെട്ട ഇടപെടലുകൾ ഏതെല്ലാമായിരുന്നെന്ന് പരിശോധിക്കാം.

### ആദ്യമായി നടത്തിയ ഇടപെടൽ

1.2 കെ കുട്ടികൃഷ്ണ മേനോൻ അദ്ധ്യക്ഷനായി മദിരാശി ഗവൺമെന്റ് രൂപീകരിച്ച"മലബാർ ടെനൻസി എൻക്വയറി കമ്മിറ്റിയുടെ നിഗമനങ്ങളിൽനിന്നും വ്യത്യസ്തമായി ഇ എം എസ് സമർപ്പിച്ച വിയോജനക്കുറിപ്പിനെ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ ആദ്യത്തെ നയപരമായ ഇടപെടലായി വിലയിരുത്താം. ഇത് നടന്നത് പാർട്ടിയുടെ കേരളത്തിലെ രൂപീകരണത്തിനുശേഷം രണ്ട് വർഷത്തിനുള്ളിലായിരുന്നു. ജന്മി കുടിയാൻ ബന്ധത്തിലെ സാമ്പത്തിക ചൂഷണമാണ് കാർഷിക സമ്പദ്ഘടനയുടെ കാതലായ പ്രശ്നമെന്നും സമ്പദ്വ്യവസ്ഥയുടെയും കേരള സമൂഹത്തിന്റെയും വികാസത്തിന് ജന്മിത്തം അവസാനിപ്പിക്കേണ്ടതാണെന്നും കൃഷിഭൂമി പണിയെടുക്കുന്ന കർഷകന് വിതരണം ചെയ്യണമെന്നും വിയോജനക്കുറിപ്പിൽ ഇ എം എസ് ആവശ്യപ്പെട്ടു. ഈ ബദൽ സമീപനമാണ് ഭൂപരിഷ്കരണ വിഷയത്തിൽ കമ്യൂണിസ്റ്റ് പാർട്ടി എന്നും സ്വീകരിച്ചുപോന്നിട്ടുള്ളത്.

### കേരള സംസ്ഥാന രൂപീകരണം

1.3 തിരുവിതാംകൂർ, കൊച്ചി, മദിരാശി എന്നീ മൂന്ന് ഭാഗങ്ങളായി ചിതറിക്കിടന്ന മലയാളി ജനവിഭാഗത്തെയാകെ ഒന്നിപ്പിച്ചുകൊണ്ട് സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക വികാസത്തെ ത്വരിതപ്പെടുത്തുവാൻ കേരള സംസ്ഥാനം രൂപീകരിക്കണമെന്ന് കമ്യൂണിസ്റ്റ് പാർട്ടി രൂപമെടുത്ത നാൾ മുതൽ ആവശ്യപ്പെട്ടുവന്നു. കേരള സംസ്ഥാന രൂപീകരണത്തിനുവേണ്ടി കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടവയായിരുന്നു.

1956 ലെ വികസന രേഖയും പ്രയോഗവല്ക്കരണവും

1.4 കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ അടുത്ത വലിയ ഇടപെടൽ 1956 ജൂൺ 22, 23, 24 തീയതികളിൽ തൃശ്ശൂരിൽ വെച്ച് നടന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ പുതിയ കേരളം പടുത്തുയർത്തുവാൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നിർദ്ദേശങ്ങൾ എന്ന പ്രമേയം അംഗീകരിച്ചതായിരുന്നു. കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പാണ് ഈ പ്രമേയം അംഗീകരിച്ചത് എന്നതും പാർട്ടിയുടെ ദീർഘ വീക്ഷണത്തിന്റെ ദൃഷ്ടാന്തമായി കാണാം. കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവെ

ച്ച കാഴ്ചപ്പാടിന്റെ കേന്ദ്ര ബിന്ദു ഭൂപരിഷ്കരണമായിരുന്നു. ഭൂസ്വത്ത് കൂടുതൽ സന്തുലിതമായി വിതരണംചെയ്യുന്നതിലും സവർണ്ണ മേധാവിത്തത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്നതിലും ഭൂപരിഷ്കരണത്തിന് സുപ്രധാന പങ്കുണ്ട്. മറ്റൊന്ന്, കൂട്ടായ വിലപേശലിലൂടെ കൂലി ഉയർത്തുന്നതിനുള്ള അവകാശം അംഗീകരിച്ചുകൊണ്ടുള്ള തൊഴിൽ നയമായിരുന്നു. പൊതു വിദ്യാഭ്യാസം, ആരോഗ്യരക്ഷാ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും ഈ പ്രമേയം ഊന്നൽ നല്കി. ജനങ്ങളുടെ ഉപജീവന മേഖലകൾ സഹകരണാടിസ്ഥാനത്തിലും അല്ലാതെയും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുയർത്തി. പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം സ്വകാര്യ നിക്ഷേപത്തേയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഈ രേഖ സ്വീകരിച്ചത്. നാടിന്റെ വികസനത്തിന് എല്ലാവരും യോജിച്ച് നില്ക്കുന്നതിന്റെ പ്രാധാന്യവും പ്രമേയം എടുത്തു പറഞ്ഞു.

1.5 പാർട്ടി അംഗീകരിച്ച ഈ രേഖയാണ് 1957 ലെ ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രകടന പത്രികയായി മാറിയത്. അതിന്റെ അംഗീകാരം കൂടിയായിരുന്നു ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ വിജയം. ഈ രേഖ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിച്ച നയപരിപാടികൾ പില്ക്കാലത്തെ കേരള വികസനത്തിന് അടിസ്ഥാനമിട്ടു. ഭൂപരിഷ്കരണം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും കൂലി ഉയരുകയും ചെയ്തു. പൊതു വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും വ്യാപനം ജനങ്ങളുടെ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോയി. തൊഴിൽ നയങ്ങളിലും, പൊലീസ് ഇടപെടലുകളിലും ജനകീയമായ മാറ്റങ്ങളുണ്ടായി. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾ മുഖ്യമായിക്കണ്ടു കൊണ്ടുള്ള സമീപനമാണ് 1957 ൽ ഭരണത്തിലെത്തിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ സ്വീകരിച്ചത്. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ സർക്കാരിന്റെ പരിമിതികളെക്കുറിച്ച് കമ്യൂണിസ്റ്റ് പാർട്ടി ജനങ്ങളെ പഠിപ്പിച്ചു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന

ഇ എം എസ് കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമല്ലെന്ന് ജനങ്ങളെ അറിയിച്ചു. മറിച്ച്, ജനങ്ങൾക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാവുക എന്ന കാര്യവും ജനങ്ങളെ പഠിപ്പിച്ചുകൊണ്ട് മുന്നോട്ടുപോയി.

### വലതുപക്ഷ അട്ടിമറിയും വികസന പ്രശ്നങ്ങളും

1.6 1957 ലെ സർക്കാരിന്റെ ഇത്തരം ഇടപെടലുകൾ ശാക്തിക ബലാബലത്തിൽ ഇടതുപക്ഷ ശക്തികൾക്കനുകൂലമായ മാറ്റംവരുത്തുമെന്ന് തിരിച്ചറിഞ്ഞ വലതുപക്ഷ ശക്തികൾ ജാതി-മത ശക്തികളുമായി കൂട്ടുചേർന്ന് സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ജനാധിപത്യ വിരുദ്ധമായ രീതിയിൽ കേന്ദ്ര ഭരണം സംസ്ഥാന സർക്കാരിനെ പിരിച്ചുവിട്ടു. കേരളത്തിന്റെ വികസനക്കുതിപ്പിന് കടിഞ്ഞാണിട്ട രാഷ്ട്രീയനീക്കമായിരുന്നു അതിലൂടെ അരങ്ങേറിയത്. 1957 ലെ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമത്തിൽ പിന്നീട് വന്ന കോൺഗ്രസ്സ് പി എസ് പി സർക്കാർ ധനിക വർഗ്ഗങ്ങൾക്കനുകൂലമായി ഭേദഗതികൾ വരുത്തി. 1967 ലെ ഇ എം എസ് ഗവൺമെന്റ് സമഗ്രമായ ഭൂപരിഷ്കരണ നിയമം പാസാക്കിയെങ്കിലും ഒരു ദശാബ്ദം നീണ്ടുനിന്ന മാർക്സിസ്റ്റ് വിരുദ്ധ മുന്നണിയുടെ അധികാരകാലത്ത് മിച്ചഭൂമി തിരിമറിക്ക് എല്ലാ സഹായവും ചെയ്തു. ഇതിനെത്തുടർന്ന് വിതരണം ചെയ്യുന്നതിന് മിച്ചഭൂമി ഇല്ലാതാകുന്ന സ്ഥിതിയുണ്ടായി. കർഷക തൊഴിലാളികൾ, ദളിത്-ആദിവാസി വിഭാഗങ്ങൾ എന്നിവർക്ക് ഭൂമി ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ തടയപ്പെട്ടു. കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ പരിഷ്കാരങ്ങളിൽ ജനവിരുദ്ധമായ ഭേദഗതികൾ വരുത്താൻ വലതുപക്ഷ ശക്തികൾക്ക് കഴിഞ്ഞെങ്കിലും ആ സർക്കാരുയർത്തിയ വികസന മുന്നേറ്റത്തിന്റെ അലകൾ തല്ലിക്കെടുത്താൻ വലതുപക്ഷ ശക്തികൾക്ക് കഴിഞ്ഞില്ല. വലതുപക്ഷ ശക്തികളുടെ നീക്കങ്ങളെ ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കുന്നതിന് പാർട്ടിക്ക് കഴിഞ്ഞു. ആധുനിക കേരളത്തിന്റെ വികാസത്തിന് അടിത്തറയിട്ട സർക്കാരായിമാറാൻ 1957 ലെ കമ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് കഴിഞ്ഞു.

### ഫെഡറലിസത്തിന് വേണ്ടിയുള്ള ഇടപെടൽ

1.7 പിന്നീട് പാർട്ടി നേതൃത്വത്തിൽ ഒരു സർക്കാർ ഭരണത്തിൽ വരുന്നത് 1967 ലാണ്. ഇതോടൊപ്പം ഒട്ടേറെ സംസ്ഥാനങ്ങളിൽ കോൺഗ്രസിതര സർക്കാരുകൾ ഭരണത്തിലെത്തി. ഫെഡറൽ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഇടപെടലുകൾ രാജ്യത്തെമ്പാടും വളർന്നുവന്നു. ഈ പശ്ചാത്തലത്തിലാണ് പുതിയ പരിതസ്ഥിതികളും കടമകളും എന്ന പ്രമേയം 1967 ഏപ്രിലിൽ കേന്ദ്ര കമ്മിറ്റി അംഗീകരിച്ചത്. 1964 ലെ പാർട്ടി പരിപാടി ജനങ്ങൾക്ക് അടിയന്തരാശ്വാസം നല്കുകയും വർഗ്ഗ-ബഹുജന സംഘടനകളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലാണ് ഊന്നിയിരുന്നത്. 1967 ലെ പുതിയ പരിതസ്ഥിതികളും കടമകളും എന്ന കേന്ദ്ര കമ്മിറ്റി പ്രമേയം സംസ്ഥാന സർക്കാരുകളെ

ജനങ്ങൾക്ക് സമാശ്വാസം നല്കുന്നതിനും അടിസ്ഥാനപരമായി ജനങ്ങളുടെ സമരായുധമായി പ്രവർത്തിക്കുന്നതിനുമാണ് ഊന്നൽ നല്കിയത്. 1967 ൽ പ്ലാനിങ്ങിന് അവധികൊടുക്കുന്ന നില കേന്ദ്ര സർക്കാർ സ്വീകരിച്ചു. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിന് ബദലായി ആസൂത്രണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിന് കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ മുൻകൈയിൽ ശ്രമങ്ങളുണ്ടായി. ആസൂത്രണം സംബന്ധിച്ച ഒരു ബദൽ രേഖ തന്നെ മുന്നോട്ട് വെക്കുകയുണ്ടായി.

1.8 1967 ലെ രാഷ്ട്രീയ സാഹചര്യം ഫെഡറലിസത്തെ സംബന്ധിച്ച പുതിയ ചിന്തകൾ വളർത്തിക്കൊണ്ടുവന്നു. ഇടതുപക്ഷ പാർട്ടികളും പ്രാദേശിക ജനാധിപത്യ പാർട്ടികളും യോജിച്ച് ഇക്കാര്യത്തിൽ മുന്നേറുന്ന ഒരു സാഹചര്യം ഉയർന്നുവന്നു. ഇതിന്റെ തുടർച്ചയായാണ് 1983 ൽ ശ്രീനഗറിൽവെച്ച് ഇടതുപക്ഷ കക്ഷികളും പ്രാദേശിക ജനാധിപത്യ കക്ഷികളും ഒരുമിച്ചു ചേർന്ന് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ അഴിച്ചുപണി ആവശ്യപ്പെടുന്ന പ്രമേയം അംഗീകരിച്ചത്. ഇത്തരം സമ്മർദ്ദങ്ങളുടെ പശ്ചാത്തലത്തിൽ 1983 ൽ സർക്കാരിയ കമ്മീഷൻ രൂപീകരിക്കപ്പെട്ടു. 247 ശുപാർശകൾ കമ്മീഷൻ മുന്നോട്ട് വച്ചെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ അഴിച്ചുപണിയുണ്ടായില്ല. കേന്ദ്ര അവഗണനയ്ക്കെതിരായി വലിയ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിന് കേരളത്തിൽ നാം പരിശ്രമിച്ചിരുന്നു. നമ്മുടെ നാടിന്റെ വികസനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം നേടുന്നതിനുള്ള സമരങ്ങൾ നമ്മുടെ വികസന ഇടപെടലിലെ മറ്റൊരു തലമാണ്. അത് ഇന്നും തുടരുകയും ചെയ്യുന്നു. 1967 ലെ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവും തുടർന്ന് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തിയ മിച്ചഭൂമി സമരവും കാർഷിക രംഗത്തെ ഇടപെടലിന്റെ ഒരു ഘട്ടം പൂർത്തിയാക്കി.

### ക്ഷേമപ്രവർത്തനങ്ങളും നമ്മുടെ ഇടപെടലും

1.9 1980 ൽ അധികാരത്തിൽ വന്ന എൽ ഡി എഫ് സർക്കാരിന്റെ നേതൃത്വത്തിലാണ് ക്ഷേമപദ്ധതിയുടെ രംഗത്ത് പുതിയ കാൽവയ്പ്പ് എന്ന നിലയിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയത്. തുടർന്ന് എല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധിയും പെൻഷനും എന്ന നിലയിലേക്ക് തുടർന്നുവന്ന ഇടതുപക്ഷ സർക്കാരുകൾ നടപടികൾ കൈക്കൊണ്ടു. മാവേലി സ്റ്റോർ പോലുള്ള സംവിധാനങ്ങളിലൂടെ വിപണിയിൽ സർക്കാർ ഇടപെടുന്നതിന്റെ മറ്റൊരു മുഖവും ജനജീവിതത്തിൽ ആശ്വാസം പകർന്നു. ചരിത്രപരമായ കാരണങ്ങളാൽ പിന്തള്ളപ്പെട്ടുപോയ വിഭാഗങ്ങളിൽ അക്ഷരത്തിന്റെ വെളിച്ചമെത്തിക്കുന്നതിനുള്ള സമ്പൂർണ്ണ സാക്ഷരതാ പരിപാടികൾക്ക് ഈ ഘട്ടത്തിൽ എൽ ഡി എഫ് സർക്കാർ നേതൃത്വം നല്കി. ചുരുക്കത്തിൽ, ക്ഷേമപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഇടപെടലായിരുന്നു 1980 കൾക്ക് ശേഷം ഭരണത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകൾ നടത്തിയത്. ഇത്തരം നയപരിപാടികളെ തുരങ്കംവയ്ക്കുന്ന പ്രവർത്തനങ്ങൾ യു ഡി എഫ് സർക്കാർ സ്വീകരിച്ച ഘട്ടത്തിൽ അവയെ ചെറുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും പാർട്ടി ഈ കാലയളവിൽ നേതൃത്വം നല്കി.

### ആഗോളവല്ക്കരണകാലത്തെ വികസന നയം

1.10 സംസ്ഥാനത്തിന്റെ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി അർഹമായ വിഹിതത്തിനു വേണ്ടിയിട്ടുള്ള പ്രക്ഷോഭങ്ങൾ ഉയരുന്ന ഘട്ടത്തിലാണ് 1990 കളിൽ ആഗോളവല്ക്കരണ, സ്വകാര്യവല്ക്കരണ സാമ്പത്തിക നയങ്ങൾ കേന്ദ്ര കോൺഗ്രസ് ഗവൺമെന്റ് നടപ്പാക്കാനാരംഭിച്ചത്. അത്തരം നയങ്ങൾ ശക്തിപ്രാപിച്ചതോടെ കേരള വികസനത്തിനും പുതിയ വെല്ലുവിളികൾ അഭിമുഖീക രിക്കേണ്ടി വന്നു. കേരളത്തിൽ സ്വീകരിച്ചുവന്ന പൊതു സംവിധാനങ്ങളിലും പുനർവിതരണത്തിലും ഊന്നിക്കൊണ്ടുള്ള വികസനത്തിന് വലിയ വെല്ലുവിളിയാണ് നേരിടേണ്ടിവന്നത്. നമ്മുടെ ചില ദൗർബല്യങ്ങൾ തിരുത്തിക്കൊണ്ട് മാത്രമേ ഈ സ്ഥിതിവിശേഷത്തെ നേരിടാൻ കഴിയൂ. ഈ ഘട്ടത്തിലാണ് 1994 ൽ എ കെ ജി പഠന ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേരള വികസനത്തെ സംബന്ധിച്ചുള്ള വിപുലമായ ചർച്ച സംഘടിപ്പിച്ചത്. ഇത്തരത്തിൽ നാല് പഠന കോൺഗ്രസുകൾ നടന്നിട്ടുണ്ട്. ഇതിലെ സംവാദങ്ങളിലൂടെ വിപുലമായ സ്വീകാര്യതയും പൊതു അംഗീകാരവുമുള്ള വികസന പരിപാടികൾ കാലാകാലങ്ങളിൽ രൂപപ്പെടുത്തുന്നതിനും കമ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. 1996 ലെ ജനകീയാസൂത്രണ പദ്ധതി ഇതിന്റെ കൂടി ഫലമായി രൂപപ്പെട്ടതാണ്.

### കാലോചിതമായി പുതുക്കിയ പാർട്ടി പരിപാടിയിലെ കാഴ്ചപ്പാടും തുടർച്ചയായ ഇടപെടലുകളും

1.11 പാർട്ടിയുടെ വികസന കാഴ്ചപ്പാട് പാർട്ടി അംഗീകരിച്ച പാർട്ടി പരിപാടിയിൽ അധിഷ്ഠിതമാണ്. 2000 ൽ പാർട്ടി പരിപാടി കാലോചിതമായി പരിഷ്കരിക്കപ്പെട്ടപ്പോൾ കേരളം, ബംഗാൾ, ത്രിപുര എന്നീ സംസ്ഥാന സർക്കാരുകളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മൾ പങ്കാളിയാകുന്ന സർക്കാരുകൾക്ക് ഇന്ത്യൻ വിപ്ലവ പ്രക്രിയയിലുള്ള പങ്ക് പാർട്ടി പരിപാടി ഇപ്രകാരമാണ് വ്യക്തമാക്കിയത്. "ഇന്നത്തെ ഭരണാധികാരി വർഗ്ഗങ്ങളെ മാറ്റി തൽസ്ഥാനത്ത് തൊഴിലാളി-കർഷക സഖ്യത്തിന്മേൽ

പടുത്തുയർത്തിയ ഒരു പുതിയ ജനാധിപത്യ ഭരണകൂടവും ഗവൺമെന്റും സ്ഥാപിക്കുകയെന്ന കടമ ജനങ്ങളുടെ മുമ്പാകെ ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ ജനങ്ങൾക്ക് ആശ്വാസം നല്കുകയും നിലവിലുള്ള പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ബദൽ നയങ്ങൾ നടപ്പാക്കുകയും ചെയ്യുന്ന പരിപാടി നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ ഗവൺമെന്റുകൾ നിലവിൽവരുത്താൻ പറ്റുന്ന എല്ലാ സന്ദർഭങ്ങളേയും പാർട്ടി ഉപയോഗപ്പെടുത്തും. അത്തരം ഗവൺമെന്റുകളുടെ രൂപീകരണം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിപ്ലവ പ്രസ്ഥാനത്തിന് ഉത്തേജനം നല്കുകയും ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുകയെന്ന പ്രക്രിയയെ സഹായിക്കുകയും ചെയ്യുന്നു. പക്ഷേ, ഒരു രീതിയിലും അത് രാഷ്ട്രത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങൾ അടിസ്ഥാനപരമായി പരിഹരിക്കുകയില്ല. അതുകൊണ്ട് മൂർത്തമായ സാഹചര്യങ്ങൾക്കനുസൃതമായി സംസ്ഥാനങ്ങളിലോ, കേന്ദ്രത്തിലോ ഇത്തരം ഗവൺമെന്റുകൾ രൂപീകരിക്കാനുള്ള അവസരങ്ങൾ ഉപയോഗിക്കവെ തന്നെ വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ബൂർഷ്വാ-ഭൂപ്രഭു ഭരണകൂടത്തെയും ഗവൺമെന്റിനേയും മാറ്റേണ്ടതിന്റെ ആവശ്യം പാർട്ടി തുടർന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുകയും അങ്ങനെ ബഹുജന പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. പാർട്ടി പരിപാടി മുന്നോട്ടുവെച്ച, മേൽ വിവരിച്ച കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ടുള്ള കാലോചിതമായ ഇടപെടലുകളാണ് തുടർന്ന് പാർട്ടി നടത്തിയത്.

### നയപരമായ പ്രശ്നങ്ങൾ
### പതിനെട്ടാം പാർട്ടി കോൺഗ്രസ്

1.12 പതിനെട്ടാം പാർട്ടി കോൺഗ്രസ് നയപരമായ പ്രശ്നങ്ങൾ" എന്ന രേഖ അംഗീകരിക്കുകയുണ്ടായി. നവലിബറൽ നയങ്ങളെ തുറന്നെതിർക്കുമ്പോൾതന്നെ അവയുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം ഈ രേഖ എടുത്തുപറഞ്ഞു. ഈ പശ്ചാത്തലത്തിലാണ് 2007 മാർച്ച് 9, 10 തീയതികളിൽ ചേർന്ന സംസ്ഥാന കമ്മിറ്റി കേരളത്തിന്റെ വികസനാനുഭവങ്ങളും വർത്തമാനകാല പരിപാടിയും എന്ന രേഖ അംഗീകരിച്ചത്. അധികാര വികേന്ദ്രീകരണത്തെയും വികസനത്തേയും എങ്ങനെ സമീപിക്കണമെന്ന പ്രശ്നവും ഇക്കാലത്ത് ഉയർന്നുവരികയുണ്ടായി. ആ ഘട്ടത്തിലാണ് നമ്മുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന ജനകീയാസൂത്രണവും പാർട്ടിയും എന്ന രേഖ സംസ്ഥാന കമ്മിറ്റി അംഗീകരിച്ചത്.

### പത്തൊമ്പതാം പാർട്ടി കോൺഗ്രസ്

1.13 2008 മാർച്ച് 29 മുതൽ ഏപ്രിൽ 3 വരെ കോയമ്പത്തൂരിൽ ചേർന്ന 19ാം പാർട്ടി കോൺഗ്രസ് കേരളം, ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഇടതുപക്ഷ നേതൃത്വത്തിൽ ഭരണത്തിലുണ്ടായിരുന്ന ഗവൺമെന്റുകളുടെ അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള ഒരു രേഖ അംഗീകരിക്കുകയുണ്ടായി. പശ്ചിമ ബംഗാളിലും കേരളത്തിലും ത്രിപുരയിലും പാർട്ടി അടിത്തറയും സ്വാധീനവും വിപുലപ്പെടുത്തുന്ന കാര്യത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റുകൾ സുപ്രധാനമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. പാർട്ടിയുടെ നയങ്ങളും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയവും അഖിലേന്ത്യാ തലത്തിൽ ഉയർത്തിപ്പിടിക്കുന്നതിൽ വലിയ സംഭാവന നല്കിയത് ഈ അടിത്തറയാണ്. ഈ മൂന്ന് സംസ്ഥാനങ്ങളിലേയും പ്രസ്ഥാനങ്ങൾ അഖിലേന്ത്യാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഉദാരവല്ക്കരണഘട്ടം ആരംഭിച്ചതിനുശേഷം ഇടതുപക്ഷ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ കടുത്ത ഞെരുക്കത്തോടു കൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്കനുകൂലമായ നയങ്ങൾ പിന്തുടരാനും, ജനങ്ങളുടെ മിനിമം ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നടപടികൾ കൈക്കൊള്ളാനും ഗവൺമെന്റിനെ സഹായിക്കുന്നവിധത്തിലും അതേ അവസരത്തിൽ ത്തന്നെ ദേശീയ തലത്തിൽ ബദൽ നയങ്ങൾ ഉയർത്തിപ്പിടിക്കാനും പാർട്ടിയെ സഹായിക്കുന്നവിധത്തിലുള്ള മാർഗ്ഗങ്ങൾ പാർട്ടി നിരന്തരം ആവിഷ്കരിച്ചുകൊണ്ടിരിക്കണം. ഇടതുപക്ഷ നേതൃത്വത്തിലുള്ള ഗവൺമെന്റുകളെ സംരക്ഷിക്കുകയെന്നത് പാർട്ടിയുടേയും ഇടതുപക്ഷ ജനാധിപത്യ ശക്തികളുടേയും ദേശീയ അജണ്ടയുടെ അവിഭാജ്യ ഭാഗമാണ്. ഇതിന്റെ തുടർച്ചയായി 2008 ആഗസ്ത് 7 മുതൽ 9 വരെ ചേർന്ന സംസ്ഥാന കമ്മിറ്റി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ: ഒരു ഇടക്കാല വിലയിരുത്തലും മാർഗ്ഗ നിർദ്ദേശങ്ങളും എന്ന രേഖ അംഗീകരിച്ചു. കേരളത്തിലെ ഇടതുപക്ഷ സർക്കാർ വിവിധ മേഖലകളിൽ ബദൽ നയങ്ങൾ എത്രത്തോളം പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞുവെന്നുമുള്ള കാര്യമാണ് ഈ രേഖ പ്രധാനമായും പരിശോധിച്ചത്.

1.14 2009 ആഗസ്ത് 17, 18 തീയതികളിൽ ചേർന്ന സംസ്ഥാന കമ്മിറ്റി എൽ ഡി എഫ് സർക്കാരിനൊരു കർമ്മ പരിപാടി എന്ന രേഖ അംഗീകരിച്ചു. അക്കാലത്ത് ഒരോ മേഖലയിലും ഉയർത്തിക്കൊണ്ടുവരേണ്ട ബദൽ നയങ്ങളെക്കുറിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളാണ് അതിൽ മുന്നോട്ട് വെച്ചത്. 2009 ഒക്ടോബർ 7, 8 തീയതികളിൽ ചേർന്ന സംസ്ഥാന കമ്മിറ്റി പ്രാദേശിക സർക്കാരിനൊരു കർമ്മ പദ്ധതി" എന്ന രേഖ

അംഗീകരിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നല്കുന്നതായിരുന്നു ഈ രേഖ.

1.15 പാർട്ടിയുടെ നേതൃത്വത്തിൽ 2016 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽവന്നതിനുശേഷം സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് 2017 മാർച്ച് 25, 26 തീയതികളിൽ ചേർന്ന സംസ്ഥാന കമ്മിറ്റി "എൽ ഡി എഫ് സർക്കാരിന്റെ പ്രവർത്തനം: ഒരു വിലയിരുത്തൽ' എന്ന രേഖ അംഗീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റ് ഒരു വർഷം കഴിഞ്ഞ ഘട്ടത്തിലുള്ള പരിശോധനയാണ് ഈ രേഖ നടത്തിയത്. പ്രകടന പത്രിക മുന്നോട്ടുവെച്ച കാഴ്ചപ്പാട് എത്രത്തോളം നടപ്പിലാക്കിയെന്ന് ഈ രേഖ വിലയിരുത്തി. തുടർന്ന് 2019 ആഗസ്ത് മാസം ചേർന്ന സംസ്ഥാന കമ്മിറ്റി നേരത്തെയെടുത്ത തീരുമാനങ്ങൾ എത്രത്തോളം സർക്കാർ നടപ്പാക്കിയെന്ന് പരിശോധിച്ചുകൊണ്ട് "സംസ്ഥാന സർക്കാരും പാർട്ടിയും" എന്ന രേഖ അംഗീകരിച്ചു.

1.16 1957 ലും 67 ലും 80 ലും 87 ലും 96 ലും 2006 ലും ഭരണത്തിൽ എത്തിയ ഇടതുപക്ഷ ഗവൺമെന്റുകൾക്ക് തുടർഭരണം ലഭിച്ചിരുന്നില്ല. ഇടതുപക്ഷ ഗവൺമെന്റുകളെ അട്ടിമറിച്ചും തുടർഭരണം തടഞ്ഞും ഭരണത്തിലെത്തുകയായിരുന്നു ഈ ഘട്ടത്തിൽ വലതുപക്ഷ സർക്കാരുകൾ. ഈ സർക്കാരുകളാവട്ടെ ഇടതുപക്ഷ ഗവൺമെന്റുകൾ നടപ്പിലാക്കിയ ഭൂപരിഷ്കരണം അടക്കമുള്ള പുരോഗമനപരവും ജനാധിപത്യപരവും ജനക്ഷേമകരവുമായ നടപടികളെ ദുർബ്ബലപ്പെടുത്താനും ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കാനും ശ്രമിച്ചു. ഇടതുപക്ഷ ഗവൺമെന്റുകൾ ആരംഭിച്ച എല്ലാ വികസന പ്രവർത്തനങ്ങളെയും വലതുപക്ഷ സർക്കാരുകൾ അട്ടിമറിക്കുന്നതിന് പരിശ്രമിച്ചു. വലതുപക്ഷ സർക്കാരുകളുടെ വികസന വിരുദ്ധവും ജനവിരുദ്ധവുമായ നടപടികൾക്കെതിരെ നമ്മുടെ പാർട്ടിയുടെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ നടന്നു. ഈ സമരങ്ങൾ ജനവിരുദ്ധ നയങ്ങളെ തടയുന്നതിനോടൊപ്പം ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ടുവരാനും ശ്രമിച്ചു.

1.17 ഇന്ന് രാജ്യത്തെ സ്ഥിതിഗതികളിലാവട്ടെ വലിയ മാറ്റങ്ങൾ വന്നിരിക്കുകയാണ്. മോദി സർക്കാർ, കോൺഗ്രസ് തുടങ്ങിവെച്ച നവഉദാരവല്ക്കരണ സാമ്പത്തിക നയങ്ങൾ നിർദ്ദാക്ഷിണ്യം നടപ്പിലാക്കുകയാണ്. ഈ നയങ്ങളോടുള്ള എതിർപ്പിൽ നിന്ന് ജനശ്രദ്ധ തിരിക്കാനും ജനങ്ങളെ ഭിന്നിപ്പിക്കുന്നതിനും അത് ഉപയോഗിച്ച് രാഷ്ട്രീയാധികാരം നിലനിർത്തുന്നതിനും വർഗ്ഗീയതയെ ഉപയോഗപ്പെടുത്തുകയാണ് മോദി സർക്കാർ. കോർപ്പറേറ്റ് വർഗ്ഗീയ കൂട്ടുകെട്ടിന്റെ അമിതാധികാര വാഴ്ചയാണ് ഇന്ത്യയിൽ നടക്കുന്നത്. ജനാധിപത്യ സംവിധാനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, മതനിരപേക്ഷത, ഫെഡറലിസം എന്നിവയെല്ലാം കടുത്ത ഭീഷണി നേരിടുകയാണ്.

1.18 ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷത്തിന് ഭരണം നഷ്ടമായി. മറ്റ് സംസ്ഥാനങ്ങളിലും ഇടതുപക്ഷം കൂടുതൽ ദുർബ്ബലമായി. ദേശീയ തലത്തിലുള്ള നമ്മുടെ ഇടപെടൽ ശേഷി ഇക്കാരണത്താൽ ദുർബ്ബലമാകുന്നു. ഇത്തരമൊരു അഖിലേന്ത്യാ സാഹചര്യത്തിലാണ് തുടർഭരണത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ഭാവി വികസന നയങ്ങളെക്കുറിച്ച് ഈ രേഖ പരിശോധിക്കുന്നത്. 20162021 കാലത്ത് കേരളം കൈവരിച്ച നേട്ടങ്ങളെന്തെല്ലാമെന്ന് വിലയിരുത്തുന്നത് ഭാവി വികസന നയം രൂപീകരിക്കുന്നതിന് സഹായിക്കും.

## കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകൾ

2.1 ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016 ൽ ഭരണത്തിലെത്തിയത് ബി ജെ പിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഭരണത്തിനെതിരെയും കേരളത്തിലെ യു ഡി എഫ് സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കുമെതിരെയും ശക്തമായ പോരാട്ടം നടത്തിയതിന്റെ കൂടി ഫലമായിട്ടാണ്. യു ഡി എഫ് സർക്കാർ നടപ്പിലാക്കിയ ആഗോളവല്ക്കരണ നയങ്ങൾ കേരളത്തിന്റെ സമസ്ത മേഖലകളേയും ദുർബ്ബലപ്പെടുത്തി. സാമൂഹ്യ സുരക്ഷാ പദ്ധതികൾ അട്ടിമറിക്കപ്പെട്ടു. ക്രമസമാധാനം താറുമാറായി. വർഗ്ഗീയശക്തികളുമായി സർക്കാർ കൈകോർത്തുനില്ക്കുന്ന സ്ഥിതിവിശഷവും ഉണ്ടായി. അഴിമതി വ്യാപകമായി.

2.2 കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഇത്തരം നയങ്ങൾക്കെതിരെ സംസ്ഥാനത്ത് ശക്തമായ പ്രക്ഷോഭം പാർട്ടിയുടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും നേതൃത്വത്തിൽ കേരളത്തിൽ നടന്നു. സോളാർ തട്ടിപ്പ് പ്രശ്നത്തിൽ നടത്തിയ പ്രക്ഷോഭം സവിശേഷമായ ശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് യു ഡി എഫ് സർക്കാരിന് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ടിവന്നതും ആ റിപ്പോർട്ട് അവർക്കെതിരായി തീരുന്ന സാഹചര്യവും ഉണ്ടായത്. വർഗ്ഗീയശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനങ്ങൾക്കെതിരെയും ശക്തമായ നിലപാട് സ്വീകരിച്ച് പോരാട്ടം സംഘടിപ്പിക്കാനും നമുക്ക് കഴിഞ്ഞു.

2.3 ഓരോ ജനവിഭാഗങ്ങളും അവരുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള ശക്തമായ സമരങ്ങൾ ഈ കാലയളവിൽ സംഘടിപ്പിച്ചു. അത്തരം പ്രക്ഷോഭങ്ങളെ ചോരയിൽ മുക്കിക്കൊല്ലുന്നതിനുള്ള പരിശ്രമമാണ് യു ഡി എഫ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. അതിനെയെല്ലാം നേരിട്ടുകൊണ്ടുള്ള പ്രക്ഷോഭ പ്രവർത്തനങ്ങൾ കേരളത്തിലേറെ ചർച്ച ചെയ്യപ്പെടുന്ന സ്ഥിതിയു

ണ്ടായി. അങ്ങനെ ജനകീയമായ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രക്ഷോഭ പരിപാടികളാൽ മുഖരിതമായിരുന്നു അക്കാലത്തെ കേരളത്തിന്റെ പൊതുമണ്ഡലം.

### നാം മുന്നോട്ടുവച്ച കാഴ്ചപ്പാട്

2.4 ഈ ഘട്ടത്തിൽ ആഗോളവല്ക്കരണ നയങ്ങൾക്ക് ബദൽ മുന്നോട്ടുവച്ചുകൊണ്ടും കേരള വികസനത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനും സഹായകമായ ഒരു കാഴ്ചപ്പാട് നാം അവതരിപ്പിച്ചു. ജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ട് ജനാധിപത്യപരമായി രൂപീകരിച്ച പ്രകടനപത്രിക വലിയ അംഗീകാരം നേടി. "വേണം നമുക്കൊരു പുതുകേരളം, മതനിരപേക്ഷ, അഴിമതി രഹിത, വികസിത കേരളം' എന്ന മുദ്രാവാക്യമായിരുന്നു അതിൽ അവതരിപ്പിച്ചത്. കേരളത്തിന്റെ വികസന ദൗർബല്യങ്ങൾ അക്കമിട്ട് രേഖപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള കാഴ്ചപ്പാടുകളായിരുന്നു അത് മുന്നോട്ടുവച്ചത്. പ്രകടനപത്രികയുടെ ആമുഖം ഇക്കാര്യം എടുത്തുപറയുകയും ചെയ്തു.

വേണം നമുക്കൊരു പുതുകേരളം. അഭ്യസ്ത വിദ്യരായ യുവ തലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള തൊഴിലവസരങ്ങൾ ഉറപ്പുനല്കുന്ന സംസ്ഥാനമാവണം കേരളം. അതിനായി പുതിയ വ്യവസായങ്ങളും ആധുനിക കൃഷിയും അതിവേഗത്തിൽ വളരണം. പക്ഷേ, അതോടൊപ്പം ഇന്ന് നമ്മുടെ പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ്ണസാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തണം. കേരളത്തിലെ മതനിരപേക്ഷ, ജനാധിപത്യ പൗരബോധത്തിന്റെ അടിത്തറയായ പൊതുവിദ്യാഭ്യാസാദി പൊതുസംവിധാനങ്ങൾ സംരക്ഷിക്കുകയും ഗുണനിലവാരം ഉയർത്തുകയും വേണം. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാകണം. മതനിരപേക്ഷ കേരളം, അഴിമതിരഹിത കേരളം, വികസിത കേരളം ഇവയാണ് നമ്മുടെ മുദ്രാവാക്യങ്ങൾ.

2.5 പ്രകടനപത്രിക മുന്നോട്ടുവച്ച ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ 35 ഇന കർമ്മപദ്ധതിയും 600 ഇന പ്രവർത്തന പദ്ധതിയും മുന്നോട്ടുവച്ചു. പ്രവർത്തന പദ്ധതികളിൽ 20 എണ്ണം ഒഴിച്ച് ബാക്കിയെല്ലാം പൂർത്തീകരിക്കാനും ഓരോ വർഷവും പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന പുതിയ ജനാധിപത്യ സംസ്കാരത്തിനു രൂപം നല്കാനും കഴിഞ്ഞു. സംസ്ഥാനം നേരിടുന്ന പൊതുവായ പ്രശ്നങ്ങളിൽ സർവ്വകക്ഷിയോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ച ചെയ്യുന്ന രീതിയും ആവിഷ്കരിച്ചു.

2.6 പ്രകടനപത്രികയ്ക്ക് പുറമെ അതാത് കാലഘട്ടത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെ മനസ്സിലാക്കി ഇടപെടുന്നതിനും സർക്കാർ ശ്രദ്ധിച്ചു. പ്രളയത്തിന്റെയും കോവിഡിന്റെയും ഭീഷണിയെ, കേരള ജനതയെ ഒറ്റക്കെട്ടാക്കി അണിനിരത്തി നേരിടുന്ന കർമ്മപദ്ധതികളും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി. വർഗ്ഗീയ ശക്തികളുടെ തെറ്റായ ഇടപെടലുകളെയെല്ലാം നിയന്ത്രിച്ച് നിർത്താനും കേരളത്തിന്റെ ജനാധിപത്യ സംസ്കാരത്തെ കരുത്തോടെ മുന്നോട്ടു കൊണ്ടുപോകുന്നതിനും ഈ കാലയളവിൽ സാദ്ധ്യമായി. കേന്ദ്രസർക്കാർ ആസൂത്രണ സംവിധാനം തന്നെ ഉപേക്ഷിച്ചപ്പോൾ അതിൽ നിന്നും വ്യത്യസ്തമായി ആസൂത്രണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ബദൽ നയങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. അതിന്റെ ഭാഗമായി പ്ലാനിങ് ബോർഡ് ശക്തിപ്പെടുത്തി വികസനത്തെ ജനപക്ഷത്ത് ഉറപ്പിച്ച് നിർത്തുന്നതിനുള്ള നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

2.7 ഭരണപരമായ നേട്ടങ്ങൾ മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ മനോഭാവത്തിലും മാറ്റമുണ്ടാക്കാൻ സർക്കാരിന് സാദ്ധ്യമായി. ഒന്നും കേരളത്തിൽ നടക്കില്ലായെന്ന കാഴ്ചപ്പാട് തിരുത്തിക്കൊണ്ട് പലതും സാദ്ധ്യമാണെന്ന ആത്മവിശ്വാസം കേരള ജനതയ്ക്ക് അത് ഉണ്ടാക്കി. സംരംഭകരിൽ ഉൾപ്പെടെ അത്തരമൊരു ബോധം വളർത്തിയെടുക്കാൻ കഴിഞ്ഞു. ഇത്തരം ഇടപെടലുകൾ ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസം സൃഷ്ടിച്ചു.

### കാഴ്ചപ്പാടുകൾക്ക് മാറ്റമുണ്ടായി

2.8 ഇടതുപക്ഷ സർക്കാരുകൾ ക്ഷേമപദ്ധതികൾ മാത്രം നടപ്പിലാക്കുകയും അടിസ്ഥാന വികസനം അവഗണിക്കുകയും ചെയ്യുന്നു എന്ന വിമർശനമായിരുന്നു വലതുപക്ഷം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചത്. എന്നാൽ പശ്ചാത്തല സൗകര്യ വികസന കാര്യത്തിൽ സർക്കാർ കാണിച്ച ശുഷ്കാന്തി ഇത്തരം വിമർശനങ്ങൾ ഉയർത്താൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടാക്കി.

### കാർഷികമേഖല

2.9 ഉല്പാദനക്ഷമത, വരുമാനം, സുസ്ഥിരത എന്നിവയിൽ ഊന്നിനിന്നു കൊണ്ടുള്ള വികസന നയമാണ് കാർഷിക മേഖലയിൽ സർക്കാർ സ്വീകരിച്ചത്. കാർഷികമേഖലയിലെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനും സുഭിക്ഷ കേരളം'പദ്ധതി കൊണ്ടുവന്നു. നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദനം വൻതോതിൽ വർദ്ധിച്ചു. നെൽകൃഷിയുടെ വിസ്തൃതി 1.7 ലക്ഷം ഹെക്ടറിൽനിന്ന് 2.23 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. ഉല്പാദനക്ഷമത ഹെക്ടറിന് 2.56 ടൺ ആയിരുന്നത് 2.98 ടണ്ണായി വർദ്ധിപ്പിക്കാനായി. നെൽകൃഷിക്ക് റോയൽറ്റി പ്രഖ്യാപിച്ചു. നെല്ല്, നാളികേരം

തുടങ്ങിയവയുടെ സംഭരണ വില ഉയർത്തിയതോടൊപ്പം 14 ഇനം പച്ചക്കറികൾക്ക് തറവില പ്രാബല്യത്തിൽ വരുത്തി. പച്ചക്കറി ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 15 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചു. പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിലും ശ്രദ്ധേയമായ മുന്നേറ്റം സ്ഥാപിക്കാനായി. കർഷകരുടെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമായ പട്ടയ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിലും ഈ സർക്കാരിന് ഏറെ മുന്നോട്ടു പോകാനായി. 1,90,825 പട്ടയങ്ങൾ ഈ കാലയളവിൽ വിതരണം ചെയ്യുന്നതിന് കഴിഞ്ഞു.

### വ്യവസായം

2.10 പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ സ്വകാര്യനിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും പരിശ്രമിച്ചു. നോക്കുകൂലി ഇല്ലാതാക്കുന്നതിനും വ്യവസായങ്ങളുടെ നടത്തിപ്പിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയതിലൂടെ സംരംഭകർക്ക് നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും തടസ്സങ്ങൾ ഇല്ലാതാക്കാനും സർക്കാർ ഇടപെട്ടു. സ്റ്റാർട്ടപ്പുകൾ വൻതോതിൽ പ്രോത്സാഹിപ്പിക്കുന്ന നില സ്വീകരിച്ചു. ഇത്തരത്തിൽ വ്യവസായ മേഖലയെ ഊർജ്ജസ്വലമാക്കുന്നതിനുള്ള നടപടികൾക്കും ഈ കാലയളവിൽ സാദ്ധ്യമായി.

2.11 നിസ്സാൻ, ടോറസ്, ടെക് മഹീന്ദ്ര, ടെറാ നെറ്റ് പോലുള്ള കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറായി മുന്നോട്ടുവന്നു. 428 വ്യവസായ സംരംഭക യൂണിറ്റുകളിലായി 1,002.14 കോടി രൂപയുടെ നിക്ഷേപം കിൻഫ്രയിൽ ഉണ്ടായി. ഐ ടി മേഖലയിൽ വലിയ കുതിപ്പാണ് കാണാനായത്. 300 സ്റ്റാർട്ടപ്പുകൾ പ്രവർത്തിച്ചിരുന്നിടത്ത് ഇന്നിപ്പോൾ 3900 ആയി വർദ്ധിപ്പിക്കാനായി. ഇതിലൂടെ 32,000 പേർക്ക് തൊഴിൽ ലഭിച്ചു. സ്റ്റാർട്ടപ്പുകളുടെ നിക്ഷേപം 1200 കോടി രൂപയായി വർദ്ധിച്ചു. കോർപ്പസ് ഫണ്ടിനത്തിൽ 739 കോടി രൂപ ലഭ്യമായി. സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക ഇളവുകൾ നല്കുന്നതിന് എൽ ഡി എഫ് സർക്കാർ തയ്യാറായി. സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ കേരളം മികച്ച സംസ്ഥാനം എന്ന പദവി നേടി. 2016 ൽ 13,727 ആയിരുന്ന എം എസ് എം ഇകളുടെ എണ്ണം 202021 ൽ 64,879 ആയി

2.12 എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം ഐ ടി പാർക്കുകളിൽ 292 പുതിയ കമ്പനികൾ കൂടുതലായി വന്നു. ഐ ടി പാർക്കുകളിൽ 102.7 ലക്ഷം ചതുരശ്ര അടി സ്ഥലസൗകര്യം വർദ്ധിച്ചു. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിന്റെയും നാലാം ഘട്ടത്തിന്റെയും വികസനം സാദ്ധ്യമാക്കാനും കഴിഞ്ഞു. ഐ ടി പാർക്കുകളിൽ ഒരു കോടി ചതുരശ്ര അടി സ്ഥലസൗകര്യമേർപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ലക്ഷ്യത്തോടടുക്കുകയാണ്. സൈബർ പാർക്കിന്റെ ആദ്യ ഐ ടി കെട്ടിടം 'സഹ്യ' പ്രവർത്തനം ആരംഭിക്കാനുമായി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (IIITM) ന്റെ ആദ്യഘട്ടം ക്യാമ്പസ് തിരുവനന്തപുരത്ത് തുടങ്ങുന്നതിനും സാധിച്ചു. 'കൊക്കോണിക്സ്' എന്ന പേരിൽ കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ് വിപണിയിലിറക്കി. സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിക്കൊണ്ട് 'കെഫോൺ പദ്ധതി അന്തിമഘട്ടത്തിലാണ്. പാവപ്പെട്ടവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്ന കെഫോൺ പദ്ധതിയിലൂടെ എല്ലാവർക്കും അതിവേഗ ഇന്റർനെറ്റ് എന്ന ലക്ഷ്യത്തിലേക്ക് നാം അടുക്കുകയാണ്. ഇന്റർനെറ്റ് അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുന്ന ലോകത്തിലെ ഏക പ്രദേശമായി കേരളം മാറും.

### വിദ്യാഭ്യാസം

2.13 സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിനുള്ള ശക്തമായ ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. 6.8 ലക്ഷം കുട്ടികൾ പൊതുവിദ്യാഭ്യാസത്തിൽ അധികമായി എത്തിച്ചേർന്നു. 141 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി. 4,752 സ്കൂളുകളിൽ ഐ ടി സംവിധാനം കൊണ്ടുവന്നു. 14,000 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി. 45,000 ക്ലാസ്സുറികൾ ഹൈടെക്കാക്കി മാറ്റി. 11,272 പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക്ലാബ് പദ്ധതി കൊണ്ടുവന്നു. സ്കൂളുകളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി 395 സ്കൂളുകൾക്ക് മൂന്നുകോടിരൂപ വീതവും 444 സ്കൂളുകൾക്ക് ഒരു കോടിരൂപ വീതവും നല്കുന്ന പദ്ധതി കൊണ്ടുവന്നു. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഒരുകോടി രൂപവരെ വികസനത്തിനായി ഉപയോഗപ്പെടുത്തുമ്പോൾ അത്ര തന്നെ തുക സർക്കാർ നല്കുന്ന ചലഞ്ച് ഫണ്ട് കൊണ്ടുവന്നു.

2.14 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 1,19,054 ലാപ്ടോപ്പ്, 69,943 പ്രൊജക്ടർ, 4,578 ഡി എസ് എൽ ആർ ക്യാമറ, 4,545 ടി വി, 4,611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23,098 സ്ക്രീൻ, 4,720 വെബ്ക്യാം, 1,00,472 യു എസ് ബി സ്പീക്കർ, 43,250 മൗണ്ടിങ്കിറ്റ് തുടങ്ങിയവ വിതരണംചെയ്തു. ഇത്തരം നടപടികളിലൂടെ നീതി ആയോഗിന്റെ വിലയിരുത്തലിൽ വിദ്യാഭ്യാസ ഗുണനിലവാരം അളക്കുന്ന സ്കൂൾ എജ്യുക്കേഷൻ ക്വാളിറ്റി ഇന്റെക്സിൽ കേരളത്തിന് ഒന്നാം സ്ഥാനം നേടാനുമായി.

## ആരോഗ്യം

2.15 സർക്കാർ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നയപരിപാടികൾ നടപ്പിലാക്കി. താഴെത്തട്ടിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളെ ശക്തിപ്പെടുത്തി ഗ്രാമീണ മേഖലയിലെ ചികിത്സാ സംവിധാനം ഉറപ്പുവരുത്തി. 886 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ആർദ്രം പദ്ധതിവഴി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി. താലൂക്ക് ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞു. ഇവിടങ്ങളിൽ 44 ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചു.

2.16 എട്ട് സർക്കാർ മെഡിക്കൽ കോളേജുകളുടെ ഒ പി വിഭാഗം രോഗീസൗഹൃദമാക്കി. കിഫ്ബിയുടെ സഹായത്തോടെ മെഡിക്കൽ കോളേജുകളിൽ കാത്ത്ലാബുകളും സിസിയുവും സ്ഥാപിച്ചു. മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2,302 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കി. ഇത്തരം ഇടപെടലുകളിലൂടെ സർക്കാർ സംവിധാനം 38 ശതമാനം ജനങ്ങൾ ഉപയോഗിക്കുന്നതിൽനിന്ന് വ്യത്യസ്തമായി 48 ശതമാനമായി വർദ്ധിക്കുന്ന നിലയുണ്ടായി. കോവിഡ് കാലത്ത് സൗജന്യമായി നല്കിയ ചികിത്സ ഭൂരിപക്ഷം ജനതയുടെയും അത്താണിയായി സർക്കാർ സ്ഥാപനങ്ങളെ മാറ്റി. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് ഇക്കാര്യത്തിൽ ഒരു സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്താനും ഈ കാലയളവിൽ കഴിഞ്ഞു.

## പാർപ്പിടം

2.17 സ്വന്തമായൊരു വീട് എന്ന സ്വപ്നം ഏതു ജനതയുടെയും ആഗ്രഹങ്ങളിലൊന്നാണ്. ഈ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് വേണ്ടിയാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 2,77,045 വീടുകൾ നമുക്ക് നല്കാനായിട്ടുണ്ട്. ഒരു വീട്ടിൽ നാലുപേർ എന്ന് കണക്കിലെടുത്താൽ 11 ലക്ഷം ആളുകൾക്കാണ് ഇതിന്റെ നേട്ടമുണ്ടായത് എന്ന് കാണേണ്ടതുണ്ട്.

9 ലക്ഷത്തോളം അപേക്ഷകൾ പുതുതായി വന്നിട്ടുണ്ട്. ഇവ പരിശോധിച്ച് അർഹരായവർക്ക് വീടുകൾ നല്കുന്ന നടപടി പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം ആരംഭിച്ചിട്ടുണ്ട്.

## പൊതുവിതരണം

2.18 സർക്കാർ ഫലപ്രദമായി തന്നെ മാർക്കറ്റിൽ ഇടപെടുന്ന നിലയുണ്ടായി. റേഷൻ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാനായി. അന്ത്യോദയ വിഭാഗത്തിന് 30 കിലോ അരിയും 4 കിലോ ഗോതമ്പും സൗജന്യമായി ലഭിക്കുന്നുണ്ട്. 6 രൂപയ്ക്ക് ഒരു പാക്കറ്റ് ആട്ടയും ലഭിക്കുന്നുണ്ട്. മുൻഗണനാ വിഭാഗത്തിന് 2 രൂപയ്ക്ക് ഒരാൾക്ക് 5 കിലോ അരിയും ഒരു കിലോ ഗോതമ്പും ലഭിക്കുന്നുണ്ട്. റേഷൻ കാർഡുകൾ സുതാര്യമായി നല്കുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സ്വീകരിക്കാനായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 14 ഇനം അവശ്യ സാധനങ്ങൾക്ക് മാവേലി സ്റ്റോറുകളിൽ വില വർദ്ധിപ്പിക്കാതെ മുന്നോട്ടുപോകുന്നതിനും കഴിഞ്ഞിട്ടുണ്ട്. 48 മാവേലിസ്റ്റോറുകളും 15 സൂപ്പർമാർക്കറ്റുകളും 24 മാവേലി സൂപ്പർസ്റ്റോറുകളും പുതുതായി ആരംഭിച്ചു. സഹകരണ മേഖലയും കാര്യക്ഷമമായ രീതിയിൽത്തന്നെ ഇടപെട്ടിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഇത്തരം ഇടപെടലിലൂടെ സാദ്ധ്യമായി.

## അധികാരവികേന്ദ്രീകരണം

2.19 അധികാരവികേന്ദ്രീകരണ സംവിധാനത്തെ ഫലപ്രദമായി ചലിപ്പിക്കുന്നതിന് ഈ കാലയളവിൽ കഴിഞ്ഞു. ആസൂത്രണ പ്രക്രിയയും പദ്ധതി നിർവ്വഹണ പ്രക്രിയയും മെച്ചപ്പെടുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും വർദ്ധിച്ച പദ്ധതി ചെലവ് വരുത്തുവാൻ സാധിച്ചു. ജില്ലാ പദ്ധതി തയ്യാറാക്കിയത് ഇടതുപക്ഷ സർക്കാരിന്റെ പ്രധാന നേട്ടമാണ്. പ്രകൃതി ദുരന്തങ്ങളെയും കോവിഡിനെയും നേരിടുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ലോകശ്രദ്ധ തന്നെ ആകർഷിച്ചതാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കമ്യൂണിറ്റി കിച്ചൺ പോലുള്ള പരിപാടികളിലും വാർഡ്തല പ്രതിരോധ പ്രവർത്തനങ്ങളിലും ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ ഒരുക്കുന്നതിലുമെല്ലാം ഇക്കാലത്ത് നേതൃത്വപരമായ പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചു.

2.20 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചു. വികസന ഫണ്ട് വിഹിതം യു ഡി എഫ് സർക്കാരിന്റെ കാലത്ത് 23,729.02 കോടി രൂപയായിരുന്നുവെങ്കിൽ അത് 33,381.69 കോടിയായി ഉയർത്താനായി. മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന പദ്ധതിയിലൂടെ 961 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. ഭരണനവീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളും ഐ എസ് ഒ സർട്ടിഫിക്കേഷൻ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ജില്ലാ ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിച്ചു.

2.21 ഹരിത കേരള മിഷൻ മുഖേന 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പൂർത്തീകരിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനായി 1033 തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേനയിൽ 32,000 ത്തിലധികം ഹരിത കർമ്മ സേനാംഗ ങ്ങൾ പ്രവർത്തിച്ചു. 2100 കോടി രൂപയുടെ ഖരമാലിന്യ സംസ്കരണ പദ്ധതി വിഭാവനം ചെയ്തു. രാജ്യത്തെ ജനസാന്ദ്രതയേറിയ സംസ്ഥാ നങ്ങളിൽ ആദ്യ വെളിയിട വിസർജ്ജ്യ മുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുമായി.

2.22 കുടുംബശ്രീക്ക് ഏകദേശം 1,500 കോടി രൂപയുടെ സാമ്പത്തിക പിന്തുണ നല്കി. 2.96 ലക്ഷം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം പേർ കുടുംബശ്രീ അംഗങ്ങളായി. കുടുംബശ്രീക്ക് ബാങ്കുകളിൽ നിന്ന് നാലുശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കി. പ്രളയബാധിതർക്ക് ആശ്വാസ മായി പലിശ രഹിത വായ്പാ പദ്ധതി "റിസർജെന്റ് കേരള ലോൺ' വഴി 400 കോടി രൂപയുടെ പലിശ ഇളവ് ലഭ്യമാക്കി. കോവിഡ് ആഘാതം ലഘൂക രിക്കുന്നതിനായി 2,000 കോടി രൂപയുടെ പലിശ രഹിത വായ്പാ പദ്ധതി കുടുംബശ്രീ വഴി നല്കി.

### അടിസ്ഥാന വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണം

2.23 അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താല്പര്യ ങ്ങൾ സംരക്ഷിച്ചുകൊണ്ട് പൊതുവായ കേരള വികസനം സാദ്ധ്യമാക്കുന്നതിനുള്ള നടപടിക ളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വർഗ്ഗ സമീപനത്തിന്റെ ഭാഗമായിത്തന്നെ സാമൂ ഹ്യനീതിയെ കണ്ടുകൊണ്ടുള്ള ഇടപെടലാണ് നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹ രിക്കുന്നതിനാണ് ശ്രദ്ധിച്ചത്. കേരളത്തിന്റെ പ്ര ധാനപ്പെട്ട ഒരു പ്രശ്നം ജനസംഖ്യയിൽ എറ്റവും താഴെക്കിടയിൽക്കിടക്കുന്ന 30 ശതമാനത്തിന്റെ ജീവിതം താരതമ്യേന താഴോട്ട് പോകുന്നുവെ ന്നതാണ്. ഇതിലേറെയുംവരുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളും മത്സ്യത്തൊഴിലാളിക ളും ഉൾപ്പെടെയുള്ളവരാണ്. ഈ വിഭാഗത്തെ കൈപിടിച്ചുയർത്തണമെങ്കിൽ അടിസ്ഥാനപര മായ എല്ലാ സൗകര്യങ്ങളും സൗജന്യമായിത്ത ന്നെ ലഭിക്കേണ്ടതുണ്ട്. പൊതുവായ വികസ നത്തോടൊപ്പം ഈ പ്രശ്നങ്ങളെ സവിശേഷ പ്രാധാന്യത്തോടെ കണ്ടുകൊണ്ടുള്ള പദ്ധതികൾ ഇടതുപക്ഷ സർക്കാർ എന്ന നിലയിൽ ആവിഷ്ക രിക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

2.24 ആധുനിക കാലഘട്ടത്തിൽ ഒരു ജനതയ്ക്ക് മുന്നോ ട്ടുപോകണമെങ്കിൽ വിദ്യാഭ്യാസ രംഗത്തെ പുരോഗതി അനിവാര്യമാണ്. പാവപ്പെട്ട ജനവി ഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കി ക്കൊണ്ട് മാത്രമേ ഈ ലക്ഷ്യം പൂർത്തീകരിക്കാ നാവൂ. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി പൊതുവിദ്യാഭ്യാസ യജ്ഞം ആവിഷ്കരിച്ചതും കേരളത്തിലെ പൊതുവിദ്യാഭ്യാ സത്തിന്റെ മുഖച്ഛായ തന്നെമാറ്റിയതും. പാവ പ്പെട്ടവർക്ക് സൗജന്യചികിത്സ നല്കുന്ന പൊതു ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന നടപടിയും പാവപ്പെട്ടവർക്ക് ഏറെ ആശ്വാസമാ കുന്ന ഒന്നായി മാറി.

2.25 ക്ഷേമപെൻഷനുകൾ 600 രൂപയിൽനിന്ന് 1600 രൂപയായി വർദ്ധിപ്പിച്ചു. ഇത് സാധാരണക്കാർക്ക് ഏറെ ആശ്വാസകരമായി. യു ഡി എഫ് സർക്കാ രിന്റെ കാലത്ത് ക്ഷേമപെൻഷനുകൾ ലഭിക്കുന്ന ആളുകളുടെ എണ്ണം 34 ലക്ഷം ആയിരുന്നുവെ ങ്കിൽ നിലവിൽ അത് 59.5 ലക്ഷം ആയി വർദ്ധി ച്ചു. ഇതുവഴി കൂടുതൽ ആളുകളിലേക്ക് ഈ ആനുകൂല്യം എത്തിക്കാനുമായി.

2.26 പാവപ്പെട്ടവരുടെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്ന മാണ് വിശപ്പ്. അത് പരിഹരിക്കുന്നതിന് വിശ ക്കുന്നവന് ഭക്ഷണം എത്തിക്കുന്നതിനുള്ള നടപ ടികളും സർക്കാർ സ്വീകരിച്ചു. 20 രൂപയ്ക്ക് ഊണ് നല്കുക, 10% ഊണ് സൗജന്യമായി നല്കുക എന്ന ലക്ഷ്യത്തോടെ ആയിരത്തിലധികം ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് ആരംഭിച്ചു.

2.27 പാവപ്പെട്ടവർക്ക് ക്ഷേമപെൻഷനുകളും സൗജ ന്യനിരക്കിൽ അരിയും ആരോഗ്യ, വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാക്കി മുന്നോട്ടുപോകു ന്നതിന് സാധിച്ചു. ഇതുവഴി പാവപ്പെട്ടവരുടെ ജീവിതത്തെ കൈപിടിച്ചുയർത്തുന്ന സർക്കാ രായി മാറുന്നതിന് ഈ കാലയളവിൽ കഴിഞ്ഞു.

2.28 പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസം ഖ്യാനുപാതത്തേക്കാൾ കൂടുതൽ വിഹിതം ബജറ്റിൽ നീക്കിവെച്ചു. ദളിത്, ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ ക്ഷേമ പദ്ധതികളോടൊപ്പം സ്കോളർഷിപ്പ്, വീടിനോടു ചേർന്ന പഠനമുറി, നൈപുണ്യവികസനം എന്നീ പദ്ധതികളിലൂടെ സമഗ്രമായ വികസനം കൈവ രിക്കാൻ സാധിച്ചു. ദളിത് കോളനികളുടെ ചരിത്ര പരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മെച്ചപ്പെട്ട വാസസ്ഥലം ഒരുക്കുന്നതിനും സാധിച്ചു. പ്രാക്ത നാഗോത്രങ്ങളിൽ നിന്ന് പൊലീസ് സേനയിലേ ക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ഏർപ്പെടുത്തി. മത്സ്യ ത്തൊഴിലാളി മേഖലയിൽനിന്നും പ്രത്യേക റിക്രൂട്ട്മെന്റ് നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടു പോയി. പട്ടികവർഗ്ഗക്കാരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. മത്സ്യത്തൊഴിലാളി പുനരധിവാസ ത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. ഓഖി ദുരിതാശ്വാസ നടപടികൾ നല്ല നിലയിൽ പൂർത്തിയാക്കുന്നതിനും കഴിഞ്ഞു.

### സ്ത്രീപദവിയും വികസനവും

2.29 ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീ കളുടെ ഉന്നമനത്തിനായി സവിശേഷമായ ഇടപെടൽ ഈ കാലയളവിൽ ഉണ്ടായി. സ്ത്രീ കൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിച്ചു. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത

വർദ്ധിപ്പിക്കുന്നതിനായി വൊക്കേഷണൽ ട്രെയിനിങ് ഏർപ്പെടുത്തി. തൊഴിൽ സ്ഥലത്തെ പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി സ്ഥാപിച്ചു. അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണേറ്റിയം യഥാർകമം 12,000 രൂപയായും 8,000 രൂപയും വർദ്ധിപ്പിച്ചു. അങ്കണവാടി വർക്കർമാരുടെ പെൻഷൻ 500 രൂപയിൽ നിന്നു 2,000 രൂപയായും ഹെൽപ്പർ മാരുടെ പെൻഷൻ 300 രൂപയിൽനിന്നു 1200 രൂപയായും വർദ്ധിപ്പിച്ചു. ്രകഷ് വർക്കർമാരുടെ ്രപതിമാസ ഓണേറ്റിയം 3,000 രൂപയിൽ നിന്നു 4,000 രൂപയായും ഹെൽപ്പർമാരുടെ ്രപതിമാസ ഓണേറ്റിയം 1,500 രൂപയിൽനിന്നു 2,000 രൂപയായും വർദ്ധിപ്പിച്ചു. ജെന്റർ ബജറ്റ് പുനഃസ്ഥാപിച്ചു. സ്ത്രീകളുടെ സവിശേഷ വികസനത്തിനായി മാത്രം നീക്കിവയ്ക്കുന്ന പദ്ധതി അനുപാതം 11.5 ശതമാനത്തിൽനിന്ന് 19.5 ശതമാനമായി ഉയർത്തി. സ്ത്രീധനത്തിനെതിരായി നിരവധി ക്യാമ്പയിനുകൾ നടത്തി. ഗാർഹിക സ്ത്രീധന പ്രശ്നങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിന് "കാതോർത്ത്' പോലുള്ള പദ്ധതി ആവിഷ്കരിച്ചു.

2.30 സർക്കാരിന്റെ വിവിധ മേഖലകളിൽ പ്രത്യേകിച്ചും യൂണിഫോം സർവ്വീസിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കി. പൊലീസിൽ സ്ത്രീകളുടെ പങ്കാളിത്തം 6 ശതമാനത്തിൽ നിന്ന് 10 ശതമാനത്തോളമായി ഉയർന്നു. എക്സൈസ്, ഫയർഫോഴ്സ് തുടങ്ങിയ യൂണിഫോം സർവ്വീസുകളിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചു. പൊലീസിൽ വനിതാ കമാന്റോകളെ കൊണ്ടുവന്നു. വനിതാ ബറ്റാലിയനും ആരംഭിച്ചു. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്ന നിരവധി പദ്ധതികൾ നടപ്പാക്കി.

### പശ്ചാത്തല സൗകര്യവികസനം

2.31 പശ്ചാത്തലസൗകര്യ വികസനത്തിന്റെ കാര്യത്തിൽ വലിയ കുതിപ്പാണ് കിഫ്ബിയിലൂടെ നടപ്പാക്കിയത്. 62,000 കോടിരൂപയുടെ പശ്ചാത്തല സൗകര്യവികസനമാണ് ഈ കാലയളവിൽ നടന്നിട്ടുള്ളത്. അതിനുപുറമെ 45,000 കോടിരൂപയുടെ വികസന പ്രവർത്തനങ്ങളും ഈ കാലയളവിൽ സാദ്ധ്യമായിട്ടുണ്ട്. അങ്ങനെ മൊത്തം ഒരു ലക്ഷം കോടിരൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ അടിത്തറയിട്ടത്. ഇതിനുപുറമെയാണ് 64,000 കോടിരൂപയുടെ സിൽവർലൈൻ പദ്ധതിയും യാഥാർത്ഥ്യമാക്കാൻ സർക്കാർ ഇടപെടുന്നത്.

2.32 ഗെയിൽ പൈപ്പ്ലൈൻ, ദേശീയപാത വികസനം, ഇടമൺകൊച്ചി പവർഹൈവേ എന്നിവ യാഥാർത്ഥ്യമാക്കി. മലയോര, തീരദേശ ഹൈവേ വികസനം, ദേശീയ ജലപാത തുടങ്ങിയ വികസന പ്രവർത്തനങ്ങൾ വലിയ അംഗീകാരം നേടിയെടുത്തു. കേരളത്തിന്റെ ഭാവി വികസനത്തിന് അടിത്തറയിടുന്നവ എന്ന നിലയിൽ ഇവ മാറി. ഭൂമി ഏറ്റെടുക്കൽ നിയമം 2013 പ്രകാരം ഭൂഉടമകൾക്ക് രാജ്യത്തെ തന്നെ എറ്റവും ഉയർന്ന നഷ്ടപരിഹാരം നല്കുന്ന സംസ്ഥാനമായി കേരളം മാറി. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുമായി.

### പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനം

2.33 പാരിസ്ഥിതിക സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ തന്നെ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഹരിത കേരള മിഷൻ പദ്ധതി ഇക്കാര്യത്തിൽ നടത്തിയ ഇടപെടലുകൾ ഈ രംഗത്തെ പുതിയ കാൽവയ്പ്പാണ്. ഈ കർമ്മ പദ്ധതിയുടെ കീഴിൽ 412 കി മീ പുഴകളും 42,774 കി മീ തോടുകളും പുനരുജ്ജീവിപ്പിച്ചു. കിണറുകൾ, ജലാശയങ്ങൾ എന്നിവ മെച്ചപ്പെടുത്തിയെടുക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഇറക്കിയ ധവളപത്രം കേരളത്തിന്റെ പരിസ്ഥിതിയെ സംബന്ധിച്ച പ്രശ്നങ്ങൾ കൃത്യതപ്പെടുത്താനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാടിന് ചേർന്ന രീതിയിലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന തരത്തിലുള്ള വന പുനഃസ്ഥാപന നയം സർക്കാർ പ്രഖ്യാപിച്ചു. ഇവാഹന നയം ആവിഷ്കരിച്ചു. ഈ നയം നടപ്പിലാക്കുന്നതോടെ കാർബൺ ബഹിർഗ്ഗമന ഊർജ്ജം കുറയ്ക്കാനാവും. അതേസമയം ജനങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ചും ജീവിത സുരക്ഷിതത്ത്വം ഉറപ്പുവരുത്തിക്കൊണ്ടുമാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

### ക്രമസമാധാന രംഗം

2.34 ഇന്ത്യയിൽ എറ്റവും മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമാണ് കേരളം. വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാനുള്ള പലവിധ കുത്സിത പരിശ്രമങ്ങളെ പ്രതിരോധിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംവിധാനമായി കേരള പൊലീസ് തെരഞ്ഞെടുക്കപ്പെട്ടു. ആധുനികവല്ക്കരണത്തിലും ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച നവമാധ്യമം കൈകാര്യം ചെയ്യുന്ന പൊലീസ് സംവിധാനമായി കേരള പൊലീസ് അഖിലേന്ത്യാതലത്തിൽ തന്നെ ശ്രദ്ധ നേടി. കേസുകൾ നിഷ്പക്ഷമായി അന്വേഷിച്ച് പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനായി എന്നതും എടുത്തുപറയേണ്ടതാണ്. പ്രളയകാലത്തും കോവിഡ് 19 ന്റെ കാലത്തും ഒരു ജനകീയ സേന എന്ന നിലയിൽത്തന്നെ പ്രവർത്തിക്കാനായി എന്നതും ഈ രംഗത്തെ പുതിയ കാൽവയ്പ്പായി.

## ഭരണയന്ത്രത്തിന്റെ മാറ്റം

2.35 സർക്കാരിന്റെ നയപരിപാടികൾ നടപ്പിലാക്കപ്പെടുന്നത് ഭരണയന്ത്രത്തിലൂടെയാണ്. അതിനെ ജനകീയമാക്കുന്നതിനും പിന്നോക്ക പ്രദേശങ്ങളിൽ സർക്കാരിന്റെ സവിശേഷ ശ്രദ്ധ നല്കുന്നതിനും കഴിഞ്ഞു. സംസ്ഥാന രൂപീകരണ ഘട്ടത്തിൽ തന്നെ ഉയർന്നുവന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് യാഥാർത്ഥ്യമാക്കാൻ ഈ കാലയളവിൽ കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ മാറ്റമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 27,000 സ്ഥിരം തസ്തികകൾ ഉൾപ്പെടെ 45,000 തസ്തികകൾ പുതുതായി സർക്കാർ സൃഷ്ടിച്ചു. 1,61,361 പേരെ പി എസ് സി മുഖാന്തരം നിയമിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആയിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പിന്നോക്ക പ്രദേശങ്ങളിൽനിന്ന് ജീവനക്കാരെ മാറ്റിക്കൊണ്ടുപോകുന്ന വർക്കിങ് അറെയിഞ്ച്മെന്റുകൾ ഏറക്കുറെ ഇല്ലാതാക്കി, സർക്കാരിന്റെ പ്രവർത്തനം അവിടങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഡെപ്യൂട്ടേഷനുകൾ ശമ്പള നിരക്കിൽ തുല്യതയുള്ളവർക്ക് മാത്രം എന്നതിലൂടെ നിലവിലുള്ള ദുർവ്യയങ്ങൾ നിയന്ത്രിക്കാനും ഭരണതലത്തിൽ ചിട്ടപ്പെടുത്തൽ നടത്താനും കഴിഞ്ഞു. ഭരണഭാഷ മലയാളമാക്കുക മാത്രമല്ല, കോടതി ഭാഷയെയും അത്തരത്തിൽ പരിവർത്തിപ്പിക്കുന്നതിനുള്ള ഇടപെടലും സാദ്ധ്യമാക്കി. പി എസ് സി പരീക്ഷകളുടെ ചോദ്യപേപ്പറുകൾ മലയാളത്തിലും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

## സമീപനത്തിലെ മാറ്റങ്ങൾ

2.36 വ്യക്തിഗതമായ ആനുകൂല്യങ്ങൾക്ക് ഊന്നൽ നല്കുകയും സ്പെഷ്യൽ ഓർഡറുകളിലൂടെ കാര്യങ്ങൾ സാധിക്കുകയും ചെയ്യുന്ന രീതിയെ നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള ശൈലിയാണ് സർക്കാർ സ്വീകരിച്ചത്. അതേസമയം ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ പൊതുവായ ഓർഡറുകൾ ഇറക്കി എല്ലാവിഭാഗം ജനങ്ങൾക്കും ആശ്വാസം കൊടുക്കുന്ന വിധത്തിലുള്ള സമീപനം സ്വീകരിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലുള്ള സംവിധാനങ്ങൾ വിവേചനരഹിതമായി നടപ്പിലാക്കിയതും വലിയ അംഗീകാരം നേടി. അക്കൗണ്ടുകളിൽ പണമെത്തുന്ന നില വന്നതോടെ ഇടനിലക്കാരെ ഒഴിവാക്കാനുമായി. ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുക മാത്രമല്ല, വീട്ടിലെത്തിക്കുന്ന നടപടിയും ബഹുജനങ്ങളിൽ വലിയ മതിപ്പ് ഉണ്ടാക്കി. സർക്കാർ നടത്തിയ ഇത്തരം പ്രവർത്തനങ്ങൾ കള്ളപ്രചാരവേലകളെ മറികടന്ന് ജനപിന്തുണ ഉറപ്പിക്കുന്നതിന് സഹായകമായി.

2.37 പാർട്ടി സെൽ ഭരണം എന്ന വിമർശനം എല്ലാ കാലവും നമ്മുടെ സർക്കാരുകൾക്ക് മേലെ ഉയർത്തിക്കൊണ്ടുവരുന്നതായിരുന്നു. അത് ഇല്ലാതാക്കാനും എല്ലാവർക്കും നീതി ഉറപ്പുവരുത്തുന്ന ഒരു സംവിധാനമാണ് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നതെന്ന പൊതുബോധം വളർത്തിയെടുക്കാനും ഈ കാലയളവിൽ കഴിഞ്ഞു. അതേസമയം സർക്കാരിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പാർട്ടി മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ നടപ്പിലാക്കിക്കൊണ്ട് സർക്കാർ എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ച പാർട്ടി കാഴ്ചപ്പാട് പ്രായോഗികമാക്കാനും സർക്കാരിന് സാദ്ധ്യമായി. അതിന്റെ ഏറ്റവും വലിയ തെളിവാണ് നാം തയ്യാറാക്കിയ പ്രകടനപത്രികയിലെ നാമമാത്രമായതൊഴിച്ച് ബാക്കിയെല്ലാം നടപ്പിലാക്കിയെന്നത്.

## പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനാവണം

2.38 നമ്മുടെ വികസനത്തിന്റെ പ്രധാന ദൗർബല്യമായി കിടന്ന അടിസ്ഥാനമേഖലാ വികസനവും പശ്ചാത്തല സൗകര്യവികസനവും മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കാനും ഇതോടൊപ്പം കഴിഞ്ഞുവെന്നതും എടുത്തുപറയേണ്ടതാണ്. നീതി ആയോഗിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ സുസ്ഥിര വികസനം, ആരോഗ്യം തുടങ്ങിയ മേഖലയിൽ നാം ഒന്നാം സ്ഥാനത്തുതന്നെ നിലകൊള്ളുകയാണ്. അഴിമതി രഹിതമായ സംവിധാനങ്ങളുടെ കാര്യത്തിലും ക്രമസമാധാന പാലനത്തിലും മതസൗഹാർദ്ദം സംരക്ഷിക്കുന്ന കാര്യത്തിലും സാമൂഹ്യ സുരക്ഷാ പദ്ധതികളിലും നാം ഏറെ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ഏജൻസികൾ പലതും നമ്മുടെ നേട്ടങ്ങളെ ശ്ലാഘിച്ചിട്ടുമുണ്ട്. ഈ നേട്ടങ്ങളെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് കഴിയണമെങ്കിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വിവിധ മേഖലയിൽ വികസിക്കേണ്ടതുണ്ട്. അവയെ നീതിയുക്തമായി വിതരണം ചെയ്യാനും കഴിയണം. എങ്കിൽ മാത്രമേ നാം നേടിയ നേട്ടങ്ങൾ നിലനിർത്താനും കൂടുതൽ മുന്നോട്ടുപോകാനുമാവൂ. ഈ കാഴ്ചപ്പാടോടെ പ്രവർത്തിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന് മുമ്പിലുള്ള ഉത്തരവാദിത്വം.

## നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ

3.1 നവകേരള സൃഷ്ടിക്കായി ഇത്തരം കർമ്മപദ്ധതികൾ നടപ്പിലാക്കി കേരളത്തെ ആധുനിക ലോകത്തിന് അനുയോജ്യമായ വിധം രൂപപ്പെടുത്തുന്നതിനുള്ള അടിത്തറയിടാൻ കഴിഞ്ഞ എൽ ഡി എഫ് സർക്കാരിന്റെ കാലത്ത് സാദ്ധ്യമായിട്ടുണ്ട്. ഈ അടിത്തറയിൽ നിന്നും ഗുണപരമായി ഉയർന്നഘട്ടത്തിൽ കേരള സമൂഹത്തെ

എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഇത് സംബന്ധിച്ച കർമ്മപദ്ധതി എൽ ഡി എഫ് പ്രകടനപത്രികയിലൂടെ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ആധുനിക വൈജ്ഞാനിക സമൂഹമായി വികസിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആധുനിക വിജ്ഞാന സമൂഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശാസ്ത്ര സാങ്കേതിക രംഗത്തും സാമൂഹ്യ രംഗത്തും നാം നേടിയ അറിവുകൾ വികസിപ്പിച്ച് ഉല്പാദന ശക്തികളെ ശക്തിപ്പെടുത്തി ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുക എന്നതാണ്. ഇത് സംബന്ധിച്ച പ്രകടന പത്രിക വിവരിക്കുന്നത് ഇപ്രകാരമാണ്:

വിജ്ഞാന സമ്പദ്ഘടനയായുള്ള പരിവർത്തനത്തിന് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകാനാവണം. അലകും പിടിയും മാറണം. പരമാവധി യുവജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും എല്ലാവർക്കും ഡിജിറ്റൽ സൗകര്യങ്ങളും ലഭ്യമാക്കണം. വിജ്ഞാനത്തെ നൂതന വിദ്യകളായി രൂപാന്തരപ്പെടുത്തണം. സമ്പദ്ഘടനയുടെ സമസ്തമേഖലകളിലും ആധുനിക ശാസ്ത്രവും നൂതനസാങ്കേതികവിദ്യകളും ഉൾക്കൊള്ളാനാവുംവിധം ആസൂത്രിതമായ ഇടപെടൽ വേണം. നൂതന വിദ്യാ സംരംഭങ്ങൾ അഥവാ സ്റ്റാർട്ടപ്പുകൾ തഴച്ചുവളരണം. ഇതിനെല്ലാമായി ഉന്നത വിദ്യാഭ്യാസത്തിലും സ്കൂൾ വിദ്യാഭ്യാസത്തിൽ ഉണ്ടായതുപോലുള്ള മുന്നേറ്റമുണ്ടാക്കാൻ ഇനിയും കഴിയേണ്ടതുണ്ട്.

ജനതയുടെ സാമൂഹ്യ ബോധവും ചരിത്രബോധവും മാനവിക മൂല്യങ്ങളുമെല്ലാം കൂടുതൽ വികസിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സാമൂഹ്യശാസ്ത്രപഠനങ്ങളുടെ വികാസവും പ്രധാനമാണ്. ഇത്തരം പഠനങ്ങളിൽ അത്യുന്നത തലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ രൂപീകരണവും പ്രധാനമായി നമുക്ക് മുമ്പിലുണ്ട്.”

3.2 ശാസ്ത്ര സാങ്കേതികവിദ്യയുടെ വികാസം ഉപയോഗപ്പെടുത്തി ഉല്പാദന ശക്തികളുടെ വളർച്ച നേടുകയാണ് വേണ്ടത്. വളരുന്ന അറിവിനെ ഉപയോഗപ്പെടുത്തി ഉല്പാദന ശക്തികളെ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇതിലൂടെ ഉണ്ടാവുക. ഉല്പാദനശക്തികളുടെ വികാസത്തിന് വിവിധ മേഖലകളിലെ നവീകരണം പ്രധാനമാണ്. പുതിയ യന്ത്രങ്ങളും ആധുനിക സാങ്കേതികവിദ്യകളും ഇതിന് ആവശ്യമായിവരും. അത് പ്രയോഗിക്കാൻപറ്റുന്ന തൊഴിൽ പ്രാവീണ്യമുള്ള തൊഴിലാളികളെ രൂപപ്പെടുത്തുക എന്നതും പ്രധാനമാണ്. ഉല്പാദനശക്തികളെ വികസിപ്പിച്ചുകൊണ്ട് മാത്രമേ ഉല്പാദനം വർദ്ധിപ്പിക്കാനാവൂ. ഉല്പാദനം വർദ്ധിപ്പിച്ചും അത് നീതിയുക്തമായി വിതരണംചെയ്യുന്നുവെന്ന് ഉറപ്പുവരുത്തിയും മാത്രമേ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാവൂ.

3.3 നമ്മുടെ നാടിന്റെ വിഭവ സാദ്ധ്യതകളെ കണക്കിലെടുത്തുകൊണ്ടാണ് ഇത് നിർവ്വഹിക്കേണ്ടത്. നാടിനു ചേർന്ന സാങ്കേതികവിദ്യ രൂപപ്പെടുത്തുന്നതിന് ലോകത്തെമ്പാടുമുള്ള വിജ്ഞാനത്തെയും പുതിയ വൈജ്ഞാനിക സാദ്ധ്യതകളെയും ഉപയോഗപ്പെടുത്തണം. ഇതിലൂടെ മാത്രമേ നാം നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളെ നിലനിർത്താനും കൂടുതൽ ഗുണപരമായി മുന്നോട്ടുനയിക്കാനും കഴിയൂ.

3.4 ഈ അടിസ്ഥാന കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ടാണ് പുതിയ സർക്കാർ പ്രവർത്തിക്കുന്നത്. വികസനത്തെ സംബന്ധിച്ച പാർട്ടിയുടെ കാഴ്ചപ്പാടുകൾ പുതിയ കാലഘട്ടത്തിലുണ്ടായ മാറ്റത്തെയും മാറി വരുന്ന ആവശ്യകതയെയും കണക്കിലെടുത്ത് വികസിപ്പിക്കുകയാണ് ഈ പ്രവർത്തനപദ്ധതിയിലൂടെ നാം ഉദ്ദേശിക്കുന്നത്. 5 വർഷം കൊണ്ട് ശാസ്ത്രീയമായ അറിവുകളും സാങ്കേതികവിദ്യയിലെ നേട്ടങ്ങളും ഉപയോഗപ്പെടുത്തി ഉല്പാദന പ്രവർത്തനങ്ങളിൽ നൂതനത്വം വളർത്തിയെടുക്കുക എന്നത് ഏറെ പ്രധാനമാണ്.

3.5 അടുത്ത 25 വർഷംകൊണ്ട് കേരളത്തിലെ ജീവിത നിലവാരം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത മദ്ധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്നതാണ് നമ്മൾ ലക്ഷ്യംവയ്ക്കുന്നത്. അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള സവിശേഷമായ ഇടപെടലും ഇതോടൊപ്പം നമുക്കുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ ശാസ്ത്രസാങ്കേതികവിദ്യയിലെ നേട്ടങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തിക്കൊണ്ട് കൃഷി, അനുബന്ധമേഖലകൾ, നൂതനവ്യവസായങ്ങൾ, അടിസ്ഥാനസൗകര്യം, വരുമാനോല്പാദന സേവനങ്ങൾ, ആരോഗ്യരംഗം എന്നിവയെ മെച്ചപ്പെടുത്താതെ സാദ്ധ്യമല്ല. സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കുക എന്നതും പരമപ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സഹകരണ മേഖലയെയും ബന്ധിപ്പിച്ചുകൊണ്ട് താഴെത്തട്ടിലുള്ള വികസന മുന്നേറ്റത്തിന് സജ്ജമാക്കുക എന്നത് പ്രധാനമാണ്.

3.6 സാമൂഹ്യമേഖലയിലെ പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ രംഗത്തുണ്ടായ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി, സ്ത്രീസുരക്ഷ എന്നിവയെയും കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കുക എന്നത് പ്രധാനമാണ്.

3.7 വ്യവസായ ഇടനാഴി, തുറമുഖം, ഷിപ്പിങ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ വിക

സനത്തിലൂടെ അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച നേടാനാവണം. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ ശാസ്ത്ര സാങ്കേതിക നേട്ടങ്ങളെ ഉപയോഗപ്പെടുത്തി നവീകരിക്കണം.

3.8 സംസ്ഥാന ഐ ടി വകുപ്പ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരളത്തിലെ ഐ ടി വ്യവസായം എന്നിവ സംയുക്തമായി നടത്തുന്ന പ്രത്യേക വെബ്പോർട്ടലിലൂടെ കേരളത്തിൽ നിക്ഷേപിക്കാനോ പഠിപ്പിക്കാനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്ന എല്ലാ സംരംഭകരുമായും ഐ ടി വിദഗ്ധരുമായും പ്രൊഫഷണലുകളുമായും ബന്ധപ്പെടുന്നതിനുള്ള സംവിധാനത്തിലൂടെ പുതിയ മുന്നേറ്റം സൃഷ്ടിക്കാനാവണം. ഐ ടി പ്രദാനം ചെയ്യുന്ന വികേന്ദ്രീകൃത തൊഴിലിനും വീട്ടിലിരുന്ന് തൊഴിൽ ചെയ്യുന്നതിനും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കഴിയണം. യുവാക്കളെ കൂടുതൽ വൈദഗ്ധ്യമുള്ള തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കണം.

3.9 ഉന്നതവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും പ്രത്യേകം ശ്രദ്ധ നല്കേണ്ടതുണ്ട്. അദ്ധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥികളുടെ പരസ്പര കൈമാറ്റത്തിനുമുള്ള ശൃംഖല ദേശീയ, അന്താരാഷ്ട്ര തലത്തിൽത്തന്നെ വികസിപ്പിക്കുക പ്രധാനമാണ്. ഗവേഷണ സ്ഥാപനങ്ങളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഉല്പാദനമേഖലകളും തമ്മിൽ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമ്പ്രദായം വളർത്തണം. അതോടൊപ്പം ഉന്നതവിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതിയും പ്രാദേശിക സന്തുലിതാവസ്ഥയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ലക്ഷ്യംവയ്ക്കേണ്ടതുണ്ട്. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളും ശാസ്ത്രീയ അവബോധവും വളർത്തുന്ന പാഠ്യ പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ ഉടനീളം കൊണ്ടുവരേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ ശാഖകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതും ഈ മേഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പരിപാടിയാണ്.

3.10 ഈ കർമ്മപദ്ധതി നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. അത്തരം കാര്യങ്ങളെ മനസ്സിലാക്കി ഇടപെടുക എന്നത് പ്രധാനമാണ്. അത് സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാട് പാർട്ടിക്ക് ഉണ്ടാവണം. എല്ലാ മേഖലകളിലും മാറ്റമുണ്ടാക്കുന്നതിന് ഉതകുന്ന വിധം ഇടപെടുക എന്നത് പ്രധാനമാണ്.

## ധനകാര്യസ്ഥിതി

3.11 ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ധനകാര്യ സ്ഥിതിഗതികൾ സംബന്ധിച്ചുള്ള ധാരണകളും നമുക്കുണ്ടാവണം. നമ്മുടെ ഭരണഘടനാപ്രകാരം തന്നെ സംസ്ഥാനത്തിനുള്ള നികുതി പിരിവ്, പങ്കുവെക്കൽ അധികാരങ്ങൾ കുറവ് തന്നെയാണ്. ആഗോളവല്ക്കരണ നയങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരാവട്ടെ സംസ്ഥാനങ്ങൾക്കുള്ള അധികാരം വൻതോതിൽ കുറയ്ക്കുകയാണ്.

3.12 ജി എസ് ടി നിലവിൽ വന്നതോടെ നികുതി നിരക്കിൽ ചെറിയ വ്യത്യാസങ്ങൾ പോലും സംസ്ഥാനങ്ങൾക്ക് വരുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മദ്യത്തിന്റെയും പെട്രോളിയം ഉല്പന്നത്തിന്റെയും കാര്യത്തിൽ മാത്രമാണ് സംസ്ഥാനങ്ങൾക്ക് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുക. നികുതി വിഹിതത്തിന്റെ കുറവും ഗ്രാന്റുകൾ നിലയ്ക്കുന്നതും കാരണം സാമ്പത്തിക ഞെരുക്കം കൂടുതൽ രൂക്ഷമാകാനുള്ള സാദ്ധ്യതയാണുള്ളത്. ഇതിനുപുറമെയാണ് നികുതി പങ്കുവയ്ക്കലിലൂടെ ലഭിക്കുന്ന വിഹിതത്തിൽ വരുന്ന കുറവും.

3.13 കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം 15ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ (202122, 202526) 1.92 ശതമാനമാണ്. 14ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം അത് 2.50 ശതമാനമാണ്. 10ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ (19952000) ഇത് 3.857 ശതമാനമായിരുന്നു. ഇത്തരത്തിൽ തുടർച്ചയായ കുറവാണ് സംസ്ഥാന സർക്കാർ അഭിമുഖീകരിക്കുന്നത്.

3.14 നമ്മുടെ വരുമാനത്തിൽ ഇതിനുപുറമെ ഇടിവ് വരാൻ പോകുകയാണ്. റവന്യൂ കമ്മി, ഗ്രാന്റ് ഇനത്തിൽ ഈ വർഷം 19,891 കോടി രൂപയാണ് നമുക്ക് കിട്ടിയത്. അടുത്ത വർഷം അത് 13,174 കോടിയാണ്. അതിന്റെ അടുത്ത വർഷമാകട്ടെ 4,749 കോടി രൂപയായി കുറയും. 2022 ജൂൺ 30 ന് ജി എസ് ടി നഷ്ട പരിഹാരവും ഇല്ലാതാകും. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നുള്ള പങ്കും ഇതുപോലെ കുറയും.

3.15 ഈ സാഹചര്യത്തിൽ, സാമൂഹ്യ ക്ഷേമ മേഖലയിലും അത്യാവശ്യ മേഖലയിലുമൊഴികെ കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ട സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ നമ്മുടെ താല്പര്യങ്ങൾ ഹനിക്കാത്ത വിധത്തിലുള്ള വിദേശ വായ്പകളെ ഉൾപ്പെടെ ആശ്രയിച്ച് മുന്നോട്ട് പോകാനാവണം. ഇക്കാര്യങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയേണ്ടതുണ്ട്. അതോടൊപ്പം ഈ പരിമിതികൾക്കകത്തു നിന്നുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം. ഈ യാഥാർ

ത്ഥ്യത്തിനകത്തു നിന്നുകൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ട ഉത്തരവാദിത്വമാണ് സർക്കാരിന് മുന്നിലുള്ളത്. അതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള വികസന പദ്ധതികൾ മുന്നോട്ട് വെക്കാൻ കഴിയണം.

## ശാസ്ത്ര സാങ്കേതിക വികാസങ്ങളെ ഉപയോഗപ്പെടുത്തണം

3.16 ശാസ്ത്ര സാങ്കേതിക രംഗത്ത് ലോകത്തെമ്പാടും നേടിയ വിജ്ഞാനങ്ങളെ നമ്മുടെ നാടിന്റെ സവിശേഷതകൾകൂടി കണക്കിലെടുത്ത് ഉല്പാദന രംഗത്ത് ഉപയോഗിക്കുന്ന രീതി നാം സ്വീകരിക്കേണ്ടതുണ്ട്. അത് നമ്മുടെ വികസന കാഴ്ചപ്പാടിന്റെ പ്രധാന സമീപനമാണ്. അതോടൊപ്പം നമ്മുടെ നാടിന്റെ വികസന പ്രശ്നങ്ങളെ സവിശേഷമായി കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിനുള്ള അറിവുകൾ ഉല്പാദിപ്പിക്കുക എന്നതും പ്രധാനമായി മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടലാണ് എല്ലാ രംഗത്തും നാം സ്വീകരി ക്കേണ്ടത്. ശാസ്ത്രീയമായ അറിവുകളെ ദൈനംദിന ജീവിതത്തിൽ സ്വാംശീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടാകണം ഭാവി പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടത്. ശാസ്ത്ര സാങ്കേതിക രംഗത്തെ പുരോഗതിക്കായി വിദേശ നിക്ഷേപം ഉൾപ്പെടെ കൊണ്ടുവരിക എന്നത് ജനകീയ ജനാധിപത്യ വിപ്ലവ പരിപാടിയിൽ പോലും നാം മുന്നോട്ടുവയ്ക്കുന്നതാണ്. പാർട്ടി പരിപാടിയിൽ ഇക്കാര്യം ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്. "ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ചില മേഖലകളിൽ വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിക്കും. സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള താല്പര്യത്തിനുവേണ്ടി ഫിനാൻസ് മൂലധനത്തിന്റെ ഒഴുക്ക് നിയന്ത്രിക്കും.' (പാർട്ടി പരിപാടി 6.6 (ശശശ)) ജനകീയ ജനാധിപത്യ വിപ്ലവത്തിനു ശേഷം പോലും ഇത്തരം നിലപാടാണ് നാം മുന്നോട്ടുവയ്ക്കുന്നതെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കഴിയണം.

## 3.17 കാർഷിക പുരോഗതി

1. സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്ക് കാർഷിക രംഗത്ത് വൻ പുരോഗതി ഉണ്ടാവണമെന്നു കഴിഞ്ഞ സർക്കാർ തന്നെ വ്യക്തമാക്കിയതാണ്. പുരോഗതി നേടാനായെങ്കിലും ഇനിയും വളരെ മുന്നോട്ടുകൊണ്ടുപോകണം. ഉല്പാദനക്ഷമത, വരുമാനം, സുസ്ഥിരത എന്നിവയിൽ ഊന്നിനിന്നുകൊണ്ടുള്ള വികസനമാണ് കാർഷികമേഖലയിൽ ലക്ഷ്യംവയ്ക്കേണ്ടത്. ഉല്പാദനക്ഷമത ഇനിയും വളരെ വർദ്ധിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാനാവണം. ധാന്യങ്ങളായാലും നാണ്യവിളകളായാലും ഉല്പാദനക്ഷമത ആധുനിക കാലത്തിന് യോജിച്ച വിധം കൈവരിക്കാനാവണം. വൻ ഉല്പാദന ക്ഷമത നേടിയ പ്രദേശങ്ങളെ മാതൃകയാക്കി അതിനുതകുന്ന നടപടികൾ മറ്റു പ്രദേശങ്ങളിലും സ്വീകരിക്കാനാവണം.
2. നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണത്തിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മാസ്റ്റർപ്ലാൻ ഉണ്ടാക്കണം. ചെറുനീർത്തടാടിസ്ഥാനത്തിൽ മാത്രമല്ല, നദീതടംവരെ ഇത്തരത്തിൽ മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കണം.
3. ലഭ്യമായ വെള്ളത്തിന്റെ അളവും മണ്ണിന്റെ സ്വഭാവവും കണക്കിലെടുത്ത് ശാസ്ത്രീയ വിളക്രമം നിശ്ചയിക്കണം. പുരയിടങ്ങളിൽ ഫലവൃക്ഷ വിളകൾ പ്രോത്സാഹിപ്പിക്കണം. ബഹുവിള സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കാർഷിക വികസനം നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകണം. ശാസ്ത്രീയ നെൽകൃഷി രീതികൾ അവലംബിക്കണം. അനുയോജ്യമായ സംഘകൃഷി രീതികൾ ഉപയോഗപ്പെടുത്തണം.
4. ശാസ്ത്ര സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തി ഉല്പാദന വർദ്ധനവ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കാർഷിക രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭത്തിന്റെ സാഹചര്യം ഇവയുടെ പശ്ചാത്തലത്തിൽ ഇത്തരം ഇടപെടലിന്റെ പ്രാധാന്യം ഏറെ വലുതാണ്.
5. കാർഷിക ഉല്പാദന വർദ്ധനവിന് വഴിവെക്കുന്ന വിധം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കണെമെന്ന് ലക്ഷ്യമിട്ടെങ്കിലും അത് ഇനിയും മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തുള്ള മാതൃകകളെ പ്രോത്സാഹിപ്പിക്കാനും അതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് വികസിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധയുണ്ടാവണം. കാർഷികോല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ സംസ്ഥാനത്ത് അഭിവൃദ്ധിപ്പെടുത്തണം. അതോടൊപ്പം കാർഷികോല്പന്നങ്ങൾ സംഭരിക്കൽ, ആവശ്യമുള്ളിടത്തു കേടുകൂടാതെ എത്തിക്കൽ തുടങ്ങിയവ നാം ലക്ഷ്യമിട്ടെങ്കിലും വേണ്ടത്ര ഫലപ്രദമായിട്ടില്ല. ഇക്കാര്യത്തിൽ കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കാനാവണം. കോൾഡ് സ്റ്റോറേജുകൾ പോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. കൃഷി, വ്യവസായം, സഹകരണം, തദ്ദേശസ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണവും യോജിച്ച പ്രവർത്തനവുമാണ് വേണ്ടത്. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും ജാഗ്രതയോടെ ഇടപെടണം.
6. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാനാകുന്ന അവസ്ഥയിലേക്ക് നാം എത്തുന്നുവെ

ന്ന പ്രതീക്ഷയ്ക്ക് മങ്ങലേല്ക്കും വിധമാണ് പച്ചക്കറി ക്ഷാമവും വിലക്കയറ്റവും അടുത്തകാലത്ത് അനുഭവപ്പെട്ടത്. പച്ചക്കറി ഉല്പാദനത്തിൽ വലിയ മാറ്റമുണ്ടായെങ്കിലും അത് സമൃദ്ധമായ രീതിയിലായില്ല എന്നതാണനുഭവം. അതിന് പ്രത്യേക ശ്രദ്ധയോടെയുള്ള ഇടപെടൽ വേണം. വ്യാപകമായ തോതിൽ പച്ചക്കറി കൃഷി നടത്താനാവണം. അഞ്ചുവർഷം കൊണ്ട് പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടണം. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. പുഷ്പകൃഷിയുടെ സാദ്ധ്യതകളെയും ഉപയോഗപ്പെടുത്താനാവണം.

7. കൃഷിക്ക് അനുയോജ്യമായ ഭൂമിയിലെല്ലാം കൃഷി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവണം. തരിശുഭൂമികളിൽ കൃഷി ചെയ്യുന്ന രീതി ഉണ്ടാവണം. മണ്ണിന്റെ സവിശേഷത കണക്കിലെടുത്ത് കൃഷി ചെയ്യണം. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൂടി കണക്കിലെടുത്തുകൊണ്ട് കൃഷി ചെയ്യുന്ന രീതി രൂപപ്പെടുത്തണം.

8. കാർഷിക കർമ്മസേന, ലേബർബാങ്കുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ കർഷക തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥ ഉറപ്പുവരുത്തണം. കുടുംബശ്രീ നടത്തുന്ന സംഘകൃഷി പോലുള്ളവ ഈ രംഗത്തെ മികച്ച അനുഭവമാണ്. ഈ മാതൃകയിൽ ഗ്രാമതലത്തിൽ സഹകരണ കൃഷിരൂപങ്ങൾ പ്രോത്സാഹിപ്പിക്കണം.

9. തോട്ടഭൂമി തോട്ടങ്ങളായിത്തന്നെ സംരക്ഷിക്കണം. തോട്ടങ്ങളുടെ ഉല്പാദനക്ഷമത ഉയർത്തുന്നതിനോടൊപ്പം പരമാവധി മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റാനും ശ്രദ്ധിക്കണം. അതോടൊപ്പം ഒരുഭാഗത്ത് പുതിയ ഫലവൃക്ഷങ്ങൾ വളർത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പുതുതായി രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണം. പരമ്പരാഗതമായ വിളയ്ക്ക് പുറമെ പഴവർഗ്ഗ കൃഷിക്ക് അനുവാദം നല്കുമെന്ന പ്രഖ്യാപനം അടിയന്തരമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കണം. കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, നാളികേരം മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്താനാവണം.

10. കാർഷികോല്പന്നങ്ങൾക്ക് വിപണി ഒരുക്കുക എന്നത് പ്രധാന ഉത്തരവാദിത്വമായി ഏറ്റെടുക്കേണ്ടതുണ്ട്. വിള സമയബന്ധിതമായി വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും പ്രത്യേക ശ്രദ്ധയോടെ പ്രവർത്തിക്കണം. കോൾഡ് സ്റ്റോറേജുകൾ ആരംഭിക്കുന്നതിനും സജീവ ശ്രദ്ധയുണ്ടാവണം.

11. മനുഷ്യവന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കണം. വനത്തിനകത്ത് തീറ്റയും വെള്ളവും വന്യജീവികൾക്ക് ലഭിക്കാത്ത പ്രശ്നമുൾപ്പെടെ കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാനാവണം. വന്യജീവി ആക്രമണങ്ങളിൽനിന്ന് ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകണം. കാടുകളിൽ ചെക്ക് ഡാമുകൾ ഉണ്ടാക്കുന്നത് മൃഗങ്ങൾക്കും മറ്റിടങ്ങളിൽ ഉണ്ടാക്കുന്നത് കൃഷിക്കും കുടിവെള്ളക്ഷാമത്തിനും പരിഹാരം കാണുന്നതിന് സഹായിക്കും.

## 3.18 ഭൂപ്രശ്നങ്ങൾ

മ. കേരളത്തിൽ സവിശേഷമായി ഉയർന്നുനില്ക്കുന്നവയാണ് ഭൂപ്രശ്നങ്ങൾ. ഇവ പരിഹരിക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇടുക്കിയിലെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് ഒരു ഫോർമുല രൂപപ്പെട്ടുവന്നിട്ടുണ്ട്. അവ നടപ്പിലാക്കുന്നതിന് സവിശേഷമായ ശ്രദ്ധ ചെലുത്തണം.

യ. പല മേഖലയിലും പട്ടയങ്ങൾ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളെയും കണ്ടെത്തി പരിഹരിക്കുന്നതിന് കഴിയണം. തീരദേശ മേഖലയിലെ പട്ടയ പ്രശ്നത്തെയും മലയോര മേഖലയിലെ പട്ടയ പ്രശ്നത്തെയും സവിശേഷമായി കണ്ടുകൊണ്ട് ഇടപെടണം. റീസർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ നടത്തുന്ന പരിശ്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കണം.

ര. ദളിത്, ആദിവാസി ജനവിഭാഗങ്ങളുടെ ഭൂപ്രശ്നങ്ങൾ പലയിടത്തും ഉയർന്നുവരുന്നുണ്ട്. ഇത് മനസ്സിലാക്കി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവണം.

## 3.19 വ്യവസായ വികസനം

മ. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നിലവിലുള്ള വ്യവസായങ്ങൾ ശക്തിപ്പെടലും പുതിയ വ്യവസായങ്ങൾ ആരംഭിക്കലും പ്രധാനമാണ്. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സമഗ്രമായ പദ്ധതി വേണം. ലാഭകരമല്ലാത്ത സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പ്രത്യേക പദ്ധതികൾ വേണ്ടിവരും. ഒരോ സ്ഥാപനത്തെയുംകുറിച്ച് പഠിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി പുനരുദ്ധരിക്കുന്ന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. യന്ത്രങ്ങളും മറ്റും കാലഹരണപ്പെട്ടതാണെങ്കിൽ സ്ഥാപനത്തിന്റെ പുരോഗതിക്ക് തടസ്സമാകും. സ്ഥാപന പുരോഗതിക്ക് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാനാവണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ പാർക്കുകളാക്കി മാറ്റാൻ കഴിയണം. കഴിഞ്ഞ സർക്കാർ പ്രോത്സാഹിപ്പിച്ച സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്ന രീതി തുടരണം. സംസ്ഥാന അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളുമായി ചർച്ചനടത്തി പദ്ധതികൾ രൂപീകരിക്കണം.

യ. വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സമീപനം സ്വീകരിക്കണം. ഇക്കാര്യത്തിൽ വ്യവസായങ്ങളുടെ നടത്തിപ്പിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയും സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും നടത്തിയ ഇടപെടലുകൾ പ്രായോഗികമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താനാവണം. ഏതെങ്കിലും വ്യവസായത്തിൽ അനഭിലഷണീയ പ്രവണതകൾ നിലനില്ക്കുന്നുവെങ്കിൽ തൊഴിലാളി സംഘടനാ നേതൃത്വവുമായി ചർച്ച ചെയ്ത് അത്തരം കാര്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ശമ്പള നിർണ്ണയത്തിൽ ജീവിത ചെലവിനോടൊപ്പം സ്ഥാപനത്തിന്റെ സാമ്പത്തിക ശേഷി കൂടി കണക്കിലെടുത്തുകൊണ്ടുള്ള നിലപാട് സ്വീകരിക്കാനാവണം. വ്യവസായ അഭിവൃദ്ധിക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ നല്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ര. പൊതുമേഖലാ വ്യവസായങ്ങളെ ശക്തിപ്പെടുത്തുകയെന്നത് ഏറ്റവും പ്രധാനമാണ്. അതിനുള്ള നടപടികൾ ഉണ്ടാവണം. പൊതുമേഖലയിൽ ഉൾപ്പെടെ പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിന് ഫലപ്രദമായ നടപടികൾ വേണം. സൂക്ഷ്മ ചെറുകിടഇടത്തരം വ്യവസായങ്ങളുടെ വികസനത്തിനുള്ള ഊന്നൽ മുന്നോട്ടുകൊണ്ടുപോകണം. ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ വരുന്നവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നിലയുണ്ടാവണം. സ്വകാര്യ വ്യവസായ സ്ഥാപനങ്ങളെ ആകർഷിക്കുന്നതിന് പ്രത്യേക നടപടികൾ വേണ്ടിവരും. വ്യവസായികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആരംഭിക്കുന്ന വ്യവസായങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനം നല്കുന്ന സൗകര്യങ്ങളും സഹായങ്ങളും മറ്റും കൂടിയാലോചനകളിലൂടെ വ്യക്തത വരുത്തുന്നതിനും ഒരു പ്രത്യേക സമിതിക്ക് രൂപംനല്കേണ്ടതാണ്.

റ. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന പ്രശ്നത്തിൽ സംസ്ഥാനത്തിന് പുറത്തു വ്യവസായികളെ ബന്ധപ്പെടേണ്ടിവരും. അതിനാവശ്യമായ സംവിധാനം സംഘടിപ്പിക്കാനാവണം. നിശ്ചിത ഇടവേളകളിൽ ഇക്കാര്യത്തിൽ ഉണ്ടാവുന്ന പുരോഗതി വിലയിരുത്തണം.

ല. കേരളം ജനസാന്ദ്രത വൻതോതിലുള്ള സംസ്ഥാനമെന്ന നിലയ്ക്ക് ഭൂമിയുടെ ലഭ്യതക്കുറവ് വ്യവസായ പുരോഗതിയെ ബാധിക്കും. ഇക്കാര്യത്തിൽ സർക്കാർതന്നെ മുൻകൈയെടുത്ത് ഭൂമി ലഭ്യത ഉറപ്പാക്കണം. കിൻഫ്ര, കെ എസ് ഐ ഡി സി തുടങ്ങിയ സ്ഥാപനങ്ങൾ ഭൂമി വാങ്ങുന്നതിനു നടപടി സ്വീകരിക്കണം. ഇതിനായി ബജറ്റിലും പണം നീക്കിവെക്കാവുന്നതാണ്. കിഫ്ബി മുഖേനയും ശ്രമിക്കാവുന്നതാണ്.

ള. പരമ്പരാഗത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് പരിമിതികളുണ്ടെങ്കിലും ഈ മേഖലയെ ആശ്രയിക്കുന്ന തൊഴിലാളികളുടെ എണ്ണം പരിഗണിച്ച് കൂടുതൽ ശ്രദ്ധ നല്കേണ്ടതാണ്. വ്യത്യസ്തങ്ങളായ പ്രശ്നങ്ങളാണ് ഓരോ പരമ്പരാഗത വ്യവസായവും അഭിമുഖീകരിക്കുന്നത്. അത് കണ്ടെത്തി പരിഹരിക്കലാവണം പ്രധാനം. കശുവണ്ടിയും കയറും സംസ്ഥാനത്തിന് പുറത്തേക്ക് പോകാനുള്ള പ്രവണത ഈ മേഖലയിലെ സ്വകാര്യ മുതലാളിമാർ കാണിക്കുന്നു. ചില അനുഭവങ്ങളാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. നല്ലൊരു ഭാഗം ഇപ്പോൾത്തന്നെ സംസ്ഥാനത്തിന് പുറത്ത് പോയിക്കഴിഞ്ഞു. ബാക്കിയുള്ളവയും പോകാനുള്ള പ്രവണതയുണ്ട്. ഇത് തടയാൻ ഫലപ്രദമായ ഇടപെടലും നടപടിയും വേണം. കയർ, കശുവണ്ടി തുടങ്ങിയ മേഖലകളിൽ കാലോചിതമായ മാറ്റം ഉണ്ടാവേണ്ടതുണ്ട്. പരമ്പരാഗത വ്യവസായങ്ങളെ ആധുനികവല്ക്കരിക്കുക എന്നത് ഒരു പ്രധാന അജണ്ടയായി കണ്ട് ഇടപെടാനാവണം.

ഴ. തെറ്റായ രീതിയാണെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യങ്ങൾ തിരുത്തുന്നതിന് നടപടി വേണ്ടിവരും. സംസ്ഥാന ടി യു നേതൃത്വങ്ങളുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. കൈത്തറി രംഗം പുനരുദ്ധരിക്കുന്നതിനു സമഗ്രമായ ഒരു പഠനം ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വൻ സാമ്പത്തിക ബാദ്ധ്യത പരിഹരിക്കൽ, സർക്കാർ സൊസൈറ്റികൾക്ക് നല്കാനുള്ള തുക അനുവദിക്കൽ, ആവശ്യമായ പ്രവർത്തനമൂലധനമുണ്ടാക്കൽ തുടങ്ങിയ കാര്യങ്ങളിൽ നടപടി ആവശ്യമാണ്. മറ്റു പരമ്പരാഗത വ്യവസായ മേഖലകളെക്കുറിച്ചും പഠിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

വ. ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പുതിയ യന്ത്രസാമഗ്രികൾ അതിനായി രൂപപ്പെടുത്തണം. പണിയെടുക്കുന്ന തൊഴിലാളികൾക്ക് പരിശീലനം നല്കി ഈ സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകണം. ഇക്കാര്യം തൊഴിലെടുക്കുന്നവരുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കണം. യന്ത്രസാമഗ്രികളുടെ വരവോടെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസം സവിശേഷ പ്രാധാന്യത്തോടെ പരിഗണിക്കണം.

ശ. പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കഴിയണം. ഓരോ പഞ്ചായത്തും ഒന്നോ

രണ്ടോ ഉല്പന്നങ്ങളിൽ കേന്ദ്രീകരിച്ച് അതുമായി ബന്ധപ്പെട്ട വിഭവങ്ങൾ സമാഹരിച്ച് കൂടുതൽ സംഘടിതമായി സംസ്കരിക്കുന്ന സാദ്ധ്യതകൾ ആരായണം. ഇതിലൂടെ നൂതനമായ സങ്കേതങ്ങളെയും യന്ത്രങ്ങളെയും ഉപയോഗപ്പെടുത്താൻ കഴിയും. ഗുണനിലവാര മേൽനോട്ടവും വിപുലമായ വിപണനവും ഉറപ്പുവരുത്താനുമാവും.

ഷ. വ്യവസായ ഉപകരണങ്ങളുടെ നിർമ്മാണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവണം.

സ. സൗരോർജ്ജത്തിന്റെ സാദ്ധ്യതകളെ സവിശേഷമായി കണ്ടുകൊണ്ട് പ്രോത്സാഹിപ്പിക്കുന്ന സമീപനമുണ്ടാകണം. എൽ എൻ ജി കായംകുളത്തേക്ക് നീട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

### 3.20 മത്സ്യോല്പാദനം

മ. മത്സ്യോല്പാദനത്തിൽ വൻ വർദ്ധനവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തിലൂടെ നാം ലക്ഷ്യമിട്ടെങ്കിലും മത്സ്യക്കുഞ്ഞുങ്ങളെ വിപുലമായ തോതിൽ നിക്ഷേപിക്കാൻ ഇപ്പോഴും കഴിയുന്നില്ല. നിലവിലുള്ള കുളങ്ങളിൽ മത്സ്യകൃഷി നടക്കുന്നുണ്ടെങ്കിലും പ്രത്യേക ശ്രദ്ധയോടെ വികസിപ്പിക്കേണ്ടതാണ്. നിലവിലുള്ള ഹാച്ചെറികൾ, ഫാമുകൾ എന്നിവ കൂടുതൽ മെച്ചപ്പെടുത്തണം. വീട്ടുവളപ്പിൽ കുളം നിർമ്മിച്ച് മത്സ്യകൃഷി നടത്തൽ ഇനിയും വിജയിക്കേണ്ടതായിട്ടാണുള്ളത്. ഉൾനാടൻ മത്സ്യ സമ്പത്ത് വളർത്താൻ പ്രത്യേക ശ്രദ്ധ ആവശ്യമുണ്ട്. ജലാശയങ്ങളിലെ മാലിന്യം മത്സ്യവളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ഇതിനെല്ലാമായി ഒരു പ്രത്യേക കർമ്മ പരിപാടി മത്സ്യവകുപ്പ് ആവിഷ്കരിക്കേണ്ടതാണ്.

യ. മൂല്യവർദ്ധനവ്, സംസ്കരണം, വിപണി സംവിധാനം എന്നിവ പ്രയോജനപ്പെടുത്തി മുന്നോട്ട് പോകുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകണം. മത്സ്യബന്ധനം, സംസ്കരണം തുടങ്ങിയ രംഗങ്ങളിൽ ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. ഇതിലൂടെ പുതിയ തൊഴിൽ സാദ്ധ്യതകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ര. എല്ലാ ജില്ലകളിലും മത്സ്യകർഷക സംഘങ്ങൾ രൂപീകരിക്കണം. മത്സ്യ ഉല്പന്നങ്ങളുടെ വിപണനവും മറ്റും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഇവർക്ക് പ്രത്യേക ശ്രദ്ധയുണ്ടാവണം. മത്സ്യ കർഷകരെ മത്സ്യോല്പാദനത്തിലും ഹാച്ചറി വഴിയുള്ള മത്സ്യക്കുഞ്ഞ് ഉല്പാദനത്തിലും പങ്കാളിയാക്കണം. മണ്ണെണ്ണയിൽ നിന്ന് എൽ പി ജിയിലേക്കും ഗ്യാസിലേക്കും മാറുന്ന കാര്യം ആലോചിക്കണം.

### 3.21 പുത്തൻ വികസന മേഖലകൾ

മ. ജനസാന്ദ്രത കൂടുകയും അഭ്യസ്തവിദ്യർ ഏറെ നിലനില്ക്കുകയും ചെയ്യുന്ന നമ്മുടെ സംസ്ഥാനത്ത് പുത്തൻ വ്യവസായ മേഖലകളിൽ സാദ്ധ്യതകൾ ഏറെയാണ്. ഐ ടി പാർക്കുകളുടെ വികസനത്തിന് സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

യ. ബയോടെക്നോളജി, നാനോടെക്നോളജി മരുന്ന് നിർമ്മാണം എന്നീ രംഗത്തെ സാദ്ധ്യതകളെ നല്ല നിലയിൽ ഉപയോഗപ്പെടുത്താനാവണം. ഇതിനുള്ള സമഗ്രമായ പദ്ധതികൾ തയ്യാറാക്കണം.

### 3.22 ടൂറിസം

മ. കേരളത്തിന്റെ സവിശേഷമായ പ്രകൃതി ടൂറിസം വികസനത്തിന് ഏറെ സഹായകരമാണ്. അഖില ലോകതലത്തിൽത്തന്നെ കേരളത്തിന്റെ ടൂറിസം ഏറെ ശ്രദ്ധ നേടിയിട്ടുള്ളതാണ്. ഈ രംഗത്ത് മുന്നോട്ടുപോകണമെങ്കിൽ നമ്മുടെ അടിസ്ഥാന സൗകര്യ വികസനം പ്രധാനമാണ്. കാഴ്ചകൾക്ക് പുറമേ അറിവ് പ്രദാനം ചെയ്യുന്നതരത്തിൽ പഠന ടൂറിസം വികസിപ്പിക്കാൻ കഴിയും.

യ. പ്രാദേശികമായി ഉപയോഗപ്പെടുത്താൻ പറ്റുന്ന നിരവധി ടൂറിസം കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. അവ കണ്ടെത്തി വികസിപ്പിക്കുന്നതിന് പ്രത്യേകമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ടൂറിസം വകുപ്പിന്റെയും സംയുക്ത പരിശ്രമത്തിന്റെ ഫലമായി കഴിയണം.

ര. സാംസ്കാരിക ടൂറിസം, ടൂറിസം കാരവൻ പദ്ധതി, ഇക്കോ ടൂറിസം, ആയുർവേദ സുഖ ചികിത്സ തുടങ്ങിയ പദ്ധതികളെ മുന്നോട്ടു കൊണ്ടുപോകുന്നതിന് സവിശേഷ ശ്രദ്ധ ഉണ്ടാവണം. ഗണ്യമായ ജനവിഭാഗത്തിന്റെ ജീവിതോപാധിയായി ടൂറിസത്തെ വികസിപ്പിക്കാൻ സാധിക്കും. സഹകരണ മേഖലയെ ഈ രംഗത്ത് സജീവമായി കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

### 3.23 വിജ്ഞാന സമൂഹ നിർമ്മിതി

മ. പരമ്പരാഗത സമ്പദ്ഘടനയിൽ ശാസ്ത്ര സാങ്കേതികവിദ്യകൾ സന്നിവേശിപ്പിച്ച് അവയെ വിജ്ഞാന സാന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുവഴി അവിടങ്ങളിൽ മൂല്യ വർദ്ധനവ് ഉണ്ടാക്കാനും ജനങ്ങളുടെ വരുമാനം ഉയർത്താനും കഴിയണം.

യ. പുതിയ തലമുറ സംരംഭകരെ സൃഷ്ടിക്കണം. ഇതിന്റെ സാമൂഹിക അടിത്തറ കേരളത്തിലെ അഭ്യസ്തവിദ്യരായ അതി മിടുക്കരായ യുവതീ

യുവാക്കളായിരിക്കും. ഇവരുടെ മുൻകൈയിൽ നൂതന വിദ്യകളെ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകൾ രൂപീകരിക്കാനാവണം. സ്റ്റാർട്ടപ്പുകളെ പൊതുവിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ര. കമ്പനികളുടെ പുറം ജോലികൾ കേരളത്തിലെ വീട്ടിലിരുന്നോ വീട്ടിനടുത്തിരുന്നോ ചെയ്യുന്നതിന് അഭ്യസ്തവിദ്യരായ യുവജനങ്ങളെ സന്നദ്ധരാക്കണം.

റ. കമ്പനികൾക്ക് കേന്ദ്രീകൃതമായോ വികേന്ദ്രീകൃതമായോ തലത്തിലേക്കുള്ള ജോലിക്കാരെ ലഭ്യമാക്കുന്നതിന് പ്രൊഫഷണലുകളുടെയും പരിശീലനം സിദ്ധിച്ചവരുടെയും വിവരങ്ങൾ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കണം. ജോലി ലഭിക്കുന്നവർക്കുള്ള സാമൂഹ്യസുരക്ഷിതത്വം സംസ്ഥാന സർക്കാർ ഉറപ്പുനല്കണം. മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പാടാക്കണം. ഈ പദ്ധതിയിൽ വീട്ടമ്മമാരായി ഇന്ന് ഒതുങ്ങി നില്ക്കുന്ന അഭ്യസ്തവിദ്യരായ സ്ത്രീകൾക്കാണ് വലിയതോതിൽ തൊഴിലവസരങ്ങൾ ലഭിക്കുക.

ല. ഇതിനുവേണ്ടി ആഗോളതലത്തിൽ തൊഴിൽദാതാക്കളായ കമ്പനികളോട് നിരന്തരം സമ്പർക്കം പുലർത്തുന്നതിനും നൈപുണി പരിശീലനത്തെ ഏകോപിപ്പിക്കുന്നതിനും പ്ലാറ്റ്ഫോം പരിപാലിക്കുന്നതിനും ഇന്നവേഷൻസിനെ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി കെഡിസ്കിനെ പ്രാപ്തമാക്കേണ്ടതുണ്ട്.

ള. അഭ്യസ്തവിദ്യരായ മുഴുവൻപേർക്കും കമ്പ്യൂട്ടർ പരിശീലനം നല്കുക, ഉന്നത നൈപുണി പ്രദാനം ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ വലിയ ജനകീയ പ്രസ്ഥാനമായി മാറ്റി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് വലിയതോതിലുള്ള പരിഹാരം കാണാനാകണം.

## 3.24 പൊതുവിദ്യാഭ്യാസം

മ. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവല്ക്കരണത്തിന് ബദലായി ജനപങ്കാളിത്തത്തോടെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്ന നയം കൂടുതൽ ശക്തമായി മുന്നോട്ടുപോകണം.

യ. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ പൊതുവിദ്യാഭ്യാസം വൻതോതിൽ മെച്ചപ്പെടുത്താനായിട്ടുണ്ട്. എന്നാൽ നാം ആഗ്രഹിക്കുന്ന രീതിയിൽ നിലവാരം ഉയർന്നിട്ടുണ്ടോയെന്നത് ഗൗരവമായി വിശകലനം ചെയ്യണം. പൊതുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ വികസനമുണ്ടായിട്ടുണ്ട്. സ്മാർട്ട് ക്ലാസുകളും നല്ല നിലയിൽ ഉയർന്നുവന്നിട്ടുണ്ട്. അത് വലിയ അംഗീകാരവും നേടിയിട്ടുണ്ട്. എന്നാൽ ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാനാകണം.

ര. അടിസ്ഥാന സൗകര്യരംഗത്ത് വലിയ മാറ്റം ഉണ്ടായി എങ്കിലും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ ആ നേട്ടങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന പ്രശ്നം നിലനില്ക്കുന്നു. പുതിയ കാലത്തിന്റെ സാദ്ധ്യതകളെ കൂടി മനസ്സിലാക്കിക്കൊണ്ട് സിലബസ്സ് നവീകരണം നടത്താനാവണം. ഗൗരവമായ ഇടപെടലും ആവശ്യമായ വിദഗ്ധന്മാരെയും ഉപയോഗപ്പെടുത്തി ഇത് പൂർത്തീകരിക്കണം. പാഠ്യ, പാഠ്യാനുബന്ധ പാഠ്യേതര സ്കൂൾ പ്രവർത്തനങ്ങൾക്ക് അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ഇതിൽ അദ്ധ്യാപകരെയും രക്ഷാകർത്താക്കളെയും നാട്ടുകാരെയും അണിനിരത്തി മുന്നോട്ടുപോകാനാവണം.

റ. ഭിന്നശേഷിയുള്ളവരുൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ അന്തരീക്ഷം, കെട്ടിടങ്ങൾ, പഠനോപകരണങ്ങൾ, പഠന രീതി എന്നിവ ഉറപ്പാക്കണം. ആദിവാസി മേഖലകൾ, കോളനികൾ, തീരദേശ മേഖല എന്നിവിടങ്ങളിൽനിന്നുള്ള കുട്ടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ പഠന സംവിധാനങ്ങൾ സൃഷ്ടിക്കണം. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക എന്നത് പ്രധാനപ്പെട്ട പ്രവർത്തനമായി കാണേണ്ടതുണ്ട്. അതിനുതകുന്ന സംവിധാനങ്ങൾ സ്കൂളുകളിൽ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കാനാകണം.

3.25 ശിശു സംരക്ഷണം എന്നത് പ്രധാനമായി കണ്ടുകൊണ്ടുള്ള ഇടപെടൽ നടത്തേണ്ടതാണ്. അംഗനവാടികളെ ആ തരത്തിലേക്ക് വികസിപ്പിക്കാനാകണം. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം എന്നതാവണം അതിന്റെ ലക്ഷ്യം. അത് അനുസരിച്ചുള്ള പരിശീലനം അംഗനവാടിയിലെ ജീവനക്കാർക്ക് നല്കണം. ശാസ്ത്രസാങ്കേതിക വിദ്യകളുടെ നേട്ടങ്ങളെ ഉപയോഗപ്പെടുത്തി അംഗനവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് സവിശേഷ ശ്രദ്ധയുണ്ടാവണം. പ്രീപ്രൈമറി രംഗത്ത് ആവശ്യമായ പരിശീലനം ജീവനക്കാർക്ക് ഉറപ്പുവരുത്തണം. പശ്ചാത്തലസൗകര്യവും ശരിയായ രീതിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. ബഡ്സ് സ്കൂളുകളുടെ കാര്യത്തിൽ സവിശേഷമായ ശ്രദ്ധയുണ്ടാവണം.

## 3.26 ഉന്നതവിദ്യാഭ്യാസം

മ. കേരളത്തിലെ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും 510 വർഷത്തേക്കുള്ള ഭാവി വികസന പദ്ധതികൾ തയ്യാറാക്കുകയും അവയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായ പദ്ധതികളും കർമ്മ പദ്ധതികളും തയ്യാറാക്കുകയും വേണം.

യ. കേരളം ഉന്നതവിദ്യാഭ്യാസത്തിന്റെ ഒരു ധിഷണാകേന്ദ്രമാക്കി മാറ്റാനുള്ള ശ്രമമാണ് ഇപ്പോൾ

നടക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനാനുപാതം (ജി ഇ ആർ) 37 ശതമാനമാണ്. അത് അടുത്ത 5 വർഷം കൊണ്ട് 50 ശതമാനമാക്കി വർദ്ധിപ്പിക്കുന്നതിന് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം.

ര. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ബോധന പഠന നിലവാരത്തിന്റെ ഗുണമേന്മ യിൽ കുതിച്ച് ചാട്ടം ഉറപ്പുവരുത്തി ലോക നില വാരത്തിൽ എത്തിക്കാൻ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആഗോളതലത്തിൽ മുന്നിൽ നില്ക്കുന്ന സ്ഥാപനങ്ങളോട് കിടപിടിക്കു ന്ന ഉന്നത കലാലയങ്ങൾ വളർത്തിക്കൊണ്ടു വരണം. സർക്കാർ മേഖലയിലും സഹകരണ മേഖലയിലും പി പി പി മോഡലിലും സ്വ കാര്യമേഖലയിലും ഈ രീതിയിൽ വൻകിട ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ ഉണ്ടാവണം. സാമൂഹ്യ നിയന്ത്രണത്തോടെ മാത്രം ഇവയെല്ലാം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

റ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ നീതി ഉറപ്പാക്കിയും നിർദ്ദിഷ്ട നിലവാര മാനദണ്ഡങ്ങൾ പാലിച്ചുമാണ് സ്വകാര്യ മേഖലയിലുൾപ്പെടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കു ന്നത് എന്നും ഉറപ്പ് വരുത്തുന്നതിനുള്ള കർശന നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തണം. സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥി കൾക്ക് പ്രത്യേക സ്കോളർഷിപ്പുകൾ, ധനസഹായ പദ്ധ തികൾ, വായ്പകൾ എന്നിവ വർദ്ധിപ്പിക്കണം. അവ പുതുതായി ആരംഭിക്കുകയും വേണം.

ല. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടി വേണം. ഉന്നതവിദ്യാഭ്യാസ മേഖലയെ ഉല്പാദ നമേഖലകളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വിവിധ സർവ്വക ലാശാലകളിലെ ഗവേഷണ സ്ഥാപനങ്ങളെ ഇത്തരത്തിൽ യോജിപ്പിക്കുന്നതിനുള്ള പദ്ധ തികൾ നടപ്പിലാക്കാനാവണം. ശാസ്ത്ര, സമൂ ഹ്യശാസ്ത്ര മാനവീക രംഗങ്ങളിലെ ഗവേഷണ ഫലങ്ങളെ സാമൂഹ്യതലത്തിൽ പ്രയോജനപ്പെടു ത്തുന്ന രീതികൾ വികസിപ്പിക്കാനാകണം.

ള. പുതിയ പേറ്റന്റുകൾ വ്യാപകമായി സൃഷ്ടിക്കു ന്നവിധം ഇവയുടെ നിലവാരം വർദ്ധിപ്പിക്കുന്ന തിന് പ്രത്യേക ശ്രദ്ധയുണ്ടാവണം. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്ന തിനും സവിശേഷ ശ്രദ്ധയുണ്ടാവണം. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ മുന്നോ ട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധയു ണ്ടാവണം.

ഴ. സർവ്വകലാശാലകളുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ മികവ് കേന്ദ്രങ്ങൾ തുടങ്ങേണ്ട തുണ്ട്. ലോക പ്രശസ്തരായ വിഷയ വിദഗ്ദ്ധർ ഇതിന് നേതൃത്വം നല്കുന്ന സ്ഥിതിയുണ്ടാവണം. ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഹ്യൂമാനിറ്റീസ്, ഭാഷാ മേഖലകളും ഇതിൽ ഉണ്ടാകണം. കാർഷിക രംഗത്ത് ഹ്രസ്വകാല കോഴ്സുകൾ ഉണ്ടാവണം.

## 3.27 ആരോഗ്യ രംഗം

മ. ഇൻഷ്വറൻസ് അടക്കം ഉപയോഗപ്പെടുത്തി പൊതു ആരോഗ്യ സംവിധാനങ്ങളെ ശക്തി പ്പെടുത്തുകയാണ് നമ്മുടെ നയം. ഈ രംഗത്ത് തുടക്കംകുറിച്ചിട്ടുള്ള നവീകരണം ഇനിയും മുന്നോട്ടുപോകണം. ഈ സന്ദർഭത്തിൽ ജനപ ങ്കാളിത്തത്തോടെ രോഗ പ്രതിരോധ പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തേണ്ടത് വളരെ പ്രധാന മാണ്. രോഗാതുരത കുറച്ചുകൊണ്ടുമാത്രമേ സൗജന്യ പൊതു ആരോഗ്യ സംവിധാനത്തെ സ്ഥായിയാക്കാനാവൂ. പാലിയേറ്റീവ് മേഖലയിൽ പാർട്ടി ഇപ്പോൾ തന്നെ സജീവമായി ഇടപെടു ന്നുണ്ട്. ഭിന്നശേഷിക്കാരായ മുഴുവൻപേർക്കും ആരോഗ്യ സുരക്ഷയും കരുതലും ഒരുക്കേണ്ട താണ്.

യ. പോഷകാഹാരക്കുറവ് പൂർണ്ണമായും പരിഹ രിക്കണം. അനീമിയ ബാധിച്ച നല്ലൊരു ഭാഗം ആളുകളുണ്ട്. എല്ലാവർക്കും സമീകൃതമായ പോഷകാഹാരം ലഭിക്കണം. സ്ത്രീകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. അനീ മിയയിൽനിന്നും എല്ലാവരും മുക്തമാകണം. പ്രാഥമിക ആരോഗ്യ കേന്ദ്രം മുഖേന പരിശോധന നടത്തുകയും വേണം. അനീമിയ ബാധിച്ചവർക്ക് പ്രത്യേക പരിഗണന നല്കുകയും വേണം. സ്ത്രീ കൾക്കും കുട്ടികൾക്കും അനീമിയയിൽ നിന്നു മുക്തരാകാൻ പ്രത്യേക ആഹാരം നല്കണം.

ര. വയോജനങ്ങൾക്ക് വാർദ്ധക്യ സംബന്ധമായ രോഗമുണ്ടാവാം. ചികിത്സാച്ചെലവ് താങ്ങാനാ വാത്തതുകൊണ്ട് ചിലർ ചികിത്സിക്കുന്നില്ല. നിശ്ചിത പ്രായം കഴിഞ്ഞവരുടെ ചികിത്സയ്ക്ക് സൗകര്യമുണ്ടാക്കണം.

റ. മാരകരോഗം ബാധിച്ച ഏതാനും കുട്ടികൾ സമൂ ഹത്തിലുണ്ട്. ഇത്തരം രോഗത്തിനു ചികിത്സയ്ക്കു വൻ സാമ്പത്തിക ബാദ്ധ്യതയാവുന്നു. ചിലർക്ക് ഇത് താങ്ങാനാവുന്നില്ല. ഇതിനായി പ്രത്യേക സഹായ പദ്ധതി വേണം. ചികിത്സാച്ചെലവ് പൂർ ണ്ണമായും ചെയ്തുകൊടുക്കണം.

ല. സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ നയം നടപ്പി ലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. ആരോ ഗ്യമേഖലയിലെ വിവിധ തട്ടുകളെ ശക്തിപ്പെടു ത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന രീതി സ്വീക രിക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വലിയ പുരോഗതി നമുക്ക് നേടാനായിട്ടുണ്ട്. താലൂക്ക്, ജില്ലാ ആശുപത്രികളിലും പുരോഗതി ദൃശ്യമാണ്. എന്നാൽ ആധുനികമായ എല്ലാ

ചികിത്സാ സംവിധാനങ്ങളും ഉറപ്പുവരുത്തുന്ന വിധം നമ്മുടെ പൊതു ആരോഗ്യ മേഖല വികസിച്ചിട്ടില്ല. ഇത് പരിഹരിച്ച് എല്ലാവിധ ചികിത്സയും സർക്കാർ സ്ഥാപനങ്ങളിൽ ലഭിക്കുന്ന സംവിധാനം ഉറപ്പുവരുത്താനാവണം.

ള. രോഗചികിത്സയുടെ കാര്യത്തിൽ അത്യുന്നത കേന്ദ്രമാക്കി കേരളത്തെ മാറ്റണം. അവയവമാറ്റ ചികിത്സ സർക്കാർ മേഖലയിലും വ്യാപമാക്കുന്നതിന് കഴിയേണ്ടതുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകളും നല്ല രീതിയിൽ ലഭിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാവണം. മറ്റു സംസ്ഥാനങ്ങളിൽനിന്നും രാജ്യത്തിനു പുറത്തുനിന്നും ചികിത്സയ്ക്കായി രോഗികൾ കേരളത്തിൽ വരാൻ ഇടയാക്കുംവിധം ചികിത്സാസൗകര്യം മെച്ചപ്പെടണം. ഇതിനായി ഇപ്പോൾ നിലവിലുള്ളതിനു പുറമെ ചില വൻകിട ആശുപത്രികൾ വരണം. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഇത്തരം ആശുപത്രികൾ വരുന്നതിന് സഹായകരമായ പദ്ധതിക്ക് രൂപം നല്കണം.

ഴ. നേഴ്സിങ് കോളേജുകളും പാരാമെഡിക്കൽ കോളേജുകളും കേരളത്തിൽ വർദ്ധിപ്പിക്കാവുന്നതാണ്. നേഴ്സുമാർക്ക് വിദേശ ഭാഷ പഠിക്കാനുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

വ. നാടിന്റെ ചികിത്സ എന്ന് അറിയപ്പെടുന്ന ആയുർവേദത്തിന് വൻ സാദ്ധ്യതയാണുള്ളത്. ആയുർവേദ ചികിത്സയ്ക്കും പഞ്ചകർമ്മ ചികിത്സയ്ക്കും രാജ്യത്തിന് പുറത്തുനിന്നും ആളുകൾ കേരളത്തിലെത്തുന്നു. ആവശ്യമായത്ര ചികിത്സാ കേന്ദ്രങ്ങൾക്ക് രൂപംനല്കാനാവണം. അതോടൊപ്പം ആയുർവേദ രംഗത്ത് തിരുമ്മൽ ചികിത്സയ്ക്കും പ്രൊഫഷണലുകൾ ആവശ്യമാണ്. ഇത്തരം പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ പരിശീലനകേന്ദ്രങ്ങൾ ആവശ്യമാണ്.

ശ. കേരളത്തിൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളും യോഗാ കേന്ദ്രങ്ങളും വേണം. അതോടൊപ്പം ഈ രംഗത്ത് ആവശ്യമായ പ്രൊഫഷണലുകൾ വേണം. അതിനായി നാചറോപ്പതി & യോഗ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം.

ഷ. ആരോഗ്യ രംഗത്ത് ഗവേഷണം വേണ്ടത്ര പുരോഗമിക്കുന്നില്ല. അലോപ്പതി ആയുർവേദ രംഗങ്ങളിൽ ഒട്ടേറെ പ്രശസ്തരും മെച്ചപ്പെട്ട സംവിധാനങ്ങളുമുള്ള കേരളത്തിൽ ആരോഗ്യ ഗവേഷണങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്. ആരോഗ്യ സർവ്വകലാശാലയുടെ ചുമതലകളിലും ഘടനയിലും കാഴ്ചപ്പാടിലും ഇതിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണമുണ്ടാകണം. നമ്മുടെ നാട് പരമ്പരാഗതമായ അറിവുകളുടെ അനർഘമായ നിധിയാണ്. ജൈവ വൈവിദ്ധ്യങ്ങളുടെ സവിശേഷത നമുക്കുണ്ട്. പരമ്പരാഗതമായ അറിവുകളെ മനസ്സിലാക്കി ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉതകുന്ന സംവിധാനം രൂപപ്പെടുത്താനാകണം. അവയുടെ പഠന ഫലങ്ങൾ ഉപയോഗിക്കാനുള്ള പേറ്റന്റ് അവകാശം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വളർത്തിക്കൊണ്ടുവരണം.

സ. ഇഹെൽത്ത് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇഹെൽത്ത് പദ്ധതി നടപ്പിലാക്കിയ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തിഗത സുരക്ഷ ഉറപ്പാക്കി ആരോഗ്യ നിലവാരം മെച്ചപ്പെടുത്താനുതകുന്ന വിധത്തിൽ പദ്ധതി നടപ്പിലാക്കണം. ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ആവിഷ്കരിച്ച വിവര ശേഖരണ പദ്ധതി ശരിയായ നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ ശ്രദ്ധിക്കണം.

ഹ. പല അസുഖങ്ങളും ആരംഭഘട്ടത്തിൽ കണ്ടെത്തി ചികിത്സ തുടങ്ങിയാൽ ഭേദപ്പെടുത്താൻ സൗകര്യം വളരെ കൂടുതലാണ്. അതിനുതകുന്ന വിധം സ്കൂൾ തലത്തിൽ തന്നെ പൊതുപരിശോധനാ പദ്ധതിക്ക് സമഗ്രമായ രൂപരേഖ തയ്യാറാക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളും തമ്മിൽ ഇക്കാര്യത്തിൽ പാരസ്പരിക ബന്ധം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് കർശനമായി ഇടപെടണം.

ാ. മഹിളാ മന്ദിരം, ബാലമന്ദിരം, നിർഭയ ഹോം, സി ഡബ്ല്യു സി ഈ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനം കൃത്യമായി മോണിറ്ററിങ് ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തണം.

### 3.28 പാർപ്പിടം

മ. സ്വന്തമായി വീട് നിർമ്മിക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നല്കുന്ന ലൈഫ് പദ്ധതിയിൽ 2,77,045 വീടുകളാണ് ഇതേവരെ പൂർത്തിയായത്. ബാക്കി നില്ക്കുന്ന വീടുകളിൽ ഭവന സമുച്ചയ രീതിയിൽ പണി തീർന്നത് 362 വീടുകളാണ്. ഇതിൽ ബാക്കിയുള്ള വീടുകൾ തീരേണ്ടതുണ്ട്. ഭൂരഹിതഭവനരഹിതർക്കു വേണ്ടി 39 ഭവനസമുച്ചയങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ 2022 മാർച്ചിൽ 4 ഭവനസമുച്ചയങ്ങൾ പൂർത്തീകരിക്കും. 2022 മേയിൽ 6 എണ്ണവും ഓഗസ്റ്റിൽ 13 എണ്ണവും ഒക്ടോബറിൽ 5 എണ്ണവും പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

യ. ഭവന സമുച്ചയം നിർമ്മിക്കൽ വൻ സാമ്പത്തിക ബാദ്ധ്യതയായി മാറുന്നു. ആ സാഹചര്യത്തിൽ ഭൂമി കണ്ടെത്തി വീട് നിർമ്മിക്കലാണ് പ്രായോഗികമാവുക. നേരത്തേ അനുവദിച്ച 4 ലക്ഷം രൂപയ്ക്ക് പകരം 5 ലക്ഷം രൂപയാക്കാവുന്നതാണ്. അതോടൊപ്പം ഇത്രയും വീടുകൾ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തണം. വ്യക്തികളുടെയും സംഘടനകളുടെയും സഹായത്തോടെ ഭൂമി

കണ്ടെത്താനുള്ള പ്രവർത്തനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

ര. ലൈഫ് മിഷന്റെ ഭാഗമായി അർഹതയുള്ളവരെ കണ്ടെത്താൻ പുതുതായി അപേക്ഷ ക്ഷണിച്ചതിൽ 3,44,267 കുടുംബങ്ങളാണ് അർഹത നേടിയത്. അതിൽ ഭൂമിയുള്ളവരും ഭൂമിയില്ലാത്തവരും കാണും. ഭൂമിയുള്ളവർക്ക് പണം നല്കിയാൽ ആ കുടുംബംതന്നെ വീട് നിർമ്മിക്കും. ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് അതേ തദ്ദേശസ്വയംഭരണ സ്ഥാപന അതിർത്തിയിൽ തന്നെ വീട് വയ്ക്കുന്നതിന് സ്ഥലം കണ്ടെത്താൻ തദ്ദേശസ്വയംഭരണസ്ഥാപനം ശ്രദ്ധിക്കണം.

റ. പട്ടികവർഗ്ഗത്തിൽപ്പെട്ട അർഹതപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നല്കാൻ സ്ഥലം കണ്ടെത്താൻ സർക്കാർ നടപടി എടുക്കണം. പ്രവർത്തിക്കാത്ത ചില എസ്റ്റേറ്റുകളും കൈയൊഴിയാൻ തയ്യാറാവുന്ന എസ്റ്റേറ്റുകളുമുണ്ട്. അത്തരം സ്ഥലം സർക്കാർ ഏറ്റെടുത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നല്കാവുന്നതാണ്.

ല. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നടപ്പാക്കിയിട്ടുള്ള പുനർഗേഹം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ഇതിനായി സ്ഥലം കണ്ടെത്താൻ ഗൗരവമായ ശ്രമം വേണം. 2022 മെയ് മാസം ആകുമ്പോഴേക്ക് വീടുകൾ നിർമ്മിക്കാവുന്ന സ്ഥലത്തെക്കുറിച്ച് ജില്ലാ കളക്ടർമാർ വ്യക്തത ഉണ്ടാക്കേണ്ടതാണ്. തോട്ടം തൊഴിലാളികൾക്ക് വീട് ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധ ഉണ്ടാകണം.

## 3.29 തദ്ദേശസ്വയംഭരണം

മ. പ്രാദേശിക സർക്കാരുകൾ എന്ന നിലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടേറെ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. ഹരിത കേരള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണത്തിലൂടെ മാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദമായ ഇടപെടലും നേതൃത്വവുമാണ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടായത്. എന്നാൽ മാലിന്യ സംസ്കരണം ഇനിയും ജാഗ്രതയായി ഇടപെടേണ്ട മേഖലയാണ്. ഉറവിട മാലിന്യ സംസ്കരണമായാലും കേന്ദ്രീകൃത മാലിന്യ സംസ്കരണമായാലും തദ്ദേശ സ്ഥാപനങ്ങളാണ് ഫലപ്രദമായി നേതൃത്വം നല്കേണ്ടത്. വേണ്ടത്ര അവബോധം സൃഷ്ടിക്കപ്പെട്ട ഈ ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിലയിരുത്തുന്നത് ആവശ്യമാണ്. എല്ലാ പ്രദേശവും മാലിന്യരഹിതമായിരിക്കുക എന്നത് തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയായി കാണേണ്ടതുണ്ട്.

യ. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നല്കുക എന്ന പദ്ധതി നേരത്തേ തീരുമാനിച്ചതാണെങ്കിലും പ്രത്യേക സാഹചര്യം മൂലം നടപ്പിലാക്കാനായില്ല. ഈ വർഷം പ്രസ്തുത പദ്ധതി നടപ്പാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രഖ്യാപിച്ചതാണ്. അത് എത്രത്തോളം നടപ്പിലാക്കാനായി എന്ന വിലയിരുത്തൽവേണം. കൂടുതൽ പേർക്ക് തൊഴിൽ നല്കാൻ കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിനന്ദനമർഹിക്കുന്നു.

ര. വിപുലമായ തോതിൽ സന്നദ്ധ പ്രവർത്തനവും സംഭാവനയും പ്രാദേശികമായി സമാഹരിച്ച് മുന്നോട്ടുപോകാനാവണം. ശുചീകരണം, പുഴ വൃത്തിയാക്കൽ, നീർത്തട പ്രവർത്തനങ്ങൾ, മരം നടൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ അതിവിപുലമായ രീതിയിൽ സന്നദ്ധാടിസ്ഥാനത്തിൽ ജനങ്ങളെ പങ്കാളികളാക്കണം. വന പുനഃസ്ഥാപന നയത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവണം.

റ. വൻതോതിലുള്ള പണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. അത് ചെലവഴിക്കുന്നതിന് മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത സ്വാതന്ത്ര്യം കേരളത്തിലുണ്ട്. ഇത് അഴിമതിരഹിതമായി ഉപയോഗപ്പെടുത്തുന്ന രീതി ഉണ്ടാവണം. സോഷ്യൽ ഓഡിറ്റിങ് പ്രാവർത്തികമാക്കാൻ കഴിയണം. തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര മാനദണ്ഡത്തിനനുസരിച്ച് തയ്യാറാക്കി തൊഴിലാളികൾക്ക് കൂലിയും തൊഴിൽ ദിനങ്ങളും ഉറപ്പ് വരുത്തുന്നതിന് കഴിയണം.

ല. കുടുംബശ്രീ വിവിധങ്ങളായ പരിപാടികളിലൂടെ സജീവമായി വർത്തിക്കുന്നുണ്ട്. ഓരോ വർഷവും ഈ മേഖലയിലൂടെ നല്കാൻ കഴിയുന്ന ആകെ തൊഴിൽ തിട്ടപ്പെടുത്തുന്നതും നന്നാവും. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ എത്ര വീതം തൊഴിൽ അവസരം ലഭ്യമാക്കി, സംസ്ഥാനത്ത് മൊത്തം തൊഴിൽ അവസരം എത്ര എന്നത് ഓരോ വർഷവും കണക്കെടുക്കണം.

ള. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവണം. നവീകരണം ആവശ്യമുള്ള ഇടങ്ങളിൽ അവ നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

ഴ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം ഉയർത്താൻ നികുതി പിരിവിൽ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി പ്രാദേശിക സർക്കാരുകളെ സജ്ജമാക്കണം.

## 3.30 ശുചിത്വം

മ. കേരളത്തിലെ സെപ്റ്റിക് ടാങ്കുകൾ ക്ലീൻ ചെയ്യാൻ ഇപ്പോൾ നദികളിൽ ഒഴുക്കി കളയുന്ന നില ഉണ്ട്. ഒരോ മണ്ഡലത്തിലും സ്വീവേജ് പ്ലാന്റ് വേണം. അതിനു സ്ഥലം കാണണം. പ്രാദേശികമായി എതിർപ്പ് വളരുന്നുണ്ട്. പക്ഷേ, ഇതുണ്ടാക്കുന്ന പ്രശ്നം വളരെ വലുതാണ്. നാടിന്റെ പൊതു അഭിപ്രായം ഇക്കാര്യത്തിൽ ഉയരണം.

ഒരു സർവ്വകക്ഷിയോഗം ചേർന്ന് പൊതുവായ അംഗീകാരം വാങ്ങണം.

യ. മെഡിക്കൽ വേസ്റ്റ് സംസ്കരണ കേന്ദ്രം ഓരോ ജില്ലയിലും വേണം. എല്ലാ പ്രദേശങ്ങളും എതിർപ്പ് പ്രകടിപ്പിക്കുന്നു. സർക്കാർ സ്ഥലം ഇതിനു കണ്ടെത്തണം. പൊതു നയം ഉണ്ടാക്കാനാവണം.

ര. മാലിന്യ നിർമ്മാർജ്ജനം ഇപ്പോൾ പ്രധാന പട്ടണങ്ങളിൽ വൻകിട മാലിന്യ സംസ്കരണ കേന്ദ്രം വരുന്നു. എല്ലാ നഗരസഭകളിലും പ്രധാന കേന്ദ്രങ്ങളും മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ബി ഒ ടി അടിസ്ഥാനത്തിൽ ഉണ്ടാക്കണം. അതിനായി താല്പര്യപത്രം ക്ഷണിക്കണം. കേരളമാകെ ക്ലീൻ ആക്കാൻ ഇത്തരമൊരു നടപടിയിലേക്ക് നീങ്ങണം. സ്വീവേജ് പദ്ധതികൾ ആവിഷ്കരിക്കണം.

റ. എല്ലാ നദികളും കായലുകളും അരുവികളും മാലിന്യമുക്തമാക്കണം. ഓരോ നദിയും മാലിന്യമുക്തമാക്കി നിലനിർത്താൻ ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ ജനകീയ സമിതികൾക്ക് രൂപം കൊടുക്കണം. നദിയുടെ ഇരുകരയിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അടങ്ങുന്ന സമിതികൾ വേണം. ഇത് നദിക്ക് പൊതുവിൽ വേണം. വിവിധ ജില്ലകളിലൂടെ ഒഴുകുന്ന നദിയാണെങ്കിലും പൊതുസമിതിക്ക് പുറമെ ജില്ലാ സമിതി വേണം. അതിനുപുറമെ പ്രാദേശിക സമിതിയും വേണം. ഹരിതകേരള മിഷൻ ഇതിനായി ഓരോ നദിക്കും കായലിനും പ്രത്യേകം പ്രോജക്ട് തയ്യാറാക്കണം.

ല. തോടുകൾ ശുദ്ധീകരിക്കൽ നേരത്തേ നടന്നതാണ്. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തോടുകൾ പുനരുജ്ജീവിപ്പിക്കൽ ക്യാമ്പയിൻ നടക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തിലാവണം ഈ പ്രവർത്തനം.

ള. കിണറുകൾ ശുദ്ധീകരിക്കൽ, കുളങ്ങൾ പുനരുജ്ജീവിപ്പിക്കൽ ഇതോടൊപ്പം നടക്കണം. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് വേണ്ടത്. പുതിയ കുളങ്ങൾ നിർമ്മിക്കലും നടക്കണം. കിണറുകളിലെ വെള്ളം ശുദ്ധമാണോ എന്ന് പരിശോധിക്കാൻ സംവിധാനം വേണം.

ഴ. നദികൾ, കായലുകൾ, അണക്കെട്ടുകൾ എന്നിവ മണൽ നിറഞ്ഞു കിടക്കുന്നു. മണൽ നീക്കാൻ വർഷങ്ങളായി തീരുമാനിക്കുന്നു. നടക്കുന്നില്ല. ഇതിന് മാറ്റമുണ്ടാവണം. ഇതിനായി ഒരു വിദഗ്ധ സമിതി സംസ്ഥാനതലത്തിൽ രൂപീകരിക്കണം. അതിന്റെ കൂടി അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

വ. കുടിവെള്ളം ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടോടെ ഈ രംഗത്ത് ഇടപെടാനാവണം. ജലസംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കണം.

## 3.31 പ്രധാന പദ്ധതികൾക്ക് പ്രത്യേക പരിഗണന

മ. നവകേരള സൃഷ്ടിക്ക് പ്രധാനമായ ഒന്നാണ് പശ്ചാത്തല സൗകര്യത്തിന്റെ വികസനം. ഇക്കാര്യത്തിൽ സവിശേഷമായ ശ്രദ്ധയോടെ ഇടപെടേണ്ടതുണ്ട്. രാഷ്ട്രീയ താല്പര്യത്തോടെ എതിർപ്പുകൾ ഉയർത്തുന്നതിനുള്ള ശ്രമങ്ങളെ പ്രതിരോധിക്കുന്നതിനോടൊപ്പം അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം. ഇവ കൃത്യമായി മോണിറ്ററിങ് ചെയ്യുന്നതിന് കഴിയേണ്ടതുണ്ട്.

യ. കെഫോൺ പദ്ധതി നമ്മുടെ ഇഗവേണൻസ് പ്രായോഗികമാക്കുന്നതിനു പ്രധാനമായിട്ടുള്ളതാണ്. സവിശേഷ പരിഗണനയോടെ അതിനെ കാണാനും മുന്നോട്ടുകൊണ്ടുപോകാനും കഴിയണം. ഇതുമായി ബന്ധപ്പെട്ട തടസ്സങ്ങളെ ഒഴിവാക്കിയെടുക്കുക എന്നത് പ്രധാനമാണ്.

ര. സിൽവർലൈൻ പദ്ധതി കേരളത്തിന്റെ വികസനത്തിന് പ്രധാനമാണെന്ന് കണ്ട് നടപ്പിലാക്കുന്നതിന് കഴിയണം. ഇക്കാര്യത്തിൽ ജനങ്ങളുടെ തെറ്റിദ്ധാരണ ദുരീകരിക്കുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനാവണം.

റ. റോഡ് വികസന പദ്ധതികളും ശബരിമല എയർപോർട്ടുപോലുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനാവണം. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കണം. നിർമ്മാണ സാമഗ്രികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാവണം.

ല. 20 ലക്ഷം പേർക്ക് പുതുതായി തൊഴിൽ നല്കുമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവണം. പ്രധാനമായും കെഡിസ്ക് മുഖാന്തരമാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഒരോ വകുപ്പും ഇത്തരത്തിൽ സൃഷ്ടിക്കുന്ന തൊഴിൽ അവസരങ്ങളെ സംബന്ധിച്ച് കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രത്യേക സംവിധാനം ഒരോ വകുപ്പിലും ഉണ്ടാക്കണം. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും സവിശേഷമായ ശ്രദ്ധ ഉണ്ടാവേണ്ടതുണ്ട്. 100 ദിന പരിപാടികളുടെ ഭാഗമായി പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാവണം.

ള. സ്മാർട്ട് കിച്ചൺ, വീട്ടമ്മമാർക്കുള്ള പെൻഷൻ പദ്ധതി എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്.

ഴ. ഓരോ വകുപ്പിലെയും പ്രധാനപ്പെട്ട പദ്ധതികൾ ഏതെന്നു നിശ്ചയിക്കുകയും അതിന്റെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഓരോഘട്ടവും ഏതൊക്കെ അവസരത്തിൽ പൂർത്തീകരിക്കണമെന്ന് വ്യക്തമായ പ്ലാൻ തയ്യാറാക്കി ഇടപെടാനാവണം.

## 3.32 സഹകരണ പ്രസ്ഥാനം

മ. നമ്മുടെ വികസനത്തിന് ഏറെ സഹായകമായ ഒരു സംവിധാനമാണ് സഹകരണ പ്രസ്ഥാനം. ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതകളും സവിശേഷതകളും മനസ്സിലാക്കി അവിടുത്തെ വികസന കാര്യങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയണം. ഈ രംഗത്തുണ്ടായിട്ടുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് ജനങ്ങളുടെ വിശ്വാസ്യത നേടുക എന്നത് പ്രധാനമാണ്.

യ. സഹകരണ മേഖലയിൽ വരുന്ന നിക്ഷേപങ്ങൾ നമ്മുടെ നാടിന്റെ തന്നെ വികസനത്തിന് ഉപയോഗപ്പെടുത്താൻ പറ്റുന്നതാണ്. 2.5 ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇവയെ നമ്മുടെ കാർഷിക, വ്യവസായ മാർക്കറ്റിങ് മേഖലയെ സഹായിക്കുന്ന തരത്തിൽ ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

ര. സഹകരണ പ്രസ്ഥാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിച്ചാൽ പ്രാദേശിക വികസനത്തിന് വലിയ മുതൽക്കൂട്ടായി മാറും. ഇത്തരത്തിലുള്ള ഒരു കൂട്ടായ്മ നാട്ടിൽ വികസിപ്പിച്ചെടുക്കുക എന്നത് പ്രധാനമായി കണ്ട് ഇടപെടാനാവണം.

റ. എൻ ആർ ഐ നിക്ഷേപം കേരള ബാങ്കിലേക്ക് സ്വീകരിക്കുന്നതിനുള്ള അംഗീകാരം ആർ ബി ഐയിൽനിന്ന് ലഭിക്കുന്നതിനുള്ള ഇടപെടൽ നടത്തണം. ഇതുവഴി ഉണ്ടാകുന്ന നിക്ഷേപങ്ങൾ കൂടി ഉപയോഗിച്ച് നാടിന്റെ വികസന പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനാവും.

ല. പ്രവാസികളുടെ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇടപെടാനാവുമെന്നത് പ്രത്യേകമായി പരിശോധിച്ച് ആവശ്യമായത് ചെയ്യാനാവണം.

ള. സഹകരണ മേഖലയുടെ ഭരണ സമിതിക്കകത്ത് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്കും ജീവനക്കാർക്കും ഭരണരംഗം ശരിയായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പരിശീലനം നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ശക്തവും പ്രൊഫഷണൽ സമീപനത്തോടുകൂടിയ മാനേജ്മെന്റ് സംവിധാനം ഉണ്ടാകണം.

ഴ. പ്രോജക്ട് അടിസ്ഥാനത്തിൽ വായ്പകൾ നല്കുന്നതിന് ബാങ്കുകൾ ശ്രദ്ധിക്കണം. സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക സഹായം നല്കുന്ന കാര്യവും ശ്രദ്ധിക്കണം. പ്രവാസി സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കണം.

വ. കോർബാങ്കിങ് സംവിധാനം സമയബന്ധിതമായി പൂർത്തീകരിക്കണം. ബാങ്കിൽ ആധുനികവല്ക്കരണവും പെർഫോമൻസ് ഓഡിറ്റും ഉണ്ടാകണം. ആർ ബി ഐ നിയമങ്ങൾ സഹകരണമേഖലയിൽ ഉണ്ടാക്കുന്ന നിയന്ത്രണങ്ങൾ മനസ്സിലാക്കി ഇടപെടുന്നതിന് ശ്രദ്ധിക്കണം.

ശ. ആരോഗ്യമേഖലയിലെ ചൂഷണം തടയാൻ പ്രത്യേക ശ്രദ്ധയുണ്ടാവണം. സഹകരണ ആശുപത്രികൾക്ക് പ്രത്യേക നിയമം കൊണ്ടുവരുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കണം.

## 3.33 പൊതുഇടങ്ങളുടെ സംരക്ഷണം

മ. ഓരോ വില്ലേജിലും പ്രധാന കേന്ദ്രത്തിൽ ഒരു പൊതു ഇടം തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻകൈ എടുത്ത് തയ്യാറാക്കേണ്ടതാണ്. ആളുകൾക്ക് ഒത്തുകൂടാനുള്ള ഇടമാവണം ഇത്. തദ്ദേശസ്വയംഭരണ സ്ഥാപന നേതൃത്വത്തിൽ കുട്ടികൾക്കും യുവാക്കൾക്കും വിവിധ കളികൾക്കായി ഓരോ വില്ലേജിലും പ്രധാന കേന്ദ്രത്തിൽ ഗ്രൗണ്ട് തയ്യാറാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനവകയായാൽ എല്ലാവർക്കും ഒത്തുകൂടി കളിക്കാനാവും.

യ. വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രഥമികമായ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ നിർമ്മിക്കാനാവണം. ഇക്കാര്യത്തിൽ വിവിധ ഏജൻസികളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് നടപ്പിലാക്കണം.

## 3.34 പരിസ്ഥിതി സംരക്ഷണം

മ. പ്രകൃതി സംരക്ഷണ പ്രവർത്തനത്തിനും പ്രത്യേകം ശ്രദ്ധയുണ്ടാവണം. പ്രളയത്തിന്റെ അനുഭവങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നാടിനുചേർന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം. വനപുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നയം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കണം. നദികളെയും പുഴകളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ഇടപെടലിന്റെ ഭാഗമായി ഇവാഹന നയം ശക്തമായി നടപ്പിലാ

ക്കണം. ഉപയോഗിച്ച വസ്തുക്കൾ സംസ്കരിച്ച് പുനർവസ്തുക്കൾ ഉണ്ടാകുന്ന സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കണം. മലയോരങ്ങളിലെ മണ്ണിടിച്ചിൽ ഒരു പ്രധാന പ്രശ്നമായി നിലനില്ക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ജാഗ്രത ഉണ്ടാവണം. അപകടസാദ്ധ്യതകളുള്ള മേഖലകളിലെ ആവാസ വ്യവസ്ഥയെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. ഇതുമായി ബന്ധപ്പെട്ട് മികച്ച പുനരധിവാസ സാദ്ധ്യതകളെ പകരംവെച്ച് ഈ പ്രശ്നം പരിഹരിക്കാനാവണം.

യ. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തോടുള്ള പ്രതിരോധമെന്ന നിലയിൽ തീരദേശ മേഖലയുടെ ജൈവമതിൽ ആസൂത്രണം, അതിവൃഷ്ടി സാദ്ധ്യതകളുള്ള പ്രദേശങ്ങളിലെ അമിത കടന്നുകയറ്റങ്ങളിൽ നിയന്ത്രണം, വനവല്ക്കരണം, സ്ഥലജല ആസൂത്രണം എന്നിവയ്ക്ക് ഊന്നൽ നല്കണം.

ര. തീരദേശ ശോഷണ പ്രശ്നം സവിശേഷമായി കണ്ടുകൊണ്ട് ഇടപെടണം. ഇക്കാര്യത്തിൽ ഇറിഗേഷൻ, ഫിഷറീസ് വകുപ്പുകൾ യോജിച്ച് പ്രവർത്തിക്കണം.

റ. ആഗോളതാപനത്തിന്റെ പ്രശ്നങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിലേക്ക് നയിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പലവിധ ദുരന്തങ്ങളിലേക്ക് നമ്മുടെ നാട് എത്തുന്ന സ്ഥിതിയുണ്ട്. ഇത് കണക്കിലെടുത്ത് ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകണം. ദുരന്തങ്ങൾ നേരിടാൻ ജനങ്ങളെ പ്രാപ്തരാക്കുന്നവിധം വോളന്റിയർമാരെയും സന്നദ്ധസേനാ പ്രവർത്തകരെയും സജ്ജമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ഫയർ സർവ്വീസിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സിവിൽ ഡിഫൻസ് സംവിധാനത്തെ ഇതിന് പ്രാപ്തമാകുന്നവിധം വികസിപ്പിക്കാനാവണം.

### 3.35 വനിതാക്ഷേമം

മ. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. അഭ്യസ്തവിദ്യരായിട്ടുള്ള സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നൈപുണ്യ വികസനത്തിനും തൊഴിൽ ശേഷിയും സന്നദ്ധതയും വർദ്ധിപ്പിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാനാകണം. സ്ത്രീ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ചുള്ള അവബോധം ജനങ്ങളിലാകമാനം എത്തിക്കുന്നതിന് വാർഡ് തലങ്ങളിൽ തന്നെ ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം. സാമൂഹ്യ അടുക്കള പോലുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം.

യ. സ്ത്രീ സുരക്ഷാ പദ്ധതികൾക്കും സ്ത്രീകൾക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾക്കും പൊതുവായ സമീപനവും കാഴ്ചപ്പാടും നയവും ഓരോ മേഖലയിലും ഉണ്ടാകണം. ജെൻഡർ പാർക്ക് സ്ത്രീകളുടെ ശാക്തീകരണത്തിനുതകുന്ന ഒരു സ്ഥാപനമാക്കി മാറ്റിയെടുക്കണം. സ്ത്രീസൗഹൃദ കാഴ്ചപ്പാട് സമൂഹത്തിലാകമാനം വികസിപ്പിക്കുന്നതിനുള്ള വമ്പിച്ച ക്യാമ്പയിനുകൾ വിവിധ തലങ്ങളിൽ സംഘടിപ്പിക്കണം. അതിലൂടെ നമ്മുടെ നാടിന് സ്ത്രീ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് കഴിയണം.

ര. തൊഴിലിടങ്ങളിലെ ലൈംഗിക പീഡന നിരോധന നിയമം സംബന്ധിച്ച പരാതി പരിഹാര സംവിധാനം എല്ലാ വകുപ്പിന്റെ കീഴിലുമുള്ള സ്ഥാപനങ്ങളിലും ഉറപ്പുവരുത്തണം. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സമിതികൾ വിവിധ മേഖലകളിൽ രൂപീകരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം.

### 3.36 ദുർബ്ബല ജനവിഭാഗങ്ങളുടെ സംരക്ഷണം

മ. പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കണം. ഇക്കാര്യത്തിൽ മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തണം. ഒപ്പം തദ്ദേശഭരണ പദ്ധതികളിൽ ഈ വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താനാവണം. മത്സ്യത്തൊഴിലാളികൾ, മൺപാത്ര നിർമ്മാതാക്കൾ, ഈറ്റ തൊഴിലാളികൾ, ഗ്രാമീണ കൈത്തൊഴിലുകാർ തുടങ്ങിയവർക്ക് പദ്ധതിയിൽ പരിഗണന വർദ്ധിപ്പിക്കണം.

### 3.37 വയോജന സംരക്ഷണം

മ. എല്ലാ വില്ലേജിലും വയോജന കേന്ദ്രം വേണം. പകൽവീട് പോലുള്ളവ ശക്തിപ്പെടുത്തണം. വയോജനങ്ങൾക്ക് പകൽ വിശ്രമിക്കാനും ഒത്തുകൂടാനും മറ്റുമുള്ള സൗകര്യം ഒരുക്കണം. ലഘുഭക്ഷണം നല്കാനാവണം. അവിടെ എത്തിപ്പെടുന്ന സീനിയർ സിറ്റിസൺസിന്റെ ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ ഈ കേന്ദ്രത്തിന്റെ പ്രവർത്തനം സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനം അതിനായി സാമ്പത്തിക സഹായം നല്കുകയും വേണം.

യ. വയോജന അയൽക്കൂട്ടങ്ങൾ, വാർഡ്തോറുമുള്ള വയോക്ലബുകൾ, വയോപാർക്കുകൾ, ആരോഗ്യമുള്ള വയോജനങ്ങളുടെ കർമ്മശേഷിയെ പ്രാദേശിക വികസനത്തിൽ പങ്കാളിയാക്കൽ, അല്ലാതുള്ളവർക്ക് ആരോഗ്യ സംരക്ഷണം തുടങ്ങിയവയെല്ലാം അടങ്ങുന്ന സമഗ്രമായൊരു സമീപനം സ്വീകരിച്ചിട്ടുണ്ട്. അത് ശക്തിപ്പെടുത്തണം.

### 3.38 പ്രവാസി സംരക്ഷണം

മ. പ്രവാസികളുടെ നിക്ഷേപം കൊണ്ടുവരുന്നതിനോടൊപ്പം അവരുടെ സംരക്ഷണവും പ്രധാനമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ

സഹായങ്ങൾ നേടിയെടുക്കുന്നതിന് സവിശേഷമായ ഇടപെടൽ നടത്തി മുന്നോട്ടുപോകണം.

യ. ഇന്ന് ലോകത്ത് സർവ്വകലാശാലകളിലും ലബോറട്ടറികളിലും മറ്റും പണിയെടുക്കുന്ന വലിയൊരു സംഖ്യ മലയാളി പണ്ഡിതരും വിദഗ്ധരുമുണ്ട്. അവരെ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ മെൻഡർമാരായും ഓണററി അദ്ധ്യാപകരായും പ്രയോജനപ്പെടുത്താനാവും.

ര. തിരിച്ചുവരുന്ന പ്രവാസികൾക്ക് തൊഴിൽ സംരംഭങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തണം.

## 3.39 സർക്കാർ സേവനങ്ങൾ

മ. എല്ലാ സർക്കാർ സേവനങ്ങളും പൗരന്മാർക്ക് ഓൺലൈനായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇഗവേൺസ് നടപ്പിലാക്കാനാവണം. സർക്കാരിന്റെ ഭരണ നിർവ്വഹണവും ഫയലുകളും ഇലക്ട്രോണിക് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരം സങ്കേതങ്ങൾ ജനങ്ങൾക്ക് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കെഫോൺ പദ്ധതി അടിയന്തര പ്രധാന്യത്തോടെ നടപ്പിലാക്കണം. സേവനങ്ങൾ തേടി ഒരാളും സർക്കാർ ഓഫീസുകൾ കയറി ഇറങ്ങേണ്ട അവസ്ഥ ഉണ്ടാകുന്നില്ലായെന്ന ലക്ഷ്യത്തോടെ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കണം.

യ. ഓരോ ഫയലും ഓരോ മനുഷ്യന്റെ ജീവിതമാണെന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന ഭരണസംവിധാനത്തെ രൂപപ്പെടുത്താനാവണം. അതിന് അനുയോജ്യമാകുന്ന വിധം ഉദ്യോഗസ്ഥ വിന്യാസം നടത്താനാവണം. ഇതിനായുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകാനാകണം. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യമായ വർക്ക് സ്റ്റഡി നടത്തി തുല്യമായ ജോലിഭാരം എല്ലാവർക്കും ഉണ്ടാകുന്ന തരത്തിൽ വിന്യസിക്കണം. സെക്രട്ടറിയേറ്റിൽ ആരംഭിച്ച ഈ സംവിധാനം മറ്റിടങ്ങളിലും വ്യാപിപ്പിക്കണം. ഇക്കാര്യത്തിൽ ഒരു പുനഃക്രമീകരണം ഉണ്ടാകേണ്ടതുണ്ട്. സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ പോകുന്നത് സർക്കാരിന്റെ നിയന്ത്രണം ആ സ്ഥാപനത്തിൽ ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ്. അതിന് പ്രാപ്തരായവരാണ് അവിടങ്ങളിൽ നിയമിതരാവുന്നത് എന്ന് ഉറപ്പുവരുത്താനാവണം. ഓഫീസുകൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

## 3.40 മാതൃഭാഷ, സംസ്കാരം, മാധ്യമം

മ. മാതൃഭാഷ സംരക്ഷണ പരിപാടികൾ നടപ്പിലാക്കാനാവണം. നമ്മുടെ കലകളെയും സംസ്കാരത്തെയും സംരക്ഷിക്കുക എന്നതും പ്രധാനമായി കണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കും ആവിഷ്കരിക്കുക. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിയണം. വായനശാലകളെയും കലാസമിതികളെയും ശക്തിപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവണം. മാധ്യമങ്ങൾക്ക് ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയെന്നത് പ്രധാനമായി കാണണം.

യ. ജനാധിപത്യ, മതേതര, സംസ്കാരിക മൂല്യങ്ങൾ ആഴത്തിൽ വേരോട്ടമുള്ള ഒരു സമൂഹമായി കേരളത്തെ ശാക്തീകരിക്കുവാൻ ബഹുമുഖമായ ഇടപെടലുകൾ ഏറ്റെടുക്കും. സാംസ്കാരിക സർക്ക്യൂട്ട് പദ്ധതിയും സാംസ്കാരിക പൈതൃക പദ്ധതിയും നടപ്പിലാക്കണം.

ര. കുട്ടികളിൽ വിജ്ഞാനത്തിന്റേയും ഭാഷാ, ചരിത്രം, ശാസ്ത്രം, യുക്തിബോധം എന്നിവയിലും അവരവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും ബാലകേരള പദ്ധതി നടപ്പിലാക്കണം.

റ. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവണം. അവരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

ല. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നവിധത്തിലുള്ള ശക്തമായ ബോധവല്ക്കരണ പദ്ധതികൾ ആവിഷ്കരിക്കാനാവണം. ഇവയുടെ വ്യാപകമായ വിതരണം തടയുന്നതിന് ആവശ്യമായ ഇടപെടൽ നടത്താനാവണം. മയക്കുമരുന്ന് വിമുക്ത കേരളമെന്ന ലക്ഷ്യത്തോടെ ഇക്കാര്യത്തിൽ പ്രവർത്തിക്കാനാവണം. ഇതിനായി വിപുലമായ ബഹുജന പ്രസ്ഥാനം രൂപപ്പെടുത്തണം.

## 3.41 കായിക രംഗം

മ. ജനങ്ങളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കണം. ഗ്രാമീണ മേഖലയിൽ കളിസ്ഥലങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഗ്രാമീണ കായിക രൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ഉണ്ടാവണം. സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സവിശേഷമായ ഇടപെടൽ ഉണ്ടാവണം.

യ. എല്ലാവരുടെയും കായികക്ഷമത വളർത്താനുതകുന്ന സമഗ്ര പദ്ധതി വികസിപ്പിച്ചു നടപ്പാക്കണം. കായിക സംസ്കാരത്തിന് മൂന്ന് തലങ്ങൾ ഉണ്ടാവണം. ഒന്ന്, ജനങ്ങളുടെ പൊതുവായ ആരോഗ്യ സംരക്ഷണത്തിനുള്ള പരിപാടികൾ. രണ്ടാമതായി, പൊതുവായ വിനോദങ്ങളുടെ പ്രോത്സാഹനം. മൂന്നാമതായി, പ്രത്യേക കായിക ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതി

നുള്ള അക്കാദമികൾ ആരംഭിക്കുന്നതിനുള്ള ഇടപെടൽ. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സ്പോർട്സ് നയം ആവിഷ്കരിക്കാൻ കഴിയണം.

## പാർട്ടിയുടെ കടമ

4.1 2021 ആഗസ്ത് 16, 17 തീയതികളിൽ ചേർന്ന പാർട്ടി സംസ്ഥാന കമ്മിറ്റി യോഗം "സംസ്ഥാന സർക്കാരും വർത്തമാനകാല കടമകളും' എന്ന രേഖയിൽ സംസ്ഥാന സർക്കാരും പാർട്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും സർക്കാരിൽ പ്രവർത്തിക്കുന്ന സഖാക്കൾ അനുവർത്തിക്കേണ്ട ചിട്ടകളെക്കുറിച്ചുമെല്ലാം വിശദമായി പ്രതിപാദിക്കുകയുണ്ടായി. അവയൊന്നും ഈ രേഖയിൽ ആവർത്തിക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനത്തെ കാലാകാലങ്ങളിൽ വിലയിരുത്തി സർക്കാരിന്റെ നയസമീപനങ്ങളെ പാർട്ടി കാഴ്ചപ്പാടിന് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതലയുണ്ട്. നൂതനമായ പല പരിപാടികളും ഏറ്റെടുക്കുമ്പോൾ ഇത്തരം ജാഗ്രത കൂടിയേ തീരൂ.

4.2 സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ചെറുകിട ഉല്പാദന മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മുഖ്യ ഉപാധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇവിടെ 40 ശതമാനത്തിലേറെ സ്ഥാപനങ്ങൾ പ്രതിപക്ഷത്തിന്റേതാണ്. ഇവയുടെമേൽ ജനാധിപത്യപരമായ സമ്മർദ്ദം ചെലുത്താനും ക്രിയാത്മകമായി മാർഗ്ഗദർശനം നല്കാനും ഉതകുന്ന രീതിയിൽ വേണം നമ്മുടെ നിയന്ത്രണത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ. വർഗ്ഗബഹുജന സംഘടനകളെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ സജീവരാക്കി ജനപങ്കാളിത്തം ഉറപ്പിക്കുക. സുതാര്യവും അഴിമതിരഹിതവുമായിരിക്കുമെന്ന് ഉറപ്പുവരുത്തുക. മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുക. ഇതിനെല്ലാം ഫ്രാക്ഷനുകളും സബ്കമ്മിറ്റികളും നേതൃത്വം നല്കണം.

4.3 നീർത്തടവികസനം, കാർഷിക നവീകരണം, ഉല്പന്ന സംസ്കരണം ഇവയെ ആസ്പദമാക്കി കർഷക സംഘവും കർഷകത്തൊഴിലാളി യൂണിയനും സന്നദ്ധ പ്രവർത്തകരും വിദഗ്ധരും ജില്ലാ, ബ്ലോക്ക്, പ്രാദേശിക തലത്തിൽ ചർച്ചചെയ്യുകയും പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത്തരമൊരു സമീപനം പ്രാദേശിക പദ്ധതികളുടെ ഭാഗമാക്കുന്നതിനും നടപ്പാക്കുന്നതിനും മുൻകൈയെടുക്കയും വേണം. ഒരോ സ്കൂളിനും മറ്റു വിദഗ്ധരുമായി ചേർന്ന് അക്കാദമിക് മാസ്റ്റർ പ്ലാൻ സൃഷ്ടിക്കാൻ അദ്ധ്യാപക സംഘടന മുൻകൈയെടുക്കണം. അതുപോലെ രോഗപ്രതിരോധ മാസ്റ്റർപ്ലാനും ഉണ്ടാവണം. ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങളിൽ ദീർഘകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതല്ലാത്തവ ഒരു വർഷത്തിനുള്ളിൽ കൈവരിക്കണം.

4.4 കെറെയിൽ പോലുള്ള വൻകിട പ്രോജക്റ്റുകൾ നടപ്പാക്കി അനുഭവമില്ലാത്തതുകൊണ്ട് പല തരത്തിലുള്ള വിവാദങ്ങൾ ഉയർന്നുവരാം. രാഷ്ട്രീയ കുത്തിത്തിരിപ്പുകളെ നേരിടുന്നതോടൊപ്പം ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ദൂരീകരിക്കുന്നതിന് ബഹുജന വിദ്യാഭ്യാസവും പ്രചാരണവും പാർട്ടി ഏറ്റെടുക്കണം. ബഹുജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടല്ലാതെ ഒരു പദ്ധതിയും വിജയകരമായി നടപ്പാക്കാനാവില്ല.

4.5 പൊതുമേഖലാ സ്ഥാപനങ്ങൾക്കു വലിയ പിന്തുണയാണ് സർക്കാർ നല്കുന്നത്. ഈ പശ്ചാത്തലത്തിൽ അവ കാര്യക്ഷമമായും ലാഭകരമായും നടത്തുന്നതിനും തൊഴിലാളികളെ അണിനിരത്താനും ട്രേഡ് യൂണിയനുകൾക്ക് കഴിയണം. കോവിഡു കാലത്തുപോലും ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പാക്കിയ സർക്കാരാണ് നമ്മുടേത്. സദ്ഭരണം ഉറപ്പുവരുത്തലും വിദ്യാഭ്യാസആരോഗ്യ സ്ഥാപനങ്ങൾ നന്നായിപ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തലും അതതു മേഖലയിലെ ജീവനക്കാരുടെ പ്രാഥമിക ചുമതലയാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലെ ദൗർബല്യങ്ങൾ മറികടക്കണം. ഇത്തരമൊരു കാഴ്ചപ്പാട് വളർത്തിയെടുക്കേണ്ടത് സുപ്രധാനമായ രാഷ്ട്രീയ കടമയാണ്.

4.6 ജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിൽ കമ്പ്യൂട്ടർ സാക്ഷരത സൃഷ്ടിക്കുന്നതിനും നൈപുണി പരിശീലനത്തിനും അതിവിപുലമായ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വർഗ്ഗബഹുജന സംഘടനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുൻകൈയെടുക്കേണ്ടതുണ്ട്.

4.7 കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക രാഷ്ട്രീയ നയങ്ങളും ഫെഡറലിസത്തിന്റെ ധ്വംസനവും സൃഷ്ടിക്കുന്ന പരിമിതികളെക്കുറിച്ച് ജനങ്ങളെ നിരന്തരം ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായി നമ്മുടെ വികസനരംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് നമുക്ക് ഇടപെടാൻ കഴിയണം. കേന്ദ്ര സർക്കാരിന്റെ നയചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് ഒരു സംസ്ഥാനത്ത് ബദലിനു രൂപം നല്കുന്നത്. കേന്ദ്ര നയങ്ങളുടെ ജനവിരുദ്ധതയെക്കുറിച്ചുള്ള രാഷ്ട്രീയ ബഹുജന വിദ്യാഭ്യാസത്തിനുള്ള സന്ദർഭമായിക്കൂടി വികസന പ്രവർത്തനങ്ങളെ കാണേണ്ടതുണ്ട്.

4.8 വൈദ്യുതി, ടെലികോം, സഹകരണം, ബാങ്കിങ്, ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജനവിരുദ്ധ പരിഷ്കാരങ്ങൾക്കെതിരെയുള്ള പ്രചാരണങ്ങൾ ശക്തിപ്പെടുത്തണം. സ്വകാര്യവല്ക്കരണത്തിനെതിരെ അതി

ശക്തമായ ബഹുജന പ്രക്ഷോഭം ഉയരണം. സ്വ തന്ത്രവ്യാപാര മേഖലകൾക്കെതിരെ പ്രചാരണം ശക്തിപ്പെടുത്തണം. കർഷകസമരത്തിന്റെ ചരി ത്രവിജയം ഇതിനെല്ലാം പ്രചോദനമാകും.

4.9 ധന ഉത്തരവാദിത്വ നിയമങ്ങളും നിയന്ത്രണങ്ങ ളും നമ്മുടെ ധനകാര്യ സ്വാതന്ത്ര്യത്തിനുമേൽ കൂച്ചുവിലങ്ങാണ്. സർക്കാരിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയ്ക്ക് ഗ്യാരണ്ടി നല്കുന്നതിനെ നിയന്ത്രിക്കുന്നതിനും കേന്ദ്ര സർക്കാർ ആലോ ചിച്ചുവരികയാണ്. ജി എസ് ടിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന്മേലുള്ള നികുതി നിരക്കിൽ മാറ്റങ്ങൾക്ക് അവകാശം നല്കേണ്ട താണ്. ജി എസ് ടി നഷ്ടപരിഹാരം അഞ്ചുവർ ഷത്തേക്കുകൂടി ദീർഘിപ്പിക്കേണ്ടതാണ്. കേന്ദ്രത്തി ന്റെ കേരളത്തോടുള്ള വിവേചനം അവസാനി പ്പിക്കണം. ഇവയെല്ലാം സംബന്ധിച്ച് രാഷ്ട്രീയ പ്രചാരണം പ്രധാനമാണ്.

**ഉപസംഹാരം**

4.10 കഴിഞ്ഞ സംസ്ഥാന സർക്കാർ നടത്തിയ പ്രവർ ത്തനങ്ങളും ഭാവിയിൽ നടപ്പിലാക്കേണ്ട കാര്യ ങ്ങളെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടാണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്. സർക്കാരിന്റെ പ്രവർത്തന ങ്ങൾക്ക് കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ ചെറുതല്ലാത്ത ചലനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞി ട്ടുണ്ട്. രാഷ്ട്രീയ ബലാബലത്തിലും മാറ്റങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ ഇടപെടാൻ കഴിഞ്ഞിട്ടു ണ്ട്.

4.11 ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തി പാർട്ടി കെട്ടിപ്പടുക്കുന്ന പ്രവർത്തനം നടത്തുന്നതി നും നമുക്ക് സാധിക്കേണ്ടതുണ്ട്. സർക്കാരും പാർട്ടിയും തമ്മിലുള്ള പരസ്പര ബന്ധത്തി ലൂടെ അത് നിർവ്വഹിക്കാൻ കഴിയേണ്ടതുണ്ട്. അതിന് പ്രധാനമാണ് നാടിന്റെ വികസനത്തെ കൃത്യമായ കാഴ്ചപ്പാടോടെ മുന്നോട്ടുനയിക്കുന്ന പരിപാടികൾ. അത്തരമൊരു ദിശാബോധം എൽ ഡി എഫിലും സർക്കാരിലും പാർട്ടിയിലാ കമാനവും വർഗ്ഗബഹുജന സംഘടനകളിലും പൊതു ജനങ്ങളുടെ ബോധത്തിലും ഉണ്ടാക്കി യെടുത്തുകൊണ്ട് മാത്രമേ ഈ ലക്ഷ്യം കൈവ രിക്കാനാവൂ. ഇതിന്റെ ചർച്ചകളിലൂടെ അഭിപ്രായ സമന്വയം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയണം. അതിനനു സൃതമായ ഇടപെടലുകൾ വിവിധ തലങ്ങളിലു ണ്ടാവണം.

4.12 നമ്മുടെ വികസന രംഗത്തെ ദൗർബല്യങ്ങൾ മറികടന്ന് സാമ്പത്തികവളർച്ചയിലും രാജ്യത്തെ ഒന്നാം സ്ഥാനത്ത് എത്തുന്നതിനുള്ള പ്രവർ ത്തനങ്ങളാണ് നാം സംഘടിപ്പിക്കുന്നത്. ഈ നേട്ടം കൈവരിക്കുന്നതാവട്ടെ നിയോലിബറൽ നയങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടും കഴിയാവു ന്നത്ര പ്രായോഗിക ബദലുകൾ സൃഷ്ടിച്ചുകൊ ണ്ടുമായിരിക്കും. ഇത് ദേശീയ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന് പുതിയൊരു കരുത്തായി മാറും. സാർവ്വദേശീയ തലത്തിൽ ഒരു പുതിയ മാതൃക മുന്നോട്ടുവയ്ക്കുന്നതിനുള്ള ഇടപെടൽ കൂടിയായി ഇത് മാറാം.

## 15

# അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ പുതിയ പരിഗണനാ വിഷയങ്ങൾ

ഡോ. ടി.എം. തോമസ് ഐസക്

അഞ്ചുവർഷം മുൻപ് 2021 ജനുവരിയിൽ, അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് നടക്കേണ്ടതായിരുന്നു. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ആവശ്യമായ തയ്യാറെടുപ്പിന് സമയം ഉണ്ടായിരുന്നില്ല. അതുകൊണ്ട് പത്തുവർഷം കഴിഞ്ഞ് 2026 ഫെബ്രുവരി 21, 22 തീയതികളിലാണ് എകെജി പഠന ഗവേഷണ കേന്ദ്രം പഠന കോൺഗ്രസ് പരമ്പരയുടെ അഞ്ചാമത് പതിപ്പ് നടത്തുന്നത്.

വികസന കോൺഗ്രസ് സംബന്ധിച്ച് പാർടി ജനറൽ സെക്രട്ടറി എം.എ. ബേബി നടത്തിയ പത്രസമ്മേളനത്തിൽ ഒരു മാധ്യമ പ്രതിനിധി ചോദിക്കുകയുണ്ടായി: "പണ്ട് ചർച്ച ചെയ്യാത്ത എന്ത് പുതിയ കാര്യമാണ് പുതിയ പഠന കോൺഗ്രസ് ഏറ്റെടുക്കുക? ഇതിനകം പറഞ്ഞു കഴിഞ്ഞ കാര്യങ്ങൾ ആവർത്തിക്കുവാനല്ലേ പോവുന്നത്?" ഈ പശ്ചാത്തലത്തിൽ എന്തൊക്കെയായിരിക്കും പുതിയ അന്വേഷണങ്ങൾ എന്നത് വിശദീകരിക്കുന്നത് പ്രസക്തമാണ്.

### നാലാം അന്താരാഷ്ട്ര പഠന കോൺഗ്രസും അതിനുശേഷവും

2016-ലെ തിരഞ്ഞെടുപ്പിന് എൽഡിഎഫ് മാനിഫെസ്റ്റോ തയ്യാറാക്കിയത് നാലാമത് പഠന കോൺഗ്രസിന്റെ നിഗമനങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു. സ്വാഭാവികമായും ചില മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഉണ്ടായി. എന്നാൽ അടിസ്ഥാനദിശ പഠന കോൺഗ്രസ് നിഗമനങ്ങൾ തന്നെയായിരുന്നു. ആ മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിലായിരുന്നു 2016-2021 കാലത്തെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ പ്രവർത്തനം. എല്ലാ വർഷവും മാനിഫെസ്റ്റോയുടെ നിർദ്ദേശങ്ങൾ എത്രമാത്രം നടപ്പാക്കി എന്നതിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കിക്കൊണ്ടാണ് ഭരണം പുരോഗമിച്ചത്. മാനിഫെസ്റ്റോയിൽ പറഞ്ഞ മഹാഭൂരിപക്ഷം കാര്യങ്ങളും നടപ്പിലാക്കി. വെള്ളപ്പൊക്കവും കോവിഡുമെല്ലാം ഉയർത്തിയ വെല്ലുവിളികൾ ഫലപ്രദമായി മറികടന്നു. മുൻപ് വിഭാവനം ചെയ്യുവാൻ കഴിയുമായിരുന്നതിനപ്പുറം നേട്ടങ്ങൾ കൈവരിച്ചുകൊണ്ടാണ് അന്നത്തെ ഭരണം അവസാനിച്ചത്. ഇതിനുള്ള ജനങ്ങളുടെ അംഗീകാരമായിരുന്നു തുടർഭരണം.

2016-21 കാലത്തെ ഭരണത്തിന്റെ അനുഭവങ്ങൾ കൂടി കണക്കിലെടുത്ത് "നവകേരളം പുതുവഴികൾ" എന്നൊരു വികസന രേഖ സിപിഐ(എം) എറണാകുളം സംസ്ഥാന സമ്മേളനം അംഗീകരിക്കുകയുണ്ടായി. ഇതിന്റെകൂടി അടിസ്ഥാനത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപം നൽകിയ മാനിഫെസ്റ്റോയെ അടിസ്ഥാനമാക്കി നവകേരളം സൃഷ്ടിക്കുന്നതിനുള്ള അജൻഡയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരള സർക്കാർ നടപ്പാക്കിയത്. എല്ലാ വർഷവും ഈ മാനിഫെസ്റ്റോ നടപ്പാക്കുന്നതിൽ എത്ര പുരോഗതി ഉണ്ടായിയെന്ന് ജനസമക്ഷം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അങ്ങനെ കഴിഞ്ഞൊരു ദശാബ്ദക്കാലം സമാനതകളില്ലാത്ത വികസന മുന്നേറ്റത്തിന്റെ അനുഭവമായി മാറി.

### നവകേരള വികസന അജൻഡ

നവകേരളത്തിനുവേണ്ടി മുന്നോട്ടുവെച്ച വികസന അജൻഡയിൽ മുഖ്യമായി രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമത്തേത്, ജനങ്ങളുടെ ക്ഷേമവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്താനുള്ള വഴികളാണ്. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, കുടിവെള്ളം, പ്രാദേശിക റോഡുകൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടനിലയിൽ ഉറപ്പുവരുത്തുകയാണ് ഇവയിൽ പ്രധാനം. അതുപോലെതന്നെ ഭൂരിപക്ഷം ജനങ്ങളുടെ ഉപജീവന മാർഗമായിട്ടുള്ള കൃഷി, സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയുടെ അഭിവൃദ്ധിയും പ്രധാനമാണ്. ഇത്തരം അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സാമൂഹ്യ സുരക്ഷയ്ക്കനിവാര്യമായ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ വികസന മേഖലകളെല്ലാം മുഖ്യമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഒന്നാം കേരള പഠന കോൺഗ്രസിന്റെ ഏറ്റവും സുപ്രധാനമായ സംഭാവനയായിരുന്നുവല്ലോ അധികാരവികേന്ദ്രീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള ജനകീയാസൂത്രണം. സാമൂഹ്യനീതി,

വിദ്യാഭ്യാസം, ആരോഗ്യം, കൃഷി അനുബന്ധ വകുപ്പുകൾ തുടങ്ങിയവയെ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് നടത്തിയ പ്രാദേശിക ആസൂത്രണമാണ് ദാരിദ്ര്യ ലഘൂകരണത്തിലേക്കും അതിദാരിദ്ര്യ നിർമാർജനത്തിലേക്കും എത്തിച്ചത്. സാമൂഹ്യ വികസന സൂചികകളിലെല്ലാം കേരളത്തിന്റെ നില മെച്ചപ്പെടുത്തുന്നതിന് ഇത് സഹായിച്ചു. ഇന്നും സർക്കാരിന്റെ വികസന ചെലവുകളെടുത്താൽ ഗണ്യമായ പങ്ക് ഈ തുറകളിലാണ് ചെലവഴിക്കുന്നത്. പ്രശ്നാധിഷ്ഠിതമായ ഉദ്ഗ്രഥിത വികസന സമീപനം കേരളത്തിന്റെ പ്രത്യേകതയാണ്.

രണ്ടാമത്തേത്, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ്. വിജ്ഞാനാധിഷ്ഠിതവ്യവസായ മേഖലകളുടെ വർധിച്ചതോതിലുള്ള നിക്ഷേപം, നൂതന തൊഴിൽ സംരംഭങ്ങൾ അഥവാ സ്റ്റാർട്ടപ്പുകൾ, സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ തുടങ്ങിയവ അനിവാര്യമാണ്. നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം ഇവിടെ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഈ തൊഴിൽ തുറകളിൽ പ്രവർത്തിക്കാനാവശ്യമായ നൈപുണി ശേഷിയുള്ളവരാക്കി തൊഴിൽസേനയെ മാറ്റേണ്ടതും പ്രധാനമാണ്. പുതിയ അറിവുകൾ സൃഷ്ടിക്കുകയും നൈപുണി ഉറപ്പുവരുത്തുകയും ചെയ്യുവാനുതകുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസം സമൂലമായി അഴിച്ചുപണിയേണ്ടതുണ്ട്. എല്ലാറ്റിലുമുപരി സാമൂഹ്യക്ഷേമ മേഖലകളിലുള്ള ഊന്നൽമൂലം അവഗണിക്കപ്പെട്ട പശ്ചാത്തല സൗകര്യ മേഖലകളിൽ വലിയ തോതിൽ നിർമ്മാണപ്രവൃത്തികൾ അനിവാര്യമാണ്. ഇതെല്ലാമായിരുന്നു വികസനരേഖ മുന്നോട്ടുവെച്ച വിപുലമായ അജൻഡകൾ.

## പുതിയ അജൻഡയും മാറുന്ന സാമൂഹ്യ ഘടനയും

അതിവേഗത്തിൽ വർധിച്ചുവരുന്ന ഇടത്തരക്കാരുടെ പ്രാധാന്യമാണ് കേരള സമൂഹത്തിന്റെ പ്രത്യേകത. 40% ജനങ്ങളുടെ വരുമാനത്തിൽ വർധനയുണ്ടാവുകയും ഇടത്തരം സ്വഭാവം ആർജ്ജിക്കുകയും ചെയ്തിട്ടുണ്ട്. 30% ജനങ്ങൾ ഇന്നും പാവപ്പെട്ടവരായി തുടരുന്നു. ഇവർക്ക് രണ്ടുകൂട്ടർക്കും ഇടയിലുള്ള 30% ഇടത്തരക്കാരായി രൂപാന്തരപ്പെടുന്നതിനുള്ള പ്രതീക്ഷകൾ വെച്ചുപുലർത്തുന്നവരാണ്. ഇടതുപക്ഷത്തിന്റെ സാമൂഹ്യാടിത്തറയായിരുന്ന പാവങ്ങളുടെ എണ്ണം കുറഞ്ഞുവരുകയും ഇടത്തരക്കാരുടെയും ഇടത്തരക്കാരായി മാറുവാൻ ആഗ്രഹിക്കുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നതുമായ ഒരു സാമൂഹ്യ അവസ്ഥയാണ് ഇന്നു കേരളത്തിലുള്ളത്.

പാവപ്പെട്ടവരുടെ സുരക്ഷ ഉറപ്പുവരുത്തിയേ തീരൂ. ഇത് ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഇടതുപക്ഷ വികസന അജൻഡ സാധ്യമല്ല. അതോടൊപ്പം ഇടത്തരക്കാരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള വികസന മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാനും കഴിയണം. ഈ സ്ഥിതി വിശേഷത്തോട് നേരിട്ട് പ്രതികരിക്കുന്ന ഒന്നാണ് നവകേരള വികസന അജൻഡ. സാമൂഹ്യക്ഷേമ ചെലവുകളിലുള്ള ഊന്നൽ പാവപ്പെട്ടവരുടെ താല്പര്യങ്ങൾ പൂർണമായും സംരക്ഷിക്കുന്നു. അതേസമയം, വിജ്ഞാനസമ്പദ്ഘടനയെക്കുറിച്ചുള്ള സങ്കൽപ്പനങ്ങളും പശ്ചാത്തലസൗകര്യ സൃഷ്ടിയും ഇടത്തരക്കാരുടെ പ്രതീക്ഷകളെ പോഷിപ്പിക്കുന്നു. എന്തിന്, പാവപ്പെട്ടവരുടെ അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്കുപോലും, അച്ഛനമ്മമാരുടെ തൊഴിലും സാഹചര്യങ്ങളും പോരാ. അവരുടെയും പ്രതീക്ഷകൾ നല്ല വരുമാനമുള്ള ഉദ്യോഗങ്ങളാണ്.

ഈയൊരു ദശാസന്ധിയിൽ ഏറ്റവും നിർണ്ണായകമായ പ്രശ്നം ധനസമാഹരണവുമായി ബന്ധപ്പെട്ടതാണ്. പാവപ്പെട്ടവരുടെ സാമൂഹ്യക്ഷേമ സൗകര്യങ്ങൾ വർധിപ്പിച്ചുകൊണ്ട് എങ്ങനെയാണ് പശ്ചാത്തലസൗകര്യങ്ങളും മറ്റും സൃഷ്ടിക്കുന്നതിനാവശ്യമായ ഭീമമായ തുക കണ്ടെത്തുക? നിയോലിബറൽ വികസന സിദ്ധാന്തക്കാരുടെ അഭിപ്രായത്തിൽ ഒരൊറ്റ മാർഗമേയുള്ളൂ. മറ്റു വികസന റവന്യൂ ചെലവുകൾ കുറച്ച് പശ്ചാത്തലസൗകര്യ സൃഷ്ടിക്കും മറ്റും വേണ്ടിയുള്ള മൂലധനച്ചെലവ് ഗണ്യമായി ഉയർത്താൻ തയ്യാറാകണം. കേരള ബജറ്റിലെ മൂലധനച്ചെലവ് മുൻകാലങ്ങളെ അപേക്ഷിച്ച് ഉയർത്തുന്നതിന് കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മുൻ ദശാബ്ദങ്ങളിൽ പൊതു മൂലധന നിക്ഷേപത്തോടുണ്ടായ അവഗണന പൂർണമായും മറികടക്കുന്നതിന് ബജറ്റിലൂടെ മാത്രം കഴിയില്ല. മൂലധന നിക്ഷേപം ഉയർത്തുന്നതിന് വിദ്യാഭ്യാസ-ആരോഗ്യ മേഖലകളെ സ്വകാര്യവൽക്കരിക്കുകയും സാമൂഹ്യസുരക്ഷാച്ചെലവ് കുറയ്ക്കുകയും വേണമെന്ന നിയോലിബറൽ നിലപാട് നമുക്ക് സ്വീകാര്യമല്ല. മറ്റു സംസ്ഥാനങ്ങളിലേതുപോലെ പശ്ചാത്തലസൗകര്യ മേഖല പൂർണ്ണമായും കോർപ്പറേറ്റുവൽക്കരിക്കുന്നതും അഭിലഷണീയമല്ല. അപ്പോൾ ബദൽ മാർഗമെന്ത്?

## ബജറ്റിനു പുറത്തുനിന്നുള്ള വിഭവസമാഹരണം

ബജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് പശ്ചാത്തലസൗകര്യ പിന്നാക്കാവസ്ഥ മറികടക്കാനാവില്ലായെന്നു വ്യക്തമാണ്. ബജറ്റിന് പുറത്ത് അതിനുള്ള വിഭവസമാഹരണം നടത്തിയേ തീരൂ. അതിനുള്ള ഒരു മാർഗരേഖ നാലാം പഠന കോൺഗ്രസ് ചൂണ്ടിക്കാണിക്കുകയുണ്ടായി. പശ്ചാത്തലസൗകര്യ വിഭവ സമാഹരണത്തിനുവേണ്ടി പൊതുമേഖലയിൽ ഒരു ഭീമൻ ധനകാര്യ സ്ഥാപനത്തിനു രൂപം നൽകണം. ഈ കാഴ്ചപ്പാടിൽ ആവിഷ്കരിക്കപ്പെട്ട ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി.

ഇന്ന് കിഫ്ബി ഏതാണ്ട് 90000 കോടി രൂപയുടെ പ്രൊജക്ടുകളാണ് നേരിട്ട് ഏറ്റെടുക്കപ്പെട്ടിട്ടുള്ളത്. ഇതിനു പുറമെയാണ് കിഫ്ബി ലിവറേജ് ചെയ്യുന്ന അഥവാ കിഫ്ബിയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തി ആർജിച്ചെടുക്കുന്ന 65,000 കോടി രൂപയുടെ ദേശീയപാത 66 പോലുള്ള കേന്ദ്ര പ്രൊജക്ടുകളുണ്ട്. ഇവയെല്ലാംകൂടി ചുരുങ്ങിയത് രണ്ടുലക്ഷം കോടി

രൂപയുടെ നിക്ഷേപം വരും. ഈ പദ്ധതികളാകെ നടപ്പിലായി കഴിയുമ്പോൾ കേരളത്തിന്റെ പശ്ചാത്തലസൗകര്യ മുഖച്ഛായ മാറിക്കഴിഞ്ഞിരിക്കും.

ഈ നയം കേരളത്തെ കടക്കെണിയിലാക്കുമെന്നത് ശുദ്ധഭോഷ്കാണ്. കിഫ്ബി സൃഷ്ടിക്കുന്ന വായ്പയോടൊപ്പം തത്തുല്യമായ ആസ്തികളും സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇത് കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനമാവുകയും ബാധ്യത ജഡഭാരമാകില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അതോടൊപ്പം ഓർക്കേണ്ട മറ്റൊരു കാര്യം, സംസ്ഥാന സർക്കാരിന്റെ വാർഷിക ബാധ്യത നിയമംമൂലം നിജപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. അതിനപ്പുറം ഒരു ഗ്രാന്റും സംസ്ഥാന സർക്കാർ നൽകേണ്ടതില്ല. ഈ ഭാവി വരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്ന് നടപ്പാക്കാൻ കഴിയുന്ന പ്രൊജക്ടുകളേ കിഫ്ബി ഏറ്റെടുക്കൂ. കിഫ്ബിയെ എതിർക്കുന്നവരിൽ ആർക്കും ഇന്നേവരെ ചുരുങ്ങിയ കാലയളവിൽ രാജ്യത്തെ ഒന്നാം നമ്പർ പശ്ചാത്തലസൗകര്യ വികസിത സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ ഒരു മാർഗ്ഗം നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടില്ല.

### കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം

ഈ വികസനംമുടക്കികളുടെ മുന്നിൽ പടനയിക്കുന്നത് കേന്ദ്ര സർക്കാരാണ്. നവകേരള വികസന തന്ത്രത്തിന്റെ വിജയം നിയോലിബറൽ വികസന തന്ത്രത്തിന് ഒരു വെല്ലുവിളിയാണ്. അതുകൊണ്ട് അതിനെ തകർക്കാൻ ഉപരോധസമാനമായ വിവേചനവും നിയന്ത്രണവും കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുകയാണ്. കിഫ്ബിക്കുവേണ്ടി എടുത്ത വായ്പ സർക്കാരിന്റെ അനധികൃത വായ്പയാണെന്ന് ആരോപിച്ച് വർഷംതോറും സംസ്ഥാന സർക്കാരിന് അനുവദനീയമായ കമ്പോള വായ്പയിൽ വെട്ടിക്കുറവ് വരുത്തുന്നു. അനുവദിച്ച റവന്യൂ സഹായങ്ങൾ കുടിശ്ശികയാക്കുന്നു. കേന്ദ്ര ധനസഹായം അനുവദിക്കുന്നതിൽ വിവേചനപരമായ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇത് സർക്കാരിനെ ഗൗരവ സ്വഭാവത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലാക്കി. സാമൂഹ്യക്ഷേമ ചെലവുകളിൽ കുടിശ്ശികയായി. ഇത് ജനങ്ങളിൽ അസംതൃപ്തി ഉണ്ടാക്കി.

എന്നാൽ, എന്തുവന്നാലും സാമൂഹ്യക്ഷേമ ചെലവുകൾ പരിമിതപ്പെടുത്തില്ലെന്നും ജനങ്ങളുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുമെന്നുള്ള തീരുമാനമാണ് എൽഡിഎഫ് സർക്കാർ എടുത്തിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ ബജറ്റിന് പുറത്തുള്ള വിഭവ സമാഹരണത്തെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാവും? ഇതിനാവശ്യമായ അടവുകളെന്ത്? കേന്ദ്ര വിവേചനത്തിനെതിരെ രാഷ്ട്രീയവും, നിയമപരവുമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും? അതോടൊപ്പം സർക്കാർ ചെലവുകൾക്ക് അനുപൂരകമായി സ്വകാര്യ സംരംഭകരെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സഹായിക്കാൻ ഉതകുന്ന രീതിയിൽ കേരളാ ബാങ്കിനെയും മറ്റു പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളുടെ വിഭവങ്ങളെയും എങ്ങനെ ഉപയോഗപ്പെടുത്തുനാകും? അതീവ ഗൗരവമായി അഞ്ചാം കേരള പഠന കോൺഗ്രസ് ചർച്ച ചെയ്യുവാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമിതാണ്.

വിജ്ഞാന സമ്പദ്ഘടന പടുത്തുയർത്തുന്നതിന് ഇതുവരെ എടുത്ത നടപടികൾ പഠന കോൺഗ്രസിൽ സവിശേഷ അവലോകനത്തിന് വിധേയമാകും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി, സർവ്വകലാശാലകളുടെയും കോളേജുകളുടെയും ദേശീയ റാങ്കിങ്ങുകളിലെ സ്ഥാനം പ്രതിഫലിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ നമ്മുടെ സർവ്വകലാശാലകളിൽ നിന്ന് പഠിച്ചിറങ്ങുന്ന മിടുക്കരായ വിദ്യാർഥികളിൽ പലരും വിജയകരമായ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന അനുഭവങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രവണത എങ്ങനെ ശക്തിപ്പെടുത്താം? നൈപുണി പരിശീലന പരിപാടികൾ ഇന്നും പ്രാരംഭദശയിലാണ്. കരിക്കുലത്തിന്റെ ഭാഗമായിരിക്കുമ്പോൾ തന്നെ പ്രൊഫഷണൽ മേഖലയിൽ ജോലി ചെയ്യുന്ന പൂർവ്വ വിദ്യാർഥികളുടെ മുഴുവൻ സഹായത്തോടെ നൈപുണി വികസനത്തിൽ എങ്ങനെ ഒരു കുതിപ്പ് കൈവരിക്കാനാകും?

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ അസന്തുലിതാവസ്ഥയും കേന്ദ്രീകരണവും മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. പഠന കോൺഗ്രസുകൾ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ, ഇന്നത്തെ പ്രത്യേകത രാജ്യത്തിന്റെ സാംസ്കാരികവും വികസനപരവുമായ വൈവിധ്യത്തെ ആദർശപരമായിത്തന്നെ അംഗീകരിക്കാത്ത ഹിന്ദുത്വ വർഗീയ ശക്തികളാണ് ഇന്ത്യ ഭരിക്കുന്നതെന്നതാണ്. കേരളം ക്ഷേമത്തെയും സാമ്പത്തിക വളർച്ചയെയും ഒത്തുപിടിക്കുന്നുവെന്നു മാത്രമല്ല, മതനിരപേക്ഷവും ജാതിരഹിതവും പുരോഗമനപരവുമായ ഒരു സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുന്നു. അത് കേന്ദ്രം ഭരിക്കുന്നവർക്ക് സഹിക്കാവുന്നതിനുമപ്പുറമാണ്.

### തൊഴിലില്ലായ്മ പരിഹരിക്കുകയെന്ന ദൗത്യം

കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ കേരളത്തിലെ തൊഴിലില്ലായ്മയിൽ ഗണ്യമായ കുറവുകൊണ്ടുവരുന്നതിൽ വലിയ വിജയം കൈവരിച്ചിട്ടുണ്ട്. 2006-ൽ ആന്റണി-ഉമ്മൻ ചാണ്ടി ഭരണം അവസാനിക്കുമ്പോൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 18.5% ആയിരുന്നു- ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ 6 മടങ്ങ്. എന്നാൽ 2011 ൽ വിഎസ് സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോഴേയ്ക്കും കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 9.85% ആയി താഴ്ന്നു. അതായത് ആ കാലയളവിലെ ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ 3.9 മടങ്ങായി ചുരുങ്ങി.

എന്നാൽ, പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെയും ഇന്ത്യയിലെയും തൊഴിലില്ലായ്മ വീണ്ടും ഉയർന്നുകഴിഞ്ഞിരുന്നു. 2017-18-ൽ കേരളത്തിലെ തൊഴിലില്ലായ്മ 16.6% ആയിരുന്നു. അതായത്, ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ 2.5 മടങ്ങ്. ഇപ്പോൾ 2023-24-ൽ, ഔദ്യോഗിക കണക്കുപ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ 7.2% മാത്രമാണ്.

കേരളത്തിലെ തൊഴിലില്ലായ്മ ഇനിയും ഗണ്യമായി കുറയ്ക്കാനാകണം. വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം ഇത് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

എന്നാൽ ഈ പരിവർത്തനം പൂർത്തീകരിക്കാൻ ഇനിയും 4-5 വർഷമെടുക്കും. ഈ അന്തരാള ഘട്ടത്തിൽ ഇന്ത്യയിലെയും വിദേശത്തെയും കമ്പനികളിലെ തൊഴിലവസരങ്ങളുമായി ബന്ധപ്പെടുത്തി നൈപുണി പരിശീലനം, കോളേജിലെ വിദ്യാർഥികൾക്കും പഠനം പൂർത്തീകരിച്ച ഉദ്യോഗാർഥികൾക്കും നൽകണം. ഇതിനാണ് വിജ്ഞാനകേരളം എന്ന ജനകീയപ്രസ്ഥാനത്തിനു രൂപംനൽകിയിരിക്കുന്നത്.

അതുപോലെ പഠനം പൂർത്തീകരിച്ചശേഷം വീട്ടമ്മമാരായി ഒതുങ്ങിക്കഴിയുന്ന ലക്ഷക്കണക്കിന് സ്ത്രീകൾ കേരളത്തിലുണ്ട്. അവർക്ക് അവരവരുടെ പ്രദേശത്തുതന്നെ തൊഴിൽ നൽകാൻ കഴിയണം. ഇതിന് പ്രാദേശിക തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം ഇന്ന് അതിഥി തൊഴിലാളികൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലികളിൽ ഒരു ഭാഗം കൃത്യമായ നൈപുണി പരിശീലനം നൽകി വീട്ടമ്മമാർക്ക് ഉറപ്പാക്കാൻ കഴിയും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇപ്പോഴത്തെ 30%-ത്തിൽ നിന്ന് 50% ആയിട്ടെങ്കിലും ഉയർത്തുവാനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീയും വിജ്ഞാനകേരളവും സഹകരിച്ചുകൊണ്ടാണ് ഈ പ്രവർത്തനം നടത്തുക. ഇതു സംബന്ധിച്ച് ഇതുവരെയുള്ള അനുഭവങ്ങൾ പരിശോധിച്ച് വ്യക്തമായ ഒരു കർമ്മപരിപാടിക്ക് പഠന കോൺഗ്രസ് രൂപംനൽകും.

## ജനകീയാസൂത്രണത്തിന്റെ രണ്ടാംപതിപ്പ്

അധികാരവികേന്ദ്രീകരണത്തിന്റെ ഉജ്ജ്വല നേട്ടങ്ങൾക്കൊപ്പം വേണ്ടത്ര ഫലപ്രാപ്തിയിലെത്താത്ത ചില ലക്ഷ്യങ്ങൾ ഇന്നും അവശേഷിക്കുന്നുവെന്നതു വ്യക്തമാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ നാം വേണ്ടത്ര വിജയിച്ചിട്ടില്ല. പാർശ്വവൽക്കരിക്കപ്പെട്ടവരെ പൂർണമായും മുഖ്യധാരയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഫലപ്രാപ്തിയിലെ ഈ പോരായ്മകൾക്കൊപ്പം തിരിച്ചറിയേണ്ട മറ്റൊരു ദൗർബല്യം ജനകീയരീതി സമ്പ്രദായങ്ങളിൽ ഉണ്ടായിട്ടുള്ള ശോഷണമാണ്. ഇവ രണ്ടും മറികടക്കാൻ വീണ്ടുമൊരു ജനകീയപ്രസ്ഥാനം അനിവാര്യമാണ്.

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം ഉയർത്താൻ കുടുംബശ്രീയുടെ മുൻകൈയിലുള്ള ജനകീയപ്രസ്ഥാനം പ്രാദേശിക സാമ്പത്തിക വികസനത്തിലെ ഊന്നൽ അനിവാര്യമാക്കുന്നു. ഇതുപോലെ ഇതിനകം ആരംഭിച്ചിട്ടുള്ള വികസന ജനകീയ കാമ്പയിനുകളെ എങ്ങനെയാണ് കോർത്തിണക്കുകയെന്നതും അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിൽ ഗൗരവമായ ചർച്ചയ്ക്കു വിഷയമാകും.

അത്തരത്തിലുള്ള ചില സുപ്രധാന വികസന പ്രവർത്തനങ്ങളാണ് കേവല ദാരിദ്ര്യ നിർമാർജനം, വയോജന - കിടപ്പുരോഗി സംരക്ഷണം, ഭിന്നശേഷിക്കാരെ ഉൾച്ചേർക്കൽ, സമ്പൂർണ ശുചിത്വം, പ്രാദേശിക ദുരന്തനിവാരണ ആസൂത്രണം, പട്ടികജാതി – പട്ടികവർഗ – മത്സ്യത്തൊഴിലാളി വികസനം തുടങ്ങിയവ. ഇവയെയെല്ലാം സംബന്ധിച്ച കൃത്യമായ കാര്യപരിപാടി പഠന കോൺഗ്രസിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുമെന്ന് പ്രതീക്ഷിക്കുന്നു.

## നഗരവൽക്കരണവും മറ്റും

ഇതുവരെയുള്ള പഠന കോൺഗ്രസുകളിൽ അർഹിക്കുന്ന പ്രാധാന്യം നഗരവൽക്കരണത്തിനു ലഭിച്ചിട്ടില്ല. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ ചെറുപട്ടണങ്ങളെല്ലാം പടർന്ന് കേരളം മുഴുവൻ വിപുലമായ ഒരൊറ്റ നഗരപ്രദേശമായി മാറുന്ന കാലം വിദൂരമല്ല. ഈ പശ്ചാത്തലത്തിലാണ് തദ്ദേശഭരണ വകുപ്പ് നിയമിച്ച നഗരനയ കമ്മീഷന്റെ റിപ്പോർട്ട് സംബന്ധിച്ച ചർച്ച ഏറെ പ്രസക്തമാവുന്നത്.

കേരളത്തിന്റെ കാർഷിക മേഖല ആസിയാൻ കരാർ ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ഇനിയും കരകയറിയിട്ടില്ല. 5.5% വേഗതയിൽ 1987-1997 കാലത്ത് വളർന്നുകൊണ്ടിരുന്ന കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ച പിന്നീടുള്ള വർഷങ്ങളിൽ രൂക്ഷമായ മുരടിപ്പ് നേരിട്ടു. ഈ നയങ്ങൾക്കെതിരെ മുൻ പഠന കോൺഗ്രസിൽ നടത്തിയ നിശിതമായ വിമർശങ്ങൾ ഇന്നും സാധുവാണ്. പക്ഷേ, ഇനി ഈ ഇറക്കുമതി ഉദാരവൽക്കരണം കൂടുതൽ ശക്തിപ്പെടുകയേയുള്ളൂവെന്ന അനുമാനത്തിൽ കാർഷിക മേഖലയെ പുനഃസംവിധാനം ചെയ്യുന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും വലിയ തോതിലുള്ള നിക്ഷേപവും സൗകര്യ വർധനയും കേരളം കൈവരിക്കുകയുണ്ടായി. എന്നാൽ ഈ ശേഷിയുടെ പൂർണവിനിയോഗം എങ്ങനെ ഉറപ്പുവരുത്താം? ഈ പരിശോധനയാണ് ഇനി നടക്കേണ്ടത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിലുള്ള പകർച്ചവ്യാധി ഭീഷണികൾ, വയോജനാരോഗ്യ പരിപാലനം, കേരളത്തെ വികസ്വര രാജ്യങ്ങളുടെ ആരോഗ്യ ഹബ്ബാക്കി മാറ്റാനുള്ള സാധ്യത തുടങ്ങിയവ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതുണ്ട്.

ആരോഗ്യവുമായി ബന്ധപ്പെടുത്തി വ്യായാമ സംസ്കാരത്തെ എങ്ങനെ പോഷിപ്പിക്കാമെന്നതും ചർച്ച ചെയ്യേണ്ടതുണ്ട്. സൃഷ്ടിക്കപ്പെട്ട സ്പോർട്സ് സൗകര്യങ്ങളുടെ സുസ്ഥിരതയും ആസൂത്രിതമായ ഉപയോഗവും ഉറപ്പുവരുത്തേണ്ടതുണ്ട്.

പൊതു വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ കേരളം ദേശീയ ശരാശരിയേക്കാൾ മെച്ചമാണെന്നു പറഞ്ഞ് സംതൃപ്തിയടയുന്നതിൽ അർത്ഥമില്ല. മിനിമം മാർക്ക് ഏർപ്പെടുത്തിയിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഓരോ ക്ലാസ്സിലും ആർജിക്കേണ്ട മിനിമം ശേഷി കൈവരിച്ചുകൊണ്ട് ഒരു കുട്ടിപോലും പരാജയപ്പെടില്ലയെന്നത് ഉറപ്പുവരുത്താനാകുമോ? അതുപോലെ ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന സർഗ

വാസനകളെ എങ്ങനെ പ്രോത്സാഹിപ്പിക്കാം എന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.

കേരളം കേവലം വിജ്ഞാന സമ്പദ്ഘടനയല്ല ലക്ഷ്യമിടുന്നത് വിജ്ഞാന സമൂഹമാണ്. പുതിയ യുഗത്തിലും എല്ലാവരെയും ഉൾച്ചേർക്കുന്ന പാരമ്പര്യം ഉറപ്പുവരുത്തണം. പുരോഗമന ചിന്തകൾക്ക് കേരളസമൂഹത്തിലുള്ള അധീശത്വം ശക്തിപ്പെടണം. മതനിരപേക്ഷവും ജാതിരഹിതവുമായ പാരമ്പര്യങ്ങളെ മുന്നോട്ടു കൊണ്ടുപോകണം. ഇതിന് നമ്മുടെ ലൈബ്രറികളെയും ക്ലബ്ബുകളെയും, അക്കാദമിക്കുകളുടെയും ജില്ലാ സാംസ്കാരിക സമുച്ചയങ്ങളുടെയും പ്രവർത്തനങ്ങളുമായി എങ്ങനെ കോർത്തിണക്കാം തുടങ്ങിയവയും പഠന കോൺഗ്രസ് ചർച്ച ചെയ്യും.

ഓരോ വികസനമേഖലയിലും കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ കേരള സർക്കാർ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതോടൊപ്പം അന്തർദേശീയതലത്തിൽ ട്രംപിന്റെയും മറ്റും ചുങ്ക സംരക്ഷണ നടപടികളുടെകൂടി ചേർന്നുള്ള കൂടുതൽ സങ്കീർണ്ണമായ ആഗോളവൽക്കരണവും കാലാവസ്ഥാ വ്യതിയാനവും ഉയർത്തുന്ന ഭീഷണികളുണ്ട്. ദേശീയതലത്തിൽ ഹിന്ദുത്വ സർക്കാരിന്റെ കേന്ദ്രീകരണ ഫെഡറൽവിരുദ്ധ നടപടികളുണ്ട്. ജനാധിപത്യ-മതനിരപേക്ഷ വികസന സംസ്കാരം നേരിടുന്ന വെല്ലുവിളികളുണ്ട്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് നവകേരള നിർമ്മിതി അജണ്ടയെ എങ്ങനെ കൂടുതൽ സമ്പുഷ്ടമാക്കാം എന്നതാണ് അഞ്ചാം കേരള പഠന കോൺഗ്രസ് ചർച്ച ചെയ്യുന്നത്.



KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ഈ നാടിന്റെ ധൈര്യം
ചിട്ടികൾ
നിക്ഷേപങ്ങൾ
സ്വർണ്ണ വായ്പ
ഭവന വായ്പ
വ്യക്തിഗത വായ്പ
Download
KSFE Power App
GET IT ON Google Play
Download on the App Store
TOLL FREE HELPLINE
1800-425-3455
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്.
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232, mail: mail@ksfe.com




## വിദേശ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ നിർബന്ധമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തൊഴിൽദാതാവിനെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി മനസ്സിലാക്കിയിരിക്കണം.
- റിക്രൂട്ടിംഗ് ഏജൻസിയുടെ വിശദാംശങ്ങൾ കേന്ദ്രസർക്കാറിന്റെ www.emigrate.gov.in ൽ പരിശോധിച്ച് ഉറപ്പുവരുത്തണം.
- ഇ-മൈഗ്രേറ്റ് വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന മാത്രമേ വിദേശ കുടിയേറ്റം നടത്തുവാൻ പാടുള്ളൂ.
- അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ നൽകുന്ന സന്ദർശക വിസ പ്രകാരമുള്ള കുടിയേറ്റം ഒഴിവാക്കുക.
- ഉദ്യോഗാർത്ഥികൾ തൊഴിൽദാതാവിൽ നിന്നുള്ള ഓഫർ ലെറ്റർ കരസ്ഥമാക്കിയിരിക്കണം.
- ശമ്പളം മുതലായ സേവന - വേതന വ്യവസ്ഥകൾ അടങ്ങുന്ന തൊഴിൽ കരാർ വായിച്ച് മനസ്സിലാക്കിയിരിക്കണം.
- വാഗ്ദാനം ചെയ്ത ജോലിയാണ് വിസയിൽ കാണിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തണം.
- വിദേശ തൊഴിലിനായി യാത്രതിരിക്കുന്നതിന് മുൻപ് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള പാസ്സ്പോർട്ട് ഉടമകൾ നോർക്കയുടെ പ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടി ഉപയോഗപ്പെടുത്തേണ്ടതാണ്.
- എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 ഇ.സി.ആർ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഇ.സി.ആർ പാസ്സ്പോർട്ട് ഉടമകൾക്ക്, കേന്ദ്രസർക്കാറിന്റെ ഇ-മൈഗ്രേറ്റ് വെബ് പോർട്ടൽ മുഖാന്തരം എമിഗ്രേഷൻ ക്ലിയറൻസ് ഉറപ്പ് വരുത്തേണ്ടതാണ്. (സന്ദർശക വിസ നൽകിയാണ് അനധികൃത റിക്രൂട്ടിംഗ് ഏജന്റുകൾ ഇവരെ കബളിപ്പിക്കുന്നത്)
- വിദേശതൊഴിലുടമ ഇവരുടെ സന്ദർശക വിസ തൊഴിൽ വിസയാക്കി നൽകുമെങ്കിലും തൊഴിൽ കരാർ ഇ-മൈഗ്രേറ്റ് സംവിധാനം വഴി തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തൊഴിലുടമ ഇവരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുകയും പലർക്കും വേതനം, താമസം, മറ്റ് അർഹമായ ആനുകൂല്യങ്ങൾ എന്നിവ നിഷേധിക്കുകയും തൊഴിലിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരികയും ചെയ്യുന്നു.

**ഓപ്പറേഷൻ ശുഭയാത്ര**

വ്യാജ റിക്രൂട്ട്മെന്റ്,വിസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നീ വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ **spnri.pol@kerala.gov.in, dyspnri.pol@kerala.gov.in** എന്നീ ഇ മെയിലുകൾ വഴിയോ, **0471 2721547** എന്ന ഹെൽപ്പ്ലൈൻ നമ്പറിലോ അറിയിക്കുക

**നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ്**

സുരക്ഷിത തൊഴിൽ അവസരങ്ങൾക്കും വിദേശഭാഷാ പഠനത്തിനും സന്ദർശിക്കുക: www.nifl.norkaroots.org

NORKA ROOTS ®
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

കൂടുതൽ വിവരങ്ങൾക്ക്
**Norka Global Contact Centre :1800 425 3939** (India)
**+91 8802 012345** (International, Missed Call Service)
24/7

**നോർക്ക റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം 695 014**
ഫോൺ: 0471 277 0500 . വെബ് സൈറ്റ് : **www.norkaroots.org**

മേഖല ഓഫീസുകൾ : തിരുവനന്തപുരം: 0471 23229950, കൊച്ചി: 0484 2371810/1830
കോഴിക്കോട് : 0495 2304882/2885 Follow us on